# ഇന്ത്യൻ ഓർത്തഡോക്സ് സഭയും കാനോൻ സംഹിതകളും (ഒരു അന്വേഷണം)

**Indian Orthodox Sabhayum**
**Kanon Samhithakalum**

(Church History)

By **Fr. Dr. Joseph Cheeran**

Copy Right : Reserved with the Author

First Published : July 2015

Copies : 1000

Published by : **Dr. Geevarghese Mar Yulios**
M. J. D. Publishing House, Kunnamkulam

Cover Design,
Typesetting & Printing : Sophia Print House, Kottayam

**Rs. 200/-**

# ഇന്ത്യൻ ഓർത്തഡോക്സ് സഭയും കാനോൻ സംഹിതകളും (ഒരു അന്വേഷണം)

ഫാ. ഡോ. ജോസഫ് ചീരൻ

പ്രസാധനം

പുലിക്കോട്ടിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ

എം. ജെ. ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം

ഫോൺ: 9495603174



# ഫാ. ഡോ. ജോസഫ് ചീരൻ

തൃശ്ശൂർ ജില്ലയിൽ പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ ചീരൻ ഗീവർഗീസ് കശ്ശീശായുടെ പൗത്രനായി 1945 ചിങ്ങം 1-ന് ജനിച്ചു. മാതാപിതാക്കൾ മാത്തപ്പൻ - കുഞ്ഞാത്തിരി. അവിഭക്ത കേരള സർവകലാശാലയുടെ ഒന്നാം റാങ്കോടു കൂടി മലയാളം ഭാഷയിൽ വിദ്വാൻ ബിരുദം നേടി. കാലിക്കട്ട് സർവ്വകലാശാലയിൽ നിന്ന് മാസ്റ്റർ ബിരുദം. മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്ന് 'ആധുനിക മലയാള കവിതയിൽ ബൈബിളിന്റെ സ്വാധീനം' എന്ന വിഷയത്തെപ്പറ്റി തയാറാക്കിയ ഗവേഷണ പ്രബന്ധത്തിന് പി.എച്ച്.ഡി. ബിരുദം ലഭിച്ചു. തൃശ്ശൂർ സി.എം.എസ്. ഹൈസ്കൂളിലും ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിലും അധ്യാപകൻ. 2000 ജൂണിൽ റിട്ടയർ ചെയ്തു.

വൈദികഗുരു യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ. അദ്ദേഹത്തിൽ നിന്ന് വൈദികസ്ഥാനങ്ങൾ സ്വീകരിച്ചു. 1972 മുതൽ കൊച്ചി ഭദ്രാസനത്തിലും 1985 മുതൽ കുന്നംകുളം ഭദ്രാസനത്തിലും വിവിധ ഇടവകകളിൽ സേവനം ചെയ്തു. 2004 ജൂലായ് 1 മുതൽ തൃശൂർ ഭദ്രാസനത്തിൽ ആലായ്ക്കൽ കുളമ്പ്, കാക്കിനിക്കാട് എന്നീ ഇടവകകളിൽ സേവനം ചെയ്തു.

യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ, മാർ ദീവന്നാസ്യോസ് പഠനകേന്ദ്രം, കുന്നംകുളം ക്രിസ്ത്യൻ സ്റ്റഡി സെന്റർ, എറണാകുളം ചർച്ച് ഹിസ്റ്ററി അസോസ്യേഷൻ എന്നിവയുടെ സ്ഥാപക ചെയർമാൻ. സീയോൻ സന്ദേശം, ഇടവകപത്രിക എന്നീ സഭാപ്രസിദ്ധീകരണങ്ങളുടെ സ്ഥാപക ചീഫ് എഡിറ്റർ, രണ്ട് ഡസനിലേറെ ഗ്രന്ഥങ്ങളും ഇരുന്നൂറ്റിഅമ്പതിലേറെ ഗവേഷണലേഖനങ്ങളും പ്രസിദ്ധീകരിച്ചു. മഹാത്മാഗാന്ധി സർവകലാശാലയിൽ റിസർച്ച് ഗൈഡ് ആയും ഓർത്തഡോക്സ് സ്റ്റഡി ബൈബിളിന്റെ മലയാളം പരിശോധകൻ ആയും മലങ്കര ഓർത്തഡോക്സ് ചർച്ച് ഹിസ്റ്ററി അസോസിയേഷൻ പ്രസിഡണ്ടായും പ്രവർത്തിക്കുന്നു.

യുണൈറ്റഡ് ബോർഡ് ഓഫ് ക്രിസ്ത്യൻ ഹയർ എജുക്കേഷന്റെ ധന സഹായത്തോടെ കേരളത്തിലെങ്ങുമുള്ള ആർക്കൈവ്സുകളിൽ ഗവേഷണപര്യടനം നടത്തി. മാർ ഗ്രീഗോറിയോസ് അബ്ദുൽ ജലീൽ (1665), മാർ ഈവാനിയോസ് (1685) എന്നിവരുടെ സുസ്താത്തിക്കോനുകൾ, മാർ ബസ്സേലിയോസ് യൽദൊ കാതോലിക്കായുടെ (1685) പള്ളിക്രമപ്പുസ്തകങ്ങൾ, ഭാരതത്തിലെ പ്രാചീന സെന്റ് തോമസ് ബൈബിൾ, തോമസ് അർക്കദിയാക്കോൻ (ഒന്നാം മാർത്തോമ്മാ) വത്തിക്കാനിലേക്കയച്ച കത്ത്, മാർ അഹത്തള്ളാ (1653) ഗോവയിൽ നിന്ന് ശെമ്മാശന്മാർ വശം കൊടുത്തയച്ച കത്ത്, കാട്ടുമങ്ങാട്ട് കൂറിലോസിന്റെ കുർബ്ബാനതക്സ, ഹൂദായ കാനോൻ 18 അക്കം കാനോൻ ആയി വ്യത്യാസപ്പെടുത്തുവാൻ റഫ്‌വർക്ക് ചെയ്ത കാനോൻ, ആർത്താറ്റ് ചെപ്പേട് (പടിയോല) എന്നിങ്ങനെ പൗരസ്ത്യ - പാശ്ചാത്യ സുറിയാനിയിലും കർസോനിയിലും വട്ടെഴുത്തിലും എഴുതിയ ഒട്ടധികം സഭാചരിത്രരേഖകൾ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചു.

ഭാര്യ: കെ. വി. ഏലിയാമ്മ (റിട്ട. ഹെഡ്മിസ്ട്രസ്). മകൻ: ഡോ. പ്രസാദ് ചീരൻ, സ്നുഷ ദീപാ പ്രസാദ്. പൗത്രിമാർ: എൽസാ പ്രസാദ്, ടെസ്സാ പ്രസാദ്, ലിസാ മകൾ: മേഴ്സി ജോർജ്ജ്, ജാമാതാവ്: ഡോ. പി. ഐ. ജോർജ്ജ്,

ദൗഹിത്രർ: ഹിമാ ജോർജ്ജ്, റാണാ പി. ജോർജ്ജ്.

വിലാസം: ചീരൻ ഹൗസ്, കിഴക്കേ അങ്ങാടി, പഴഞ്ഞി, തൃശൂർ ജില്ല.
ഫോൺ: 9495603174.

# അവതാരിക

## ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ

മലങ്കരസഭയുടെ പൂർവ്വകാല ചരിത്രവും നടപടിചട്ടങ്ങളും ആനുകാലിക രേഖകളെ ഉദ്ധരിച്ചുകൊണ്ട് പഠിക്കുക എന്നത് തീർത്തും ദുഷ്ക്കരമായ തപസ്യയാണ്. 17-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ കാര്യങ്ങൾ കുറെയൊക്കെ വ്യക്തമാണെങ്കിലും അതുവരെയുള്ള ചരിത്രം ഇന്നും അധികം ലഭ്യമല്ല. ഈ പശ്ചാത്തലത്തിലാണ് മലങ്കരയിൽ നിലനിന്നിരുന്ന നടപടികളും സമ്പ്രദായങ്ങളും (കാനോൻ സംഹിതകൾ) ഏതുവിധമൊക്കെ ആയിരുന്നിരിക്കുവാൻ സാധ്യതകൾ ഉണ്ട് എന്ന് ചരിത്രാവബോധത്തോടെ ഒരു ഗവേഷണപഠനം നടത്തുവാൻ ഡോ. ജോസഫ് ചീരനച്ചൻ ഈ ഗ്രന്ഥത്തിലൂടെ ശ്രമിക്കുന്നത്.

ഈ ഗ്രന്ഥത്തിന്റെ പ്രസാധകൻ എന്നതിലുപരി മലങ്കരസഭാചരിത്രവും കാനോനുകളും കൂടുതൽ പഠിക്കുവാൻ ശ്രമിക്കുന്ന വ്യക്തി എന്ന നിലയ്ക്കും ഈ ഗ്രന്ഥം ശ്രദ്ധേയമാണെന്ന് സാക്ഷ്യപ്പെടുത്തട്ടെ.

മലങ്കരസഭ ഇന്ന് അംഗീകരിച്ചിരിക്കുന്ന ഹൂദായകാനോനും തുടർന്ന് മലങ്കരയിലെ കക്ഷിവഴക്കുകളുടെ പശ്ചാത്തലത്തിൽ പിന്നീട് അറിയപ്പെട്ട മലങ്കര കാനോൻ, 18 അക്കം കാനോൻ, EEE കാനോൻ എന്നുവേണ്ട 'കാപ്പി കാനോൻ' വരെയുള്ള സംഹിതകൾ എല്ലാംതന്നെ 19-ാം നൂറ്റാണ്ടിനപ്പുറത്തേക്ക് മലങ്കരയിൽ വേരില്ലാത്ത സംഹിതകളാണ്. എന്നാൽ അതതുകാലങ്ങളിൽ മലങ്കരയിലെ പ്രാതിനിധ്യ സഭകളിലെ അഥവാ ജനകീയ സുന്നഹദോസുകളിലെ നിശ്ചയങ്ങൾ, തീരുമാനങ്ങൾ, നടപടിക്രമങ്ങൾ എന്നിവ നിലനിന്നിരുന്നുവെന്നതിന് അനവധി രേഖകൾ ലഭ്യമാണ്. 1853 കോട്ടയം ചട്ടവര്യോല പോലുള്ള ഈ രേഖകൾ സസൂക്ഷ്മം പഠിക്കുകയും അതിലെ സൂചനകളിലൂടെ ആ കാലഘട്ടത്തിലെയും അതിനു പുറകിലെയും ചരിത്രത്തെ അവലോകനം ചെയ്യുകയും ചെയ്യുമ്പോൾ ഇന്ന് നാം മനസ്സിലാക്കിയിരിക്കുന്ന പലതും ചരിത്രപരമായി തിരുത്തപ്പെടേണ്ടവയാണെന്ന് ബോദ്ധ്യപ്പെടും. കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ സഭാചരിത്രവും ('കണ്ടനാട് ഗ്രന്ഥവരി') കോനാട്ട് മാത്തൻ മൽപാന്റെ ഡയറിക്കുറിപ്പുകളും പ്രസിദ്ധീകൃതമായതോടെ മലങ്കരയിലെ കാനോൻ സംഹിതകളെ കുറിച്ചുള്ള പഠനങ്ങൾക്ക് പുതിയ മാനം കൈവരുന്നുവെന്ന് ഡോ. ചീരനച്ചൻ സമർത്ഥിക്കുന്നു.

പാശ്ചാത്യ-പൗരസ്ത്യ സുറിയാനി സഭകളുടെ കാനോനുകളെ

ക്കുറിച്ചും കാനോൻ രചയിതാക്കളെ കുറിച്ചുമുള്ള ആധികാരിക പഠനമാണ് ഗ്രന്ഥത്തിന്റെ ആമുഖം. തുടർന്ന് ഉദയംപേരൂർ സുന്നഹദോസിനു മുമ്പുള്ള മലങ്കരസഭയിലെ കാനോനാകളും നടപടിക്രമങ്ങളും ഇന്ന് ലഭ്യമായിട്ടുള്ള എല്ലാ രേഖകളും പഠനവിഷയമാക്കി ക്രോഡീകരിക്കപ്പെട്ടിരിക്കുന്നു. സിനഗോഗ് ആരാധനയെ അടിസ്ഥാനമാക്കിയും ഒപ്പം തദ്ദേശീയ സാംസ്കാരികതയുടെ പശ്ചാത്തലത്തിലും രൂപപ്പെടുകയും പിൽക്കാലത്ത് ഉണ്ടായ വിദേശബന്ധങ്ങളുടെയും മേൽക്കോയ്മകളുടെയും സ്വാധീനത്താൽ ചിലപ്പോഴൊക്കെ വികൃതമാക്കപ്പെടുകയും ഒപ്പം പൗരസ്ത്യ ഓർത്തഡോക്സ് (സ്തുതിചൊവ്വാകപ്പെട്ട) പാരമ്പര്യത്തിൽ നിലനിൽക്കുകയും ചെയ്യുന്ന ഭാരത സഭാപാരമ്പര്യത്തെ സ്വയസിദ്ധമായ തന്റെ രചനാശൈലിയിൽ ബഹു. അച്ചൻ കോർത്തിണക്കി അവതരിപ്പിച്ചിരിക്കുന്നു.

ഉദയംപേരൂർ കാനോനുകളുടെ ഒരു സമഗ്രപഠനം അന്നത്തെ രാഷ്ട്രീയ - സാമൂഹിക സാഹചര്യങ്ങളിൽ ഗ്രന്ഥം പുനരവലോകനം ചെയ്യുന്നത് ശ്രദ്ധേയമാണ്. ഉദയംപേരൂരിന് മുമ്പ് മലങ്കരസഭ തീർത്തും നെസ്തോറിയമായിരുന്നുവെന്ന് റോമൻ ചരിത്രകാരന്മാർ ദുഷ്ടലാക്കോടെ കാനോനുകളിലൂടെ സമർത്ഥിക്കുന്നതും ആയത് പിൻതലമുറക്കാർ ഏറ്റുപാടിയതും, മലങ്കരസഭയുടെ സത്യവിശ്വാസപാരമ്പര്യത്തെ പാശ്ചാത്യ -റോമാ സഭയ്ക്കുവേണ്ടി ഒരു കൂട്ടർ ഖണ്ഡിച്ചപ്പോൾ അന്ത്യോക്യാ വാദികളായ മറ്റൊരു കൂട്ടർ യഥാർത്ഥ വിശ്വാസത്തിലേക്ക് മലങ്കരയെ നയിച്ചത് അന്ത്യോക്യാ പാത്രിയർക്കീസുമാരാണെന്ന് സമർത്ഥിക്കുന്നതുമൊക്കെ മലങ്കരസഭയുടെ സത്യത്തെ ബോധപൂർവ്വം മറച്ചുവച്ച് വൈദേശിക അടിമത്വത്തിലേക്ക് അതിനെ കീഴ്പ്പെടുത്തുവാൻ നടത്തപ്പെട്ട സംഘടിതശ്രമങ്ങൾ ആയിരുന്നുവെന്ന് വ്യക്തമാക്കപ്പെടുന്നു.

പ. മാർത്തോമ്മാ ശ്ലീഹായുടെ മാർഗ്ഗത്തെ പിൻതുടർന്ന് ഭാരതസഭയുടെ വാതിലും ജാതിയ്ക്കു കർത്തവ്യന്മാരുമായി അതതുകാലം പ്രവർത്തിച്ച് മലങ്കരയെ മേയിച്ചുഭരിച്ച അർക്കദിയാക്കോന്മാർ, പേറെദ്യൂത്തോമാർ, മാർത്തോമ്മാ മെത്രാന്മാർ, മാർ ദീവന്നാസ്യോസുമാർ എന്നിവരുടെ അണമുറിയാത്ത ഒരു നിര മലങ്കരസഭയ്ക്കുണ്ട്. അവർ പണിതുറപ്പിച്ചതിനു മുകളിലാണ് 1912-ൽ പൗരസ്ത്യ സിംഹാസനം മലങ്കരയിൽ സ്ഥാപിതമായത് എന്ന് ഓർക്കുവാനും ഈ ഗണത്തെ ഒന്നിച്ച് സഭയുടെ വിശുദ്ധന്മാരുടെ പട്ടികയിലേക്ക് കൊണ്ടുവരുവാനും ഇനിയും വൈകിക്കൂടാ എന്ന ബോധ്യം ഈ ഗ്രന്ഥവും അടിവരയിടുന്നുണ്ട്.

അങ്കമാലി പടിയോല, മട്ടാഞ്ചേരി പടിയോല, പുതിയകാവ് പടിയോല, ആർത്താറ്റ് പടിയോല, കണ്ടനാട് പടിയോല, മാവേലിക്കര പടിയോല,

വിവിധ ഗ്രന്ഥവരികൾ, പിതാക്കന്മാരുടെയും, വൈദികരുടെയും, അത്മായ പ്രമുഖരുടെയും സഭാചരിത്ര സാക്ഷ്യങ്ങൾ തുടങ്ങി ലഭ്യമായ എല്ലാ രേഖകളും ഈ ഗ്രന്ഥം പഠനവിഷയമാക്കിയിരിക്കുന്നു. ഇവയിൽനിന്നും ഉത്ഭവിച്ചിട്ടുള്ള തദ്ദേശീയ കാനോനുകൾ അക്കമിട്ട് എഴുതിയിരിക്കുന്നത് ഇന്നും സഭ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ ആണ്.

തുടർന്ന് കോട്ടയം ചട്ടവര്യോല (1853), പരുമല കാനോൻ (1873), മുളന്തുരുത്തി കാനോനാകൾ (1876) എന്നിവയുടെ വിശകലനപഠനം നടത്തിയശേഷം ഹൂദായകാനോനും ആയതിന്റെ വിവിധ പകർപ്പുകളായ മലങ്കര കാനോൻ, 'കാപ്പി' കാനോൻ, 18 അക്കം കാനോൻ എന്നിവയുടെ വിമർശാത്മക പഠനവും അവയിൽനിന്നും ഇന്ന് ഉൾക്കൊള്ളേണ്ട പാഠങ്ങളും ഗ്രന്ഥം വ്യക്തമാക്കുന്നതോടൊപ്പം കാലഹരണപ്പെട്ടതും ഉപേക്ഷിക്കേണ്ടതുമായവയെ തള്ളുവാനും കാലികമായി ആവശ്യമായിരിക്കുന്നവയെ സമിതികളിലൂടെ രൂപപ്പെടുത്തുന്നതിൽ സഭാ ചുമതലക്കാർ മടി കാണിക്കുന്നത് പരിശുദ്ധാത്മാവിനെതിരായ പാപമായി തന്നെ കണക്കാക്കപ്പെടുമെന്ന പ്രവാചകശബ്ദവും ധ്വനിക്കപ്പെടുന്നു.

1934-ലെ സഭാഭരണഘടനയെ കുറിച്ചുള്ള ക്രിയാത്മക വിമർശനപഠനത്തോടെയാണ് ബ. അച്ചൻ ഗ്രന്ഥം പൂർത്തീകരിക്കുന്നത്. സഭയുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമെന്ന് ബ. അച്ചൻ ദൃഢമായി വിശ്വസിക്കുന്ന കാര്യങ്ങൾ നാഥാൻ പ്രവാചകനെപ്പോലെ ഭരണാധികാരികളുടെ മുഖത്തുനോക്കി പറയുവാൻ ഈ ഗ്രന്ഥവും ശ്രമിക്കുന്നുണ്ട്. അവയിൽ നിന്നും ആവശ്യമായ പഠനങ്ങൾ നടത്തി 21-ാം നൂറ്റാണ്ടിലെ സർവ്വസ്വാതന്ത്ര്യയായ ഒരു പൗരസ്ത്യ ഭാരതീയ മലങ്കരസഭയെ ദിശാബോധത്തോടെ നയിക്കുവാൻ ഉതകുന്നവിധത്തിൽ സജ്ജീകരിക്കപ്പെട്ട ഒരു കാനോൻ സംവിധാനം ഉണ്ടാകട്ടെ എന്ന് ആശംസിച്ചും പ്രാർത്ഥിച്ചുംകൊണ്ടാണ് 315 പേജുകളുള്ള സമഗ്രമായ ഈ പഠനഗ്രന്ഥം അച്ചൻ സമാപിപ്പിക്കുന്നത്.

മലങ്കരസഭാചരിത്രത്തിൽ എക്കാലത്തും ശ്രദ്ധേയമാകുവാൻ യോഗ്യമായ ഈ ഗ്രന്ഥവും പ്രസിദ്ധീകരിക്കുവാൻ പ. പുലിക്കോട്ടിൽ തിരുമേനിമാരുടെ പാവനസ്മരണയിൽ മദ്ധ്യസ്ഥത അർപ്പിക്കുന്ന എം.ജെ.ഡി. പബ്ലിഷിംഗ് ഹൗസിന് ഇടയാകുന്നതിൽ അതിന്റെ അദ്ധ്യക്ഷൻ എന്ന നിലയിലുള്ള തൃപ്തി മറച്ചുവെയ്ക്കാതെ ഈ ഗ്രന്ഥത്തെ അണിയിച്ചൊരുക്കിയ എല്ലാവർക്കും ദൈവകൃപ ധാരാളമായി ലഭിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ ഗ്രന്ഥം അനുവാചകലോകത്തിനായി സമർപ്പിക്കുന്നു.

പരുമല സെമിനാരി
05-05-2015

# മുഖവുര

എ.ഡി. 52-ൽ കർത്തൃശിഷ്യൻ മാർത്തോമ്മാ ശ്ലീഹാ പൊന്നാനിയുടെ തുറമുഖ നഗരമായ പാലൂരിൽ ഭാരതത്തിലെ ആദ്യ ക്രൈസ്തവ ദേവാലയം ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിച്ചു. പാലൂരിലെ ചാട്ടുകുളങ്ങരക്കുന്നിലുണ്ടായിരുന്ന ജൂതസിനഗോഗ്, യഹൂദകോളനിയുടെ ക്രിസ്തുമത പ്രവേശനത്തെ തുടർന്ന് ക്രൈസ്തവ ദേവാലയമായി സമർപ്പിക്കുകയായിരുന്നു. യഹൂദന്മാരിൽ നിന്നും ബുദ്ധ-ജൈന മതക്കാരിൽ നിന്നും മതപരിവർത്തനം ചെയ്തവർ ആയിരുന്നു പാലൂരിലെ ക്രൈസ്തവരുടെ ആദ്യ തലമുറ. മാർ തോമ്മായിൽ നിന്ന് ലഭിച്ച സുറിയാനി ഭാഷയിലുള്ള സുവിശേഷവും ആരാധനയും മൂലം അവർക്ക് സുറിയാനി ക്രിസ്ത്യാനികൾ എന്ന പേരുണ്ടായി. 1599-ൽ ഉദയംപേരൂർ സുന്നഹദോസ് പരാമർശിക്കുന്ന സുവിശേഷവും കാൽനൂറ്റാണ്ടിന് മുമ്പ് പഴഞ്ഞിയിൽ നിന്ന് ലഭിച്ച വേദപുസ്തക സംഗ്രഹവും അപ്പോക്രൈഫൽ സമാഹരണത്തിൽ കാണുന്ന സെന്റ് തോമസ് സുവിശേഷവും ഇത് തന്നെയാകാം.

പൊന്നാനി തുറമുഖം കേന്ദ്രമായി നടന്നിരുന്ന കേരള - അലക്സാന്ത്രിയ വിദേശ വ്യാപാരത്തിന്റെ ഫലമായി കേരളത്തിലെ ക്രിസ്തുമതം അതിന്റെ വിശ്വാസപ്രമാണങ്ങൾ, അനുഷ്ഠാനങ്ങൾ, ആരാധനാസംവിധാനങ്ങൾ തുടങ്ങിയ ക്രമീകരണങ്ങൾക്കും ഭരണസംവിധാനത്തിനും അലക്സാന്ത്രിയൻ ശൈലികളെ സ്വീകരിച്ചു. തന്മൂലം മലങ്കര സഭയുടെ അടിസ്ഥാന സംവിധാനങ്ങൾക്ക് നാം കോപ്റ്റിക് സഭയുടെ ആദ്യകാല ക്രമീകരണങ്ങളോട് കടപ്പെട്ടിരിക്കുന്നു. കുറഞ്ഞപക്ഷം പൗരോഹിത്യദാനശുശ്രൂഷയിൽ പന്ത്രണ്ടു വൈദികരുടെ നേതൃത്വത്തിലുള്ള 'കൈവെപ്പ്' ശൈലി 17-ാം നൂറ്റാണ്ടിൽപ്പോലും ഒന്നാം മാർതോമ്മായുടെ സ്ഥാനദാന ശുശ്രൂഷയിൽ നാം പ്രയോഗിച്ചത് ഈ കോപ്റ്റിക് ശൈലിയുടെ സംസർഗ്ഗത്തെയും സ്വാധീനത്തെയും നിസ്തർക്കം ഉദാഹരിക്കുന്നു.

പേർഷ്യൻ സംസർഗ്ഗം 9-ാം നൂറ്റാണ്ടിൽ പ്രബലമായപ്പോൾ (ക്നായി തോമ്മാ എന്ന പേർഷ്യൻ വ്യാപാരിയും സംഘവും കേരളത്തിലെത്തിയത് എ.ഡി. 4-ാം നൂറ്റാണ്ടിലല്ല, 9-ാം നൂറ്റാണ്ടിലാണെന്ന് പ്രൊഫ. സി. എൽ. ആന്റണി, കേസരി ബാലകൃഷ്ണപിള്ള തുടങ്ങിയവർ ക്നായിത്തൊമ്മൻ ചെപ്പേടിലെ ഭാഷയെ അടിസ്ഥാനപ്പെടുത്തി നടത്തിയ ഗവേഷണ പഠനങ്ങളിൽ വ്യക്തമാക്കിയത് ഓർമ്മിക്കുക) ഈ പന്ത്രണ്ട് ശ്രേഷ്ഠ പുരോഹിതർ പേർഷ്യൻ സംജ്ഞയായ 'പേറെദ്യൂത്താ' എന്ന സ്ഥാനപ്പേരിൽ അറിയപ്പെട്ടു. 17-ാം നൂറ്റാണ്ടിൽപ്പോലും മലങ്കരസഭയിലെ

പ്രബല ദേവാലയങ്ങൾ ആയ കണ്ടനാട്, മുളന്തുരുത്തി, അങ്കമാലി, വടക്കൻപറവൂർ എന്നീ ഇടവകകളിൽ പേറെദ്‌യൂത്താസ്ഥാനികൾ ഉണ്ടെന്ന് മാർ അബ്ദുൽ ജലീൽ അയച്ച ഒരു സർക്കുലറിലും തോമ്മാ അർക്കദിയാക്കോൻ വത്തിക്കാനിലേക്കയച്ച ഒരു ലേഖനത്തിലും ഉള്ള 'പേറെദ്‌യൂത്താ' പരാമർശം തെളിയിക്കുന്നു.

മലങ്കരസഭയുടെ ആദിമനൂറ്റാണ്ടുകളിൽ നാം പുലർത്തി വന്ന നിയമപ്രമാണങ്ങൾക്ക് അലക്സാന്ത്രിയൻ-പേർഷ്യൻ സഭകളുടെ മുദ്രകൾ ഉണ്ടെന്നാണ് ഇവ സൂചിപ്പിക്കുന്നത്. ദൗർഭാഗ്യവശാൽ അക്കാലത്തെ നിയമങ്ങളുടെ രേഖകൾ നമുക്ക് ലഭിക്കാതെ പോയി. വാചികമായും പാരമ്പര്യമായും നൂറ്റാണ്ടുകളെ അതിജീവിച്ച സമ്പന്നമായ ഒരു കാനോൻ പൈതൃകത്തെയാണ് ഉദയംപേരൂർ സുന്നഹദോസ് 1599-ൽ അഭിമുഖീകരിച്ചത്. അവിടുന്നിങ്ങോട്ട് റോമ്മൻ - കോപ്റ്റിക് - അർമ്മീനിയൻ അന്ത്യോഖ്യൻ ബന്ധങ്ങളുടെ ഫലമായി രൂപപ്പെട്ട കാനോൻ നിയമങ്ങൾ ഭാഗികമായിട്ടെങ്കിലും നമുക്ക് ലഭിച്ചിട്ടുണ്ട്. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ മലങ്കരസഭയുടെ കാനോൻ പാരമ്പര്യത്തെപ്പറ്റിയുള്ള ഒരു അന്വേഷണമാണ് ഈ ഗ്രന്ഥത്തിൽ നടത്തുവാൻ ശ്രമിച്ചിട്ടുള്ളത്.

കാനോൻ എന്ന പദത്തിന് മാനദണ്ഡം അഥവാ അളവുകോൽ എന്നർത്ഥം. കൗൺസിലുകളിലെ നിശ്ചയങ്ങൾ, അലിഖിതമായി തലമുറകളിലൂടെ രൂപപ്പെട്ടുവന്ന പാരമ്പര്യങ്ങൾ, പ്രാമാണികരുടെ അഭിപ്രായങ്ങൾ തുടങ്ങിയവയാണ് കാനോൻ സംഹിതകളിൽ കാണുന്നത്. മലങ്കരസഭ അംഗീകരിച്ച കാനോൻ ബാർ എബ്രായ ക്രോഡീകരിച്ച ഹൂദായ കാനോൻ ആണ്. ശ്ലീഹന്മാരുടെ പേരിലും പിതാക്കന്മാരുടെ പേരിലും കാനോനുകൾ അതിൽ കാണുന്നുണ്ട്. സ്വന്തം വിശദീകരണങ്ങൾ ഹൂദായ എന്ന പേരിൽ എഡിറ്റർ ഉൾപ്പെടുത്തിയിട്ടുമുണ്ട്. സഭയിൽ തർക്കങ്ങൾ ആവിർഭവിക്കുമ്പോൾ ആ തർക്കവിഷയത്തെപ്പറ്റി കൗൺസിലുകളോ പിതാക്കന്മാരോ സ്വീകരിക്കുന്ന നിലപാടുകൾ ആണ് മിക്ക കാനോനുകളും. ആ നിലയിലാണ് മലങ്കരസഭയിൽ വിവിധ കാലങ്ങളിൽ, വിവിധ തർക്കവിഷയങ്ങളിൽ രൂപപ്പെട്ട പടിയോലകളെ കാനോൻ സംഹിതകളായി ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയത്.

സെമിനാരിക്കേസിൽ നവീകരണ വിഭാഗം ഹാജരാക്കിയ കാനോൻ ഏതാനും വർഷം മുമ്പാണ് കണ്ടെത്തിയത്. മലങ്കരക്കാനോൻ എന്ന പേരിൽ പ്രസിദ്ധി നേടിയ ആ കാനോൻ സഭാചരിത്രകാരന്മാർ ആരും പരിശോധിച്ചതായി കാണുന്നില്ല. പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിന്റെ കാലത്ത് അത് പ്രസിദ്ധപ്പെടുത്തി എന്ന് അവകാശപ്പെടുന്നത് സത്യമാകാനിടയില്ല. അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന്

മെത്രാൻസ്ഥാനമേറ്റതിനാൽ താനാണ് ശരിയായ മലങ്കര മെത്രാപ്പോലീത്താ എന്ന് നിരന്തരം രേഖാമൂലം അവകാശപ്പെട്ടുപോന്ന അദ്ദേഹം 1853-ൽ കോട്ടയം ചട്ടവര്യോല അതരിപ്പിച്ചതിന് ശേഷം അതിൽ നിന്നും വ്യത്യസ്തമായ ഒരു കാനോൻ 1857-ൽ പ്രസിദ്ധീകരിക്കുമെന്ന് വിശ്വസിക്കുക പ്രയാസം. 1853-ലെ ചട്ടവര്യോലയിൽ പൂർവ്വിക കാനോനുകളെ കണ്ടെത്തുവാൻ താൻ ശ്രമിച്ചുവരുന്നതിനെപ്പറ്റി യാതൊരു പരാമർശവും ഉൾപ്പെടുത്തിയിട്ടില്ല. തങ്ങൾ ആരാധനയിലും വിശ്വാസകാര്യങ്ങളിലും വരുത്തിയ വ്യത്യാസങ്ങൾ മലങ്കരയിലെ പൂർവ്വിക സഭ പാലിച്ചവയായിരുന്നുവെന്ന് സെമിനാരിക്കേസിൽ ബോധ്യപ്പെടുത്തുവാൻ ഉണ്ടാക്കിയ വ്യാജസൃഷ്ടിയാണിത്. ഈ വ്യാജകാനോനെ നേരിടുവാനാണ് മലങ്കര സഭ 'കാപ്പിക്കാനോൻ' എന്ന പേരിൽ വിമർശിക്കപ്പെടുന്ന ഹൂദായ കാനോൻ കോടതിയിൽ ഹാജരാക്കിയത്. കാപ്പിക്കാനോൻ ശരിയായ രൂപത്തിൽ ആരെങ്കിലും കണ്ടതായോ പരിശോധിച്ചതായോ അറിവില്ല. എന്നാൽ നവീകരണക്കാർ അന്ന് വ്യാജകാനോൻ ആണെന്ന് പ്രചരിപ്പിച്ചിരുന്നത് ഏറ്റെടുത്തുകൊണ്ട് മലങ്കരസഭയുടെ ഉത്തരവാദപ്പെട്ട പല സ്ഥാനികളും ആ ആരോപണങ്ങൾ ആവർത്തിച്ചു. വട്ടിപ്പണക്കേസിൽ ഹാജരാക്കപ്പെട്ട 18 അക്ക ഹൂദായകാനോനും സെമിനാരിക്കേസിൽ ഹാജരാക്കപ്പെട്ട EEE അക്കം ഹൂദായകാനോനും ഒന്നു തന്നെയെന്ന് കോനാട്ട് മാത്തൻ മല്പാൻ പറഞ്ഞത് പലരും വേദവാക്യമായി കരുതി. എന്നാൽ ഈയിടെ കോനാട്ട് മാത്തൻ മല്പാന്റെ ഡയറിക്കുറിപ്പുകൾ പുറത്തുവന്നതോടെ 'കാപ്പിക്കാനോൻ' ചമച്ചതിൽ പരുമല പുണ്യവാനും പങ്കുകാരനാണെന്ന് വെളിപ്പെട്ടു. തന്നെയുമല്ല ഹോളണ്ടിൽ നിന്നു പാത്രിയർക്കീസിന്റെ ഭരണത്തിലുള്ള ശീശക്ക് മെത്രാച്ചൻ സുറിയാനി ഭാഷയിൽ കാനോൻ പൂർണ്ണമായി പ്രസിദ്ധപ്പെടുത്തിയതോടെ കാപ്പിക്കാനോനെപ്പറ്റിയുള്ള തെറ്റിദ്ധാരണകളും വ്യാജപ്രചരണങ്ങളും ചീട്ടുകൊട്ടാരം പോലെ താഴെ വീണു. 'ഹോളണ്ട് കാനോൻ' സത്യകാനോൻ ആണെന്നും പതിനെട്ട് അക്കം കാനോൻ അല്ലെന്നും ബോദ്ധ്യപ്പെട്ടതോടെ 'ഉദയഗിരി സെമിനാരി'ച്ചുമതലക്കാർ ആ സത്യം ജനങ്ങൾ അറിയാതിരിക്കുവാൻ കഠിനമായി പരിശ്രമിച്ചു. ഹോളണ്ട് കാനോൻ 'എ' അക്കം കാനോൻ ആണെന്ന് പാത്രിയർക്കീസ് പക്ഷത്തെ സുറിയാനി പണ്ഡിതനും മല്പാനുമായിരുന്ന മർക്കോസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ സമ്മതിച്ചതായി അന്ന് പാത്രിയർക്കാ പക്ഷത്തായിരുന്ന അഭിവന്ദ്യ യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ സംഭാഷണമദ്ധ്യേ ഈ ഗ്രന്ഥകാരനോട് സമ്മതിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് കാപ്പിക്കാനോൻ, പതിനെട്ടക്കം കാനോൻ എന്നിവയെപ്പറ്റി വിശദമായ പഠനം ആവശ്യമായത്. ഇതിനിടയിൽ സത്യകാനോനെ, പതിനെട്ടക്ക കാനോൻ ആയി വ്യത്യാസപ്പെടുത്തുവാനും വികൃതമാക്കുവാനുമായി പെൻസിൽ കൊണ്ട്

റഫ് വർക്ക് ചെയ്ത കയ്യെഴുത്തു കാനോൻ കണ്ടെടുക്കപ്പെട്ടതോടുകൂടി കാനോൻ വിഷയത്തിൽ നടന്ന വ്യാജങ്ങളുടെ ചിത്രം ഏറെക്കുറെ കൃത്യമായി ലഭിച്ചു. ആ കയ്യെഴുത്തു കാനോൻ വിശദമായി പരിശോധിച്ചശേഷമാണ് ഈ വക കാര്യങ്ങൾ ചർച്ച ചെയ്യുവാൻ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കണമെന്ന് നിശ്ചയിച്ചത്. ഇന്ന് മലങ്കരയിലെ രണ്ടു സഭാവിഭാഗങ്ങളെ ഒന്നാക്കുന്നതിന് പ്രധാന തടസ്സം 18 അക്കം കാനോൻ ആണെന്നുള്ളതാണ് വസ്തുത. 18 അക്ക കാനോൻ വ്യാജ സൃഷ്ടിയാണെന്ന് തിരിച്ചറിയുന്നതോടെ നിഷ്പക്ഷമതികൾക്കും സത്യാന്വേഷികൾക്കും സഭായോജിപ്പിനെ സ്വാഗതം ചെയ്യുവാൻ സാധിക്കും. അങ്ങനെ 1909–ന് ശേഷം മലങ്കരസഭയിലുണ്ടായ ദൗർഭാഗ്യകരമായ കക്ഷിവഴക്കുകളെ ഇല്ലായ്മ ചെയ്യുവാൻ ഈ ഗ്രന്ഥത്തിന് എളിയ പങ്കു നിർവ്വഹിക്കുവാനാവും എന്ന ചിന്ത ഈ പുസ്തക രചനയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

ഞങ്ങളുടെ പ്രസാധക സമിതി അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. പുലിക്കോട്ടിൽ ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായോട് ഈ ഗ്രന്ഥകാരൻ ഏറെ കടപ്പെട്ടിരിക്കുന്നു. കെ. വി. മാമ്മൻ, അഡ്വ. ഗിൽബർട്ട് ചീരൻ, ഡോ. പ്രസാദ്, ജോയ്സ് തോട്ടയ്ക്കാട് എന്നിവർ ഈ രചനയെ പല തരത്തിൽ സഹായിച്ചവരാണ്. അവരോട് അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തട്ടെ. നേരം വെളുത്താൽ അന്തിയാവും വരെ പുസ്തകവായനയിലും ഗ്രന്ഥരചനയിലും ഏർപ്പെട്ട് പല ഗാർഹിക ചുമതലകളും തൃപ്തികരമായി ഏറ്റെടുക്കുവാൻ കഴിയാതിരുന്നിട്ടും എന്നെ സഹിക്കുകയും എനിക്കാവശ്യമായ എല്ലാ ശുശ്രൂഷകളും യഥായോഗ്യം സന്തോഷപൂർവ്വം നിർവഹിക്കുകയും ചെയ്യുന്ന എന്റെ കുടുംബത്തോടുള്ള കടപ്പാട് എഴുതിയാൽ തീരുന്നതല്ല. ദൈവം അവർക്ക് പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുക മാത്രം ചെയ്യുന്നു.

നാലഞ്ച് പതിറ്റാണ്ടായി തുടർന്നുപോരുന്ന ഈ ഗവേഷണതപസ്യയെ തളരാതെ മുന്നോട്ടു നയിക്കുന്ന ദൈവകൃപയെ നമിച്ചുകൊണ്ടും ഞങ്ങളുടെ മുൻഗ്രന്ഥങ്ങൾ ആഹ്ലാദപൂർവ്വം സ്വീകരിച്ച ചിന്താശീലരും സഭാസ്നേഹികളുമായ സഹൃദയരോടുള്ള സന്തോഷം രേഖപ്പെടുത്തികൊണ്ടും ഈ 'അഭിനവ വികൃതി' അനുവാചക സമക്ഷം അവതരിപ്പിക്കട്ടെ.

**ഗ്രന്ഥകർത്താവ്**

ഒക്ടോബർ 3, 2013
പഴഞ്ഞി സെന്റ് മേരീസ് പള്ളിപ്പെരുന്നാൾ

# ഉള്ളടക്കം


1. ആമുഖം
2. 'ഉദയംപേരൂരിനു' മുമ്പ്
3. ഉദയംപേരൂർ കാനോൻ
4. പടിയോലകൾ
5. കോട്ടയം ചട്ടവര്യോല
6. പരുമല കാനോൻ
7. മുളന്തുരുത്തി കാനോൻ
8. ഹൂദായകാനോൻ
9. മലങ്കര കാനോൻ
10. ഹൂദായ (കാപ്പികാനോൻ)
11. (പതിനെട്ടക്കം) ഹൂദായകാനോൻ
12. 1934-ലെ മലങ്കരസഭാ ഭരണഘടന

**അനുബന്ധം**

1. മലങ്കരക്കാനോൻ
2. 1934-ലെ സഭാഭരണഘടന
3. 18 അക്കം കാനോന്റെ നിർമ്മിതിയിലെ കൃത്രിമങ്ങൾ
   - തിരുത്തലുകൾ

## അദ്ധ്യായം 1

# ആമുഖം

'കാനൂൻ' എന്ന അറബി പദത്തിന് കല്പനകൾ എന്നാണ് അർത്ഥ മെന്നും അതിന്റെ ജർമ്മൻ രൂപമാണ് 'കാനോൻ' എന്ന പദപരിണാമം എന്നും ബഹുഭാഷാ പണ്ഡിതനായ ഗുണ്ടർട്ട് തന്റെ നിഘണ്ടുവിൽ അർത്ഥം നൽകിയിട്ടുണ്ട്. ശബ്ദതാരാവലി 'കാനൂൻ' എന്ന ശബ്ദം ഉറുദു പദമാണെന്ന് വിവരിച്ച് 'നിയമം' എന്ന് അർത്ഥം നൽകിയിരിക്കുന്നു. എ.ആർ.പി. നിഘണ്ടുവാകട്ടെ അത് ഗ്രീക്ക് പദമാണെന്ന് വിവരിച്ച് അതിന് 'നിയമം' എന്ന് അർത്ഥം നൽകി. 1970-ൽ വരാപ്പുഴ പുത്തൻപള്ളി മാർ തോമ്മാശ്ലീഹാ പ്രസിൽ നിന്ന് കളപ്പുരയ്ക്കൽ അന്ത്രയോസ് കത്തനാർ പ്രസിദ്ധീകരിച്ച സുറിയാനി (കൽദായ) മലയാളം നിഘണ്ടുവിൽ 'കാനോൻ' എന്ന പദത്തിന്റെ മൂലഭാഷ ഗ്രീക്ക് ആണെന്ന് വ്യക്തമാക്കുന്നു; ചട്ടം, ക്രമം, മുറ, മാനദണ്ഡം തുടങ്ങിയ അർത്ഥങ്ങൾ നൽകുകയും ചെയ്യുന്നു. തന്റെ കൃതിയെ 'നോമൂസോ ഉ കാനോൻ' എന്നാണ് ബാർ എബ്രായ വിശേഷിപ്പിച്ചിട്ടുള്ളത്. 'നടപടിക്രമങ്ങളും നിയമങ്ങളും' എന്നാണ് അതിന്റെ അർത്ഥം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് സ്വന്തമായി ഒരു കാനോൻ ഇല്ലെന്നും അന്ത്യോഖ്യൻ സഭയിൽ ഉപയോഗിച്ചുപോരുന്ന ഹൂദായ കാനോൻ മലങ്കരസഭയിലും അനൗദ്യോഗികമായി ഉപയോഗിച്ചുവരികയാണെന്നും കോട്ടയം പഴയസെമിനാരിയിലെ പണ്ഡിതരായ അധ്യാപകർ ഉൾപ്പെടെ പലരും അറിഞ്ഞോ അറിയാതെയോ പ്രചരിപ്പിച്ചുപോന്നിട്ടുണ്ട്. എന്നാൽ കൊച്ചിയുടെ പ്രഥമ മെത്രാൻ കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് എഴുതിയ സഭാചരിത്രം കണ്ടെടുത്ത് 'കണ്ടനാട് ഗ്രന്ഥവരി' എന്ന പേരിൽ വ്യാഖ്യാനമെഴുതി ഈ ഗ്രന്ഥകാരൻ 2008-ൽ പ്രസിദ്ധീകരിച്ചതോടെ ഈ പ്രചാരണം അടിസ്ഥാനരഹിതമെന്ന് തെളിഞ്ഞു കഴിഞ്ഞു. കണ്ടനാട് ഗ്രന്ഥവരിയിലെ പ്രസിദ്ധമായ സാക്ഷ്യം കാണുക.

1877 മകരം 14, 15, 16, 17 തീയതികളിൽ പത്രോസ് പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിലും മാർ ഗ്രിഗോറിയോസ് (നിരണം), മാർ ഗ്രിഗോറിയോസ് അബ്ദുള്ളാ (യെരുശലേം), മാർ ദീവന്നാസ്യോസ് (കൊല്ലം), മാർ അത്താനാസ്യോസ് (കോട്ടയം), മാർ കൂറിലോസ് (അങ്കമാലി), മാർ യൂലിയോസ് (തുമ്പമൺ) തുടങ്ങിയ ഏഴു മെത്രാന്മാരുടെയും സഹകരണത്തിൽ വെളിയനാട് കൂടിയ സുന്നഹദോസിന്റെ തീരുമാനം:

“17-ന് നമസ്ക്കാരം മുതലായവ കഴിഞ്ഞ് 8 മണിക്ക് കൂടപ്പെട്ടു. അന്ന് വക്കീൽ ആയി നിശ്ചയിപ്പാൻ കൊച്ചിയിൽ നിന്നും മിസ്റ്റർ വോക്കർ സായിപ്പിനെ ഈ കൂട്ടത്തിലേക്ക് വിളിച്ചിട്ടുണ്ടായിരുന്നു. അന്നത്തെ കൂട്ടത്തിൽ നമ്മുടെ വിശ്വാസത്തിന്റെ സ്ഥിരതയെക്കുറിച്ച് വി. പിതാവ് ഹൂദായ പുസ്തകത്തിൽ നിന്നും എടുത്തെഴുതി ഉണ്ടാക്കിയിട്ടുള്ള ഒരു കാനോന സുന്നഹദോസിൽ വച്ച് വായിച്ചു. എല്ലാവരും അതിനെ സമ്മതിച്ച് ‘ആമ്മീൻ’ പറയുകയും ചെയ്തു. ആ പുസ്തകം മലയാളത്തിൽ അടിപ്പിപ്പാൻ ഗീവറുഗീസ് ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായെ ഏല്പിച്ചുകൊടുത്തു” (കണ്ടനാട് ഗ്രന്ഥവരി, പുറം 359. വ്യാഖ്യാനം ഫാ. ഡോ. ജോസഫ് ചീരൻ, പ്രസാധനം: ഫാ. ഡോ. ജോർജ് പുലിക്കോട്ടിൽ, എം.ജെ.ഡി. പബ്ലിഷിംഗ് ഹൗസ്, കുന്നംകുളം, 2008).

ഈ തീരുമാനം പാരമ്പര്യമായി ഗ്രഹിച്ചതിനാലാകാം 1934-ൽ മലങ്കര സുറിയാനി സഭയുടെ ഭരണഘടനയ്ക്ക് അന്തിമരൂപം നൽകിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ (കോട്ടയം എം.ഡി. സെമിനാരി) ഇപ്രകാരം ഏകകണ്ഠമായി രേഖപ്പെടുത്തിയത്:

“ഈ സഭ അംഗീകരിച്ചിരിക്കുന്ന കാനോൻ ബാർ എബ്രായയാൽ എഴുതപ്പെട്ട ‘ഹൂദായ കാനോൻ’ ആകുന്നു (1898-മാണ്ട് പാരീസ് പട്ടണത്തിൽ അച്ചടിച്ചിട്ടുള്ളത് ഈ കാനോൻ തന്നെയാണ്).” (അധ്യായം ഒന്ന്, ഖണ്ഡിക 5).

## ബാർ എബ്രായ

1264 മുതൽ 1286 വരെ കിഴക്കിന്റെ കാതോലിക്കാ ആയിരുന്ന ഇദ്ദേഹം 1225-ൽ യൂഫ്രട്ടീസിന്റെ ശാഖയായ മേലാസ് നദീതീരത്ത് മെലിത്തിനി നഗരത്തിൽ ജനിച്ചു. എബ്രായ വംശജൻ ആയ അഹറോനും അറബി വംശജയായ ഒരു സ്ത്രീരത്നവും ആയിരുന്നു മാതാപിതാക്കൾ. യോഹന്നാൻ ബാർ എബ്രായ എന്ന് വിളിക്കപ്പെട്ടു. മെലിത്തിനി (കപ്പദൂക്യ) യിൽ നിന്ന് ഗർഭസ്ഥനായിരിക്കുമ്പോൾ മാതാപിതാക്കൾ യുദ്ധഭീതി നിമിത്തം ഒളിച്ചോടി നടക്കേണ്ടി വന്നു. അക്കാലത്ത് ഫ്രാത്ത് നദീതീരത്തു വച്ച് ഇദ്ദേഹത്തെ പ്രസവിച്ചതിനാലാണ് ‘കടവിന്റെ പുത്രൻ’ എന്ന് അർത്ഥമുള്ള ബാർ എബ്രായ എന്ന് നാമകരണം ചെയ്യപ്പെട്ടത്. അദ്ദേഹത്തിന് ‘അബു അൽ ഫ്റജ്’ എന്നു കൂടി പേരുണ്ടായിരുന്നു. പിന്നീട് ഇദ്ദേഹം അന്ത്യോഖ്യാ പട്ടണത്തിലെത്തി സ്ഥിരവാസമാരംഭിച്ചു; അബു അൽ ഫ്റജ് അറബിനാമമാണ്. പതിനേഴാം വയസ്സിൽ അദ്ദേഹം സന്യാസം വരിച്ചു; ദയറാവാസം ആരംഭിച്ചു. സുറിയാനി, അറബി, ഹീബ്രു, ഗ്രീക്ക് എന്നീ ഭാഷകളിലും വേദശാസ്ത്രം, തത്വശാസ്ത്രം, വൈദ്യശാസ്ത്രം, സസ്യശാസ്ത്രം എന്നീ വിഷയങ്ങളിലും അഗാധമായ

പാണ്ഡിത്യം നേടി. 1246-ൽ അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് മെത്രാൻ സ്ഥാനത്ത് അവരോധിക്കപ്പെട്ടു. 1264-ൽ സിലിഷ്യയിലെ സീസിൽ വച്ച് ബാർ എബ്രായ ഗ്രിഗോറിയോസ് എന്ന പേരിൽ തീഗ്രിസിന്റെയും കിഴക്കിന്റെയും കാതോലിക്കാ ആയി. നേരത്തെ ലാക്കാബിൻ, ബെറോവാ, ഹലാബ് എന്നീ ഇടവകകളിൽ അദ്ദേഹം മെത്രാനായി ഭരണം നടത്തിയിരുന്നു. 31 പുസ്തകങ്ങൾ അദ്ദേഹം രചിച്ചതായി അദ്ദേഹത്തിന്റെ സഹോദരൻ ബർസൗമ്മാ, ബാർ എബ്രായയുടെ ജീവചരിത്രത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. മലങ്കരസഭയുടെ സുവർണ്ണയുഗ ശില്പി എന്ന് വിശേഷിപ്പിക്കപ്പെട്ട പരിശുദ്ധ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ (ദ്വിതീയൻ) 'ഒരു പരദേശ യാത്രയുടെ കഥ' എന്ന തന്റെ യാത്രാവിവരണത്തിൽ (മലയാളത്തിൽ എഴുതപ്പെട്ട രണ്ടാമത്തെ യാത്രാവിവരണമാണിത്) ഇപ്രകാരം എഴുതിയിരിക്കുന്നു:

"എല്ലാ ക്രിസ്ത്യാനികളും ഒരുപോലെ ബഹുമാനിക്കുന്ന വലിയ വൈദികനും ശാസ്ത്രജ്ഞനും ബാർ എബ്രായ എന്ന് പ്രസിദ്ധനും ആയ മാർ ഗ്രീഗോറിയോസ് കാതോലിക്കാ സ്ഥിരവാസം ചെയ്തിരുന്നത് ഈ ദയറായിലാണ് (മാർ മത്തായിയുടെ തൂറോദ് അല്ലേഫ് എന്ന ദയറ). ഇദ്ദേഹം ഉണ്ടാക്കിയിട്ടുള്ള അനേകം വേദപുസ്തക വ്യാഖ്യാനങ്ങളും പ്രബന്ധങ്ങളും നിയമങ്ങളും സുറിയാനി ഭാഷാസാഹിത്യത്തിൽ ഒരു ഉന്നതപദവിക്ക് അർഹങ്ങളാണ്. സുറിയാനി സഭയിലെ പരിശുദ്ധനും മല്പാനും ആയി അംഗീകരിച്ചിട്ടുള്ളവരിൽ അവസാനത്തെ ആളുമാണ് ഇദ്ദേഹം. ഇത്ര വലിയ സ്ഥാനത്തിലും മഹത്വത്തിലും ഇരുന്ന പരിശുദ്ധൻ തന്റെ ജീവിതകാലത്തെ നയിച്ചത് ഒരു വലിയ കരിങ്കല്ലിന്റെ ഉള്ളിൽ കൊത്തിയുണ്ടാക്കിയ ഒരു ചെറിയ ഗുഹയിലാണ്. ഇതിന്റെ അകത്ത് ഒരാൾക്ക് കഷ്ടിച്ച് കടക്കത്തക്ക ഒരു ദ്വാരമേ ഉണ്ടായിരുന്നുള്ളൂ. ഗുഹയുടെ വിസ്താരം രണ്ടു കോൽ നീളവും രണ്ടു കോൽ പൊക്കവും ഒരു കോൽ വീതിയുമാണ് (ഒരു കോൽ = 2.5 അടി = 75 സെന്റീമീറ്റർ). പടിഞ്ഞാറെ അറ്റത്ത് ഒരാൾക്ക് ഇരിക്കത്തക്ക ക്രമത്തിൽ ഒരു തിണ്ണ കാണ്മാനുണ്ട്. ഈ പരിശുദ്ധൻ ആശ്വാസത്തിനായി പുറപ്പെടുന്ന നേരത്തിൽ പണിയപ്പെട്ടതായ ഒരു കൽമാടവും അതിന് താഴെ കൊത്തപ്പെട്ട രണ്ട് കൽമുറികളും അതുകളുടെ മുൻവശത്ത് കല്ലിൽ കൊത്തിക്കുഴിച്ച ഒരു ചെറിയ കുളവും ഉണ്ട്. ഇതിലേക്കുള്ള ഉറവ ഈ കൽമുറികളിൽ നിന്ന് പുറപ്പെട്ടുകൊണ്ടിരിക്കുന്നു. കുളത്തിൽ വെള്ളം നിറഞ്ഞ് കവിഞ്ഞ് ഒഴുകികൊണ്ടിരിക്കുന്നു. കൽമുറിയിൽ നാം കേറി നോക്കിയപ്പോൾ അതിനകത്ത് മുട്ടിനുമേൽ വെള്ളമുണ്ടായിരുന്നു. മുറികളുടെ മീതെയുള്ള കൽമാടത്തിൽ നിന്ന് എത്രയും നേരിയ വിധത്തിൽ മഞ്ഞ് സർവദാ പെയ്തു

കൊണ്ടിരുന്നു. ഈ കൽമാടത്തിന്റെ താഴെയുള്ള കുളത്തിന്റെ ചുറ്റുമായി പത്തുമുപ്പത് പേർക്ക് ഇരിക്കാം. എത്ര ഉഷ്ണിച്ചവനും ഒരു മണിക്കൂർ ഈ മാടത്തിന്റെ താഴെ ഇരുന്നാൽ തണുപ്പുകൊണ്ട് വിറച്ചു പോകുന്നതും കുപ്പായം മഞ്ഞുകൊണ്ട് നനയുന്നതുമാണ്. ഈ ഒരു വിശേഷം നിമിത്തം മൂസലിലെ പ്രധാനന്മാർ ജാതിമതഭേദങ്ങൾ ആലോചിക്കാതെ കുടുംബ സമേതം ഇവിടെ വന്ന് സുഖമെടുത്ത് താമസിക്കാറുണ്ട്. ഈ പണിക ളെല്ലാം ബാർ എബ്രായയുടെ കരകൗശലങ്ങളാണ്. കൽമാടത്തിന്റെ മുൻവശത്ത് അദ്ദേഹത്തിന്റെ പേർ കൊത്തപ്പെട്ടിട്ടുണ്ട്" (മൂസൽ പട്ടണം).

ഈ ഗുഹയിലെ ഏകാന്തതയിലും ഏകാഗ്രതയിലും ഇരുന്ന് സഭാ ചരിത്രം, വേദശാസ്ത്രം, യുക്തിശാസ്ത്രം, നീതിശാസ്ത്രം, ധനതത്വ ശാസ്ത്രം, ഊർജ്ജതന്ത്രം, വൈദ്യശാസ്ത്രം, പ്രാണിശാസ്ത്രം, തത്വ ജ്ഞാനം, ജ്യോതിശാസ്ത്രം, ആത്മീയപഠനം എന്നീ വൈവിധ്യമാർന്ന വിഷയങ്ങളെപ്പറ്റി പ്രാമാണിക ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. അദ്ദേഹ ത്തിന്റെ സഭാചരിത്രം-നാളാഗമം അതിപ്രശസ്തമാണ്. രണ്ടാം ഭാഗത്തിൽ അഹറോന് ശേഷമുള്ള സഭാചരിത്രം; മൂന്നാം ഭാഗത്തിൽ വി. തോമ്മാ ശ്ലീഹായ്ക്ക് ശേഷമുള്ള പൗരസ്ത്യ സഭയുടെ ചരിത്രം എന്നിവ അട ങ്ങിയിരിക്കുന്നു.

ഹൂദായ കാനോൻ ആണ് അദ്ദേഹത്തിന്റെ മറ്റൊരു സംഭാവന. ഈ നിയമഗ്രന്ഥം മലങ്കരസഭ സ്വന്തം കാനോൻ ആയി അംഗീകരിച്ചിട്ടുണ്ട്.

എബ്രായ, ഗ്രീക്ക്, സിറിയൻ, പേർഷ്യൻ ഇന്ത്യൻ ഭാഷകളിലെ വ്യാഖ്യാനങ്ങളായ 712 ഹാസ്യകഥകൾ ഇദ്ദേഹം സമാഹരിച്ചിട്ടുണ്ട്. കുറേ ക്കാലം ജ്യോതിഷത്തിൽ അധ്യാപകൻ ആയിരുന്നു.

സൽഗാ, മ്നാറസ്കുദിശേ തുടങ്ങിയ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ സുറിയാനി കയ്യെഴുത്തു രൂപത്തിൽ മലങ്കരസഭയിൽ ഇപ്പോഴും വിരള മായിട്ടെങ്കിലും കാണുന്നുണ്ട് (സൽഗായുടെ ഒരു കയ്യെഴുത്തുപ്രതിയും ഹൂദായകാനോന്റെ രണ്ടു കയ്യെഴുത്തുപ്രതികളും ഈ ഗ്രന്ഥകാരന്റെ പുസ്തകശേഖരത്തിലുണ്ട്). അദ്ദേഹം രചിച്ച ബൃഹത് കൃതിയാണ് ഔസർ റോസേ. അതിന്റെ ഒരു പ്രതി തൊഴിയൂരിലെ ഗ്രന്ഥപ്പുരയിലുണ്ട് (1751-ലെ സന്ദർശകരായ വിദേശ സഭാധ്യക്ഷന്മാർ കൊണ്ടുവന്നതാകാം). തൊഴിയൂരിലെ ഈ അപൂർവ്വ ഗ്രന്ഥം തൊഴിയൂരിൽ താമസിച്ച് പകർത്തി യെഴുതി കോനാട്ട് മല്പാൻ തന്റെ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. 1286 ജൂലൈ 30-ന് ആ പരിശുദ്ധൻ ദിവംഗതനായി. മൂസലിനടുത്ത് മത്തായി യുടെ ദയറായിൽ അദ്ദേഹം സംസ്ക്കരിക്കപ്പെട്ടു.

ഹൂദായ കാനോന്റെ മലയാളം പരിഭാഷകൻ കോനാട്ട് ഏബ്രഹാം മല്പാൻ എഴുതുന്നു. 1974-ൽ: "ക്രി. പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ചി

രുന്ന ഈ വിശുദ്ധൻ ആ കാലത്തിനനുയോജ്യമായ നിലയിൽ ആത്മീയവും ലൗകികവുമായ അനേകം നിയമങ്ങളെ ക്രോഡീകരിച്ച് നിർമ്മിച്ചിട്ടുള്ളതാണ് ഈ ഹൂദായ കാനോൻ. ഇന്നും ആത്മീയസംഗതിയിൽ ഈ ഗ്രന്ഥം മാത്രമാണ് ആധാരമായിട്ടുള്ളതെന്ന് പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ. ... സുറിയാനി ഭാഷാ സാഹിത്യലോകത്ത് ഇതഃപര്യന്തം ഉദയം ചെയ്തിട്ടുള്ളതിൽ ഏറ്റവും ഉജ്ജ്വലമായ താരം മാർ ഗ്രിഗോറിയോസ് ബാർ എബ്രായ ആണ്. സുറിയാനി ഭാഷ ഏറ്റവും വിശദവും ശാസ്ത്രീയവുമായി കൈകാര്യം ചെയ്യുന്നതിൽ അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള നൈപുണ്യം അന്യാദൃശമാണ്."

ഹൂദായ കാനോന്റെ സാംഗത്യത്തെപ്പറ്റിയും സംഘാടനത്തെപ്പറ്റിയും തൽകർത്താവ് നടത്തിയ നിരീക്ഷണങ്ങൾ മുഖവുരയിൽ കാണുന്നതിപ്രകാരമാണ്: "ഒരാൾ വിശ്വാസത്തിന്റെ നിലനില്പിനെ ലക്ഷ്യമാക്കിക്കൊണ്ട് ഒരു പ്രവൃത്തി ചെയ്തിട്ട് അത് സഭാക്രമീകരണങ്ങളുടെ അടിസ്ഥാനതത്വങ്ങൾക്ക് വിരുദ്ധമായി പരിണമിക്കുന്നപക്ഷം അതുകൊണ്ട് എന്ത് പ്രയോജനമാണ് ഉള്ളത് എന്ന് നമ്മുടെ ഒരു മഹാൻ പറഞ്ഞിരിക്കുന്നു. ഇവയെ ആചരിക്കാതിരുന്നാൽ സുപ്രധാനമായ വിശ്വാസ പാലനത്തിന് കോട്ടം തട്ടുകയും അന്യമതസ്ഥരാൽ അത് നിന്ദിക്കപ്പെടാൻ ഇടവരികയും ചെയ്തേക്കാം. സഭാപരങ്ങളും ലൗകികങ്ങളുമായ സകലനിയമങ്ങളും നാല്പത് അധ്യായങ്ങളിൽ ഖണ്ഡികകളായി വിഭജിച്ച്, ആവശ്യമായ 'ഹൂദായ' സഹിതം ഇതിൽ ക്രമീകരിച്ചിരിക്കുന്നു. ദൈവത്തിന്റെ സഭയ്ക്കും ശുശ്രൂഷകന്മാർക്കും പ്രത്യേക പരിഗണനയും നൽകിയിട്ടുണ്ട്. സഭാപരമായ നിയമങ്ങൾക്ക് ക്ലിമ്മിസിന്റെ എട്ട് ഗ്രന്ഥങ്ങളിലുള്ള ശ്ലീഹന്മാരുടെ കാനോനുകളും ആദായിയുടെ ഉപദേശവും പൊതു സുന്നഹദോസ് നിശ്ചയങ്ങളുമാണ് ഞാൻ അവലംബമാക്കിയിരിക്കുന്നത്. ലൗകിക നിയമങ്ങളിൽ യൗനായ രാജാക്കന്മാരെയും, ഏത് നിലയിലായിരുന്നാലും നീതിനിഷ്ഠയെ ലക്ഷ്യമാക്കിയിരുന്ന ഇതരന്മാരെയും എനിക്ക് അംഗീകരിക്കേണ്ടി വന്നിട്ടുണ്ട്. ഓരോ നിയമവും അതതിന്റെ നിർമ്മാതാവിന്റെ നാമത്തിൽ തന്നെയാണ് ഉദ്ധരിച്ചിരിക്കുന്നത്.

അപ്രസിദ്ധന്മാരിൽ നിന്ന് പരമ്പരയായി അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രമാണങ്ങൾ 'ഹൂദായ' എന്ന തലക്കെട്ടിൽ ഞാൻ വിശദീകരിക്കയും ചെയ്തിട്ടുണ്ട്. വിശുദ്ധ പിതാക്കന്മാരിൽ നിന്ന് ഞാൻ അംഗീകരിച്ചിട്ടുള്ളതുപോലെ അസ്വീകാര്യന്മാരായ ആളുകളിൽ നിന്നു പോലും സ്വീകാര്യങ്ങളായ നിയമങ്ങളെ അംഗീകരിച്ചിട്ടുണ്ട്. അറിയോസുകാർ, അന്ത്യോഖ്യായിൽ വച്ച് നിശ്ചയിച്ചിട്ടുള്ള ഇരുപത്തിയഞ്ച് നിയമങ്ങൾ, ഗൻഗ്റാ പട്ടണത്തിൽ വച്ച് മക്കദോന്യർ ചെയ്ത ഇരുപത് നിയമങ്ങൾ, ലേയോന്റെ കൂട്ടർ കൽക്കിദൂനായിൽ വച്ച് ഏർപ്പെടുത്തിയ ഇരുപത്തിഏഴ് നിയമങ്ങൾ ഇവയാണ് അത്."

ഹൂദായക്കാനോൻ അതിന്റെ പൂർണ്ണരൂപത്തിൽ മലങ്കരസഭ അംഗീകരിച്ചത് 1877-ൽ ആണെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. എന്നാൽ അതിനു മുമ്പ് മലങ്കരസഭയിൽ ഏതെങ്കിലും കാനോൻ സംഹിതകൾ നിലവിലിരുന്നുവോ? നമ്മുടെ കാനോൻ വിദഗ്ദ്ധന്മാർ ആ വിഷയത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയതായോ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചതായോ അറിവില്ല.

കൊരട്ടി സീയോൻ സെമിനാരിയിൽ കാലം ചെയ്ത അഭിവന്ദ്യ പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ഗ്രന്ഥശേഖരത്തിലുണ്ടായിരുന്ന ഒരു കൽദായ സുറിയാനി കയ്യെഴുത്തു പുസ്തകത്തിൽ (ഈ പുസ്തകം അങ്കമാലിയുടെ ഭാഗ്യസ്മരണാർഹനായ കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസോ കടവിൽ പൗലൂസ് മാർ അത്താനാസ്യോസോ, അതുമല്ലെങ്കിൽ അങ്കമാലിയുടെ പ്രഥമ മെത്രാൻ അമ്പാട്ട് കൂറിലോസ് മെത്രാപ്പോലീത്തായോ ശേഖരിച്ചതാവാം) യൗനായ വർഷം 1997-ൽ (എ.ഡി 1686) "ഹിന്ദുദേശത്തെ സത്യമുള്ള സുറിയാനി ക്രിസ്ത്യാനികളുടെ ഈവാനിയോസ് എപ്പിസ്ക്കോപ്പാ, ഹൂദായ നിയമങ്ങൾ പകർത്താൻ ആരംഭിക്കുന്നു" എന്ന് എഴുതിയിട്ടുണ്ട്. എന്നാൽ അദ്ദേഹം ഹൂദായ കാനോൻ ആദ്യാവസാനം പകർത്തുന്ന ശൈലിയല്ല അതിൽ സ്വീകരിച്ചിട്ടുള്ളത്. ഹൂദായ കാനോനിലെ സുപ്രധാന നിയമങ്ങൾ ഓർമ്മയിൽ നിന്ന് അദ്ദേഹം സംഗ്രഹിച്ചതാകാം. ഹൂദായ കാനോനിലെ വിഷയാവതരണക്രമമോ ഓരോ കാനോനായുടെയും ശീർഷകമോ അദ്ദേഹം ചേർക്കാതിരുന്നത് അതുകൊണ്ടാകാം. നോമ്പുകളും പെരുന്നാളുകളും പ്രാർത്ഥനയും എന്നീ വിഷയങ്ങൾ ഹൂദായ കാനോനിൽ അഞ്ചാം അധ്യായത്തിലാണ് പ്രതിപാദിച്ചിട്ടുള്ളത് എങ്കിലും മാർ ഈവാനിയോസ് കാനോൻ പകർത്തുന്നു എന്ന് ആമുഖമായി നൽകിയിട്ടുള്ളത് മലങ്കരസഭയുടെ ചരിത്രത്തെപ്പറ്റിയുള്ള ഐതിഹ്യങ്ങൾ ആണ്. അതിനുശേഷം അദ്ദേഹം നോമ്പുകളെ പരിചയപ്പെടുത്തുന്നു. അഞ്ചു നോമ്പുകളോടൊപ്പം ആണ്ടടക്കമുള്ള ബുധൻ, വെള്ളി ദിനങ്ങൾ അദ്ദേഹം നോമ്പു ദിനങ്ങളായി പ്രഖ്യാപിക്കുന്നു. അതിനുശേഷം നാല്പത് നോമ്പ്, ശ്ലീഹാ നോമ്പ്, ശൂനോയോ നോമ്പ്, യൽദൊ നോമ്പ്, നിനുവാ നോമ്പ് എന്നിവയെപ്പറ്റി പരാമർശിക്കുന്നു. അതു കഴിഞ്ഞ് നോമ്പിന്റെ ദിവസങ്ങളും കാലങ്ങളും പരിചയപ്പെടുത്തുന്നു.

അടുത്ത പ്രതിപാദ്യ വിഷയം വി. കുർബാനയ്ക്ക് പുളിപ്പുള്ള അപ്പം ഉപയോഗിക്കണം എന്ന വിഷയം ആണ്. കൊരിന്ത്യാ ലേഖനത്തിലും അപ്രേമിന്റെ കവിതയിലും തേവോലോഗോസിന്റെ പ്രബന്ധങ്ങളിലും ഇത് സംബന്ധിച്ചുള്ള ആധികാരിക സൂചനകൾ ഇവിടെ സംഗ്രഹിച്ചിരിക്കുന്നു (1665-ൽ വന്ന മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീൽ പുളിപ്പി

ല്ലാത്ത അപ്പം പ്രചരിപ്പിച്ചതിന്റെ പശ്ചാത്തലത്തിലാവാം മാർ ഈവാനിയോസ് വിശദമായി പുളിപ്പുള്ള അപ്പത്തിന്റെ ആവശ്യകതയെപ്പറ്റി ഊന്നിപ്പറഞ്ഞത്.)

വി. കുർബ്ബാനയ്ക്കുള്ള ഹമ്മീറ (പുളിപ്പുള്ള അപ്പം) തയ്യാറാക്കുമ്പോൾ ഉപ്പ് ചേർക്കണമെന്ന പ്രബോധനമാണ് മാർ ഈവാനിയോസ് പഠിപ്പിക്കുന്നത്. വാസ്തവത്തിൽ ഹൂദായ കാനോനിൽ പുളിപ്പിനെപ്പറ്റിയോ ഉപ്പിനെപ്പറ്റിയോ പരാമർശിക്കുന്ന ഭാഗങ്ങൾ ഉണ്ടെന്ന് തോന്നുന്നില്ല. കത്തോലിക്കാ–പാശ്ചാത്യ പാരമ്പര്യങ്ങളിൽ പുളിപ്പും ഉപ്പും ചേർക്കുക പതിവില്ലാത്തപ്രകാരം ആ സ്വാധീനത്തിൽ മലങ്കരസഭയിലും അപ്രകാരം പുളിപ്പും ഉപ്പും ചേർക്കാതെ അപ്പം ഉണ്ടാക്കുന്ന പതിവ് കണ്ടതിനാലാകാം പൗരസ്ത്യ പാരമ്പര്യം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഇക്കാര്യങ്ങൾ ഹൂദായകാനോന്റെ മേൽവിലാസത്തിൽ മാർ ഈവാനിയോസ് പരിചയപ്പെടുത്തുന്നത്. എന്നാൽ ചില കാനോനുകൾ ശരിയായ ശീർഷകത്തിൽ അദ്ദേഹം കൃത്യമായി നൽകുന്നുണ്ട്. 'ഒരു ദിവസം രണ്ടു തവണ വി. കുർബ്ബാനയണയ്ക്കുവാൻ എപ്പിസ്ക്കോപ്പായ്ക്കും കശീശായ്ക്കും ദൈവത്തിൽ നിന്ന് അധികാരമില്ലെന്നും ഒരു തബിലൈത്താമേൽ ഒരേ ദിവസം രണ്ടു തവണ കുർബ്ബാന അണപ്പാൻ പാടില്ലെന്നും കുറിയാക്കോസ് പാത്രിയർക്കീസിന്റെ കാനോൻ കൃത്യമായി ചേർത്തിട്ടുണ്ട്. എന്നാൽ അവിടെയും ഹൂദായ കാനോനിലെ അധ്യായ ക്രമം, വിഷയ ക്രമം എന്നിവ പാലിച്ചിട്ടില്ല.

ചുരുക്കത്തിൽ ഹൂദായ കാനോന്റെ സംസ്ക്കാരമുള്ള മാർ ഈവാനിയോസ് മലങ്കരയിൽ ആ കാനോൻ സംസ്കാരം സംക്രമിപ്പിക്കാൻ നടത്തിയ ശ്രമമാണ് ഈ കാനോൻ സംഗ്രഹം എന്ന് കാണാൻ വിഷമമില്ല. ഉദയംപേരൂർ കാനോനുകളുടെ സംസ്ക്കാരത്തിൽ പരിശീലനം നേടിയ മലങ്കരസഭയുടെ ആരാധനാപാരമ്പര്യങ്ങളിലേക്ക് വഴി തിരിച്ചുവിടാൻ മാർ ഈവാനിയോസിന് ഓർമ്മയിൽ തങ്ങിനില്ക്കുന്ന ഹൂദായ കാനോന്റെ അപൂർണ്ണമായ പാഠമല്ലാതെ സമ്പൂർണ്ണമായ പാഠം അവതരിപ്പിക്കുവാൻ കഴിയാതിരുന്നത് ഹൂദായ കാനോന്റെ കോപ്പി അതിന്റെ പൂർണ്ണരൂപത്തിൽ കൈവശമില്ലാത്തതിനാലാവാം.

മലങ്കരസഭയാണെങ്കിൽ ഹൂദായകാനോന്റെ പൂർണ്ണ ടെക്സ്റ്റിന് വേണ്ടി ആഗ്രഹിച്ചിരുന്നുവെങ്കിലും ശക്തമായ അനുഷ്ഠാനപാരമ്പര്യങ്ങളും പള്ളിയോഗങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളും ഉണ്ടായിരുന്നതിനാൽ ഒരു സമഗ്ര നിയമഗ്രന്ഥം കൂടാതെ തന്നെ സഭയ്ക്കു മുന്നേറുവാൻ കഴിഞ്ഞു. തന്നെയുമല്ല, മലങ്കരയിൽ സന്ദർശനം നടത്തിയ വിദേശ സഭാധ്യക്ഷന്മാർ വിവിധ പൗരസ്ത്യ പാരമ്പര്യക്കാർ ആയതി

നാൽ അവരുടെ പരസ്പര വിരുദ്ധവും പൂർവാപരവിരുദ്ധവും ആയ പ്രമാണങ്ങളെ കണ്ണടച്ച് സ്വീകരിക്കുന്നത് ബുദ്ധിയായിത്തീരുകയില്ലെന്ന ഒരു ബോദ്ധ്യം അവരെ ഭരിച്ചിരുന്നതായും അഭ്യൂഹിക്കുവാൻ കഴിയും.

അന്ത്യോക്യൻ പൈതൃകം അവകാശപ്പെട്ട 'തൂർ അബ്ദീൻ' കേന്ദ്രത്തിൽ അർമ്മീനിയ, കോപ്റ്റിക് തുടങ്ങിയ സഭകളുടെ ബന്ധത്തിൽ കഴിഞ്ഞിരുന്ന യൽദോ ബസ്സേലിയോസും മാർ ഈവാനിയോസും 1751–ൽ വന്ന പിതാക്കന്മാരും മലങ്കരയിൽ പകർന്നുതന്ന പാരമ്പര്യങ്ങൾ ശുദ്ധമായ അന്ത്യോക്യൻ പാരമ്പര്യങ്ങൾ ആയിരുന്നില്ല. അവയിൽ കോപ്റ്റിക് സഭയുടെയും അർമ്മീനിയൻ സഭയുടെയും കലർപ്പുകൾ ഉണ്ടായിരുന്നു. നമ്മുടെ ആരാധനയിലെ വൈവിധ്യങ്ങൾക്ക് ഇതും ഒരു കാരണമാണെന്ന് ചൂണ്ടിക്കാട്ടേണ്ടിയിരിക്കുന്നു. അതുകൊണ്ട് മലങ്കരസഭയിൽ നടക്കുന്ന കാനോൻ ചർച്ചകൾ ഏകമുഖമാവാൻ പാടില്ലെന്ന് വിനയപൂർവ്വം ചൂണ്ടിക്കാട്ടുവാൻ ആഗ്രഹിക്കുന്നു. ഈ പുസ്തകത്തിൽ നടത്തിയിട്ടുള്ളതും അപ്രകാരമുള്ള ഒരു അന്വേഷണമാണ്. ഇതിൽ ഗളഹസ്തം ചെയ്യപ്പെടേണ്ടത് 18 അക്കം കാനോൻ മാത്രമാണ്. പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ കാനോനുകളുടെ വിശദപഠനം നടത്തിയപ്പോൾ മലങ്കരയിലെ 18 അക്കം കാനോൻ പഠനവിഷയമാക്കിയിട്ടില്ല എന്നത് ചിന്തിക്കുന്നവർക്ക് ഒരു വലിയ വിഷയമാണ്.

ഈ പുസ്തകം മലങ്കരസഭയിൽ കാനോനെക്കുറിച്ച് നടക്കുന്ന ചർച്ചകൾക്ക് ആരംഭം കുറിക്കാൻ ഉതകുമെന്ന് കരുതട്ടെ. ആരുടെയെങ്കിലും ധാരണകളെ തിരുത്തുവാൻ ഇത് വഴികാട്ടിയാവുമെങ്കിൽ ഞാൻ ധന്യനായി...

## അധ്യായം 2

# ഉദയംപേരൂരിന് മുമ്പ്

ആദിമ നൂറ്റാണ്ടിൽ മലങ്കരസഭയുടെ സ്വഭാവത്തെ നിർണ്ണയിക്കുന്ന എന്തെങ്കിലും നിയമാവലികൾ ഉണ്ടായിരുന്നുവോ? ക്രൈസ്തവ സഭയുടെ രൂപീകരണ കാലത്തെന്നപോലെ മലങ്കരയിലെ ക്രൈസ്തവ സഭയുടെ രൂപീകരണകാലത്തും എഴുതി തയാറാക്കിയ നിയമാവലികൾ ഉണ്ടായിരിക്കാൻ സാധ്യതയില്ലെന്നാണ് തോന്നുന്നത്. യെരുശലേമിൽ ആരംഭിച്ച സഭയ്ക്ക് ക്രിസ്തു പിന്തുടർന്ന് വന്നിരുന്ന യഹൂദസഭയുടെ നടപടികൾ ആദ്യ മാതൃകയായിട്ടുണ്ടാവണം. ക്രിസ്തുവിന്റെ ഉപദേശങ്ങൾക്കനുസരിച്ചും മറ്റും ചില ഭേദഗതികളോടെ അവ സ്വീകരിക്കപ്പെട്ടിരിക്കാം. ആഴ്ചയിലൊരു ദിവസം വിശുദ്ധ ദിനമായതും അത് ശബത്ത് ദിനമായ ശനിയാഴ്ചയ്ക്കു പകരം ഞായറാഴ്ച ആയതും ഈ പശ്ചാത്തലത്തിലാകാം. പെസഹാബലി നടന്നിരുന്ന സന്ധ്യാസമയത്ത് വി. കുർബ്ബാന ക്രമീകരിച്ചതും ഇക്കാരണത്താലാകാം. പ്രവചന പുസ്തകം, സങ്കീർത്തനങ്ങൾ തുടങ്ങിയ നിയമഗ്രന്ഥങ്ങളുടെ വായനയും വ്യാഖ്യാനവും ക്രമീകരിച്ചതും സിനഗോഗ് ആരാധനയുടെ സ്വാധീനത്തിലാവാം. വി. കുർബ്ബാന സ്ഥാപനവേളയിൽ കർത്താവ് ഉച്ചരിച്ച വാക്കുകളും ക്രിയകളും ആകാം ആദ്യത്തെ അനുഷ്ഠാന മാതൃകകൾ. മാമ്മൂദീസായ്ക്കും ആദ്യകാലത്ത് ത്രിത്വനാമത്തിലെ സ്നാപനം മാത്രമായിരിക്കാം ക്രിയാനുഷ്ഠാനം. കുമ്റാൻ സന്യാസ വിഭാഗങ്ങളിലെ പ്രവേശന കൂദാശയായി നടന്നുവന്നിരുന്ന സ്നാപനത്തിന് പില്ക്കാലത്ത് സ്നാനശുശ്രൂഷയായി വികസിച്ച് പരിണമിച്ചുണ്ടായ അനുഷ്ഠാന നടപടികൾ ഒന്നും ആദ്യകാലത്ത് ഉണ്ടായിരുന്നിരിക്കാൻ ഇടയില്ല. കാലോചിതമായും സന്ദർഭോചിതമായും അനുഷ്ഠാനമുറകളും പ്രാർത്ഥനകളും പില്ക്കാലത്ത് വികസിക്കുന്നതിന്റെ ചിത്രം വേദപുസ്തകത്തിലും കാനോനുകളിലും കാണുന്നു. നദികളിലും കുളങ്ങളിലും വച്ച് ആദ്യകാലത്ത് നടന്നിരുന്ന മാമ്മൂദീസാ പില്ക്കാലത്ത് ദേവാലയങ്ങളോട് ചേർന്ന് സൃഷ്ടിച്ച ജലാശയത്തിലും അതിനുശേഷം പള്ളിയകത്ത് സൃഷ്ടിച്ച തൊട്ടിയിലും ആയി പരിണമിച്ചത് കാലദേശ സന്ദർഭോചിതമായി നടപ്പിൽ വന്ന പരിഷ്ക്കാരങ്ങളാകാം. ക്രിസ്തുവിന്റെ ചരിത്രവും ഉപദേശവും അടങ്ങിയ സുവിശേഷം ആരാധനകളിൽ വായിച്ചു തുടങ്ങിയതും പില്ക്കാല വികസനമെന്ന നിലയിലായിരുന്നു.

ഭാരതസഭയിലും ആദിമസഭയുടെ ചിത്രം ഇതിൽ നിന്നു വളരെ വ്യത്യസ്തമാവാൻ ഇടയില്ല. മാർതോമ്മാശ്ലീഹാ പാലൂരിലെ ജൂതകോളനിയിൽ

നടത്തിയ സുവിശേഷഘോഷണത്തെ തുടർന്ന് ക്രിസ്തുമതം സ്വീക രിച്ച യഹൂദന്മാർ അവരുടെ കോളനിയിലുണ്ടായിരുന്ന സിനഗോഗ് ആദ്യത്തെ ക്രിസ്തീയ ദേവാലയമായി ഉപയോഗിച്ചു. ദൈവമാതാവിന്റെ നാമത്തിൽ മാർ തോമ്മാശ്ലീഹാ സ്ഥാപിച്ച ഇന്ത്യയിലെ ആദ്യത്തെ ദേവാ ലയത്തിൽ സിനഗോഗ് ആരാധനയുടെ പശ്ചാത്തലത്തിൽ വി. കുർബ്ബാ നയുടെ ആദിമരൂപം ശ്ലീഹാ അവതരിപ്പിച്ചിട്ടുണ്ടാകണം. ആരാധനയും സുവിശേഷ വ്യാഖ്യാനവും മാർ തോമ്മായുടെ മാതൃഭാഷയിൽ - സുറി യാനി - ആയിരുന്നു. യഹൂദ ശ്രോതാക്കൾക്കും ആരാധകർക്കും അറി യാമായിരുന്ന ഈ ഭാഷ ക്രമേണ ക്രിസ്തുമതം സ്വീകരിച്ച മറ്റുള്ളവരും പരിമിതമായ തോതിൽ അഭ്യസിച്ചിട്ടുണ്ടാകാം. ക്രമേണ ആരാധനാഭാഷ സുറിയാനി ആയും പ്രബോധന ഭാഷ തമിഴ് ആയും വ്യവസ്ഥപ്പെടുത്തി യിരിക്കണം. മതാചാരങ്ങളിലല്ലാതെ സാമൂഹികാചാരങ്ങളിൽ, ക്രിസ്തു മതം കാര്യമായ നിർബന്ധങ്ങൾ അക്കാലത്ത് ചെലുത്തിയിരുന്നില്ല. പേരി ടൽ, വിവാഹാചാരങ്ങൾ, മരണാനന്തരക്രിയകൾ തുടങ്ങിയ അവസര ങ്ങൾ ക്രിസ്തീയ മുറയിൽ നടത്തണം എന്ന് നിർദ്ദേശിക്കത്തക്കവിധം ക്രിസ്തീയ മുറകൾ അന്ന് രൂപപ്പെട്ടിട്ടുമില്ല. മാർത്തോമ്മാ ശ്ലീഹാ പരിച യപ്പെടുത്തിയ ക്രിസ്തുവചനങ്ങളും മാമ്മൂദീസായും വി. കുർബ്ബാനയും ഏറ്റവും ലളിതമായ ചടങ്ങുകളോടെ യഹൂദമതം നൽകിയ പശ്ചാത്തല ത്തിൽ ക്രമപ്പെടുത്തുവാനാകാം ആദിമ മലങ്കര സുറിയാനിസഭ ശ്രമി ച്ചത്.

പില്ക്കാലത്ത് അലക്സാന്ത്രിയൻ സഭയുമായി സംസർഗ്ഗത്തിലേർപ്പെ ടാൻ തുടങ്ങിയപ്പോൾ ആ പ്രദേശത്ത് രൂപപ്പെട്ട ക്രിസ്തുമത സിദ്ധാന്ത ങ്ങളും അനുഷ്ഠാന മാതൃകകളും മലങ്കരസഭയിൽ സംക്രമിച്ചു കാണണം. പ്രത്യേകിച്ചും പ്രശസ്തമായ അലക്സാന്ത്രിയൻ വൈദിക കലാശാല ക്രിസ്തീയ ദർശനത്തിന് വ്യക്തത നൽകാൻ ശ്രമിച്ചിരുന്നത് വിദേശ വ്യാപാരത്തിന്റെ ഫലമായി കാലാകാലങ്ങളിൽ മലങ്കരസഭയിൽ എത്തിയിരിക്കും. കേരളക്കരയിലെ വൈദിക വിദ്യാർത്ഥികൾ അലക്സാ ന്ത്രിയൻ വൈദികകലാശാലയിൽ അഭ്യസനം നടത്തുവാനും അവിടെ നിന്ന് സാർവത്രിക ക്രൈസ്തവ പാരമ്പര്യങ്ങൾ മാതൃസഭയിലേക്ക് സംക്രമിപ്പിക്കുവാനും ഉദ്യമിച്ചിരിക്കാം. മാർത്തോമ്മാശ്ലീഹാ സുറിയാനി യിൽ രചിച്ച ക്രിസ്തുചരിതത്തോടൊപ്പം മറ്റ് ശ്ലീഹന്മാർ ഓരോ സാഹ ചര്യങ്ങളിൽ ഓരോ പ്രാദേശികസഭകൾക്കെഴുതിയ ലേഖനങ്ങൾ അല ക്സാന്ത്രിയൻ ബന്ധത്തിലൂടെ ലഭിച്ചത് ആരാധനാവേളകളിൽ ഉപയോ ഗിച്ചു തുടങ്ങിയിരിക്കും. ലളിതമായ അനുഷ്ഠാനങ്ങൾ പുതിയ സാഹച ര്യങ്ങളിൽ വളർന്നിട്ടുണ്ടാകാം. പിന്നീട് നൂറ്റാണ്ടുകളിലൂടെ പേർഷ്യയിലെ ഓർത്തഡോക്സ്-നെസ്തോറിയ ബന്ധം തുടങ്ങിയതോടെ വീണ്ടും

വളർച്ചകളും പരിവർത്തനങ്ങളും തിരുത്തലുകളും സംഭവിച്ചിട്ടുണ്ടാകാം. ചുരുക്കത്തിൽ കേരളീയ സംസ്ക്കാരം എന്നപോലെ മലങ്കര സുറിയാനി സഭയുടെ വിശ്വാസാചാര പൈതൃകാനുഷ്ഠാനങ്ങൾ ഏക മുഖമായിരുന്നില്ല. എന്തെല്ലാം മിശ്രണങ്ങൾ ഏതെല്ലാം കാലത്ത് ഏതൊക്കെ രൂപത്തിൽ സംഭവിച്ചു എന്ന് വർത്തമാനകാല വസ്തുതകൾ മാത്രം വച്ച് വിലയിരുത്തുന്നത് സംഗതമല്ല. അക്കാലത്തെ ആരാധനയുടെയും വിശ്വാസസംഹിതകളുടെയോ ലിഖിതരൂപങ്ങൾ ലഭിക്കാത്തിടത്തോളം അത് സത്യസന്ധമായ വിലയിരുത്തലാവും എന്ന് തോന്നുന്നില്ല.

1599-ലെ ഉദയംപേരൂർ സുന്നഹദോസിനു മുമ്പ് മലങ്കര സുറിയാനി സഭയിലെ ആരാധനകളുടെയും ഭരണസമ്പ്രദായത്തിന്റെയും ചിത്രം ശേഖരിക്കുവാൻ ശ്രമിച്ച ഈ എഴുത്തുകാരന് രണ്ട് ഉപാദാനരേഖകൾ ആണ് ലഭിച്ചത്. പരിമിതികൾ ഏറെയുണ്ടെങ്കിലും മറ്റ് ഉപാദാന രേഖകൾ കണ്ടുകിട്ടുന്നതുവരെയും അവയിലെ ഉൾക്കാഴ്ചകൾ അവലംബമാക്കാതെ നിവൃത്തിയില്ല. ആദ്യം ആ രേഖകൾ എഴുതിയവരുടെ പരിമിതികൾ, ലക്ഷ്യങ്ങൾ, ഭാഷാപരമായ സങ്കീർണ്ണതകൾ, അലങ്കാരകല്പനകൾ എന്നിവയുടെ പുറംമൂടികൾ നീക്കം ചെയ്താലേ കുറെയെങ്കിലും വസ്തുതകൾ നമുക്ക് ലഭിക്കൂ.

1501-ൽ കൊടുങ്ങല്ലൂരിൽ കാലുകുത്തിയ കബ്രാൾ ഒന്നിച്ച് ആദ്യം റോമ്മിലും പിന്നീട് വെനീസിലും ചെന്നെത്തിയ ഇന്ത്യാക്കാരൻ ജോസഫ് നൽകിയ വിവരണങ്ങൾ വച്ച് ലാറ്റിൻ ഭാഷയിൽ വെനീഷ്യൻ സഭാധികൃതർ തയാറാക്കിയ ലഘുലേഖയാണ് മലബാറിലെ സഭയെപ്പറ്റി അറിയാൻ നമുക്ക് ലഭിച്ചിട്ടുള്ള ഒരു ഉപാദാനരേഖ. ജോസഫ് നൽകിയതായി ആ രേഖയിൽ പറയപ്പെടുന്ന എല്ലാ സംഗതികളും വസ്തുതാപരം ആയിരിക്കണമെന്നില്ല. കത്തോലിക്കാസഭയ്ക്ക് മലങ്കരസഭയെ മനസ്സിലാക്കാവുന്നവിധത്തിലും കേരളസഭയോട് ശ്രോതാവിന് മതിപ്പുണ്ടാക്കുന്നവിധത്തിലും വസ്തുതകളെ ചമൽക്കാരപൂർണ്ണമായിട്ടാണ് ജോസഫ് അവതരിപ്പിച്ചിട്ടുള്ളതെന്ന് പ്രഥമദൃഷ്ട്യാ നമുക്ക് ബോദ്ധ്യമാവും. അദ്ദേഹം പരിചയപ്പെടുത്തിയ അവിഭക്ത മലങ്കര സുറിയാനി സഭയിലെ പാരമ്പര്യങ്ങളെ ഇപ്രകാരം അക്കമിട്ട് സംക്ഷേപിക്കാം.

1. ക്രിസ്ത്യാനികൾക്ക് ആത്മീയ മേലധ്യക്ഷനായി ഒരു മഹാചാര്യനും പന്ത്രണ്ട് മുഖ്യ ആചാര്യന്മാരും ഉണ്ട്.

2. രണ്ട് പാത്രിയർക്കീസന്മാരും ബിഷപ്പുമാരും ആർച്ചുബിഷപ്പുമാരും ഉണ്ട്.

3. മഹാപുരോഹിതന്റെ സ്ഥാനനാമം കാതോലിക്കാ എന്നാണ്.

അദ്ദേഹം ഇന്ത്യയിലും ചൈനയിലും ഓരോ പാത്രിയർക്കീസുമാരെ നിയമിച്ചുവരുന്നു.

4. അദ്ദേഹം യഥേഷ്ടം ആർച്ച്ബിഷപ്പുമാരെയും ബിഷപ്പുമാരെയും ഓരോ പ്രവിശ്യകളിലേക്കയക്കുന്നു.

5. അവർക്ക് പുരോഹിതന്മാരും ശെമ്മാശന്മാരും ഉപശെമ്മാശന്മാരും ഉണ്ട്.

6. കുർബ്ബാനാനുഭവവും കുമ്പസാരവും ഉണ്ട്.

7. രോഗികളുടെ തൈലാഭിഷേകം ഇല്ല.

8. പ്രാർത്ഥനാപൂർവ്വം ശവസംസ്ക്കാരം നടത്തുന്നു.

9. മലങ്കരയിലെ പള്ളികളിൽ പ്രതിമകളില്ല. കുരിശുകൾ പള്ളിയെ അലങ്കരിക്കുന്നു.

10. കുട്ടികൾക്ക് മാമ്മൂദീസാ നൽകാറുണ്ട്.

11. കുർബ്ബാനയ്ക്ക് പുളിപ്പുള്ള അപ്പമാണ് ഉപയോഗിക്കുന്നത്.

12. ക്രിസ്തുമസിനും ഈസ്റ്ററിനും മുമ്പുള്ള നോമ്പുകാലത്ത് ഉപവസിക്കുന്നു.

13. സന്യാസി മഠങ്ങളും പുസ്തകങ്ങളും ഉന്നതരായ ഉപദേഷ്ടാക്കളും ഉണ്ട്.

14. കോഴിക്കോട് സാമൂതിരിയുടെ കൊട്ടാരത്തിൽ ഹിന്ദുക്കൾക്കും യൂദന്മാർക്കും ക്രിസ്ത്യാനികൾക്കും ഓരോ നടപ്പുര ഉണ്ട് (ഇസ്സഡ്. എം. പാറേട്ട്, മലങ്കര നസ്രാണികൾ, വാല്യം 2, പുറം 134).

ജോസഫിന്റെ ഈ സമകാലസാക്ഷ്യം ആരും ഗൗരവത്തിലെടുത്തതായി കാണുന്നില്ല. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഭാഷാന്തര പരിമിതികൾ മൂലം വിദേശ ഗ്രന്ഥരചയിതാവ് വേണ്ടതുപോലെയല്ല ഗ്രഹിച്ചതെന്നു ചൂണ്ടിക്കാട്ടിയാണ് അദ്ദേഹത്തിന്റെ വിലയേറിയ സമകാല നിരീക്ഷണം അവഗണിക്കപ്പെട്ടത്. അതേസമയം ജോസഫിനെപ്പറ്റിയുള്ള ചരിത്രസാക്ഷ്യം കാണുക: “ഇന്ത്യക്കാരൻ ജോസഫ് ഒരസാധാരണ വ്യക്തിയായിരുന്നു” - ഇസ്സഡ്. എം. പാറേട്ട്. “ജോസഫ് ഒരു വിശ്വാസിയും സത്യസന്ധനും വിശ്വസിക്കാൻ കൊള്ളാവുന്ന ആളും മാതൃകായോഗ്യമായ ജീവിതവും അഗാധമായ ദൈവിശ്വാസവും ഉള്ളവനാണ്” - അദ്ദേഹത്തോടൊപ്പം മാസങ്ങളോളം ഒന്നിച്ച് താമസിച്ച് റിപ്പോർട്ടുകൾ ശേഖരിച്ച ഫ്രാക്കൻ മൊന്തൻ ബോഡോ (1507).

ഈ സാക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ ജോസഫിന്റെ സമകാല സാക്ഷ്യം അവഗണിക്കാനാവില്ല എന്ന് വ്യക്തമാണ്. പില്ക്കാല സഭയിലെ ഭരണസംവിധാനത്തിൽ നിന്ന് പുറകോട്ട് നോക്കിയതിനാലാണ് പലർക്കും ജോസഫിന്റെ പ്രസ്താവന അസ്വീകാര്യമായത്.

സഭയുടെ ആകമാന തലവൻ ആയ അർക്കദിയാക്കോൻ ആകാം ജോസഫ് വിവരിക്കുന്ന പോണ്ടിഫ് അഥവാ പാപ്പാ. അദ്ദേഹം സഭയുടെ പൊതു പ്രതിനിധിയായി രാജസഭകളിൽ പങ്കെടുത്ത് സഭയെ പ്രതിനിധീകരിച്ചിരുന്നു. മുഖ്യാചാര്യന്മാരായി പന്ത്രണ്ട് കർദ്ദിനാളന്മാർ ഉണ്ടെന്ന പ്രസ്താവനയും പരിഗണനാർഹമാണ്. പന്ത്രണ്ട് പ്രധാന പള്ളികളിൽ വൈദികരുടെ തലവന്മാരായി അക്കാലങ്ങളിൽ അതത് പള്ളികളിലെ പട്ടംകൊടകൾ നിർവിഘ്നം നിർവഹിച്ചിരുന്ന പേറെദ്യൂത്തെന്മാർ* ആകാം ഇവർ. മുളന്തുരുത്തി, കണ്ടനാട്, വടക്കൻപറവൂർ എന്നീ പള്ളികളിൽ അപ്രകാരം പേറെദ്യൂത്തെന്മാർ ഉള്ളതായി മാർ ജലീൽ ഗ്രീഗോറിയോസ് എഴുതിയ കല്പനയിൽ സാക്ഷ്യമുണ്ട്. അലക്സാന്ത്രിയായിലെ വൈദിക കൗൺസിലിൽ പന്ത്രണ്ട് വൈദികർ ആയിരുന്നു ഉണ്ടായിരുന്നത്. അവർ ആണ് ആ സഭയിൽ മെത്രാനെ വാഴിച്ചിരുന്നതെന്ന് സംശയാതീതമായി തെളിയിക്കുന്ന രേഖകൾ ലഭ്യമാണ്. തൽസമാന്തരമായി മലങ്കരസഭയിലും പന്ത്രണ്ട് പേറേദ്യൂത്തെന്മാർ ഉണ്ടായിരുന്നു എന്ന വസ്തുതയാവാം ജോസഫ് തന്റെ ശ്രോതാക്കൾക്ക് മനസ്സിലാക്കുവാൻ പാകമായ വിധത്തിൽ കർദ്ദിനാൾമാർ എന്ന് പരാമർശിച്ചത്. പേറെദ്യൂത്തെന്മാരിൽ ഒരാൾ കൊച്ചി സംസ്ഥാനത്തിലും അപരൻ തിരുവിതാംകൂർ സംസ്ഥാനത്തിലും പാത്രിയർക്കീസിന് തുല്യമായ മേലധികാരം വഹിച്ചിരിക്കാം. ജോസഫ് പരാമർശിക്കുന്ന കാതോലിക്കാ അർമ്മീനിയൻ കാതോലിക്കാ ആകാനാണ് സാധ്യത. അദ്ദേഹം ഇന്ത്യൻ സഭയുടെ മേൽനോട്ടം വഹിച്ചിരിക്കാം. ചിലപ്പോൾ ഇന്ത്യയിലേക്കും ചൈനയിലേക്കും ഓരോ പാത്രിയർക്കീസുമാരെ അയച്ചിട്ടുണ്ടാകാം. ഇന്ത്യൻ സഭ ഉദയംപേരൂർ സുന്നഹദോസിന് മുമ്പ് നെസ്തോറിയ ബന്ധത്തിലായിരുന്നു എന്നു സ്ഥാപിക്കുവാനാകാം വത്തിക്കാൻ ലൈബ്രറിയുടെ പ്രഗത്ഭരായ ഉദ്യോഗസ്ഥനും കത്തോലിക്കാ സഭയുടെ വക്താവുമായ അസ്സിമാനി, ജോസഫിന്റെ പ്രസ്താവനയിൽ നെസ്തോറിയൻ കാതോലിക്കായെ കാണുന്നത്!! അർമ്മീനിയൻ വ്യാപാരികൾ കേരളക്കരയിൽ വ്യാപാരം നടത്തിയിരുന്ന സാഹചര്യത്തിൽ അർമ്മീനിയൻ സംസർഗ്ഗം മലങ്കര സുറിയാനി സഭയ്ക്ക് ഉണ്ടായിട്ടുണ്ടെങ്കിൽ അതിൽ അതിശയിപ്പാനില്ല. 1665-ൽ വന്ന അബ്ദൽ ജലീൽ മാർ ഗ്രീഗോറിയോസ് അർമ്മീനിയൻ സഭയുടെ ഊർശ്ലേം മെത്രാപ്പോലീത്താ ആകാൻ വളരെ സാധ്യതയുണ്ട്. അദ്ദേഹം ഇവിടെ വി. കുർബ്ബാനയ്ക്ക് പുളിപ്പില്ലാത്ത അപ്പം ഉപയോഗിച്ചതിനാലാവാം 1685-ൽ വന്ന

മാർ ഈവാനിയോസിന് പുളിപ്പുള്ള അപ്പം മാത്രമേ വിശുദ്ധ കുർബ്ബാനയ്ക്ക് ഉപയോഗിക്കാവൂ എന്ന് ശക്തമായി നിഷ്ക്കർഷിക്കേണ്ടി വന്നത് (അർമ്മീനിയൻ സഭ വി. കുർബ്ബാനയ്ക്ക് പുളിപ്പില്ലാത്ത അപ്പമാണ് ഉപയോഗിക്കുന്നത് എന്ന് ഓർക്കുക). 1685-ൽ മലങ്കരയിലെത്തിയ മാർ ബസ്സേലിയോസ് യൽദൊ, മാർ ഈവാനിയോസ് തുടങ്ങിയവരെ അർമ്മീനിയൻ വ്യാപാരികളായ ഇടനിലക്കാരാണ് മലങ്കരയിലേക്ക് കൊണ്ടുവന്നത് എന്ന് ഈയിടെ കണ്ടുകിട്ടിയ ചില രേഖകളുടെ അടിസ്ഥാനത്തിൽ സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. മധ്യപൗരസ്ത്യ ദേശങ്ങളിൽ നിന്ന് അറബിയും സുറിയാനിയും ഉപയോഗിച്ച് മലങ്കരയിലെത്തിയ എല്ലാ സഭാധ്യക്ഷന്മാരും അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ കീഴിലുള്ളവരെന്ന് നാം പില്ക്കാലത്ത് രേഖപ്പെടുത്തിയതിന് വസ്തുതകളുടെ പിൻബലമൊന്നുമില്ല. 1751-ൽ വന്ന വിദേശസഭാധ്യക്ഷന്മാർ 'വേഷത്തിലും പ്രകൃതിയിലും' അർമ്മീനിയക്കാർ ആണെന്ന്, പണ്ഡിതനായ ഡോ. ജോസഫ് കരിയാറ്റി 'വേദതർക്കം' എന്ന കർസോനി ഗ്രന്ഥത്തിൽ ആധികാരികമായി പ്രസ്താവിച്ചിട്ടുള്ളത് ഈ ഗ്രന്ഥകാരൻ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനായ പാപ്പായ്ക്ക് സമശീർഷനാണ് മലങ്കരസഭയിലെ ജാതിക്കുകർത്തവ്യൻ എന്ന് ജോസഫ് അർത്ഥമാക്കിയെങ്കിൽ, അക്കാര്യത്തിൽ അദ്ദേഹത്തെ കുറ്റപ്പെടുത്താനാവില്ല. അർക്കദിയാക്കോൻ സ്ഥാനിയുടെ പിൽക്കാല പരിണാമവും വികാസവുമായ മലങ്കര മെത്രാപ്പോലീത്താ മലങ്കരസഭയിൽ പരമാധ്യക്ഷൻ തന്നെയാണല്ലോ. 'ക്രിസ്തുവിന്റെ കാശ്ശീശാ തോമ്മാ അർക്കദിയാക്കോൻ ദ് കുലേ ഹിന്ദു' എന്ന് രേഖപ്പെടുത്തി ഒന്നാം മാർത്തോമ്മാ ആയിത്തീർന്ന തോമ്മാ അർക്കദിയാക്കോൻ 1647-ൽ വത്തിക്കാനിലേക്കയച്ച കൽദായ സുറിയാനി ഭാഷയിലുള്ള കത്ത് ഈ ഗ്രന്ഥകാരൻ നിരീക്ഷണവിധേയമാക്കിയിട്ടുണ്ട്. 'ഇന്ത്യ മുഴുവന്റെയും അർക്കദിയാക്കോൻ ആയ, ക്രിസ്തുവിന്റെ കശീശാ ആയ തോമസ്' എന്ന് ഒരു സഭയുടെ തലവന് മാത്രമേ ഔദ്യോഗികമായി ഉപയോഗിക്കാനാവൂ.

ജോസഫിന്റെ ഈ പരിചയപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ മീഖായേൽ ഗിഡ്സ് എഴുതിയ വിവരണം കൂടുതൽ വ്യക്തമാകും. 1694-ൽ ലണ്ടനിൽ നിന്ന് അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ 'ദി ഹിസ്റ്ററി ഓഫ് ദി ചർച്ച് ഓഫ് മലബാർ' എന്ന ഗ്രന്ഥത്തിൽ ഉദയംപേരൂർ സുന്നഹദോസിന് മുമ്പുള്ള മലങ്കരസഭയിലെ വിശ്വാസാചാരങ്ങളെപ്പറ്റി ഒരു ലിസ്റ്റ് കാണുന്നുണ്ട്. അതിൽ അദ്ദേഹം അക്കമിട്ട് രേഖപ്പെടുത്തിയ പതിനഞ്ച് വസ്തുതകൾ ഇവിടെ വിവർത്തനം ചെയ്തു ചേർക്കുകയാണ്.

1. പോപ്പിന്റെ പരമാധികാരത്തെ അവർ അംഗീകരിക്കുന്നില്ല.

2. റോമ്മൻ സഭ സത്യവിശ്വാസത്തിൽ നിന്ന് നിപതിച്ച് പോയിരിക്കുന്നു.

3. വി. കുർബ്ബാനയിലെ വസ്തുഭേദ സിദ്ധാന്തത്തെ നിരാകരിക്കുന്നു.

4. പ്രതിമാവന്ദനത്തെ വിഗ്രഹാരാധനയായി പരിഗണിച്ച് നിരാകരിക്കുന്നു.

5. മാമ്മൂദീസായിൽ യാതൊരു തൈലവും ഉപയോഗിക്കുന്നില്ല.

6. ആത്മീയരക്തബന്ധത്തിൽ വിശ്വാസമില്ല.

7. മരണാനന്തരം ആത്മാക്കൾക്ക് ശുദ്ധീകരണ സ്ഥലമുണ്ടെന്ന് വിശ്വാസമില്ല.

8. വ്യക്തിഗത കുമ്പസാരം പതിവില്ല.

9. ഒടുവിലത്തെ തൈലാഭിഷേകം പതിവില്ല.

10. പട്ടക്കാർക്ക് വിവാഹം ആകാം. വിധവകളെയും വിവാഹം കഴിക്കാം. ഒന്നിലേറെ വിവാഹം കഴിച്ചവരെയും പുരോഹിതന്മാരാക്കാം.

11. വിവാഹം ഒരു കൂദാശയാണെന്ന് ഗണിക്കുന്നില്ല.

12. പൗരോഹിത്യക്രമത്തിൽ കശ്ശീശാ, ശെമ്മാശൻ എന്നിങ്ങനെ രണ്ടു വിഭാഗമേ ഉള്ളൂ.

13. പുളിപ്പുള്ള അപ്പം വി. കുർബ്ബാനയ്ക്ക് ഉപയോഗിക്കുന്നു.

14. പ്രാർത്ഥനാപൂർവ്വം അഭിഷേകം ചെയ്യുന്നു (?)

15. സ്ഥിരീകരണത്തെ ഒരു കൂദാശയായി ഗണിക്കുന്നില്ല.

പതിനെട്ടാം നൂറ്റാണ്ടിലെ മലങ്കരസഭയുടെ വിശ്വാസത്തെപ്പറ്റി ഗിഡ്സ് പ്രതിപാദിക്കുന്നു.

1. പ്രതിമാ വണക്കമില്ല.

2. മാമ്മൂദീസാ, കുർബ്ബാന, പട്ടത്വം എന്നീ മൂന്ന് കൂദാശകളേ ഉള്ളൂ.

3. തൈലങ്ങൾ ഉപയോഗിക്കുന്നില്ല.

4. സ്ഥിരീകരണ കൂദാശയില്ല.

5. തൈലാഭിഷേകമില്ല.

6. കുമ്പസാര (രഹസ്യ) മില്ല.

7. വിവാഹിതർക്കും വിധവകളെ വിവാഹം ചെയ്തവർക്കും പട്ടം നൽകും.

8. പാപ്പായുടെ പരമാധികാരത്തെ അക്രൈസ്തവം എന്ന് കരുതുന്നു.

ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ സഭയുമായി ചങ്ങാത്തം സൃഷ്ടിക്കുവാൻ മനസ്സിൽ ആഗ്രഹമുള്ള ഒരു മിഷനറിയുടെ നിരീക്ഷണം എന്ന നിലയിൽ വേണം ഈ നിരീക്ഷണങ്ങളെ മനസ്സിലാക്കുവാൻ. എന്നാലും സഭയുടെ ചില നിലപാടുകൾ നമ്മെ ഗ്രഹിപ്പിക്കുവാൻ ഈ നിരീക്ഷണം സഹായിക്കുന്നു.

1. പള്ളികളിൽ കുരിശേ ഉള്ളൂ: പ്രതിമകൾ ഇല്ല.

2. മാമ്മൂദീസാ, പട്ടത്വം, കുർബ്ബാന എന്നിവയാണ് പ്രധാന അംഗീകൃത കൂദാശകൾ.

3. മാമ്മൂദീസായിലെ തൈലങ്ങളും രോഗീലേപന തൈലവും അജ്ഞാതമാണ്.

4. പട്ടക്കാർക്ക് വിവാഹമാകാം. പുനർവിവാഹവുമാകാം. വിധവാവിവാഹവുമാകാം.

5. മെത്രാന്മാരിലൂടെ മാത്രമേ പട്ടംകൊട സാധ്യമാകൂ എന്ന ചിന്തയില്ല.

6. പുളിപ്പുള്ള അപ്പം സാർവത്രികമാക്കിയിരിക്കുന്നു.

മെത്രാൻ സ്ഥാനികൾ സഭയിൽ സ്ഥിരമായി പ്രത്യക്ഷപ്പെടുന്നത് 17-ാം നൂറ്റാണ്ടിലാണ്. അക്കാലം മുതൽ നാം ബന്ധപ്പെട്ട അർമ്മീനിയൻ, അന്ത്യോഖ്യൻ സഭകളുടെ സംസർഗ്ഗത്തിന്റെ ഫലമായിട്ടാവണം ഏഴ് കൂദാശകൾ, തൈലങ്ങൾ, മേല്പട്ടക്കാരൻ തുടങ്ങിയവയുടെ ഉപയോഗവും അനുഷ്ഠാനവും സഭയിൽ സംക്രമിച്ചത്. മലങ്കരസഭയിൽ മാത്രമല്ല, ലോകത്തെങ്ങുമുള്ള ക്രൈസ്തവസഭകളിൽ ക്രൈസ്തവ വിശ്വാസങ്ങളും ആരാധനകളും വേരുപിടിച്ച് വളർന്നത് ഏകകാലത്തല്ല. പല സഭകളുടെയും സംസർഗ്ഗം കൊണ്ടാണ് പല ചടങ്ങുകളും സഭയിൽ ആവിർഭവിച്ചത്. ഉദാഹരണമായി അന്ത്യോഖ്യൻ സഭയിൽ ഐക്കൺ പ്രചാരത്തിൽ വന്നത് ഇതര ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധത്തിന്റെ ഫലമായിട്ടാണ്. വി. കുർബ്ബാന, വി. മാമ്മൂദീസാ, പട്ടത്വം എന്നിവകളിലെ പല ചടങ്ങുകളും അനുഷ്ഠാനങ്ങളും പല കാലങ്ങളിലായി വികസിച്ചും പരിണമിച്ചും വന്നതാണെന്ന് ഹൂദായ കാനോൻ തന്നെ സാക്ഷിക്കുന്നുണ്ട്. അലക്സാന്ത്രിയൻ സഭയിൽ പട്ടംകൊട നടത്തുവാൻ മെത്രാൻ വേണമെന്ന പതിവ് നിലവിൽ വന്നത് 4-ാം നൂറ്റാണ്ടിൽ മാത്രമാണ്. വി. മൂറോനും മറ്റ് തൈലങ്ങളും ഉപയോഗിക്കാത്ത പൗരസ്ത്യ സഭകൾ ഇപ്പോഴും ഉണ്ട്. പൗരോഹിത്യം, മാമ്മൂദീസാ, കുർബ്ബാന

എന്നിവ അനുഷ്ഠിക്കുവാൻ ലളിതവും പ്രാദേശികവുമായ സംവിധാനങ്ങൾ ഉള്ള സഭകൾക്ക് എന്തെങ്കിലും അപൂർണ്ണതകൾ ഉണ്ടെന്ന് ആരും കരുതിയിട്ടില്ല. ഓർത്തഡോക്സ് സഭകളിൽത്തന്നെ വ്യത്യസ്ത വേഷവിധാനം ആരാധനകളിൽ നിലനില്ക്കുന്നു. മാമ്മൂദീസായ്ക്കു മുമ്പ് പരിച്ഛേദന ഏല്ക്കുന്ന പതിവ് നിലനിർത്തുന്ന ഓർത്തഡോക്സ് സഭകളുണ്ട് (ഉദാഹരണം: എത്യോപ്യൻ സഭ). മേല്പട്ടക്കാർ വിവാഹിതരായിരുന്ന ഒരു കാലം ഓർത്തഡോക്സ് സഭകൾക്കുണ്ടായിരുന്നതായി ചരിത്രത്തിൽ അനിഷേധ്യമായ രേഖകൾ ധാരാളമുണ്ട്. അതുകൊണ്ട് വ്യത്യസ്തതകളെ വ്യക്തിത്വത്തിന്റെ മുഖമുദ്രകളായിട്ടാണ് കാണേണ്ടത്. ഇന്നത്തെ നില വച്ച് ഭൂതകാലത്തെ അളക്കുകയോ വിലയിരുത്തുകയോ ചെയ്യുന്നത് തന്മൂലം വിവേകമാവില്ല.

പോർച്ചുഗീസുകാർ കേരള സഭയെ സന്ദർശിച്ചപ്പോൾ സംഭവിച്ച തകരാറിവിടെ കാണാം. അവരുടെ സഭയിലെ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും ഭരണരീതിയും കുറ്റമറ്റതെന്നും അത് മാത്രമാണ് ക്രൈസ്തവികതയുടെ രക്ഷാമാർഗ്ഗമെന്നും അവർ അന്ധമായി വിശ്വസിച്ചു. അതിൽ നിന്ന് പല അളവിലും വ്യത്യസ്തത പുലർത്തുന്ന മലങ്കരസഭയെ കുറ്റപ്പെടുത്തുവാനും തങ്ങളുടെ പകർപ്പാക്കി മാറ്റുവാനും അവർ ശ്രമിച്ചത് ആത്മാർത്ഥതയോടെയാകാമെങ്കിലും വൈവിദ്ധ്യത്തിന്റെ ആത്മാവിനെ മനസ്സിലാക്കുവാനോ അംഗീകരിക്കുവാനോ അവരുടെ ഭാഗത്തുനിന്ന് ശ്രമമൊന്നും ഉണ്ടായില്ല എന്നത് ദൗർഭാഗ്യകരമായി. അക്കാലം വരെയും അവിഭക്തമായിരുന്ന മലങ്കരസഭ വിഭജിതമാകുവാൻ ഈ മനോഭാവവും സമീപനവും കാരണമായി.

(1685-ൽ മലങ്കരയിൽ വന്ന മാർ ബസ്സേലിയോസ് യൽദോ കാതോലിക്കായെ മലങ്കരയിലേക്ക് നിയോഗിച്ച നിനവേയിലെ സഭാധികാരികൾ അയച്ച കത്തിൽ മലങ്കരയിലെ ഇടവകകളിൽ ആചാര്യശ്രേഷ്ഠരായി പുരോഹിതന്മാരുടെ തലവന്മാർ ഉണ്ടായിരുന്നതായി സാക്ഷിച്ചിട്ടുണ്ട്. റീശൈ കൊഹനെ ഹ്സായോ എന്ന് സുറിയാനി പ്രയോഗം. Head priest എന്ന് ഈ പ്രയോഗത്തെ ഡോ. സെബാസ്റ്റ്യൻ ബ്രോക്ക് (ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി) വിവർത്തനം ചെയ്തിട്ടുണ്ട്. ഇവിടെ പ്രസ്താവിച്ച പേറെദ്യൂത്തെ സ്ഥാനികളെ ആവാം കത്തിലെ പരാമർശം വിവക്ഷിക്കുന്നത്.)

## അദ്ധ്യായം 3

# ഉദയംപേരൂർ കാനോനുകൾ

1599 ജൂൺ 20 മുതൽ 28 വരെ നടന്ന ഉദയംപേരൂർ സുന്നഹദോസിന് സഭാപരവും സാംസ്കാരികവും ഭാഷാപരവുമായ പ്രാധാന്യമുണ്ട്. അവിഭക്ത പാരമ്പര്യങ്ങളുമായി ആദ്യം അലക്സാന്ത്രിയൻ ബന്ധത്തിലും പിന്നീട് പേർഷ്യൻ ബന്ധത്തിലും സ്വകീയ സ്വഭാവങ്ങളോടെ കഴിഞ്ഞുപോന്ന മലങ്കര സുറിയാനിസഭ അതുവരെയും തുടർന്നുപോന്ന പൗരസ്ത്യ സഭാ സവിശേഷതകളെ ത്യജിച്ച് പാശ്ചാത്യ ശൈലിയിലേക്ക് തിരിയുന്നത് ആ സഭാ സമ്മേളനത്തിന്റെ സ്വാധീനത്തിലാണ്. അന്ന് കേരളത്തിലെ മുഖ്യഭരണക്കാരായിരുന്ന തിരുവിതാംകൂർ-കൊച്ചി രാജാക്കന്മാരെ പോർച്ചുഗീസ് ഭരണകൂടത്തിന്റെ സ്വാധീനം ഉപയോഗിച്ച് വരുതിയിൽ നിർത്തിയാണ് സുന്നഹദോസിന്റെ മുഖ്യ സൂത്രധാരൻ ആർച്ച്ബിഷപ്പ് മെനേസ്സിസ് കരുക്കൾ നീക്കിയത്. സുന്നഹദോസിന്റെ വേദിക്ക് പട്ടാളത്തിന്റെ കാവൽപോലും ഏർപ്പെടുത്തേണ്ടി വന്നത് പള്ളിക്കാരുടെ പ്രതിഷേധത്തെ ഭയന്നിട്ട് തന്നെയാണ്. അർക്കദിയാക്കോൻ ഗീവർഗീസിനെ പാട്ടിലാക്കിയതും രാഷ്ട്രീയ സ്വാധീനവും സമ്മർദ്ദവും ഉപയോഗിച്ചു തന്നെ. തെക്ക് തിരുവിതാംകോട്ട് പള്ളിയും വടക്ക് പാലൂർ-ചാട്ടുകുളങ്ങര പള്ളിയും സുന്നഹദോസിൽ പങ്കെടുത്തില്ല എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. പോർച്ചുഗീസ് ആധിപത്യത്തോടും അവരുടെ കോളനിവത്കരണ ശ്രമങ്ങളോടുമുള്ള പ്രതിഷേധമായിട്ടാണ് അവർ സുന്നഹദോസിൽ നിന്നു വിട്ടുനിന്നത് എന്ന് ആ സംഭവത്തെക്കുറിച്ച് വ്യാഖ്യാനവും ഉണ്ടായിട്ടുണ്ട്. തിരുവിതാംകോട്ടുകാർക്കും പാലൂർ-ചാട്ടുകുളങ്ങരക്കാർക്കും പോർച്ചുഗീസ് സമീപനങ്ങളോട് പ്രതിഷേധം ഉണ്ടായിരുന്നു എന്നത് ഒരു വസ്തുതയാണെങ്കിലും ആ പ്രതിഷേധം അതേ അളവിൽ പുലർത്തിയിരുന്ന മറ്റ് ഇടവകകൾക്ക് സുന്നഹദോസിൽ പങ്കുകൊള്ളേണ്ടി വന്നിട്ടും ഈ ഇടവകകൾക്ക് അതിൽ പങ്കെടുക്കാതിരിക്കുവാൻ കഴിഞ്ഞത് രാഷ്ട്രീയ കാരണങ്ങളാലാണെന്ന് ഇതെഴുതുന്ന ആൾ വിശ്വസിക്കുന്നു. തിരുവിതാംകോട് മദ്രാസ് സംസ്ഥാനത്തിലുൾപ്പെട്ടിരുന്നതിനാൽ അവർക്ക് പോർത്തുഗീസുകാരുടെയോ അവരുടെ ചൊൽപ്പടിയിലായിരുന്ന തിരുവിതാംകൂർ രാജാവിന്റെയോ ഭീഷണികളെ അവഗണിക്കുവാൻ കഴിയുമായിരുന്നു. അക്കാലത്ത് മലബാറിലെ സാമൂതിരിയുടെ കീഴിൽ പുന്നത്തൂർ രാജാവിന്റെ പ്രജകൾ ആയിരുന്ന പാലൂർ-ചാട്ടുകുളങ്ങര-പഴഞ്ഞി പ്രദേശത്തുകാർക്കും പോർച്ചുഗീസ് ഭീഷണിയെ രാഷ്ട്രീയ കാരണങ്ങളാൽ അവഗണിക്കുവാൻ കഴിയുമായിരുന്നു. ഈ രണ്ടു പള്ളികൾ മാത്രമല്ല, മലബാർ പ്രദേശത്തുള്ള ഒരു പള്ളിയും ഉദയം

പേരൂർ സുന്നഹദോസിൽ പങ്കെടുക്കാതിരുന്ന വിവരം ചരിത്രകാരന്മാർ രേഖപ്പെടുത്താതിരുന്നത് അവർ ചരിത്രമെഴുതുമ്പോൾ മലബാർ പ്രദേശത്ത് ക്രിസ്ത്യൻ ദേവാലയങ്ങൾ ഒന്നും ഇല്ലാതിരുന്നതിനാലാണ്. എന്നാൽ ഉദയംപേരൂർ സുന്നഹദോസിന്റെ കാലത്ത് മലബാറിൽ ക്രിസ്ത്യാനികളും പള്ളികളും ഉണ്ടായിരുന്നു. പില്ക്കാലത്ത് 18-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് അവ നശിപ്പിക്കപ്പെട്ടതു മൂലമാണ് മലബാറിൽ ദേവാലയങ്ങൾ ഇല്ലാതായതെന്നും ടിപ്പു സുൽത്താൻ മലബാറിലെ പള്ളികൾ ആക്രമിച്ച് തകർത്തതായും ആ പള്ളികൾ നിർമ്മിക്കാൻ ഉപയോഗിച്ച കുരിശാകൃതി കൊത്തിയ കരിങ്കല്ലുകൾ ഉപയോഗിച്ച് പാലക്കാട്ടെ കോട്ട കെട്ടിയെന്നും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഏതായാലും പാലക്കാട്ട് കോട്ട കെട്ടിയ കരിങ്കല്ലുകളിൽ പല ഭാഗത്തും കുരിശടയാളം കൊത്തിയിട്ടുള്ളത് ഈ ഗ്രന്ഥകാരൻ ശ്രദ്ധിച്ചിട്ടുണ്ട്. മലബാറിലെ ദേവാലയങ്ങൾ തകർക്കപ്പെട്ടപ്പോൾ അവരിൽ ഭൂരിഭാഗവും കൊച്ചിയിലേക്കും തിരുവിതാംകൂറിലേക്കും കുടിയേറിപ്പാർക്കുകയായിരുന്നു. ആ ദേവാലയങ്ങൾ ഉദയംപേരൂർ സുന്നഹദോസിൽ പങ്കെടുക്കാതിരുന്നതും തിരുവിതാംകോട്, പാലൂർ-ചാട്ടുകുളങ്ങര തുടങ്ങിയ ഇടവകകളെപ്പോലെ രാഷ്ട്രീയ കാരണങ്ങളാലാണ്. ആ കാര്യങ്ങളെപ്പറ്റി ഉദയംപേരൂർ നടപടികളിൽ യാതൊരു സൂചനയും കാണുന്നില്ല എന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു. കേരളത്തെക്കുറിച്ചോ കേരളസഭയെക്കുറിച്ചോ സമഗ്രമായ അന്വേഷണം സുന്നഹദോസ് സംവിധായകർ നടത്തിയിരുന്നില്ല എന്നതിലേക്കാണ് ഈ വസ്തുത വിരൽ ചൂണ്ടുന്നത്.

മലങ്കരസഭ, നെസ്തോറിയ വിശ്വാസമാണ് സാർവത്രികമായി സ്വീകരിച്ചിരുന്നതെന്നും ബാബിലോണിലെ നെസ്തോറിയാ പാത്രിയർക്കീസാണ് മലങ്കരസഭയുടെ ആത്മീയ പരമാധ്യക്ഷൻ എന്നും അദ്ദേഹം നിയോഗിച്ച മെത്രാനാണ് മലങ്കരസഭയെ എക്കാലവും ഭരിച്ചിരുന്നതെന്നും ഉള്ള ഒരു സമീപനം കാനോനാകളിൽ കാണാം. ഈ സമീപനവും ഉപരിപ്ലവമാണ്. നെസ്തോറിയാ മെത്രാന്മാർ കേരളത്തിൽ ചിലപ്പോഴെല്ലാം വന്നിട്ടുണ്ട് എന്നതിനെ നിഷേധിക്കുന്നില്ല. എന്നാൽ അതോടൊപ്പം സെലൂഷ്യ, അർമ്മീനിയാ, യെരുശലേം തുടങ്ങിയ പൗരസ്ത്യദേശങ്ങളിൽ നിന്നും ഇവിടെ മെത്രാന്മാർ വന്നിട്ടുണ്ട് എന്ന സത്യം അനിഷേധ്യമാണ്. ഒരു മെത്രാന്റെയും സാന്നിധ്യമില്ലാത്ത കാലവും മലങ്കരസഭാ ചരിത്രത്തിൽ കാണും. മെത്രാന്റെ ഭരണപരമായ ചുമതലകൾ 'അർക്കദിയാക്കോൻ' മാത്രവും കൂദാശാപരമായ മേലധികാരച്ചുമതലകൾ പ്രധാന ഇടവകകളിലുണ്ടായിരുന്ന 'പേറെദ്‌യൂത്താ'മാരിലൂടെയും നിർവഹിക്കപ്പെട്ടിരുന്ന ചരിത്രസത്യത്തിലേക്കു കണ്ണോടിക്കുവാൻ സുന്നഹദോസിന്റെ

സംഘാടകർക്ക് കഴിയാതെ പോയി. ഉദയംപേരൂർ സുന്നഹദോസിന്റെ കാലത്ത് ഈ രണ്ട് അധികാര സംവിധാനങ്ങളും മലങ്കരസഭയിൽ പ്രവർത്തനക്ഷമം ആയിരുന്നു. വല്ലപ്പോഴും പൗരസ്ത്യ ദേശങ്ങളിൽ നിന്ന് വരുന്ന മെത്രാന്മാരുടെ സാന്നിദ്ധ്യം മലങ്കരസഭ അനുഭവിച്ചപ്പോൾ പോലും സ്വകീയമായ ഈ അധികാരകേന്ദ്രങ്ങളെ മലങ്കരസഭ ഉപേക്ഷിച്ചിരുന്നില്ല. ആദിമനൂറ്റാണ്ടിൽ അലക്സാന്ത്രിയൻ സംസർഗ്ഗത്തിലൂടെയും പേർഷ്യൻ സംസർഗ്ഗത്തിലൂടെയും ലഭിച്ച ഈ സംസ്ക്കാര പാരമ്പര്യങ്ങൾ മലങ്കര സഭ നിലനിർത്തുകയും ഉദയംപേരൂർ സുന്നഹദോസ് ഉയർത്തിയ വെല്ലുവിളികളെ സമർത്ഥമായും ഫലപ്രദമായും നേരിടുവാൻ രണ്ടു ചുമതലകളെയും ഏകോപിപ്പിച്ച് 1653-ൽ ഒരു മെത്രാൻ സ്ഥാനിയെ നിയമിക്കുകയുമാണ് മലങ്കരസഭ ചെയ്തത്.

മലങ്കരസഭയിലെങ്ങും നെസ്തോറിയാ സഭയുടെ വിശ്വാസാചാരങ്ങളാണ് എന്ന് കാടടച്ച് വെടിവയ്ക്കുന്ന ഉദയംപേരൂർ സുന്നഹദോസിന്റെ നിരീക്ഷണവും ഭാഗികമാണ്. മലങ്കരസഭയിൽ പ്രതിമകൾ ഇല്ലായിരുന്നു എന്നത് സത്യമാണ്. എന്നാൽ പള്ളിയുടെ ശില്പത്തിൽ കാണുന്ന ഐക്കണുകൾ ശ്രദ്ധേയമാണ്. ദൈവമാതാവ്, പന്ത്രണ്ട് അപ്പോസ്തോലന്മാർ, വിവിധതരം പുഷ്പങ്ങൾ, മാലാഖമാർ തുടങ്ങിയവയുടെ ഐക്കണുകൾ പുരാതന ദേവാലയങ്ങളുടെ ശില്പത്തിൽ സമൃദ്ധിയായി കാണാം. ഈ വസ്തുത മലങ്കരസഭയിൽ നെസ്തോറിയ ആധിപത്യം സാർവകാലികമോ സാർവദേശീയമോ ആയിരുന്നില്ല എന്ന് തെളിയിക്കുന്നു. നെസ്തോറിയരുടെ പ്രസിദ്ധമായ 'മല്ക്കി' കൂദാശ മലങ്കരയിൽ അജ്ഞാതമായിരുന്നു. മാമ്മൂദീസായ്ക്ക് പ്രായമായവരെ ഉദ്ദേശിച്ച് നെസ്തോറിയ ദേവാലയങ്ങളിൽ ക്രമീകരിക്കാറുള്ള ദേവാലയവാപികൾ മലങ്കരസഭയിൽ ഇല്ലായിരുന്നു. കുമ്പസാരം എന്ന കൂദാശ ആ പേരിൽ അറിയപ്പെട്ടിരുന്നില്ല എങ്കിലും തേറ്റം, പിഴ മൂളൽ, 'മവദ' പറയുക എന്ന പേരിൽ ആ കൂദാശ അറിയപ്പെട്ടു. മൗദ്യോനൂസോ (അർത്ഥം-ഏറ്റുപറച്ചിൽ) എന്ന സുറിയാനി പദത്തിന്റെ തത്ഭവ ക്രിയാരൂപമാണ് 'മവദ' പറയുക എന്ന് ഇവിടെ ഓർക്കാവുന്നതാണ്. നെസ്തോറിയർ തിരസ്കരിച്ച 'ദൈവമാതാവ്' എന്ന നാമം 'തമ്പുരാനെപ്പെറ്റ അമ്മ' എന്ന ശുദ്ധമലയാളത്തിൽ മലങ്കരസഭയിലെങ്ങും ഉപയോഗത്തിലിരുന്നു. മലങ്കരസഭ 'കൽദായ സുറിയാനി'യാണ് ഉപയോഗിച്ചിരുന്നത് എന്നതിനാൽ മലങ്കരസഭ നെസ്തോറിയാ ആയിരുന്നു എന്ന് ഉദയംപേരൂർ സുന്നഹദോസ് വിലയിരുത്തിയത് ബാലിശവും ഉപരിപ്ലവവുമായ സമീപനം ആയിരുന്നു. അരമായ സുറിയാനിയോട് കൂടുതൽ ആഭിമുഖ്യമുള്ള പൗരസ്ത്യ സുറിയാനി മാർതോമ്മാ ശ്ലീഹായുടെ കാലം മുതൽ മലങ്കരസഭ ഉപയോഗിച്ചുവന്നു. പില്ക്കാലത്ത് അലക്സാന്ത്രിയാ, പേർഷ്യാ തുടങ്ങിയ സഭക

ളുടെ സമ്പർക്കം ഉണ്ടായതോടെ പൗരസ്ത്യ സുറിയാനിയുടെ ഉപയോഗം വ്യാപകവും സാർവത്രികവും ആയി. ഉദയംപേരൂർ സുന്നഹദോസിനെ പൂർണ്ണമായും അനുകൂലിക്കുന്ന മലബാർ സുറിയാനി റീത്തുകാരും പൗരസ്ത്യ സുറിയാനി ഭാഷ തന്നെയാണ് അടുത്തകാലം വരെയും ഉപയോഗിച്ചുപോന്നത്. അങ്കമാലി ആസ്ഥാനമാക്കിയ ബിഷപ്പ് മാർ യാക്കോബും മറ്റും നെസ്തോറിയാ മെത്രാന്മാർ ആയിരുന്നതിനാലും അവരുടെ സ്വാധീനത്തിൽ ആ പ്രദേശത്ത് നെസ്തോറിയൻ സ്വാധീനങ്ങൾ പ്രകടമായിരുന്നതിനാലും മലങ്കര സുറിയാനി സഭ നെസ്തോറിയ ആയിരുന്നുവെന്ന് പോർച്ചുഗീസ് മെത്രാൻ വിലയിരുത്തിയതാണ്. നെസ്തോറിയാ ബന്ധമില്ലാത്ത ഭൂരിഭാഗം ഇടവകകളെ വിദേശിയായ ആ മെത്രാന് സമീപിക്കുവാൻ കഴിയാതിരുന്നതിന്റെ അപര്യാപ്തതയെയാണ് അത് കാണിക്കുന്നത്. സുന്നഹദോസ് കഴിഞ്ഞ് നടത്തിയ പര്യടനങ്ങൾ മൂലം മലങ്കരയിലെ മാർത്തോമ്മായുടെ പാരമ്പര്യത്തിന് ഏറെ ആഴമുണ്ടെന്ന് അദ്ദേഹം ഗ്രഹിച്ചു. പാലൂർ-ചാട്ടുകുളങ്ങര പള്ളിയുടെ ചാപ്പൽ ആയിരുന്ന ചാവക്കാട് മാർ കുറിയാക്കോസ് ദേവാലയത്തിൽ (ഇന്നത്തെ പാലയൂർപള്ളി) വച്ച് ഉണ്ടായ തിക്താനുഭവം അദ്ദേഹത്തെ അമ്പരപ്പിച്ചു. ആ സംഭവം ഇപ്രകാരം വിവരിക്കപ്പെട്ടിരിക്കുന്നു.

"ആർത്താട്ട് എന്ന പദത്തിന് വർത്സ്യാദേശം വന്ന് പരിണമിച്ച പദമാണ് ആർത്താറ്റ്. 1599-ലെ ഉദയംപേരൂർ സുന്നഹദോസിന് നേതൃത്വം നൽകി മലങ്കരസഭയെ റോമിന്റെ തൊഴുത്തിൽ കെട്ടിയ ആർച്ച് ബിഷപ്പ് സുന്നഹദോസ് തീരുമാനങ്ങൾ നടപ്പിലായി എന്ന് ഉറപ്പ് വരുത്താൻ പള്ളികൾ സന്ദർശിച്ചതിന്റെ ഭാഗമായി സുന്നഹദോസിനെ ബഹിഷ്ക്കരിച്ച ഇടവകയായ പാലൂർ പള്ളിയുടെ ചാപ്പൽ ആയ ചാവക്കാട് മാർ കുറിയാക്കോസ് ദേവാലയത്തിലെത്തി. മാർത്തോമ്മാ സ്ഥാപിച്ച പാലൂർ-ചാട്ടുകുളങ്ങര പള്ളിയുടെ വീരസന്താനങ്ങൾ ബിഷപ്പിനെതിരെ, അദ്ദേഹത്തിന്റെ വീരപരാക്രമങ്ങൾ വേദപാരമ്പര്യത്തിന് നിരക്കുന്നതല്ലെന്ന് പ്രബോധിപ്പിക്കുന്ന ഒരു പ്രഹസനം അവതരിപ്പിച്ചു. ഇളിഭ്യനായ ആർച്ചുബിഷപ്പിനെയും പരിവാരങ്ങളെയും പാലൂർ-ചാട്ടുകുളങ്ങര ഇടവക ആർത്ത് ആട്ടി പുറത്താക്കി. ഈ ചരിത്ര സംഭവത്തോടെ ന്യൂനപക്ഷമായ ആർച്ച്ബിഷപ്പിന്റെ അനുയായികൾ, പാലൂർ ഇടവകക്കാരെ 'ആർത്താട്ടുകാർ' എന്ന് പരിഹസിച്ചു വിളിച്ചു. ആ പരിഹാസപ്പേർ ബോധപൂർവ്വമായും സംഘടിതമായും സോദ്ദേശ്യമായും പ്രചരിപ്പിക്കപ്പെട്ടു. ക്രമേണ പാലൂർ-ചാട്ടുകുളങ്ങര പ്രദേശം 'ആർത്താട്ട്' എന്ന പേരിന് വഴിമാറി" (*സഭാചരിത്ര വിജ്ഞാനകോശം*, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, പുറം. 75).

'പാലൂർ പ്രഹസനം' എന്ന ശീർഷകത്തിൽ അന്ന് അവതരിപ്പിക്കപ്പെട്ട പ്രഹസനത്തെപ്പറ്റി മേൽ പുസ്തകത്തിൽ കാണുന്ന വിവരണം ഇങ്ങനെ:

“...... ആർച്ച്ബിഷപ്പിന്റെ മുമ്പിൽ പള്ളിക്കാർ ഒരു പ്രഹസനം അവതരിപ്പിച്ചു. മൂന്ന് കഥാപാത്രങ്ങളും മൂന്ന് രംഗങ്ങളുമുള്ള ഒരു നാടകം. ആദ്യരംഗത്തിലെ നായകൻ പത്രോസ് ശ്ലീഹാ. അദ്ദേഹം ആഗോളസഭയുടെ അധിപൻ പത്രോസിന്റെ പിൻഗാമിയായ റോമ്മൻ പാപ്പായാണെന്നുള്ളതിന്റെ ന്യായങ്ങൾ വിശദീകരിച്ചുകൊണ്ട് ആത്മരക്ഷയ്ക്ക് പാപ്പായെ സ്വീകരിച്ചേ മതിയാവൂ എന്ന് തന്മയത്വത്തോടെ സദസ്യരെ ബോധവല്ക്കരിച്ചത് മുൻനിരയിലിരുന്ന് നാടകം കണ്ട ആർച്ച്ബിഷപ്പിന് ഇഷ്ടപ്പെട്ടു. അടുത്ത രംഗത്തിൽ വേഷമിട്ട് രംഗത്തെത്തിയത് തോമ്മാ ശ്ലീഹായാണ്. പത്രോസിന്റെ വാദമുഖങ്ങളെല്ലാം ക്രിസ്തുവിന്റെ പഠിപ്പിക്കലിന് വിരുദ്ധമാണെന്നും പത്രോസ് മലങ്കരയിൽ നടത്തുന്നത് അതിനീചമായ അജമോഷണമാണെന്നും തോമായുടെ വേഷക്കാരൻ പ്രമാണങ്ങൾ നിരത്തിയത് സദസ്യരെ രസിപ്പിച്ചു. മൂന്നാം രംഗത്തിലെ വേഷക്കാരൻ മാർ കുറിയാക്കോസ് സഹദാ ആയിരുന്നു (പ്രഹസനം അരങ്ങേറിയ ചാവക്കാട് - ഇന്നത്തെ പാലയൂർ - പള്ളിയുടെ മദ്ധ്യസ്ഥൻ വി. കുറിയാക്കോസ് സഹദാ ആയിരുന്നുവല്ലോ). അദ്ദേഹം രണ്ടുപേരുടെയും വാദമുഖങ്ങളെ നിർദ്ദാക്ഷിണ്യം വിശകലനം ചെയ്ത് ന്യായാധിപന്റെ പീഠത്തിലിരുന്ന് മാർത്തോമ്മായുടെ വാദമുഖങ്ങളെ അനുകൂലിച്ചുകൊണ്ട് അന്തിമവിധി പ്രസ്താവിച്ചപ്പോൾ ആർച്ച്ബിഷപ്പ് വിയർത്തു. കാണികൾ കൂവിയാർത്തുവിളിച്ച് ആർച്ചുബിഷപ്പിനെയും പരിവാരത്തെയും ആട്ടിപ്പുറത്താക്കി. ഈ സംഭവം ബിഷപ്പ് ബ്രൗൺ എൽ. ഡബ്ല്യു. അദ്ദേഹത്തിന്റെ സഭാചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതോടെ പാലൂർ - ചാട്ടുകുളങ്ങര ഇടവകക്കാർക്ക് ആർത്താട്ടുകാർ എന്ന് പേർ വീണു” (മേൽപുസ്തകം, പുറം 486). ഇതാണ് പിൽക്കാലത്ത് വർത്സ്യാദേശം മൂലം പരിണമിച്ച് ‘ആർത്താറ്റ്’ എന്നായത്.

ക്രിസ്തുസഭയുടെ ആദ്യകാല പഠിപ്പിക്കലുകൾ അതീവ ലളിതമായിരുന്നു. പിൽക്കാലത്ത് അടിസ്ഥാനപരമായ ക്രിസ്തുതത്വങ്ങൾക്ക് അനേക വ്യാഖ്യാനങ്ങളും അനുഷ്ഠാനങ്ങളും നൽകി സഭകൾ അവയെ കാലാനുസൃതമായി വളർത്തിയിട്ടുണ്ട്. ക്രിസ്തുസഭയുടെ ആദിമ കാലത്തെ ലളിത സ്വരൂപം നിലനിർത്തിയ മലങ്കരസഭ വിദേശ സഭകളിൽ കാലാകാലങ്ങളിലായി വന്ന പരിണാമത്തിൽ പലതും അറിഞ്ഞിരുന്നില്ല. ഉദാഹരണത്തിന് ആദിമ സഭകൾ മാമ്മൂദീസായുടെ സ്ഥിരീകരണം കൈവെപ്പു മൂലമാണ് നടത്തിയിരുന്നത്. ഇന്ന് ഉപയോഗത്തിലും പ്രചാരത്തിലും ഉള്ള മൂറോൻ തൈലം ഈ കാര്യത്തിന് ആദിമസഭയിൽ ഉപയോഗിക്കപ്പെട്ടിരുന്നില്ല. മലങ്കരസഭയിലും തൈലങ്ങൾ ഉപയോഗിക്കാതിരുന്നത് ഈ സാഹചര്യത്തിലാണ്. അതിനെ ദുർവ്യാഖ്യാനം ചെയ്തു മലങ്കരസഭയെ നെസ്തോറിയ എന്ന് മുദ്ര കുത്തിയത് ചരിത്രനിഷേധ

മായിരുന്നു. റോമൻ സഭ പിൽക്കാലങ്ങളിൽ വികസിപ്പിച്ചെടുത്ത വിശ്വാസാചാരാനുഷ്ഠാനങ്ങളും വിശ്വാസവ്യാഖ്യാനങ്ങളും ദൃശ്യമായിരുന്നില്ല എന്ന കാരണത്താൽ ഈ സഭയെ നെസ്തോറിയാ എന്ന് വിശേഷിപ്പിക്കുവാൻ ഉദയംപേരൂർ സുന്നഹദോസിന്റെ സംഘാടകർ ചെയ്ത ശ്രമങ്ങളെ മിതമായ ഭാഷയിൽ പ്രതിഷേധാർഹം എന്നാണ് പറയേണ്ടത്. “തനിക്ക് മലയാം പേച്ച് (മലയാള ഭാഷ) അറിയപ്പെടായ്കകൊണ്ട്” എന്ന് ആർച്ച് ബിഷപ്പ് പറഞ്ഞതായി കാനോനുകളുടെ ഒന്നാം മൗത്വാ (9) ഒന്നാം യോഗവിജാ (ചാ) രം (9) ൽ കാണുന്നതാണ് സത്യം. ഭാഷാപരമായ വിജ്ഞാനം വേണ്ടത്ര ഇല്ലാത്തതിനാൽ മലങ്കര സുറിയാനിസഭയിലെ ശുദ്ധ ക്രൈസ്തവാന്തരീക്ഷത്തെ മനസ്സിലാക്കുന്നതിൽ ആർച്ച് ബിഷപ്പ് അമ്പേ പരാജയപ്പെട്ടു. മലങ്കരസഭയെ കോളനിവത്ക്കരിക്കാനുള്ള ബദ്ധപ്പാടിൽ മറ്റു യുക്തിവിചാരങ്ങൾക്ക് പ്രസക്തിയും കുറവായിരുന്നു.

“നസ്രാണികൾക്ക് ഒക്കെയും തലയായ ശുദ്ധമാന പാപ്പായെ...” എന്ന് ഒന്നാം കാനോനായിൽ കാണുന്നു. സഭയുടെ ആദിമ നൂറ്റാണ്ടുകളിൽ ക്രൈസ്തവസഭകൾക്ക് ഒരു സാർവ്വത്രിക തലവൻ എന്ന ആശയമേ ഇല്ലായിരുന്നു എന്ന ചരിത്രബോധം ആർച്ച്ബിഷപ്പ് അവഗണിച്ചത് ‘കാള പെറ്റു’ എന്ന നിരീക്ഷണം മൂലമാകണം.

“ദിവസം രണ്ടു കുർബ്ബാന ചെയ്യണം. ഒന്ന് റൂഹാദ്ക്കുദിശായുടെ കുർബ്ബാന ലത്തീനിൽ; ഒന്ന് സുറിയാനി മർത്തമറിയത്തുമ്മായുടെ കുർബ്ബാന’ എന്ന് നാലാം കാനോനിൽ കാണുന്നു. ഇതൊക്കെ റോമ്മൻ സഭ പിൽക്കാലത്ത് നടപ്പിലാക്കിയ പരിഷ്ക്കാരങ്ങളാണ്.

രണ്ടാം മൗത്വാ, രണ്ടാം യോഗവിചാരത്തിലും “എല്ലാ പള്ളികൾക്കും അമ്മയും തലയും മല്പാനും ആകുന്നത് റോമ്മാപള്ളി’ എന്നും “ഭൂമിയിൽ മശിഹായുടെ എടത്തിലും ശെമവൂൻ കേപ്പയ്ക്ക് അനന്തരവനും നസ്രാണികൾ ഒക്കെക്കും തലവനും ആകുന്ന ശുദ്ധമാന പാപ്പാ” എന്നു കാനോനാകളിൽ ആവർത്തിച്ചു കാണുന്നത് കോളനിവൽക്കരണശ്രമത്തിന്റെ ഭാഗമെന്ന് പറയണം. ലോകസഭകളുടെ സങ്കീർണതകളെപ്പറ്റിയും റോമ്മൻ സഭയുടെ രാജകീയ പ്രൗഢിയെപ്പറ്റിയും അജ്ഞരായ ഒരു ജനതയെ അലങ്കാര ശബളിമയാർന്ന നിറപ്പകിട്ടോടെ സമീപിച്ചതിൽ, സ്കൂൾ കുട്ടികളെ ആകർഷിക്കുവാൻ കോട്ടും ടൈയും മുറി ഇംഗ്ലീഷും ഉപയോഗിച്ച് ജാലവിദ്യകൾ കാട്ടുന്ന പ്രകടനത്തിൽ കവിഞ്ഞ കൗതുകമൊന്നും കാണേണ്ടതില്ല.

റോമ്മിൽ നിന്നല്ലാതെ വരുന്ന മെത്രാന്മാരെ കൈക്കൊള്ളരുത് എന്ന നിശ്ചയത്തിന്റെ പുറകിലും ഈ ബാലിശമായ കോളനി യജമാനത്തഭാവമാണ് മുന്നിൽ നില്ക്കുന്നത്.

വിശ്വാസപ്രമാണത്തിൽ, റൂഹ്ക്കുദിശാ ബാവായിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു എന്ന കാനോനായും (രണ്ടാം മൗത്വാ, രണ്ടാം യോഗവിചാരം, ഒന്നാം കാനോന) ആദിമസഭയുടെ വിശ്വാസമല്ല എന്ന് പ്രതിരോധിക്കുവാൻ ഇന്ന് നമുക്ക് കഴിയും. കൂദാശകൾ ഏഴെന്ന വിശ്വാസവും ബെസ്പുർക്കാന എന്ന സങ്കല്പവും രൂപങ്ങൾ ഉണ്ടാക്കാം എന്ന നിലപാടും ക്രിസ്തുമത തത്വങ്ങളുടെ വികൃതവും ഭാഗികവുമായ വ്യാഖ്യാനങ്ങൾ ആകും.

ഇങ്ങനെ നിരീക്ഷിച്ചാൽ ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ ഒരു പുതിയ കോളനിക്ക് രൂപംനൽകാൻ നടത്തിയ ഏകപക്ഷീയമായ ശ്രമമായിട്ടേ വിലയിരുത്തുവാനാവൂ. സുന്നഹദോസിൽ സ്വതന്ത്രമായ ചർച്ച അനുവദിക്കപ്പെട്ടിരുന്നില്ല. തന്മൂലം സ്വന്തം സഭയുടെ നിലപാട് വിശദീകരിക്കാൻ മലങ്കരസഭയ്ക്ക് കഴിയാതെ പോയി. ഓരോ കാനോനായും അവതരിപ്പിക്കുകയും ചർച്ചകൾക്കു ശേഷം ആവശ്യമായി വരുന്ന വ്യത്യാസങ്ങളോടെയോ അല്ലാതെയോ അംഗീകരിക്കുന്ന ജനാധിപത്യപരമായ അവകാശങ്ങളൊന്നും റോമ്മൻ ചിട്ടയിലും ഭടന്മാരുടെ കാവലിലും നടന്ന ആ സമ്മേളനത്തിൽ സാദ്ധ്യമായിരുന്നില്ല. ഇക്കാര്യം സുന്നഹദോസിന്റെ സംഘാടകരും വിമർശകരും ഒരുപോലെ സമ്മതിച്ചിട്ടുണ്ട്. ഈ വസ്തുതയെ മുൻനിർത്തിയാവാം ഉദയംപേരൂർ സുന്നഹദോസിനെയും അവിടെ രൂപംകൊടുത്ത കാനോനുകൾ ഉൾപ്പെടെയുള്ള സുന്നഹദോസ് നടപടികളെയും റോമ്മൻസഭ ഔദ്യോഗികമായി അംഗീകരിക്കാതിരുന്നത്. തങ്ങളുടെ പല നിലപാടുകളും പില്ക്കാല കത്തോലിക്കാസഭ സ്വീകരിച്ചിട്ടുള്ളത് ഉദയംപേരൂർ കാനോനാകളെ മലങ്കരയിലെ കത്തോലിക്കാസഭയും കാര്യമായി എടുത്തിട്ടില്ല എന്നതിന്റെ സൂചനയായി നമുക്ക് ഗ്രഹിക്കാം.

എട്ടാം ദിവസം മാമ്മൂദീസാ നൽകണം (മൂന്നാം യോഗവിചാരം, ഒന്നാം കാനോനാ). ക്രിസ്തീയ പേരുകളേ ഉപയോഗിക്കാവൂ (മൂന്നാം യോഗവിചാരം, ഒന്നാം കാനോനാ). കുർബ്ബാനപ്പട്ടത്തിന്റെ സാധമായത് വീഞ്ഞോടു കൂടെ കാസായും ഓസ്തിയോടുകൂടെ പീലാസായും കൈയാളിക്കുന്നത് (അഞ്ചാം മൗത്വാ), പെണ്ണുകെട്ടി പുലർത്തുന്ന പട്ടക്കാർ കുർബ്ബാനയും മറ്റു കൂദാശയും ഒന്നും ചെയ്യരുത് (പതിനൊന്നാം കാനോന- മലങ്കര കത്തോലിക്കാ റീത്തിൽ വിവാഹിതരായ ഒട്ടേറെ പട്ടക്കാർ വി. കുർബ്ബാന ഉൾപ്പെടെ എല്ലാ കൂദാശകളും അനുഷ്ഠിക്കുന്നു), വിവാഹത്തിന് നെല്ലും നീരും വീഴ്ത്തരുത് (പെൺകെട്ട്, 14-ാം കാനോനാ), പതിനാലു വയസ്സ് തികഞ്ഞാൽ ആണിനെയും പന്ത്രണ്ട് വയസ്സ് തികഞ്ഞാൽ പെണ്ണിനെയും കെട്ടിക്കാം (10-ാം കാനോനാ).

മേല്പറഞ്ഞ ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ കത്തോലിക്കാ സഭ തന്നെയും കാര്യമായി ഗണിക്കുന്നില്ല. എന്നാലും കത്തോലിക്കാ സഭ 16–ാം നൂറ്റാണ്ടു വരെ നേടിയ ആത്മീയവും ലൗകികവും വിശ്വാസപരവും ആയ വളർച്ചയുടെ രേഖ എന്നനിലയിൽ ഉദയംപേരൂർ കാനോനാകളെ പഠനത്തിനായി പരിഗണിക്കാവുന്നതാണ്. മലങ്കര സുറിയാനി സഭയുടെ ചരിത്രത്തെ അഞ്ചു പതിറ്റാണ്ടു കാലം (1599 –1653) സ്വാധീനിച്ച നിയമസംഹിത എന്ന നിലയിൽ ഈ കാനോനാകൾ പഠനം അർഹിക്കുന്നു. മലങ്കരസഭയിൽ പ്രാദേശികമായി നിലനില്ക്കുന്ന ചില ചടങ്ങുകളും അനുഷ്ഠാനങ്ങളും ഈ കാനോനാകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തപ്പെടേണ്ടതാണ്. പില്ക്കാലത്ത് മലങ്കര സഭയിലുണ്ടായ എല്ലാ നിയമസംഹിതകളുടെയും പിന്നിൽ ഉദയംപേരൂർ കാനോനാകളുടെ സ്വാധീനം പ്രത്യക്ഷമായോ പരോക്ഷമായോ കാണുവാൻ കഴിയും. അച്ചടക്കം കൃത്യമായും കർശനമായും പാലിക്കുന്ന കത്തോലിക്കാ സഭയുടെ കാഴ്ചപ്പാടുകൾ കാനോനാകളിൽ പ്രതിഫലിക്കുന്നത് മലങ്കരസഭയുടെ പല പോരായ്മകളെയും പരിഹരിക്കുവാൻ ഉതകുന്ന കാഴ്ചപ്പാടുകളായി പരിഗണിക്കാവുന്നതാണ്. സഭാ നടപടികൾ നിർവചിക്കുന്നതിലും അവയുടെ നിഷ്ഠകൾ പ്രതിപാദിക്കുന്നതിലും ലംഘനങ്ങൾക്കുള്ള ശിക്ഷകൾ പ്രഖ്യാപിക്കുന്നതിലും ഉദയംപേരൂർ കാനോനാകൾ പുലർത്തുന്ന ജാഗ്രതയും കൃത്യതയും പ്രതിബദ്ധതയും നമുക്കും അനുകരിക്കാൻ കഴിയേണ്ടതാണ്.

## അദ്ധ്യായം 4

# പടിയോലകൾ

കാനോൻ ചർച്ചയിൽ 'പടിയോലകൾ'ക്ക് എന്താണ് സ്ഥാനം എന്ന് പ്രഥമദൃഷ്ട്യാ തോന്നുക സ്വാഭാവികമാണ്. ഓലയിൽ എഴുതിയ കാനോൻ തന്നെയാണ് പടിയോല. മറ്റൊരർത്ഥത്തിൽ യോഗനിശ്ച യങ്ങളായ കാനോനാകൾ പുരാതന സമ്പ്രദായത്തിൽ ഓലയിൽ എഴുതി വച്ചിട്ടുള്ളതാണ് പടിയോലകൾ. 'ചട്ടം നിശ്ചയിച്ച് എഴുതിവച്ച ഓല' എന്ന് 'ശബ്ദതാരാവലി'യിൽ ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള നിർവചി ച്ചത് ഓർക്കാവുന്നതാണ്. അദ്ദേഹത്തിന്റെ നിർവചനത്തിലെ 'ചട്ട'ത്തിന് കാനോൻ എന്ന് അർത്ഥകല്പന ചെയ്താൽ കാനോൻ നിശ്ചയങ്ങൾ രേഖപ്പെടുത്തിയ ഓല എന്ന് ആ നിർവചനത്തെ വ്യാഖ്യാനിക്കാം. അതെ, മലങ്കരസുറിയാനി സഭയിൽ, ഓലകളിലും മറ്റും രേഖപ്പെടുത്തിവച്ച യോഗ നിശ്ചയങ്ങളായ ചട്ടങ്ങൾ മലങ്കരയുടെ കാനോനാകൾ ആണ്. ചില പടി യോലകൾ ചെപ്പേടിലാണ് എഴുതിവച്ചിട്ടുള്ളത്. ഇവിടെ എഴുതപ്പെട്ട എല്ലാ പടിയോലകളും ഈ വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല. പല പടിയോലകളും പ്രാദേശിക തർക്കങ്ങളിൽ ഉണ്ടായ തീരുമാനങ്ങൾ മാത്രമാകയാൽ കാനോൻ ചർച്ചയിൽ അവയെ ഉൾപ്പെടുത്തേണ്ടതില്ല. എന്നാൽ ചില പടിയോലകൾ സാർവത്രിക സഭയുടെ നിലപാടുകളിലും ഭരണസംവിധാനങ്ങളിലും അനുഷ്ഠാനക്രമങ്ങളിലും കൃത്യമായ സമീ പനങ്ങൾ പ്രഖ്യാപിക്കുന്നവയാണ്. അത്തരം പ്രഖ്യാപനങ്ങൾ അടങ്ങിയ പല പടിയോലകളും നമുക്ക് ലഭ്യമായിട്ടുണ്ടെന്ന് തോന്നുന്നില്ല. ലഭ്യമായ ചില പടിയോലകളെ ഇവിടെ പരിശോധിക്കുകയാണ്.

### 1. അങ്കമാലി പടിയോല

1599-ലെ ഉദയംപേരൂർ സുന്നഹദോസ് പൊടുന്നനവേ സംഭവിച്ചതല്ല. അതിന്റെ പിന്നിൽ ദീർഘവർഷങ്ങളുടെ അധ്വാനവും ആസൂത്രണവും ഉണ്ടായിരുന്നു. അർക്കദിയാക്കോന്റെ കീഴിൽ വ്യവസ്ഥാപിത ഭരണം നട ന്നുവന്ന ഒരു പുരാതന സഭയെ ഒരു സുപ്രഭാതത്തിൽ പാശ്ചാത്യശൈലി യിലേക്ക് പറിച്ചുനടാൻ ആവുകയില്ലെന്ന് പോർച്ചുഗീസ് അധികാരികൾക്ക് അറിയാമായിരുന്നു. സെമിനാരികൾ സ്ഥാപിച്ചും വൈദികർക്ക് പട്ടം കൊടുത്തും ഒരു സമാന്തര സംവിധാനം ഏർപ്പെടുത്തുകയാണ് അവർ ആദ്യം ചെയ്തത്. അടുത്ത ഘട്ടത്തിൽ ഗീവറുഗീസ് അർക്കദിയാക്കോ നെയും സുറിയാനി സമുദായത്തെയും അവരുടെ സംവിധാനത്തിലേക്ക് കൊണ്ടുവരുവാൻ ശ്രമിച്ചു. തദ്ദേശീയ രാജാക്കന്മാരുടെ സഹായം ലഭ്യ മായതിനാൽ ഈ നടപടികൾക്ക് കാര്യമായ ചെറുത്തുനില്പ് അസാധ്യ

മായിരുന്നു. മലങ്കര മഹാഇടവകയിൽ അങ്കമാലിയുടെ അഡ്മിനിസ്ട്രേറ്റർ ആയി അർക്കദിയാക്കോനെ നിയമിക്കുന്ന കല്പന ആർച്ച്ബിഷപ്പ് പ്രസിദ്ധപ്പെടുത്തി. അർക്കദിയാക്കോൻ ആ കല്പന സ്വീകരിച്ചു. കല്പന പ്രാവർത്തികമാക്കുന്നതിന് ഒരുമിച്ച് തയാറാക്കിയ ഒരു വിശ്വാസ പ്രതിജ്ഞാ പത്രത്തിൽ അർക്കദിയാക്കോൻ ഒപ്പ് വയ്ക്കണമായിരുന്നു. ഇതിന് 4 മാസം സമയം അർക്കദിയാക്കോന് ലഭിച്ചു. നാലു മാസം കഴിഞ്ഞിട്ടും ഒപ്പിടൽ ഉണ്ടായില്ല. ഭാവികാര്യങ്ങളെക്കുറിച്ച് സഭാനേതാക്കളുമായി ആലോചിച്ച് അർക്കദിയാക്കോൻ ചില പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നു. പ്രതിജ്ഞാപത്രത്തിൽ ഒപ്പിടുകയില്ലെന്നും റോമ്മാ സഭയ്ക്കു ക്രിസ്തു ശിഷ്യനായ മാർതോമ്മാ ശ്ലീഹായുടെ സഭയിന്മേൽ അധിനായകത്വം ഒന്നും ഇല്ലെന്നും അതുപോലെ തന്നെ മാർതോമ്മായുടെ സഭയ്ക്ക് റോമ്മാസഭയിന്മേലും ഇല്ലെന്നും അർക്കദിയാക്കോൻ തന്റെ നയം പ്രഖ്യാപിച്ചു. ഈ നിലപാട് ഔദ്യോഗികമായി രേഖപ്പെടുത്തുവാൻ സഭയുടെ ഒരു പ്രതിപുരുഷയോഗം തന്റെ ആസ്ഥാനമായ അങ്കമാലിയിൽ വിളിച്ചു ചേർത്തു. 1597-ലോ 1598-ലോ നടന്ന ഈ അങ്കമാലി സുന്നഹദോസ് കാര്യങ്ങൾ അവലോകനം ചെയ്തു. വളരെ വൈദികരും സമുദായ നേതാക്കളും ഈ സമ്മേളനത്തിൽ ആവേശപൂർവ്വം പങ്കെടുത്തു. തങ്ങളുടെ പൂർവ്വിക പിതാക്കന്മാർ പരിരക്ഷിച്ചു വന്നതും തങ്ങൾ ഉൾപ്പെട്ടു നില്ക്കുന്നതുമായ സഭയുടെ സത്യവിശ്വാസത്തിൽ നിന്ന് അണുപോലും വ്യതിചലിക്കാതെ അർക്കദിയാക്കോനോടൊന്നിച്ച് നിൽക്കുമെന്നും സത്യവിശ്വാസത്തിൽ വെള്ളം ചേർക്കാൻ സമ്മതിക്കുന്നതല്ലെന്നും ആ സുന്നഹദോസ് സത്യം ചെയ്തു. ബാബിലോൺ പാത്രിയർക്കീസ് അയക്കുന്ന മെത്രാന്മാരെ മാത്രമേ തങ്ങൾ സ്വീകരിക്കൂ എന്ന് ആ സമ്മേളനം പ്രതിജ്ഞ എടുത്തു. ഈ പ്രഖ്യാപനങ്ങൾ അവർ ഒരു പടിയോലയിൽ രേഖപ്പെടുത്തി. അതിലെ തീരുമാനങ്ങൾ നടത്തുവാൻ തങ്ങളുടെ ജീവനും സ്വത്തും സമർപ്പിക്കുന്നുവെന്ന് അവർ പ്രതിജ്ഞ ചെയ്തു. കേരളത്തിലെ ദേവാലയങ്ങളിൽ പടിയോല ദ്രുതഗതിയിൽ പ്രചരിച്ചു.

ഈ പടിയോലയിൽ രേഖപ്പെടുത്തിയ കാനോനാകൾ ഇവയാണ്.

1. റോമ്മൻ സഭയ്ക്ക് മലങ്കരസഭയിന്മേലോ മലങ്കരസഭയ്ക്കു റോമ്മൻ സഭ മേലോ മേലധികാരമില്ല.

2. മലങ്കരസഭ മാർത്തോമ്മായുടെ പാരമ്പര്യങ്ങൾ സംരക്ഷിക്കും.

3. ബാബിലോൺ (പേർഷ്യൻ) പാത്രിയർക്കീസ് (കാതോലിക്കാ) അയക്കുന്ന മെത്രാനേ മാത്രമേ സഭ സ്വീകരിക്കുകയുള്ളൂ.

അങ്കമാലി പടിയോല പ്രഖ്യാപിച്ച കാനോനാകളെ പരാജയപ്പെടുത്തു

വാനുള്ള ശ്രമമാണ് 1599-ലെ ഉദയംപേരൂർ സുന്നഹദോസ് നിശ്ചയങ്ങളിൽ പ്രതിപാദിച്ചു കാണുന്നത്. ആ നിലയിൽ സഭാപരമായ നിലപാടുകൾ രേഖപ്പെടുത്തിയ ആദ്യ സംരംഭമായി അങ്കമാലി പടിയോലയിലെ കാനോനാകളെ വിലയിരുത്തേണ്ടതാണ്.

## 2. മട്ടാഞ്ചേരി പടിയോല

ഉദയംപേരൂർ സുന്നഹദോസിന്റെ കാനോൻ സ്വീകരിക്കേണ്ടി വന്നതിനാൽ 1599 മുതൽ മലങ്കരസഭയിലെ മിക്ക ഇടവകകളും റോമ്മൻ കോളനിയുടെ സ്വഭാവത്തിലേക്ക് വ്യത്യാസപ്പെടേണ്ടി വന്നു. ലത്തീൻ ഭാഷ, മെത്രാനിൽ കേന്ദ്രീകൃതമായ സഭാഭരണം, വിശ്വാസകാര്യങ്ങളിൽ പ്രത്യക്ഷപ്പെട്ട പ്രകടമായ വ്യത്യസ്തതകൾ, അപരിചിതമായ ആചാരാനുഷ്ഠാനങ്ങളും വേഷവിധാനങ്ങളും, ഭാര്യമാരെയും മക്കളെയും ഉപേക്ഷിക്കുവാൻ നിർബദ്ധരായ സുറിയാനി വൈദികർ തുടങ്ങിയ ഒട്ടു വളരെ കാര്യങ്ങൾ ആദ്യ ദർശനത്തിൽ, സമ്മർദ്ദങ്ങളുടെ പശ്ചാത്തലത്തിൽ അഭികാമ്യമായി തോന്നിയിരുന്നുവെങ്കിലും അചിരേണ ആ മധുരം കയ്പ്പുരസമായി പരിണമിച്ചു. നൂറ്റാണ്ടുകളായി തങ്ങൾ അനുവർത്തിച്ചുപോന്ന പൗരസ്ത്യസഭയുടെ ശൈലികൾ ഉപേക്ഷിച്ചതോടെ ഒരു ശൂന്യതാബോധമാണ് ഉടലെടുത്തത്. “ഇല്ലത്ത് നിന്ന് പുറപ്പെട്ടു അമ്മാത്തേക്ക് എത്തിയതുമില്ല' എന്ന അവസ്ഥയിലായി മലങ്കരസഭ. ജനാധിപത്യ സ്വഭാവത്തിൽ ഇടവകയോഗം അനുഭവിച്ചുപോന്ന അധികാരങ്ങളും സ്വാതന്ത്ര്യങ്ങളും തടയപ്പെട്ട് മെത്രാന്റെ ഏകാധിപത്യപ്രമത്തതയോടു പൊരുത്തപ്പെടുവാൻ സുറിയാനിക്കാർക്കു ക്രമേണ സാധിക്കാതായി. മെത്രാന്മാരിലൂടെ മാത്രം പുരോഹിതസ്ഥാനം നൽകപ്പെടണമെന്ന റോമ്മൻ ശാസന നടപ്പായതോടെ പഴയ പേറെദ്യൂത്തെന്മാർക്ക് പട്ടം നൽകാനുള്ള, നൂറ്റാണ്ടുകളായി പ്രയോഗിച്ചുപോന്ന അവകാശം നിഷേധിക്കപ്പെട്ടിരുന്നു. തന്മൂലം പോർച്ചുഗീസ്-കത്തോലിക്കാ ആധിപത്യത്തിൽ നിന്ന് കുതറി മാറിയാൽത്തന്നെ പുരോഹിതന്മാരെ ലഭിക്കാനാവാത്ത പരിതഃസ്ഥിതി അവരെ തളർത്തി. പോർച്ചുഗീസ് സൈനിക ശക്തിയുടെ സ്വാധീനത്തിലായിരുന്ന കൊച്ചി, തിരുവിതാംകൂർ രാജാക്കന്മാർ തങ്ങളുടെ തുറമുഖങ്ങൾ വഴി പൗരസ്ത്യ മെത്രാന്മാരെ മലങ്കരയിലേക്ക് പ്രവേശിപ്പിക്കുവാൻ അനുവദിക്കുകയില്ലായിരുന്നു. അര നൂറ്റാണ്ടു കാലം ഭാരമേറിയ ഈ റോമ്മൻ നുകം മലങ്കര സുറിയാനിക്കാർ പേറി. ഗീവറുഗീസ് അർക്കദിയാക്കോന്റെ പിൻഗാമിയായി വന്ന തോമസ് അർക്കദിയാക്കോനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കാതെ വിഷണ്ണനായി.

കൊച്ചിയുടെ വടക്കേഅറ്റം അക്കാലങ്ങളിൽ സാമൂതിരിയുടെ ഭരണത്തിലായിരുന്നു. സാമൂതിരിയുടെ സാമന്തനായ പുന്നത്തൂർ രാജാവിന്റെ

തട്ടകമായിരുന്നു 'തലപ്പള്ളി മേൽവട്ടം' എന്ന പേരിൽ അറിയപ്പെട്ടിരുന്ന കുന്നംകുളം - പഴഞ്ഞി പ്രദേശങ്ങൾ. പുരാതനകാലത്ത് പാലൂർ എന്ന് അറിയപ്പെട്ടിരുന്ന ഈ പ്രദേശം വിദേശ വാണിജ്യ തുറമുഖമായ പൊന്നാനിയുടെ തുറമുഖ പട്ടണമായിരുന്നു. പൊന്നാനിയുടെ സുവർണ്ണകാലം അസ്തമിച്ചുപോയെങ്കിലും വിദേശകപ്പലുകൾ വിരളമായിട്ടാണെങ്കിലും വാണിജ്യത്തിനായി പൊന്നാനിയിലെത്താറുണ്ടായിരുന്നു. പാലൂർ - ചാട്ടുകുളങ്ങര ഇടവകക്കാർ മുഖേന പൗരസ്ത്യ സഭാകേന്ദ്രങ്ങളിലേക്ക് തോമ്മാ അർക്കദിയാക്കോൻ മെത്രാന്മാരെ അയക്കുവാൻ സഹായാഭ്യർത്ഥന നടത്തിയിരുന്നു. അപ്രകാരം നടത്തിയ സഹായാഭ്യർത്ഥനയ്ക്കുണ്ടായ ഒരു പ്രതികരണത്തെപ്പറ്റി നമുക്ക് വിവരം ലഭിച്ചിട്ടുണ്ട്. 'ഒരു വിദേശയാത്രയും ചില ചിതറിയ ചിന്തകളും' എന്ന പേരിലുള്ള യാത്രാവിവരണത്തിൽ ഫാ. കുര്യാക്കോസ് ഒ.ഐ.സി. ആ സംഭവം വിവരിച്ചിട്ടുള്ളത് ഇപ്രകാരമാണ്:

"... ഈഗുപ്തായ നേതാക്കളുമായി ഈ ചരിത്ര സംഭവങ്ങളെപ്പറ്റി പരാമർശിച്ചുകൊണ്ട് സംസാരിക്കവേ, അവരിൽ ഒരു ചരിത്ര പണ്ഡിതൻ പുരാതനമായ ഒരു അറബിഗ്രന്ഥം എടുത്തുകൊണ്ട് വരികയും അതിലൊരു ഭാഗം വായിച്ച് പരിഭാഷപ്പെടുത്തി എന്നെ കേൾപ്പിക്കുകയും ചെയ്തു. എനിക്ക് വളരെ വിലപ്പെട്ട ഒരറിവാണ് ആ ചരിത്ര പണ്ഡിതൻ പകർന്നു തന്നത്. 1653-ൽ ഇന്ത്യയിൽ നിന്നും പത്രോസ് എന്ന ഒരു വൈദികൻ അലക്സാന്ത്രിയൻ സിംഹാസനത്തിൽ സഹായാഭ്യർത്ഥനയ്ക്കായി വന്നുവെന്നും അലക്സന്ത്ര്യാ സിംഹാസനത്തിൽ നിന്നു ഇന്ത്യയിലേക്ക് ഒരു പ്രത്യേക മെത്രാനെ വാഴിച്ചുവെന്നും ആ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. ഈജിപ്റ്റ് വിടുന്നതിന് മുമ്പായി മുസ്ലീം ഭരണാധികാരികൾ ആ മെത്രാനെ പിടിച്ച് കൈകാലുകൾ ഛേദിക്കുകയും പത്രോസ് കശീശ്ശായെ അവിടെ നിന്നോടിച്ച് കളയുകയും ചെയ്തു" (പുറം 280).

ഈ സംഭവത്തിന് ശേഷം അലക്സാന്ത്രിയൻ സഭ നിഷ്ക്രിയമായിരുന്നില്ല എന്ന് പില്ക്കാല സംഭവങ്ങൾ തെളിയിക്കുന്നു. അഹത്തള്ളാ എന്നു പേരായ ഒരു മെത്രാനെ ഇന്ത്യയുടെയും ചൈനയുടെയും പാത്രിയർക്കീസായി വാഴിച്ചുകൊണ്ട് കോപ്റ്റിക് (അലക്സാന്ത്ര്യാ) പാത്രിയർക്കീസ് കല്പനയും കൊടുത്തയച്ചു. പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിൽ മലങ്കരസഭാചരിത്രം എഴുതിയ ഇട്ടൂപ്പ് റൈട്ടരും ഈ. എം. ഫിലിപ്പും മാർ അഹത്തള്ളാ, അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ അയക്കപ്പെട്ടു എന്ന് നിരാധാരമായി എഴുതിയിട്ടുണ്ട്. അന്ത്യോഖ്യൻ പക്ഷപാതികളായ പില്ക്കാല ചരിത്രകാരന്മാരും ഈ പ്രസ്താവനയെ അനുകൂലിച്ചിട്ടുണ്ട്. ശാസ്ത്രീയമായി ചരിത്രം വിശകലനം ചെയ്യുവാൻ ആവശ്യമായ സാമഗ്രികൾ വശമാക്കിയ ഫാ. ഡോ. വി. സി. ശാമുവേൽ പോലും

ഇക്കാര്യത്തിൽ നിഷ്പക്ഷമായ അപഗ്രഥനത്തിന് മുതിരാതെ മുൻ ചരിത്രകാരന്മാരിൽ നിന്ന് രൂപപ്പെട്ട മുൻവിധിയോടെ ചരിത്രരചന നടത്തിയത് നമ്മെ ദുഃഖിപ്പിക്കുന്നു. മലങ്കരസഭയ്ക്ക് അലക്സാന്ത്രിയൻ സഭയുമായി ഒരു കാലത്തും ബന്ധമുണ്ടായിരുന്നില്ല എന്ന് അദ്ദേഹം ആണയിട്ടു പറയുന്നത് ഓർമ്മപ്പിശകു മൂലമാണ്. പി. റ്റി. ഗീവർഗീസ് ശെമ്മാശൻ സെറാമ്പൂർ സർവകലാശാലയിൽ സമർപ്പിച്ച ഒരു പ്രബന്ധത്തിൽ (ഈ പ്രബന്ധം മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്) എഴുതിയിട്ടുള്ളത് ഇപ്രകാരമാണ്:

"... ചരിത്രസംബന്ധമായ നമ്മുടെ ഇനിയത്തെ പരിശോധന മൂലം അലക്സാന്ത്രിയായിലെ യാക്കോബായ പാത്രിയർക്കീസിന്റെ അടുക്കൽ കേരളത്തിൽ നിന്നും അയച്ചിരുന്ന ഡപ്യൂട്ടേഷന്റെ പരിശ്രമഫലമായി ക്രിസ്ത്വാബ്ദം 696-ൽ അലക്സാന്ത്രിയായിൽ നിന്ന് ഒരു യാക്കോബായ മെത്രാൻ കേരളത്തിൽ വന്നു എന്ന് വെളിവാകുന്നു. ക്രിസ്ത്വബ്ദം 695-ൽ കേരളീയ സുറിയാനി സഭയിൽ നിന്ന് ഒരു സ്വദേശീയ പുരോഹിതനെ അലക്സാന്ത്രിയാ പാത്രിയർക്കീസ് അഭിഷേകം ചെയ്തു" (മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ പൂർവ്വികർ നെസ്തോറിയരോ?).

17-ാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ അഹത്തള്ള ബാവായെക്കുറിച്ച് ജെയിംസ് ഹൗ രേഖപ്പെടുത്തിയ അഭിപ്രായത്തെ മേൽക്കൊടുത്ത പ്രബന്ധത്തിൽ പി. റ്റി. ഗീവറുഗീസ് ശെമ്മാശൻ ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: "കേരളീയ സുറിയാനി സഭയുടെ അപേക്ഷാനുസരണം അലക്സാന്ത്രിയായിലെ യാക്കോബായ പാത്രിയർക്കീസ് ക്രി. 1650-ൽ ഇന്ത്യയിലേക്കയച്ചതായ ഇഗ്നാത്യോസ് അഹത്തള്ളായെ പോർച്ചുഗീസുകാരായ റോമ്മൻ കത്തോലിക്കർ കൊലപ്പെടുത്തിയ അവസരത്തിൽ....." (ഹിസ്റ്ററി ഓഫ് ക്രിസ്ത്യാനിറ്റി ഇൻ ഇന്ത്യാ, ബുക്ക് 6, പുറം 299). അദ്ദേഹം തുടർന്നെഴുതുന്നു:

"ആ സമയത്ത് കോപ്റ്റിക് പാത്രിയർക്കീസ് ഗ്രാന്റ് കെയ്റോയിൽ താമസിച്ചിരുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ നിവേദനം ലഭിച്ചപ്പോൾ അഹത്തള്ളാ എന്ന് പേരായ ഒരു സുറിയാനി മെത്രാൻ അദ്ദേഹത്തോടുകൂടെ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. തേവോദോറോസ് എന്ന ഗ്രീക്ക് പദത്തിന്റെ അറബിരൂപമാണ് അഹത്തള്ള" (പു. 300).

റോമൻ മിഷനറി റോളിൻ, അഹത്തള്ളാ ഒരു യാക്കോബായ സുറിയാനിക്കാരൻ എന്ന് ഉറപ്പിച്ച് പറയുന്നു. ചില പ്രത്യേക കാരണങ്ങളാൽ സിറിയായിലെ പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കിയെന്നും തുടർന്ന് അദ്ദേഹം അലക്സാന്ത്രിയാ പാത്രിയർക്കീസിനെ അഭയം പ്രാപിച്ചുവെന്നും പറയപ്പെടുന്നു. ഇന്ത്യയിൽ നിന്ന് കത്ത് കിട്ടിയപ്പോൾ സുറി

യാനി ഭാഷ വശമായിരുന്ന അഹത്തള്ളായെ ഈ ദൗത്യവുമായി നിയോഗിക്കാമെന്ന് അലക്സാന്ത്രിയൻ പാത്രിയർക്കീസ് വിചാരിച്ചു. ഈ നിർദ്ദേശം അഹത്തള്ളായ്ക്കും സമ്മതമായിരുന്നു" (അതേ പുസ്തകം, പുറം 301).

അഹത്തള്ളായെ ഇന്ത്യയിലേക്കയച്ചത് റോമ്മാ പാപ്പായാണെന്ന് ഫാ. ബർണാദ് തോമ്മാ തുടങ്ങിയ കത്തോലിക്കാ ചരിത്രകാരന്മാർ അവകാശപ്പെട്ടിട്ടുണ്ട് (മാർതോമ്മാ ക്രിസ്ത്യാനികൾ, രണ്ടാം ഭാഗം, പുറം 70 –71). അഹത്തള്ളാ കേരളത്തിലേക്ക് കൊടുത്തയച്ച കത്തിൽ താൻ 'പാപ്പായാൽ അയക്കപ്പെട്ടു" എന്ന പരാമർശമുണ്ട്. ഈ പരാമർശമാണ് പലരെയും വഴി തെറ്റിച്ചത്. പാപ്പാ എന്ന പദത്തെ അവർ റോമ്മൻ പാപ്പാ എന്ന് തെറ്റായി ഗ്രഹിക്കുകയായിരുന്നു. കോപ്റ്റിക് പാത്രിയർക്കീസ് ഔദ്യോഗികമായി പാപ്പാ എന്ന സ്ഥാനനാമം അന്നും ഇന്നും ഉപയോഗിക്കുന്ന വിവരം അവർ സൗകര്യപൂർവ്വം വിസ്മരിച്ചതാവാം. ഭാഗ്യവശാൽ മാർ അഹത്തള്ളാ മലങ്കരയിലേക്കയച്ച ഒരു കത്ത് വത്തിക്കാൻ ലൈബ്രറിയിൽ സംരക്ഷിച്ചിട്ടുണ്ട്. പൗരസ്ത്യ സുറിയാനിയിലെഴുതിയ ആ കത്ത് വേങ്ങൂർ ഗീവർഗീസ് കശ്ശീശാ (പില്ക്കാലത്ത് ഒന്നാം മാർ തോമ്മായുടെ നാലു ഉപദേശകരായി നിയമിക്കപ്പെട്ട വൈദികരിൽ ഒരാൾ ഇദ്ദേഹമായിരുന്നു) വായിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഫോട്ടോ കോട്ടയം പഴയസെമിനാരി ആർക്കൈവ്സിലുണ്ട്. അതിന്റെ ഫോട്ടോകോപ്പി ഈ ഗ്രന്ഥകാരൻ സൂക്ഷിക്കുന്നു. അതിലെ ആദ്യ വാക്യം ഇപ്രകാരമാണ്: "ഇന്ത്യ ഒക്കെയുടെയും ചീനയുടെയും പാത്രിയർക്കീസും ഇഗ്നാത്യോസും ആയ ഞാൻ നിങ്ങളുടെ ദിക്കിൽ നിന്നും ഇവിടെ വന്നിട്ടുള്ള ശെമ്മാശൻ വശം ഒരു എഴുത്തു അയക്കുന്നു. ..." (ബർനാദ് തോമ്മാ, പു. 68).

റോമ്മിലെ പാപ്പാ നിയോഗിച്ചയച്ച ഒരു പാത്രിയർക്കീസിനെ അതേ പാപ്പായുടെ കീഴിലുള്ള പോർച്ചുഗീസ്-കത്തോലിക്കർ പീഡിപ്പിക്കുകയില്ല എന്നത് നിർവിവാദമാണ്. തന്മൂലം അദ്ദേഹത്തെ അയച്ചത് റോമിലെ പാപ്പാ അല്ല എന്ന് സുവ്യക്തമാകും. ആ പാപ്പാ അലക്സാന്ത്രിയ പാപ്പാ തന്നെയാണ്. ഇന്ത്യൻ-അലക്സാന്ത്രിയൻ വിദേശ വ്യാപാരത്തിന്റെയും സഭാസമ്പർക്കത്തിന്റെയും പശ്ചാത്തലവും മലങ്കരസഭയുടെ ആദ്യ നൂറ്റാണ്ടുകളിലെ അലക്സാന്ത്രിയൻ ബന്ധവും ഈ അഭിപ്രായത്തെ ശരിവയ്ക്കുന്നു.

(പില്ക്കാലത്തെ മലങ്കരസഭാ ചരിത്രത്തിൽ സംഗതമായ ഒരു കാര്യം മേലുദ്ധരിച്ച രേഖകളിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

1. അലക്സാന്ത്രിയൻ സഭയെ പി. റ്റി. ഗീവറുഗീസ് ശെമ്മാശൻ യാക്കോ

ബായ സഭ എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. അലക്സാന്ത്രിയാ പാത്രിയർക്കീസിനെ യാക്കോബായ പാത്രിയർക്കീസ് എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. കൽക്കിദൂൻ സുന്നഹദോസിന്റെ നിലപാടുകളോട് വിയോജിച്ചു നിന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭകളെ പൊതുവിൽ യാക്കോബായ സഭകൾ എന്ന് കേരളത്തിൽ വ്യവഹരിച്ചു പോന്നിരുന്നു. കത്തോലിക്കാസഭ ഓർത്തഡോക്സ് സഭകളെ 'യാക്കോബായക്കാർ' എന്ന് പരിഹസിച്ചത് വേഗത്തിൽ പ്രചരിച്ചു. ആ സ്വാധീനമാണ് പി. റ്റി. ഗീവറുഗീസ് ശെമ്മാശന്റെ പ്രബന്ധത്തിൽ കാണുന്നത്. മലങ്കരസഭയിൽ 1665, 1685, 1751 എന്നീ വർഷങ്ങളിൽ വന്ന പൗരസ്ത്യ മേലധ്യക്ഷന്മാരെ കേരളത്തിലെ കത്തോലിക്കർ മേൽപറഞ്ഞ അർത്ഥത്തിൽ 'യാക്കോബായ മെത്രാന്മാർ' എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. മലങ്കരസഭയിലും ആ പദപ്രയോഗം വിവേചനം കൂടാതെ സ്വീകരിച്ചിട്ടുണ്ട്. മുസ്ലീങ്ങൾ പരിഹാസമായി വിശേഷിപ്പിച്ച 'നസ്രാണികൾ' എന്ന പ്രയോഗവും കത്തോലിക്കർ പരിഹാസപൂർവ്വം വിശേഷിപ്പിച്ച 'പുത്തൻകൂറ്റുകാർ' എന്ന പ്രയോഗവും മലങ്കരയിലെ സുറിയാനി ക്രിസ്ത്യാനികൾ സ്വീകരിച്ചതിന് സമാന്തരമായി വേണം ഈ 'യാക്കോബായ' പ്രയോഗം നാം സ്വീകരിച്ചതിനെ മനസ്സിലാക്കുവാൻ. ഈ ചരിത്ര സത്യം മനസ്സിലാക്കാതെ മലങ്കരസഭാചരിത്രത്തിൽ 'യാക്കോബായക്കാർ' എന്ന് കാണുന്നിടത്തെല്ലാം അത് അന്ത്യോഖ്യൻ സഭയെ സൂചിപ്പിക്കുന്നു എന്ന് ചില ചരിത്രകാരന്മാർ പോലും തെറ്റിദ്ധരിച്ചതായി കാണുന്നുണ്ട്. മലങ്കരസഭാചരിത്രത്തിൽ അലക്സാന്ത്രിയാ, പേർഷ്യാ, അർമ്മീനിയാ, യെരുശലേം, അന്ത്യോഖ്യാ തുടങ്ങിയ പൗരസ്ത്യ സഭാകേന്ദ്രങ്ങളിൽ നിന്ന് വന്ന പല മേലദ്ധ്യക്ഷന്മാരെയും കത്തോലിക്കരും അവരെ അനുകരിച്ച് നാമും യാക്കോബായക്കാർ എന്ന് തെറ്റായി വിശേഷിപ്പിച്ചിട്ടുണ്ട്. ഇക്കാര്യം 1934-ൽ അംഗീകരിച്ച സഭാഭരണഘടനയിൽ വ്യക്തമാക്കിയിട്ടുള്ളത് - പ്രാരംഭ അധ്യായത്തിൽ - ഇവിടെ ഓർക്കാവുന്നതാണ്.)

1653-ൽ ഇന്ത്യയിലെത്തിയ മാർ അഹത്തള്ളായെ പോർച്ചുഗീസുകാർ സൂറത്തിൽ വച്ച് ബന്ധനസ്ഥനാക്കി മൈലാപ്പൂരിൽ എത്തിച്ചു. മൈലാപ്പൂരിലെ സെന്റ് തോമസ് കബറിടം സന്ദർശിക്കാനെത്തിയ രണ്ടു ശെമ്മാശന്മാർ (അവരുടെ പേർ ഇട്ടി, കുരിയൻ എന്ന് സഭാചരിത്രകാരനായ ഇ. എം. ഫിലിപ്പ്) യാദൃച്ഛികമായി അദ്ദേഹത്തെ കണ്ടുമുട്ടി. അദ്ദേഹം നൽകിയ കത്തുകളുമായി അവർ കേരളത്തിൽ തിരിച്ചെത്തി. അർക്കദിയാക്കോനെ വിവരം അറിയിച്ചു. മലങ്കരസഭ ഇതോടെ ഉണർന്നു. റോമ്മൻ ആധിപത്യത്തിൽ നിന്ന് തങ്ങളെ ഉദ്ധരിക്കുവാൻ വന്ന അഭിനവ മോശയായി അവർ അഹത്തള്ളായെ വിലയിരുത്തി. തോമസ് അർക്കദിയാക്കോൻ, അനുകൂലമായ ഈ സാഹചര്യത്തിൽ ഇടവകകളെ ഉടനെ

സംഘടിപ്പിച്ചു. അര നൂറ്റാണ്ടു കാലം തങ്ങൾ സഹിക്കേണ്ടി വന്ന പാരമ്പര്യനിഷേധം അവസാനിപ്പിക്കാൻ ദൈവം നൽകിയ അവസരമായി അഹത്തള്ളായുടെ ആഗമനത്തെ അദ്ദേഹം വ്യാഖ്യാനിച്ചു. മൈലാപ്പൂരിൽ നിന്ന് ഗോവയിലേക്കുള്ള മാർഗ്ഗമദ്ധ്യേ തന്നെ മോചിപ്പിക്കുവാൻ കത്തിലൂടെ മാർ അഹത്തള്ളാ ആവശ്യപ്പെട്ടതനുസരിച്ച് പൂർവ്വിക മലങ്കര സുറിയാനിസഭയുടെ വീരസന്താനങ്ങൾ കൊച്ചിയിലെത്തി. മെത്രാനെ കരയിലിറക്കുവാൻ സമ്മതിക്കുകയില്ലെന്ന് ശഠിച്ച ആർച്ച് ബിഷപ്പ് ഗാർസിയായെ രാഷ്ട്രീയകാരണങ്ങളാൽ കൊച്ചി രാജാവ് പിന്തുണച്ചു. ക്ഷുഭിതരായ സുറിയാനിക്കാർ ബലം പ്രയോഗിക്കുമെന്ന ഘട്ടമായപ്പോൾ, പോർച്ചുഗീസുകാർ മെത്രാനെ കടലിൽ കെട്ടിത്താഴ്ത്തി. അതോടെ മാർ അഹത്തള്ളാ ചരിത്രത്തിൽ നിന്ന് അപ്രത്യക്ഷനായി.

1653 ജനുവരി 3-ന് സുറിയാനി പാരമ്പര്യമുള്ള ക്രിസ്ത്യാനികൾ മട്ടാഞ്ചേരി പള്ളിയിൽ സമ്മേളിച്ചു. അർക്കദിയാക്കോനും വൈദികരും പള്ളിയിൽ പ്രവേശിച്ച് റോമ്മൻ ആധിപത്യത്തെ തിരസ്ക്കരിക്കുന്ന ശപഥവാചകം ചൊല്ലി. ഈ സംഭവത്തെ വിവിധ സഭാചരിത്രകാരന്മാർ താഴെപ്പറയുംപ്രകാരം വിവരിച്ചിട്ടുണ്ട്:

**1. നിരണം ഗ്രന്ഥവരി:** "ഈ ഉണ്ടായ സകലവും സുറിയാനിക്കാരായ പുരുഷ ജനങ്ങൾ അറിഞ്ഞ് മട്ടാഞ്ചേരിയിൽ പള്ളിയിൽക്കൂടി. ഇപ്രകാരം പറങ്കികൾ നമ്മോട് ചെയ്കകൊണ്ടും രാജാവ് അനുസരിച്ച് കൊലയ്ക്കു കൊടുക്കകൊണ്ടും ഇനിയും ഫ്രങ്കായക്കാരോട് നാം ചേരരുതെന്നും നമ്മുടെ അനന്തരവരുടെ കാലത്തിലും ഇവരെ കാണരുതെന്നും മറ്റും മകരമാസം 3-ാം തീയ്യതി വെള്ളിയാഴ്ച കയ് പിടിച്ച് സത്യം ചെയ്തുകൊണ്ട് എല്ലാ പേരും കൂടെ ആലങ്ങാട് പള്ളിയിൽക്കൂടി" (പുറം 120, 121, എഡി. പോൾ മണലിൽ, 2012, പ്രസാധകർ: എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം).

**കണ്ടനാട് ഗ്രന്ഥവരി** (കൊച്ചിയുടെ പ്രഥമ മെത്രാനും കണ്ടനാട് ഇടവകാംഗവുമായ ശെമവൂൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ 19-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ എഴുതിയത്):

"ശുദ്ധമാകപ്പെട്ട മാർ ഇഗ്നാത്തിയോസിന്റെ കൊലയ്ക്കു സംശയം കൂടാതെ അറുകൊല ചെയ്തുവെന്ന ഫ്രങ്കായിക്കാരോട് കൂടെ ചേരുകയില്ലെന്നും ഇവരുമായിട്ട് ഐമോസ്യവും ഉപവിയും വേണ്ടാ എന്നും ആ കാലത്തിൽ വാഴുന്ന പറങ്കി മെത്രാൻ നമ്മുടെ യജമാനനുമല്ല, അയാളുടെ പ്രജകൾ നാം അല്ലാ എന്നും മേലിൽ ഇവരുടെ മേൽപ്പട്ടക്കാരെയും നാം അനുസരിക്ക ഇല്ലെന്നും തോമ്മാ അർക്കദിയാക്കോനെ മെത്രാനായിട്ട് വാഴണമെന്നും എഴുതിപ്പിടിപ്പിച്ച് എല്ലാവരുംകൂടെ മകരമാസം 3-ാം

തീയതി വെള്ളിയാഴ്ച നാൾ സത്യം ചെയ്തു" (കണ്ടനാട് ഗ്രന്ഥവരി, എഡി. ഫാ. ഡോ. ജോസഫ് ചീരൻ, 2008, പുറം 34).

**ഇട്ടൂപ്പ് റൈട്ടർ:** "... മേലിൽ ഇവരുടെ മേൽപ്പട്ടക്കാർ ആരെയും അനുസരിക്കുന്നതല്ല എന്നും മാർ ഇഗ്നാത്യോസ് പാത്രിയർക്കീസ് ബാവായുടെ സ്താത്തിക്കോൻപ്രകാരം തോമ്മാ അർക്കദിയാക്കോനെ എപ്പിസ്ക്കോപ്പാസ്ഥാനത്തിൽ വാഴിച്ച് നമ്മുടെ പുരാതനമായും കറ കൂടാതെയുമുള്ള ക്രമങ്ങൾപ്രകാരം നടക്കണമെന്നു നിശ്ചയിച്ചു. ആ വിവരത്തിന് ഒരു പടിയോലയും എഴുതി പിടിച്ചുകൊണ്ട് എല്ലാവരുംകൂടെ മട്ടാഞ്ചേരിയിൽ കൂനൻകുരിശിങ്കൽ വല്യതിൽ ഒരു ആലാത്ത് കെട്ടി. ... മേൽപ്രകാരം വാചകം പറഞ്ഞ് സത്യം ചെയ്തു പിരിഞ്ഞു" (സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം, 1869, മൂന്നാം പതിപ്പ്, 1906, പുറം 116).

**4. ഇ. എം. ഫിലിപ്പ്:** "പാത്രിയർക്കീസിനെ ഹിംസിച്ചവരായ ജെസ്വിത്ത് ബിഷപ്പിനെയും റോമ്മാസഭയെയും ഇനി ഒരിക്കലും സ്വീകരിക്കുകയില്ല എന്ന് സത്യം ചെയ്തു. ... പ്രതിജ്ഞയനുസരിച്ച് ഒരു ഉടമ്പടിയും അവർ എഴുതി" (മാർതോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ, പരിഭാഷ 1929 – ഇംഗ്ലീഷ് 1907 – പുറം 144).

കൂനൻകുരിശ് സത്യത്തെപ്പറ്റി പ്രതിപാദിച്ച ലഭ്യമായ ഏറ്റവും പഴയ സഭാചരിത്രങ്ങളിലെ മുൻ ഉദ്ധരിച്ച ഭാഗങ്ങളിൽ ഒരു പടിയോലയെപ്പറ്റി വ്യക്തമായ പരാമർശമുണ്ടെങ്കിലും അതിന്റെ സ്വരൂപം അവിടെയെങ്ങും കാണ്മാനില്ല. ഈയിടെ മലങ്കരസഭയിലെ സുറിയാനി ക്രിസ്ത്യാനികളുടെ പടിയോലകളെപ്പറ്റി ഡോ. സ്കറിയാ സക്കറിയായുടെ മേൽനോട്ടത്തിലും മാർഗ്ഗനിർദേശത്തിൻകീഴിലും സമഗ്രമായ അന്വേഷണം നടത്തി തയാറാക്കിയ ഒരു പി.എച്ച്.ഡി. പ്രബന്ധത്തിലും അജ്ഞാതമായ പടിയോലയുടെ കൂട്ടത്തിലാണ് മട്ടാഞ്ചേരി പടിയോലയെ ഉൾപ്പെടുത്തിയിരിക്കുന്നത് (കാലടി സംസ്കൃത സർവകലാശാല ഡോക്ടർ ബിരുദം നൽകി ആദരിച്ച ആ പ്രബന്ധം തയാറാക്കിയത് മലങ്കര ഓർത്തഡോക്സ് സഭയിലെ ഒരു വിശ്രുത സഭാചരിത്രകാരൻ ആണ്. 2004–2007 കാലഘട്ടത്തിൽ ഈ ഗ്രന്ഥകാരന്റെ പത്രാധിപത്യത്തിൽ കുന്നംകുളത്തു നിന്ന് കുന്നംകുളം ക്രിസ്തീയ പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കുടുംബമാസികയായി പ്രസിദ്ധീകരിച്ചിരുന്ന "ഇടവകപത്രിക"യിൽ ഈ ഗ്രന്ഥകാരൻ 'മലങ്കര സഭയിലെ പടിയോലകൾ' എന്ന ശീർഷകത്തിൽ ഒരു ലേഖന പരമ്പര പ്രസിദ്ധപ്പെടുത്തിയിരുന്നു. ആ ലേഖന പരമ്പര തയാറാക്കുവാൻ നടത്തിയ ഗവേഷണത്തിന്റെ ഫലമായി ഒട്ടുവളരെ പടിയോലകൾ കണ്ടെത്താനായി. എങ്കിലും മട്ടാഞ്ചേരി പടിയോല കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ഈ ലേഖനപരമ്പരയിൽ നിന്ന് ആവേശവും പ്രചോദനവും ഉൾക്കൊണ്ട എന്റെ സുഹൃത്തു കൂടെയായ ഗവേഷകൻ ഈ വിഷയം

പി.എച്ച്.ഡി. ഗവേഷണത്തിന് തെരഞ്ഞെടുക്കുകയും കാലടി യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു. ഗവേഷണ പ്രബന്ധം തയാറാക്കുന്ന പ്രധാന ഘട്ടങ്ങളിലെല്ലാം അത് തയ്യാറാക്കുന്നതിന്റെ യത്നത്തിൽ അദ്ദേഹം എന്റെ സഹായം തേടിയിരുന്നു. എഴുതിയ അധ്യായങ്ങൾ മാർഗനിർദേശകൻ തുടർച്ചയായി നിരസിച്ച ഒരു ഘട്ടത്തിൽ പ്രബന്ധത്തിന്റെ ഒന്ന് രണ്ട് അധ്യായങ്ങൾ എഴുതിത്തന്ന് സഹായിക്കുവാൻ അദ്ദേഹം കത്തു മുഖേന ആവശ്യപ്പെട്ടിരുന്നു. പ്രബന്ധം സമർപ്പിച്ചപ്പോഴും അതിലൊരു ഭാഗം 'ആർത്താറ്റ് പടിയോല' എന്ന പേരിൽ പുസ്തകമാക്കി പ്രസിദ്ധീകരിച്ചപ്പോഴും ഈ സത്യങ്ങൾ അദ്ദേഹം ഓർമ്മിക്കാതിരുന്നത് വർദ്ധക്യസഹജമായ മറവി കൊണ്ടാകാം.).

ഈ ഗ്രന്ഥകാരന്റെ തുടരന്വേഷണത്തിൽ മട്ടാഞ്ചേരി പടിയോല 2012-ൽ കണ്ടുകിട്ടി. 2012 ഡിസംബറിൽ കോട്ടയം, കോട്ടയ്ക്കൽ പബ്ളിഷേഴ്സിന്റെ ആഭിമുഖ്യത്തിൽ 'കാതോലിക്കേറ്റ് പുനഃസ്ഥാപനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് ശ്രീ. കെ. വി. മാമ്മനും ഈ ഗ്രന്ഥകാരനും ചേർന്ന് എഴുതി പ്രസിദ്ധീകരിച്ച 'മലങ്കരസഭയുടെ സമുന്നത സാരഥികൾ' എന്ന ഗ്രന്ഥത്തിൽ അത് ഉൾപ്പെടുത്തുകയും ചെയ്തു (പുറ. 96 -97).

1896-ലെ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ നേരത്തെ ആരംഭിച്ച് നടത്തിവന്ന - മലങ്കരസഭയുടെ ഔദ്യോഗിക മുഖപത്രം കൂടെയായ - ഇടവക പത്രികയുടെ മീനം ലക്കത്തിൽ നിന്നാണ് ഈ പടിയോലയുടെ പൂർണ്ണ സ്വരൂപം കണ്ടെടുത്തത്.

പുസ്തകം 5, ലക്കം 3, ഈയോർ മാസത്തിൽ പ്രസിദ്ധീകരിച്ച മുഖപ്രസംഗത്തിലാണ് ഈ അമൂല്യരേഖ സ്ഥാനം പിടിച്ചിരുന്നത്. പത്രാധിപർ ഇ. എം. ഫിലിപ്പ് എഴുതിയ മുഖപ്രസംഗത്തിൽ അഹത്തള്ളായുടെ ആഗമനം, അനന്തര സംഭവവികാസങ്ങൾ എന്നിവയെപ്പറ്റി മലങ്കരസഭയിൽ ലഭ്യമായ അതിപുരാതന വിവരണം കാണുന്നതിനാൽ അതിലെ പ്രസക്തഭാഗം ഇവിടെ ഉദ്ധരിക്കട്ടെ:

'ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ എന്ന ശീർഷകത്തിലാണ് ആ മുഖപ്രസംഗം എഴുതിയിട്ടുള്ളത്. "മലങ്കര സുറിയാനി സഭയിൽ ഓരോ കാലത്ത് ഉണ്ടായിട്ടുള്ള മഹാന്മാരായ നാട്ടുകാരിൽ ഇദ്ദേഹം പ്രഥമഗണനീയൻ ആയിരുന്നു. സുറിയാനിക്കാരെ ഉദയംപേരൂർ സുന്നഹദോസിൽ വച്ച് ബലത്താൽ റോമ്മാവിശ്വാസത്തിലേക്ക് ചേർത്ത കാലത്തോട് ഒട്ടടുത്ത് ഇദ്ദേഹം കല്ലിശ്ശേരി പള്ളി ഇടവകയിൽ തലവടിയിൽ ആഞ്ഞിലിമൂട്ടിൽ എന്ന കുടുംബത്തിൽ ജനിച്ചു. ....

ഇങ്ങനെയിരിക്കുമ്പോൾ 1653-ൽ ... അഹത്തള്ളാ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മലങ്കരസഭയുടെ ഉദ്ധാരണത്തെ ഉദ്ദേശിച്ച് വന്നതും പറങ്കികൾ ബന്ധിച്ച് മൈലാപ്പൂരിൽ തടവിൽ വച്ചതും അവിടെ നിന്ന് കൊണ്ടുവരുന്ന വഴി കൊച്ചിയിൽ വച്ച് കടലിൽ കെട്ടിത്താഴ്ത്തി കൊല്ലുകയോ, ഗോവയിൽ ദണ്ഡന സ്ഥലത്ത് ദഹിപ്പിക്കുകയോ ചെയ്തതും നമ്മുടെ പ്രധാന നായകന്റെ മനസ്സിൽ സ്വഭാവേന ഉണ്ടായിരുന്ന വൈരാഗ്യത്തെ പ്രകാശിപ്പിക്കുന്നതിന് ഇടയായി. പാത്രിയർക്കീസിനെ കൊച്ചിയിൽ കൊണ്ടുവന്നിട്ടുണ്ടെന്ന് കേട്ട് ഇരുപതിനായിരം സുറിയാനിക്കാർ കൊച്ചിയിൽ കൂടി പാത്രിയർക്കീസിനെ വിടുവിച്ച് കൊടുക്കണമെന്ന് കൊച്ചി രാജാവിനോട് അപേക്ഷിക്കുകയും രാജാവ് സമ്മതിക്കുകയും ചെയ്തു. എങ്കിലും പറങ്കികൾ രാജാവിനെ സ്വാധീനപ്പെടുത്തുകയും പാത്രിയർക്കീസിനെ നശിപ്പിക്കുകയും ചെയ്തു. പാത്രിയർക്കീസിനെ കൊന്നതു മൂലം സുറിയാനിക്കാർ വിലപിച്ചു കൊണ്ട് ഇരിക്കുമ്പോൾ ഗോവണിയിൽ നിന്ന് വീണ് രാജാവ് തീപ്പെട്ടു.

അനന്തരം ഈ ക്രൂരപാതകം ചെയ്ത പറങ്കികളോടും അവരുടെ മതത്തോടും യാതൊരു ചേർച്ചയും അരുതെന്നു സുറിയാനിക്കാർ നിശ്ചയിച്ചു. എല്ലാവരും കൂടി കൊച്ചിയിൽ കൂനൻകുരിശിൽ കയറ് കെട്ടിപ്പിടിച്ച് 1653 മകരം 3-ാം തീയതി സത്യം ചെയ്യുകയും ഒരു പടിയോല എഴുതി ഒപ്പിടുകയും ചെയ്തു. ആ പടിയോലയുടെ പകർപ്പ്:

"മോറാൻ ഈശോമശിഹാ പിറന്നിട്ട് 1653-ാമത് മകരമാസം 3-ാം തീയതി വെള്ളിയാഴ്ച നാൾ അർക്കദിയാക്കോൻ അച്ചനും മലങ്കര എടവകയിലുള്ള പള്ളികളിലെ വികാരിമാരും ദേശത്തുപട്ടക്കാരും എല്ലാവരുംകൂടി മട്ടാഞ്ചേരിൽ പള്ളിയിൽ വച്ച് നിശ്ചയിച്ച് കല്പിച്ച കാര്യം: അതായത് ശുദ്ധമാന കാതോലിക്കാ പള്ളി കല്പിച്ച് നമുക്കായിട്ട് മലങ്കരയ്ക്ക് യാത്രയാക്കിയ പാത്രിയർക്കീസിനെ ബലത്താലെ മെത്രാനും സാമ്പാളൂർ പാതിരിമാരും കൂടി പിടിച്ച് നമുക്ക് അനുഭവിക്കരുതെന്ന് കല്പിച്ചത്കൊണ്ടും ആ പാത്രിയർക്കീസ് മലങ്കരയ്ക്കു വന്ന് നമ്മുടെ കണ്ണുംമുന്നിൽ കാത്തോളം നേരം (പൊടിവ്) ഇപ്പോൾ മലങ്കര വാഴുന്ന മാർ ഫ്രഞ്ചിയൂസ് മെത്രാൻ നമുക്ക് മെത്രാനല്ല, നാം അയാളുടെ ഇടവകയിലുള്ള പ്രജകളുമല്ല <u>എന്ന് ഒന്മ</u>. ശുദ്ധമാന പള്ളിയുടെ ക്രമത്തിൽ തക്കവണ്ണം നമ്മുടെ എടവക വാഴുവാൻ മേല്പട്ടക്കാരൻ വേണ്ടുന്നതിന് ഇപ്പോൾതൊട്ട് തോമ്മാ അർക്കദിയാക്കോൻ തന്നെ വാണുകൊള്ളുകയും <u>വേണമെന്ന് ഒന്മ</u>. ഇതിന് വിചാരരായിട്ട് കല്ലിശ്ശേരി പള്ളിയിൽ ഇട്ടിത്തൊമ്മൻ കത്തനാരും കടുത്തുരുത്തി പള്ളിയിൽ കടവിൽ ചാണ്ടിക്കത്തനാരും അങ്കമാലി പള്ളിയിൽ വേങ്ങൂർ ഗീവറുഗീസ് കത്തനാരും കുറവിലങ്ങാട്ടു പള്ളിയിൽ പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരും ഇവർ നാലുപേരും വിചാര

ക്കാരായിരുന്നു മൂവ്വാണ്ടിൽ മൂവ്വാണ്ടിൽ കൂടിവിചാരിച്ച് കല്പിച്ചു കൊൾ കയും വേണം എന്ന് ഒന്മ.

ഈ കല്പിച്ച മേക്ക് കടവിൽ ചാണ്ടിക്കത്തനാർ കയ്യെഴുത്ത്."

ഇപ്രകാരം ഒരു ഉടമ്പടി തീർത്ത് ഒപ്പിട്ടപടി എല്ലാവരും ആലങ്ങാട്ട് കൂടി തോമ്മാ അർക്കദിയാക്കോനെ പാത്രിയർക്കീസിന്റെ കല്പന അനുസരിച്ച് മെത്രാനായി വാഴിക്കയും ഇട്ടിത്തൊമ്മൻ കത്തനാർ മുതലായ നാല് കത്തങ്ങളെ ആലോചനക്കാരായി നിയമിക്കുകയും ചെയ്തു" (മലങ്കരസഭയുടെ സമുന്നത സാരഥികൾ, ഫാ. ഡോ. ജോസഫ് ചീരൻ, കെ. വി. മാമ്മൻ, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, കോട്ടയം, 2012, പുറം 66-67).

ഇടവകപത്രികയിലെ മുഖലേഖനമായതിനാൽ ഇതെഴുതിയത് പത്രാധിപരായ ഇ. എം. ഫിലിപ്പ് തന്നെ ആയിരിക്കാം (തന്റെ സഭാചരിത്രത്തിൽ അദ്ദേഹം ഇത് ഉൾപ്പെടുത്തിയിട്ടില്ല). ഫിലിപ്പിന്റെ പൂർവികർ ഇടവഴിക്കൽ പീലിപ്പോസ് കശ്ശീശാ (പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ സ്ഥാപിച്ച കോട്ടയം പഴയസെമിനാരിയിലെ പ്രഥമ ബാച്ചിലെ വിദ്യാർത്ഥി) എഴുത്തുകാരനും സുറിയാനി ഭാഷയിലും സഭാചരിത്രത്തിലും പണ്ഡിതനും ആയിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരത്തിൽ നിന്നാകാം ഇ. എം. ഫിലിപ്പിന് ഈ പടിയോലയുടെ അസ്സൽ കണ്ടുകിട്ടിയത്.

ഇവിടെ പല കാര്യങ്ങൾ ശ്രദ്ധിക്കാനുണ്ട്.

1. പൂർവ്വിക മലങ്കര ക്രിസ്ത്യാനി സമൂഹത്തെ 'സുറിയാനിക്കാർ' എന്ന് മാത്രമാണ് വിവരിച്ചിട്ടുള്ളത്. നസ്രാണികൾ എന്ന് ഒരിടത്തും പരാമർശിച്ചിട്ടില്ല. ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകളിൽ സാർവത്രികമായി കാണുന്ന 'നസ്രാണി' പരാമർശത്തിന്റെ ബോധപൂർവ്വമായ തിരസ്ക്കാരമായി ഈ പ്രയോഗത്തെ കാണാൻ കഴിയും. പൂർവ്വികതയിലേക്ക് മടങ്ങാൻ നിശ്ചയിച്ചപ്പോൾ സുറിയാനി പാരമ്പര്യത്തിന്റെ പശ്ചാത്തലം കൂനൻകുരിശുകാരുടെ മനസ്സിൽ ഉയർന്നുവരിക സ്വാഭാവികം. ചിലർ കരുതുംപോലെ സിറിയൻ സഭയോട് ബന്ധമുള്ളവർ എന്ന് സുറിയാനിക്കാർ എന്ന് വിശേഷിപ്പിച്ചവർ അർത്ഥമാക്കിയിരുന്നില്ല. അവരുടെ ഉപബോധമനസ്സിൽപോലും അക്കാലത്ത് സിറിയൻ സഭയുമായി ബന്ധപ്പെട്ടതിന്റെ അനുഭവങ്ങൾ ഉണ്ടായിരുന്നില്ല. മാർത്തോമ്മാശ്ലീഹാ പാലൂരിൽ നടത്തിയ മതപ്രബോധനത്തിന്റെയും അദ്ദേഹം സ്ഥാപിച്ച പാലൂർ-ചാട്ടുകുളങ്ങര പള്ളിയിലെ ആരാധനയുടെയും മാധ്യമം സുറിയാനി ആയിരുന്നു. യെരുശലേം പശ്ചാത്തലമുള്ള മാർത്തോമ്മാശ്ലീഹാ അരമായ സുറിയാനി പ്രബോധനത്തിനും ആരാധനയ്ക്കും ഉപയോഗിക്കുക സ്വാഭാവികമായിരുന്നു. അദ്ദേഹത്തിന്റെ ശ്രോതാക്കളും പാലൂർ നിവാസികളു

മായ യഹൂദ വ്യാപാരികൾക്ക് സുറിയാനി ഭാഷ അഭിഗമ്യമായിരുന്നു. അങ്ങനെ പാലൂരിൽ ക്രൈസ്തവസഭ രൂപപ്പെട്ടതും പള്ളിയായി രൂപ ഭേദം പ്രാപിച്ച പഴയ സിനഗോഗ് കെട്ടിടത്തിൽ ആരാധന അരങ്ങേറി യതും സുറിയാനി ഭാഷയുടെ പശ്ചാത്തലത്തിലായിരുന്നു. മലങ്കരസഭ ഉപയോഗിച്ചിരുന്നതായി ഉദയംപേരൂർ കാനോനാകളിൽ പരാമർശിക്കുന്ന അകാനോനിക സുവിശേഷവും സുറിയാനിഭാഷയിൽ വിരചിതമായിരുന്നു. ഈ സുറിയാനി പശ്ചാത്തലമാണ് മലങ്കരയിലെ ക്രിസ്ത്യാനികളെ സുറി യാനിക്കാർ എന്ന് വിശേഷിപ്പിക്കുവാൻ കാരണം. ഈ ഉത്ഭവചരിത്രം വേണ്ടത്ര മനസ്സിലാക്കാതെ പിൽക്കാലത്തുണ്ടായ സിറിയൻ സഭയുമാ യുള്ള ബന്ധത്തെ കുറിക്കുന്നതാണ് സുറിയാനിക്കാർ എന്ന തെറ്റിദ്ധാ രണ മൂലം ആ അഭിമാനാർഹമായ പദം നിഷേധിക്കുകയും തൽസ്ഥാ നത്ത് ഇതര മതക്കാർ - പ്രത്യേകാൽ ഇസ്ലാം - പരിഹാസമായി വിളിച്ച നസ്രാണികൾ എന്ന പദം ഈ സഭ സ്വീകരിക്കണമെന്ന് സമ്മർദ്ദം ചെലു ത്തുകയും ചെയ്യുന്ന ഒരു സമീപനം അടുത്തകാലത്തായി വർദ്ധിച്ചുവരു ന്നുണ്ട്. ഭരണഘടനയിൽ സുചിന്തിതമായി നിർവചിച്ച പദങ്ങൾ പോലും പുതിയ തലമുറയിലെ ഗവേഷകർ അവഗണിക്കുകയും അവരുടെ ബാലി ശമായ നിലപാടുകളെ അറിഞ്ഞോ അറിയാതെയോ ഔദ്യോഗിക സഭാ നേതൃത്വം ഏറ്റെടുക്കുകയും ചെയ്യുമ്പോൾ ദുഃഖം തോന്നുന്നു. നമ്മുടെ സഭയുടെ പേർ സഭാഭരണഘടനയിൽ നിർവചിച്ചിട്ടുള്ളത് ഇപ്രകാരമാ ണ്:

"... അതിന്റെ പൂർവ്വികമായ സാക്ഷാൽ പേർ, മലങ്കര ഓർത്ത ഡോക്സ് സുറിയാനി സഭ' എന്നാകുന്നു" (പ്രഖ്യാപനം 3).

ഈ സാക്ഷാൽ പൂർവ്വിക നാമധേയത്തെ നിസാരവത്ക്കരിച്ച് മലങ്കര നസ്രാണികൾ എന്ന് ആവർത്തിച്ച് എഴുതുന്ന ലേഖനങ്ങൾ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് സഭയിലെ അരാജകത്വത്തിന്റെ ലക്ഷണമല്ലേ?

കാതോലിക്കേറ്റിനെപ്പറ്റിയും ഭരണഘടന ഊന്നിപ്പറഞ്ഞ ഒരു പദ പ്രയോഗം ഉത്തരവാദിത്ത സ്ഥാനങ്ങളിൽ വിരാജിക്കുന്നവർ അമ്മാനമാ ടുന്നത് ഈയിടെ കണ്ടു. മലങ്കര സുറിയാനി സഭയിൽ വ്യാപരിച്ചുവരുന്ന കാതോലിക്കേറ്റിനെപ്പറ്റി ഭരണഘടന നിർവചിക്കുന്നതിപ്രകാരമാണ്:

"മലങ്കര ഉൾപ്പെട്ട പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിൽ 1912-ൽ കാതോലിക്കാ സിംഹാസനം പുനഃസ്ഥാപിക്കപ്പെട്ടിട്ടുള്ളതും അന്നു മുതൽ ഈ സ്ഥാപനം പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിൽ വ്യാപരിച്ച് വരുന്നതുമാകുന്നു" (അധ്യായം 5, 90-ാം വകുപ്പ്).

എന്നാൽ കാതോലിക്കേറ്റിന്റെ സുവർണ്ണ ജൂബിലിക്കാലത്തും പ്ലാറ്റിനം ജൂബിലിക്കാലത്തും നിരാക്ഷേപമായി ഉപയോഗിച്ചുവന്ന 'പുനഃസ്ഥാപന' പ്രയോഗം ശതാബ്ദിയായപ്പോൾ വിവാദവിഷയമാവുകയും സഭയുടെ ഔദ്യോഗിക സ്ഥാനികളും പത്രങ്ങളും പോലും ഭരണഘടനാസുസൃത മായ സഭാപ്രയോഗം ഒഴിവാക്കി 'കാതോലിക്കേറ്റ് സ്ഥാപനം' എന്ന വിചിത്രവാദവുമായി പൊരുത്തപ്പെടുകയും ചെയ്തു. ഭരണഘടനയോ ടുള്ള വിധേയത്വം പരസ്യമായി പ്രഖ്യാപിച്ച് അധികാരത്തിൽ പ്രവേശിച്ച സ്ഥാനികൾ തന്നെ ഭരണഘടനാനുസൃതമായ പ്രയോഗങ്ങളെ നിരാക രിച്ച് 'വേലി തന്നെ വിളവു തിന്നുന്ന' അരാജകാവസ്ഥയിലേക്ക് നയിക്കു ന്നത് സഭാസ്നേഹികൾ വേർതിരിച്ചറിയേണ്ടതല്ലേ?).

2. പടിയോലയിലെ രണ്ടാം നമ്പർ തീരുമാനം, അഹത്തള്ളായുടെ അധികാരപത്രം അനുസരിച്ച് തങ്ങൾ (സഭ) വാഴിച്ച മെത്രാൻ - ഒന്നാം മാർത്തോമ്മാ ആയിത്തീർന്ന അർക്കദിയാക്കോൻ തോമ്മാ - തങ്ങൾക്ക് മെത്രാനായിരിക്കുമെന്നാണ്.

പുതിയ ആ മെത്രാനിൽ നിന്ന് ഒന്നാം മാർതോമ്മായുടെ സ്ഥാനം ക്രമീകരിക്കുന്നതുവരെ അദ്ദേഹം മെത്രാനടുത്ത കർത്തവ്യങ്ങൾ ചെയ്തു കൂടാ തുടങ്ങിയ വ്യാഖ്യാനങ്ങളൊന്നും പടിയോലയിലില്ല. വൈദികതല വന്മാരായ പേറെദ്യൂത്തെന്മാർ പട്ടം കൊടുക്കുന്ന പൂർവ്വിക സമ്പ്രദായം പടിയോല എഴുതിയവരുടെ മനസ്സിലുണ്ടായിരുന്നതിനാലാണ് വ്യവസ്ഥ കൾ കൂടാതെ ആ പട്ടംകൊട സഭ പ്രഖ്യാപിച്ചത്. അഹത്തള്ളാ അല ക്സാന്ത്രിയൻ പശ്ചാത്തലമുള്ള മെത്രാൻ ആയതിനാൽ അദ്ദേഹത്തിന് ഈ പൂർവ്വിക ശൈലി അപരിചിതമായിരുന്നില്ല. പിന്നീട് അബ്ദൽ ജലീൽ ഗ്രീഗോറിയോസ് 1665-ൽ വന്നപ്പോൾ ഒന്നാം മാർതോമ്മായുടെ സ്ഥാന ത്തിന് പൂർത്തിയും ക്രമീകരണവും വരുത്തിയതായി യാതൊരു സമ കാല ചരിത്രത്തിലും രേഖയില്ല. ഈ അടുത്തകാലത്ത് പ്രത്യക്ഷപ്പെട്ട ചില പുസ്തകങ്ങളിൽ അപ്രകാരം സ്ഥാനപൂർത്തീകരണം വരുത്തി എന്നും മറ്റും കാണുന്നത് ചരിത്രദൃഷ്ട്യാ അസ്വീകാര്യമാണ്. സ്ഥാന പൂർത്തി വരുത്തിയ സ്ഥലത്തോടൊപ്പം അതിന്റെ തീയതിയും അതിന്റെ ഫോട്ടോയും ആ കർമ്മത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങളും താമസംവിനാ പ്രത്യക്ഷപ്പെട്ടേക്കും. മനോരാജ്യത്തിൽ അർദ്ധരാജ്യം എന്തിന്? എന്ന പഴമൊഴി ഓർമ്മ വരുന്നു.

3. നാലു കാര്യവിചാരക്കാരെ ആലോചനാസമിതിയായി നിയമിച്ചു എന്ന വ്യാഖ്യാനം കുറ്റമറ്റതാണോ എന്ന ഒരു പുനരാലോചനയ്ക്കു സാംഗത്യമുണ്ട്. ഓരോരുത്തർ മൂവ്വാണ്ട് ചുമതലയിലിരിക്കണം എന്നാണ് പടിയോലയിൽ കാണുന്നത്.

മെത്രാൻ മഹാപുരോഹിത സ്ഥാനത്തിന്റെ കർമ്മങ്ങൾ നടത്തുകയും മുമ്മൂന്ന് കൊല്ലത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ഓരോ വൈദികനും അർക്കദിയാക്കോന്റെ കർത്തവ്യങ്ങൾ നിർവഹിക്കുകയും ചെയ്യുക എന്നതാണോ പടിയോല വിവക്ഷിക്കുന്നത്. അങ്ങനെയെങ്കിൽ പുരാതന പേറെദ്‌യൂത്താ പുതിയ മെത്രാനിൽ പുനർജ്ജനിക്കുകയും അർക്കദിയാക്കോൻ സ്ഥാനിക്ക് കാലപരിധി നിശ്ചയിക്കുകയുമാണോ പൂർവ്വികർ പടിയോലയിൽ ചെയ്തത്? അങ്ങനെയെങ്കിൽ അവരുടെ ക്രാന്തദർശിത്വം നമ്മെ അത്ഭുതപ്പെടുത്തുന്നു (കാതോലിക്കാ കാലപരിധിയില്ലാതെ തുടരുകയും മലങ്കരമെത്രാപ്പോലീത്താ കാലപരിധിക്കു വിധേയനാവുകയും ചെയ്യുന്ന ഒരു സഭാദർശനം 17-ാം നൂറ്റാണ്ടിൽ നമ്മുടെ പിതാക്കന്മാർ പുലർത്തിയിരുന്നുവോ?)

ഏതായാലും ഈദൃശ കാര്യങ്ങളെക്കുറിച്ച് മലങ്കരസഭ പ്രഖ്യാപിക്കുന്ന മൂന്ന് കാനോൻ നിശ്ചയങ്ങളായി മട്ടാഞ്ചേരി പടിയോലയെ കാണാവുന്നതാണ്. അത്യാവശ്യം പ്രമാണിച്ച് സഭ നിശ്ചയിക്കുന്നുവെങ്കിൽ പന്ത്രണ്ട് പേറെദ്‌യൂത്തെന്മാർക്ക് ഒരു മെത്രാനെ വാഴിക്കാമെന്ന കാനോൻ ആണ് രണ്ടാം നിശ്ചയത്തിന്റെ ആത്മാവ്. വിദേശാധിപത്യം മലങ്കരസഭ നിരാകരിക്കുന്നു എന്നതാണ് രണ്ടാം നിശ്ചയം പ്രഖ്യാപിക്കുന്ന കാനോൻ. വൈദിക പ്രതിനിധിയുടെ കാലദൈർഘ്യം തെരഞ്ഞെടുപ്പിന് വിധേയമായി 3 വർഷമായിരിക്കണമെന്ന് മൂന്നാം നിശ്ചയം കാര്യങ്ങളെ കാനോൻവത്ക്കരിച്ചിരിക്കുന്നു. മലങ്കരസഭയുടെ ഈ സമ്പൂർണ്ണ സമ്മേളനത്തെ സുന്നഹദോസ് എന്നും അതിന്റെ നിശ്ചയങ്ങളെ കാനോൻ എന്നും വിശേഷിപ്പിക്കുന്നത് ചരിത്രപരമായി സാധൂകരിക്കാവുന്നതാണ്. തോമ്മാ അർക്കദിയാക്കോന്റെ അധ്യക്ഷതയിൽ 1653-ൽ മകരം 3-ന് മട്ടാഞ്ചേരിയിൽ ചേർന്ന മലങ്കര മഹാസുന്നഹദോസിന്റെ കാനോനുകൾ എന്ന് പടിയോലയിലെ മൂന്ന് നിശ്ചയങ്ങൾ ഭാവിയിൽ അറിയപ്പെടണം. പടിയോല കണ്ടെടുക്കപ്പെട്ടതോടെ ഇക്കാര്യത്തിൽ വിശദമായ പഠനവും ചർച്ചയും ആരംഭിക്കുമെന്നതിൽ സംശയമില്ല. പടിയോലയിലെ പ്രതിജ്ഞാവാക്യങ്ങൾ എന്തെന്ന് കൃത്യമായി അറിയാത്തതിനാൽ ഓരോരുത്തരും സ്വകീയ ഭാവനകൾക്കനുസരിച്ച് മട്ടാഞ്ചേരി പടിയോലയെ പുനർ നിർമ്മിച്ചിട്ടുണ്ട്. കാര്യമായ അന്വേഷണം നടത്താതെ ഈവക കാര്യങ്ങളിൽ സഭാചരിത്രകാരന്മാർ നടത്തുന്ന എടുത്തുചാട്ടം ചരിത്രഗവേഷണ ശാഖയിൽ കാര്യമായ ക്ഷതങ്ങൾ ഏല്പിച്ചിട്ടുണ്ട്.

റോമ്മൻ കത്തോലിക്കാ സഭയിലെ ഒരു സന്യാസ വിഭാഗത്തിനെതിരെയാണ് കൂനൻകുരിശ് പ്രതിജ്ഞ നടന്നതെന്നും അതു റോമ്മൻ സഭയെ അപ്പാടെ തള്ളിപ്പറയുന്ന ഒരു സംരംഭമായിരുന്നില്ലെന്നും കത്തോലിക്കാ ചരിത്രകാരന്മാർ വാ തോരാതെ പറയുന്നുണ്ട്. ആ ധാരണയിൽ

പിന്നീട് ചില കർമ്മലീത്താ സന്യാസികൾ കൂനൻകുരിശ് പ്രതിജ്ഞക്കാരെ തിരിച്ചുപിടിക്കാൻ ശ്രമിച്ചിട്ടുമുണ്ട്. സത്യപ്രതിജ്ഞയിലെ ഒന്നാം വാക്യം മാത്രം വിലയിരുത്തിയാൽ ഈ നിരീക്ഷണം ശരിയാണെന്ന് തോന്നാം. എന്നാൽ രണ്ടും മൂന്നും 'ഒന്മ'കൾ പരിശോധിച്ചാൽ, ജെസ്യൂട്ട് നേതൃത്വത്തെ തള്ളിപ്പറയുന്നതോടൊപ്പം സ്വകീയ പൈതൃകത്തിലേക്ക് മടങ്ങാനും നിശ്ചയദാർഢ്യവും സ്വന്തമായ ഒരു സഭാഭരണശൈലി സൃഷ്ടിച്ചെടുക്കുവാനുള്ള കർമ്മവീര്യവും കൂനൻകുരിശു പ്രതിജ്ഞക്കാർ പ്രകടിപ്പിച്ചതായി കാണാം. ഉദയംപേരൂർ സുന്നഹദോസിലെ ഏകാധിപത്യപരമായ നേതൃത്വത്തെ നിഷേധിക്കുവാൻ അവർ അവസരം പാർത്തിരിക്കുകയായിരുന്നു എന്ന് വ്യക്തം. അഹത്തള്ളായുടെ ദൗർഭാഗ്യകരമായ അന്ത്യം ഒരു നിമിത്തമായിത്തീർന്നു എന്ന് മാത്രം. ഉദയംപേരൂരിൽ ബന്ധനം വരിച്ചവരിൽ ബഹുഭൂരിഭാഗവും കൂനൻകുരിശു സത്യത്തിൽ പങ്കാളികളായി എന്ന ചരിത്രസത്യം ഇതാണ് പ്രഖ്യാപിക്കുന്നത്. 53 വർഷത്തെ ക്ഷമാപൂർവമായ സഹനംകൊണ്ടും ആത്മാഭിമാനക്ഷതം കൊണ്ടും ഉള്ളിലെ അഗ്നി കെട്ടുപോയില്ല എന്ന് സാരം.

മട്ടാഞ്ചേരി പടിയോല പ്രദർശിപ്പിച്ച സ്വാതന്ത്ര്യാഭിവാഞ്ഛയെ പൂർത്തീകരിക്കുവാനും സഫലമാക്കുവാനും മലങ്കര സുറിയാനി സഭയ്ക്ക് കഴിഞ്ഞുവോ? 'പട പേടിച്ച് പന്തളത്ത് ചെന്നപ്പോൾ പന്തം കൊളുത്തിപ്പട' എന്ന പഴഞ്ചൊല്ലിനെ അനുസ്മരിപ്പിക്കുന്ന അനുഭവങ്ങളാണോ മലങ്കര സുറിയാനി ക്രിസ്ത്യാനികളെ കാത്തിരുന്നത്? അതിനിടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു? അടുത്ത ചർച്ചയിൽ ഈ വക വിഷയങ്ങളാണ് നമ്മുടെ അന്വേഷണത്തിന് വിഷയമാകുന്നത്.

### 3. പുതിയകാവ് പടിയോല

മട്ടാഞ്ചേരി പടിയോലയിലൂടെ റോമ്മൻ കത്തോലിക്കാ സഭയുടെ ക്രൂരമായ നുകത്തിൽ നിന്ന് സ്വാതന്ത്ര്യം നേടിയ മലങ്കര സുറിയാനിക്കാർ പ്രവേശിച്ചത് ശൂന്യതയിലേക്കല്ല; 1599-ലെ ഉദയംപേരൂർ സുന്നഹദോസിന് മുമ്പ് മലങ്കരയിൽ നിലവിലിരുന്ന പൂർവ്വികവും അപ്പോസ്തോലികവുമായ പൈതൃകത്തിലേക്കാണ്. അപ്പോസ്തോലന്മാരും അവരിൽ നിന്ന് കൈവെപ്പ് സ്വീകരിച്ച ആദ്യ പുരോഹിതസ്ഥാനികളും പ്രാപിച്ച നൽവരം എന്ത് എന്ന് നിഷ്കൃഷ്ടമായി നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. അവർ എപ്പിസ്ക്കോപ്പന്മാർ ആയിരുന്നു എന്ന് എപ്പിസ്ക്കോപ്പൽ സഭകളും പ്രസ്ബിറ്റർമാർ ആയിരുന്നു എന്ന് പ്രസ്ബിറ്റീരിയൻ സഭകളും ആണയിട്ടു പറയുന്നുണ്ട്. ഈ രണ്ട് അവകാശവാദങ്ങളും ഭാഗിക സത്യങ്ങളാണെന്ന നിരീക്ഷണമാണ് കൂടുതൽ ശരിയായിട്ടുള്ളത്. വേദപുസ്തകത്തിന്റെ മലയാള പരിഭാഷയിൽ ഈ സ്ഥാനികളെ 'അധ്യക്ഷൻ'

എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ആരാണ് അധ്യക്ഷൻ? ലളിതമായി പറഞ്ഞാൽ വിശുദ്ധ കൂദാശകളിൽ പ്രധാന കാർമ്മികത്വം വഹിക്കുന്ന ആളാണ് അധ്യക്ഷൻ. പ്രധാന കൂദാശകൾ വിശുദ്ധ കുർബ്ബാനയും വിശുദ്ധ മാമ്മൂദീസായും ആയതിനാൽ അതിന്റെ കാർമ്മികത്വം വഹിക്കുന്ന ആളാണ് ആരാധനയിലെ അധ്യക്ഷൻ. ഇത് ബിഷപ്പ് ആണ് എന്ന വാദഗതിയുള്ളതായി നമുക്കറിയാം. എന്നാൽ കശ്ശീശായെ ആരാധനയുടെ അധ്യക്ഷനും ബിഷപ്പിനെ മേലദ്ധ്യക്ഷനും എന്ന് നിർവചിക്കുന്നതാവും കൂടുതൽ ശരി. പദനിഷ്പത്തി വ്യക്തമാക്കുംപ്രകാരം എപ്പിസ്ക്കോപ്പാ മേലന്വേഷണം നിർവഹിക്കുന്ന സ്ഥാനിയാണ്. ഇടവകകളിലെ അധ്യക്ഷസ്ഥാനികളായ കശ്ശീശന്മാരുടെ മേലധ്യക്ഷനും അവരുടെ മേലന്വേഷകനുമാണ് ബിഷപ്പ് എന്ന ചിന്തയ്ക്ക് കൂടുതൽ വ്യക്തതയുണ്ട്. സുറിയാനി പാരമ്പര്യത്തിലും ഈ നിലപാടിന് വ്യക്തതയും സാധുതയുമുണ്ട്. അവിടെ കൂദാശയിലെ കാർമ്മികനെ 'കൊഹനോ' എന്നാണ് പരാമർശിച്ചിട്ടുള്ളത്. ആദിമസഭയുടെ ക്രമീകരണത്തെപ്പറ്റി സുറിയാനി സഭ ശനിയാഴ്ചയിലെ മൂന്നാം മണിയുടെ നമസ്ക്കാരത്തിൽ പരാമർശിക്കുന്നത് 'കൊഹനേ വമ് ശെമ്ശോനെ ദ് ശമശുക് മോറാൻ' എന്നാണ്. കൂദാശാനുഷ്ഠാനത്തിന് കൊഹനേന്മാരും അവരെ സഹായിക്കുവാൻ ശെമ്മാശന്മാരും ഉള്ളത് ആദിമസഭയുടെ വൈദിക സംവിധാനം എന്ന് ശ്ഹീമാ നമസ്ക്കാരത്തിൽ സുറിയാനി സഭ പ്രഖ്യാപിക്കുന്നു. അവിടെ കശീശാ – എപ്പിസ്ക്കോപ്പാ എന്ന വിഭജനമില്ല. കഹനേന്മാർ എല്ലാ കൂദാശകളും നടത്തുവാൻ നൽവരമുള്ളവരാണ്. പിന്നീടാണ് കശീശാ – എപ്പിസ്ക്കോപ്പന്മാർ എന്ന് വിഭജനം ഉണ്ടാവുന്നത്. സുറിയാനിയിൽ ഈ വിഭജനം അറിയപ്പെടുന്നത് കൊഹനേ-റീശ് കൊഹനേ എന്നാണ്. അതായത് കൊഹനേന്മാരും പ്രധാന കൊഹനേന്മാരും ഇടവകതലത്തിൽ കൂദാശകൾക്ക് അധ്യക്ഷത വഹിക്കുന്നത് കാശീശോ എന്നും കൊഹനോ എന്നും വിശേഷിപ്പിക്കുന്ന സ്ഥാനിയാണ്. മേൽനോട്ടക്കാരനായ എപ്പിസ്ക്കോപ്പാ – റീശ് കൊഹനേ – പ്രവിശ്യയുടെ മേലധ്യക്ഷത വഹിക്കുന്നു. ഈ വിഭജനം പ്രയോഗത്തിൽ വരുത്തുമ്പോൾ ചില അധികാരവിഭജനവും സഭകൾ നടത്തിയിട്ടുണ്ട്. അതിന്റെ ഫലമായാണ് ചില കൂദാശകൾ മേലധ്യക്ഷന്മാർ മാത്രം നടത്തിയാൽ മതിയെന്ന് പിൽക്കാല സഭകൾ പല കാലങ്ങളിലൂടെ നിശ്ചയിച്ച് നടപ്പിലാക്കിയിരിക്കുന്നത്. ആ നിശ്ചയങ്ങൾ അതത് സഭകൾക്ക് മാത്രം ബാധകമായ നിശ്ചയങ്ങൾ എന്നേ പറയാനാവൂ. എല്ലാ മെത്രാപ്പോലീത്തന്മാരും മേല്പട്ടസ്ഥാനികളെ വാഴിക്കുവാനും മൂറോൻ കൂദാശ നിർവഹിക്കുവാനും അധികാരപ്പെട്ടവരാണെന്ന് ഹൂദായ കാനോൻ പ്രഖ്യാപിക്കുമ്പോഴും ആ അധികാരം കാതോലിക്കായ്ക്ക് മാത്രമുള്ളതാണെന്ന് 1934-ലെ ഭരണഘടനയിലൂടെ മലങ്കരസഭ പ്രഖ്യാപിച്ചുവല്ലോ. മലങ്കരസഭയുടെ ഈ തീരുമാനം മറ്റു സഭകൾ സ്വീകരിക്ക

ണമെന്ന് നിർബന്ധിക്കുവാൻ നമുക്ക് ഒരവകാശവുമില്ല. മലങ്കരസഭയുടെ ഭരണഘടന അപ്രകാരം തീരുമാനിക്കുമ്പോഴും ശേഷം മെത്രാന്മാർക്ക് ആ നൽവരം ഇല്ല എന്ന സൂചന അസംഗതമാണ്. മെത്രാന്മാരുടെ തലവൻ എന്ന നിലയിൽ ആ ക്രിയകൾ കാതോലിക്കായോ സുന്നഹദോസിന്റെ അധ്യക്ഷനോ നിർവഹിച്ചാൽ മതിയാകും എന്നത് ഭരണപരമായ ഒരു ക്രമീകരണം മാത്രമാണ്. ഭരണത്തിൽ മാത്രമല്ല, ആരാധനകളിലും അപ്രകാരം ചില ക്രമീകരണങ്ങളുണ്ട്. കാതോലിക്കാ സന്നിഹിതനാകുന്ന അവസരത്തിൽ ശേഷം മേല്പട്ടക്കാർ 'ശുബഹോ' ചൊല്ലുകയോ ധൂപക്കുറ്റിയിൽ കുന്തുരുക്കം ഇടുകയോ ചെയ്യാതിരിക്കുന്നത് ഇപ്രകാരമുള്ള ക്രമീകരണത്തിന്റെ ഭാഗമായിട്ടാണ്. നൽവര നിഷേധമായി ഇതിനെ വ്യാഖ്യാനിക്കുന്നത് ബാലിശമല്ലേ? അതുപോലെ മേല്പട്ടക്കാർ സന്നിഹിതരായിരിക്കുമ്പോൾ പട്ടക്കാർ 'ശുബഹോ' ചൊല്ലുകയില്ല. ധൂപക്കുറ്റിയിൽ കുന്തുരുക്കം ഇടുന്നുമില്ല. ഇതും നൽവര നിഷേധമായി കാണേണ്ടതില്ല. ക്രമീകരണം മാത്രമാണ്. വി. മൂറോൻ കൂദാശയിൽ പ. സുന്നഹദോസിന്റെ സാന്നിദ്ധ്യത്തിൽ കശ്ശീശന്മാർ കുന്തുരുക്കം അർപ്പിക്കുന്നത് ഇവിടെ ഓർക്കാവുന്നതാണ്. മേല്പട്ടക്കാർ സന്നിഹിതരാകുമ്പോൾ കാശീശന്മാരും കാതോലിക്കാ സന്നിഹിതനാകുമ്പോൾ മേല്പട്ടക്കാരും മേൽസ്ഥാനിയുടെ ബഹുമതിക്കായി തങ്ങളുടെ നൽവരങ്ങൾ പ്രയോഗിക്കാതിരിക്കുന്നു എന്ന വ്യാഖ്യാനമാണ് കൂടുതൽ ശരി എന്ന് തോന്നുന്നു.

കഹനേന്മാർ പട്ടംകൊടുക്കുന്ന അപ്പോസ്തോലിക പാരമ്പര്യം നാലാം നൂറ്റാണ്ടു വരെ അനുവർത്തിച്ചുപോന്ന സഭയാണ് അലക്സാന്ത്രിയൻ സഭ എന്നതിന് വ്യക്തമായ തെളിവുകളുണ്ട്. അലക്സാന്ത്രിയൻ സഭയുടെ സംസർഗ്ഗത്തിൽ വളർന്ന മലങ്കരസഭ ഈ വിശിഷ്ട പാരമ്പര്യം സ്വീകരിക്കുകയും നിലനിർത്തിപോരുകയും ചെയ്തു എന്നത് സംഭവ്യവും സാധുവുമാണ്. നാലാം നൂറ്റാണ്ടിൽ അലക്സാന്ത്രിയൻ സഭയിൽ ഈ സ്ഥിതി മാറി എങ്കിലും മലങ്കരസഭ പൂർവീകസ്ഥിതിയിൽ തുടരുകയാണ് ചെയ്തത്. അത് മലങ്കരസഭയുടെ അവകാശവുമാണ്. പിന്നീട് ആ പദവി പ്രധാന പുരോഹിതന്മാർക്കായി പരിമിതപ്പെടുത്തുകയും പ്രധാനപുരോഹിതന്മാരെ പേറെദ്യൂത്തെന്മാർ എന്ന് നാമകരണം ചെയ്യുകയും ചെയ്തപ്പോൾ മലങ്കരസഭ ആ പൂർവ്വികതയെ നിയമവത്ക്കരിക്കുകയായിരുന്നു. പില്ക്കാല സഭയുടെ വളർച്ചയിൽ ഇതരസഭകളിൽ നിന്ന് ചിലപ്പോഴൊക്കെ വന്ന മെത്രാന്മാരെ മലങ്കരസഭ പരിചയപ്പെട്ടു അവരിൽ നിന്ന് അവരുടെ ഹിതപ്രകാരം കൈവെപ്പ് സ്വീകരിച്ചു എങ്കിലും മലങ്കരസഭയുടെ സ്വകീയത അവർ നഷ്ടപ്പെടുത്തിയില്ല. 17-ാം നൂറ്റാണ്ടിൽ പോലും പേറെദ്യൂത്തെന്മാർ കുറഞ്ഞപക്ഷം കണ്ടനാട്, മുളന്തുരുത്തി, അങ്കമാ

ലി, വടക്കൻപറവൂർ തുടങ്ങിയ പള്ളികളിൽ ഉണ്ടായിരുന്നതായി രേഖകൾ ലഭ്യമാണ്. ഈ പൂർവ്വികതയിലേക്ക് മടങ്ങുവാനുള്ള നിശ്ചയമാണ് മട്ടാഞ്ചേരി പടിയോലയുടെ രണ്ടാം 'ഒന്മ'യിൽ കാണുന്നത്.

ഈ പടിയോലയിലെ രണ്ടാം നമ്പർ കാനോൻ നിശ്ചയമനുസരിച്ച് ആലങ്ങാട് വച്ച് അർക്കദിയാക്കോൻ തോമ്മായെ, തോമ്മാ എപ്പിസ്ക്കോപ്പാ എന്ന പേരിൽ പന്ത്രണ്ടു പേറെദ്യൂത്തെന്മാർ ചേർന്ന് വാഴിച്ചു. നേരത്തെ കഹനൂസായുടെ നൽവരം കശ്ശീശാപട്ടമേറ്റപ്പോൾ സ്വീകരിച്ച അർക്കദിയാക്കോൻ തോമ്മായ്ക്ക് മെത്രാൻ വാഴ്ചയിൽ പട്ടംകൊടയുടെ ശുശ്രൂഷ ആവശ്യമുണ്ടായിരുന്നില്ല. സിംഹാസനാരോഹണം മാത്രമേ ആവശ്യമുണ്ടായിരുന്നുള്ളൂ (കശ്ശീശാ പട്ടം നൽകുമ്പോഴും എപ്പിസ്ക്കോപ്പാ പട്ടം നൽകുമ്പോഴും നൽകുന്ന നൽവരം കഹനൂസായുടേതാണ്. പടിപടിയായുള്ള പട്ടംകൊടകൾ സഭയിൽ ഏർപ്പെടുത്തിയത് ബാർ എബ്രായ ആണെന്ന് ഹൂദായ കാനോൻ വിശദീകരിക്കുന്നുണ്ട്. അതിന് മുമ്പ് ദയറായുടെ അംഗത്വം നേടിയ അവൈദികനെ ആവശ്യാനുസരണം ശെമ്മാശനോ കശ്ശീശായോ എപ്പിസ്ക്കോപ്പാ ആയോ നേരിട്ട് പട്ടം കൊടുക്കുന്ന രീതിയുണ്ടായിരുന്നതാണ്. ആ ശൈലിയിലാണ് നമ്മുടെ പട്ടംകൊടക്രമങ്ങൾ രചിച്ചിട്ടുള്ളത്. പടി പടിയായുള്ള ഇന്നത്തെ പട്ടംകൊട സമ്പ്രദായം ആവിഷ്ക്കരിച്ചപ്പോൾ പല ക്രിയകളും ഗാനങ്ങളും ചടങ്ങുകളും ഒരേ സ്ഥാനാർത്ഥിയുടെ മേൽ നടത്തേണ്ടി വരുന്നത്, പടി പടിയായി പൗരോഹിത്യ സ്ഥാനം പ്രാപിക്കുന്ന ശൈലി ആവിഷ്ക്കരിച്ചപ്പോൾ തദനുസരണമായി പട്ടംകൊടക്രമങ്ങൾ എഡിറ്റ് ചെയ്യാതിരുന്നതിനാലാണ്. കശ്ശീശായുടെ പട്ടമേറ്റ ആൾ എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് വരുമ്പോൾ സിംഹാസനാരോഹണ ശുശ്രൂഷയും അംശവടിദാനവും മാത്രമേ നടത്തേണ്ടതുള്ളു. പട്ടംകൊടയുടെ മുദ്രണം ആവർത്തിക്കപ്പെടാവുന്നതല്ല. കശ്ശീശാ പട്ടംകൊടയിൽ കഹനൂസായുടെ മുദ്രണം ഏറ്റ ആളുടെ മേൽ കഹനൂസായുടെ മുദ്രണം എപ്പിസ്ക്കോപ്പൽ ശുശ്രൂഷയിൽ ആവർത്തിക്കപ്പെടേണ്ടതാണോ എന്നത് ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഉപയോഗിക്കാനാവാം സുന്ത്രോണിസോ എന്ന ശുശ്രൂഷക്രമം രചിക്കപ്പെട്ടത്. ഏതായാലും ഒന്നാം മാർത്തോമ്മായ്ക്ക് പന്ത്രണ്ട് പേറെദ്യൂത്തെന്മാർ ചേർന്ന് നടത്തിയത് സിംഹാസനാരോഹണ ശുശ്രൂഷ മാത്രമാകാനാണ് സാധ്യത എന്ന് തോന്നുന്നു.

ചരിത്രപരമായും കാനോനികമായും ഈ എപ്പിസ്ക്കോപ്പൽ സിംഹാസനാരോഹണം അന്യൂനം ആയിരുന്നു എങ്കിലും തങ്ങൾ അന്ന് ശീലിച്ചതിൽ നിന്നു വ്യത്യസ്തമായിരുന്നതിനാൽ ഒന്നാം മാർതോമ്മായുടെ സ്ഥാനാരോഹണം വ്യർത്ഥമെന്ന് റോമ്മൻ ക്യാമ്പുകൾ വിപുലമായ പ്രചാരവേല നടത്തി.

പ്രചാരണകലയുടെ കാര്യത്തിൽ അഗ്രഗണ്യന്മാരായ എതിരാളികൾക്ക് സുറിയാനി സമുദായത്തിൽ വിരുദ്ധമുണ്ടാക്കുവാൻ കഴിഞ്ഞു. കൂദാശകളുടെ നിർവഹണത്തിന് സാധുവായ കൈവെപ്പ് അനിവാര്യമാകയാൽ ഒന്നാം മാർത്തോമ്മായുടെ കൈവെപ്പിന് ന്യൂനതയുണ്ടെങ്കിൽ അത് കൂദാശ നിർവ്വഹണത്തെ ബാധിക്കുമല്ലോ എന്ന് അവർ ന്യായമായും ഭയപ്പെട്ടു. മട്ടാഞ്ചേരിയിലെ കൂനൻകുരിശ് പ്രതിജ്ഞയിൽ പങ്കെടുത്ത അനേകംപേർ ഇതോടെ ചഞ്ചലചിത്തരായി പ്രതിജ്ഞയ്ക്ക് വിരുദ്ധമായ നിലപാട് എടുത്തതോടെ മലങ്കര സുറിയാനിക്കാർ അങ്കലാപ്പിലായി. തങ്ങളുടെ നിലപാടിന്റെ സാധുത മാലോകരെ ബോധ്യപ്പെടുത്താനാകാതെ വന്നതിന്റെ നൈരാശ്യം അവരിൽ കാണാമായിരുന്നു. അതോടൊപ്പം ആകർഷണീയമായ പ്രലോഭനങ്ങൾ മറുഭാഗം ലോഭം കൂടാതെ വിതറിയിരുന്നതും അനേകരെ പിന്തിരിയാൻ പ്രേരിപ്പിച്ചു.

ചരിത്രകാരൻ എഴുതുന്നു:

"ആലങ്ങാട് വച്ച് നടന്ന ഈ എപ്പിസ്ക്കോപ്പൽ സിംഹാസനാരോഹണത്തെ അസാധു എന്ന് കത്തോലിക്കർ വിപുലമായ പ്രചാരവേല അഴിച്ച് വിട്ടതിന് ഫലമുണ്ടായി. കൂനൻകുരിശിലെ പ്രതിജ്ഞയിൽ പങ്കെടുത്ത പലരും അചിരേണ ഒന്നാം മാർത്തോമ്മായെ കൈവിട്ടു. പിന്നീട് ഒന്നാം മാർത്തോമ്മാ അഭിമുഖീകരിക്കേണ്ടി വന്ന പീഡനങ്ങൾ നിരവധിയായിരുന്നു. റോമ്മൻ ക്യാമ്പിന് നേതൃത്വം നൽകുവാൻ കർമ്മലീത്താ സന്യാസികൾ റോമ്മിൽ നിന്ന് അയക്കപ്പെട്ടിരുന്നു. ഫിലിപ്പ് എഴുതുന്നു: 'അവർ പ്രധാന സ്ഥലങ്ങളിൽ എല്ലാം യോഗം കൂടുകയും നേതാക്കന്മാരുമായി വാദപ്രതിവാദം നടത്തുകയും ചെയ്തു. അതിന്റെ ഫലമായി മാർതോമ്മായുടെ സ്ഥാനസാധുത്വത്തെ സംബന്ധിച്ച് ജനതതിയ്ക്കുണ്ടായിരുന്ന സംശയത്തെ മുൻനിർത്തി 'വേല' ചെയ്യുന്നത് കൂടുതൽ ഫലപ്രദമെന്ന് അവർ കണ്ടുപിടിച്ചു. ആത്മീയ ആവശ്യങ്ങൾക്ക് നിദാനമായി ശരിയായ കൈവെപ്പ് ലഭിച്ചിട്ടില്ലാത്ത ഒരു മെത്രാനെ ആശ്രയിക്കുന്നതിന്റെ ഭവിഷ്യൽ ഫലങ്ങളെപ്പറ്റി നയത്തോടും തുടർച്ചയായും സംസാരിച്ച് സുറിയാനിക്കാരിൽ ഗണ്യമായ ഒരു വിഭാഗത്തിന്റെ ഹൃത്തടങ്ങളിൽ അവർ ബലമായ ഒരു സംശയത്തെ ഉൽപ്പാദിപ്പിച്ചു. ഇതിനാലും ധാരാളമായ ധനവിതരണത്താലും കൂനൻകുരിശിങ്കൽ വച്ച് ചെയ്ത സത്യത്തെ അവഗണിച്ച്, മെത്രാന്റെ ഉപദേഷ്ടാക്കളായി തെരഞ്ഞെടുക്കപ്പെട്ടവരിൽ രണ്ടു പേരെപ്പോലും അവർ വശീകരിച്ചു. ..... ഒടുവിൽ ഒരു കർമ്മലീത്താപ്പട്ടക്കാരനായ ഫ്രയർ ജോസഫിനെ മലയാളത്തിന്റെ വികാരി അപ്പോസ്തോലിക്കാ (മെത്രാൻ) ആയി അഭിഷേകം ചെയ്തു. അദ്ദേഹം മാർത്തോമ്മായുമായി ആലോചനകൾ നടത്തുകയും അദ്ദേഹത്തെ യുക്തിവാദത്താലും സമ്മാനത്താലും വശപ്പെടുത്തുവാൻ ശ്രമിക്കുകയും

ചെയ്തു. സ്വപ്രയത്നം വിഫലമായി ഭവിച്ചപ്പോൾ അദ്ദേഹം ഏതദേശീയ രാജാക്കന്മാരുടെ സഹായത്തെ അർത്ഥിച്ചു. അവരിൽ പലരും വിശിഷ്യ പൊറക്കാട്ടിലെ ഭരണാധിപനും മറ്റും താന്താങ്ങളുടെ രാജ്യസീമയിലിരുന്ന സുറിയാനിക്കാരെ വികാരി അപ്പോസ്തോലിക്കാ എന്ന മെത്രാന് അധീനപ്പെടുത്തുന്നതിന് നിർബന്ധിച്ചു. ഇപ്രകാരം ഏതദ്ദേശീയ ഭരണാധിപന്മാരുടെ സഹായത്തെ ആലംബമാക്കിക്കൊണ്ട് ജോസഫ് മെത്രാൻ, മാർതോമ്മായെ പിടിക്കുവാൻ ഓരോ പള്ളിയിലും അന്വേഷിച്ചു. മാർതോമ്മായെ പിടിച്ച് പോർച്ചുഗീസുകാരെ ഏൽപിക്കാത്തപക്ഷം വലിയ പിഴ ശിക്ഷ ചെയ്യുന്നതാണെന്ന് മുളന്തുരുത്തി, കണ്ടനാട് മുതലായ പള്ളി ഇടവകക്കാർക്ക് കൊച്ചി രാജാവ് ഉത്തരവ് കൊടുത്തു " (ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും, പുറം 272-274).

"ഇതിനുശേഷം കുറേക്കാലം മാർത്തോമ്മാ മലയോരങ്ങളിലും മറ്റ് അജ്ഞാത കേന്ദ്രങ്ങളിലും ഒളിച്ചു പാർത്തു. ഒടുവിൽ മാർതോമ്മാ ശ്ലീഹാ സ്ഥാപിച്ച പാലൂർ ചാട്ടുകുളങ്ങര പള്ളിയിൽ അദ്ദേഹം ഒളിച്ചു പാർത്ത കാലത്ത് തലപ്പള്ളി രാജാക്കന്മാരിൽ ഉൾപ്പെട്ട ചിറളയം രാജാവും മണക്കുളം രാജാവും അദ്ദേഹത്തിന് സഹായം വാഗ്ദാനം ചെയ്തു (കൊച്ചിയുടെ ഈ വടക്കൻ ഭാഗം അക്കാലത്ത് സാമൂതിരിയുടെ ഭരണത്തിൻകീഴിലായിരുന്നതിനാൽ അവർക്ക് കൊച്ചിരാജാവിന്റെ കല്പന അവഗണിക്കാൻ കഴിഞ്ഞു). വിശ്വസ്ത ആശ്രിതരായ പാലൂർ-ചാട്ടുകുളങ്ങര പ്രദേശത്തുള്ള പ്രജകളുടെ ആവശ്യമെന്ന നിലയിൽ മാർതോമ്മായുടെ സുരക്ഷിതത്വത്തിന് അവർ ഉയർന്ന പരിഗണന രഹസ്യമായി നൽകി (ഇടവകയിൽ ഒരു ന്യൂനപക്ഷം കത്തോലിക്കാ പക്ഷപാതികൾ ആയിരുന്നു). തങ്ങളുടെ അധീനതയിൽപ്പെട്ട പൊന്നാനി തുറമുഖം വഴി ബെസ്രാ, അലക്സാന്ത്രിയ തുടങ്ങിയ തുറമുഖങ്ങളിലേക്ക് മാർത്തോമ്മായുടെ സഹായാഭ്യർത്ഥന അയച്ചുകൊടുക്കുവാൻ തലപ്പള്ളി രാജാക്കന്മാർ ആവശ്യമായ സഹായം രഹസ്യമായി നൽകി. മാർത്തോമ്മായുടെ അപേക്ഷകൾ അല്പം വൈകിയാണെങ്കിലും യെരുശലേമിൽ എത്തി. .... ഒടുവിൽ മലങ്കരസഭയുടെ നിലവിളി ദൈവം കേട്ടു. ... 1663-ൽ ഡച്ചുകാർ കൊച്ചിയിലെ പോർച്ചുഗീസ് താവളം കീഴ്പ്പെടുത്തി. പോർച്ചുഗീസുകാരെ കേരളത്തിൽ നിന്ന് പുറത്താക്കുവാൻ ഡച്ചുകാർ നിശ്ചയിച്ചു. .... വിദേശികളായ എല്ലാ മിഷനറിമാരും എത്രയുംവേഗം കൊച്ചി വിടണം എന്ന് സുഗ്രീവാജ്ഞ പുറപ്പെടുവിച്ചു. ആർച്ച്ബിഷപ്പ് ജോസഫ് സെബസ്ത്യാനി കേരളത്തോട് യാത്ര പറയുവാൻ നിർബ്ബദ്ധനായ സാഹചര്യത്തിൽ, പറമ്പിൽ ചാണ്ടിക്കത്തനാരെ മെത്രാൻ സ്ഥാനത്ത് അവരോധിച്ചു. ... ഡച്ചുകാർ പോർച്ചുഗീസുകാരെ തുരത്തിയതോടെ അവർ തുറമുഖങ്ങളിൽ ഏർപ്പെടുത്തിയിരുന്ന ഉപരോധം ദുർബ്ബലമായി. ഈ അനുകൂലമായ

കാലാവസ്ഥ പൊന്നാനി തുറമുഖം വഴി ഗ്രഹിച്ചിട്ടാകാം യെരുശലേമിൽ നിന്ന് ഒരു മെത്രാൻ 1665-ൽ പൊന്നാനി തുറമുഖത്തെത്തി (ഫാ. റോയി കൊച്ചാട്ട്, മാർ ഗ്രിഗോറിയോസ് സുവനീർ, വടക്കൻപറവൂർ, പുറം 10). പാലൂർ-ചാട്ടുകുളങ്ങര ഇടവകയിൽ താമസിച്ചിരുന്ന ഒന്നാം മാർത്തോമ്മായെ സന്ധിക്കുവാനായിട്ടാണ് അദ്ദേഹം പൊന്നാനിയിൽ കപ്പലിറങ്ങിയത്. കരാർപ്രകാരം കപ്പൽക്കാർക്ക് യാത്രാചിലവ് പാലൂർ-ചാട്ടുകുളങ്ങര പള്ളിക്കാർ നൽകണമായിരുന്നു. അവർ അത് നൽകി. എന്നാൽ ഡച്ചുകാർ പോർച്ചുഗീസുകാരെ തുരത്തിയതിനെ തുടർന്ന് 1664-ൽ ഒന്നാം മാർത്തോമ്മാ ഒളിത്താവളം വിട്ട് കൊച്ചിയിലേക്ക് യാത്രയായിരുന്നു. തന്മൂലം യെരുശലേം മെത്രാൻ മാർ ഗ്രിഗോറിയോസും അദ്ദേഹത്തോടുകൂടി വന്ന രണ്ട് സന്യാസിവൈദികരും കൊച്ചിയിലേക്ക് യാത്രയായി. കൊച്ചി തുറമുഖവുമായി വ്യാപാരാർത്ഥം നിരന്തരം ബന്ധപ്പെട്ടിരുന്ന പനക്കൽ കുടുംബനായകനാണ് മെത്രാനെയും സംഘത്തെയും കൊച്ചിയിലേക്ക് അനുഗമിച്ചത്. വ്യാപാരം മുഖ്യതൊഴിലാക്കിയ കുന്നംകുളം ക്രിസ്ത്യാനികളുടെ ഉടമസ്ഥതയിലായിരുന്ന ചാവക്കാട് തുറമുഖത്തുനിന്ന് (1800-ലെ ഫ്രാൻസിസ് ബുക്കാനന്റെ സാക്ഷ്യം ശ്രദ്ധേയം) കൊച്ചിയിലേക്കുള്ള യാത്ര അപകടരഹിതമായിരുന്നു (ഫാ. ഡോ. ജോസഫ് ചീരൻ, മലങ്കരസഭയുടെ സമുന്നത സാരഥികൾ, പുറം 77, 78).

(യെരുശലേമിൽ നിന്ന് 1665-ൽ പൊന്നാനി തുറമുഖം വഴി മലങ്കര സഭയിലെത്തിയ മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീൽ അന്ത്യോഖ്യൻ സഭയുടെ യെരുശലേം പാത്രിയർക്കീസ് ആണെന്ന് രണ്ടു നൂറ്റാണ്ടിന് ശേഷം 20-ാം നൂറ്റാണ്ടിലുണ്ടായ വിലയിരുത്തൽ അബദ്ധപൂർണ്ണമാണെന്ന് ഈയിടെ അദ്ദേഹത്തിന്റെ സ്ഥാത്തിക്കോൻ ഈ ഗ്രന്ഥകാരൻ തൊഴിയൂർ ഭദ്രാസന ഗ്രന്ഥപ്പുരയിൽ നിന്നു കണ്ടെടുത്തതോടെ തെളിഞ്ഞിട്ടുണ്ട്. ആ സ്ഥാത്തിക്കോൻ മാർ ഗ്രിഗോറിയോസിനെ പാത്രിയർക്കീസ് എന്നല്ല, മെത്രാപ്പോലീത്താ എന്നാണ് പരാമർശിച്ചിട്ടുള്ളത്. ഹൂദായ കാനോൻ പ്രകാരം അന്ത്യോഖ്യൻ സഭയ്ക്ക് ബന്ധമുള്ള യരുശലേമിന്റെ അഞ്ചാം പാത്രിയർക്കീസ് മെത്രാപ്പോലീത്താ അല്ല; കൈസര്യായിലെ മെത്രാപ്പോലീത്തായുടെ ഭരണസീമയിൽപ്പെട്ട എപ്പിസ്ക്കോപ്പാ മാത്രമാണ് യരുശലേം നഗരത്തിൽ അർമ്മീനിയൻ, ഗ്രീക്ക്, സിറിയൻ, കോപ്റ്റിക്, കാൽഡിയോ-കാത്തലിക്ക് തുടങ്ങിയ പല സഭകളുടെയും ആസ്ഥാനങ്ങൾ ഉണ്ടായിരുന്നു. മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീൽ മെത്രാപ്പോലീത്തായുടെ വേഷവിധാനം, തക്സാ, കല്പനകൾ തുടങ്ങിയവ പരിശോധിച്ച ഈ ഗ്രന്ഥകാരൻ അദ്ദേഹം കാൽഡിയോ-കാതലിക് സഭയുടെ മെത്രാപ്പോലീത്താ ആണ് എന്ന് വിശ്വസിക്കുന്നു. ഈ ഗ്രന്ഥകാരന്റെ സഭാചരിത്രങ്ങളിൽ ഈ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്.)

കൊച്ചിയിലെത്തിയ അബ്ദൽ ജലീൽ മാർ ഗ്രിഗോറിയോസ് ഒന്നാം മാർത്തോമ്മായുമായി കൂടിക്കാഴ്ച നടത്തി. പൗരസ്ത്യ പാരമ്പര്യങ്ങളും ആദിമ നൂറ്റാണ്ടിലെ പൗരോഹിത്യദാനമുറകളും ശരിയായി ഗ്രഹിച്ചിരുന്ന യെരുശലേം മെത്രാപ്പോലീത്താ, സഭയുടെ തീരുമാനപ്രകാരം പന്ത്രണ്ട് പേറെദ്യൂത്തെന്മാർ ചേർന്ന് നടത്തിയ ആലങ്ങാട് മെത്രാൻസ്ഥാനാരോഹണത്തിൽ അപാകതയൊന്നും ദർശിച്ചില്ല. അവർ ഇരുവരും ചേർന്ന് മലങ്കരസഭയുടെ ഭരണം ക്രമപ്പെടുത്തിയതോടെ കത്തോലിക്കാ ക്യാമ്പുകൾ നിശബ്ദമായി. മാർ ഗ്രിഗോറിയോസ് ഒന്നാം മാർത്തോമ്മായുടെ പട്ടംകൊടയിൽ ന്യൂനത കണ്ടെത്തി എന്നും അദ്ദേഹം സ്ഥാനദാനത്തിലൂടെ ആ ന്യൂനത പരിഹരിച്ചു എന്നും ഒരു ദശകം മുമ്പു വരെ യാതൊരു ചരിത്രകാരനും സ്ഥാപിച്ചിട്ടില്ല. അതിനനുകൂലമായി യാതൊരു തെളിവുകളും ഐതിഹ്യങ്ങളും നിലവിലില്ല. എങ്കിലും രണ്ടു മൂന്ന് വർഷം മുമ്പ് പ്രസിദ്ധീകരിക്കപ്പെട്ട മാർ ഗ്രിഗോറിയോസിന്റെ ചരിത്ര നോവലിൽ അങ്ങനെയൊരു സ്ഥാനദാനം നടന്നതായി തൽകർത്താവ് ഒരു ദൃക്സാക്ഷിയുടെ നിലയിൽ, മറ്റ് തെളിവുകളൊന്നും ലഭ്യമല്ലാത്തതിനാൽ പ്രസ്താവിച്ചിട്ടുണ്ട്. മാർ ഗ്രീഗോറിയോസിന്റെ പേർ ജലീൽ എന്നല്ല 'ജലീദ്' എന്നാണെന്ന നവീനമായ ഒരു കണ്ടുപിടുത്തവും അദ്ദേഹം പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. അബ്ദൽ ജലീൽ എന്ന് അദ്ദേഹത്തിന്റെ സുസ്താത്തിക്കോനിലും നാളിതുവരെയുള്ള മലങ്കരസഭാ പാരമ്പര്യത്തിലും നിരവധി രേഖകൾ ഉണ്ടായിരിക്കേ ആ പേർ ജലീദ് എന്ന് തിരുത്തുവാനുള്ള ഔദ്ധത്യത്തിലേക്ക് ചരിത്രകാരനെ നയിച്ച സാഹചര്യങ്ങൾ ഇതുവരെയും വിശദീകരിക്കപ്പെട്ടിട്ടില്ല (ഈ മെത്രാന്മാരുടെ ചിത്രങ്ങൾ അടുത്തകാലത്ത് ഭാവനാപൂർണ്ണമായി വരച്ചിട്ടുള്ളതിൽ അന്ത്യോഖ്യൻ വേഷവിധാനങ്ങൾ വരച്ചുചേർത്തിട്ടുള്ളത് ഇരുപതാം നൂറ്റാണ്ടിലുണ്ടായ സഭാതർക്കങ്ങളിൽ കൊഴുപ്പ് പകരാനാണ്. അവയ്ക്കൊന്നും സത്യത്തിന്റെ സ്പർശനമില്ല.).

അബ്ദൽ ജലീൽ മെത്രാപ്പോലീത്തായെ തുടർന്ന് 1685-ൽ മാർ ബസേലിയോസ് യൽദോ കാതോലിക്കായും മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പായും, അത് കഴിഞ്ഞ് 1708-ൽ മാർ ഗബ്രിയേൽ, പിന്നീട് 1739-ൽ മാർ ഈവാനിയോസ്, 1751-ൽ മാർ ശക്രള്ളാ, മാർ ഗ്രിഗോറിയോസ്, മാർ ഈവാനിയോസ് തുടങ്ങി പല സഭകളിൽ നിന്നായി പല മെത്രാന്മാർ മലങ്കരയിൽ വന്നിട്ടുണ്ട്. അന്ത്രയോസിനെപ്പോലുള്ള ചില സന്യാസിമാർ മേല്പട്ടക്കാരായി പില്ക്കാലത്ത് അറിയപ്പെട്ടിട്ടുണ്ട്. ഇവരിൽ 1739-ൽ വന്ന മാർ ഈവാനിയോസും 1751-ൽ വന്ന മാർ ഈവാനിയോസും മാത്രമാണ് അന്ത്യോഖ്യൻ മെത്രാന്മാർ എന്ന് അവരുടെ സുസ്താത്തിക്കോൻ, ആരാധനക്രമങ്ങൾ എന്നിവ പരിശോധിച്ച് ഈ ഗ്രന്ഥകാരൻ നിരീക്ഷിച്ചിട്ടുണ്ട്.

ഇവരുടെ കാലത്ത് വിവിധ കാരണങ്ങളാൽ മലങ്കരസഭയിൽ കലഹങ്ങളും വ്യവഹാരങ്ങളും ആവിർഭവിച്ചു. ഇടവകകൾ കക്ഷി വഴക്കുകൾക്ക് വേദിയായി. പല പള്ളികളും പൂട്ടപ്പെട്ടു. ഒരു ഘട്ടത്തിൽ മലങ്കര മെത്രാനായ ആറാം മാർത്തോമ്മാ കത്തോലിക്കാ സഭയിൽ ചേരുക വരെ ഉണ്ടായി. അദ്ദേഹം പിന്നീട് മാതൃസഭയുമായി പുനരൈക്യപ്പെട്ടു എങ്കിലും മലങ്കരസഭയുടെ ക്ഷീണാവസ്ഥ വിട്ടുമാറിയിരുന്നില്ല. ഈ കലുഷിതാന്തരീക്ഷത്തിലാണ് മറ്റൊരു പടിയോല പ്രത്യക്ഷപ്പെട്ടത്.

ആറാം മാർത്തോമ്മായുടെ കാലത്ത് (1761–1801) നിലവിലിരുന്ന സംഘർഷങ്ങൾക്ക് അയവ് വരുത്തുവാൻ നടന്ന ശ്രമങ്ങളുടെ ഭാഗമായിട്ടാണ് അദ്ദേഹം 1770–ൽ നിരണത്തു വച്ച് വിദേശ മെത്രാന്മാരിൽ നിന്ന് അഭിഷേകം പ്രാപിച്ചത്. നാലാം മാർത്തോമ്മായുടെ കാലം മുതൽ പകലോമറ്റം മെത്രാന്മാരുടെ സ്ഥാനസാധുതയെക്കുറിച്ച് സഭയിൽ തുടർന്നു വന്ന തർക്കം അതോടെ പരിഹരിക്കപ്പെട്ടു.

1665 മുതൽ മലങ്കരയിലെത്തിയ വിദേശ മെത്രാന്മാർ ഇവിടെ പ്രചരിപ്പിച്ച പള്ളിക്രമങ്ങൾക്ക് ഏകരൂപം ഇല്ലായിരുന്നു. കാൽഡിയോ–കാത്തലിക്, പേർഷ്യൻ, അർമ്മീയൻ, കോപ്റ്റിക്, സിറിയൻ തുടങ്ങിയ സഭകളിലെ മേലധ്യക്ഷന്മാർ അവരവരുടെ ആരാധനക്രമങ്ങൾ മലങ്കരയിൽ പ്രചരിപ്പിച്ചിരുന്നതു മൂലമാണ് ഇവിടെ ആരാധനയിൽ ഏകരൂപം അസാധ്യമായത്. തന്റെ സ്ഥാനാഭിഷേകം മൂലം വലിയ വിവാദങ്ങൾ അവസാനിച്ചതോടെ ആറാം മാർതോമ്മാ ശ്രമിച്ചത് ആരാധനക്രമങ്ങളെ ക്രമീകരിക്കുവാനാണ്. 1751–ൽ വന്ന വിദേശ മെത്രാന്മാരിൽ മാർ ഈവാനിയോസ് മാത്രമേ അന്ന് അവശേഷിച്ചിരുന്നുള്ളു. അദ്ദേഹത്തിന്റെ സഹകരണത്തോടെ ആറാം മാർത്തോമ്മാ പുതിയകാവ് പള്ളിയിൽ മലങ്കരസഭയുടെ ഒരു പ്രതിനിധിയോഗം വിളിച്ചുകൂട്ടി. എത്ര പള്ളികൾ അതിൽ പങ്കെടുത്തു എന്ന് ആരും രേഖപ്പെടുത്തിയിട്ടില്ല. 1789–ൽ ചേർന്ന ആ പ്രതിപുരുഷയോഗ തീരുമാനങ്ങൾ ആണ് 'പുതിയകാവ് പടിയോല' എന്ന പേരിൽ അറിയപ്പെടുന്നത്. ആ പടിയോലയുടെ വിവരം നിരണം ഗ്രന്ഥവരിയിൽ കൊടുത്തിട്ടുണ്ട് (എഡി. പോൾ മണലിൽ, 2002, എം.ഒ.സി. പ്രസിദ്ധീകരണം, പുറം 158). മാർ ഈവാനിയോസ് 1794–ൽ നിര്യാതനാകുന്നതിന് അഞ്ചു കൊല്ലം മുമ്പ് എഴുതിയ പടിയോലയെപ്പറ്റി സംഗ്രഹരൂപത്തിലുള്ള വിവരണം ഗ്രന്ഥവരിയിൽ കാണുന്നതിപ്രകാരമാണ്:

"964–ാമാണ്ട് പുതിയകാവിൽ വച്ച് പുത്തൻക്രമം നമസ്ക്കാരവും പട്ടം കെട്ടുകയും കാപ്പയിട്ട് കുർബ്ബാന ചൊല്ലുകയും പെൺകെട്ടും മാമ്മൂദീസായും പഴയ ക്രമം നടന്നുകൊള്ളത്തക്കവണ്ണവും ഒരു പടിയോല എഴുതി അതിൻവണ്ണം നടന്നുവന്നു."

സഭയുടെ ആചാരാനുഷ്ഠാനങ്ങളെ സംബന്ധിച്ച് സഭ സ്വീകരിച്ച ചില കാനോനാകളാണ് ഈ പടിയോലയിലുള്ളത്. മുളന്തുരുത്തി സുന്നഹദോസിൽ വച്ചാണ് (1876) അന്ത്യോഖ്യൻ അധീശത്വം ഔദ്യോഗികമായി സ്വീകരിച്ചതെന്ന് ചിലർ സിദ്ധാന്തിക്കുന്നത് പുതിയകാവ് പടിയോലയുടെ കഥ അറിയാതെയാണ്. അന്ത്യോഖ്യൻ മെത്രാൻ ആയ മാർ ഈവാനിയോസ് നിർദ്ദേശിച്ച അന്ത്യോഖ്യൻ ക്രമമാണ് പുതിയകാവ് പടിയോല ഔദ്യോഗികമായി സ്വീകരിച്ചത്. ശ്ഹീമ്മാ നമസ്ക്കാരം അന്നുമുതൽ ഔദ്യോഗികമായി സ്വീകരിക്കപ്പെട്ടു. അക്കാലത്ത് ശ്ഹീമ്മാ നമസ്ക്കാരം പൗരസ്ത്യ സുറിയാനിയിൽ പകർത്തി എഴുതിയത് ഈ ഗ്രന്ഥകാരൻ നിരീക്ഷിച്ചിട്ടുണ്ട്. അതിൽ ഒരു കൈയെഴുത്തുപ്രതി ഇതെഴുതുന്ന ആളിന്റെ കൈവശമുണ്ട്. പുതിയകാവ് പടിയോലപ്രകാരമുള്ള നമസ്ക്കാരം ചേർക്കുന്നതിന് മുമ്പായി ഹനാൻ വെള്ളം ശുദ്ധീകരിക്കുന്ന ക്രമവും മരണവീട്ടിൽ നടത്തുന്ന പ്രാർത്ഥനകളും 1685-ലെ മാർ ഈവാനിയോസ് പരിചയപ്പെടുത്തിയ കാനോനുകളും മറ്റും കാണുന്നുണ്ട്. ഉപയോഗിച്ചു വന്ന പ്രാർത്ഥനക്രമങ്ങളുടെ കൂടെ പരിചയിച്ച് വശായ ശ്ഹീമ്മാ നമസ്ക്കാരവും ചേർത്തിരിക്കുകയാണ്. നമസ്ക്കാരത്തിന്റെ ഓരോ ഖണ്ഡികയുടെയും ഒന്നോ രണ്ടോ പദങ്ങൾ മാത്രമേ എഴുതിയിട്ടുള്ളു. ശേഷം ഭാഗങ്ങൾ മനഃപാഠമാക്കിയ ഒരാൾക്ക് മാത്രമേ അത് ഉപയോഗിക്കാനാവൂ. നേരത്തെ പല സ്ഥലത്തും ഉപയോഗിച്ചും പ്രയോഗിച്ചും വന്ന ശ്ഹീമ്മാ നമസ്ക്കാരം പുതിയകാവ് പടിയോലയിലൂടെ സാർവത്രിക അംഗീകാരം നേടുകയാണുണ്ടായത്. ഈ ഗ്രന്ഥകാരന്റെ കൈവശമുള്ള പുസ്തകത്തിൽ നിരവധി കർസോനി കുറിപ്പുകളും കാണുന്നുണ്ട്. മലങ്കരസഭയുടെ വടക്കൻ പ്രദേശങ്ങളിൽ നേരത്തെ പ്രചാരത്തിൽ വന്ന ശ്ഹീമ്മാ ക്രമം തെക്കൻ പ്രദേശത്ത് സ്വീകരിക്കപ്പെടുന്നതിന്റെ രേഖയാവാം പുതിയകാവ് പടിയോലയിലെ കാനോൻ.

പട്ടംകൊട ക്രമം മാർ ഈവാനിയോസിൽ നിന്ന് സ്വീകരിക്കുന്ന ചിത്രവും പുതിയകാവ് പടിയോലയിലുണ്ട്. അപ്രകാരം പുതിയകാവിൽ ഒരു തോമ്മാ കത്തനാർ പകർത്തിയെഴുതിയ പട്ടംകൊട ക്രമം ഗ്രന്ഥകാരന്റെ കൈവശമുണ്ട്. അതിൽ പില്ക്കാലത്ത് യൂയാക്കീം മാർ കൂറിലോസ് നടത്തിയ ഒരു പട്ടംകൊട മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു (കോട്ടയം, ഇടവഴിക്കൽ പീലിപ്പോസ് കോർഎപ്പിസ്കോപ്പായുടെ പട്ടംകൊട). പിന്നീട് എട്ടാം മാർത്തോമ്മാ ആയിത്തീർന്ന ആളായിരിക്കുമോ ഈ തോമ്മാ കശ്ശീശാ എന്ന് ഈ ഗ്രന്ഥകാരൻ അഭ്യൂഹിക്കുന്നു. ഇന്നത്തെ അന്ത്യോഖ്യൻ ക്രമത്തിൽ നിന്ന് ചില കാര്യങ്ങളിൽ ഈ പട്ടംകൊടക്രമം വ്യത്യാസപ്പെട്ടാണിരിക്കുന്നത്. ഒരു പക്ഷേ അന്ത്യോഖ്യൻ ക്രമം സമാന്തരസഭകളിലെ സ്വാധീനപ്രകാരം ചില അംശങ്ങളിൽ വ്യത്യാ

സപ്പെട്ടതാകാം. പാശ്ചാത്യ സുറിയാനിയിൽ എഴുതപ്പെട്ട ഈ പട്ടംകൊടപ്പുസ്തകത്തിൽ അതേ കയ്യക്ഷരത്തിൽ പകർത്തി എഴുതപ്പെട്ട അനാഫുറാകളും കാണുന്നുണ്ട്. മാർ ഈവാനിയോസ് സ്വന്തം കൈകൊണ്ട് കായംകുളത്ത് വച്ച് എഴുതിയ ദയറോയൂസോയുടെ ക്രമവും ഇതെഴുതുന്ന ആളുടെ ശേഖരത്തിലുണ്ട്. പട്ടംകൊടക്രമത്തോടൊപ്പം ദയറോയൂസോയുടെ ക്രമവും പുതിയകാവ് പടിയോല അംഗീകരിച്ചിരിക്കാം. 1751-ൽ വന്ന അധ്യക്ഷന്മാർക്ക് മുമ്പ് മലങ്കരയിൽ ആരെങ്കിലും ദയറോയൂസോ സ്ഥാനം സ്വീകരിച്ചതായി അറിവില്ല. 1772-ൽ കാട്ടുമങ്ങാട് കൂറിലോസും 1794-ൽ മാത്തൻ കത്തനാരും (ഏഴാം മാർത്തോമ്മാ) കായംകുളം പീലിപ്പോസ് റമ്പാനുമാണ് മലങ്കരസഭയിലെ അറിയപ്പെട്ട ആദ്യത്തെ റമ്പാന്മാർ. ശെമ്മാശൻ, കശ്ശീശാ, എപ്പിസ്ക്കോപ്പാ എന്നീ ത്രിവിധ സ്ഥാനങ്ങൾ ഈ നിശ്ചയത്തിലൂടെ നിലവിൽ വന്നു. മെത്രാച്ചൻ നേരത്തെ റമ്പാൻ ആയിരിക്കണമെന്ന രീതിയും പ്രയോഗത്തിൽ വന്നു.

വൈദികർക്ക് അംശവസ്ത്രത്തിന്റെ ഭാഗമായി കാപ്പാ ഉണ്ടായിരുന്നുവെങ്കിലും പ്രദക്ഷിണം തുടങ്ങിയ ആഘോഷവേളകളിൽ മാത്രമേ അത് ഉപയോഗിച്ചിരുന്നുള്ളു. എന്നാൽ 1751-ൽ വന്ന വിദേശ സഭാധ്യക്ഷന്മാരുടെ സ്വാധീനപ്രകാരം വടക്ക് പല ഇടവകകളിലും കാപ്പാ വി. കുർബ്ബാനയ്ക്കും ഉപയോഗിച്ചു വന്നു. ഇതിന്റെ ഏകീകരണമാണ് പുതിയകാവ് പടിയോലയിലെ കാപ്പാ വി. കുർബ്ബാനയ്ക്ക് ഉപയോഗിക്കണം എന്ന നിശ്ചയം. മലങ്കരസഭയിൽ മുമ്പ് കാപ്പാ ഇല്ലാതിരുന്നു എന്ന് ഈ നിശ്ചയത്തെ വ്യാഖ്യാനിക്കുന്നത് ഉചിതമല്ല. ഇപ്പോഴും കത്തോലിക്കാ സഭയിൽ വി. കുർബ്ബാനയ്ക്ക് സാധാരണഗതിയിൽ കാപ്പാ ഉപയോഗിക്കാറില്ല, എന്നാൽ പ്രദക്ഷിണങ്ങൾക്ക് ഉപയോഗിക്കും.

വിവാഹത്തെ സംബന്ധിച്ച് ചില വ്യത്യസ്തതകൾ നിലവിലിരുന്നു. മലങ്കരസഭയിൽ പൂർവ്വികമായി നിലവിലിരുന്ന താലികെട്ടും മന്ത്രകോടി ഇടലും പുതിയ മെത്രാന്മാരുടെ ക്രമത്തിൽ ഉണ്ടായിരുന്നില്ല. ചിലർ ഇത് അനുകരിക്കാൻ തുടങ്ങിയിരുന്നു. ഈ അനുകരണം പാടില്ല എന്ന് പടിയോലയിൽ നിർദ്ദേശിച്ചു. മന്ത്രകോടിയും താലിയും തുടരണം എന്നേ ആ തീരുമാനത്തിന് അർത്ഥമുള്ളു.

മാമ്മൂദീസായിൽ തൈലങ്ങളുടെ ഉപയോഗം മലങ്കരസഭയിൽ ഇല്ലായിരുന്നു എന്ന് പലരും നിരീക്ഷിച്ചിട്ടുണ്ട്. സ്ഥിരീകരണ കൂദാശയ്ക്ക് കൈവെപ്പ് ആയിരുന്നു മാധ്യമം. തൈലം കൂദാശയുടെ ക്രമം യൽദോ മാർ ബസേലിയോസിന്റെയും ശാക്രള്ളാ ബസേലിയോസിന്റെയും പാരമ്പര്യത്തിലുള്ള പള്ളിക്രമപുസ്തകങ്ങളിൽ കാണുന്നുണ്ടെങ്കിലും ആ

ശുശ്രൂഷ മലങ്കരയിൽ അക്കാലത്ത് ആരും നടത്തിയതായി തെളിവുക ളില്ല. പഴയ സമ്പ്രദായം തുടരണമെന്നാവാം പടിയോലയുടെ വിവക്ഷ.

അക്കാലത്ത് മലങ്കരസഭയിൽ കുറഞ്ഞപക്ഷം ഏഴ് വ്യത്യസ്ത പാര മ്പര്യങ്ങൾ പല ഭാഗങ്ങളിലായി നിലവിലിരുന്നു.

1. 1665–ൽ വന്ന അബ്ദൽ ജലീൽ ഗ്രീഗോറിയോസിന്റെ പാരമ്പര്യ ങ്ങൾ.
2. 1685–ൽ വന്ന മാർ ഈവാനിയോസിന്റെ പാരമ്പര്യങ്ങൾ.
3. 1708–ൽ വന്ന മാർ ഗബ്രിയേലിന്റെ പാരമ്പര്യങ്ങൾ.
4. 1748–ൽ വന്ന മാർ ഈവാനിയോസിന്റെ പാരമ്പര്യങ്ങൾ.
5. 1751–ൽ വന്ന മാർ ശക്രള്ളാ ബാവായുടെ പാരമ്പര്യങ്ങൾ.
6. 1751–ൽ വന്ന മാർ ഗ്രിഗോറിയോസിന്റെ പാരമ്പര്യങ്ങൾ.
7. 1751–ൽ വന്ന മാർ ഈവാനിയോസിന്റെ പാരമ്പര്യങ്ങൾ.

ഇവയെ ഏകീകരിക്കുക എന്ന ശ്രമസാധ്യമായ സംരംഭമാണ് പുതി യകാവ് പടിയോലയിൽ കാണുന്നത്.

## 4. ആർത്താറ്റ് പടിയോല (എ.ഡി. 1806)

1689–ൽ ഇന്ത്യ മുഴുവന്റെയും കശ്ശീശാ ആയി പട്ടമേറ്റ നാലാം മാർ ത്തോമ്മായുടെ കാലത്ത് മലങ്കരസഭയിൽ വൻ വിവാദങ്ങൾ ആവിർഭ വിച്ചു. മാർ ഈവാനിയോസ് (1685), എപ്പിസ്ക്കോപ്പാ മാത്രം ആയിരുന്നു എന്ന് അടുത്തകാലത്ത് കണ്ടെത്തിയ അദ്ദേഹത്തിന്റെ സ്വഹസ്ത ലിഖി തമായ കുർബ്ബാനതക്സാ കണ്ടെടുക്കപ്പെട്ടതോടെ വ്യക്തമായിട്ടുണ്ട്. എപ്പിസ്ക്കോപ്പായ്ക്ക് മറ്റൊരു മെത്രാനെ വാഴിക്കുവാൻ സ്വയമേവ അധി കാരമില്ലാത്തതിനാലാവാം മൂന്നാം മാർത്തോമ്മായുടെ പിൻഗാമിയെ മെത്രാനായി വാഴിക്കാതിരുന്നത്. അദ്ദേഹത്തെ ഇന്ത്യ മുഴുവന്റെയും കശ്ശീശാ ആയിട്ടാണ് വാഴിച്ചിരുന്നത് എന്ന് മാർ ഈവാനിയോസ് ഉപ യോഗിച്ച പട്ടംകൊട പുസ്തകത്തിൽ നിന്ന് വ്യക്തമാകുന്നുണ്ട്. എന്നാൽ ഇദ്ദേഹം മുൻഗാമിയെപ്പോലെ മെത്രാൻ സ്ഥാനത്തിനടുത്ത ചുമതലകൾ നിർവഹിച്ചുവന്നത് വൻ വിവാദത്തിനിടയാക്കി. അദ്ദേഹത്തെ സ്വീകരി ക്കുന്നവരും നിരാകരിക്കുന്നവരും എന്നിങ്ങനെ സഭയിൽ ധ്രുവീകരണം ഉണ്ടായി. മാർ ഈവാനിയോസ് 1693–ൽ കാലം ചെയ്തതോടെ ഈ വിവാ ദങ്ങൾ പ്രതിസന്ധിയായി മാറി. ഈ പശ്ചാത്തലത്തിൽ പല ഇടവകക ളിലും റോമ്മാ പക്ഷപാതികൾക്ക് ബലം വർദ്ധിച്ചു. മാർത്തോമ്മായുടെ കടിഞ്ഞൂൽ ഇടവകയായ പാലൂർ–ചാട്ടുകുളങ്ങര പള്ളിയിൽ ഈ വിവാദം സൃഷ്ടിച്ച പ്രതിസന്ധിയുടെ ചിത്രം നമുക്ക് ലഭ്യമാണ്. നേരത്തെ ഇടവ കയിലുണ്ടായിരുന്ന വൈദികരുടെ കാലം കഴിഞ്ഞതോടെയാണ്

പ്രശ്നങ്ങൾ ആവിർഭവിച്ചത്. നാലാം മാർത്തോമ്മാ പട്ടം കൊടുക്കുന്ന വൈദികരെ കർമ്മാനുഷ്ഠാനങ്ങൾ നടത്തുവാൻ അനുവദിക്കുകയില്ലെന്ന നിലപാടുകൾ സ്വീകരിച്ച ഒരു ഭാഗം കത്തോലിക്കാ വൈദികരെ പള്ളിയിൽ പ്രവേശിപ്പിക്കുവാൻ സാഹസപ്പെട്ടു. 18-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലുണ്ടായ ഈ തർക്കങ്ങൾ സമാധാന ലംഘനം വരെ എത്തിയപ്പോൾ കൊച്ചി രാജാവ് പ്രശ്നത്തിലിടപെടുകയും പള്ളിയിൽ ഇരുകൂട്ടർക്കും നിരോധനം പ്രഖ്യാപിച്ച് പ്രശ്നം താൽക്കാലികമായി പരിഹരിക്കുകയും ചെയ്തു. ഈ പശ്ചാത്തലത്തിലാണ് കത്തോലിക്കർക്കു വേണ്ടി കോട്ടപ്പടി പള്ളിയും സുറിയാനിക്കാർക്കു വേണ്ടി ചിറളയം പള്ളിയും കുന്നംകുളം പഴയപള്ളിയും നിർമ്മിക്കപ്പെട്ടത്. മൂന്ന് പള്ളികളും മാർ ലാസറസ് പുണ്യവാളന്റെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടത് ഈ മൂന്ന് ദേവാലയങ്ങളുടെയും പൈതൃകം ഏകമായിരുന്നു എന്ന് തെളിയിക്കുന്നു. കോട്ടപ്പടിയിൽ പുന്നത്തൂർ രാജാവും ചിറളയത്ത് ചിറളയം രാജാവും കുന്നംകുളം വലിയങ്ങാടിയിൽ മണക്കുളം രാജാവും ദേവാലയ നിർമ്മാണത്തിന് സഹായം നല്കി. മാർതോമ്മാ ശ്ലീഹാ സ്ഥാപിച്ച തലപ്പള്ളിയിൽ കർമ്മം മുടങ്ങിയതിൽ ഇരുവിഭാഗവും ദുഃഖിച്ചു. പാലൂർ -ചാട്ടുകുളങ്ങര ഇടവകയുടെ ഉപദേവാലയമായിരുന്ന ചാവക്കാട് സെന്റ് കുറിയാക്കോസ് ദേവാലയത്തിലും ഈ പ്രശ്നങ്ങൾ മൂലം ആരാധന തടസ്സപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് 1751-ൽ വിദേശസഭാധ്യക്ഷന്മാർ മലങ്കര സുറിയാനി  സഭയുടെ ക്ഷണപ്രകാരം കേരളസഭയിൽ എത്തിയത്. സംഘനേതാവായ ശക്രള്ളാ കാതോലിക്കാ ചിറളയം പള്ളിയിലാണ് ദീർഘനാൾ താമസിച്ചത്. അക്കാലത്ത് പാലൂർ-ചാട്ടുകുളങ്ങരപള്ളിയിൽ പ്രവേശനം അനുവദിക്കപ്പെടാതിരുന്നതിനാലാവണം അദ്ദേഹം ചിറളയംപള്ളിയിൽ താമസം ക്രമീകരിച്ചത്. 1789-ൽ ടിപ്പു സുൽത്താൻ തീവച്ചതിന് ശേഷമാണ് പള്ളിയിൽ ആരാധനകൾ മുടങ്ങിയതെന്ന് ചിലർ ധരിച്ചു വച്ചിട്ടുണ്ട്. എന്നാൽ ടിപ്പു സുൽത്താൻ തീ വച്ച് നശിപ്പിക്കുമ്പോൾ തലപ്പള്ളിയിൽ കർമ്മങ്ങൾ ഒന്നും നടത്താനാവാത്തവിധം പൂട്ടിക്കിടക്കുന്നതായിട്ടാണ് മനസ്സിലാക്കേണ്ടത്. ടിപ്പുവിന്റെ പടയോട്ടം ഒരു വലിയ സംഭവം തന്നെയായിരുന്നുവെങ്കിലും ആ സംഭവമല്ല വിവാദങ്ങളെത്തുടർന്ന് പള്ളി പൂട്ടിയിടേണ്ടി വന്ന സംഭവമാണ് അന്നത്തെ മനുഷ്യരുടെ മനസ്സിൽ വടു കെട്ടി നിന്നിരുന്നത്. നറുക്കെടുപ്പിലൂടെ 980 ഇടവ മാസത്തിൽ (1805) വിഭജനം പ്രഖ്യാപിച്ചുവെങ്കിലും 981 തുലാം 7-ാം തീയതിയാണ് (1805) ഇരു വിഭാഗവും ഒഴുമുറി എഴുതി ഭാഗം ചെയ്തത്. പുത്തൻകൂറ്റുകാരുടെ ഒഴുമുറി ഇപ്രകാരമാണ്: "981 തുലാം 7-ാം തീയതി (1805) നമ്മുടെ ഭാഗത്ത് നിന്ന് എഴുതിയ ഒഴുമുറി ഇപ്രകാരമാകുന്നു. ആർത്താറ്റ് പള്ളി ഇടവകയിൽ പുത്തൻ കൂറുകാർ വകയിൽ പള്ളി കൈക്കാർ വടക്കൂട്ട് അയ്പുവും കാക്കശ്ശേരി അയ്പുവും ചുങ്കത്ത് ഇയ്യുവും ചെറുവത്തൂർ ഉക്കുറുവും കൂടി എഴുത്ത്.

പഴയകൂറ്റുകാർ പള്ളി കൈക്കാർ കിഴക്കൂട്ട് ചുമ്മാരും തെക്കേക്കര ഇയ്യപ്പനും ചിറ്റിലപ്പിള്ളി മാത്തുവും മാറോക്കി ചുമ്മാരും കൂടി അറിയേണ്ടും അവസ്ഥ. എന്നാൽ നമ്മൾ രണ്ടു വകയിലും ഉള്ളവർ എല്ലാവരും തമ്മിൽ വിവദിച്ച് ഏറിയകാലം ആർത്താറ്റ് പള്ളിയിലും കുരിശിങ്കലും കർമ്മവും ക്രിയയും കൂടാതെ മുടങ്ങിക്കിടന്നതിന്റെ ശേഷം രണ്ടു വകക്കാരുടേയും ആവലാതി എഴുന്നള്ളി ഇരുന്നരുളുന്നേടത്ത് ഉണ്ടാക കൊണ്ട് പള്ളിക്കൽ വച്ച് ശീട്ട് എഴുതി എടുക്കത്തക്കവണ്ണം വെച്ചാറെ നമ്മൾ രണ്ടു വകക്കാരും അനുസരിച്ചപ്രകാരം തിരുമുമ്പാകെ കച്ചീട്ട് എഴുതിവെച്ചതിന്റെ ശേഷം കൽപിച്ച് ആളെ അയച്ച് ആർത്താറ്റ് പള്ളിക്കൽ വച്ച് ആയത് വേണ്ടത്തക്ക ആളുകൾ എല്ലാവരുംകൂടി ശീട്ട് എഴുതി ഇട്ടെടുത്താറെ പള്ളി ഞങ്ങൾക്കും കുരിശ് നിങ്ങൾക്കും ആയിട്ട് തിരിച്ച് വച്ച് അതിരും ഇട്ടുതന്നു. അപ്രകാരം കല്പിച്ച് തീട്ടൂരം തന്നിരിക്ക കൊണ്ട് അതിൻവണ്ണം തന്നെ ഞങ്ങൾ എല്ലാവരും സമ്മതിച്ചു. ഇനി മേലിൽ കുരിശിങ്കൽ ഞങ്ങൾക്ക് ഒരു സംബന്ധവും ഇല്ലാത്തതിൻവണ്ണം അനുവദിച്ചെഴുതിത്തരികയും ചെയ്തു. എന്നാൽ കൊല്ലം 981-മാണ്ട് (1805) തുലാമാസം 7-ാം തീയതി എഴുത്ത്" (പി. സി. കുഞ്ഞാത്തു, ആർത്താറ്റ് പള്ളിചരിത്രം, പുറം 58-59).

തർക്കം തീർത്തത് പള്ളിയും പള്ളിയുടെ പടിഞ്ഞാറുഭാഗത്തുള്ള കുരിശ് നില്ക്കുന്ന സ്ഥലവും വിഭജിച്ചാണ് എന്ന ധാരണ പലരും വച്ചു പുലർത്തുന്നുണ്ട്. അത് ശരിയല്ല. ദൈവമാതാവിന്റെ പള്ളിയും ചാവക്കാട്ടുള്ള മാർ കുറിയാക്കോസ് ദേവാലയവും ഒരേ ട്രസ്റ്റിൽപെട്ട രണ്ട് ദേവാലയങ്ങൾ ആയിരുന്നു. ഒന്ന് പള്ളിയും മറ്റേത് കുരിശുപള്ളിയും (ചാപ്പൽ). രണ്ടിലും കർമ്മവും ക്രിയയും ഉണ്ടായിരുന്നു. വെറും കുരിശിൽ കർമ്മവും ക്രിയയും അപ്രസക്തമാണ്. കുരിശുപള്ളിയെ 'കുരിശ്' എന്ന് ചുരുക്കിപ്പറയുക സാധാരണമാണ്. രണ്ടു കൂറ്റുകാർ തമ്മിൽ തർക്കമുണ്ടായപ്പോൾ തർക്കം പള്ളിയിലും കുരിശുപള്ളിയിലും വ്യാപിച്ചു. തൽഫലമായി രണ്ടിടത്തും കർമ്മവും ക്രിയകളും മുടങ്ങി. നറുക്കിടുന്നത് ഏതാണ്ട് തുല്യതയുള്ള രണ്ട് വസ്തുക്കൾ തമ്മിലാണല്ലോ. തുല്യവിഭാഗങ്ങളുടെ അവകാശമാണ് നറുക്കിട്ട് നിശ്ചയിക്കുക. ഒരു ഭാഗത്ത് പള്ളിയും മറുഭാഗത്ത് വെറും കുരിശും തമ്മിൽ അവകാശതർക്കം നറുക്കിട്ട് പരിഹരിച്ചു എന്നത് യുക്തിരഹിതമായ അവാസ്തവ സംഗതിയാണ്. പാലൂർ പള്ളിയല്ലാതെ അതിന്റെ പടിഞ്ഞാറുഭാഗത്ത് ഇന്ന് കാണുന്ന കൽകുരിശിന് തോമ്മാശ്ലീഹായുമായി ബന്ധമൊന്നുമില്ല. അത് പില്ക്കാലത്ത് സ്ഥാപിക്കപ്പെട്ടതാണ്. പള്ളിപ്പറമ്പിന്റെ തെക്കുപടിഞ്ഞാറേ ഭാഗവും ചാവക്കാട് സെന്റ് കുറിയാക്കോസിന്റെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ട കുരിശു (പള്ളിയും) നറുക്കെടുപ്പിലൂടെ കത്തോലിക്കർക്ക് കിട്ടി. സെന്റ്

തോമസ് പൈതൃകം നഷ്ടപ്പെട്ടതിന് പരിഹാരമായി രണ്ട് കാര്യങ്ങൾ അവർ ചെയ്തു. തങ്ങൾക്ക് തർക്കമൊഴിവായി കിട്ടിയ ചാവക്കാട് പള്ളിയെ പാലയൂർ (പാലൂർ അല്ല) എന്ന സദൃശനാമം നൽകി ആ പള്ളിയാണ് മാർതോമ്മാശ്ലീഹാ സ്ഥാപിച്ചത് എന്ന് വിപുലമായി പ്രചാരവേല നടത്തി; അതാണ് ഒന്നാമത്തെ കാര്യം. ആർത്താറ്റ് (പാലൂരിൽ) തങ്ങൾക്ക് ലഭിച്ച പകുത്തുകിട്ടിയ ഭൂമിയിൽ ഒരു ദേവാലയം പണിതുയർത്തി അതിന് മുമ്പിൽ ഒരു കൽകുരിശ് സ്ഥാപിച്ച്, ആ കുരിശാണ് മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച പാലൂരിലെ കുരിശെന്ന് വിപുലമായ പ്രചാരവേല നൽകി. പള്ളി കിട്ടിയ അമിതാഹ്ലാദത്തിൽ പുത്തൻകൂറ്റുകാർ മറുഭാഗത്ത് സോദ്ദേശ്യമായി നടന്നുവന്ന പ്രചാരവേലയെ വേണ്ടുംവണ്ണം ശ്രദ്ധിച്ചില്ല. പാലൂർ എന്ന സ്ഥലനാമം നിലനിർത്തുന്നതിൽ പോലും അവർ ജാഗ്രത പുലർത്തിയില്ല. ആർത്താട്ടുകാർ എന്ന പരിഹാസപ്പേർ ചുമക്കുകയും അതിനെ ന്യായീകരിക്കുന്ന കാര്യങ്ങൾ കണ്ടെത്തുവാൻ ശ്രമിക്കുന്ന പരിഹാസ്യതയാണ് അവരുടെ ഭാഗത്തു നിന്നുണ്ടായത്. ഒഴുമുറി രേഖയിൽ ടിപ്പുസുൽത്താന്റെ പടയോട്ടമോ പള്ളി തീവച്ച് നശിപ്പിച്ചതോ പരാമർശിക്കുന്നില്ല എന്ന് പ്രത്യേകം ശ്രദ്ധിക്കുക.

രാജാവ് നൽകിയ തീട്ടൂരം താഴെ ചേർക്കുന്നു. അതിലും ടിപ്പുസുൽത്താൻ ചെയ്ത കടുംകൈകൾ പരാമർശിച്ചിട്ടില്ല:

“അരുളിച്ചെയ്ത നമ്മുടെ ആർത്താറ്റ് പള്ളി ഇടവകക്കാരിൽ പുത്തൻകൂറ്റുപള്ളി കൈക്കാർക്ക്. എന്നാൽ – ആർത്താറ്റ് പള്ളിക്കാര്യം കൊണ്ട് പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും തമ്മിൽ വിവദിച്ച് പള്ളി മുടങ്ങിക്കിടന്നതിന്റെ ശേഷം രണ്ടു വകക്കാരുടേയും ആവലാതി ഉണ്ടാക കൊണ്ട് പള്ളിക്കൽ വച്ച് എഴുതിയിട്ട് എടുക്കത്തക്കവണ്ണം വച്ച് കൽപിച്ച് ആളെ കൂടെ അയച്ച് എല്ലാവരേയും വരുത്തി ശീട്ട് എഴുതി ഇട്ട് എടുപ്പിച്ചാറെ പള്ളി പുത്തൻകൂറ്റൂകാർക്കും കുരിശ് പഴയകൂറ്റൂകാർക്കും ആയിട്ട് തിരിച്ചുവച്ച് അതിരും ഇടുവിച്ച് തരുവിച്ചിരിക്കകൊണ്ട് പള്ളി നന്നാക്കി പണിയിക്കേണ്ടതും നന്നായി കുരിശും പണിയിപ്പിച്ച് അവിടെ ജാതിമര്യാദ പോലെ ഉള്ള കർമ്മവും ക്രിയയും മുടക്കം വരാതെ നടന്നുകൊള്ളത്തക്കവണ്ണം ഇനിമേലിൽ പഴയകൂറ്റൂകാർക്ക് ഈ പള്ളിയിൽ ഒരു സംബന്ധവും ഇല്ലാത്തതിൻവണ്ണം ഇതിന് ആണ്ട് കാഴ്ച കല്പിച്ച് പുത്തൻ 120 (ഒരു പുത്തൻ = 10 പൈ) കാലംതോറും കുന്നംകുളങ്ങര പ്രവൃത്തിയിൽ കൊടുത്ത് നടന്നുകൊള്ളുമാറത്തക്കവണ്ണവും കൽപിച്ച് നാം ശീട്ടും തന്നു. എന്നാൽ ഇന്ന് കൊല്ലം 981–ാമത് തുലാം ഞായറിൽ കൽപിച്ച് അരുളിയ മേക്ക തൃശിവപേരൂർ കോവിലകത്ത് ഇരുന്നരുളുന്ന പവ്വത്തിൽ കുഞ്ചു കയ്യെഴുത്തു.”

തീട്ടൂരം കിട്ടിയതിനുശേഷം മൂന്നു മാസം കഴിഞ്ഞ്, പാലൂർ-ചാട്ടുകുളങ്ങര പള്ളിയുടെ പുനർനിർമ്മാണത്തിന്റെ ചടങ്ങുകളുമായി ബന്ധപ്പെട്ടാകാം, അന്നത്തെ മലങ്കരമെത്രാൻ ആറാം മാർത്തോമ്മാ പള്ളിയിലെത്തി. സെന്റ് തോമസ് പൈതൃകം പേറി നൂറ്റാണ്ടുകൾ പിന്നിട്ട ഇടവകയുടെ മനസ്സിനെ മുറിവേല്പ്പിച്ച പല സംഭവങ്ങൾ അക്കാലത്ത് അരങ്ങേറിയിരുന്നു. സഭാതലത്തിലും ഇടവകതലത്തിലും ഉണ്ടായ ആ സംഭവങ്ങളോട് പ്രതികരിക്കാതിരിക്കുവാൻ ആ പുരാതന ഇടവകയ്ക്ക് കഴിയുമായിരുന്നില്ല. ഒരു പള്ളിപ്രതിനിധിയോഗം ചേരുവാൻ ആറാം മാർത്തോമ്മാ ഒരുക്കമായിരുന്നില്ല. വളരെ പ്രതീക്ഷകളോടെ കത്തോലിക്കാ സഭയിൽ ചേർന്ന് അവിടെ ആറു മാസക്കാലത്തോളം കഴിഞ്ഞ്, തന്റെ അനുയായികൾ തന്നെ അനുഗമിച്ചില്ല എന്ന ദുഃഖസത്യം ഗ്രഹിച്ച് മാതൃസഭയിലേക്ക് തിരിച്ചുവന്നതും മാതൃസഭ പ്രായശ്ചിത്തം ചെയ്യിച്ചതിന് ശേഷം മാത്രം അദ്ദേഹത്തെ സ്വീകരിച്ചതും അന്ന് വലിയ കോളിളക്കങ്ങൾ സൃഷ്ടിച്ചിരുന്നു. സെന്റ് തോമസ് പൈതൃകത്തിൽ വെള്ളം ചേർക്കുവാൻ പോർച്ചുഗീസ് സഹായത്തോടെ റോമ്മൻ സഭ ശ്രമിച്ചതും പിന്നീട് മധ്യപൗരസ്ത്യ ദേശങ്ങളിലെ വിവിധ സഭകളിൽപ്പെട്ട മെത്രാന്മാർ മലങ്കരസഭയെ അവരവരുടെ കോളനിയാക്കാൻ ശ്രമിച്ചതും മാർതോമ്മൻ പൈതൃകം കാത്തുസൂക്ഷിച്ച പാലൂർ-ചാട്ടുകുളങ്ങര ഇടവകയ്ക്ക് ദുസ്സഹമായി തോന്നി. ഈ ചാഞ്ചാട്ടങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കുവാൻ അന്നത്തെ ഇടവകയുടെ കർത്തവ്യൻ ആയിരുന്ന പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ നേതൃത്വത്തിൽ ഇടവക നിശ്ചയിച്ചു. മെത്രാനായാലും മെത്രാന്റെ ഉപദേഷ്ടാക്കൾ ആയാലും സഭയുടെ ജന്മാവകാശമായ സ്വാതന്ത്ര്യം ഹനിക്കുന്ന നടപടികൾ ആരുടെ ഭാഗത്തു നിന്നുണ്ടായാലും തങ്ങൾ അതിൽ പങ്കുകാരാവുകയില്ലെന്ന് മലങ്കരസഭയ്ക്ക് മുഴുവൻ ബാധകമായ ഒരു നിലപാട് പ്രഖ്യാപിക്കുവാൻ അവർ നിശ്ചയിച്ചു. മലങ്കരസഭയുടെ പൊതു ഭരണം, ആചാരാനുഷ്ഠാനങ്ങൾ എന്നിവ സംബന്ധിച്ച് സുചിന്തിതമായി രൂപപ്പെടുത്തിയ ആ നിലപാട് സഭയുടെ കാനോൻ തന്നെയാണ്. ആർത്താറ്റ് പടിയോല എന്ന പേരിൽ ചരിത്രത്തിൽ അറിയപ്പെടുന്ന ഈ നിശ്ചയം അടങ്ങിയ ചെപ്പേട് ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ, ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിൽ ഈ ഗ്രന്ഥകാരന്റെ സഹപ്രവർത്തകനായ പ്രൊഫ. ജോണപ്പായുടെ ചെപ്പേട് ശേഖരത്തിൽ നിന്ന് ഈ ഗ്രന്ഥകാരൻ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചതോടെ ആ രേഖ മലങ്കരസഭയിലെങ്ങും ചർച്ചാവിഷയമായി. നേരത്തെ പടിയോലയുടെ സ്വരൂപം പ്രചരിച്ചിരുന്നതിൽ സാരമായ ചില അബദ്ധങ്ങൾ പറ്റിയിരുന്നു. വട്ടെഴുത്തിലെഴുതിയ പടിയോല വിവർത്തനം ചെയ്തപ്പോൾ വന്നുപോയ ആ തകരാറുകൾ ആ രേഖ പ്രഖ്യാപിക്കുന്ന ചരിത്ര സംഭവത്തെ തിരിച്ചറിയുവാൻ പ്രതിബന്ധങ്ങൾ ഉണ്ടാക്കിയി

രുന്നു. ഈ രേഖ ശരിയായി വിവർത്തനം ചെയ്യുന്നതിനുവേണ്ടി ഈ ഗ്രന്ഥകാരൻ വട്ടെഴുത്തിന്റെ ഭാഷ പഠിക്കുകയും ആർത്താറ്റ് പടിയോല കൃത്യമായും പൂർണ്ണമായും ലിപ്യന്തരണം നടത്തി പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ ഗ്രന്ഥകാരന്റെ ഷഷ്ഠിപൂർത്തിയാഘോഷങ്ങളുടെ ഭാഗമായി (2005) കുന്നംകുളം പഴയപള്ളി കോമ്പൗണ്ടിലുള്ള എം.ജെ.ഡി. ഹൈസ്കൂൾ ഹാളിൽ ക്രമീകരിച്ച എക്സിബിഷനിൽ (രണ്ടു ദിവസത്തെ) ആർത്താറ്റ് പടിയോല ഈ ഗ്രന്ഥകാരൻ പ്രദർശിപ്പിച്ചിരുന്നു (പില്ക്കാലത്ത് ഈ അമൂല്യ രേഖ കണ്ടെടുത്തതിന്റെയും വായിച്ചതിന്റെയും വ്യാഖ്യാനിച്ചതിന്റെയും മറ്റും ചില ഫോട്ടോകൾ പത്രങ്ങളിലും പുസ്തകങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിലും അവയെല്ലാം ഈ ഗ്രന്ഥകാരൻ ആ രേഖ പ്രസിദ്ധപ്പെടുത്തിയശേഷം അഞ്ചെട്ടു കൊല്ലം കഴിഞ്ഞ് നടന്ന അഭ്യാസങ്ങളാണ്. കൂടെ നിൽക്കുവാൻ വൈതാളികരുടെ ഒരു സംഘത്തെ സംഘടിപ്പിച്ചാൽ, സംഭവങ്ങളെ അസംഭവങ്ങൾ ആക്കാനും അസംഭവങ്ങളെ സംഭവങ്ങൾ ആക്കി മാറ്റാനും കഴിയുമെന്ന് ഒരിക്കൽ കൂടി വ്യക്തമായി. മലങ്കരയിലെ പൂർവ്വിക ക്രിസ്ത്യാനികളായ സുറിയാനിക്കാരെ പുത്തൻകൂറ്റുകാർ എന്നും മലങ്കര നസ്രാണികൾ എന്നും അതി പുരാതനമായ പാലൂർ പള്ളിയെ ആർത്താറ്റ് പള്ളി എന്നും പുനർനാമകരണം ചെയ്യപ്പെട്ടപ്പോഴും സത്യവിശ്വാസ സഭയെ യാക്കോബായക്കാർ എന്ന് വിളിച്ചപ്പോഴും ഈ വൈതാളിക സംഘത്തിന്റെ സംഘടിതശ്രമം ചരിത്രത്തിൽ വിജയിച്ചത് ഓർമ്മയിൽ വരുന്നു.)

58 1/2 സെന്റീമീറ്റർ നീളവും 4 സെന്റീമീറ്റർ വീതിയും ഉള്ള കട്ടിയുള്ള ചുരുട്ടിയോ മടക്കിയോ വയ്ക്കാനാവാത്ത ചെമ്പു തകിടിലാണ് ആർത്താറ്റ് പടിയോല എഴുതപ്പെട്ടത്. തന്മൂലം ആയതിനെ ആർത്താറ്റ് ചെപ്പേട് എന്ന് വിശേഷിപ്പിക്കുന്നതാണ് കൂടുതൽ ഉചിതം. 1850–കളിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾ വട്ടെഴുത്തിലാണ് രേഖപ്പെടുത്തിയിരുന്നത്. അപ്രകാരമുള്ള നിരവധി ഓലയാധാരങ്ങൾ പഴഞ്ഞി ആനപ്പറമ്പിൽ പുലിക്കോട്ടിൽ അബ്രഹാം കത്തനാരുടെ രേഖാസഞ്ചയത്തിൽ ഈ ഗ്രന്ഥകാരൻ നിരീക്ഷിച്ചിട്ടുണ്ട്. ആ നിലയിൽ പരമപ്രധാനമായ ഈ രേഖ വട്ടെഴുത്തിലെഴുതിയത് എത്രയോ സ്വാഭാവികമാണ്. ഈ ഗ്രന്ഥകാരൻ കണ്ടെടുക്കുമ്പോൾ അത് തുല്യ പകുതികളായ രണ്ട് കഷ്ണങ്ങൾ ആയിരുന്നു. ഏതോ പുരാതന രേഖാസഞ്ചയത്തിൽ നിന്ന് ഒടിച്ചു കടത്താൻ പാകത്തിൽ ഈ രേഖ ആരോ മടക്കി ഒടിച്ച് കടത്തിയതാവണം എന്ന് ഈ ഗ്രന്ഥകാരൻ അന്നേ നിരീക്ഷിച്ചിരുന്നു. ഇപ്പോൾ അത് യോജിപ്പിച്ച രീതിയിൽ പ്രൊഫ. ജോണപ്പാ പുനഃസംവിധാനം ചെയ്തിട്ടുള്ളത് കൃതജ്ഞതയോടെ സ്മരിക്കുന്നു (പ. കാതോലിക്കാ ബാവായെ ഏല്പിച്ച ഈ ചരിത്രരേഖ ആണ്ടുതോറും ഒരു നിശ്ചിത ദിവസം പൊതുജനങ്ങൾക്ക്

ദർശിക്കുവാൻ ഏർപ്പാടുണ്ടായില്ലെങ്കിൽ വീണ്ടും അത് വിസ്മൃതിയിൽ ആണ്ടുപോയേക്കുമെന്ന് ഇതെഴുതുന്ന ആൾ ഭയപ്പെടുന്നു).

ആധുനിക ഭാഷയിലേക്ക് വിവർത്തനം ചെയ്ത പടിയോലയുടെ സ്വരൂപം താഴെ ചേർക്കുന്നു:

"കൊല്ലം 981-ാം മത് മകരം ഞായറ്റിൽ പുത്തൻകൂർ സുറിയാനിക്കാരായ ആർത്താറ്റ് എടവകക്കാർ എല്ലാവരുംകൂടി നമ്മുടെ ബാവാ ദീവന്നാസ്യോസ് തിരുമുമ്പിൽ എഴുതിവച്ച പടിയോലയാവിത്.

നമ്മുടെ ജനങ്ങളിൽ ചിലർ പരദേശക്കാരുടെ ഇടത്തൂട്ട് ഉപദേശം കേൾക്കയാൽ റോമ്മാവിശ്വാസത്തിലേക്ക് തിരിഞ്ഞുപോയി വഴക്കുപിടിച്ച് പള്ളിയും പറമ്പും പകുത്ത് നറുക്കിട്ട് എടുപ്പാൻ ഇടവന്നു. അബദ്ധം കൊണ്ട് വളരെ വ്യാകുലത്തിന് ഇടവന്നതിനാൽ മേലാൽ അങ്ങനെ വരാതിരിപ്പാൻവേണ്ടി റോമ്മായിൽ നിന്നോ ബാബേലിൽ നിന്നോ അന്ത്യോഖ്യയിൽ നിന്നോ മറ്റു വല്ല പരദേശത്തുനിന്നോ യാതൊരു മെത്രാന്മാരുടെയും ഉപദേശങ്ങളും നടപ്പുകളും ഒരു നാളും കേട്ട് വഴങ്ങി നടക്കാതെ നമ്മുടെ മാർത്തോമ്മാശ്ലീഹായുടെ പൂർവീകവിശ്വാസവും ചട്ടങ്ങളും അനുസരിച്ച് നടന്നുകൊള്ളുമാറ് സമ്മതിച്ച് തമ്പുരാനെപ്പെറ്റ അമ്മയുടെ ആർത്താറ്റ് പള്ളിനടയിൽ വച്ച് എഴുതിയ (ത്).

| | |
|---|---|
| തെക്കേക്കര കുരിയത് കത്തനാർ മേക്ക് വികാരി | ഒപ്പ് |
| 1. ചെറുവത്തൂർ കുഞ്ഞാത്തു | ഒപ്പ് |
| 2. പനക്കൽ താരു | ഒപ്പ് |
| 3. കുത്തൂർ ചുമ്മാർ | ഒപ്പ് |
| 4. കോലാടി ഇട്ടൂപ്പ് | ഒപ്പ് |
| 5. കാക്കശ്ശേരി മാത്തു | ഒപ്പ് |
| 6. ചുങ്കത്ത് ഇയ്യാവു | ഒപ്പ് |
| 7. തോലത്ത് പാത്തു | ഒപ്പ് |
| 8. ചീരൻ പാത്തു | ഒപ്പ് |
| 9. പുലിക്കോട്ടിൽ താരു | ഒപ്പ് |
| 10. കിടങ്ങൻ ചേറുണ്ണി | ഒപ്പ് |
| 11. മണ്ടുമ്പാൽ കുഞ്ഞാത്തു | ഒപ്പ് |
| 12. തെങ്ങുങ്ങൽ കുരിയാക്കു | ഒപ്പ് |

(പടിയോലയിലെ രേഖയിൽ സംവൃത 'ഉ' കാരം ഇല്ല. ദീർഘ 'എ' കാരം ഇല്ല. ദീവന്നാത്യോസ്, വാവ, വിച്ചാതം തുടങ്ങിയ രൂപങ്ങളാണ് എഴുതിയിട്ടുള്ളത്. ഇവിടെ ഉദ്ധരിച്ചപ്പോൾ അത് ആധുനികലിപിയും ഭാഷയുമായി ഈ ഗ്രന്ഥകാരൻ വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. *ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്രം*, പു. 177).

പടിയോലയുടെ ഉള്ളടക്കത്തിന്റെ ആദ്യ ഭാഗം മലങ്കര സുറിയാനി സഭയുടെ ചരിത്ര സംക്ഷേപമാണ്. ആർത്താറ്റ് പള്ളിയിലെ ചരിത്രമാണ് പരാമർശിക്കുന്നതെന്ന് തോന്നാമെങ്കിലും അത് മലങ്കരസഭയുടെ മൊത്തം ചരിത്രം തന്നെയാണ്.

അവിഭക്ത ക്രൈസ്തവസഭയായി എ.ഡി. 52 മുതൽ നിരവധി പ്രാദേശിക പ്രതിസന്ധികളെ അതിജീവിച്ച് നിലനിന്ന മലങ്കര സുറിയാനി സഭ വിദേശീയമായ വിദേശീയമായ കോളനൈസേഷൻ ശ്രമങ്ങളുടെ ഭാഗമായി വിഭജിതമായ സംഭവം 1599-ലെ ഉദയംപേരൂർ സുന്നഹദോസിനെ സൂചിപ്പിക്കുന്നു. അതേ പ്രശ്നം കുറേക്കഴിഞ്ഞ് തങ്ങളുടെ പള്ളിയിലും അരങ്ങേറുകയും അതേ തുടർന്ന് പള്ളിയും കുരിശും കർമ്മവും ക്രിയയും കൂടാതെ പൂട്ടപ്പെട്ടു കിടന്ന വേദനാജനകമായ സംഭവവും ആ സൂചനയിൽ അന്തർഭവിച്ചിരിക്കുന്നു. തുടർന്ന് പാലൂർ-ചാട്ടുകുളങ്ങര ഇടവക അനൗപചാരികമായി ധ്രുവീകരിക്കപ്പെട്ടു. കുറേപ്പേർ പുന്നത്തൂർ രാജാവിന്റെ സഹായത്തോടെ കോട്ടപ്പടിയിൽ പള്ളി സ്ഥാപിച്ച് പിൻവാങ്ങി. മറുഭാഗം കുന്നംകുളത്ത് ചിറളയം രാജാവിന്റെയും മണക്കുളം രാജാവിന്റെയും സഹായത്തോടെ പള്ളികൾ സ്ഥാപിച്ചു. അപ്പോഴും മാർ ത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പാലൂർ-ചാട്ടുകുളങ്ങര പള്ളിയോടുള്ള അവരുടെ വികാരപരമായ ആഭിമുഖ്യം അസ്തമിച്ചില്ല. നിരന്തരം നിവേദനങ്ങളുമായി അവർ കഴിഞ്ഞുകൂടി. അങ്ങനെയിരിക്കെ 1789-ൽ ടിപ്പുവിന്റെ പടയോട്ടത്തിന്റെ ഫലമായി പള്ളി അഗ്നിക്കിരയായി; അനേകം സുറിയാനിക്കാർ രക്തസാക്ഷികളായി. എന്നിട്ടും പ്രശ്നങ്ങൾക്കു പരിഹാരമുണ്ടായില്ല. അക്കാലത്താണ് കൊച്ചിയുടെ ഭരണസാരഥ്യത്തിലേക്ക് ശക്തൻ തമ്പുരാൻ പ്രവേശിക്കുന്നത്. തൃശ്ശൂരിനെ വ്യാപാരവത്ക്കരിക്കുവാൻ കുന്നംകുളം-പഴഞ്ഞി പ്രദേശത്തുള്ള സുറിയാനി ക്രിസ്ത്യാനികൾ തങ്ങളുടെ മാതൃപരിസരങ്ങൾ ഉപേക്ഷിച്ച് തന്റെ അഭ്യർത്ഥനപ്രകാരം തൃശൂരിൽ - പുത്തൻപേട്ടയിൽ - കുടിയേറിപ്പാർത്തതും തന്റെ വ്യാപാരസ്വപ്നങ്ങൾ പൂവണിഞ്ഞതും അദ്ദേഹം കൃതജ്ഞതാപൂർവ്വം ഓർത്തു. പതിറ്റാണ്ടുകളായി നിയമപ്രശ്നം മൂലം പൂട്ടിയിട്ട പള്ളികൾ അവകാശത്തർക്കം പരിഹരിച്ച് കൈമാറുവാൻ അദ്ദേഹം നിശ്ചയിച്ചു. അങ്ങനെയാണ് നേരിട്ട് പള്ളി സന്ദർശിച്ചതിന് ശേഷം മന്ത്രിയെ അയച്ച് നറുക്കെടുപ്പ് നടത്തി പ്രശ്നപരിഹാരമുണ്ടാക്കിയതും തീട്ടൂരം നൽകി തീരുമാനത്തെ ശാശ്വതീകരിച്ചതും. ദൈവമാതാവിന്റെ പള്ളിയും പറമ്പിൽ ഒരു ഭാഗവും സുറിയാനിക്കാർക്ക് ലഭിച്ചു. പറമ്പിൽ ഒരു ഭാഗവും കുരിശുപള്ളിയും കത്തോലിക്കർക്കു ലഭിച്ചു. ഇത് ചരിത്രത്തിന്റെ ആദ്യ ഭാഗം. രണ്ടാം ഭാഗം സ്വാതന്ത്ര്യപ്രഖ്യാപനമാണ്. ഇതിന് രണ്ടു ഭാഗങ്ങളുണ്ട്. ആദ്യ ഭാഗത്ത് വൈദേശികമായ എല്ലാ സ്വാധീനങ്ങളെയും നടപ്പുകളെയും തിരസ്ക്ക

രിക്കുന്നു. ഇതിൽ റോം, ബാബിലോൺ, അന്ത്യോഖ്യാ മുതലായ വിദേശ കോയ്മകൾ ഉൾപ്പെടുന്നു. പരുന്ത് കോഴിക്കുഞ്ഞുങ്ങളെ ലക്ഷ്യമിട്ട് വട്ടമിട്ട് പറക്കുന്ന രീതിയിൽ മലങ്കരസഭയെ കീഴ്പ്പെടുത്തുവാൻ പ്രത്യക്ഷമായും പരോക്ഷമായും നടത്തുന്ന വിവിധ മേൽക്കോയ്മകളെ ധീരമായി നിഷേധിക്കുന്ന കാനോൻ ആണ് ഇതിലെ ഒന്നാം ഭാഗം.

രണ്ടാം ഭാഗത്ത് മാർതോമ്മാ ശ്ലീഹായുടെ നടപടികളും പൈതൃകവും തുടരണമെന്ന നയപ്രഖ്യാപനമാണ്.

മട്ടാഞ്ചേരി പടിയോലയിൽ റോമ്മിനെ മാത്രമേ തള്ളിപ്പറഞ്ഞിട്ടുള്ളു. മെത്രാൻ വാഴ്ചയെ സംബന്ധിച്ച ഒരു കാനോനും ഭരണപരമായി നാലു ഉപദേഷ്ടാക്കളെ നിയമിക്കുന്ന മറ്റൊരു കാനോനും അതിലുണ്ട്. എന്നാൽ ആർത്താറ്റ് പടിയോല കുറെക്കൂടെ മുമ്പോട്ടു പോയി. സർവ വിദേശ സ്വാധീനങ്ങളുടെയും ബന്ധനം അറുത്തുകളയുവാനുള്ള ദീർഘവീക്ഷണവും നിശ്ചയദാർഢ്യവും പ്രദർശിപ്പിക്കുന്നു. വിശ്വാസത്തിലും ചട്ടത്തിലും സ്വന്തം പൈതൃകത്തിൽ മലങ്കരസഭ മുന്നേറുമെന്ന അവസാന ഭാഗത്തിന് അതുല്യമായ നയപ്രഖ്യാപനത്തിന്റെ ചാരുതയും ചിട്ടയും അന്തർഭവിച്ചിട്ടുള്ളത് ആലോചനാമധുരമായിരിക്കുന്നു.

മലങ്കരസഭയ്ക്ക് മുഴുവൻ സ്വീകാര്യമായ ഈ പടിയോലയിലെ കാനോനുകൾ അനിവാര്യ സാഹചര്യങ്ങളാൽ പില്ക്കാലത്ത് ദുർബ്ബലപ്പെട്ടു പോയിട്ടുണ്ട്. എന്നാലും പൂർവ്വപിതാക്കൾ കാണിച്ച ക്രാന്തദർശിത്വവും സ്വാതന്ത്ര്യാഭിവാഞ്ഛയും നമ്മെ അത്ഭുതപ്പെടുത്തുന്നു. ഒന്നാമത്തെ ഇന്ത്യൻ സ്വാതന്ത്ര്യസമരം വീണ്ടും അര നൂറ്റാണ്ടിനു ശേഷം ആണ് സംഭവിക്കുന്നത്. തന്മൂലം ആർത്താറ്റ് പടിയോലയുടെ ദേശീയ പ്രാധാന്യം അനുപമം ആണ്.

## 5. കണ്ടനാട് പടിയോല (എ.ഡി. 1809)

മലങ്കര സുറിയാനി സഭാചരിത്രത്തിലെ കാനോൻ പാരമ്പര്യത്തെപ്പറ്റി പഠിക്കുമ്പോൾ അവഗണിക്കാൻ വയ്യാത്ത ഒരു രേഖയാണ് കണ്ടനാട് പടിയോല. മറ്റു പല പടിയോലകളിലേയും കാനോനാകൾ ഉത്ഭവിച്ചത് ഓരോ പ്രത്യേക വിഷയങ്ങളെപ്പറ്റി തീരുമാനങ്ങൾ പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായിട്ടാണ്. എന്നാൽ സഭാജീവിതത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളെയും സമഗ്രമായി സ്പർശിക്കുന്ന കാനോനാകൾ ഉൾക്കൊള്ളുന്നു എന്നത് കണ്ടനാട് പടിയോലയുടെ അനന്യത വ്യക്തമാക്കുന്നു.

1809 ജൂലൈ 4-ന് കണ്ടനാട് പള്ളിയിൽ വച്ച് ദിവംഗതനാവുകയും കോലഞ്ചേരിപള്ളിയിൽ കബറടക്കപ്പെടുകയും ചെയ്ത ഏഴാം മാർത്തോമ്മായുടെ ദേഹവിയോഗാനന്തരം സാധുവായ കൈവെപ്പു കൂടാതെ

മെത്രാൻ സ്ഥാനത്ത് അവരോധിക്കപ്പെട്ട എട്ടാം മാർതോമ്മായെ അംഗീകരിക്കുവാനുള്ള അനുരഞ്ജന വ്യവസ്ഥകൾ എന്ന നിലയിലാണ് ഏഴാം മാർത്തോമ്മായുടെ ഉപദേഷ്ടാക്കൾ ആയിരുന്ന പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും കായംകുളം പീലിപ്പോസ് റമ്പാനും ചേർന്ന് 'കണ്ടനാട് പടിയോല' തയാറാക്കിയത്. സ്വേച്ഛാചാരികളായി ഭരണം നിർവഹിച്ച പകലോമറ്റം മെത്രാന്മാരെ ഒരു സഭാ ഭരണഘടനയുടെ ചട്ടക്കൂടിൽ നിയന്ത്രിക്കുവാൻ കൂടെ ഉദ്ദേശിക്കപ്പെട്ടതായിരുന്നു ആ നിയമസംഹിത. സഭാ ജീവിതത്തിന്റെ സമഗ്രതയെ ഉൾക്കൊള്ളുന്നതിനാൽ അതിനെ മലങ്കര സഭയുടെ ആദ്യത്തെ ഭരണഘടന എന്നും വിശേഷിപ്പിക്കാവുന്നതാണ്. സമ്പൂർണ്ണവും സമഗ്രവുമായ ഒരു സഭാകാനോൻ എന്ന സഭയുടെ സ്വപ്നവും പ്രതീക്ഷയുമാണ്, മലങ്കരസഭയുടെ വടക്കും തെക്കും ഇടവകകളിൽ പ്രശസ്തരായ മല്പാന്മാർ കണ്ടനാട് പടിയോലയിൽ സാക്ഷാത്ക്കരിച്ചത്.

പടിയോല അച്ചടിച്ച രൂപത്തിൽ ആദ്യം പ്രത്യക്ഷപ്പെട്ടത് ഇട്ടൂപ്പ് റൈട്ടറുടെ ചരിത്രത്തിലാണ്. എന്നാൽ ഈ ഗ്രന്ഥകാരൻ കണ്ടെടുത്ത പുരാതന കയ്യെഴുത്ത് സഭാചരിത്രത്തിൽ കണ്ട 'പടിയോല' ഇട്ടൂപ്പ് റൈട്ടർ നൽകിയ പടിയോലയിൽ നിന്ന് ചില അംശങ്ങളിൽ വ്യത്യാസപ്പെട്ടിരുന്നു. രണ്ടിനെയും താരതമ്യം ചെയ്ത് ഈ ഗ്രന്ഥകാരൻ ഒരു പഠനം 2002-ൽ പ്രസിദ്ധപ്പെടുത്തിയ 'ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്ക്കാരവും' എന്ന ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. നേരത്തെ കയ്യെഴുത്തു സഭാചരിത്രത്തിൽ കണ്ട പടിയോലയുടെ സ്വരൂപം 1992-ൽ ഈ ഗ്രന്ഥകാരൻ പ്രസിദ്ധീകരിച്ച 'സഭാജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ' എന്ന ജീവചരിത്ര ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചിരുന്നു (പുതിയ പതിപ്പ് എം.ജെ.ഡി. പബ്ലിഷേഴ്സ് 2011-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്). കൊച്ചിയുടെ പ്രഥമ മെത്രാൻ കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് രചിച്ച സഭാചരിത്രം കൈയെഴുത്തു പ്രതിയിൽ കണ്ടനാട് പടിയോലയുടെ പൂർണ്ണസ്വരൂപം കണ്ടപ്പോൾ പടിയോലയുടെ മൂലപാഠത്തെക്കുറിച്ചുള്ള ചിത്രം വ്യക്തമായി. 'കണ്ടനാട് ഗ്രന്ഥവരി' എന്ന പേരിൽ ആ സഭാചരിത്രം ഈ ഗ്രന്ഥകാരൻ എഡിറ്റ് ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഗ്രന്ഥകാരൻ കണ്ടെടുത്ത് എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച കണ്ടനാട് ഗ്രന്ഥവരിയിലും നേരത്തെ പ്രസ്താവിച്ച കൈയ്യെഴുത്തു സഭാചരിത്രത്തിലും പടിയോലയുടെ സ്വരൂപം സമാനമായിരുന്നു. നവീകരണാശയങ്ങളോട് ആഭിമുഖ്യം പുലർത്തിയിരുന്ന ഇട്ടൂപ്പ് റൈട്ടർ കണ്ടനാട് പടിയോലയെ നവീകരണാശയങ്ങൾക്കനുസൃതമായി പരിഷ്ക്കരിച്ചാണ് തന്റെ സഭാചരിത്രത്തിൽ ചേർത്തിട്ടുള്ളതെന്ന് അതോടെ വ്യക്തമായി.

കണ്ടനാട് പടിയോലയുടെ മൂലപാഠം താഴെ ചേർക്കുന്നു:

ആദിയും അറുതിയും ഇല്ലാത്ത കാതൽത്വം തിങ്ങപ്പെട്ട ദൈവംതമ്പുരാന്റെ തിരുനാമത്താലെ പട്ടാങ്ങപ്പെട്ട വിശ്വാസത്തിന്റെ വർദ്ധിപ്പിന് തമ്പുരാന്റെ മനോഗുണത്താലെ നമ്മുടെ പരിഷക്ക് നെറിവിനുടെ നിലയും ഒരുമ്പാടും ഉണ്ടാകുവാൻ നാം അന്ത്യോഖ്യയുടെ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ കൈവാഴ്ചയിൽ ഉള്ള മലങ്കര എടവകയുടെ മാർ തോമ്മാ മെത്രാച്ചന്റെ കീഴ്‌വഴങ്ങപ്പെട്ട സുറിയാനിക്കാർ അങ്കമാലി മുതൽ മലങ്കര പള്ളിക്കാർ എല്ലാവരും കണ്ടനാട് പള്ളിയിൽ കൂടി മേൽ നടക്കേണ്ടും ക്രമങ്ങൾക്കും മര്യാദകൾക്കും നമുക്കുള്ള ബാവാമാർ നമ്മെ പഠിപ്പിച്ചു എന്ന പോലെ നടക്കുന്നതിന്) മിശിഹാ പിറന്നിട്ട് 1809-ാം കാലം കൊല്ലം 985-മാണ്ട് ചിങ്ങമാസം 1-ന് എഴുതിവച്ച പടിയോല ആവിത്.

ഒന്നാമത്, ഉണ്ണികൾ പിറന്നാൽ 90 ദിവസിക്കകം മാമ്മൂദീസാ മുക്കുകയും

രണ്ടാമത്, പൈതങ്ങൾ ആകാശങ്ങൾ ഇരിക്കുന്നതും നന്മനിറഞ്ഞ മറിയവും വിശ്വസിക്കുന്നതും ഞാൻ പിഴയാളിയും പ്രമാണങ്ങളും ചാവുദോഷങ്ങളും കൂദാശകളും കല്പനകളും മനോഗുണപ്രവൃത്തികളും പഠിക്കയും

മൂന്നാമത്, കുരിശുമണിനേരത്ത് 11 നന്മനിറഞ്ഞ മറിയവും ഒരു ആകാശങ്ങളിലിരിക്കുന്നതും ചൊല്ലുകയും കൗമ്മാപ്പടി നമസ്ക്കാരം പഠിച്ച് വീണ്ടും ജനങ്ങൾ എല്ലാവരും കൂടി അന്തിയിലും മയ്യലിലും നമസ്കരിക്കയും

നാലാമത്, ഞായറാഴ്ചകളിലും പെരുന്നാളുകളിലും എല്ലാവരും പള്ളിയിൽ വന്ന് കുർബ്ബാന കാണുകയും ദൂരപ്പെട്ടവർ വീടുക്ക് ഒരുത്തൻ എങ്കിലും വന്ന് കുർബ്ബാന കാണുകയും

അഞ്ചാമത്, കല്പിക്കപ്പെട്ട നോമ്പുകൾ അഞ്ചും നോൽക്കുകയും ഇരുപത്തിഅഞ്ച് നോമ്പിലും അമ്പത് നോമ്പിലും കുമ്പസാരിച്ച് കുർബ്ബാന കൊള്ളുകയും രോഗപ്പെട്ടവർ നോമ്പ് നോൽക്കുന്നതിന് വശമില്ല എന്ന് വികാരിയ്ക്കും ദേശത്ത്പട്ടക്കാർക്കും ബോധ്യം വന്നാൽ അനുവാദം പോലെ വാങ്ങിക്കൊൾകയും

ആറാമത്, പെണ്ണുങ്ങളെ പതിനാല് വയസ്സിനകം കെട്ടിക്കയും പെണ്ണുകെട്ടുന്നതിന്റെ തലേ ഞായറാഴ്ച പള്ളിയിൽ വന്ന് നമസ്കാരങ്ങൾ കേൾപ്പിച്ച് കുമ്പസാരിപ്പിക്കയും തലേ ഞായറാഴ്ച തന്നെ വിളിച്ചുചൊല്ലുകയും പെണ്ണുകെട്ടുന്നതിന് തെക്കേ ദിക്കിൽ ചെറുക്കന് ഒരു കുരിശും മൂന്ന് മൊടുകും (?) പെണ്ണിന് കാതിലയും തളയും മൂന്ന് കൂട്ടം കാശും

ഒറ്റഴയും രണ്ട് കഴുത്ത്കൊന്തയും വടക്കേദിക്കിൽ ചെറുക്കന് ഒരു കുരിശും ഏഴ് മൊടുകും (?) അരഞ്ഞാണവും നെറ്റിപ്പട്ടവും പെണ്ണിന് കാതിലയും തളയും കൈക്കറയും (?) തോൾവളയും നെറ്റിപ്പട്ടവും കഴു ത്തിൽ ഏഴുരു പൊന്നും ഇടുകയും പെണ്ണുകെട്ടിന് കരേറിയാൽ ഞായ റാഴ്ച ഒരു നേരത്തെ വിരുന്ന് കൊടുക്കയും കുടിവച്ചാൽ ഒരു നേരത്തെ വിരുന്ന് കൊടുക്കയും കുർബ്ബാനയ്ക്ക് മുമ്പ് പള്ളിയിൽ പെണ്ണുകെട്ടു കാർ വരികയും കുമ്പസാരിച്ച് കെട്ടിപ്പാൻ തുടങ്ങുമ്പോൾ മുമ്പും പിറകും തർക്കിക്കുന്ന കാര്യം മര്യാദ അല്ലായ്ക കൊണ്ട് കൂദാശകൾക്കും തമ്പു രാന്റെ മനോഗുണങ്ങൾക്കും ഭേദം ഇല്ലാത്തതാകക്കൊണ്ട് വയസ്സ് മൂപ്പ് പോലെ നിർത്തി കെട്ടിച്ചു കൊൾകയും പിറ്റേ ഞായറാഴ്ചയ്ക്കകം കുടി വയ്ക്കയും വിരുന്നുകൂടാതെ തിരണ്ടുകുളിയും പുളികുടിക്കയും കഴിച്ചു കൊൾകയും വാവൂസായും വാഴ്ചക്ക് ഓണപ്പുടവയും കൊടുക്കയും വേണം.

ഏഴാമത്, പട്ടക്കാർ രണ്ടുനേരവും കൂടി നമസ്കരിച്ച് പള്ളിയിൽ പാർ ക്കുകയും മദ്യപാനം ചെയ്യാതെയും നാലു പേർ കൂടുന്ന ഗുണ ദോഷങ്ങൾക്ക് മാപ്പിളമാർ മദ്യപാനം ചെയ്യാതെയും രണ്ടു പട്ടക്കാർ (ഉള്ള) പള്ളികളിൽ ഞായറാഴ്ചകൾക്കും പെരുന്നാളുകൾക്കും കാലത്തും ഉച്ച നേരത്തും കുർബ്ബാന ചൊല്ലുകയും പള്ളികളിൽ പട്ടക്കാർക്ക് പസാരം കൊടുക്കുകയും

എട്ടാമത്, തെക്കും വടക്കും രണ്ടു പഠിത്തവീട്ടിൽ ഓരോ മല്പാന്മാർ ഇരുന്ന് പൈതങ്ങളെയും ശെമ്മാശന്മാരെയും പഠിപ്പിക്കുകയും പള്ളിക ളിൽ നിന്ന് വരിയിട്ടെടുത്ത് അവർക്ക് വേണ്ടുന്നത് ആണ്ടുതോറും കൊടു ക്കുകയും പട്ടക്കാർ പള്ളിക്കടുത്ത ക്രമങ്ങൾ ഒക്കെയും തഴക്കി കുറവ് തീർത്ത് മല്പാന്മാരുടെ എഴുത്ത് യജമാനസ്ഥാനത്ത് കൊണ്ടുവന്ന് കൊടുത്ത് കൂദാശപ്രവൃത്തികൾക്ക് അനുവാദം വാങ്ങിച്ചുകൊൾകയും

ഒമ്പതാമത്, പള്ളിമര്യാദകൾ നടത്തേണ്ടതിന് ആണ്ടുതക്സാ ക്രമ പ്പെടുത്തിയ പുസ്തകം പള്ളിക്കാര്യത്തിൽ നിന്ന് വാങ്ങിച്ചുകൊൾകയും

പത്താമത്, എല്ലാ പള്ളികളിലും തിര (ശ്ശീല) തു (റ) ക്കുകയും പതിനാറ് പേരെ തെരഞ്ഞെടുത്ത് അവരുടെ പേർക്ക് കു (മു) റി എഴുതി നടയിൽ വച്ച് അതിൽ നിന്ന് നാലു കുറി എടുത്ത് വരുന്ന ആൾ ഒരു വത്സരം കൈസ്ഥാനം നടന്ന് പതിവിൻപടി ചെലവിട്ട് ശേഷമുള്ളതിന് യോഗത്തെ ബോധിപ്പിച്ച് ചിലവർത്ത് ആണ്ട് തികയുമ്പോൾ വികാരി യെയും യോഗത്തെയും ബോധിപ്പിച്ച് മുതൽ ചെലവിന്റെ കണക്ക് എഴു തിത്തീർത്ത് ഇരിപ്പുള്ള പണവും കെട്ടി വപ്പിച്ച് കൈസ്ഥാനവും മാറ്റി വീണ്ടും കുറിയിട്ട് എടുത്ത് വരുന്ന ആളിന്റെ പറ്റിൽ പണവും മുണ്ടുമു

റിയും പെട്ടി പ്രമാണവും ശേഷമുള്ള മുതൽകാര്യങ്ങളും ഏല്പിച്ച് മേമ്പൂട്ടിൽ വെച്ച് യജമാന (സ്ഥാന) ത്തെ ആളായിട്ട് എടവകപട്ടക്കാരിൽ ഒരുത്തനെ നിശ്ചയിച്ചതിൽ രണ്ടു പേരും തിരട്ടും പടിയോലയും കണക്കും അതിനോടുകൂടെ വെച്ച് മൂന്ന് പൂട്ടും പൂട്ടി സൂക്ഷിച്ചുകൊൾകയും ആ വക പൂട്ടിൽ നിന്നും എടുത്ത് ചെലവാക്കേണ്ടും നാളിൽ യജമാനസ്ഥാനത്തെയും വികാരിയെയും യോഗത്തെയും ബോധിപ്പിച്ച് ചെലവിട്ടു കൊൾക.

പതിനൊന്നാമത്, പതിനാറ്പേർ പ്രാപ്തിയുള്ളവരായി ഇല്ലാത്ത പള്ളികളിൽ നാലു പേരായിട്ടെങ്കിലും എഴുതിവച്ച് നടത്തിക്കൊൾകയും കൈസ്ഥാനച്ചീട്ടിൽ ഉൾപ്പെട്ട ആളുകളെ വികാരിയും എടവകപട്ടക്കാരും കൂടെ നിരൂപിച്ച് യോഗക്കുറി എഴുതുകയും യോഗക്കാര്യം വിചാരിച്ച് കൊള്ളുകയും

പന്ത്രണ്ടാമത്: നമസ്കാരവും കുർബ്ബാനയും മാമ്മൂദീസായും പെൺകെട്ടും യൽദയും ദനഹായും ഓശാനയും ദുഃഖവെള്ളിയാഴ്ചയും പെന്തിക്കോസ്തിയും യാക്കോബായക്കാരായ സുറിയാനിക്കാരുടെ ക്രമത്തിൽ നടന്നുകൊൾകയും

ഈ എഴുതിവെച്ച ക്രമങ്ങൾ ഒന്നിനും ഭേദം വരുത്താതെ നടന്നു കൊള്ളുമാറും ആയതിന് ഭേദം വരുത്തി നടക്കുന്നു എങ്കിൽ പള്ളിക്ക് പുറത്ത് നിന്ന് കല്പിച്ച് ചെയ്യുന്ന ശിക്ഷയും അനുസരിച്ച് കല്പിക്കും വണ്ണം പ്രായശ്ചിത്തവും ചെയ്തു വീണ്ടും ഈ എഴുതിവച്ചതിൻവണ്ണം നടന്നുകൊള്ളുമാറും സമ്മതിച്ച് ഈ പടിയോല എഴുതിവച്ച് അങ്കമാലി പള്ളി മുതൽപേർ ശേഷം അമ്പത്തിനാല് പള്ളിക്കാരും കൂടി എഴുതി വച്ച പടിയോല.

ഇതിന്മണ്ണം പടിയോലയും എഴുതിവെച്ച് മെത്രാനെ മോതിരവും ഇടുവിച്ച് ഐമോസ്യമായി കുന്നംകുളങ്ങര പുലിക്കോട്ടിൽ യൗസേപ്പ് (ഇട്ടൂപ്പ്) കശ്ശീശായ്ക്ക് റമ്പസുഖം കൊടുത്ത് പീലിപ്പോസ് റമ്പാനും (കായംകുളം) ഇവർ രണ്ടു പേരും മെത്രാന്റെ അടുക്കൽ പാർക്കത്തക്കണ്ണവും പറഞ്ഞ് വച്ച് ഐമോസ്യമായി പിരിയുകയും ചെയ്തു.

കണ്ടനാട് പടിയോലയെ മലങ്കര സുറിയാനി സഭയുടെ ഭരണഘടന എന്നും കാനോൻ എന്നും ചരിത്രകാരന്മാർ വിശേഷിപ്പിച്ചിട്ടുണ്ട് (*ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും*, പുറം 431). മാമ്മൂദീസായുടെ പ്രായം, വിവാഹസമ്പ്രദായത്തിലെ സാമൂഹികവും സാംസ്കാരികവും സാമുദായികവും ആയ ആചാരങ്ങൾ, ആഭരണങ്ങൾ, വിവാഹാവസരത്തിൽ ദേവാലയത്തിന് നൽകേണ്ടുന്ന ഭോഗങ്ങൾ, ദേവാലയത്തിലെ അനുഷ്ഠാനങ്ങൾ, വൈദികരുടെ പ്രത്യേക വരുമാനങ്ങൾ,

സഭയിലെ നോമ്പുകൾ, നോമ്പിന്റെ ആചരണശൈലികൾ, വീട്ടിലും ദേവാലയത്തിലുമായി നടത്തേണ്ടുന്ന നമസ്ക്കാരങ്ങളുടെയും മറ്റ് ആരാധനകളുടെയും മുറകൾ, ഞായറാഴ്ചകളിലും പെരുന്നാളുകളിലും ഉള്ള പ്രത്യേക ആരാധനകൾ, അവൈദികരുടെയും വൈദികരുടെയും മതേതരവും മതപരവുമായ വിദ്യാഭ്യാസവും വൈദികപരിശീലനവും, ഇടവകയുടെ ഭരണം, അതിൽ വൈദികന്റെയും മെത്രാന്റെയും ജനങ്ങളുടെയും പങ്കാളിത്തം, മല്പാന്മാരുടെയും മെത്രാന്മാരുടെയും പ്രത്യേക സ്ഥാനങ്ങളും ചുമതലകളും, സഭയിലെ പെരുന്നാളുകളും ആരാധനക്രമങ്ങളും, പടിയോലയുടെ അലംഘനീയത തുടങ്ങി ഒരു സഭയുടെ വിശ്വാസപരവും ആരാധനാപരവും ഭരണപരവും ആയ ഒട്ടേറെ വിഷയങ്ങളിൽ പ്രമാണങ്ങൾ പ്രഖ്യാപിക്കുവാൻ ഈ പടിയോലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. സഭയുടെ തെക്കും വടക്കും പ്രസിദ്ധി നേടിയ കായംകുളം പീലിപ്പോസ് മല്പാനും കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും നേതൃത്വം നൽകി തയാറാക്കിയതുകൊണ്ടാകാം പടിയോലയ്ക്ക് ഒരു കാനോൻ സംഹിതയുടെ സൗരഭ്യം കൈവന്നത്.

ഈ പടിയോലയുടെ ഉള്ളടക്കത്തിൽ താഴെ പറയുന്ന സവിശേഷതകൾ ചരിത്രകാരന്മാർ നിരീക്ഷിച്ചിട്ടുണ്ട്.

1. പകലോമറ്റം കുടുംബക്കാരുടെ മെത്രാൻ സ്ഥാനാവകാശത്തെപ്പറ്റി അർത്ഥഗർഭമായ മൗനം പാലിക്കുന്നു.

2. ഇടവകയിലെ അനുദിനഭരണം ഇടവകപട്ടക്കാരും തെരഞ്ഞെടുക്കപ്പെട്ട കൈസ്ഥാനികളും ചേർന്ന് നടത്തുന്നു. സവിശേഷ കാര്യങ്ങളിൽ മെത്രാന്റെ പങ്കാളിത്തം അനുവദിക്കുന്നു.

3. അവൈദികർക്ക് മതപരവും മതേതരവുമായ വിദ്യാഭ്യാസം വിഭാവനം ചെയ്യുന്നു. അതിന്റെ ചെലവുകൾ എല്ലാ ഇടവകകളും ചേർന്ന് നിർവഹിക്കണം.

4. പട്ടക്കാരുടെ സേവന - വേതന വ്യവസ്ഥകളെപ്പറ്റി പരാമർശിച്ചിരിക്കുന്നു.

5. വിശ്വാസികളുടെ വ്യക്തിഗത-സാമൂഹിക-ആത്മീയ ജീവിതത്തെപ്പറ്റി ആഴമേറിയ ഉത്കണ്ഠ പ്രകടിപ്പിക്കുന്നു.

6. വിദേശ സഭാമേലധ്യക്ഷന്മാരെ മലങ്കരസഭ ബന്ധപ്പെട്ടതിന്റെയോ ബന്ധപ്പെടേണ്ടതിന്റെയോ ചിത്രം പടിയോല സ്പർശിച്ചിട്ടേയില്ല. ആരാധനക്രമങ്ങൾ ഏകീകരിക്കുവാൻ ധീരമായ നിശ്ചയം പ്രഖ്യാപിക്കുന്നു.

(ഇവിടെ പ്രഖ്യാപിച്ച യാക്കോബായ ക്രമങ്ങൾ അന്ത്യോഖ്യൻ സഭ

യുടെ ക്രമങ്ങൾ ആണെന്ന് ഒരു നിരീക്ഷണം ചിലർ പുറപ്പെടുവിച്ചിട്ടുള്ളത് അസ്വീകാര്യമാണ്. കണ്ടനാട് പടിയോലയിലെ നിർദ്ദേശമനുസരിച്ച് പടിയോല രൂപപ്പെടുത്തുവാൻ നേതൃത്വം നൽകിയ കായംകുളം പീലിപ്പോസ് റമ്പാൻ അടുത്ത വർഷം 1810-ൽ പകർത്തി എഴുതിയ ഒരു ആണ്ടുതക്സാ ഈ ഗ്രന്ഥകാരന്റെ കൈവശമുണ്ട്. പൗരസ്ത്യ സുറിയാനിയിൽ എഴുതിയ ഈ ആണ്ടുതക്സായിലെ ഉള്ളടക്കവും ക്രമീകരണവും അന്ത്യോഖ്യൻ സഭയുടെ ആണ്ടുതക്സായിൽ നിന്ന് ഏറെ വിഭിന്നമാണ്. ഈ ആണ്ടുതക്സായാണ് 1810 മുതൽ യൂയാക്കിം കൂറിലോസിന്റെ ആഗമനം വരെയും (1845) മലങ്കരസഭയിൽ സർവത്ര ഉപയോഗിച്ചിരുന്നത് എന്ന് ഈ ഗ്രന്ഥകാരന്റെ അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. പഴയപള്ളികളിൽ ഈ ആണ്ടുതക്സായുടെ കൈയെഴുത്തു പ്രതികൾ ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ട്. ഈ അടുത്തകാലം വരെയും തൊഴിയൂർ സഭയിൽ ഈ ആണ്ടുതക്സായാണ് ഉപയോഗിച്ചിരുന്നത്.).

8. തെക്കും വടക്കുമായി രണ്ടു പഠിത്തവീടുകൾ ആരംഭിക്കണമെന്ന നിശ്ചയത്തിലൂടെ രണ്ട് സെമിനാരികൾ എന്ന നിർദ്ദേശം പ്രഖ്യാപിച്ചു.

യോഗത്തിൽ അധ്യക്ഷത വഹിച്ച എട്ടാം മാർത്തോമ്മാ ഈ നിശ്ചയങ്ങൾക്ക് കാര്യമായ പരിഗണന നൽകിയില്ല. തന്മൂലമാവാം പകലോമറ്റം കുടുംബ ഡയറി എന്നു കൂടെ വിശേഷിപ്പിക്കപ്പെട്ട അജ്ഞാത കർത്തൃകമായ നിരണം ചരിത്രത്തിൽ (നിരണം ഗ്രന്ഥവരി) 'ഒരു പടിയോല അംഗീകരിച്ചു' എന്ന് വളരെ ഉദാസീനമായി ഈ വൻ സംരംഭത്തെ നിസാരവത്ക്കരിച്ചത്. ഈ സഭാചരിത്രരേഖ ആദ്യമായി പ്രസിദ്ധീകരിച്ച ഇട്ടൂപ്പ് റൈട്ടർ തന്റെ നവീകരണാഭിമുഖ്യങ്ങൾക്കനുസരണമായി പടിയോലയിലെ കാനോനാകളെ വികൃതമാക്കിയ കഥ ഒരു താരതമ്യ പഠനത്തിലൂടെ ഈ ഗ്രന്ഥകാരൻ വിശദീകരിച്ചിട്ടുണ്ട്. (*ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്ക്കാരവും,* പുറം 428-431).

കണ്ടനാട് പടിയോലയിലെ നിശ്ചയങ്ങൾ സഭയിൽ പ്രായോഗികമായതിന്റെ ചില ഉദാഹരണങ്ങൾ കാണുക.

1. പടിയോല (1809) അംഗീകരിച്ചതിന്റെ തൊട്ടടുത്ത വർഷം അതിൽ നിർദ്ദേശിച്ച യാക്കോബായ ആണ്ടുതക്സാ സഭയിലെങ്ങും പ്രചരിച്ചു.

2. പടിയോലയുടെ രണ്ടു ശില്പികളും മലങ്കര മെത്രാന്റെ ഉപദേഷ്ടാക്കളായി നിയമിതരായി.

3. പഠിത്തവീട് 1814-ൽ കോട്ടയത്ത് സ്ഥാപിതമായി.

4. എട്ടാം മാർത്തോമ്മായുടെ സ്ഥാനാരോഹണത്തിലെ ക്രമക്കേടിനെപ്പറ്റി ഉയർന്ന വിവാദങ്ങൾ അസ്തമിച്ചു.

5. എട്ടാം മാർത്തോമ്മാ പടിയോലയിലെ നിർദ്ദേശങ്ങൾ ലംഘിച്ച തോടെ അദ്ദേഹം മെത്രാൻസ്ഥാനത്തിന്റെ ചുമതലകളിൽ നിന്ന് നിയമ പരമായി നീക്കപ്പെട്ടു.

സഭാചരിത്രത്തിൽ പല സഭാസമ്മേളനങ്ങളെക്കുറിച്ചും സൂചനകളും അറിവുകളും പഠിച്ചിട്ടുണ്ടെങ്കിലും അവയിൽ രൂപംകൊണ്ട കാനോനാ കൾ ലിഖിതരൂപത്തിൽ ലഭിച്ചിട്ടില്ല. തന്മൂലം മലങ്കരയിലെ എല്ലാ പള്ളി ക്കാരും ഒത്തുചേർന്ന ഒരു സമ്മേളനത്തിന്റെ ഇദംപ്രഥമമായ സമഗ്ര കാനോനാകൾ എന്ന നിലയിൽ കണ്ടനാട് പടിയോലയുടെ പ്രാധാന്യം അതുല്യമാണ്. ആ സഭാരേഖയിൽ അന്ത്യോഖ്യായിലെയോ മറ്റേതെ ങ്കിലും ദേശത്തെയോ സഭാസ്ഥാനികളെപ്പറ്റിയുള്ള പരാമർശങ്ങൾ എങ്ങു മില്ല. പകലോമറ്റം മെത്രാന്മാർ സ്ഥാനത്തും അസ്ഥാനത്തും അന്ത്യോഖ്യാ എന്നും ഇഗ്നാത്യോസ് പാത്രിയർക്കീസ് എന്നും അബോ ധാവസ്ഥയിലെന്നോണം ഉരുവിട്ടു നടന്ന ഒരു കാലത്ത്, സഭ ഒന്നാകെ സമ്മേളിച്ച് ഐതിഹ്യങ്ങളെയും കിംവദന്തികളെയും അവയർഹിക്കുന്ന അവഗണനയോടെ തള്ളിക്കളഞ്ഞു എന്ന് കണ്ടനാട് കാനോനാകൾ വ്യക്തമാക്കുന്നു. തികച്ചും ദേശീയവും സ്വതന്ത്രവുമായ ഒരു സഭാ സങ്കല്പം മാത്രമേ കണ്ടനാട് സുന്നഹദോസിനും അതിന്റെ സംഘാ ടകർക്കും ഉണ്ടായിരുന്നുള്ളു. 1653-ലെ കൂനൻകുരിശ് പ്രതിജ്ഞയും 1806-ലെ ആർത്താറ്റ് പടിയോലയും കഴിഞ്ഞാൽ മറ്റൊരു നാഴിക്കല്ല് എന്ന് കണ്ടനാട് സമ്മേളനത്തെ ന്യായമായും വിശേഷിപ്പിക്കാവുന്നതാണ്.

കണ്ടനാട് സമ്മേളനം പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെ, റമ്പാൻ സ്ഥാനത്തേക്കാണ് തെരഞ്ഞെടുത്തതെങ്കിലും ആ തെരഞ്ഞെടുപ്പിനെ മെത്രാൻ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പായിട്ടാണ് മിഷനറി രേഖകൾ അക്കാലത്ത് വിശേഷിപ്പിച്ചതെന്ന് പി. ചെറിയാൻ ജഡ്ജി എഴുതിയ സഭാ ചരിത്രത്തിന്റെ അനുബന്ധത്തിൽ കൊടുത്തിട്ടുള്ള മിഷനറിമാരുടെ കത്തുകൾ വ്യക്തമാക്കിയിട്ടുണ്ട്. അങ്ങനെയെങ്കിൽ മലങ്കരയിലെ മെത്രാൻ സ്ഥാനാർത്ഥി സഭയുടെ തെരഞ്ഞെടുപ്പിന്റെ പിൻബലത്തിൽ മാത്രമേ വാഴിക്കപ്പെടാവൂ എന്ന കാനോൻ നിശ്ചയം 1809-ലെ കണ്ടനാട് സമ്മേളനം അംഗീകരിച്ചതായി വേണം കണക്കാക്കുവാൻ. പിന്നീട് മല ങ്കര മെത്രാൻ സ്ഥാനികളെ തെരഞ്ഞെടുപ്പിലൂടെ കണ്ടെത്തുകയും അംഗീ കരിക്കുകയും ചെയ്യുക എന്ന വഴിത്തിരിവ് ഈ കാനോൻ നിശ്ചയത്തി ലൂടെ പ്രാബല്യത്തിൽ വന്നു എന്ന് പറയാം (അനധികൃതമായി പട്ടമേറ്റു എന്ന അവകാശവാദവുമായി പ്രത്യക്ഷപ്പെട്ട പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിന്റെ കാര്യത്തിൽ മാത്രം ഈ കാനോൻ ലംഘിക്ക പ്പെട്ടു. അദ്ദേഹത്തിന്റെ മെത്രാൻ സ്ഥാനപ്രാപ്തിക്ക് രേഖകളോ സാക്ഷി കളോ ഇല്ല എന്നത് സെമിനാരിക്കേസിൽ വ്യക്തമാക്കപ്പെട്ട കാര്യമാ

ണെന്ന് ഇവിടെ ഓർക്കാവുന്നതാണ്. അദ്ദേഹത്തെ ഔദ്യോഗിക മലങ്കര മെത്രാപ്പോലീത്തന്മാരുടെ നിരയിൽ പ്രതിഷ്ഠിക്കുന്നവർ സഭാചരിത്രത്തോട് നീതിപുലർത്തുന്നില്ല എന്നതാണ് വാസ്തവം. എത്ര ഉന്നതർ ഉറക്കെ വിളിച്ചുപറഞ്ഞാലും അസത്യം സത്യമാവുകയില്ല. കണ്ടനാട് പടിയോലയുടെയും ആർത്താറ്റ് പടിയോലയുടെയും പുതിയകാവ് പടിയോലയുടെയും മട്ടാഞ്ചേരി പടിയോലയുടെയും ദേശീയവീക്ഷണത്തെ അപ്രസക്തമാക്കുന്ന നടപടികളാണ് പാലക്കുന്നത്ത് അത്താനാസ്യോസ് സ്വീകരിച്ചത്. എന്നിട്ടും അദ്ദേഹത്തെ ദേശീയവാദി എന്നും സ്വാതന്ത്ര്യവാദി എന്നും വിളിച്ച് ബഹുമാനിക്കുന്നതിലൂടെ പലരും സഭാചരിത്രത്തെ അപമാനിക്കുകയല്ലേ ചെയ്യുന്നത്?)

കണ്ടനാട് പടിയോലയിലെ നിശ്ചയങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട എട്ടാം മാർത്തോമ്മാ കണ്ടനാട് കാനോനാകളിലെ ദർശനത്തിന് വിരുദ്ധമായി 1813-ൽ എഴുതിയ ഒരു ചോദ്യോത്തര രേഖ പകലോമറ്റം മെത്രാന്മാരുടെ അന്ത്യോഖ്യൻ വിധേയത്വത്തെ വ്യക്തമാക്കുന്നുണ്ട്. പകലോമറ്റം കുടുംബവാഴ്ചയെ തള്ളിക്കളയുന്ന നിലപാടിനെ അതിജീവിക്കുവാൻ ആ വിധേയത്വം ബലം നൽകുമെന്ന് എട്ടാം മാർത്തോമ്മാ കരുതിയിരിക്കാം. കുറഞ്ഞപക്ഷം മാവേലിക്കര സുന്നഹദോസ് വരെ എങ്കിലും കണ്ടനാട് കാനോനാകൾ പ്രാബല്യത്തിലിരുന്നു. 1809 മുതൽ 1836 വരെ രണ്ടര പതിറ്റാണ്ടു കാലം പ്രാബല്യത്തിലിരുന്ന ഈ കാനോനാകൾ നവീകരണ കൊടുങ്കാറ്റിനടിയിൽ തകർന്ന് വീഴുകയായിരുന്നു.

മലങ്കരസഭയുടെ ചരിത്രത്തെപ്പറ്റി എട്ടാം മാർത്തോമ്മാ എഴുതിയ 1813-ലെ രേഖയിൽ സഭയുടെ മുൻ നിലപാടുകളെയും കാനോനാകളെയും ഏകപക്ഷീയമായി നിരാകരിച്ചിട്ടുള്ളത് പല ചരിത്രകാരന്മാരും വേണ്ടത്ര ശ്രദ്ധിച്ചതായി തോന്നുന്നില്ല. അന്ത്യോഖ്യായുടെ മേലധികാരം മലങ്കര സഭ ഔദ്യോഗികമായി സ്വീകരിച്ചത് 1876-ലെ മുളന്തുരുത്തി സുന്നഹദോസിൽ വച്ച് ആണെന്ന് ഡോ. ഫാ. ടി. ഐ വർഗ്ഗീസും ഡോ. ഫാ. എം. ഒ. ജോണും നിരന്തരം എഴുതിവിടുന്നത് പൂർവ്വകാല രേഖകൾ പരിശോധിക്കാതെയാണെന്നത് നിർഭാഗ്യകരമാണ്. 1813 മീനം 18-ന് അദ്ദേഹം മദ്രാസ് ഗവൺമെന്റിൽ ബോധിപ്പിച്ച ചില ഉത്തരങ്ങൾ കാണുക:

ചോദ്യം 2. സുറിയാനിപ്പള്ളികൾ ഏത് യജമാനന്റെ മുഷ്ക്കരത്തിൻ കീഴായിട്ട് ചട്ടവട്ടങ്ങൾ പ്രമാണിച്ച് നടന്നിരിക്കുന്നു?

ഉത്തരം: അന്ത്യോഖ്യായുടെ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസിന്റെ മുഷ്ക്കരത്വത്തിൻകീഴ് അത്രേ മലയാളത്തിൽ ചട്ടവട്ടങ്ങൾ പ്രമാണിച്ച് നടന്നിരിക്കുന്നത്. ... മെത്രാന്മാരും അന്ത്യോഖ്യായിൽ നിന്ന് മലയാളത്ത് വന്ന്, മാർതോമ്മാ ശ്ലീഹായിൽ നിന്ന് പട്ടം കൈക്കൊണ്ട് നടക്കുന്ന തറ

വാട്ടിൽ തന്നെയുള്ള ആളുകൾക്ക് സ്ഥാനം കൊടുക്കയും അവർ ദിഷ്ട തികൾ കഴിച്ചു വരികയും കർത്തവ്യമായിട്ട് മുട്ടുദിഷ്ടതികൾക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിനെ ബോധിപ്പിച്ചും അത്രേ കണ്ടുവരുന്നത്.

ചോദ്യം 3. അന്ത്യോഖ്യാ പാത്രിയർക്കീസായിട്ട് സുറിയാനി പള്ളികളുടെ മേൽ ഏതുപ്രകാരത്തിലുള്ള മുഷ്ക്കരത്തം പ്രവർത്തിച്ചിരിക്കുന്നു?

ഉത്തരം: .... മാർ ഇഗ്നാത്യോസ് പാത്രിയർക്കീസ് കല്പിച്ച് ഉറഹായുടെ യൗസേഫ് എന്ന് പേരായ മെത്രാനെയും .... കപ്പൽ കയറ്റി മലയാളത്തിലേക്ക് യാത്രയാക്കി. ... ഇങ്ങനെയത്രേ അന്ത്യോഖ്യായിൽ നിന്ന് മലയാളത്തുള്ള സുറിയാനിപള്ളികളുടെ മേൽ മുഷ്ക്കരത്തം നടത്തിയിരുന്നത്.

ചോദ്യം 15. സുറിയാനിക്കാരുടെ വന്ദനക്കടുത്ത ക്രമങ്ങളുടെ പ്രകാരങ്ങൾ എന്തെല്ലാം ആകുന്നു? പട്ടക്കാർക്ക് വിവാഹം സമ്മതിച്ചിട്ടുണ്ടോ?

ഉത്തരം: അന്ത്യോഖ്യയിലെ ഇഗ്നാത്യോസ് പാത്രിയർക്കീസ് കല്പിച്ച് കൊടുത്തയച്ച പുസ്തകങ്ങളിൽ കാണുന്ന മര്യാദകൾപ്രകാരം യാക്കോബായക്കാരായ സുറിയാനിക്കാർ നടന്നു വരന്നു. വിവാഹം മുടക്കപ്പെട്ടിട്ടുമില്ല. (... മേടം 20 നിരണത്തു പള്ളിയിൽ നിന്നും, ഇട്ടൂപ്പ് റൈട്ടർ, പു. 185).

കണ്ടനാട് സുന്നഹദോസ് രൂപംകൊടുത്ത കാനോനാകളിൽ സ്പർശിച്ചിട്ടില്ലാത്ത പരാമർശങ്ങൾ ആണ് എട്ടാം മാർത്തോമ്മാ സഭയെ പ്രതിനിധാനം ചെയ്ത് ബ്രിട്ടീഷ് സർക്കാരിന് നൽകിയത്. അക്കാലത്തെ സാധാരണജനങ്ങളുടെ ഐതിഹ്യാധിഷ്ഠിതമായ ധാരണകളെ ഒരു പ്രമാണത്തിന്റെയും പിൻബലമില്ലാതെ എട്ടാം മാർത്തോമ്മാ രേഖപ്പെടുത്തുകയാണ് ചെയ്തത്. പകലോമറ്റം കുടുംബവാഴ്ചയെ പരിരക്ഷിക്കുന്നതിലപ്പുറം സഭാതാല്പര്യങ്ങളൊന്നും അദ്ദേഹത്തിനില്ലായിരുന്നു. വിദേശത്തുനിന്ന് ഇവിടെ വന്ന എല്ലാ മെത്രാന്മാരും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മേൽവിലാസത്തിലാണ് ഇവിടെ അന്ന് അറിയപ്പെട്ടിരുന്നത്. അവർ പകലോമറ്റം കുടുംബവാഴ്ചയെ എതിർത്തിരുന്നില്ല. ആ അനുകൂല പരിതഃസ്ഥിതിയിൽ പകലോമറ്റം മെത്രാന്മാർ മലങ്കരസഭയുടെ മുഷ്ക്കരത്തം അന്ത്യോഖ്യാ പാത്രിയർക്കീസിന് ആണെന്ന് സ്ഥാനത്തും അസ്ഥാനത്തും അവകാശപ്പെട്ടിരുന്നു. അതിന്റെ സ്വാഭാവിക പരിണാമമാണ് മാവേലിക്കര പടിയോലയിലും മുളന്തുരുത്തി നിശ്ചയങ്ങളിലും കാണുന്നതെന്ന് വിസ്മരിക്കുവാൻ പാടുള്ളതല്ല.

## 6. മാവേലിക്കര പടിയോല (എ.ഡി. 1836)

1814-ൽ സ്ഥാപിതമായ കോട്ടയം പഴയസെമിനാരിയിൽ വേദാധ്യാപനത്തിന് ആംഗ്ലേയ മിഷനറിമാരുടെ സഹായം സ്വീകരിക്കുവാൻ സെമിനാരിയുടെ സ്ഥാപകനും പ്രഥമ പ്രിൻസിപ്പലുമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്താ നിശ്ചയിച്ചത് തികഞ്ഞ ഉദ്ദേശ്യശുദ്ധിയോടെ ആയിരുന്നു. എന്നാൽ സ്ഥാപകന്റെ നിര്യാണാനന്തരം (1816) മിഷനറിമാർ സെമിനാരി എല്ലാ അർത്ഥത്തിലും കയ്യടക്കുന്നത് തടയുവാൻ ഇടക്കാല മലങ്കര മെത്രാനായി നിയമിക്കപ്പെട്ട തൊഴിയൂരിന്റെ മാർ പീലക്സിനോസ് ശ്രമിച്ചില്ല. പിന്നീട് മെത്രാൻ സ്ഥാനമേറ്റ പുന്നത്ര മാർ ദീവന്നാസ്യോസിന് നിസ്സഹായനായി കാര്യങ്ങൾ വീക്ഷിക്കാനേ കഴിഞ്ഞുള്ളു. അദ്ദേഹത്തിന്റെ കാലത്ത് മിഷനറിമാർ മലങ്കരസുറിയാനി സഭയുടെ വിശ്വാസാചാരങ്ങളിൽ വ്യത്യാസങ്ങൾ വരുത്തുവാൻ ശ്രമിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായി അധികാരത്തിൽ വന്ന ചേപ്പാട്ട് ദീവന്നാസ്യോസ് നവീകരണക്കാരുടെ സമ്മർദ്ദം സൃഷ്ടിച്ച പ്രതിസന്ധിയെ മറികടക്കുവാനായി മാവേലിക്കരയിൽ ഒരു സഭാസമ്മേളനം വിളിച്ചു കൂട്ടി. 1836 മകരം 5-ന് ചേർന്ന ആ സുന്നഹദോസിൽ മലങ്കരസഭയുടെ നിഴൽ എന്നോണം കഴിഞ്ഞ തൊഴിയൂരിലെ കുത്തൂർ മാർ കൂറിലോസും പങ്കെടുത്തിരുന്നു. ബ്രിട്ടീഷ് ഭാരതത്തിന്റെ പിന്തുണ ലഭിച്ചിരുന്ന പ്രോട്ടസ്റ്റന്റ് നവീകരണക്കാരെ പിണക്കാതെ മലങ്കരസഭയുടെ നിലപാട് പ്രഖ്യാപിക്കുവാനാണ് ആ സുന്നഹദോസ് ശ്രമിച്ചത്. അതിന്റെ തീരുമാനങ്ങൾ മാവേലിക്കര പടിയോല എന്ന പേരിൽ ചരിത്രത്തിൽ ഇടംപിടിച്ചിട്ടുണ്ട്. അതിന്റെ ലഭ്യമായ സ്വരൂപം താഴെ ചേർക്കുന്നു:

'ബാവായും പുത്രനും റൂഹാദ്കുദിശായുമായ പട്ടാങ്ങപ്പെട്ട ഒരുവൻ തമ്പുരാന്റെ തിരുനാമത്താലെ, പള്ളികൾ ഒക്കെയുടേയും മാതാവായ അന്ത്യോഖ്യായുടെ പത്രോസിനടുത്ത സിംഹാസനത്തിൽ മുഷ്ക്കരപ്പെട്ടിരിക്കുന്ന, ബാവാമാരുടെ ബാവായും തലവന്മാരുടെ തലവനുമായ മാർ ഇഗ്നാത്തിയോസിന്റെ കൈവാഴ്ചകീഴിൽ മലങ്കര യാക്കോബായ സുറിയാനിപ്പള്ളി ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും അനന്തിരവൻ കൂറിലോസ് മെത്രാപ്പോലീത്തായും തങ്ങളുടെ വിചാരത്തിൽപ്പെട്ട അങ്കമാലി മുതലായ പള്ളികളുടെ വികാരിമാരും പട്ടക്കാരും ജനങ്ങളും കൂടി മശിഹാകാലം 1836 ക്ക് ചെന്ന കൊല്ലം 1011-ാമാണ്ട് മകരമാസം 5-ാം തീയതി തമ്പുരാനെപ്പെറ്റ കന്യാസ്ത്രീ അമ്മയുടെ നാമത്തിലുള്ള മാവേലിക്കര പള്ളിയിൽ വച്ച് നിശ്ചയിച്ച് എഴുതിവച്ച പടിയോല.

കൽക്കത്തായിൽ ഏറ്റവും ബഹുമാനപ്പെട്ടിരിക്കുന്ന ലോർഡ് ബിഷപ്പ് ദാനിയേൽ സായിപ്പവർകൾ കഴിഞ്ഞ വൃശ്ചിക മാസത്തിൽ കോട്ടയത്തു വന്ന് മെത്രാപ്പോലീത്തായുമായി കണ്ടശേഷം നമ്മുടെ സുറിയാനിപ്പള്ളികളിൽ നടന്ന് വരുന്ന കുർബ്ബാന, നമസ്കാരം മുതലായ പള്ളിക്രമങ്ങളിലും ചട്ടങ്ങളിലും ചില വ്യത്യാസങ്ങൾ വരുത്തി നടത്തണമെന്നും പറഞ്ഞാറെ എല്ലാ പള്ളിക്കാരുമായി വിചാരിച്ച് നിശ്ചയിച്ച് ബോധിപ്പിച്ച് കൊള്ളാമെന്നും പറഞ്ഞ സംഗതിക്ക്.

യാക്കോബായ സുറിയാനിക്കാരായ നാം അന്ത്യോഖ്യായുടെ പാത്രിയാർക്കീസിന്റെ വാഴ്ച കീഴുൾപ്പെട്ടവരും അദ്ദേഹത്തിന്റെ കല്പനയാൽ അയക്കപ്പെട്ട മേല്പട്ടക്കാരാൽ നടത്തപ്പെട്ടിരിക്കുന്ന പള്ളിക്രമങ്ങളും ചട്ടങ്ങളും നടന്ന് വരുന്നതുമാകയാൽ ആയതിന് യാതൊരു വ്യത്യാസമെങ്കിലും വരുത്തി നമ്മുടെ പള്ളികളിൽ നടക്കയും അവരവരുടെ പാത്രിയർക്കീസന്മാരുടെ അനുവാദം കൂടാതെ ഒരു മതക്കാരുടെ പള്ളിയിൽ വേറൊരു മതക്കാർ അർപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് ഒരുത്തർക്കും അധികാരമില്ലായ്കയാൽ, ആയതിൻവണ്ണം നടത്തുകയും നടത്തിക്കുകയും ചെയ്യുന്നതിന് പാടില്ലാത്തതാകുന്നു. നമ്മുടെ പള്ളികൾ പാത്രിയർക്കീസിന്റെ കല്പനയാൽ അയക്കപ്പെട്ടിരിക്കുന്ന മേൽപ്പട്ടക്കാരുടെ സഹായത്താലും അതത് ഇടവകയിലുള്ള ജനങ്ങളുടെ മനസ്സാലും പണിയപ്പെട്ട് അവരുടെ വസ്തുക്കളാൽ അലങ്കരിക്കപ്പെട്ട് ആണ്ടുതോറും കാണിക്ക, വഴിപാട് മുതലായിട്ടുണ്ടാകുന്ന നടവരവുകൾ എന്നിവകളാൽ നടന്നുവരുന്നവയാകുന്നു. അന്ത്യോഖ്യയിലുള്ള പള്ളികളിലും ഇവിടെയും മറ്റു ദിക്കുകളിലുമുള്ള പള്ളികളിലും നടന്ന്വരുന്ന പ്രകാരം, നമ്മുടെ പള്ളികളുടെ കണക്കു നമ്മുടെ മേല്പട്ടക്കാരെ കേൾപ്പിക്കത്തക്കവണ്ണം ശട്ടം കെട്ടി നടന്നുവരുന്നതിൻവണ്ണം അല്ലാതെ വ്യത്യാസമായിട്ട് നടക്കുന്നതിനും നടത്തുന്നതിനും നമുക്ക് അധികാരവും സമ്മതവും ഇല്ല.

കൊല്ലം 983-ാമാണ്ട് കാലം ചെയ്ത വന്ദ്യ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായോട് ബഹു. കേണൽ മെക്കാളെ സായിപ്പവർകൾ മൂവായിരം പൂവരാഹൻ കടം വാങ്ങി കടം മുറി എഴുതിയതും കൊടുത്തു പലിശപറ്റി വന്ന വകയിൽ മുടങ്ങിക്കിടന്ന വട്ടിപ്പണം 992-ാം ആണ്ട് കാലം ചെയ്ത മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഏറ്റവും ബഹു. കേണൽ മൺറോ സായിപ്പവർകളെ ബോധിപ്പിച്ച് കോട്ടയത്തു സിമ്മനാരി പണിയിച്ച് മുൻ അന്ത്യോഖ്യായിൽ നിന്നു വന്നിരുന്ന മേല്പട്ടക്കാർ കൊണ്ടുവന്നിരുന്ന വസ്തുക്കളും പാലമറ്റത്തറവാട്ടിൽ കഴിഞ്ഞ മേൽപ്പട്ടക്കാരുടെ വസ്തുവകകളും സെമിനാരിയിൽ വരുത്തി. ആ വകയിലും ഏതാനും ദ്രവ്യവും സുറിയാനി പൈതങ്ങൾക്കു വേണ്ടി ധർമ്മമായിട്ട്

തമ്പുരാൻ തിരുമനസ്സു കൊണ്ട് കല്പിച്ചുതന്ന രൂപായും (കാണംവക) കൊണ്ട്, പഠിച്ചുവരുന്ന പൈതങ്ങളുടെ ചെലവ് കഴിക്കയും, അവരുടെ ധാരാളമായ കൃപകൾ കൊണ്ടു തന്നെ കോട്ടയത്ത് വന്നിരിക്കുന്ന ഏറ്റവും ബഹുമാനപ്പെട്ടിരിക്കുന്ന മിഷനറി സായിപ്പന്മാരവർകൾ, ഈ സെമിനാരിയിൽ ഇംഗ്ലീഷ് മുതലായ ഭാഷകൾ പഠിപ്പിച്ച് കൃപയുള്ള പിതാക്കന്മാരെപ്പോലെ നമ്മുടെ പൈതങ്ങളെ രക്ഷിക്കുകയും സകല ജാതിക്കാർക്കും ഉപകാരത്തിനായിട്ട് പുസ്തകങ്ങൾ അച്ചടിപ്പിക്കുകയും നമ്മുടെ പള്ളികൾ നടന്നുവരുന്ന സുറിയാനി മര്യാദ പോലെ നടക്കുന്നതിന് സായിപ്പന്മാരവർകൾ വേണ്ടുന്ന ഒത്താശകൾ ചെയ്യുകയും ആണ്ടുതോറും വരുവാനുള്ള വട്ടിപ്പണം മെത്രാപ്പോലീത്താ പറ്റുശീട്ടെഴുതിക്കൊടുത്തു വാങ്ങിച്ച് സെമിനാരിയിൽ ഉൾപ്പെട്ട കാര്യങ്ങൾ വിചാരിക്കുകയും ജനങ്ങളുടെ അപേക്ഷപ്രകാരവും മേല്പട്ടക്കാരുടെ കർത്തവ്യപ്രകാരവും പട്ടംകൊടുക്കുകയും ചെയ്തുവരുമ്പോൾ, മെത്രാപ്പോലീത്തായെ ബോധിപ്പിക്കാതെ, സെമിനാരിയിൽപ്പെട്ട കാര്യങ്ങൾ നടത്തുകയും മെത്രാപ്പോലീത്തായുടെ പറ്റുശീട്ടിൻ പ്രകാരം വാങ്ങിക്കുന്ന വട്ടിപ്പണം സായിപ്പന്മാർ തന്നെ ചെലവിടുകയും, പഠിച്ച് പാർത്തിരുന്ന ശെമ്മാശന്മാരെ സിമ്മനാരിയിൽ നിന്ന് പിരിച്ച് അയക്കുകയും നമ്മുടെ വക മര്യാദയ്ക്ക് വിരോധമായിട്ട് വിചാരിക്കുകയും തമ്മിൽ ഛിദ്രങ്ങളെ ഉണ്ടാക്കുകയും ചെയ്തുവരുന്നതു ഏറ്റവും സങ്കടകരവും ബുദ്ധിമുട്ടും ആയിത്തീർന്നിരിക്കുന്നതിനാലെ, എന്നേക്കും ഭാഗ്യം നിറയപ്പെട്ടവളും ശുദ്ധമാക്കപ്പെട്ടവളും വാഴ്ത്തപ്പെട്ടവളും ആവലാതി ഒക്കെയിൽ നിന്നും തണുപ്പിക്കുന്നവളുമായ തമ്പുരാനെപ്പെറ്റ അമ്മയുടെ നമസ്കാരത്താലെയും ശുദ്ധമാകപ്പെട്ടവരുടെ നമസ്കാരങ്ങളാലെയും നാം രക്ഷപ്പെടേണ്ടതിന് സ്തുതിചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനിക്കാരുടെ പഠിത്തത്തിലും ക്രമവിശ്വാസത്തിലുമല്ലാതെ വേറെ യാതൊരു പഠിത്തവും ക്രമവിശ്വാസവും നമ്മൾ അനുസരിച്ചുകൊള്ളുന്നില്ല. ഇവ മേൽ ബാവായും പുത്രനും റൂഹാദ്കുദിശായും സാക്ഷ്യം. ആമ്മീൻ' (ഓർത്തഡോക്സ് സെമിനാരി 175-ാം വാർഷിക സുവനീർ, 1990, പുറം 39-41).

തല്ക്കാലത്തെ ലക്ഷ്യം വച്ചാണെങ്കിലും ചരിത്രവിരുദ്ധമായ ചില പരാമർശങ്ങൾ ഈ പടിയോലയിൽ കാണുന്നുണ്ട്. പടിയോലയ്ക്ക് കാലാതീതമായ മൂല്യമുണ്ടെന്നും അതിൽ ഐതിഹ്യങ്ങളും ഊഹാപോഹങ്ങളും അല്ല വസ്തുതകളും നിശ്ചയങ്ങളുമാണ് പ്രതിഫലിക്കേണ്ടത് എന്ന ഗൗരവബോധം സുന്നഹദോസിന്റെ സംഘാടകർ വിസ്മരിച്ചതായി തോന്നുന്നു. ചില ഉദാഹരണങ്ങൾ കാണുക.

1. 'പള്ളികൾ ഒക്കെയുടെയും മാതാവായ അന്ത്യോഖ്യാ.'

ഈ പദപ്രയോഗം അർത്ഥശൂന്യമാണ്. ഏതെങ്കിലും നഗരത്തിന് ആ വിശേഷണം നൽകുന്നുണ്ടെങ്കിൽ അതർഹിക്കുന്നത് യെരുശലേമിന് മാത്രമാണ്. സഭ രൂപീകരിക്കപ്പെട്ടതും അപ്പോസ്തലർ സഭാകേന്ദ്രമായി വിശേഷിപ്പിച്ചതും ആദ്യത്തെ ശ്ലൈഹിക സുന്നഹദോസ് സമ്മേളിച്ചതും യെരുശലേമിലാണെന്ന് ഓർക്കുക.

2. 'ബാവാമാരുടെ ബാവായും തലവന്മാരുടെ തലവനുമായ മാർ ഇഗ്നാത്യോസ്...'

ഇത് കത്തോലിക്കാ ശൈലിയാണ്. പാപ്പായെ അവർ അപ്രകാരം വിശേഷിപ്പിക്കുക പതിവുണ്ട്. 'തലവന്മാരുടെ തലവൻ' എന്ന പ്രയോഗം നമുക്ക് അന്യമാണ്. 'നമ്മെ മേയിച്ചു ഭരിക്കുന്നവരായ പാത്രിയർക്കീസന്മാർ' എന്ന ബഹുവചന പ്രയോഗമാണ് ഓർത്തഡോക്സ് ആരാധന ക്രമങ്ങളിലുള്ളത്.

3. ഇഗ്നാത്യോസിന്റെ കൈവാഴ്ച കീഴിൽ മലങ്കര യാക്കോബായ സുറിയാനിപ്പള്ളി ഇടവക...

മലങ്കരസഭ ഇഗ്നാത്യോസിന്റെ കൈവാഴ്ചയിൽ ഒരു കാലത്തും ഇരുന്ന ചരിത്രമില്ല. അത് എട്ടാം മാർത്തോമ്മായുടെ മറുപടി കത്തിലെ സ്വരമാണ്. അക്കാലത്തെ ജനങ്ങൾ അപ്രകാരം തെറ്റിദ്ധരിക്കപ്പെട്ടിരുന്നു. ആ അടിസ്ഥാനരഹിതമായ നിലപാട് പടിയോലയുടെ രചയിതാക്കൾ സ്വീകരിച്ചതാണ്. പടിയോലയുടെ കാലാതീത പ്രസക്തി അവർ അവഗണിച്ചു എന്നു വേണം കരുതുവാൻ.

### പടിയോലയിലെ കാനോനാകൾ

1. മലങ്കരസഭയിലെ ഇടവകപ്പള്ളികളുടെ വരവ് ചെലവ് കണക്കുകൾ സഭയിലെ മേൽപ്പട്ടക്കാരുടെ മുമ്പാകെ മാത്രമേ ഹാജരാക്കുകയുള്ളു.

ബ്രിട്ടീഷ് പ്രോട്ടസ്റ്റന്റ് സഭയുടെ കൽക്കട്ടാ ബിഷപ്പ് വിൽസൻ ഉന്നയിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള നിശ്ചയമാണിതെങ്കിലും മെത്രാപ്പോലീത്താ ഇടവകപള്ളികളുടെ മേലധികാരിയാണെന്നുള്ള ദർശനം ഈ തീരുമാനത്തെ കാനോന്റെ പദവിയിലേക്കുയർത്തുന്നു.

2. മലങ്കരസഭയിലെ ദേവാലയങ്ങളിൽ വ്യത്യസ്ത വിശ്വാസമുള്ള സഭകളിലെ പട്ടക്കാർ ആരാധന നടത്തുവാൻ പാടുള്ളതല്ല (അക്കാലത്ത് നമ്മുടെ പള്ളികളിൽ മിഷനറി പട്ടക്കാർ ആരാധന നടത്തിയിരുന്നു).

3. നമ്മുടെ ആരാധനക്രമങ്ങളിൽ വ്യത്യാസങ്ങൾ വരുത്തേണ്ടതില്ല.

ബിഷപ്പ് വിൽസൻ നിർദ്ദേശിച്ചത് വ്യത്യാസങ്ങൾ വരുത്തണമെന്നാണ്. സഭാ പല നൂറ്റാണ്ടുകളിലായി സ്വീകരിച്ച ആരാധനക്രമങ്ങൾ വ്യത്യാ

സപ്പെടുത്തുവാൻ മനസ്സില്ലെന്നും അപ്രകാരം ചെയ്യുന്നതിന് ഈ സഭയ്ക്ക് അവകാശമില്ലെന്നും പടിയോല പ്രഖ്യാപിച്ചു.

4. മെത്രാപ്പോലീത്തായെ അറിയിക്കാതെ സെമിനാരിയിൽ മലങ്കരസഭ യുടെ പണം ചെലവിടുകയും ശെമ്മാശന്മാരെ മടക്കിഅയക്കുകയും സഭാ പാരമ്പര്യങ്ങൾക്ക് വിരുദ്ധമായി സെമിനാരി ഭരണം നടത്തുകയും ചെയ്തുവരുന്ന മിഷനറിമാരുടെ നടപടിയിൽ ദുഃഖം രേഖപ്പെടുത്തുന്നു.

ഇതൊരു അവകാശ പ്രഖ്യാപനവും താക്കീതുമാണ്. തൊഴിയൂരിലെ കിടങ്ങൻ ഫീലക്സീനോസ്, പുന്നത്ര മാർ ദീവന്നാസ്യോസ് എന്നിവ രുടെ കാലത്ത് അവർ പ്രയോഗിക്കാൻ ആരംഭിച്ച ദുഃസ്വാതന്ത്ര്യത്തിൽ തുടരുന്നതിൽ സഭയ്ക്കുള്ള പ്രതിഷേധമാണ് ഇവിടെ കാണേണ്ടത്. അത് ഫലിക്കുക തന്നെ ചെയ്തു. ഈ നിശ്ചയത്തെ തുടർന്നാണ് മിഷനറി മാർ മലങ്കരസഭയുമായുള്ള ബന്ധം വിച്ഛേദിച്ചത്. സാമ്പത്തികമായി ഇത് വൻ നഷ്ടം വരുത്തി എങ്കിലും സഭയുടെ തനിമ നിലനിർത്തുവാൻ അത് അനിവാര്യമായിരുന്നു.

5. യാക്കോബായ സുറിയാനി സഭയുടെ പഠിത്തത്തിലും ക്രമവിശ്വാ സത്തിലും അല്ലാതെ വേറെ യാതൊരു പഠിപ്പിക്കലും ക്രമവിശ്വാസവും നമ്മൾ അനുസരിച്ചുകൊള്ളുന്നില്ല.

വിശ്വാസപ്പോരാട്ടത്തിന്റെ വഴിയിൽ ഈ കാനോനായുടെ തിളക്കം അവഗണിക്കാനാവില്ല.

അന്ത്യോഖ്യായുടെ അധീശത്വത്തെപ്പറ്റി ഈ പടിയോല വാചാലമായി സംസാരിക്കുന്നുണ്ടെങ്കിലും കുത്തൂർ കൂറിലോസിനെ വാഴിച്ചുകൊണ്ട് സുസ്താത്തിക്കോൻ നൽകിയപ്പോൾ അതിൽ അന്ത്യോഖ്യൻ ബന്ധത്തെ പ്പറ്റി പ്രസ്താവിച്ചിരുന്നില്ല എന്നത് ശ്രദ്ധേയം. ചേപ്പാട് മാർ ദീവന്നാ സ്യോസ്, മാവേലിക്കര പടിയോലയിൽ അന്ത്യോഖ്യൻ പ്രയോഗങ്ങൾ ധാരാളമായി കോരിച്ചൊരിഞ്ഞത് മിഷനറിമാരുടെയും ബ്രിട്ടീഷ് സർക്കാ രിന്റെയും രോഷത്തെ തണുപ്പിക്കുവാനുള്ള തന്ത്രമായിട്ടാണെന്ന് നിരീ ക്ഷിക്കപ്പെട്ടിട്ടുണ്ട്.

ഏതായാലും ഈ കാനോൻ പ്രഖ്യാപനം മലങ്കരസഭയിൽ രണ്ട് വിഭാ ഗങ്ങൾക്ക് വഴിതുറന്നു. സി.എം.എസ്. മിഷനറിമാർ മലങ്കരസഭയുമായുള്ള ബന്ധം ഉപേക്ഷിച്ചു എന്നത് ഒരു വിഭജനം. അവരോട് ആഭിമുഖ്യം പുലർ ത്തിയിരുന്ന മലങ്കരസഭയിലെ നവീകരണവാദികളിൽ ധ്രുവീകരണം ആരംഭിക്കുകയും ക്രമേണ മാർത്തോമ്മാ സഭ മാതൃസഭയിൽ നിന്ന് വഴി മാറിപ്പോകുകയും ചെയ്തു. ലോകസഭാചരിത്രത്തിലും ചില കാനോൻ പ്രഖ്യാപനങ്ങളാണ് ചില സഭാവിഭജനങ്ങൾക്ക് പശ്ചാത്തലമൊരുക്കിയത് എന്നത് ഇവിടെ ഓർക്കാവുന്നതാണ്.

## അധ്യായം 5

# കോട്ടയം ചട്ടവര്യോല
# (എ.ഡി. 1853)

1840-ലെ കൊച്ചിൻ അവാർഡുപ്രകാരം മലങ്കരസഭയും മിഷണറിമാരും തമ്മിലുള്ള സാമ്പത്തികബന്ധങ്ങൾ ഏകപക്ഷീയമായി വിച്ഛേദിക്കപ്പെട്ടു. കൊച്ചിൻ അവാർഡ് എന്ന സ്വത്തു വിഭജനപ്രഖ്യാപനത്തിൽ മലങ്കര സഭയുടെ ശബ്ദം അവഗണിക്കപ്പെട്ടു. സെമിനാരിയിൽ അവകാശം സ്ഥാപിച്ച മിഷണറിമാർ അവിടം വിട്ടുപോയി. എന്നാൽ അവരുടെ സ്വാധീനം സഭയിൽ നിന്ന് വേരറ്റുപോയിരുന്നില്ല. അന്നത്തെ സെമിനാരിയിലെ മല്പാൻ പാലക്കുന്നത്ത് അബ്രഹാം കത്തനാർ പോലും നവീകരണപക്ഷപാതിയായിരുന്നു. ശക്തനായ മല്പാനെ പിന്തുണയ്ക്കുന്നവർ സഭയിൽ ഏറെപ്പേർ ഉണ്ടായിരുന്നു. അതിലൊരാൾ മല്പാന്റെ സഹോദരപുത്രൻ മാത്യൂസ് ശെമ്മാശൻ ആയിരുന്നു. അദ്ദേഹം തന്ത്രപൂർവ്വം വിദേശത്തു ചെന്നു. പിന്നീട് അദ്ദേഹം 1843-ൽ കൊച്ചിയിൽ പ്രത്യക്ഷപ്പെട്ടത് മെത്രാൻ സ്ഥാനമേറ്റു എന്ന അവകാശവാദവുമായിട്ടാണ്. ചേപ്പാട്ട് മാർ ദീവന്നാസ്യോസ് ആയിരുന്നു അന്നത്തെ മലങ്കര മെത്രാൻ. അദ്ദേഹത്തെ പിന്തുണയ്ക്കുവാൻ ഏറെത്താമസിക്കാതെ യൂയാക്കീം മാർ കൂറിലോസ് എന്ന അന്ത്യോഖ്യൻ മെത്രാൻ 1845-ൽ കൊച്ചിയിലെത്തി. മലങ്കര മെത്രാൻ സ്ഥാനം ചേപ്പാട്ട് മെത്രാച്ചൻ രാജിവച്ച ഒഴിവിലേക്ക് മാത്യൂസ് അത്താനാസ്യോസും യൂയാക്കീം കൂറിലോസും അവകാശവാദം ഉന്നയിച്ചു. 1848-ൽ ചേർന്ന കൊല്ലം കമ്മിറ്റി പാലക്കുന്നത്ത് അത്താനാസ്യോസിന് അനുകൂലമായി ശുപാർശ ചെയ്തതിനാൽ അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്തായായി പ്രഖ്യാപിച്ചുകൊണ്ട് 1852-ൽ തിരുവിതാംകൂർ രാജാവും അചിരേണ കൊച്ചി രാജാവും രാജകീയ വിളംബരം പുറപ്പെടുവിച്ചു. യൂയാക്കീം മാർ കൂറിലോസും അദ്ദേഹത്തെ പിന്തുണയ്ക്കുവാൻ വന്ന സ്തേഫാനോസ് മാർ അത്താനാസ്യോസും ചെറുത്തുനിന്നു എങ്കിലും അതൊന്നും ഫലപ്രാപ്തിയിലെത്തിയില്ല.

രാജകീയ വിളംബരം തനിക്കനുകൂലമായി ലഭിച്ചതോടെ കർമ്മകുശലനായ മാത്യൂസ് അത്താനാസ്യോസ് സെമിനാരി കൈവശപ്പെടുത്തി. മലങ്കരസഭ അനുവർത്തിക്കുവാനുള്ള നടപടികളെ അദ്ദേഹം ക്രോഡീകരിച്ചു. 1853 കുംഭം 2-ന് കോട്ടയം പഴയസെമിനാരിയിൽ ചേർന്ന പള്ളി പ്രതിപുരുഷയോഗത്തിൽ ആ പ്രമാണങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. 'കോട്ടയം ചട്ടവര്യോല' എന്ന് പ്രസിദ്ധമായ ആ രേഖ പല അർത്ഥത്തിലും മലങ്കരസഭയുടെ കാനോൻ എന്ന പ്രാധാന്യം അർഹിക്കുന്നു.

103 വ്യവസ്ഥകൾ അടങ്ങിയ ആ രേഖ താഴെ ചേർക്കുന്നു:

“1. അതത് പള്ളികളിലെ പട്ടക്കാരും അയ്മേനിക്കാരും കൂടുമ്പോൾ യോഗമാകുന്നു. എങ്കിലും എല്ലാവരും എല്ലാ സമയത്തും യോഗം കൂടി എല്ലാ കാര്യങ്ങളും നടത്തിപ്പാൻ എളുപ്പമല്ലായ്ക കൊണ്ട് ആത്മ സംബ ന്ധമായുള്ള കാര്യങ്ങൾ ചുമതലപ്പെട്ട് നടത്തുവാനായിട്ട് പള്ളി തോറും വികാരിമാരെയും മുതൽ കൈക്കാരന്മാരെയും നിശ്ചയിച്ചിട്ട് കല്പിക്കു ന്നു.

2. അതത് പള്ളികളിൽ നടക്കുന്ന വലിയതും ചെറിയതുമായ യാതൊരു കാര്യവും വികാരിയുടെ അനുവാദമില്ലാതെ യാതൊരുത്തരും നടത്തിപ്പോകരുത്.

3. വികാരിമാർ ഏതെങ്കിലും തെറ്റു ചെയ്തു ആരെങ്കിലും എഴുതി ബോധിപ്പിച്ച് തെളിഞ്ഞാൽ ആ ഇടവകയിൽ നിന്ന് തന്നെ വികാരി ആയിട്ട് ഒരാളെ കല്പിക്ക എങ്കിലും മറ്റ് ഇടവകയിൽ നിന്ന് തൽക്കാല വികാരി യായിട്ട് ഒരാളെ കല്പിക്ക എങ്കിലും ചെയ്യണം.

4. ഇപ്പോൾ അറിവും പഠിത്തവുമുള്ള കത്തങ്ങൾ ഏറ്റവും ചുരുക്ക മായി തീർന്നിരിക്ക കൊണ്ട് ഉള്ളതിൽ അറിവും പഠിത്തവും കാര്യപ്രാ പ്തിയുമുള്ള നാല് കത്തങ്ങളെ തെരഞ്ഞെടുത്ത് സഞ്ചാര വികാരിമാരാ യിട്ട് കല്പിച്ച് ആവശ്യംപോലെ പള്ളികൾ തോറും അയച്ച് വികാരിമാ രെയും ശേഷം പട്ടക്കാരെയും അറീപ്പിക്കയും അവരുടെ നടപടികളെ ശോധന ചെയ്കയും ചെയ്യണം.

5. സഞ്ചാര വികാരിമാർ പള്ളികളിൽ സഞ്ചരിക്കുമ്പോൾ വികാരിമാർ മുതലായി എല്ലാവരും അവർ അതത് പള്ളികളിൽ നിന്ന് പോരുന്നതുവരെ അവരുടെ വരുതിയിൽ ഉൾപ്പെട്ടിരിക്കയും അവർക്ക് വേണ്ടുന്ന ചെലവും അതത് പള്ളികളിൽ നിന്നും കൊടുത്ത് അവരുടെ പറ്റുശീട്ടും പടി ചെല വെഴുതിക്കൊള്ളത്തക്കവണ്ണം കല്പന കൊടുത്തയക്കയും വേണം.

6. മൂവ്വാണ്ടിലൊരിക്കൽ മെത്രാപ്പോലീത്താ എല്ലാ പള്ളികളിലും സഞ്ച രിക്കുകയും സഞ്ചാര വികാരിമാരാൽ നടത്തപ്പെട്ടിരിക്കുന്ന കാര്യങ്ങളെ ക്കുറിച്ച് ശോധന ചെയ്യുകയും ആ വകയ്ക്ക് അതത് പള്ളികളിൽ നിന്ന് ചെലവാക്കുന്ന പണത്തിന് അർക്കദിയാക്കോൻ പറ്റുശീട്ടുംപടി ചിലവെ ഴുതി കൊള്ളുകയും വേണം.

7. വീട്ടു മാമ്മൂദീസാ മുക്കുക, പെൺകെട്ട് നിശ്ചയിക്കുക, വിളിച്ചു ചൊല്ലുക, കൈ പിടിപ്പിക്കുക, പള്ളി ഉറിശ്മാ ചെയ്യുക, വീട് ഉറിശ്മാ ചെയ്യുക, പുറജാതിക്കാരെ മാമ്മൂദീസാ മുക്കുക, അടിമ വയ്ക്കുക, കുറ്റ ക്കാരെ പള്ളികളിൽ നിന്ന് തിരികെ കൂട്ടുക, മറ്റു മതങ്ങളിൽ നിന്ന് വരു

ന്നവരെ ചേർക്കുക, യോഗത്തെ അറിയിപ്പിപ്പാൻ സാധനങ്ങൾ ആകട്ടെ കായിതങ്ങൾ ആകട്ടെ, വായിച്ചും വിളിച്ചും പറഞ്ഞ് പ്രസിദ്ധപ്പെടുത്തുക, ഈ വക കാര്യങ്ങൾ ചെയ്യാനും ഇതിൽ ചില കാര്യങ്ങൾ മറ്റു കത്തങ്ങളെ കൊണ്ട് ചെയ്യിപ്പാനും വികാരിമാർക്കും തൽക്കാല വികാരിമാർക്കും വിശേഷാൽ അനുവാദക്കടലാസ് കൊടുക്കണം.

8. എല്ലാ കത്തങ്ങൾക്കും ചെയ്‌വാൻ പ്രത്യേകം ആവശ്യമായിട്ടുള്ള കാര്യങ്ങൾക്ക് അവർക്കും അനുവാദക്കടലാസ് കൊടുക്കാഞ്ഞാൽ വികാരിമാരുടെ അനുവാദത്തുംപടി യാതൊന്നും അവർക്ക് ചെയ്യാൻ പാടില്ലായ്ക കൊണ്ട് ആവശ്യംപോലെയുള്ള അനുവാദങ്ങൾ അവർക്ക് കല്പിച്ച് കൊടുത്തയയ്ക്കണം.

9. വ്യത്യാസമായിട്ട് കുർബാന പൊരുൾ തിരിച്ച് ചൊല്ലിപ്പോകാതെയും വേദവിപരീതമായിട്ട് പടാർത്ത്[5] പറഞ്ഞു പോകാതെയും ഇരിപ്പാൻ വേണ്ടി എല്ലാ കത്തങ്ങളുടെയും അറിവും പഠിത്തവും മെത്രാപ്പോലീത്താ ശോധന ചെയ്തും അല്ലാ എങ്കിൽ ശോധന ചെയ്യിച്ചും പൊരുൾ തിരിച്ച് ചൊല്ലുന്നതിനും പറയുന്നതിനും അനുവാദക്കടലാസ് കൊടുക്കണം.

10. സിമ്മനാരിയിൽ പഠിപ്പിക്കുന്നതുപോലെ പുറമെ ശെമ്മാശ്ശന്മാരെയോ പൈതങ്ങളെയോ ഉണ്ടായിരുന്നാൽ മെത്രാപ്പോലീത്തന്മാരുടെ അനുവാദമുള്ള മല്പാന്മാരോടു കൂടെ പഠിച്ചുകൊള്ളുകയും അങ്ങനെയുള്ള മല്പാൻമാരുടെ സാക്ഷിക്കുറിയോടു കൂടിയും സിമ്മനാരി മല്പാന്റെ സാക്ഷിക്കുറിയോടു കൂടിയും ദേശക്കുറിയോടു കൂടിയും വരുന്നവർക്കു പട്ടം കൊടുക്കണം.

11. ശെമ്മാശന്മാരിൽ ആർക്കെങ്കിലും അന്യമതസ്ഥരോടു കൂടെ പോയി ഏതെങ്കിലും മറുഭാഷ പഠിക്കണമെന്ന് തോന്നിയാൽ മെത്രാപ്പോലീത്തായുടെ അനുവാദത്തോടു കൂടി പഠിച്ചുകൊള്ളുകയും സുറിയാനി മല്പാന്റെ സാക്ഷ്യക്കുറിയോടു കൂടി പട്ടം കൊടുക്ക (യും വേ) ണം. എങ്കിലും അനുവാദം കൂടാതെ അതിൻവണ്ണം പോയി പഠിക്കുന്ന ശെമ്മാശന്മാർക്ക് സമീപെയുള്ള പല പള്ളിക്കാരും മെത്രാപ്പോലീത്തായും കൂടെ ആലോചിപ്പാൻ നിശ്ചയിക്കുന്നതിൻവണ്ണം പട്ടം കൊടുക്കണം.

12. ആണ്ടുതോറും പെന്തിക്കോസ്തി ദിവസി കത്തനാരു പട്ടവും കന്നി മാസം മുതൽ വരുന്ന ഞായറാഴ്ച ശെമ്മാശ്ശു പട്ടവും ധനു മാസം 25-ന് യൗപ്പദ്യക്കിനോ എന്ന പട്ടവും മീനമാസം മുതൽ വരുന്ന ഞായറാഴ്ച കാറോയോ എന്ന പട്ടവും ഇതിൻവണ്ണം നാലു തവണയായിട്ട് പട്ടം കൊടുക്കണം. ഈ അവധിക്ക് ഏഴു ദിവസം മുൻകൂട്ടി അവരവരുടെ സ്ഥാനത്തിനു വേണ്ടുന്ന ഉടുപ്പുകൾ നല്ലതായിട്ട് ഉണ്ടാക്കിയും കൊണ്ട് അവരവർ ഏല്പാൻ നിശ്ചയിച്ചിരിക്കുന്ന പട്ടത്തിന് യോഗ്യന്മാരാകുന്നു എന്ന്

മല്പാന്മാരുടെ സാക്ഷ്യക്കുറി വാങ്ങിച്ചുംകൊണ്ട് ഹാജരായിക്കൊള്ളണം.

13. മേൽപറഞ്ഞപ്രകാരം പട്ടം കൊടുക്കുന്ന ദിവസി വസിക്കുന്ന ആളുകൾക്കും വന്നുകൂടുന്ന പട്ടക്കാർക്കും പട്ടം ഏൽക്കുന്ന ആളുകൾ ഭക്ഷണം കൊടുക്കേണ്ടതാക കൊണ്ട് ആ വകയ്ക്ക് അന്നേ ദിവസി വേണ്ടുന്ന സകലവും പട്ടം ഏൽക്കുന്ന ആൾ കൊടുക്കണം.

14. എല്ലാ സ്ഥാനക്കാരെയും മര്യാദയായി കറുത്ത ഉടുപ്പും അവരവരുടെ സ്ഥാനത്തെ തിരിച്ചറിവാൻ വേണ്ടി വിശേഷാൽ വ്യത്യാസമായ ഉടുപ്പുകളും ധരിപ്പിക്കണം. എങ്കിലും അതത് സ്ഥാനം .....

15. ആദ്യപട്ടം ഏൽക്കാൻ ഹാജരാകുന്ന ആളുകൾ കുടുംബത്താലും അവസ്ഥയാലും പട്ടത്തിന് യോഗ്യനാകുന്നു എന്നും യോഗ്യനല്ല എന്നുമുള്ള മനഃസാക്ഷിയോടു കൂടെ യോഗ്യനാകുന്നു എന്ന് വ്യത്യാസമായിട്ട് എഴുതി ഞങ്ങൾ എഴുതി ബോധിപ്പിച്ചിരിക്കുന്നതല്ല എന്ന് ദൈവം സാക്ഷിയായിരിക്കുന്നു എന്നും കണ്ടെഴുതി വരുന്ന ദേശക്കുറി പ്രകാരം പട്ടം കൊടുക്കണം.

16. പഠിപ്പിക്കുന്ന പൈതങ്ങളിൽ പട്ടത്തിന് ഏറ്റവും യോഗ്യന്മാരായും കൊള്ളാകുന്നവരായും തീരുകയും ചെയ്താൽ കുടുംബത്താലും അവസ്ഥയാലും പട്ടത്തിന് യോഗ്യന്മാരാകുന്നോ എന്ന് ഇടവകയിൽ എഴുതി അയച്ച് വിചാരണ കഴിച്ചാൽ പട്ടത്തിന് യോഗ്യത ഇല്ലെന്ന് മറുപടി വന്നാൽ മല്പാന്റെ സാക്ഷിക്കുറിയോടു കൂടി തീബേലിന്റേതായി പട്ടം കൊടുത്ത് സിമ്മനാരിയിൽ പാർപ്പിച്ച് ആവശ്യം പോലെ തൽക്കാല വികാരിമാരായി അയയ്ക്കുകയും ഇടവകയിൽ ഒഴിവ് വന്നാൽ അവിടെ കൊള്ളിക്കുകയും ചെയ്തുകൊള്ളണം.

17. പട്ടത്തിന് ആവശ്യവും യോഗ്യതയും ഉണ്ടെന്ന് തെളിയുകയും ചെയ്താൽ ഇടവകയ്ക്കായി തന്നെ പട്ടം കൊടുക്കണം.

18. ആരുടെ പേരിൽ എങ്കിലും ആവലാതി വന്നാൽ കാര്യത്തിന്റെ വലിപ്പത്തിന് തക്കവണ്ണം ഓരോരോ വികാരി മുഖാന്തിരമായി വിചാരണ ചെയ്യിച്ച് കുറ്റത്തിന് തക്കവണ്ണം വിധി കല്പിക്കണം. സങ്കടക്കാരൻ വിചാരണക്കാരുടെ പേരിൽ ആക്ഷേപം ബോധിപ്പിച്ചാൽ മറ്റു വികാരിമാരെക്കൊണ്ട് വിചാരണ കഴിപ്പിക്കണം. ഈ രണ്ട് വിചാരണയും ശരിയായിട്ട് വന്നാൽ പിന്നീട് വിചാരണയ്ക്ക് കല്പിപ്പാൻ ആവശ്യമില്ല. ഈ രണ്ടു വിചാരണയും രണ്ടായിരിക്കുകയും സങ്കടക്കാരൻ അടക്കം വരാതെ തീരുകയും ചെയ്താൽ മൂന്നാം വിചാരണയ്ക്ക് കല്പന കൊടുക്കണം. ഇതിന്മണ്ണം വിചാരണ ചെയ്യുമ്പോൾ രണ്ടു വിചാരണ ശരിയായിട്ട് വരുന്നതാക കൊണ്ട് അതിനെ അനുസരിച്ച് വിധി ഏൽപിക്കണം. ആ വിചാര

ണക്കാർക്ക് വേണ്ടുന്ന ചിലവ് ആവലാതിക്കാരൻ കൊടുക്കണം.

19. ഇടവക പള്ളി വിട്ട് ദൂരത്ത് ഇടവകക്കാർ ഉണ്ടായിരിക്കുകയും ഏകദേശം നൂറ് വീട്ടുകാർ വരെ ഉണ്ടായിരിക്കുകയും ചെയ്താൽ അങ്ങനെയുള്ള സ്ഥലങ്ങളിൽ പള്ളി വെപ്പിക്കണം.

20. ഇടവക പള്ളി വിട്ട് ദൂരത്ത് ഇടവകക്കാരായി അല്പ വീട്ടുകാർ ഉണ്ടായിരുന്നാൽ ചില സമയത്ത് ഇടവകപ്പള്ളിയിൽ ശവം കൊണ്ടുവന്ന് അടക്കുവാൻ പ്രയാസമായിട്ട് തീരുന്നതുകൊണ്ട് അങ്ങനെയുള്ള സ്ഥലങ്ങളിൽ പള്ളിവകയിൽ നിന്നും ഒരു പുരയിടം വാങ്ങിച്ച് അതിൽ ചതുരത്തിൽ മതിൽ കെട്ടിച്ച് അതിനകത്ത് ഒരു കുരിശു വയ്പിച്ച് ഉറിശ്മാ ചെയ്യിച്ച് ഇടവകപ്പള്ളിയിൽ കൊണ്ടുവന്ന് അടക്കുവാൻ പ്രയാസമുള്ള ശവങ്ങൾ അവിടെ അടക്കികൊള്ളുകയും അതിന്റെ പടിപ്പുരയുടെ താക്കോൽ ആ പ്രദേശത്തെ ഒരാളിനെ ഏൽപ്പിച്ചുകൊൾകയും അവിടെ വയ്ക്കുന്ന കുഴിക്കാണങ്ങൾക്ക് കണക്കെഴുതി കണക്കും പണവും ആണ്ടിൽ രണ്ടു പ്രാവശ്യം ഇടവകയുടെ കൈക്കാരന്മാരെ ഏൽപിച്ച് രശീതി വാങ്ങിച്ച് കൊൾകയും വേണം.

21. യാതൊരു കാര്യത്തിന്നായിട്ടും വികാരിയ്ക്ക് തനിച്ചായിട്ടോ കൈക്കാരന്മാർക്കും യോഗത്തിനും കൂടെ ആയിട്ടോ മെത്രാപ്പൊലീത്താ കൊടുത്തയക്കുന്ന സാധനങ്ങൾ വന്നുചേർന്നാൽ പത്തു ദിവസത്തിലധികം താമസിയാതെ മറുപടി അയച്ചുകൊടുക്കയും അല്ലെങ്കിൽ താമസത്തിന്റെ കാരണം കണ്ട് എഴുതി ബോധിപ്പിച്ചുകൊള്ളുകയും വേണം.

22. യാതൊരു കാര്യത്തിനെങ്കിലും സാധനം വരുമ്പോൾ കത്തങ്ങളിലോ അയ്മേനികളിലോ ചിലർ ഇല്ലാതെ പോയാൽ ശേഷം ആളുകൾ കൂടി നടത്തിക്കൊൾകയും മറുപടി അയച്ചുകൊള്ളേണ്ടതായിരുന്നാൽ അവധിക്ക് മറുപടി അയച്ചുകൊൾകയും വേണം.

23. ശുദ്ധമാന പള്ളിയുടെ കാനോനാ വിരുദ്ധമായി യാതൊരു കാര്യവും ചെയ്തുപോകാതെ ഇരിപ്പാൻ എല്ലാവരും ഓർമ്മപ്പെട്ടുകൊള്ളണം.

24. ഞായറാഴ്ച മുതൽ ശനിയാഴ്ച വരെ വികാരിമാരും കത്തങ്ങളും മാറി മാറി വീതം പോലെ കുർബാന ചൊല്ലി അവധി നടക്ക. അവധിക്കാരൻ പള്ളിയിൽത്തന്നെ പാർക്കുകയും ചെയ്യണം.

25. പള്ളി ഉൾപ്പെട്ട കാര്യങ്ങൾക്കു വേണ്ടിയും മേൽപട്ടക്കാരന്റെ അനുവാദത്തോടു കൂടെ യാതൊരു കാര്യത്തിന് വേണ്ടിയും പള്ളി വിട്ട് വഴി ദൂരെ പോകുന്ന കത്തങ്ങളുടെ വീതം വികാരി തൊട്ട് ശേഷം പേരും മാറി മാറി നടത്തിയ അനുഭവങ്ങൾ മുഴുവനും കൊടുക്കുന്നതല്ലാതെ

തനതു കാര്യത്തിന് വേണ്ടി വഴി ദൂരെ പോകുന്ന പട്ടക്കാരുടെ വീതം നടത്തി അനുഭവങ്ങൾ കൊടുപ്പാൻ ആവശ്യമില്ലായ്ക കൊണ്ട് അങ്ങനെയുള്ള വീതത്തിൽ ഉണ്ടാകുന്ന അനുഭവങ്ങൾ വികാരിയും ശേഷം പട്ടക്കാരും വീതം പോലെ എടുത്തുകൊള്ളണം.

26. തനത് കാര്യത്തിന് വേണ്ടി വഴി ദൂരം പോകുന്ന പട്ടക്കാർക്കും തൽക്കാല വികാരിമാർക്കും ഇടവകപള്ളിയിൽ നിന്ന് ഉപകരിയും പസാരവും മാത്രം കൊടുത്തുകൊള്ളണം. എന്നാൽ സഞ്ചാര വികാരിമാർ ഇടവക വിട്ട് പോയാൽ അവരുടെ വീതം മുതലായത് നടത്തിക്കൊടുക്കണം.

27. ദീനം കൊണ്ട് കുർബാന ചൊല്ലുവാൻ പാടില്ലാതെയും വീതം നടത്തുവാൻ കഴിയാതെയും ഉള്ള കത്തങ്ങളുടെ അവധി ശേഷം കത്തങ്ങൾ ക്രമം പോലെ നടത്തിയുണ്ടാകുന്ന അനുഭവം ഒന്നു പാതിയിൽ കുറയാതെ കൊടുത്തുകൊള്ളണം.

28. രോഗവശാൽ കുർബാന ചൊല്ലുവാൻ യോഗ്യമല്ലാതെ തീരുകയും ബുദ്ധിമുട്ടു കൊണ്ട് കുർബാന ചൊല്ലുകയോ നടത്തുകയോ ചെയ്യുന്ന കത്തങ്ങൾ ഉണ്ടായിരുന്നാൽ ആ വിവരം എഴുതി ബോധിപ്പിച്ച് കല്പന വരുന്നതിൻവണ്ണം ചെയ്തുകൊള്ളണം.

29. ഞായറാഴ്ച, മാറാനായ പെരുന്നാളുകൾ മുതലായ ദിവസങ്ങളിലും ഓശാന ഞായറാഴ്ച മുതൽ ക്യംതാ ഞായറാഴ്ച വരെയുള്ള ദിവസങ്ങളിലും എല്ലാവരും പള്ളിയിൽ വന്ന് വേദപുസ്തകം വായിക്കുകയും അതിനെക്കുറിച്ച് പട്ടക്കാർ വിസ്തരിച്ച് പറയുന്നതിനെ കേൾക്കയും പള്ളിയിലും ഭവനങ്ങളിലും അടക്കം കാക്കുകയും ഭയത്തോടും ഭക്തിയോടും കൂടി നമസ്കരിക്കുകയും മറ്റും ചെയ്യുന്നതല്ലാതെ ആ ദിവസങ്ങളിൽ കച്ചവടം വേല കാര്യങ്ങൾ മുതലായത് യാതൊന്നും ചെയ്യാതെയും ചെയ്യിക്കാതെയും ഇരിപ്പാൻ തക്കവണ്ണം വികാരി ശട്ടം കെട്ടുകയും അതിന് വിരോധമായി ചെയ്യുന്ന ആളുകളെ വികാരി പള്ളിയിൽ നിന്ന് തിരിച്ചുകൊള്ളുകയും വികാരിയുടെ യുക്തംപോലെ വിധി കൊടുത്ത് തീർത്ത് കൊള്ളുകയും ചെയ്യുന്നത് കൂടാതെയും ഓശാന ഞായറാഴ്ച മുതൽ ക്യംതാ ഞായറാഴ്ച വരെ വീടുകളിൽ യാതൊരു അടിയന്തിരം കഴിക്കുകയോ ഉപ്രുശ്മായ്ക്കും വീട്ടു മാമ്മോദീസായ്ക്കും വേണ്ടി മാത്രമല്ലാതെ ആ ദിവസങ്ങളിൽ പട്ടക്കാർ അയ്മേനിയുടെ വീട്ടിൽ പോകയും അരുത്.

30. ഞായറാഴ്ച, മാറാനായ പെരുന്നാൾ മുതലായ ദിവസങ്ങളിൽ മദ്യപാനം ചെയ്തുകൊണ്ട് പള്ളി മതിൽക്കകത്ത് പ്രവേശിച്ച ആളുകളെയും കല്പിക്കപ്പെട്ട നോമ്പുകളെ വിട്ട് മദ്യപാനം മുതലായത് ചെയ്യുന്നവരെയും പള്ളിയിൽ നിന്ന് തിരിച്ച്കൊൾകയും വികാരിയുടെ യുക്തി പോലെ

തീർത്തു കൊള്ളുകയും വേണം.

31. ചില പള്ളികളിൽ പന്ത്രണ്ട് ജനത്തിന് നേർച്ചയായിട്ടും മറ്റും പള്ളിയകത്ത് ഇരുത്തി നേർച്ച ഊട്ട് കഴിച്ചു വരുന്നത് ഒരു പ്രകാരവും ന്യായമുള്ളത് അല്ലായ്കയാൽ പള്ളിയ്ക്കകത്ത് വച്ച് ആയതു ചെയ്യാതെ പള്ളിയ്ക്കു പുറത്ത് ഒരു സ്ഥലത്ത് വച്ച് കഴിച്ചുകൊള്ളുന്നതല്ലാതെ മറ്റുയാതൊന്നും അവിടെ വച്ച് ഭക്ഷിക്കയുമരുത്.

32. പള്ളിക്കകത്ത് പെരുമാറ്റത്തിന് വേണ്ടുന്ന സാമാനങ്ങളും പട്ടക്കാരുടെ സാമാനങ്ങളും ആവശ്യത്തിന് തക്കവണ്ണം പള്ളിയകത്ത് കൊണ്ടുപോകുന്നതല്ലാതെ അങ്ങനെയുള്ള സാമാനങ്ങൾ പള്ളിക്കകത്ത് വച്ച് ഇടക്കേടുണ്ടാവുകയും കുർബാനയ്ക്ക് വരുന്നവരുടെ കുട, വടി, ഭാണ്ഡക്കെട്ട് മുതലായത് പള്ളിയകത്ത് പ്രവേശിപ്പിക്കയുമരുത്.

33. പള്ളിയിൽ നിന്ന് മൂന്ന് വെള്ളിക്കാസായും രണ്ട് മറുവഹസായും മൂന്ന് കൂട്ടം കാപ്പ, വെള്ളക്കുപ്പായം, ശീലക്കൂട്ടം ആണ്ടുവരെയുള്ള പള്ളിക്രമപ്പുസ്തകവും പള്ളിവകയിൽ നിന്ന് ചിലവിട്ടുണ്ടാക്കി ആയതും കുർബാനയ്ക്ക് വേണ്ടുന്ന വീഞ്ഞും കോതമ്പ് പൊടിയും മെഴുകുതിരിയും കുന്തുരുക്കവും സൈത്തും ഉപ്പും ഒരാണ്ടേക്ക് ഇത്ര പണത്തിന് മാത്രം വേണ്ടി വരുന്നത് വികാരിയും ശേഷം പേരും കൂടി അതത് പള്ളികളിലെ ആവശ്യം പോലെ നിശ്ചയിച്ച് പള്ളിയിൽ നിന്ന് വാങ്ങിച്ച് ആയതും മാമ്മൂദീസായ്ക്കുള്ള മൂറോൻ മുതലായതും ഇപ്പോൾ ഉള്ളതു നീക്കി പോരാത്ത തബലീത്തായും ഉറിശ്മാ ചെയ്യിച്ചും ആയത് പള്ളിയകത്ത് വച്ച് വരുന്നതാകിലും വേറിട്ട് ഒരു അലമാരി പൂട്ടുണ്ടാക്കി വികാരി മുഖാന്തിരം വച്ച് സൂക്ഷിച്ച് കുർബാന ചൊല്ലുവാൻ വരുന്ന എല്ലാ കത്തങ്ങൾക്കും കൊടുത്തുകൊള്ളുന്നതല്ലാതെ കുർബാനയ്ക്ക് വേണ്ടുന്ന സാമാനങ്ങൾ വീടുകളിൽ കൊണ്ടുചെന്ന് വയ്ക്കരുത്.

34. മദ്ബഹായിൽ പെരുമാറപ്പെടുന്ന കാപ്പ, വെള്ളക്കുപ്പായം മുതലായ സകല വ്യഞ്ജനാദികളും നല്ലതും വെടിപ്പുള്ളതും ആയിരിക്കണം. ആയത് വൃത്തികേടാകുമ്പോൾ ചുട്ടുകളകയും അലക്കിപ്പാനുള്ളത് അലക്കുകയും ചെയ്യുന്നതിൽ വികാരിമാർ താൽപര്യമായിട്ട് വിചാരിച്ചുകൊള്ളണം.

35. കത്തങ്ങൾ അധിക്ഷേപങ്ങൾ പറയുകയും തമ്മിൽ അടിപിടി ഉണ്ടാവുകയും ചെയ്താൽ ഉടൻ അവർ മുടക്കപ്പെട്ടിരിക്ക കൊണ്ട് കല്പന കിട്ടാതെ കുർബാന ചൊല്ലുവാൻ വികാരിമാർ സമ്മതിക്കുകയും അരുത്.

36. രണ്ട് ഇടവകയായിട്ട് ഒരാൾ പട്ടമേറ്റിരിക്കുന്നതും കൊടുത്തിരിക്കുന്നതും ഒരു പ്രകാരത്തിലും ന്യയമായിട്ടുള്ളതല്ലായ്കകൊണ്ട് ഇനി

മേൽ അതിന്മണ്ണം പട്ടം ഏൽക്കുകയും കൊടുക്കുകയും ചെയ്തിരിക്കുന്നതു കൂടാതെ ഇതുവരെ രണ്ട് ഇടവകയായിട്ട് പട്ടമേറ്റിരിക്കുന്ന കത്തങ്ങളുടെ സംഗതി കൊണ്ട് മെത്രാപ്പോലീത്തായുടെ യുക്തം പോലെ ചെയ്യാനുള്ളതാകുന്നു.

37. ഞായറാഴ്ച, പെരുന്നാൾ മുതലായ വിശേഷ ദിവസങ്ങളിൽ പത്തു നാഴിക പുലർച്ച കഴിഞ്ഞല്ലാതെ കുർബാന തുടങ്ങരുത്.

38. പെൺകെട്ട് നിശ്ചയിക്കുന്നതിനു മുമ്പെ പെൺകെട്ടിന് അയോഗ്യത ആയിട്ടും കാര്യങ്ങൾ വല്ലതുമുണ്ടൊ എന്ന് വികാരി നല്ലതിന്മണ്ണം ആലോചിച്ച് പെൺകെട്ട് നിശ്ചയം കഴിച്ചുകൊള്ളുകയും വിളിച്ചു ചൊല്ലുന്നതിന് മുമ്പ് ചെറുക്കനെയും പെണ്ണിനെയും വികാരിമാർ പള്ളിയിൽ വരുത്തി സുറിയാനി മര്യാദപ്രകാരമുള്ള വിശ്വാസവിവരങ്ങളും നമസ്കാരങ്ങളും മറ്റും പഠിച്ചിട്ടുണ്ടോ എന്ന് ശോധന ചെയ്ത് കുമ്പസാരം കഴിച്ച് മൂന്ന് ഞായറാഴ്ച വിളിച്ചുചൊല്ലുകയും പിന്നെ വരുന്ന ഞായറാഴ്ച കൈപിടിപ്പിക്കുകയും ചെയ്യണം. വിളിച്ചു ചൊല്ലിയതിൽ പിന്നെ ആരെങ്കിലും വിരോധമായി ബോധിപ്പിച്ചാൽ വികാരി ചുരുക്കത്തിൽ വിചാരണ കഴിച്ച് മുടക്കുവാൻ തക്കതായി യാതൊന്നും ഇല്ല എന്നു കണ്ടാൽ നിശ്ചയിച്ച ഞായറാഴ്ച തന്നെ കൈ പിടിപ്പിച്ചു കൊള്ളുകയും സംശയം തോന്നിയാൽ എഴുതി ബോധിപ്പിച്ച് കല്പന വരുന്നതിൻവണ്ണം നടത്തുകയും ചെയ്യാം.

39. ചെറുക്കനും പെണ്ണിനും രണ്ട് ഇടവക ആയിരുന്നാൽ അയോഗ്യതയായി യാതൊന്നും ഇല്ലെന്നുള്ള വിവരം വികാരിക്ക് വികാരി എഴുതി അയച്ച് മറുപടി വരുത്തിയുംകൊണ്ട് നിശ്ചയം കഴിച്ചുകൊള്ളുകയും പിന്നീടുള്ള ഞായറാഴ്ച വിളിച്ചുചൊല്ലുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നും മറ്റും വികാരിക്ക് വികാരി എഴുതി അയച്ച് മറുപടി വരുത്തി മേൽപറഞ്ഞ പ്രകാരം രണ്ട് പള്ളിയിലും കുമ്പസാരിപ്പിച്ചുംകൊണ്ട് മൂന്ന് ഞായറാഴ്ച രണ്ടു പള്ളികളിലും വിളിച്ചു ചൊല്ലുകയും പിന്നീട് വിളിച്ചുചൊല്ലിയ ശേഷം പെൺകെട്ടിന് അയോഗ്യതയായി ഉള്ള കാര്യങ്ങൾ യാതൊന്നും ഉള്ള പ്രകാരം ആരും അറിയപ്പെടുത്തിയിട്ടില്ലെന്നും മറ്റും കെട്ടിയ്ക്കുന്ന പള്ളിയിലെ വികാരിക്കും കൈക്കാരന്മാർക്കും മറ്റേ പള്ളിയിലെ വികാരിയും കൈക്കാരന്മാരും കൂടി എഴുതി അയയ്ക്കുന്ന കുറി വാങ്ങിച്ചുംകൊണ്ട് കൈ പിടിപ്പിക്കുന്നതല്ലാതെ പെൺകെട്ടിന് ഇടവകയിൽ നിന്ന് വരുന്ന പട്ടക്കാരുടെയോ വികാരിയുടെയോ വാക്കു മൂലം പ്രമാണിച്ച് കൈ പിടിപ്പിക്കുകയും അരുത്.

40. ഒരു ക്രിസ്ത്യാനി എന്നും മാർഗ്ഗം കൂടി എന്നും പറഞ്ഞ് വിവാഹം കഴിച്ചിട്ടില്ലെന്ന് തെര്യപ്പെടുത്തി ദൂരദിക്കുകളിൽ നിന്നും വരുന്ന പുരുഷ

ന്മാരെയും സ്ത്രീകളെയും ഇന്നാർ മാമ്മൂദീസാ മുക്കി എന്നും ഇന്ന ദിക്കുകാർ എന്ന അവരുടെ വാക്കാൽ കാണുന്ന ആധാരം ശോധന ചെയ്തും അല്ലെങ്കിൽ എഴുതി അയച്ച് മറുപടി വരുത്തിയും അല്ലാതെ ശുദ്ധമാന കുർബാന കൊടുക്കുകയും പെൺകെട്ട് കഴിക്കുകയും ചെയ്യരുത്.

41. രണ്ടാം കെട്ടിന് മേൽഎഴുതിയിരിക്കുന്ന പ്രകാരം രണ്ട് ഇടവക എങ്കിൽ വികാരിക്ക് വികാരി എഴുതി അയച്ച് മറുപടി വരുത്തിക്കൊണ്ടും ഒരിടവക എങ്കിൽ ഒരു ഞായറാഴ്ച മാത്രം വിളിച്ചുചൊല്ലിയും കൊണ്ട് പിന്നെ വരുന്ന ഞായറാഴ്ച കൈ പിടിപ്പിക്കണം.

42. രണ്ടാമതും മൂന്നാമതും കെട്ടുന്ന സ്ത്രീകൾക്കും പുരുഷന്മാർക്കും കുരിശ് വാഴ്ത്തുകയും അതിനുള്ള സ്ലൂസോ ചൊല്ലുകയും ചെയ്യാതെ ശേഷം ഉള്ള ക്രമങ്ങൾ മാത്രം കഴിച്ച് കൈ പിടിപ്പിച്ചു കൊള്ളണം.

43. പെൺകെട്ട് നിശ്ചയം കഴിഞ്ഞ ശേഷമോ വിളിച്ചുചൊല്ല് കഴിഞ്ഞതിന്റെ ശേഷമോ ആ പെൺകെട്ട് കഴിക്കുന്നതിന് ഒരു പക്ഷക്കാർക്ക് മനസ്സില്ലാതെ തീർന്നാൽ എഴുതി ബോധിപ്പിച്ച് കല്പന വരുന്നതിൻപ്രകാരമല്ലാതെ ആ പെൺകെട്ട് മാറ്ററുത്.

44. ഒന്നാം കെട്ട് തന്നെ ആയാലും വല്ല ഹേതുവശാൽ ഒരു ഞായറാഴ്ച മാത്രം വിളിച്ചുചൊല്ലി കൈ പിടിപ്പിക്കേണ്ടതാകുന്നുവെന്ന് ബോധിപ്പിക്കുകയും അതിന്റെ കാരണം ബോധ്യം വരികയും ചെയ്താൽ വികാരി മെത്രാപ്പോലീത്താക്കെഴുതി അയയ്ക്കുകയും ബോധിപ്പിച്ച കാരണം അവിടെയും ശരി എന്ന് ബോധ്യം വന്നാൽ സിമ്മനാരിയിൽ ധർമ്മച്ചിലവ് വകയ്ക്ക് എന്തെങ്കിലും വെപ്പിച്ച് എഴുതിവരുന്ന കല്പനപ്രകാരം കൈ പിടിപ്പിച്ചു കൊള്ളണം.

45. മരിച്ചുപോയ പട്ടക്കാരുടെ ഭാര്യമാരെ രണ്ടാമത് കെട്ടിക്കയും മരിച്ചുപോയ അയ്മേനിമാരുടെ ഭാര്യമാരെ പട്ടക്കാർ കെട്ടുകയും പട്ടക്കാർ രണ്ടാമത് വിവാഹം ചെയ്യുകയും - കത്തനാരുപട്ടം ഏറ്റ ശേഷം വിവാഹം ചെയ്യുന്നത് യുക്തമല്ല - എങ്കിലും അങ്ങനെയുള്ള കാര്യങ്ങൾ വേണ്ടിവന്നാലും മെത്രാപ്പോലീത്തായെ ബോധിപ്പിച്ച് കല്പന വരുംവണ്ണം നടപ്പാനുള്ളതാകുന്നു.

46. എല്ലാവരും നാല്പത് ദിവസത്തിൽ ഒരിക്കൽ ശുദ്ധമാന കുർബാന കൈക്കൊള്ളുവാൻ മുറയാക കൊണ്ട് കഴിയുന്നവരൊക്കെയും അതിൻവണ്ണവും മറ്റുള്ളവർ ആണ്ടിൽ മൂന്ന് വട്ടമെങ്കിലും കൈക്കൊള്ളണം. ശുദ്ധമാന കുർബാന കൈക്കൊള്ളുവാൻ വരുന്നവർക്ക് ആയത് കൈക്കൊള്ളുവാൻ യോഗ്യതയുണ്ടോ എന്നും മറ്റും വികാരി തന്നെ എങ്കിലും വികാരിയുടെ അനുവാദത്താൽ യാതൊരു പട്ടക്കാർ എങ്കിലും ഇതിന് പരീക്ഷ

കഴിക്കയും കുമ്പസാരത്തിന്റെ സാരം ഗ്രഹിപ്പിക്കുകയും വേണം. എങ്കിലും എല്ലാവരും അമ്പത് നോമ്പിൽ കുമ്പസാരിച്ച് ശുദ്ധമാന കുർബാന കൈക്കൊൾവാൻ ഉള്ളതാക കൊണ്ട് അപ്പോൾ മേൽപറഞ്ഞ പ്രകാരം പരീക്ഷ കഴിച്ച് കുമ്പസാരിക്കുന്ന ആളുകൾ വഴിപാടായി വയ്ക്കുന്ന പണവും 16 വയസ്സ് പ്രായം ചെന്ന പുരുഷന്മാരെക്കൊണ്ടും കോട്ടയം മുതലായ പള്ളികളിൽ നടന്ന് വരുംവണ്ണം ചുരുക്കത്തിൽ രണ്ട് ചക്രമായി റീശീസാ പണം വയ്ക്കാനുള്ളതാക കൊണ്ട് ആ വക പണവും അപ്പോൾ വെപ്പിച്ചും കൊണ്ട് പുരുഷന്മാർക്കും വഴിപാട് പണം മാത്രം വെപ്പിച്ചും കൊണ്ട് സ്ത്രീകൾക്കും ഓലനുറുക്കിൽ ഒരു അടയാളം കൊടുക്കയും ആ അടയാളം കുമ്പസാരിപ്പിക്കാൻ ഇരിക്കുന്ന കത്തനാർ വാങ്ങിച്ചു കൊണ്ട് കുമ്പസാരിപ്പിച്ച് ശുദ്ധമാന കുർബാന കൊടുത്ത് കൊൾകയും കുമ്പസാരിക്കുന്നവരുടെ വീടും പേരും വിവരമായി വികാരിയും റീശീസാ വകയ്ക്ക് കൈക്കാരനും ഓരോ കണക്കെഴുതിക്കൊൾകയും അമ്പതാം പെരുന്നാൾ കഴിഞ്ഞ് പിറ്റേദിവസം വികാരിയും ശേഷം പേരും കൂടി അവരുടെ പക്കൽ ഇരിക്കുന്ന അടയാളവും കണക്കും ശരിയായിട്ട് നോക്കി വഴിപാടായി വച്ചുണ്ടാക്കുന്ന പണം വികാരിയും ശേഷം കത്തങ്ങളും കുറച്ചിൽ കൂടാതെ സമമായി പകുത്തെടുത്ത്കൊൾകയും റീശീസാ പണവും കണക്കും സിമ്മനാരി മുതൽപടിയിൽ ഏൽപിച്ച് രശീതി വാങ്ങിക്കൊൾകയും വേണം.

47. ആണ്ടിൽ ഒരിക്കലെങ്കിലും ശുദ്ധമാന കുർബാന കൈക്കൊള്ളാതെയും മൂന്ന് ഞായറാഴ്ച അടുപ്പിച്ച് പള്ളിയിൽ വരാതെയും പള്ളിയിൽ വന്നാൽ അടക്കം കാക്കാതെയും ഇരിക്കുന്ന ആളുകളെയും വികാരി തിരിച്ചുകൊള്ളുകയും യുക്തംപോലെ വിധിച്ച് തീർത്തുകൊള്ളുകയും വേണം.

48. അതത് പള്ളിയിലെ വികാരിമാരുടെ എഴുത്താലുള്ള അനുവാദം കൂടാതെ ഉപ്പുറുശ്മായും വീട്ടു മാമ്മോദീസായും ഒഴികെ മറ്റു യാതൊരു അടിയന്തിരവും മറ്റിടവകയിലുള്ള വികാരിമാരാകട്ടെ കത്തങ്ങളാകട്ടെ നടത്തിപ്പോകരുത്.

49. മൂന്ന് സംവത്സരം അടുപ്പിച്ച് ശുദ്ധമാന കുർബാന കൈക്കൊള്ളാത്ത ആളുകളുടെയും തന്നെത്താൻ പ്രാണനാശം വരുത്തുന്ന ആളുകളുടെയും ക്ഷുദ്രക്കാരുടെയും ഗർഭം അലസിക്കുന്നതിന് ഔഷധം സേവിക്കുന്നതിനോടു കൂടി മരിച്ചുപോകുന്ന സ്ത്രീകളുടെയും പള്ളിയിൽ നിന്ന് കുറ്റത്തിലകപ്പെട്ടാൽ ധൈര്യപ്പെട്ട് കുറ്റം തീർക്കാതെ മരിച്ചുപോകുന്നവരുടെയും ശവങ്ങൾ പള്ളി മതിൽക്കകത്ത് അടക്കുകയും കർമ്മം കഴിക്കയും ചെയ്യരുത്.

50. കുടയും കുരിശും എടുത്ത് ശവം പള്ളിയിൽ കൊണ്ടുവരേണ്ടതായിരുന്നാൽ ആ വകയ്ക്ക് കറുപ്പ് ശീലയായി ഒരു കുടയും കുരിശുമൊന്നയും കാപ്പയും ശവം എടുത്തുകൊണ്ട് പോരേണ്ടുന്നതിന് നാലു തട്ടുള്ളതായ ഒരു എടുപ്പ് കബറും അതിന്റെ മീതെ വിരിപ്പാൻ കറുപ്പ് കൊണ്ടു തന്നെ ഒരു വിരി ശീലയും ഉണ്ടാക്കി എളിമയോടും അടക്കത്തോടും ദുഃഖത്തോടും കൂടെ എടുത്ത് പള്ളിയിൽ കൊണ്ടുപോകുന്നതല്ലാതെ ചുവപ്പ് കുട മുതലായത് കൊണ്ടുപോകയും ശവത്തിന്റെ മീതെ ഭംഗിയുള്ള പട്ടുകൾ വിരിക്കയും വാലിക (?) പിടിക്കയും പട്ടക്കാർ കുർബാനയ്ക്കുള്ള കാപ്പ ഇടുകയും ചെയ്യരുത്. ഈ വകയ്ക്ക് വേണ്ടുന്ന കറുത്ത കുട, കാപ്പ മുതലായവ പള്ളിയിൽ നിന്നും ഉണ്ടാക്കുകയും അതിന്റെ കൂലി ആയും പതിവിൻപ്രകാരം അനീദാ പണമായും 32 ചക്രം കുറയാതെ വെപ്പിച്ച് പള്ളിയും അപ്പോൾ കൂടുന്ന പട്ടക്കാരും ഒരുപോലെ പകുത്ത് കൊടുക്കയും വേണം.

51. അയ്മേനിക്കാരുടെ ശവം പള്ളിക്കകത്ത് അടക്കുകയും ശവം വെച്ചു കൊണ്ട് റോമ്മാ മതക്കാരെപ്പോലെ ദൈവ ശുശ്രൂഷയാകുന്ന കുർബാന ചൊല്ലുകയും ചെയ്യാതെ ശവങ്ങൾ പള്ളിമതിൽക്കകത്ത് അടക്കണം; കർമ്മം കഴിക്കയും ചെയ്യരുത്.

52. വികാരിയും കൈക്കാരന്മാരും മാത്രം കൂടി പസാരം വെയ്പ്പിക്കുന്നതല്ലാതെ ആ വകയ്ക്ക് യോഗമായിട്ട് പള്ളിയകത്തിരിക്കുകയും വെറ്റില, പാക്ക് അവിടെ വയ്പ്പിക്കുകയും വ്യവഹരിക്കുകയും ചെയ്യരുത്.

53. പട്ടക്കാർ പസാരവും മറ്റും അവർക്ക് ചെല്ലേണ്ടുന്ന യാതൊന്നും പള്ളിക്കണക്കിൽ മുതൽകൂട്ടാതെ വികാരി തന്നെ എടുത്ത് വച്ച് കൊള്ളുകയും എട്ട് ദെവസിക്കകം പകുത്ത് കൊടുക്കുകയും അതിലധികം താമസിച്ചാൽ ആഴ്ചവട്ടം ഒന്നുക്ക് പത്തിനൊന്ന് വീതം കൂട്ടിക്കൊടുത്തുകൊള്ളുകയും വേണം.

54. വിവാഹം കഴിച്ചിട്ടുള്ള കത്തങ്ങളുടെയും അവരുടെ ഭാര്യമാരുടെയും കാലം വരെ അവരുടെ സന്തതികൾക്ക് പസാരവും കുഴിക്കാണവും വെപ്പിക്കേണ്ടാത്തതും അവർ രണ്ടുപേരുടെയും കാലം കഴിഞ്ഞാൽ അവരുടെ മക്കളുടെ മക്കൾ തൊട്ട് പസാരവും കുഴിക്കാണവും വെപ്പിച്ചു കൊള്ളേണം (ണ്ടതും ആകുന്നു).

55. കത്തങ്ങൾ മരിച്ചുപോയാൽ പിന്നെ ഒരാണ്ടു വരെ ഉപകരിയും പസാരവും മാത്രം കൊടുത്തുകൊള്ളണം.

56. ഒരിടവകയിൽ കൂടുന്ന യാതൊരുത്തനെ എങ്കിലും മറ്റ് ഇടവകയിൽ കൂടി നടക്കണമെന്ന് അപേക്ഷ ഉണ്ടായിരുന്നാൽ മെത്രാപ്പോലീത്തായെ ബോധിപ്പിച്ച് വിചാരത്തെ കഴിച്ച് അതിൻവണ്ണം ദിഷ്ടതിപ്പെട്ടി

രിക്കുന്നുവെന്ന് തെളിഞ്ഞ് കല്പന വരുന്നതിൻവണ്ണമല്ലാതെ കൂട്ടി നടത്തിപ്പോകരുത്.

57. കത്തങ്ങളും ശെമ്മാശന്മാരും മരിച്ചുപോയാൽ അവരെ അഴിക്കു പുറത്ത് അടക്കികൊള്ളണം.

58. സ്ത്രീകൾ പ്രസവിച്ചാൽ നാല്പതു ദിവസത്തിലധികം താമസിക്കാതെ പള്ളിയിൽ കൊണ്ടുചെന്ന് മാമ്മൂദീസാ മുക്കിക്കൊള്ളുകയും അതിനു മുമ്പേ ആവശ്യംപോലെ വികാരിയെ അറിയിച്ച് വീട്ടു മാമ്മൂദീസാ മുക്കിക്കൊള്ളുകയും വേണം. വീട്ടു മാമ്മൂദീസാ മുക്കുന്ന കുട്ടികളെ പിന്നീട് പള്ളിയിൽ കൊണ്ടുവന്ന് സൈത്തു പൂശി മാമ്മൂദീസാക്രമം തികയ്ക്കുന്നതല്ലാതെ രണ്ടാമത് മാമ്മൂദീസാ മുക്കിപ്പോകയും അരുത്.

59. പുറജാതിക്കാർ മാമ്മൂദീസാ മുഴുകുവാൻ വന്നാൽ വിശ്വാസ വിവരവും നമസ്കാരങ്ങളും മറ്റും പഠിപ്പിച്ച് ആ വിവരത്തിന് എഴുതി ബോധിപ്പിച്ച് കല്പന വരുന്നതിൻവണ്ണം മാത്രം മാമ്മൂദീസാ മുക്കുകയും മുക്കിയ വിവരത്തിന് ഒരു ആധാരം എഴുതി കൈയിൽ കൊടുക്കുകയും ചെയ്തു കൊള്ളണം.

60. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മൂദീസാ മുക്കുകയും സൈത്തു പൂശുക മര്യാദ ഇല്ലാതെയുള്ള മതക്കാരിൽ ഒരുത്തൻ സുറിയാനി മതത്തിൽ വന്നാൽ സൈത്തു പൂശി മാമ്മൂദീസാ ക്രമം തികയ്ക്കുന്നതല്ലാതെ രണ്ടാമത് മാമ്മൂദീസാ മുക്കുകയും അരുത്.

61. ഭർത്താക്കന്മാരില്ലാത്ത കന്യകമാരെ എങ്കിലും വിധവമാരെ എങ്കിലും പ്രസവത്തിന് കുട്ടികളെ 58-ാമത് ലക്കത്തിൽ പറഞ്ഞപ്രകാരം 40 ദിവസത്തിനകം യുക്തം പോലെ മാമ്മൂദീസാ മുക്കിക്കൊൾകയും 76-ാമത് ലക്കത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം വിധിച്ചു കൊൾകയും വേണം.

62. ആരെങ്കിലും മാമ്മൂദീസാ മുക്കുമ്പോൾ ഇന്ന ആണ്ട് മാസം ഇന്നവന്റെയും ഇന്നവളുടെയും മകൻ അല്ലെങ്കിൽ മകൾ ഇന്നാരാൽ മാമ്മൂദീസാ മുക്കപ്പെട്ടു എന്നും ഇന്നാർ തല തൊട്ടു എന്നും ഇത്രാം പക്കം മുക്കി എന്നും വികാരി കണക്കെഴുതിക്കൊൾകയും വിധവമാരുടെയും കന്യകമാരുടെയും കുട്ടികളായിരുന്നാൽ തകപ്പായുടെ പേർ എഴുതാതെ ശേഷം പേരുകൾ എഴുതിക്കൊൾകയും പുറജാതിക്കാരായിരുന്നാൽ ആ വിവരം കണ്ടെഴുതിക്കൊൾകയും വേണം.

63. ദൈവദൂഷണം പറയുകയും മന്ത്രവാദം ചെയ്കയും ചെയ്യിക്കയും ചെയ്തു വരുന്നവരെയും വീട്ടുകാരെയും മാതാപിതാക്കന്മാരെയും വാക്കു

കൊണ്ടോ ക്രിയ കൊണ്ടോ അപമാനിക്കുന്നവരെയും ഉടൻ പള്ളിയിൽ നിന്ന് തിരിച്ചുകൊള്ളുകയും ചെയ്യണം. ആയത് മറ്റ് ഇടവകക്കാരായിരുന്നാൽ വികാരിയ്ക്ക് വികാരി എഴുതി അയച്ച് മേൽപറഞ്ഞിരിക്കുന്ന പ്രകാരം ചെയ്തുകൊൾകയും വേണം.

64. സ്തുതി ചൊവ്വാകപ്പെട്ട സുറിയാനി വിശ്വാസത്തിൽ നിന്ന് അന്യന്മാരാകുന്ന റോമ്മാക്കാർ മുതലായ അന്യ മതത്തിൽ ഉൾപ്പെട്ട സ്ത്രീകളെ അവരുടെ പള്ളികളിൽ ചെന്ന് കെട്ടുകയും അവരുടെ പള്ളിയിൽ വച്ച് സുറിയാനി സ്ത്രീകളെ കെട്ടിച്ചു കൊടുക്കയും അരുത്. അങ്ങനെയുള്ള പെൺകെട്ട് കല്യാണത്തിലും പെൺകെട്ട് നിശ്ചയത്തിലും യാതൊരുത്തരും പോയി സംബന്ധിക്കുകയും ചെയ്യരുത്. അതിൻവണ്ണം ചെയ്യുന്നവരെ ഉടൻ പള്ളിയിൽ നിന്ന് തിരിച്ചുകൊൾകയും സ്ത്രീധനത്തിന്റെ പസാരം മുഴുവനും അതുകൂടാതെ അത്രയെങ്കിലും അതിൽ പാതിയെങ്കിലും സ്ത്രീധനം അല്പമായിരുന്നാൽ വികാരിയുടെ യുക്തം പോലെ നിശ്ചയിച്ച് കെട്ടി വെപ്പിച്ചു കൊണ്ടും ആ വിവരത്തിന് എഴുതി ബോധിപ്പിച്ച് കല്പന വരുംവണ്ണം ആ വീട്ടുകാരുടെ കുറ്റം തീർത്തുകൊള്ളുകയും ആ കല്യാണം മുതലായതിന് പോയി സംബന്ധിക്കുകയും സഹായിക്കുകയും ചെയ്യുന്നവരുടെ കുറ്റത്തിന് വികാരിയുടെ യുക്തം പോലെ നിശ്ചയിച്ച് തീർത്തുകൊൾകയും വേണം.

65. അതത് ഇടവകയിൽ ഗതിക്കുറവു കൊണ്ട് കെട്ടിപ്പാൻ താമസം വരുന്ന സ്ത്രീകൾ ഉണ്ടായിരുന്നാൽ ആ വിവരം വികാരി വിചാരണ കഴിച്ച് എഴുതി ബോധിപ്പിച്ച് വരുന്നതിൻവണ്ണം ചെയ്യണം.

66. സുറിയാനി മതം വിട്ട് അന്യ മതത്തിൽ പോകുന്ന ആളുകളെ യോഗത്തിലും എണ്ണത്തിലും കൂട്ടാതെയും അങ്ങനെയുള്ളവരുടെ വീടുകളിൽ യാതൊരു ഗുണദോഷത്തിനും പോകാതെയും ഇരുന്ന്കൊൾകയും അനുതപിച്ച് തിരികെ വന്നാൽ എഴുതി ബോധിപ്പിച്ച് കല്പന വരുന്നതിൻവണ്ണം തീർത്തുകൊള്ളുകയും വേണം.

67. മുഖത്ത് ചായം തേച്ചിട്ടുള്ളതായി കൺപ്രിയത്തിന് ഇടവരുത്തുന്ന ആട്ടവും തുള്ളലുകളും പള്ളിയിൽ ചെയ്യിക്കരുത്.

68. ആഘോഷമായി കഴിച്ചുവരുന്ന പെരുന്നാളുകൾ ഞായറാഴ്ച വന്നാൽ തലേദിവസം ശനിയാഴ്ച ഘോഷിച്ചു കൊള്ളണം. എങ്കിലും മതിയായ കാരണം കൊണ്ട് ആ ദിവസം തന്നെ കഴിക്കണമെന്ന് തോന്നിയാൽ ആ വിവരം മുൻകൂട്ടി എഴുതി ബോധിപ്പിച്ച് കല്പന വരുന്നതിൻവണ്ണം ചെയ്തുകൊള്ളണം.

69. അയ്മേനികൾ തമ്മിലുണ്ടാകുന്ന ഛിദ്രങ്ങളും വഴക്കുകളും വികാരി അറിയപ്പെട്ടാൽ പിതാക്കന്മാരെപ്പോലെ ഗുണദോഷം പറഞ്ഞ്

ഐകമത്യപ്പെടുത്തുകയും ന്യായം അനുസരിക്കാത്തവരെ യുക്തം പോലെ തിരിക്കുകയും കൂട്ടുകയും വേണം.

70. മരിച്ചുപോയ മേല്പട്ടക്കാരെയും പട്ടക്കാരെയും അടക്കിയ സ്ഥലത്തും അടക്കാത്ത സ്ഥലത്തും കബറുകൾ പണിതുണ്ടാക്കി മദ്ബഹായിൽ ഇടക്കേടുണ്ടാക്കുന്നത് ന്യായവിരോധമായിട്ടുള്ളതാക കൊണ്ട് അങ്ങനെ പള്ളിക്കകത്തുണ്ടായിട്ടുള്ള കബറുകൾ ഒക്കെയും എടുത്ത് മൂന്ന് ത്രോണോസും കല്ല് കൊണ്ട് ഭംഗിയായിട്ടും വൃത്തിയായിട്ടും മദ്ബഹായിൽത്തന്നെ പണി ചെയ്യിക്കയും ശുദ്ധമാന പുസ്തകം വായിക്കുന്ന സിംഹാസനം ഉണ്ടാക്കുകയും ചെയ്യണം. എങ്കിലും തക്ക കാരണം കൊണ്ടും ചില കബറുകൾ എടുക്കുന്നതിന് സംശയം തോന്നിയാൽ ആ വിവരം എഴുതി ബോധിപ്പിച്ച് കല്പന വരുന്നതിൻവണ്ണം ചെയ്യുകയും അവരുടെ ഓർമ്മയ്ക്കായിട്ട് കഴിച്ചുവരുന്ന അടിയന്തിരങ്ങളെയും 68-ാമത് ലക്കത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം നടത്തുകയും ചെയ്യണം.

71. പട്ടക്കാരുടെ പേരിലും മാതാപിതാക്കന്മാരുടെ പേരിലും അനാവശ്യമായിട്ടുള്ള കാര്യങ്ങളെക്കുറിച്ച് സർക്കാരിൽ ആവലാതി ബോധിപ്പിച്ച ആളുകളെ പള്ളിയിൽ നിന്ന് തിരിച്ചുകൊൾകയും എഴുതി ബോധിപ്പിച്ച് കല്പന വരുന്നതിൻവണ്ണം കൂട്ടിനടത്തിക്കൊൾകയും വേണം.

72. തക്ക ഹേതു കൊണ്ടല്ലാതെ നമസ്കാരത്തിനും കുർബാനയ്ക്കും പട്ടക്കാർ ഹാജരാകാതെ പോയാൽ ആ വിവരം വികാരി എഴുതി ബോധിപ്പിച്ചുകൊള്ളണം.

73. കുർബാനയ്ക്ക് മദ്ബഹായിൽ ഇടത്തും വലത്തും രണ്ടു പന്തിയായി പട്ടക്കാർ ഹാജരാകുമ്പോൾ ഭക്തിയോടു കൂടെ ക്രമംപോലെ നിൽക്കുന്നതല്ലാതെ പള്ളിയകത്ത് അതാത് മൂലയിൽ നിൽക്കുകയും അരുത്. ക്ഷീണതയുള്ള പട്ടക്കാർ മുറിത്തട്ട് മാളികയിൽ നിന്നുകൊള്ളണം.

74. സ്ത്രീകൾക്ക് ഗർഭമുണ്ടാകുന്ന എല്ലാ സമയത്തും ദൈവം രക്ഷിപ്പാൻ വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ധർമ്മങ്ങളും വഴിപാടുകളും കൊടുക്കുകയും ശുദ്ധമാന കുർബ്ബാന കൈക്കൊള്ളുകയും ചെയ്യുന്നതല്ലാതെ പള്ളിയിൽ ഭജനം പാർത്ത് രാത്രിയിൽ പള്ളിക്കകത്ത് കിടക്കുകയും പുളികുടി എന്നും തെരണ്ട് കല്യാണം എന്നും രണ്ട് അടിയന്തിരമുണ്ടാക്കി ആയതിന് നിസ്സാരമായുള്ള ചില പ്രവൃത്തികൾ ചെയ്കയും അരുത്.

75. ചില പ്രദേശങ്ങളിൽ പുലകുളിയ്ക്ക് പൊലിപ്പിക്കുകയും മര്യാദയായി ചെയ്തുവരുന്നതിനാൽ ഏറ്റവും ദൂഷ്യമുള്ളതാകകൊണ്ട്

കല്യാണം, വാസ്തൊലി (വാസ്തുബലി?) മുതലായവയ്ക്ക് പൊലിപ്പിക്കുന്നതല്ലാതെ പുലകുളിയ്ക്ക് പൊലിപ്പിക്കരുത്. മറ്റു ചില പ്രദേശങ്ങളിൽ നടന്ന് വരുന്നതിൻവണ്ണം പുലകുളി, ചാത്തം മുതലായ ശേഷക്രിയകൾക്ക് പട്ടക്കാർക്കായി, കൂടുന്ന ആളുകൾ ഓരോ ചക്രം ദക്ഷിണ വച്ചുകൊള്ളണം.

76. 61-ാം ലക്കത്തിൽ പറഞ്ഞതിൻപ്രകാരമുള്ള വിധവയും കന്യകയുമാകുന്ന സ്ത്രീകൾക്ക് ഗർഭം ഉണ്ടായാൽ ആരാൽ അതിന് ഇടവന്നു എന്ന് വിചാരിച്ച് ഭാര്യ ഇല്ലാത്തവനായാൽ അവനെക്കൊണ്ടു തന്നെ വിവാഹം കഴിപ്പിക്കുകയും അല്ലാ എങ്കിൽ മനസ്സുള്ള മറ്റൊരുത്തനെക്കൊണ്ട് കഴിപ്പിക്കുക എങ്കിലും പ്രസവം കഴിഞ്ഞല്ലാതെ ഗർഭത്തോടുകൂടി വിവാഹം കഴിച്ചുപോകയും അരുത്. ഇതിൻവണ്ണം പര (ഹ) സ്യപ്പെടുന്ന കുറ്റത്തിന് ശേഷം പേർക്കുവേണ്ടി പര (ഹ) സ്യമായി ഇരിപ്പാനുള്ളതാക കൊണ്ട് മാസംതോറും മുമ്പിൽ വരുന്ന ഞായറാഴ്ച ദിവസങ്ങളിൽ കുരിശു പിടിച്ചും നിന്നുംകൊണ്ട് ഒരാണ്ടേയ്ക്ക് കുർബ്ബാന കാണുന്ന ഇവരെ തിരിച്ചുകൊൾകയും പിന്നീട് എഴുതി ബോധിപ്പിച്ച് കല്പന വരും വണ്ണം കാനോൻ കല്പിച്ച് തീർത്തുകൊള്ളുകയും വേണം.

77. ഔഷധം സേവിച്ച് പ്രജകളെ അലസിക്കുന്നവരെയും ഗർഭം ഉണ്ടാകാതിരിപ്പാൻ ഔഷധം സേവിക്കുന്നവരെയും ഈ വകയ്ക്ക് സഹായിക്കുന്നവരെയും പള്ളിയിൽ നിന്ന് തള്ളുകയും എഴുതി ബോധിപ്പിച്ച് കല്പന വരുന്നതിൻവണ്ണം നടത്തുകയും ചെയ്യണം.

78. പള്ളികൾ തോറും മുറികൾ തോറും പള്ളിക്കൂടം വച്ച് പൈതങ്ങളെ പഠിപ്പിക്കുന്നതിന് ആശാന്മാർക്ക് വേണ്ടുന്ന ശമ്പളം പൈതങ്ങളുടെ വീട്ടിൽ നിന്നും ഭക്തിയുള്ള ജനങ്ങളിൽ നിന്നും വരുത്തി കൊടുക്കുന്നതിന് വികാരിമാർ വിചാരിക്കുകയും ശമ്പളത്തിന് പോരാതെ വന്നാൽ പള്ളികളിൽ നിന്ന് കൂടെ കൊടുത്ത് പറ്റുശീട്ടുംപടി ചിലവ് എഴുതിക്കൊൾകയും വേണം.

79. ഞായറാഴ്ച തോറും സമീപെയുള്ള പൈതങ്ങൾ പള്ളിയിൽ നിന്ന് വരത്തക്കവണ്ണം വികാരി ശട്ടംകെട്ടി വരുത്തുകയും കുർബ്ബാനയ്ക്ക് തുടങ്ങുന്ന സമയം വരെ നമസ്കാരങ്ങൾ പഠിപ്പിക്കുകയും വിശ്വാസ വിവരങ്ങളെക്കുറിച്ച് ചോദ്യോത്തരമായി ചോദിച്ച് പഠിപ്പിക്കുകയും പള്ളിയകത്ത് നമസ്കാരത്തിനും കുർബ്ബാനയ്ക്കും ക്രമമായും അടക്കമായും നില്ക്കേണ്ടുന്ന മുറകളെ കാണിച്ച് പഠിപ്പിച്ചുകൊള്ളുകയും വേണം.

80. രണ്ടാമത് ലക്കത്തിൽ പറഞ്ഞിരിക്കുന്നതിൻവണ്ണം മതം സംബന്ധിച്ചും മറ്റും വികാരിക്ക് പ്രത്യേകം അധികാരമുള്ളതാകുന്നു. എങ്കിലും എല്ലാ ഇടവകപട്ടക്കാരും വികാരിമാർക്ക് അക്കാര്യത്തിൽ സഹായക്കാരാ

യിരിക്കയും വേണം. ആവശ്യംപോലെ സഹായിക്കാതെ ഇരുന്നാൽ ആ വിവരം എഴുതി ബോധിപ്പിച്ച് കൊൾകയും വേണം.

81. ഞായറാഴ്ച, മാറാനായ പെരുന്നാൾ ദിവസങ്ങളിൽ 29-ാമത് ലക്കത്തിൽ പറഞ്ഞിരിക്കുന്നതിൻവണ്ണം നടക്കുന്നതല്ലാതെ പട്ടക്കാരാകട്ടെ ജനങ്ങളാകട്ടെ, യാതൊരു കാര്യം വ്യവഹരിക്കുകയും തീർക്കയും ചെയ്യരുത്.

82. എന്തെങ്കിലും കാര്യങ്ങൾക്കുവേണ്ടി വികാരിയ്ക്ക് തനിച്ചോ മുതൽക്കെട്ട് കാര്യക്കാർക്ക് തനിച്ചോ യോഗത്തിനായിട്ടോ വരുന്ന കല്പനകൾ ഒക്കെയും മുതൽകെട്ട് കൈക്കാരനെ ഏല്പിച്ച് ആവശ്യംപോലെ കൊടുക്കുന്ന സാധനപണത്തിന്ന് കൊണ്ടുവരുന്നവന്റെ പറ്റുശീട്ടും പടി ചിലവെഴുതികൊൾകയും വേണം.

83. കണക്ക് കേട്ട് തീർന്ന് നെല്ലും പണവും കണക്കും മുതലായതും മറ്റു കൈക്കാരന്മാരെ ഏല്പിക്കാതെയും കണക്കു പോലും കേട്ട് തീരാതെയും ഇതുവരെ കറാൽ (കരാർ?) കൂടാതെ മുതൽ എടുക്കുകയും ഇതിന്മണ്ണം മൂന്നുവിധമായി പള്ളികളിൽ നടന്ന് വരുന്നത് കൊണ്ടോ ഇനിമേലിൽ എടുത്തുകെട്ടി സൂക്ഷിക്കുന്നതിന് വേർപെട്ട ആളുകളെക്കൊണ്ട് കച്ചീട്ട് എഴുതി വെപ്പിച്ച് ആക്കി മുതൽ എടുപ്പിക്കുകയും ഇതിന് മുമ്പുള്ള സകല കണക്കുകളും കേട്ട് തീർച്ച വരുത്തി ശട്ടം കെട്ടുന്നതിന് ആവശ്യംപോലെ രണ്ടു നാലു പള്ളിയ്ക്ക് ഓരോരുത്തരെ മേലോളായിട്ട് അയച്ച് യുക്തം പോലെ സിമ്മനാരിയിൽ വരുത്തിയും തീർച്ച വരുത്തുകയും ഇതുവരെയുള്ള പൊൻ - വെള്ളി - വെങ്കലപാത്രം, ആധാരം മുതലായ സകലവും കൈക്കാരന്മാരെ ഏല്പിച്ച് അവരും മേൽപ്പൂട്ട് പതിവുള്ള പള്ളികൾ മേൽപ്പൂട്ടുകാരും നടപ്പ് കൈക്കാരന്മാരും കൈയ്യൊപ്പിട്ട് സിമ്മനാരിയിൽ അയച്ചുകൊൾകയും പള്ളിയിൽ നിത്യം പെരുമാറ്റത്തിന് വേണ്ടുന്ന സാമാനങ്ങൾ വികാരിയെ ഏല്പിച്ച് രശീതി വാങ്ങിച്ച് ഈ പൂട്ടിൽ കൂടെ വച്ച് പൂട്ടിക്കൊള്ളുകയും വേണം.

84. ഇനി മേലിൽ ആണ്ടുതോറും ധനു മാസം 30-ൽ യോഗം കൂടി കണക്ക് കേൾക്കേണ്ടതതാകകൊണ്ട് ആ 30-ാം തീയ്യതിയ്ക്ക് യോഗം കൂടിക്കൊള്ളത്തക്കവണ്ണം അതിന് മുമ്പിലത്തെ ഞായറാഴ്ച വികാരി പള്ളിയിൽ വിളിച്ച് പറഞ്ഞ് പ്രസിദ്ധപ്പെടുത്തിക്കൊള്ളുകയും 30-ാം തീയ്യതിക്കു കൂടുന്ന ആളുകൾ യോഗമായിട്ടിരുന്ന് കണക്ക് കേട്ട് തീർത്ത് പണം കെട്ടിവെപ്പിച്ചതും അതുവരെ ഉള്ളത് ഏല്പിച്ച് രശീതി വാങ്ങിച്ച് മേലെഴുതിയിരിക്കുന്നപ്രകാരം വച്ചു പൂട്ടി താക്കോൽ പിടിച്ചുകൊള്ളുകയും അതുവരെയുള്ള തെരട്ട് അതുവരെയുള്ള പൊൻ, വെള്ളി, വെങ്കല, ശീലവ്യഞ്ജനാദികൾ, നിലം, പുരയിടം മുതലായ എപ്പേർപ്പെട്ട

വകയ്ക്കും എഴുതുന്ന വര്യോല ഏല്പിച്ച് ആയതും മാമ്മൂദീസാ വകയ്ക്ക് 32-ാമത് ലക്കത്തിൽ പറഞ്ഞിരിക്കുന്നതിൻവണ്ണം എഴുതുന്ന കണക്കിന് പകർപ്പെഴുതിച്ച് വികാരിമാർ ഒപ്പിട്ട് ആയത് സിമ്മനാരിയിൽ അയച്ച് രശീതി വരുത്തിക്കൊള്ളുകയും വേണം.

86. ഒരാണ്ടിനകം പള്ളിവക കണക്കിൽ മുതൽക്കൂട്ടായി ഉണ്ടാകുന്ന പണത്തിനും ചിലവാകുന്ന പണത്തിനും ആകത്തുകയ്ക്ക് രണ്ടു വര്യോല എഴുതി വികാരിയും നടപ്പ് കൈക്കാരനും കൈയ്യൊപ്പിട്ട് മൂന്ന് മാസത്തിലൊരിക്കൽ സിമ്മനാരിയിൽ കൊടുത്തയച്ചുകൊൾകയും വേണം.

87. മെത്രാപ്പോലീത്തായുടെ കല്പനയോടു കൂടി വരുന്ന സഞ്ചാര വികാരിമാർക്കും ധർമ്മകടലാസോടു കൂടി വരുന്ന ആളുകൾക്കും അതിൽ കല്പിച്ചു കാണുംവണ്ണം ചെലവിന്നായിട്ടോ സൗജന്യമായിട്ടോ എന്തെങ്കിലും അവരുടെ പറ്റുശീട്ടുംപടി കണക്കിൽ ചെലവെഴുതി കൊള്ളുന്ന തല്ലാതെ പള്ളികളിൽ വരികയോ വന്ന് താമസിക്കുകയോ ചെയ്യുന്ന യാതൊരുത്തർക്കും പള്ളികളിൽ നിന്നും യാതൊന്നും കൊടുത്തുകൂടാത്തതുമാകുന്നു.

88. പട്ടം ഏല്ക്കാനുള്ള പൈതങ്ങളുടെ സംഗതിയെക്കുറിച്ച് 15-ാമത് ലക്കത്തിൽ പറഞ്ഞിരിക്കുന്നത് കൂടാതെ അവരവരുടെ തകപ്പന്മാരുടെ വകയായി അവരെ കാണുന്ന മുതൽകാര്യങ്ങളിൽ വീതം പോലെ നില്ക്കുന്നവ പത്തി തിരിച്ച് ആധാരങ്ങൾ എങ്കിലും വസ്തുക്കൾ എങ്കിലും ഇടവകപള്ളിയിൽ കൈക്കാരന്മാരെ ഏല്പിച്ച് രശീതോടുകൂടെ ഹാജരാക്കേണ്ടതാകുന്നു.

89. ഇതിന് മുമ്പിൽ ശെമ്മാശുപട്ടം ഏറ്റവരായി ഇനിയും കത്തനാരുപട്ടം ഏല്പാനുള്ളവർ അവരുടെ തകപ്പന്റെ വകയായി വീതത്തിന് നില്ക്കുന്ന ഒരു പൗതിക്കുറി മാത്രം സിമ്മനാരിയിൽ വയ്പിച്ചുംകൊണ്ട് പട്ടം കൊടുക്കേണ്ടതുമാകുന്നു. ഈ വകയ്ക്ക് പൗതിക്കുറിയും എടവകയിൽ ഏല്പിക്കുന്ന പൗതിക്കുറി മുതലായതും കുർബ്ബാന ചൊല്ലി ഒരു വത്സരം കഴിയുമ്പോൾ കത്തങ്ങൾക്കു തന്നെ കൊടുക്കേണ്ടതാകുന്നു.

90. യാതൊരു ആവശ്യംകൊണ്ടെങ്കിലും ഭണ്ഡാരത്തിലെ പണം എടുപ്പാൻ നിശ്ചയിച്ചിരിക്കുന്നു എന്നുണ്ടായിരുന്നാൽ എഴുതി ബോധിപ്പിച്ച് കല്പന വരുത്തി എടുപ്പാൻ നിശ്ചയിച്ചിരിക്കുന്ന ദിവസിയ്ക്ക് മുമ്പെയുള്ള ഞായറാഴ്ച ഇന്ന ദിവസി ഭണ്ഡാരത്തിലെ പണം എടുപ്പാൻ നിശ്ചയിച്ചിരിക്കുന്നു എന്നും അതിനാൽ ഇന്നപ്പോൾ യോഗം കൂടേണ്ടതാകുന്നു എന്നും വികാരി പ്രസിദ്ധപ്പെടുത്തുകയും വികാരി കൈക്കാരന്മാരും അന്ന് കൂടുന്ന ആളുകളും യോഗമായിട്ടെടുപ്പിച്ച് കണക്കിൽ മുതൽ കൂട്ടുന്നതു

മല്ലാതെ വികാരിയും കൈക്കാരന്മാരും ഒന്നിച്ചും അതിൽ ഒരുത്തർ തനിച്ചും എടുപ്പിക്കയുമരുത്.

91. വിശേഷ ദിവസങ്ങളിൽ മറ്റ് ഇടവകക്കാരും മറ്റ് പലരും കൂടി പള്ളി നടയിൽ കാണിക്ക വച്ചുണ്ടാകുന്ന പണം എടുപ്പാൻ നിശ്ചയിക്കുമ്പോൾ ഇത്ര മണിയ്ക്കെടുത്ത് എണ്ണിക്കാണ്മാൻ നിശ്ചയിച്ചിരിക്കുന്നു എന്ന് അതിന് രണ്ടു മണിക്കൂർ മുമ്പേ വികാരി പള്ളിയിൽ പ്രസിദ്ധപ്പെടുത്തുകയും സമയത്തു കൂടുന്ന ആളുകൾ യോഗമായിട്ടെടുത്ത് എണ്ണിക്കൊണ്ട് മേല്പറഞ്ഞ പ്രകാരം വച്ച് പൂട്ടിക്കൊൾകയും വേണം.

92. അതാതിടവകയിൽ കൂടുന്ന ആളുകളുടെ പേർ പിടിച്ച് പേരേടുണ്ടാക്കി അതത് പള്ളികളിൽ നിന്ന് പള്ളിയ്ക്ക് വച്ചുണ്ടാകുന്ന വരവുകൾ അതത് പേരേടിൽ എഴുതിക്കൊള്ളുകയും നാൾവഴിയായിട്ട് ഒരു മുതൽക്കൂട്ട് കണക്കും ഒരു ചെലവ് കണക്കും എഴുതികൊള്ളുകയും വേണം.

93. മേമ്പൂട്ടുകാരിൽ യാതൊരുത്തനെ എങ്കിലും കൈസ്ഥാനം നടത്തുന്ന മുതൽ എങ്കിൽ അല്ലാതെ അവർക്ക് നടപ്പ് കാര്യങ്ങൾ മേൽ പ്രത്യേക ചുമതല ഇല്ലായ്ക കൊണ്ട് അന്നന്ന് കൈസ്ഥാനം നടക്കുന്ന മുതൽകെട്ടുകാരും വികാരിയും കൂടെ പള്ളിയുൾപ്പെട്ട എല്ലാ കാര്യങ്ങളും പ്രത്യേകം ചുമതലപ്പെട്ട് വിചാരിച്ചുകൊള്ളണം.

94. പള്ളിയുടെ കണക്ക് കേട്ട് തീർക്കുമ്പോൾ മുതൽ ഉണ്ടായിരിക്കുകയും പള്ളിവക പിരിവിനുള്ള നെല്ലും പണവും പ്രയാസപ്പെട്ട് പിരിച്ചതായി കാണാതെ ഇരിക്കയും ചെയ്താൽ വികാരിയോടും കൈക്കാരന്മാരോടും തക്കപോലെ വിചാരിക്കുന്നതാകകൊണ്ടും മേലെ എഴുതിയ കാര്യങ്ങൾ മേൽ അവർ താല്പര്യപ്പെട്ടിരിക്കുന്നു.

95. കത്തങ്ങളുടെ മക്കളിൽ കൊള്ളാകുന്നവർ ഉണ്ടായിരുന്നാൽ ഇടവകയ്ക്ക് വേണ്ടുന്ന പട്ടക്കാരെ അവരിൽ നിന്ന് തന്നെ ഉണ്ടാക്കുകയും കൊള്ളരുതാത്തവർ ഉണ്ടായിരുന്നാൽ അവർക്ക് പട്ടം കൊടുക്കാതിരിക്കുകയും വേണം.

96. പട്ടത്വം വകയ്ക്ക് അവകാശമാകുന്നു എന്ന് ഒരുത്തനും നിരൂപിച്ച് പോകരുത്.

97. പള്ളികളിലുള്ള കീഴ്ക്കടെ കാര്യങ്ങൾ തീർക്കുന്നതിനും 83-ാമത് ലക്കം മുതൽ പറഞ്ഞിരിക്കുംവണ്ണം ചെയ്യേണ്ടതാകുന്നു എങ്കിലും പള്ളികളിൽ വന്ന് ചേർന്നാൽ രണ്ടാമത്തെ ഞായറാഴ്ച കണക്ക് കേട്ട് തീർന്ന് കെട്ടിവയ്ക്കുവാനുള്ള ആളുകളും പത്തു ദിവസിക്കകം അവരും യോഗവും പള്ളിയിൽ ഹാജരായിക്കൊള്ളണമെന്ന് വികാരി വിളിച്ചുപറയുകയും അതിൻവണ്ണം തീരും കാര്യങ്ങൾ തീർത്തും തീരാതെ പോയാൽ

ആ വിവരത്തിന് എഴുതി ബോധിപ്പിക്കുന്നതും വന്ന് ചേർന്ന ശേഷം മേലാൾ അയയ്ക്ക എങ്കിലും സിമ്മനാരിയിൽ വരുത്തിക്കൊൾക എങ്കിലും ചെയ്യേണ്ടതാകകൊണ്ട് മേലെഴുതിയതിൻവണ്ണം പള്ളിയിൽ പ്രസിദ്ധപ്പെടുത്തുകയും അവധി കഴിഞ്ഞാൽ ഉടൻ നടക്കുന്ന വിവരത്തിന് വികാരിമാർ എഴുതി ബോധിപ്പിക്കുകയും ചെയ്യണം.

98. പള്ളിവക മുതൽ കൈക്കാരന്മാരും പള്ളിയിൽ തന്നെ ഒരു മുറിയിൽ വിലപ്പെടുത്തി മേലെഴുതിയിരിക്കുന്നപ്രകാരം വച്ചുപൂട്ടാതെ പുറത്തുകൊണ്ടുപോയാൽ ആ വകയ്ക്ക് ഇരട്ടിച്ച് പടികെട്ടി വെപ്പിക്കുകയും വേണം.

99. ഇപ്പോൾ പള്ളികളിൽ കത്തങ്ങൾ മുതലെടുത്തുകെട്ടി വരുന്നവരായിരുന്നാൽ അവരുടെ കണക്കുകൾ കേട്ട് തീർത്തു ഇരിപ്പ് കെട്ടിവെച്ച് പുത്തനായി നിയമിക്കുന്ന മുതൽകെട്ടുകാരെ ഏല്പിച്ച് രശീതി വാങ്ങിക്കുന്നതുവരെ അങ്ങനെ ഉള്ളവരെ വികാരിമാരായി നിയമിക്കുന്നതല്ല.

100. ഇനിമേൽ മുതൽകെട്ടിന് അയ്മേനിക്കാരെ നിശ്ചയിക്കുന്നതല്ലാതെ പട്ടക്കാർ മുതൽകെട്ട് വേലയും പട്ടത്വത്തിന്റെ വേലയും വഹിക്കുകയും അരുത്.

101. കല്യാണത്തിന് പെണ്ണിനെയും ചെറുക്കനെയും ശനിയാഴ്ച അസ്തമിച്ച് കുളിപ്പിക്കുമ്പോഴും ബുധനാഴ്ചക്കുളിയ്ക്കും പട്ടക്കാരെക്കൊണ്ട് യാതൊരു കൂദാശക്രിയയും അവിടെ ചെയ്യാനില്ലാത്തതായിരിക്കുമ്പോൾ പട്ടക്കാർ ആ വകയ്ക്ക് പോകുന്നതും ഞായറാഴ്ച കാലത്ത് ചെറുക്കനെയും പെണ്ണിനെയും പള്ളിയിൽ കൊണ്ടുപോകുമ്പോൾ പട്ടക്കാർ കൂടുതലായി നടക്കുന്നതും പട്ടത്വത്തിന്നപമാനമായിട്ടുള്ളതാകകൊണ്ട് പട്ടക്കാർ കല്യാണത്തിന് കൂടെ പോകുന്നുവെങ്കിൽ മുമ്പ് കൂട്ടി കെട്ടിക്കുന്ന പള്ളിയിൽ എത്തിക്കൊൾകയും കല്യാണവീട്ടിൽ പോകുന്നുവെങ്കിൽ മുൻകൂട്ടി പൊയ്ക്കൊൾകയും വേണം.

102. 74-ാമത് ലക്കത്തിൽ പറഞ്ഞിരിക്കുന്നതിൻവണ്ണമുള്ള കത്തങ്ങളുടെ മക്കളും അയ്മേനികളുടെ മക്കളും തമ്മിൽ കെട്ടുമ്പോൾ അയ്മേനികളുടെ മക്കളുടെ വീതത്തിനുള്ള പസാരം വയ്പിച്ചുകൊള്ളണം.

103. എട്ടുനോമ്പിൻ ഏറിയ പുരുഷന്മാരും സ്ത്രീകളും പള്ളിയിൽക്കൂടി ആരംഭിക്കുകയും കെട്ട്, ചുമട് മുതലായത് പള്ളിയകത്ത് വയ്ക്കുകയും അവിടെവച്ച് തിന്നുകയും കുടിക്കുകയും രാത്രി പള്ളിയകത്ത് കിടന്ന് ഉറങ്ങുകയും മറ്റും ചെയ്യുന്നത് ഒരു പ്രകാരത്തിലും ന്യായമായിട്ടുള്ളതല്ലായ്ക കൊണ്ട് നോമ്പ് നോക്കുന്ന ആളുകൾ കുർബ്ബാനയ്ക്കും നമസ്കാരത്തിനും മാത്രം പള്ളിയകത്തു പോകുന്നതല്ലാതെ പള്ളിയകത്ത്

വച്ച് യാതൊന്നും ഭക്ഷിക്കയും മറ്റും ചെയ്യാതെ ഇരിക്കയും 31-ാമത് ലക്കത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം നടക്കുകയും ചെയ്യണം."

കോട്ടയം ചട്ടവര്യോല എന്ന കാനോൻ സംഹിത മലങ്കരസഭയിൽ വേണ്ടത്ര ഗൗരവപൂർവ്വമായ പഠനത്തിന് വിധേയമായിട്ടില്ല. കൂരൻ പൗലോസ് മല്പാനും (പിന്നീട് കടവിൽ മാർ അത്താനാസ്യോസ്) ചെറുകര പീലിപ്പോസ് മല്പാനും ചേർന്നാണ് ചട്ടവര്യോല തയ്യാറാക്കിയതെന്ന് പ്രസിദ്ധിയുണ്ട്. രണ്ടുപേരും ആ തലമുറയിൽ പുരോഗമനവാദികളും മാത്യൂസ് മാർ അത്താനാസ്യോസിന്റെ ഉപദേശകരും സുറിയാനി പണ്ഡിതരും ആയിരുന്നു. കണ്ടനാട് പടിയോലയുടെ ബൃഹത്തായ രൂപമാണ് കോട്ടയം ചട്ടവര്യോല എന്ന് അതിശയോക്തി ലേശമേന്യേ പറയാവുന്നതാണ്. ഭരണഘടനയുടെ രൂപമുള്ള കാനോൻ സംഹിത എന്ന് അതിനെ വിശേഷിപ്പിച്ചാലും അപാകതയില്ല. സഭയെപ്പറ്റി ഉന്നത ദർശനവും വീക്ഷണവും അതിന്റെ രചനയിൽ വ്യക്തമാണ്.

പൊതുയോഗം, അതിൽ വികാരിയുടെ സ്ഥാനം, വികാരിക്കെതിരെ നടപടികൾ, സഞ്ചാര വികാരിമാർ, മെത്രാപ്പോലീത്തായുടെ മേലധികാരവും മേലന്വേഷണവും, വൈദികരുടെ ചുമതലകൾ, വൈദിക വിദ്യാഭ്യാസം, പട്ടംകൊടയുടെ വ്യവസ്ഥകളും അവരുടെ വേഷവിധാനങ്ങളും, വൈദികരുടെ തെരഞ്ഞെടുപ്പ്, പട്ടക്കാരുടെ മേലുള്ള ശിക്ഷണ നടപടികൾ, വിശ്വാസികളുടെ ചുമതലകൾ, അവരുടെമേലുള്ള ശിക്ഷാനടപടികൾ, ദേവാലയ നടപടികൾ, വിവാഹനിയമങ്ങൾ, രണ്ടാം വിവാഹചട്ടങ്ങൾ, പുനർ വിവാഹം, കുമ്പസാരവും കുർബ്ബാനാനുഭവവും, കുമ്പസാര രജിസ്റ്റർ, റിശീസാ, മരണാനന്തര വിലാപയാത്ര, പട്ടക്കാർക്കുള്ള അവകാശങ്ങൾ, വീട്ടുമാമ്മൂദീസായുടെ വിധം, കാലം, പള്ളിക്കുറ്റത്തിന് കാരണമാകുന്ന കൃത്യങ്ങൾ, പള്ളിയുടെ വരുമാനങ്ങൾ, പള്ളികൾ തോറും വിദ്യാലയം സ്ഥാപിക്കണം, ഞായറാഴ്ച വിശുദ്ധമായി ആചരിക്കണം, കൈക്കാരന്മാരുടെ നിയമനവും അവരുടെ ചുമതലകളും, പൊതുയോഗം കൂടുന്നതിന്റെ നടപടികൾ, കണക്കുകൾക്ക് വികാരിയും കൈക്കാരനും ചുമതല എന്നിങ്ങനെ സഭയുടെ ലൗകികം, ആത്മികം, വൈദികം, സാമൂഹികം തുടങ്ങിയ വിഷയങ്ങളിൽ സമഗ്രമായ നിയമം ആവിഷ്ക്കരിക്കുന്നതിന്റെ ബഹുമതി കോട്ടയം ചട്ടവര്യോലയ്ക്കുണ്ട്. സഭയിലെ മേല്പട്ടക്കാർ ഉൾപ്പെടെ എല്ലാ സ്ഥാനികളെയും നിയമത്തിന് വിധേയരാക്കുന്നു എന്ന ശ്രേഷ്ഠത ഇതിൽ കാണാം. വികാരി, സഞ്ചാര വികാരി, മേല്പട്ടക്കാരൻ എന്നിങ്ങനെ ഇടവകയുടെ ഭരണവും മേൽനോട്ടവും കാര്യക്ഷമമാക്കുവാനുള്ള സംവിധാനങ്ങൾ ഇതിൽ വിഭാവനം ചെയ്തിരിക്കുന്നു (നാളിതുവരെ സാക്ഷാത്ക്കരിക്കപ്പെട്ടിട്ടില്ലാത്ത സ്വപ്നപദ്ധതിയാണിത്. ക്ഷണിക്കപ്പെടുമ്പോൾ മാത്രം ഇടവകയിൽ വരിക, കല്യാണമോ മാമ്മൂ

ദീസായോ, ശവസംസ്ക്കാരമോ, പെരുന്നാളോ എന്നിങ്ങനെ ക്ഷണിക്കപ്പെട്ട കർമ്മങ്ങൾ നടത്തി തിരിച്ചുപോവുകയല്ലാതെ പള്ളിയുടെ രജിസ്റ്ററുകൾ പരിശോധിക്കുക, ആത്മീയ സംഘടനകൾ പരിശോധിക്കുക, ഇടവകയിലെ രോഗികളെ സന്ദർശിക്കുക തുടങ്ങിയ സൂപ്പർവിഷൻ ജോലികൾ നിർവഹിക്കുന്ന മേല്പട്ടക്കാർ ഇന്നും ഏറെയുണ്ടെന്ന് പറയാനാവില്ല.).

ദൗർഭാഗ്യവശാൽ ഈ കാനോൻ വ്യവസ്ഥകൾ പാലിക്കപ്പെടാതെ പോയി. മെത്രാപ്പോലീത്തായുടെ പട്ടംകൊട, വൈദിക നിയമനം, മേലന്വേഷണം തുടങ്ങിയ കാര്യങ്ങളിൽ വര്യോല ഏർപ്പെടുത്തിയ നിബന്ധനകൾക്ക് വിധേയപ്പെടുവാൻ പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് തയ്യാറാവാത്തതിനാൽ ശേഷം വ്യവസ്ഥകളും നടപ്പാവാതെയായി എന്ന് *കണ്ടനാട് ഗ്രന്ഥവരി*യുടെ എഴുത്തുകാരനായ കരോട്ടുവീട്ടിൽ ശെമവൂൻ കോറെപ്പിസ്ക്കോപ്പാ (പിന്നീട് മാർ ദീവന്നാസ്യോസ് - കൊച്ചി) ഒരു നിരീക്ഷണത്തിൽ *കണ്ടനാട് ഗ്രന്ഥവരി*യിൽ രേഖപ്പെടുത്തിയിരിക്കുന്നു (കണ്ടനാട് ഗ്രന്ഥവരി, എഡി.: ഫാ. ഡോ. ജോസഫ് ചീരൻ, പുറം 109 –137). മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രതിപുരുഷയോഗം അംഗീകരിച്ച കാനോനാകളെ ലംഘിക്കുവാൻ മേല്പട്ടക്കാർ കാണിച്ചു പോന്നിട്ടുള്ള വ്യഗ്രത മലങ്കരസഭയുടെ എക്കാലത്തെയും തലവേദനയാണ്. എട്ടാം മാർത്തോമ്മാ കണ്ടനാട് പടിയോലയെ അവഗണിച്ചിട്ടുള്ള അനുഭവം ഈ ഏകാധിപത്യ സ്വഭാവത്തിന്റെ മികച്ച ഉദാഹരണമാണ്. അതിന്നും മേൽസ്ഥാനികളുടെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുണ്ടോ എന്ന് പില്ക്കാല ചരിത്രം സൂക്ഷ്മമായി അപഗ്രഥിക്കുന്നവർക്ക് സംശയമുണ്ടായാൽ അവരെ കുറ്റപ്പെടുത്താനാവില്ല. എത്രയെത്ര അസോസ്യേഷൻ സമ്മേളനങ്ങളും മാനേജിംഗ് കമ്മിറ്റികളും സ്വീകരിച്ച ചരിത്രപ്രസിദ്ധമായ തീരുമാനങ്ങൾ  ഈ തടങ്കൽപ്പാറയിൽ തട്ടി 'ചാപിള്ള'കളായിത്തീർന്നിരിക്കുന്നു!! പല  സഭാസമിതികളും നിർജ്ജീവമായി തീരുവാൻ ഈ അനുഭവം കാരണമായിത്തീരുന്നുണ്ടോ എന്ന് സഭാപുരോഗതിയെപ്പറ്റി ഘോരഘോരം പ്രസംഗിക്കുന്നവർ ചിന്തിക്കേണ്ടതല്ലേ? മെത്രാന്മാരുടെ സ്ഥലംമാറ്റവും റിട്ടയർമെന്റും മാനേജിംഗ് കമ്മിറ്റി തത്വത്തിൽ അംഗീകരിച്ചു എങ്കിലും അത് പ്രയോഗത്തിൽ വരുത്തുവാൻ മേല്പട്ടക്കാരുടെ സമിതി ഇനിയും തയ്യാറായിട്ടില്ല എന്നത് ഇത്തരുണത്തിൽ ഓർക്കാവുന്നതാണ്. ഫ്യൂഡൽ ആധിപത്യത്തിന്റെ കറുത്ത കുപ്പായങ്ങൾ ക്രിസ്തുസഭയെ ഗ്രസിക്കുകയാണോ?

## അധ്യായം 6

# പരുമലക്കാനോൻ
# (എ.ഡി. 1873)

മാവേലിക്കര പടിയോല മൂലം സി.എം.എസ്. മിഷണറിമാരുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടു. വളരെ ഭാവനാപൂർണ്ണമായി ആരംഭിച്ചതായിരുന്നു മിഷനറി ബന്ധം. പരമ്പരാഗതമായ വൈദികാഭ്യസനവേദിയായിരുന്ന മല്പാൻ പള്ളിക്കൂടങ്ങളിലെ പരിമിതികളെ ഭേദിച്ച് കാലാനുസൃതമായി അതിനെ ഫലപ്രദമാക്കാൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ മലങ്കര മെത്രാപ്പോലീത്തായുടെ പരിശ്രമത്തിൽ ആരംഭിച്ച കോട്ടയം പഴയസെമിനാരി സഭയുടെ ചിരകാലാഭിലാഷമായ സ്വപ്നപദ്ധതി ആയിരുന്നു. പോർച്ചുഗീസ് സഹായത്തോടെ കത്തോലിക്കർ കൊടുങ്ങല്ലൂരിലും വരാപ്പുഴയിലും മംഗലപ്പുഴയിലും ഒക്കെ സെമിനാരികൾ സ്ഥാപിച്ചപ്പോൾ സഭ സന്തോഷിച്ചു എങ്കിലും അവ മലങ്കര സഭയുടെ തനിമയെ തന്ത്രപൂർവ്വം വ്യത്യാസപ്പെടുത്താൻ വിദേശസഭ ഒരുക്കിയ കെണിയാണെന്ന് തിരിച്ചറിഞ്ഞപ്പോൾ മുതൽ ആരംഭിച്ചതാണ് സ്വന്തം സെമിനാരി എന്ന ആശയം. യുഗപുരുഷന്മാർക്ക് മാത്രമേ യുഗപരിവർത്തനത്തിനു നേതൃത്വം നൽകാനാവൂ. അത്തരമൊരു യുഗപുരുഷന്റെ ആവിർഭാവം മലങ്കരസഭയിലുണ്ടായത് 18-ാം നൂറ്റാണ്ടിലാണ്. ആ യുഗപുരുഷന്റെ നേതൃത്വത്തിൽ 1809-ൽ ചേർന്ന കണ്ടനാട് സമ്മേളനം സെമിനാരി നിർമ്മാണം സംബന്ധിച്ച് സഭ ഏറെ പതിറ്റാണ്ടുകളായി താലോലിച്ചുവന്ന സ്വപ്നം കണ്ടനാട് പടിയോലയിൽ രേഖപ്പെടുത്തി. സമ്മേളനത്തിന്റെ മുഖ്യശില്പിയും പിന്നീട് ആ സമ്മേളനത്തിലെ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിൽ സഭാനേതൃത്വത്തിലേക്കുയരുകയും ചെയ്ത പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ (പിന്നീട് റമ്പാനും മെത്രാപ്പോലീത്തായും) ആ സ്വപ്നപദ്ധതി 1814-ൽ പ്രാവർത്തികമാക്കിയപ്പോൾ അതൊരു പുതിയ യുഗപ്പിറവിയായി 'പകലോമറ്റം ഭ്രമക്കാർ' ഒഴികെ എല്ലാവരും കരുതി. വേദപുസ്തകത്തിന്റെ പരിഭാഷയ്ക്ക് നേതൃത്വം നൽകിയ അദ്ദേഹം (1811-ലെ ബൈബിൾ) ആധുനിക വേദവ്യാഖ്യാനം മലങ്കര സുറിയാനി സഭയിലെ വൈദികർക്ക് സ്വന്തമാകണം എന്ന ചിന്തയിലാണ് മിഷനറിമാരെ സെമിനാരിയിൽ അധ്യാപകരായി നിയമിച്ചത്. സെമിനാരി നിർമ്മാണത്തിന് സഹായിച്ച കേണൽ മൺറോയും ആദ്യ അധ്യാപകനായി വന്ന തോമസ് നോർട്ടനും സെമിനാരിയുടെ ആധിപത്യത്തിനായി ശ്രമിക്കാതിരുന്നില്ല. പക്ഷേ സ്ഥാപക പ്രിൻസിപ്പലിന് അവരെ നിറുത്തേണ്ടിടത്ത് നിറുത്തുവാൻ അറിയാമായിരുന്നു. ആരു

ടെയും മുഖം നോക്കാതെ അദ്ദേഹം അത് നിർവഹിക്കുകയും ചെയ്തു. 1816-ൽ അദ്ദേഹം അന്തരിച്ചതോടെ കാറ്റു മാറി വീശി. പിന്നീട് മിഷനറി മാരുടെ നോമിനിയായി മലങ്കരമെത്രാന്റെ സ്ഥാനം പ്രാപിച്ച തൊഴിയൂ രിന്റെ കിടങ്ങൻ ഗീവറുഗീസ് മാർ പീലക്സിനോസിന് 'കാട്ടിലെ മരം, തേവരുടെ ആന' എന്ന മനോഭാവമാണ് ഉണ്ടായിരുന്നത്. തനിക്ക് മലങ്കര മെത്രാൻ സ്ഥാനം നൽകിയ യജമാനന്മാരെ അനുസരിക്കുവാനല്ലാതെ ചെറുക്കുവാനോ സെമിനാരി സ്ഥാപകന്റെ സ്വപ്നങ്ങളെ മനസിലാക്കു വാൻ പോലുമോ കഴിവില്ലാതിരുന്ന ആ മെത്രാൻ മിഷനറിമാർ സെമി നാരിയുടെ യജമാനന്മാരായി സെമിനാരിയിൽ താവളം ഉറപ്പിക്കുന്നത് നിസ്സംഗതയോടെ വീക്ഷിച്ചു. കഠിനാധ്വാനം, അനുപമമായ പ്രതിഭാ വിലാസം തുടങ്ങിയവയുടെ പിൻബലത്തോടെ മുൻഗാമികൾ കെട്ടിപ്പൊ ക്കിയ പല സ്വപ്നങ്ങളും പിൻഗാമികളുടെ പിടിപ്പുകേടു കൊണ്ട് അന്യാ ധീനപ്പെടുന്നതിന്റെ ചിത്രങ്ങൾ പല കുടുംബങ്ങളുടെയും നാടുകളുടെയും സഭകളുടെയും ചരിത്രങ്ങൾ വെളിപ്പെടുത്തുന്നുണ്ടല്ലോ. ഈ പശ്ചാത്ത ലത്തിലാണ് സെമിനാരി നവീകരണ ഉപദേശങ്ങളുടെ വനഭൂമിയും വിള ഭൂമിയും ആയിത്തീർന്നത്. മലങ്കരമെത്രാൻ പദം പ്രാപിച്ച പുന്നത്ര മെത്രാ ച്ചന് മിഷണറിമാരോട് സഹകരിച്ചു പോവാനേ കഴിഞ്ഞുള്ളു. തങ്ങൾ അകപ്പെട്ട തമസിന്റെ ഭീകരത പിന്നീട് വന്ന ചേപ്പാട്ട് മാർ ദീവന്നാസ്യോ സിന്റെ കാലത്താണ് സഭ അസഹ്യമായിക്കണ്ടത്. നവീകരണത്തെ ചെറു ക്കുവാൻ ചേപ്പാട്ട് മാർ ദീവന്നാസ്യോസ് നടത്തിയ ശ്രമങ്ങൾ മറ്റൊരു സഭാവിഭജനത്തിന് കളമൊരുക്കി. അങ്ങനെയാണ് പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് ഒരു സുപ്രഭാതത്തിൽ മെത്രാൻ സ്ഥാനം അവകാശപ്പെട്ട് കൊച്ചിയിലെത്തിയത്. അദ്ദേഹത്തിനനുകൂലമായി സർ ക്കാർ വിളംബരം പ്രസിദ്ധപ്പെടുത്തിയതോടെ ചേപ്പാട്ട് മെത്രാച്ചനും അദ്ദേ ഹത്തെ സഹായിക്കുവാൻ പാത്രിയർക്കീസ് അയച്ച യൂയാക്കീം മാർ കൂറിലോസും തളർന്നു. ആ പശ്ചാത്തലത്തിൽ മലങ്കരസഭ പുലിക്കോ ട്ടിൽ ജോസഫ് കത്തനാരെ മർദ്ദീനിലേക്കയച്ച് അദ്ദേഹത്തെ മലങ്കരമെത്രാ നാക്കി 1864-ൽ അധികാരം നൽകി (യാതൊരു തെരഞ്ഞെടുപ്പും സംശ യാതീതമായ സ്ഥാനാഭിഷേകത്തിന്റെ രേഖകളും സാക്ഷികളും ഇല്ലാത്ത പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് 1877-ൽ അദ്ദേഹം അന്ത രിക്കുന്നതു വരെ മലങ്കരമെത്രാപ്പോലീത്താ ആയിരുന്നുവെന്നും അതി നുശേഷം 1877-ൽ മാത്രമാണ് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാ മൻ പിതാവ് മലങ്കരമെത്രാപ്പോലീത്താ ആയതെന്നും മലങ്കരസഭയിൽ ഒരു വിഭാഗം ചിന്തിക്കുന്നതിന്റെയും പഠിക്കുന്നതിന്റെയും അനൗചിത്യവും ചരിത്രവൈരുദ്ധ്യവും ഏറെത്താമസിയാതെ തിരുത്തപ്പെടേണ്ടതാണ്. മാത്യൂസ് അത്താനാസ്യോസിന് സാധുവായ മെത്രാൻ സ്ഥാനമില്ല എന്ന താണ് സത്യം. അതുകൊണ്ടാണ് അദ്ദേഹം പട്ടംകൊടുത്ത നിരവധി

വൈദികർക്ക് പത്രോസ് പാത്രിയർക്കീസും യുയാക്കീം മാർ കൂറിലോസും പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസും വീണ്ടും പട്ടംകൊടുത്തത്. അപ്രകാരമുള്ള നിരവധി പട്ടംകൊടകളുടെ സ്ഥലവും തീയതിയും പട്ടമേറ്റവരുടെ പേരുകളും കണ്ടനാട് ഗ്രന്ഥവരി അനിഷേധ്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. മുടക്കപ്പെട്ടതിനാലാണ് ആ അഴിച്ചുപട്ടം കൊടകൾ വേണ്ടി വന്നതെന്ന് ചില പരമാർത്ഥികൾ കരുതുന്നത് ശരിയല്ല. മുടക്കപ്പെട്ട ആൾ നൽകുന്ന പട്ടംകൊടകൾ വ്യർത്ഥമോ അസാധുവോ അല്ല. ക്രമരഹിതം മാത്രമേ ആകുന്നുള്ളു. അത് ക്രമപ്പെടുത്തുവാൻ കല്പനകൾ പുറപ്പെടുവിച്ചാൽ മാത്രം മതിയാകും. പട്ടം ഏറ്റ ആൾക്ക് വീണ്ടും പട്ടം നൽകുന്നത് കാനോൻ പ്രകാരം ശിക്ഷാർഹമായ ലംഘനമാണ്. പാലക്കുന്നത്ത് മെത്രാച്ചന് സാധുവായ പട്ടം ഇല്ലാതിരുന്നതിനാലാണ് അക്കാര്യം അറിയാമായിരുന്ന പത്രോസ് തൃതീയൻ അഴിച്ചു പട്ടംകൊടകൾ നടത്തിയത്. സെമിനാരിക്കേസിൽ അദ്ദേഹത്തിന്റെ സ്ഥാനസാധുതയെ ചോദ്യം ചെയ്യാതിരുന്നത് കേസിന്റെ സങ്കീർണ്ണതകൾ ഒഴിവാക്കാനായിരിക്കണം. എന്നാൽ നവീകരണവിഭാഗത്തിനും അവരിൽ നിന്ന് മെത്രാൻസ്ഥാനം സ്വീകരിച്ച തൊഴിയൂർ സഭയ്ക്കും സാധുവായ കൈവെപ്പ് ഇല്ലെന്ന് പരമ്പരാഗതമായി തന്നെ പഠിപ്പിച്ചു വരുന്നുണ്ട്. മുടക്കിയാൽ പട്ടം പോവുകയില്ലല്ലോ. മുടക്കി എന്ന പ്രസ്താവനയല്ലാതെ പാലക്കുന്നത്ത് അത്താനാസ്യോസിനെ മുടക്കിയ മുടക്കുകല്പന ആരും കണ്ടിട്ടില്ല. മെത്രാനായിട്ടില്ലാത്ത ഒരാളെ മുടക്കുന്നതിന്റെ അർത്ഥശൂന്യത പത്രോസ് പാത്രിയർക്കീസിന് അറിയാമായിരുന്നു. പത്രോസ് ബാവായിൽ നിന്ന് റമ്പാൻ സ്ഥാനം മാത്രമേ അത്താനാസ്യോസ് സ്വീകരിച്ചിട്ടുള്ളു എന്ന് കണ്ടനാട് ഗ്രന്ഥവരി വ്യക്തമാക്കുന്നുണ്ട്. റമ്പാൻ മാത്രമായ ഒരാൾ മെത്രാനായി രാജകീയ അധികാരത്തോടെ പ്രവർത്തിക്കുന്ന വ്യർത്ഥത മൂലമാകാം അദ്ദേഹം പത്രോസ് ബാവായെ അഭിമുഖീകരിക്കുവാൻ ധൈര്യമില്ലാതെ നിരണം പള്ളിയിൽ ഭീരുവിനെപ്പോലെ അടച്ചുപൂട്ടിയ മുറിയിൽ ഭയവിഹ്വലനായി ഇരുന്നത് (*കണ്ടനാട് ഗ്രന്ഥവരി*).

ഏതായാലും കോട്ടയം പഴയസെമിനാരി നവീകരണക്കാരുടെ കൈവശത്തിലായി. പാലക്കുന്നത്ത് വലിയ അത്താനാസ്യോസിനെ പുറത്താക്കുവാനുള്ള എല്ലാ നീക്കങ്ങളിലും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദയനീയമായി പരാജയപ്പെട്ടു. ആ വിഷമസന്ധിയിലാണ് താൻ പരുമലയിൽ നവീനമായി സ്ഥാപിച്ച സെമിനാരിയിൽ അദ്ദേഹം ഒരു സഭാ സമ്മേളനം വിളിച്ചുകൂട്ടിയത്. യൂയാക്കീം മാർ കൂറിലോസിന്റെ അധ്യക്ഷതയിൽ 1873 ചിങ്ങം 25-ന് പരുമലയിൽ ചേർന്ന പള്ളിപ്രതിപുരുഷ യോഗമാണ് പരുമല കാനോനാകൾക്ക് രൂപംനൽകിയത്.

ഇങ്ങനെ ഒരു യോഗം പരുമലയിൽ നടന്നിട്ടേ ഇല്ലെന്നും നടക്കാൻ

സാധ്യതയില്ലെന്നും ഒരു നൂറ്റാണ്ടിനുശേഷം എഞ്ചിനീയർ ആയിരുന്ന എറണാകുളം പി. വി. മാത്യു തന്റെ അതിവിസ്തൃതമായ നസ്രാണിസഭാ ചരിത്രത്തിൽ ആണയിട്ടു പറഞ്ഞത് നമുക്ക് പൊറുക്കാം; മറക്കുകയു മാവാം. തിരുവിതാംകൂറിന്റെ ക്ഷത്രിയസ്വഭാവമുള്ള മണ്ണിൽ വിരാജിച്ചു പോന്ന പകലോമറ്റം മെത്രാന്മാരുടെ വാഴ്ചയെ ചരിത്രത്തിൽ നിന്ന് മായി ച്ചുകളഞ്ഞ കൊച്ചിരാജ്യത്തെ പ്രജയായ പുലിക്കോട്ടിൽ മാർ ദീവന്നാ സ്യോസ് ഒന്നാമനെയും രാജവിളംബരത്തിന്റെയും ബ്രിട്ടീഷ് സാമ്രാജ്യ ത്വത്തിന്റെയും പിന്തുണയോടെ മലയാളം വാണുകൊണ്ടിരുന്ന മേല്പട്ട സ്ഥാനികളെ കോട്ടയം പഴയസെമിനാരിയിൽ നിന്ന് നിയമവിധേയമായി ഇറക്കിവിട്ട്, റോയൽക്കോടതി വിധിയുടെ പിൻബലത്തിൽ, താൻ തിരു വിതാംകൂർ പ്രജയാണ് എന്ന് സ്ഥാനത്തും അസ്ഥാനത്തും അവകാശ വാദം ഉന്നയിച്ചുപോന്ന പാലക്കുന്നത്ത് തോമസ് അത്താനാസ്യോസിൽ നിന്ന് സ്ഥാനചിഹ്നങ്ങൾ നിയമവിധേയമായി ഏറ്റുവാങ്ങിയ പുലിക്കോ ട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമനെയും പുലഭ്യം പറയുവാൻ ചില നേതൃസ്ഥാനികളുടെ ഒത്താശയോടെ ചരിത്രരചനാ രംഗത്ത് പ്രത്യക്ഷ പ്പെട്ട മാത്യു അപ്രകാരം പറയുന്നതിന്റെ 'ഉദ്ദേശ്യശുദ്ധി' മനസിലാക്കാൻ പ്രയാസമില്ല (സെമിനാരിക്കേസിൽ തിരുവിതാംകൂർ സർക്കാരിന്റെ സഹാ യത്തോടെ തിരുവിതാംകൂർ പ്രദേശമായ കോട്ടയത്ത് സ്ഥാപിതമായ സെമിനാരി തിരുവിതാംകൂർ പ്രജയായ തനിക്ക് അവകാശപ്പെട്ടതാ ണെന്നും അന്യ (കൊച്ചി) സംസ്ഥാനക്കാരൻ ആയ വാദിക്ക് അത് അവ കാശപ്പെടാവുന്നതല്ലെന്നും കാര്യവിവരപത്രികയിൽ പ്രതിയായ തോമസ് അത്താനാസ്യോസ് രേഖാമൂലം വാദിച്ചിരുന്നു എന്ന് ഓർക്കുക). എന്നാൽ 1870-ലെ പരുമല സുന്നഹദോസിൽ പങ്കെടുത്ത ആളും മലങ്കരസഭയിലെ സുപ്രസിദ്ധ അത്മായനേതാവും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമന്റെ ജീവചരിത്രകാരനുമായ തൃപ്പൂണിത്തുറ മൂക്കഞ്ചേരിൽ എം. പി. വർക്കിയുടെ ഈ സംഭവത്തെക്കുറിച്ചുള്ള സമകാല വിവരണം മറ്റ് പ്രാമാണിക ചരിത്രകാരന്മാർ അവഗണിച്ചതെന്തുകൊണ്ടെന്ന് ഇനിയും മനസിലാകുന്നില്ല. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമന്റെ വ്യവ ഹാരകാര്യസ്ഥനും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ സെക്രട്ടറിയും ഇടവകപത്രികയുടെ പത്രാധിപരുമായ ഇ. എം. ഫിലിപ്പ് തന്റെ സഭാചരിത്രത്തിൽ ഈ സംഭവം ഒഴിവാക്കിയതെന്തുകൊണ്ട്? 1858 മകരം 15-ന് ജനിച്ച അദ്ദേഹത്തിന് പരുമല സുന്നഹദോസ് നടക്കുമ്പോൾ 12 വയസ്സേ ഉള്ളൂ. 1882-ൽ ആണ് അദ്ദേഹം സെമിനാരി വ്യവഹാരവു മായി ബന്ധപ്പെട്ടു മാർ ദീവന്നാസ്യോസിന്റെ വ്യവഹാരകാര്യസ്ഥനായി നിയമിതനായത്. പത്രോസ് പാത്രിയർക്കീസ് വരുന്നതിന് മുമ്പ് പുലി ക്കോട്ടിൽ തിരുമേനി നടത്തിയ വിശ്വാസപ്പോരാട്ടങ്ങളെക്കുറിച്ച് അദ്ദേഹം വേണ്ടത്ര ഗൗരവത്തോടെ അന്വേഷിച്ചിരിക്കുകയില്ല എന്ന് വേണം വിചാ

രിക്കാൻ. അതുകൊണ്ട് പരുമല സമ്മേളനത്തെക്കുറിച്ച് അറിഞ്ഞിരുന്നാൽ പോലും പാത്രിയർക്കീസിന്റെ നിർദ്ദേശപ്രകാരമല്ലാത്ത ഒരു യോഗം അവഗണിക്കേണ്ടതാണെന്നുള്ള ധാരണയിലാകാം തന്റെ സഭാചരിത്രത്തിലും ആത്മകഥയിലും (രഹസ്യപേടകം) ഈ ചരിത്രസംഭവം ഒഴിവാക്കിയത്.

1869-ൽ നിര്യാതനായ പുകടിയിൽ ഇട്ടൂപ്പ് റൈട്ടർ തന്റെ സഭാചരിത്രത്തിൽ 1870-ൽ നടന്ന പരുമല സമ്മേളനത്തെക്കുറിച്ച് എഴുതാതിരുന്നത് സ്വാഭാവികം. എന്നാൽ മലങ്കരസഭയുടെ ചരിത്രം നിരവധി ബൃഹത് വാല്യങ്ങളായി പ്രസിദ്ധപ്പെടുത്തിയ ഇസ്സഡ്. എം. പാറേട്ട് എന്തുകൊണ്ടാണ് ഈ സംഭവം രേഖപ്പെടുത്താതിരുന്നത്? പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ കാലഘട്ടം രേഖപ്പെടുത്തുവാൻ തന്റെ മലങ്കര നസ്രാണി ചരിത്ര പരമ്പരയുടെ മൂന്നാം വാല്യം മാറ്റിവച്ച അദ്ദേഹം പരുമല സമ്മേളനത്തെക്കുറിച്ച് എം. പി. വർക്കി എഴുതിയ കാര്യം ശ്രദ്ധിക്കാഞ്ഞത് നമ്മെ അത്ഭുതപ്പെടുത്തുന്നു. പാത്രിയർക്കീസുമായി നടന്ന വടംവലികളുടെ ഉദ്വേഗജനകമായ ചരിത്രം ആലേഖനം ചെയ്യുന്നതിനിടയിൽ വിട്ടുപോയതാവുമോ? 1876-ൽ നടന്ന മുളന്തുരുത്തി സുന്നഹദോസിനെപ്പറ്റി അതിദീർഘമായി ഗ്രന്ഥങ്ങൾ ചമച്ച അദ്ദേഹം ആ സുന്നഹദോസിന് ആധാരമായി 3 വർഷം മുമ്പ് നടന്ന പരുമല സമ്മേളനത്തെ അവഗണിക്കുമോ? അവഗണിക്കാമോ?

ദിവ്യബോധനം വിദ്യാർത്ഥികളുടെ സഭാചരിത്ര ടെക്സ്റ്റ് എന്ന നിലയിൽ ഓർത്തഡോക്സ് സെമിനാരി പ്രൊഫസർ ഫാ. ഡോ. വി. സി. ശാമുവേൽ 'സഭ വളരുന്നു', 'ഭാരതസഭ' എന്നിങ്ങനെ രണ്ട് പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. അതിലും 1873-ലെ പരുമല സമ്മേളനത്തെപ്പറ്റി യാതൊരു പരാമർശവുമില്ല.

മലങ്കരസഭയുടെ ചരിത്രരചനയ്ക്കായി പേന എടുത്ത എഴുത്തുകാർ 19-ാം നൂറ്റാണ്ടിന്റെ ചരിത്രം രചിക്കുവാൻ 1936-ൽ ടി. സി. ചാക്കോ രചിച്ച 'മലങ്കര മാർത്തോമ്മാ സഭാചരിത്ര സംഗ്രഹ'ത്തെയാണ് ആശ്രയിച്ചതെന്ന് തോന്നുന്നു. പാലക്കുന്നത്ത് മെത്രാന്മാരെ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനവും മലങ്കരസഭയുടെ സ്വാതന്ത്ര്യവും സംരക്ഷിക്കുന്ന ധീരദേശാഭിമാനികൾ ആയിട്ടും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ അന്ത്യോഖ്യൻ സാമ്രാജ്യത്വത്തിന് മലങ്കരസഭാ സ്വാതന്ത്ര്യത്തെ അടിമത്വം വച്ച അധമനായും നമ്മുടെ സഭാചരിത്രകാരന്മാരും സഭാചരിത്രാധ്യാപകന്മാരും ചരിത്രത്തെ കിഴുക്കാംതൂക്കായി വ്യാഖ്യാനിക്കുവാൻ ധൈര്യപ്പെട്ടതിന്റെ യഥാർത്ഥ പശ്ചാത്തലം ഇതായിരിക്കാം.

ഏതായാലും 19-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ സഭാചരിത്രകാരനായ കണ്ടനാട് കരോട്ടുവീട്ടിൽ ശെമവൂൻ കോറെപ്പിസ്ക്കോപ്പാ (പില്ക്കാ

ലത്ത് മാർ ദീവന്നാസ്യോസ് - കൊച്ചി ഭദ്രാസനം) എഴുതിവച്ച സമകാല സഭാചരിത്രം 'കണ്ടനാട് ഗ്രന്ഥവരി' എന്ന പേരിൽ പുലിക്കോട്ടിൽ ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ പ്രസാധനം ചെയ്തു പ്രസിദ്ധീകരിച്ചതോടെ തമസ്ക്കരണത്തിന്റെ കാലഘട്ടം അവസാനിച്ചു. മാർ ദീവന്നാസ്യോസ് (1901) എന്ന ജീവചരിത്രഗ്രന്ഥത്തിൽ പരുമല സുന്നഹദോസിനെപ്പറ്റി രേഖപ്പെടുത്തിയ സമകാല പരാമർശം ഇങ്ങനെയാണ്:

"ഈ പ്രവൃത്തികൾ കൊണ്ടൊന്നും തന്റെ ന്യായമായ അധികാരലാഭം ഉണ്ടാകുന്നതല്ലെന്നും എതദ്ദേശ്യ രാജ്യങ്ങൾ മാത്രമല്ല, ബ്രിട്ടീഷ് ഗവൺമെന്റ് കൂടി തന്റെ ആവലാതികളെ അഗണ്യമാക്കിയിരുന്നതിനാൽ പാത്രിയർക്കീസ് ബാവായെ മലയാളത്തു വരുത്താതെ കാര്യമൊന്നും ശുഭമാകയില്ലെന്നും നമ്മുടെ കഥാനായകന് തോന്നിത്തുടങ്ങി. ഉത്സാഹിയായ ഒരാളുടെ വിചാരത്തിനും തൽഫലമായ പ്രവൃത്തിക്കും മദ്ധ്യേ അധിക കാലതാമസം വരുന്നതല്ലല്ലോ. അദ്ദേഹം തന്റെ കീഴുള്ള പള്ളിക്കാരെ എല്ലാം 1048 ചിങ്ങത്തിൽ (?) പരുമല വിളിച്ചുകൂട്ടി. ഇക്കാര്യത്തെപ്പറ്റി പ്രസംഗിക്കുകയും എല്ലാവരുടെയും അഭിപ്രായം ആവശ്യപ്പെടുകയും ചെയ്തു. മാർ കൂറിലോസ് ഇക്കാലങ്ങളിൽ രോഗാതുരനായിരിക്കയായിരുന്നു. എങ്കിലും അദ്ദേഹം തന്റെ സാന്നിധ്യത്താൽ സഭയ്ക്ക് ധൈര്യം കൊടുത്തിരുന്നു. പാത്രിയർക്കീസ് ബാവായെ വരുത്തണമെന്നുള്ള നമ്മുടെ കഥാനായകന്റെ അഭിപ്രായത്തോട് എല്ലാവരും ഐകകണ്ഠ്യേന യോജിക്കുകയും വിവരത്തിന് ബാവായ്ക്ക് ഹർജി തയാറാക്കി എല്ലാവരും ഒപ്പിട്ട് അയക്കുകയും ചെയ്തു" (മലങ്കരസഭയുടെ സുവർണ്ണയുഗ ശില്പി, വാല്യം 1, എഡി.: ഫാ. ഡോ. ജോസഫ് ചീരൻ, പുറം 89).

യോഗം വിളിച്ചുകൂട്ടിയ ആൾ, യോഗോദ്ദേശ്യം, യോഗം ചേർന്ന കാലം, സമ്മേളനവേദി, സമ്മേളനത്തിന്റെ അധ്യക്ഷൻ, യോഗതീരുമാനം എന്നീ കാര്യങ്ങൾ ഈ ലഘു ഖണ്ഡികയിൽ വർക്കി അതിവിശദമായി സംഗ്രഹിച്ചിട്ടുണ്ട്. ഈ വിലപ്പെട്ട വിവരങ്ങളാണ് മലങ്കരസഭാചരിത്രകാരന്മാർ എന്തുകൊണ്ടോ തമസ്ക്കരിച്ചത്. ഈ ഗ്രന്ഥകാരൻ കണ്ടെടുത്ത് എഡിറ്റ് ചെയ്ത് വ്യാഖ്യാനസഹിതം 2008-ൽ പ്രസിദ്ധീകരിച്ച *കണ്ടനാട് ഗ്രന്ഥവരി*യുടെ 187 മുതൽ 200 വരെയുള്ള പേജുകളിൽ യോഗനോട്ടീസ്, യോഗതീരുമാനങ്ങൾ എന്നിവ പൂർണ്ണരൂപത്തിൽ ചേർത്തിട്ടുണ്ട് (മാർത്തോമ്മാക്കാരുടെ സഭാചരിത്രത്തിന്റെ അടിസ്ഥാനത്തിൽ 19-ാം നൂറ്റാണ്ടിലെ മലങ്കരസഭാചരിത്രം പഠിക്കുകയും ചരിത്രധാരണകൾ രൂപപ്പെടുത്തുകയും ചെയ്ത പല പ്രമാണിമാരും *കണ്ടനാട് ഗ്രന്ഥവരി* കണ്ടതോടെ അസ്വസ്ഥരായിരിക്കുന്നു. 19-ാം നൂറ്റാണ്ടിന്റെ സഭാചരിത്രം *കണ്ടനാട് ഗ്രന്ഥവരി*യുടെ അടിസ്ഥാനത്തിൽ പുനർവായനയ്ക്ക് വിധേയമാക്കണമെന്ന്

പല ചരിത്രപണ്ഡിതന്മാരും അഭിപ്രായപ്പെട്ടു കഴിഞ്ഞു.).

"8-ാമത്. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ 3-ാമത് ലക്കത്തിൽ പറഞ്ഞിരിക്കുന്ന സിമ്മനാരിപ്പണികൾ തീർത്തില്ലെന്ന് വരികിലും ആ സ്ഥലത്ത് എല്ലാ പള്ളിക്കാരും കൂടത്തക്കവണ്ണം വടക്കും തെക്കും ഉള്ള പള്ളിക്കാർക്കും പ്രമാണപ്പെട്ട പട്ടക്കാർക്കും ജനങ്ങൾക്കും ആളാംപ്രതിയും കല്പന അയച്ചു. ആയത് അദ്ദേഹത്തിന്റെ അച്ചുകൂടത്തിൽ അച്ചടിപ്പിച്ചതാകുന്നു.

പള്ളികൾക്ക് അയച്ച കല്പന: കൃപയും സമാധാനവും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. എന്നാൽ പ്രിയമുള്ളവരെ, സർവശക്തനായ ദൈവത്തിന്റെ കൃപയാൽ അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിൽ നിന്നും നമുക്കു ലഭിക്കപ്പെട്ടിരിക്കുന്ന നൽവരപ്രകാരം നമ്മുടെ സഭകളെ സകല സത്യവഴികളിലും നടത്തി പാലിപ്പാൻ പ്രത്യേകം നാം (രണ്ട് പദങ്ങൾ അവ്യക്തം) ഹിതപ്രകാരം വേണ്ടിയ ഗുണങ്ങളെ നമ്മുടെ സഭകളിൽ നടത്തി പാലിക്കുന്നതിന് പാടില്ലാത്തപ്രകാരം രാജ്യാധികാരികളിൽ നിന്നും സഭാ ഭരണക്കാരിൽ നിന്നും നമുക്കുണ്ടായ പ്രയാസങ്ങൾ ഒക്കെയും നിങ്ങൾ അറിഞ്ഞിരിക്കുന്നുവല്ലോ. എന്നാൽ നമ്മുടെ പ്രയാസങ്ങൾക്കും അധ്വാനങ്ങൾക്കും ഇതുവരെ ഒരു ആശ്വാസം ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, നമ്മുടെ പള്ളികളിലും ജനങ്ങളിലും നാൾക്കുനാൾ വർദ്ധിച്ചു വരുന്ന മാർഗ്ഗവിരോധങ്ങളിൽ നിന്നും കലഹങ്ങളിൽ നിന്നും വളരെ നാം വ്യസനിക്കുകയും ഭയപ്പെടുകയും ചെയ്യുന്നു. എന്തെന്നാൽ പ്രിയമുള്ളവരേ, ക്രിസ്ത്യാനി മതത്തിന്റെ ആരംഭകാലം മുതൽ അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ അധികാരത്തിൻകീഴും ആജ്ഞയിൻകീഴും ഉൾപ്പെട്ട് അനേകം ദുഃഖങ്ങളും പീഡകളും സഹിച്ച് ഉയർച്ചയിലും താഴ്ചയിലും അന്യമതക്കാരോടുള്ള സഖ്യതയിലും പോരാട്ടത്തിലും അജ്ഞാനികളിൽ നിന്നുള്ള ഉപദ്രവങ്ങളും[7] അനേകം ഞെരുക്കങ്ങൾ നമ്മുടെ പിതാക്കന്മാർ അനുഭവിച്ചുകൊണ്ട് ഈ വിശ്വാസത്തെ പോറ്റിയതിനാൽ അത്രേ മുഴുവനും നശിച്ചുപോകാതെ ഇന്നുവരെ പ്രത്യേക ഒരു സംഘക്കാരായി നമ്മെ കാണപ്പെടുന്നതിന് സംഗതി ആയത്. ഇങ്ങനെ വീണ്ടെടുത്ത നമ്മുടെ സഭ ഇക്കാലത്തിൽ ഇടയൻ ഇല്ലാത്ത ആടുകൾ എന്ന പോലെയും നാഥനില്ലാത്ത പ്രജകൾ എന്ന പോലെയും ചിന്നിച്ചിതറി തന്നിഷ്ടക്കാരായി നശിക്കുന്നതിൽ എത്ര സങ്കടപ്പെടുവാനുള്ളതാകുന്നു. അയ്യോ പ്രിയന്മാരെ, എന്തു നാം പറയേണ്ടൂ. നമ്മുടെ പള്ളികളിലും നടപടികളിലും കർമ്മാചാരങ്ങളിലും ഉണ്ടായിരുന്ന ക്രമങ്ങളും ചട്ടങ്ങളും വരുതികളും ഈ കാലത്തിൽ ഇല്ലാതെ തീർന്നിരിക്കുന്നു.

പള്ളിവക മുതൽകാര്യങ്ങൾ മിക്കവാറും നശിച്ചിരിക്കുന്നു. മക്കൾക്കുള്ള അവകാശം അന്യന്മാർക്ക് എന്നപോലെ ആക്കിത്തീർത്തിരിക്കുന്നു. വേദസംബന്ധമായ കാര്യങ്ങൾ കഴിക്കുന്നതിന് എല്ലാവരും പരാശ്രയം കൂടിയേ മതിയാവൂ എന്ന് വന്നിരിക്കുന്നു. സുറിയാനിക്കാരായ നമ്മുടെ ക്രമം പോലെയും വിശ്വാസം പോലെയും നടക്കുവാൻ ഒരുങ്ങുന്നവർക്ക് അവരുടെ പിതാക്കന്മാരുടെ ശ്മശാനഅടക്കു പോലും അർഹത ഇല്ലാത്ത വണ്ണം ഭവിച്ചിരിക്കുന്നു. ഇപ്പോഴത്തെ എല്ലാവിധമുള്ള പുറപ്പാടുകളെ ഏവനെങ്കിലും നല്ലവണ്ണം സൂക്ഷിച്ചുനോക്കിയാൽ സുറിയാനിക്കാരായ നമുക്ക് നമ്മുടെ വിശ്വാസത്തെ പോറ്റുവാനുള്ള സ്വാതന്ത്ര്യം അസ്തമിച്ചിരിക്കുന്നു എന്നു പറയാം. കലഹമില്ലാത്ത പള്ളികളില്ല, തർക്കമില്ലാത്ത കർമ്മങ്ങളുമില്ല. അയ്യോ ഈ വിധമുള്ള നാശങ്ങളൊക്കെയും നമ്മുടെ സഭയിൽ സംഭവിച്ചിരിക്കുന്നതിനാൽ എത്ര നമ്മൾ പരിതപിക്കപ്പെടേണ്ടതാകുന്നു. നമ്മെക്കുറിച്ചാകട്ടെ, നമ്മുടെ അധികാരം ശക്തിപ്പെടേണ്ടതിനാകട്ടെ നിങ്ങൾ പരിതപിക്കപ്പെടുകയോ ദുഃഖിക്കപ്പെടുകയോ ചെയ്യണമെന്ന് നാം പറയുന്നില്ല. ക്ഷീണിക്കപ്പെട്ട നമ്മുടെ സഭയെ മുമ്പൊരിക്കൽ അന്യന്മാർ വേട്ടയാടി കൊണ്ടുപോയതുപോലെ ഈ കാലത്തിലും വേട്ടയാടുവാൻ പുറപ്പെട്ടിരിക്കുന്നതിൽ നിങ്ങൾ അകപ്പെടാതെ അവനവനാൽ കഴിയുന്നതിനെ തന്റെ സഭയുടെ രക്ഷയ്ക്കുവേണ്ടി വിചാരിച്ച് പ്രവർത്തിക്കണമെന്നത്രേ നാം അപേക്ഷിക്കുന്നത്. ഇനിയും നമ്മുടെ സഭയുടെ രക്ഷയ്ക്ക് വേണ്ടിയ പ്രവൃത്തികൾക്ക് നമ്മൾ ഒരുങ്ങാതെ കണ്ണടച്ച് കളയുന്നുവെങ്കിൽ ഈ സഭയുടെ വിശ്വാസത്തിനുവേണ്ടി കഷ്ടപ്പെട്ടു ഞെരുങ്ങിയ വിശുദ്ധ പിതാക്കന്മാരുടെ നെടുവീർപ്പും കണ്ണുനീരും നമുക്കൊക്കെയും ശാപമായിത്തീരുമെന്ന് നാം ഭയപ്പെടേണ്ടിയിരിക്കുന്നു. അതുകൊണ്ട് പ്രിയമുള്ളവരേ, ഇപ്പോഴത്തെ ഈ വലിയ കുഴച്ചിലിൽ വച്ച് ജനങ്ങൾ അശേഷം ഭിന്നിച്ച് ചിതറുന്നതിന് മുമ്പെ ഏതുവിധമെങ്കിലും ഗുണീകരണമുള്ള ഒരു വഴി ഉണ്ടായി നമ്മുടെ സഭയ്ക്ക് ഒരു ആശ്വാസം കിട്ടുമോ എന്ന് ആലോചിപ്പാൻ കർത്താവിനാൽ നാം കടപ്പെട്ടിരിക്കുന്നു എന്നുള്ള നമ്മുടെ വിചാരത്തെ നമ്മുടെ ഇഷ്ടന്മാരോട് ആലോചിച്ചാറെ ഈ നമ്മുടെ വിചാരം എത്രയും ആവശ്യമെന്നും ആയത് കഴിയുന്നേടത്തോളം എളുപ്പത്തിൽ ആയാൽ അത്രയും ഗുണമെന്നും അവർ അഭിപ്രായപ്പെട്ടിരിക്കുന്നതിനാലും വിശേഷാൽ ഇപ്പോൾ ശുദ്ധമുള്ള നമ്മുടെ പിതാവായ പാത്രിയർക്കീസ് ബാവായിൽ നിന്ന് പ്രത്യേകിച്ച് ചില കല്പനകൾ വന്നിരിക്കുന്നതിനെ യോഗസമൂഹേ വായിപ്പാൻ ആവശ്യപ്പെട്ടിരിക്കുന്നതിനാലും ഈ മാസം 27-ന് നിരണത്തിനു സമീപം പരുമലെ ഇപ്പോൾ നാം പണിയിക്കുന്ന സിമ്മനാരി സ്ഥലത്ത് എല്ലാ പള്ളിക്കാരെയും കൂട്ടി ആലോചന കഴിക്കണമെന്ന് ദൈവത്തിൽ നാം ഇച്ഛിക്കുന്നതാക കൊണ്ട് ഒട്ടും ഉപേക്ഷ കൂടാതെ

പൊതുഗുണ രക്ഷക്കായിട്ട് നാം നിശ്ചയിച്ചിരിക്കുന്ന ആലോചനാ സംഘത്തിന് നിങ്ങൾ യോഗമായി വന്നെത്തുവാൻ നമ്മുടെ ആശാബന്ധ മാകുന്ന ഈശോമശിഹാ മൂലം വളരെ വ്യസനത്തോടും കൂടി നാം അപേക്ഷിക്കുന്നു.

പട്ടക്കാർക്കും ജനങ്ങൾക്കും അയച്ച കല്പനയിൽ ഇതിൽ അധികം വ്യത്യാസം ഇല്ലായ്ക കൊണ്ട് അത്രേ ആയതിന്റെ പകർപ്പ് എഴുതാ ഞ്ഞത്.

ഈ കല്പനയിൽ പാത്രിയർക്കീസ് ബാവായുടെ കല്പന വന്നിട്ടു ണ്ടെന്ന് പറയുന്നത്, ഇപ്പോൾ സിംഹാസനത്തിൽ വാണിരിക്കുന്ന പാത്രി യർക്കീസ് ബാവായുടെ കല്പന പള്ളിക്കാർക്കും പുലിക്കോട്ടിൽ മെത്രാ ച്ചനും റസിഡണ്ട് സായിപ്പിനും രാജാക്കന്മാർക്കും മറ്റും വന്നിട്ടുണ്ട്. ആയത് പാലക്കുന്നത്ത് അത്താനാസ്യോസ് മെത്രാപ്പോലീത്തായെ മുൻ ഇരുന്ന രണ്ടു പാത്രിയർക്കീസന്മാരും മുടക്കി സ്ഥാനഭ്രഷ്ടനാക്കിയതു പോലെ നാമും അവനെ മുടക്കി സ്ഥാനഭ്രഷ്ടനാക്കിയിരിക്കുന്നു എന്നും മറ്റും ആകുന്നു.

കല്പനപ്രകാരം മേൽ എഴുതിയ തീയതിക്ക് വടക്കും തെക്കുമുള്ള മിക്ക പള്ളിക്കാരും കൂടി. വടക്കേ ദിക്കിൽ നിന്ന് വടക്കൻപറവൂർ, കണ്ട നാട്, കോതമംഗലം രണ്ടും, വടകര, കാരക്കുന്നം, പിറവം, മുളക്കുളം, കോലഞ്ചേരി, നടമേൽ, ശ്രായി ഇവർ മാത്രമേ പോകാതിരുന്നുള്ളു. ഏക ദേശം തെക്കുനിന്നും വടക്കു നിന്നുമായി 80-ൽ അധികം പള്ളിക്കാർ കൂടിയപ്രകാരം ആകുന്നു അറിയുന്നത്. കൂറിലോസ് ബാവായും റമ്പാ ച്ചനും മക്കുദിശായും മൂസൽകാരൻ എസ്തേപ്പാനോസ് എന്ന് പേരായി പോയ മകര മാസത്തിൽ പരദേശത്തു നിന്നും വന്നിട്ടുണ്ടായിരുന്ന ശെമ്മാ ശനും വടക്കും തെക്കുമുള്ള പ്രമാണപ്പെട്ടവരും കൂടിയിട്ടുണ്ടായിരുന്നു.[8] ഈ കൂട്ടം കൂടിയ സമയം ഇപ്പോൾ സിംഹാസനത്തിൽ വാണിരിക്കുന്ന പാത്രിയർക്കീസ് ബാവായുടെ കല്പന സമൂഹത്തിൽ വായിക്കപ്പെട്ടു. ആയത് അത്താനാസ്യോസ് മെത്രാപ്പോലീത്തായെ മുമ്പിലത്തെ പാത്രി യർക്കീസന്മാർ മുടക്കി മഹറോൻ ചൊല്ലിയപ്രകാരം അദ്ദേഹവും മുടക്കി മഹറോൻ ചൊല്ലിയിരിക്കുന്നു എന്നാകുന്നു. സമൂഹത്തിൽ ആലോചിച്ച് നിശ്ചയിച്ച് എഴുതി കയ്യൊപ്പ് വച്ച് പള്ളിക്കാർ പിരിഞ്ഞിരിക്കുന്നു. നിശ്ച യിച്ച നിയമങ്ങളുടെ പകർപ്പ് താഴെ എഴുതുന്നു.

അന്ത്യോഖ്യായുടെ ശുദ്ധമുള്ള മാറാൻ മാർ ഇഗ്നാത്യോസ് പാത്രിയ ർക്കീസ് ബാവായുടെ കൈവാഴ്ചയിൻകീഴിലുള്ള മലയാളത്തിലെ യാക്കോബായ സുറിയാനിക്കാരുടെ ഇടവകയിലുള്ള കുഴച്ചിലുകൾക്ക് നിവൃത്തി വരുത്തണമെന്ന സമാധാനത്തിന്റെയും ഗുണാധികാരത്തി

ന്റെയും മാർഗ്ഗങ്ങളെ സ്ഥിരപ്പെടുത്തണമെന്നുള്ള ആന്തരത്തോടു കൂടി മാർ യൊയാക്കീം കൂറിലോസ് മെത്രാപ്പോലീത്തായും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും പട്ടക്കാരും ജനങ്ങളും യോഗക്കാരും കൂടി നിശ്ചയിച്ച മീറ്റിംഗിലെ പ്രൊസീഡിംഗ്സ്. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ: യോഗക്കാർ കൂടപ്പെട്ടവർ എല്ലാവരും ഇപ്പോൾ ഉണ്ടല്ലോ. നിങ്ങൾക്ക് വാഴ്വ്.

നാം ഇപ്പോൾ ചിന്തിപ്പാനും ആലോചിപ്പാനും ഉള്ള കാര്യങ്ങളിലേക്ക് വിനയവും പരമാർത്ഥതയും സ്നേഹവും ഉള്ള ആത്മാവോടും കൂടെ പ്രവേശിക്കണം. ഈ യോഗത്തിൽ മാർ കൂറിലോസ് ബാവാ മുഖ്യ സ്ഥാനപതി ആയിരിപ്പാൻ നാം എല്ലാവരും അപേക്ഷിക്കണം. ഈ യോഗം ഇപ്പോൾ കൂടിയിരിക്കുന്നതിന്റെ താല്പര്യം എന്തെന്നും അവർ ആലോചിച്ച് ഉറക്കേണ്ട കാര്യങ്ങൾ ഇന്നവ എന്നും ചുരുക്കത്തിൽ വിവരിക്കുന്നു. മലയാളത്തുള്ള യാക്കോബായ സുറിയാനിക്കാർ ആയ നമ്മുടെ ഇടയിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന ഛിദ്രങ്ങൾ തീരുവാനും ഐകമത്യവും സമാധാനവും അവരുടെ ഇടയിൽ സ്ഥിരപ്പെട്ടിരിപ്പാനും വിദ്യാഭ്യാസവും അതിൽ നിന്നുള്ള വിശേഷഫലങ്ങളും മേൽക്കുമേൽ വർദ്ധിച്ചുവരുവാനുമായി,

ഒന്നാമത്. മെത്രാന്മാർ തമ്മിലുള്ള വഴക്കുകൾക്ക് നിവൃത്തി ഉണ്ടാകേണ്ടതിനും രണ്ടാമത് മെത്രാന്മാർ തമ്മിലുള്ള വഴക്കു നിമിത്തവും ഏകനായകത്തിന്റെ ബലം ഹേതുവാലും മേലാൽ സഭയ്ക്ക് ദോഷം സംഭവിക്കാതെ ഇരിക്കേണ്ടതിന്നും, മൂന്നാമത്, സുറിയാനി സമൂഹത്തിന്റെ ക്ഷേമാഭിവൃദ്ധികൾ സ്ഥിരങ്ങളായി ഇരിക്കേണ്ടതിനും ഉത്തമമായ മാർഗ്ഗങ്ങൾ ഇന്നവ എന്നാലോചിച്ച് അവയ്ക്ക് വേണ്ടുന്ന നിശ്ചയങ്ങൾ ഉറപ്പിക്കുന്നതിനായിട്ട് ഈ യോഗത്തെ വിളിച്ചു കൂട്ടിയിരിക്കുന്നു.

ഒന്നാമത്. സർക്കാരിലെ അധികാരത്തോടു കൂടെ ഈ സഭയിൽ ഏതാനും പള്ളികളെ ഇപ്പോൾ ഭരിച്ചുവരുന്ന മെത്രാപ്പോലീത്തായുടെ പേരിൽ അനേകം തെറ്റുകൾ ഉണ്ടെന്നും പാത്രിയർക്കീസ് ബാവായുടെ മുടക്കുകൾ ഉള്ളതിനാൽ അദ്ദേഹത്തെയും കാനോനാ വിധിയ്ക്ക് വിരോധമായി അദ്ദേഹത്താൽ ഉണ്ടാക്കപ്പെട്ട രണ്ട് മെത്രാന്മാരെയും മെത്രാന്മാരായി കൈക്കൊള്ളുവാൻ സഭയ്ക്ക് പാടില്ലാത്തതെന്നും അദ്ദേഹത്തിനു പകരം പാത്രിയർക്കീസ് ബാവായാൽ നിയമിക്കപ്പെട്ടിരിക്കുന്ന മെത്രാപ്പോലീത്തായെ നമ്മുടെ മെത്രാപ്പോലീത്താ ആയി സ്വീകരിക്കേണ്ടത് ന്യായമെന്ന് കാണുന്ന സ്ഥിതിക്ക് യോഗക്കാർ ഒരാളെ ത്യജിക്കയും മറ്റൊരാളെ സ്വീകരിക്കുകയും ചെയ്യുന്നതിനു മുമ്പിൽ അങ്ങനെ ഉടനടി ചെയ്യുന്ന പക്ഷം ഇപ്പോൾ ഉള്ളതിലും വലിയ കലഹങ്ങൾക്കും അധികമായ അകൽച്ചകൾക്കും ഇടവരുമെന്ന് ഊഹിക്കപ്പെടാവുന്നതാക കൊണ്ട്

അങ്ങനെ വരാതിരിപ്പാൻ വേണ്ടി ഭിന്നിക്കപ്പെട്ടിരിക്കുന്ന മെത്രാന്മാരെയും അവരുടെ പക്ഷക്കാരെയും തമ്മിൽ യോജിപ്പിക്കേണ്ടതിന് കഴിവുണ്ടോ എന്നും അല്പം കൂടെ താമസിക്കേണ്ടത് യുക്തമല്ലയോ എന്നും ആലോചിക്കേണ്ടത് ന്യായമല്ലയോ എന്നും തോന്നുന്നു. പാത്രിയർക്കീസ് ബാവാ സഭയുടെ യോജിപ്പിന് നാം ചെയ്യുന്ന യത്നത്തെ സന്തോഷത്തോടെ കൈക്കൊള്ളുമെന്ന് വിശ്വസിക്കപ്പെടാവുന്നതാകയാൽ മാർ അത്താനാസ്യോസ് തങ്ങളുടെ തെറ്റുകളെ ഏറ്റുപറഞ്ഞ് അന്ത്യോഖ്യാ പാത്രിയർക്കീസിനെ മലയാളത്തെ സുറിയാനിക്കാരുടെ വേദത്തലവനായി അംഗീകരിച്ച് അദ്ദേഹത്തിന്റെ വരുതിയിൽ ഇരുന്നുകൊള്ളുവാനും ഈ യോഗം നിശ്ചയിക്കപ്പെടുന്നവയെ സമ്മതിപ്പാനും മനസ്സുണ്ടോ എന്നറിവാൻ വേണ്ടി ഒരു ഡെപ്യൂട്ടേഷൻ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അടുക്കൽ അയയ്ക്കുകയും അദ്ദേഹം നല്ലവണ്ണം ആലോചന ചെയ്ത് മറുപടി തരുന്നതിനും അപേക്ഷിച്ചതിന്റെ ശേഷം കീഴ്വഴക്കത്തിന്റെയും സമാധാനത്തിന്റെയും ഉറപ്പ് വരുത്തുന്നതായ ഒരു മറുപടി അദ്ദേഹത്തിൽ നിന്ന് ഉണ്ടാകുന്നപക്ഷം പാത്രിയർക്കീസ് ബാവായുടെ സമ്മതം വരുത്തി എല്ലാ മെത്രാന്മാരും യോഗക്കാരും കൂടി വാഴ്ച മുതലായതിന്റെ ക്രമങ്ങളെ നിശ്ചയപ്പെടുത്തുകയും അനുസരണക്കേടിന്റെ ലക്ഷണമായിരുന്നാൽ പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാരമുള്ള മെത്രാപ്പോലീത്തായെ സുറിയാനിക്കാരുടെ ന്യായമായ മെത്രാപ്പോലീത്താ ആയിട്ട് അംഗീകരിക്കയും അതിന്മണ്ണം സ്ഥിരപ്പെടുത്തിത്തരുന്നതിന് സർക്കാരോട് അപേക്ഷിക്കുകയും ചെയ്യണമെന്ന് ഒരു നിശ്ചയം യോഗക്കാർ ഇപ്പോൾ സ്ഥിരപ്പെടുത്തേണ്ടത് എല്ലാവിധത്താലും യുക്തമെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു.

അഭിപ്രായക്കാരൻ ......

കൂട്ടഭിപ്രായക്കാരൻ ......

(ഈ ഭാഗത്ത് പില്ക്കാലത്ത് മെത്രാപ്പോലീത്താ ആയ യൂയാക്കീം മാർ ഈവാനിയോസിന്റെ മുദ്ര പതിപ്പിച്ചിട്ടുണ്ട് - എഡിറ്റർ)

രണ്ടാമത്. മേലധ്യക്ഷന്മാരുടെ ഏകനായകത്വത്തിന്റെ ശക്തിയ്ക്ക് എതിരായ ശക്തി മലയാളത്തെ സഭ (യ്ക്ക്) ഇല്ലായ്മ നിമിത്തം സഭയ്ക്ക് അധികമായ ദോഷം സംഭവിച്ചിട്ടുള്ളതാകയാൽ ആ ദോഷത്തെ ഒഴിക്കുന്നതിന് മേലധ്യക്ഷന്മാരും പട്ടക്കാരും ജനങ്ങളും തമ്മിൽ ഒരുമിപ്പിന്റെയും യോജ്യതയുടെയും ബന്ധനങ്ങളെ ഉറപ്പിക്കുന്നതിനു വേണ്ടി മലയാളത്തുള്ള സുറിയാനിക്കാരുടെ മതസംബന്ധമായും സാമൂഹ്യ സംബന്ധമായും മറ്റും ഉള്ള സകല വിഷയങ്ങളെയും ഗുണാധികാരം വർദ്ധിപ്പാൻ തക്ക പ്രവൃത്തികളെ നടത്തുന്നതിന് സ്വാതന്ത്ര്യവും അധികാരവും ഉള്ള

ഒരു കൂട്ടത്തെ നിശ്ചയിക്കുകയും അതിന് പ്രത്യേകം ഒരു പേർ വിളിക്കപ്പെടുകയും ചെയ്യേണ്ടതാകുന്നു എന്ന് യോഗത്തിന്റെ ആലോചനയ്ക്കായി ഞാൻ അഭിപ്രായപ്പെടുന്നു. ഈ അസോസ്യേഷന്റെ സാധ്യം അതിന്നായി ഒരുങ്ങപ്പെട്ടിരിക്കുന്ന ഭാവിമംഗലത്തിൽ ചുരുക്കമായി വിവരിച്ചിരിക്കയാൽ അതിനെ യോഗത്തിന്റെ അറിവിന്നായി വായിക്കുന്നു (ഇവിടെ ഭാവിമംഗലം വായിക്കുന്നു).

അഭിപ്രായക്കാരൻ

കൂട്ടഭിപ്രായക്കാരൻ

3-ാമത്. അസോസ്യേഷനിലെ ഒരു മെമ്പറിന്റെ അവകാശവും അധികാരവും എല്ലാ പള്ളികൾക്കും സിദ്ധിക്കേണ്ടത് ആവശ്യമാകയാൽ എല്ലാ പള്ളികളിൽ നിന്നും ഒരു മെമ്പ്രിന്റെ പ്രവേശനഫീസ് വാങ്ങി വികാരിയെ മെമ്പർ ആയി കൈക്കൊള്ളുവാൻ ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു. അഭിപ്രായക്കാരൻ...... കൂട്ടഭിപ്രായക്കാരൻ....

4-ാമത്. സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനിൽ ചേരുന്നവരിൽ നിന്നുണ്ടാകുന്ന മുതല് കൂടാതെ പൊതുഗുണത്തിനു വേണ്ടി ഒരു ധർമ്മശേഖരം കൂടി ആവശ്യപ്പെട്ടിരിക്കുകയാൽ എല്ലാവരും അതിങ്കൽ മനസ്സ് വച്ച് അവനവന്റെ മനസ്സിനും പ്രവൃത്തിക്കും ഒരുപോലെയുള്ള ദ്രവ്യം കൊണ്ട് സമൂഹത്തിന്റെ ഗുണീകരണത്തെ പ്രതി നല്ല വേലയ്ക്ക് ശ്രമിക്കുന്നവരുടെ ആന്തരത്തെ സഹായിക്കണമെന്ന് ഒരപേക്ഷ ഉണ്ടാവാനും അങ്ങനെ കൊടുക്കുന്നവരെ ക്ലാസ് തിരിച്ച് ഓരോ ക്ലാസിൽ ചേർത്തിട്ട് അവർക്ക് ധർമ്മശേഖരത്തിന്റെ സ്ഥലവിശേഷങ്ങളിൽ നിന്നുള്ള ഓരോ അവകാശക്രമങ്ങളെ നിശ്ചയിക്കേണ്ടതാകുന്നു എന്നും യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു. അഭിപ്രായക്കാരൻ... കൂട്ടഭിപ്രായക്കാരൻ...

5-ാമത്. സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനിൽ ചേർന്ന എല്ലാവരും കൂടെക്കൂടെ ഒന്നിച്ചു കൂടുന്നതിനും കാര്യാദികൾ നടത്തുന്നതിനും വളരെ പ്രയാസമുള്ളതാകയാൽ അവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവരായി കാര്യാദികൾ നടത്തുന്നതിന് ശേഷിയുള്ളവരായി നാലു പട്ടക്കാരെയും എട്ട് അയ്മേനികളെയും കമ്മട്ടിക്കാരായി നിശ്ചയിക്കേണ്ടതാകുന്നു എന്ന് യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു. അഭിപ്രായക്കാരൻ.... കൂട്ടഭിപ്രായക്കാരൻ.....

6-ാമത്. കമ്മട്ടിക്കാർക്ക് സമ്മതമുള്ള ഒരാളെ സിക്രട്ടറി ആയിട്ടും മറ്റൊരാളെ മുതൽപിടി ആയിട്ടും നിശ്ചയിക്കുന്നതിനും അസോസ്യേഷൻ സംബന്ധമായ സകല എഴുത്തുകുത്തുകളും ആധാരപ്രമാണങ്ങളും

കണക്കുകളും സിക്രട്ടറി കൈവശം വച്ച് സൂക്ഷിക്കുവാൻ തക്കവണ്ണവും പണച്ചുമതലയ്ക്ക് മുതൽപിടി ബാധ്യസ്ഥാനി ആയിരിപ്പാൻ തക്കവണ്ണവും ഒരു നിശ്ചയത്തെ ഉറപ്പിക്കുന്നതിന് യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു. അഭിപ്രായക്കാരൻ... കൂട്ടഭിപ്രായക്കാരൻ...

7-ാമത്. കമ്മട്ടിക്കാർ സാരമായ സകല സംഗതികളിലും അസോസ്യേഷനിൽ ചേർന്നിട്ടുള്ളവരുടെ സമ്മതം വരുത്തി നടത്തിക്കേണ്ടതാകുന്നു എന്നും വല്ല നിശ്ചയങ്ങളിലും അഭിപ്രായഭേദം വരുന്നപക്ഷം അധിക മെമ്പർമാരുടെ സമ്മതം പ്രാബല്യപ്പെട്ടതായിരിക്കണമെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു. അഭിപ്രായക്കാരൻ... കൂട്ടഭിപ്രായക്കാരൻ...

8-ാമത്. സുറിയാനി സമൂഹത്തിന് അവരുടെ പള്ളി വകയ്ക്കായിട്ടും പൊതുവകയായും ഉള്ള മുതലിലും രക്ഷാകർത്താക്കൾ എന്ന പോലെ സമൂഹസംബന്ധമായും മതസംബന്ധമായും മറ്റുമുള്ള സംഗതികളിലും ഇപ്പോൾ ഉള്ള ശട്ടങ്ങളെ ഭേദപ്പെടുത്തുന്നതിനും പുതിയ പ്രമാണങ്ങളെ ഏർപ്പെടുത്തുന്നതിനും പുതുകാര്യങ്ങളിൽ തർക്കപ്പെടുന്നതിൽ വ്യവഹാരങ്ങൾ നടത്തുന്നതിനും മറ്റുമുള്ള അധികാരം ഈ കമ്മട്ടിക്കാർക്ക് ഉണ്ടായിരിക്കണമെന്ന ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു. ആമ്മീൻ പറഞ്ഞു.

9-ാമത്. ജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസങ്ങൾ വർദ്ധിക്കുന്നതിന് വേണ്ടി ഉള്ള പഠിത്തവീടുകൾ പണിയിക്കുന്നതിനും പൈതങ്ങൾക്ക് അറിവുണ്ടാകത്തക്ക പുസ്തകങ്ങൾ അച്ചടിക്കുന്നതിനും ഇംഗ്ലീഷ്, സുറിയാനി, മലയാളം ഈ മൂന്ന് ഭാഷ പഠിപ്പിപ്പാൻ യോഗ്യന്മാരായ പരദേശക്കാരെയോ നാട്ടുകാരെയോ വാധ്യാന്മാരായി ഏർപ്പെടുത്തി പഠിത്തം നടത്തിക്കുന്നതിനും അതുപോലെയുള്ള മറ്റു ധർമ്മപ്രവൃത്തികൾ നടത്തിക്കുന്നതിനും ആ വകയ്ക്കു ജനങ്ങളിൽ നിന്ന് വേണ്ടുന്ന മുതല് ഈടാക്കത്തക്ക മാർഗ്ഗങ്ങളെ ക്രമപ്പെടുത്തുന്നതിനും ശേഖരപ്പെട്ടു വരുന്ന മുതലിന് വട്ടി വരുത്തി ദുർവ്യയം വരാതെ ചിലവിടുന്നതിനും കമ്മട്ടിക്കാർ ചുമതലക്കാരായി ഇരിക്കണമെന്നും ഒരു നിശ്ചയം യോഗക്കാരുടെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

10-ാമത്. ആൺപൈതങ്ങൾക്കും പെൺപൈതങ്ങൾക്കും പഠിക്കുന്നതിന് പഠിത്തവീടുകൾ എല്ലാ ഇടവകകളിലും കാലക്രമം കൊണ്ട് സ്ഥാപിക്കേണ്ടത് ആവശ്യമാകയാൽ അങ്ങനെ ഉള്ള പണികൾ പള്ളികളിൽ നിന്നോ പൊതുവകകളിൽ നിന്നോ യുക്തം പോലെ ചിലവു ചെയ്ത് പണിയിക്കുന്നതിന് കമ്മറ്റിക്കാർ ദൃഷ്ടി വയ്ക്കേണ്ടതിന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു.

11-ാമത്. കേടു ഭവിച്ചിട്ടുള്ള പള്ളികളുടെ അറ്റകുറ്റം തീർക്കുന്നതിനും ഈ പള്ളികളിൽ പള്ളിക്കൂടം പണിയിക്കുന്നതിനും ഇടവകക്കാർക്ക് പ്രയാസമായി വരുന്നപക്ഷം പൊതുമുതലിൽ നിന്ന് ആ വക പണികൾ നടത്തിക്കൊടുക്കുകയും അങ്ങനെ ചിലവിടുന്ന മുതലിന്റെ പലിശ ആ ഇടവകക്കാരിൽ നിന്ന് വസൂലാക്കുവാൻ തക്ക ഉറപ്പുകൾ വരുത്തിക്കൊള്ളുന്നതിന് കൂടെ കമ്മട്ടിക്കാർക്ക് അധികാരമുണ്ടായിരിക്കുമെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

12-ാമത്. സുറിയാനിക്കാരുടെ സമൂഹസംബന്ധമായ കാര്യങ്ങളെ നടത്തുന്നതിന് ചുമതലക്കാരായി ഒരു അസോസ്യേഷൻ എന്ന കൂട്ടത്തെയും അതിൽ ഒരു കമ്മട്ടിയെയും സ്ഥിരപ്പെടുത്തിയിരിക്കുന്ന മുറയ്ക്ക് പള്ളിവക മുതല് കാര്യങ്ങളെപ്പറ്റി ഇപ്പോൾ സ്ഥിരപ്പെടുത്തിയിരിക്കുന്ന മുറയ്ക്ക് പള്ളിവക മുതൽകാര്യങ്ങളെപ്പറ്റി ഇപ്പോഴുള്ള തർക്കങ്ങളെപ്പോലെ മേലാലും തർക്കങ്ങൾ ഉണ്ടാവാതെ ഇരിപ്പാനും ആ വക മുതൽ കാര്യങ്ങൾ ഇടവകക്കാരുടെയും സമൂഹക്കാരുടെയും പൊതുഗുണത്തിന് ഉപയോഗപ്പെടുവാനും വേണ്ടി (1) എല്ലാ പള്ളികളിലെയും വസ്തുക്കൾക്കും സാമാനങ്ങൾക്കും ഇരിപ്പു മുതലിനും ഉള്ള കണക്കുകളുടെ ഓരോ പകർപ്പുകൾ തൽക്കാലമുള്ള കൈക്കാരന്മാരും വികാരിമാരും കൂടെ മെത്രാപ്പോലീത്തായ്ക്കും കമ്മട്ടിക്കാർക്കും കൊടുക്കുന്നതിനും (2) പള്ളികളിൽ ആണ്ടടക്കം വരവ് ചെലവിനുള്ള തിരട്ടുകളുടെ പകർപ്പ് അന്നന്നുള്ള കൈക്കാരന്മാരും വികാരിമാരും കൂടി മേൽപ്രകാരം മെത്രാപ്പോലീത്തായ്ക്കും കമ്മട്ടിക്കാർക്കും അയയ്ക്കേണ്ടതിനുള്ള ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

13-ാമത്. വിദ്യാഭ്യാസ വർദ്ധനയ്ക്കും അഭിവൃദ്ധിക്കും സഹായി ആളായി ബാലവിവാഹം മുതലായി ആയ ചില നടപ്പുകളെ നിർത്തൽ ചെയ്യുന്നതിനും മാമ്മൂദീസാ, വിവാഹം, ശവമടക്ക് ഇവകളുടെ സൂക്ഷ്മമായ കണക്ക് പള്ളികൾതോറും പുസ്തകങ്ങളിൽ പതിച്ച് സൂക്ഷിച്ചും ആ കണക്കിന്റെ പകർപ്പുകൾ കമ്മട്ടിക്കാർക്ക് കൊടുത്തയക്കുകയും ചെയ്യുന്നതിന് മെത്രാപ്പോലീത്താ മുഖാന്തിരം വികാരിമാരെ ചട്ടംകെട്ടുന്ന ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

14-ാമത്. സുവിശേഷ പ്രാബല്യത്തിന് വേണ്ടിയുള്ള യത്നങ്ങളിൽ സുറിയാനിക്കാർക്ക് ഉണർച്ച ഉണ്ടാവാൻ വേണ്ടി പുറജാതികളുടെയും തെറ്റു വിശ്വാസികളുടെയും ഇടയിൽ ദൈവവചനം പ്രസംഗിപ്പാനും മനസ്സ് തിരിപ്പിപ്പാനും പ്രാപ്തിയും യോഗ്യതയുമുള്ള പട്ടക്കാരെയും പ്രമാണികളെയും ഏർപ്പെടുത്തുന്നതിനും അവർക്ക് ശമ്പളത്തിന് മുതലുണ്ടാകേണ്ട മാർഗ്ഗങ്ങളെ ക്രമപ്പെടുത്തുന്നതിന് കമ്മട്ടിക്കാർ ചുമതലക്കാർ ആയിരിക്കേ

ണ്ടതെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായ പ്പെടുന്നു.

15–ാമത്. മതസംബന്ധമായും സാമൂഹ്യസംബന്ധമായുമുള്ള കാര്യ ങ്ങൾ ഈ കാലംവരെ കീഴ്മര്യാദയെ മറന്ന് പ്രമാണമാക്കി ജനങ്ങൾ നടന്ന് വരുന്നതിനാൽ ആ മര്യാദകളുടെ ഗുണദോഷത്തെപ്പറ്റി പലപ്പോഴും വളരെ തർക്കങ്ങൾ ഉണ്ടാകുന്നത് ഒഴിപ്പാൻ വേണ്ടി മലയാളത്തിലുള്ള സുറിയാനിക്കാരുടെ നടപടിക്ക് ഉപയോഗപ്പെടുന്ന കാനോനാകളെ സുറി യാനിയിൽ നിന്ന് പഠിത്തമുള്ള മല്പാന്മാർ മുഖാന്തിരം പരിഭാഷപ്പെടുത്തി അവയെയും അവയോടു കൂടി ആവശ്യപ്പെടുന്ന മറ്റു വിധികളെയും ജന ങ്ങളുടെ അറിവിനും നടത്തയ്ക്കുമായി പ്രസിദ്ധം ചെയ്തിരിക്കുന്നതിനും അതുപോലെ തന്നെ വേദകാര്യങ്ങളിൽ ജനങ്ങൾക്ക് അറിവുണ്ടാവാൻ തക്ക വേദസംബന്ധമായ പുസ്തകങ്ങളെയും ചരിത്രങ്ങളെയും സുറി യാനിയിൽ നിന്ന് പൊരുൾ തിരിപ്പിച്ച് പുതിയ പുസ്തകങ്ങളെ ചമപ്പിച്ച് ജനങ്ങളുടെ ഇടയിൽ പരത്തുന്നതിന് കമ്മട്ടിക്കാർ ദൃഷ്ടി വക്കുന്നതു മല്ലാതെ ചുമതലക്കാരുമായിരിക്കണമെന്ന ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

16–ാമത്. സുറിയാനിസഭയെ ഓരോരോ കാലങ്ങളിൽ ഭരിക്കുന്ന മേല ധ്യക്ഷന്മാർ കാലം കഴിയുമ്പോൾ പിൻവാഴ്ചയ്ക്ക് കാനോനാ വിധിപ്ര കാരമുള്ള കൈവെപ്പോടു കൂടി മറ്റൊരാൾക്ക് സ്ഥാനം പ്രാപിപ്പാൻ ചില പ്പോൾ സംഗതി വരാതെ തർക്കങ്ങൾക്കും ഇടർച്ചകൾക്കും ഇടവന്നിട്ടു ള്ളതാകയാൽ മേലാൽ അതിൻവണ്ണം വരാതെ ഇരിപ്പാൻ തക്കവണ്ണം പട്ടക്കാരിൽ പഠിപ്പും പ്രാപ്തിയുമുള്ള രണ്ടു പേർ സമൂഹച്ചിലവിന്മേൽ പാത്രിയർക്കീസ് ബാവായുടെ അടുക്കൽ താമസിക്കുകയും മലയാളത്ത് മെത്രാപ്പോലീത്തായുടെ സ്ഥാനം ഒഴിവ് വരുമ്പോൾ അവരിൽ ഒരാൾ അദ്ദേഹത്തിന്റെ തൃക്കൈ കൊണ്ടുള്ള കൈവെപ്പോടു കൂടി സ്ഥാനമേറ്റു വരുവാൻ തക്കവണ്ണം ചട്ടംകെട്ടുകയും അസോസ്യേഷന്റെ സമ്മത ത്തോടു കൂടി അല്ലാതെ വരുന്നവരെ മേലാൽ മെത്രാന്മാരായിട്ട് കൈക്കൊ ള്ളുകയില്ലെന്ന് ഉറപ്പിക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

17–ാമത്. മെത്രാപ്പോലീത്തായ്ക്കു ആലോചനയ്ക്കും സഹായത്തിനു മായി ഒരു അർക്കദിയാക്കോനെ കൂടെ നിയമിച്ചാൽ മതസംബന്ധമായ കാര്യങ്ങൾ എളുപ്പമായി നടക്കുന്നതാക കൊണ്ടും മെത്രാപ്പോലീത്താ യ്ക്കും അസോസ്യേഷനും സമ്മതമുള്ള ഒരാളെ ആ സ്ഥാനത്തിൽ ആക്ക ണമെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായ പ്പെടുന്നു.

18-ാമത്. മെത്രാപ്പോലീത്താ തന്റെ സ്ഥാനത്തിനടുത്ത അവസ്ഥയോടും കൂടിയുള്ള ഇരിപ്പിനും സഞ്ചാരത്തിനും തല്ക്കാലം പള്ളികളിൽ തനിക്കുള്ള അവകാശങ്ങളിൽ നിന്നും മേലാൽ കമ്മട്ടിക്കാർ അനുവദിക്കുന്ന മുതലിൽ നിന്ന് കഴിച്ചുകൊള്ളേണ്ടതല്ലാതെ സ്വയ കുടുംബപുഷ്ടിയെക്കരുതി പള്ളിവക മുതലുകളിൽ ബലമായി അപഹരിക്കുകയാകട്ടെ പൊതുമുതലായിട്ടുള്ളത് ദുർവ്യയം ചെയ്യുകയാകട്ടെ പട്ടംകൊട മുതലായ ശുദ്ധകർമ്മങ്ങൾക്ക് ദ്രവ്യം വാങ്ങിക്കുകയാകട്ടെ യാതൊന്നും ചെയ്തു പോകരുതെന്നും അതിന് വിരോധമായി എന്തെങ്കിലും ക്രമക്കേടുകൾ അദ്ദേഹം പ്രവർത്തിച്ചാൽ ആ വിവരത്തിന് അസോസ്യേഷൻ മുഖാന്തിരം പാത്രിയർക്കീസ് ബാവായെ തിരിയപ്പെടുത്തി അവിടത്തെ വിധിപ്രകാരം അദ്ദേഹം അനുസരിക്കണമെന്ന് കൂടെ ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

19-ാമത്. കമ്മട്ടിക്കാർ പള്ളിവകയായും പൊതുവകയായും ഉള്ള മുതല് കാര്യങ്ങൾ ആണ്ടടക്കം വരവ് ചെലവുകളുടെയും കമ്മട്ടിക്കാർ മുഖാന്തിരമായി അന്നന്ന് നടത്തപ്പെടുന്ന കാര്യങ്ങളുടെ വിവരങ്ങൾ കണ്ടുള്ള റിപ്പോർട്ട് ആണ്ടുതോറും അച്ചടിച്ച് പ്രസിദ്ധം ചെയ്വാനും അന്ത്യോഖ്യാ സിംഹാസനത്തിങ്കലേക്കുള്ള റീശീസാ ഇതുവരെയുള്ളത് കിട്ടുന്നത് ആറ് മാസത്തിനകവും മേലാലുള്ളത് ആണ്ടു തോറും പിരിച്ച് കമ്മട്ടിക്കാർ മുഖാന്തിരം അന്ത്യോഖ്യായ്ക്ക് അയച്ച് കല്പന വരുത്തി പള്ളികൾ തോറും പ്രസിദ്ധപ്പെടുത്തുവാനുള്ളതെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

20-ാമത്. ദൈവശുശ്രൂഷക്കായി നിയമിക്കപ്പെടുന്ന പട്ടക്കാർ പഠിത്തവും പാകതയും ഉള്ളവരായിരിപ്പാൻ തക്കവണ്ണം ഒരു ചട്ടംകെട്ട് ആവശ്യപ്പെട്ടിരിക്കുന്നതിനാൽ മേലാൽ പട്ടത്തിനായി ഇടവകക്കാരുടെയും വികാരിമാരുടെയും സാധനങ്ങളോടു കൂടി വരുന്ന ആളുകൾ കമ്മട്ടിക്കാരുടെ സമ്മതത്തോടും അതിനായി നിയമിക്കപ്പെടുന്ന രണ്ടു മല്പാന്മാരാൽ പരിശോധന ചെയ്യപ്പെട്ട് പട്ടത്തിന് യോഗ്യരെന്നുള്ള സർട്ടിഫിക്കറ്റോടു കൂടി വരാതെ ഇരുന്നാൽ അവർക്ക് പട്ടം കൊടുത്തു കൂടാ എന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

21-ാമത്. യോഗത്തിൽ ഇപ്പോൾ സ്ഥിരപ്പെടുന്ന നിശ്ചയങ്ങൾ കൂടാതെ സമൂഹത്തിന്റെ ഗുണത്തിലേക്കു വേണ്ടുന്ന നിശ്ചയങ്ങളും അതുപോലെത്തന്നെ അസോസ്യേഷന്റെയും കമ്മറ്റിയുടെയും സ്ഥിതിയ്ക്കും ഉറപ്പിക്കുന്ന ക്രമമായ നടത്തയ്ക്കും ആവശ്യമായിട്ടുള്ള ചട്ടവട്ടങ്ങൾ കമ്മട്ടിക്കാർ ഏർപ്പെടുത്തിക്കൊള്ളുന്നതിനുള്ള സ്വാതന്ത്ര്യം അവർക്ക് അനു

വദിക്കപ്പെടണമെന്നും ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

22-ാമത്. സമൂഹത്തിന് ദോഷം വരുവാൻ തക്കവിധത്തിൽ കമ്മിറ്റിക്കാർ വല്ല തെറ്റുകളോ ക്രമക്കേടുകളോ മനഃപൂർവ്വമായി ചെയ്യുന്നു എന്ന് അസോസ്യേഷനിൽ ചേർന്നിട്ടുള്ളവർക്ക് സംശയം തോന്നിയാൽ അവർ കൂട്ടം കൂടി ആ കാര്യങ്ങളിൽ വിചാരണ ചെയ്ത് തെറ്റുകാരെ കമ്മട്ടിയിൽ മാറ്റം ചെയ്യുന്നതിനും കമ്മട്ടിക്കാരെ അശേഷം മാറ്റി വേറെ ആളുകളെ കമ്മട്ടിയിൽ ചേർക്കുന്നതിനും അസോസ്യേഷന് അധികാരമുണ്ടായിരിക്കണമെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനയ്ക്കായി അഭിപ്രായപ്പെടുന്നു.

23-ാമത്. സുറിയാനിക്കാരുടെ സമൂഹ സംബന്ധമായും മറ്റുമുള്ള കാര്യാദികളുടെ നടത്തയ്ക്ക് അസോസ്യേഷനെന്ന ഒരു കൂട്ടത്തെയും അവരിൽ ഒരു കമ്മട്ടിയേയും യോഗത്തിൽ സ്ഥിരപ്പെടുത്തുന്ന മുറയ്ക്ക് മെത്രാന്മാരെ യോജിപ്പിക്കുന്നതിന് ഒരു ഡപ്യൂട്ടേഷൻ അയക്കണമെന്ന് മുമ്പിൽ നിശ്ചയിച്ചിട്ടുള്ളതും ഈ കമ്മട്ടിക്കാർ മുഖാന്തിരമായിരിക്കണമെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

24-ാമത്. ഈ യോഗത്തിൽ ഇപ്പോൾ നിശ്ചയിക്കപ്പെട്ട കാര്യങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്തുന്നതു കൂടാതെ കൊച്ചി - തിരുവിതാംകൂറ് രണ്ടു സംസ്ഥാനങ്ങളിലും മഹാരാജാക്കന്മാർ തിരുമുമ്പാകെയും ബ. റസിഡണ്ട് സായിപ്പ് അവർകൾക്കും ഓരോ പകർപ്പുകൾ വിശേഷാൽ കൊടുത്തയക്കുന്നതുമല്ലാതെ സുറിയാനി സമൂഹത്താൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന കൊച്ചി - തിരുവിതാംകൂറ് സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനെ സർക്കാർ അംഗീകരിച്ച് സ്ഥിരപ്പെടുത്തിത്തരുന്നതിന് റസിഡണ്ട് സായിപ്പ് മുഖാന്തിരം അപേക്ഷിക്കണമെന്ന് ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

25-ാമത്. ഈ യോഗത്തിൽ നിന്നും അസോസ്യേഷനിൽ ചേരുന്നവർ ഒഴികെ ഇനിയും ചേരുവാൻ മനസ്സുള്ളവരെ ആറു മാസത്തിനകം ചേർത്തശേഷം അസോസ്യേഷനിലെ മെമ്പർമാരുടെ തുക നിശ്ചയപ്പെടുത്തി അവരാൽ നടത്തപ്പെടേണ്ടുന്ന കാര്യങ്ങളെയും വ്യവസ്ഥപ്പെടുത്തണമെന്നും ആ സമയം നടപടിക്കുള്ള നിയമങ്ങൾ ഏർപ്പെടുത്തണമെന്നും ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

26-ാമത്. പരുമലയ്ക്ക് പഠിത്തവീടും പള്ളിയും പണിയിക്കുന്നതിന് സമൂഹത്തിലേക്ക് സൗജന്യമായി സ്ഥലം കൊടുത്തിട്ടുള്ള അരികുപു

റത്ത് മാത്തനോടും അതുപോലെതന്നെ അച്ചുകൂടം മുതലായതിന് ദ്രവ്യം കൊടുത്തിട്ടുള്ളവരോടും ഉപകാരസ്മരണ കാണിപ്പാൻ വേണ്ടി അവര വരാൽ കൊടുക്കപ്പെട്ടിട്ടുള്ള ദ്രവ്യസംഖ്യ വ്യവസ്ഥപ്പെടുത്തി ഇനിയത്തെ യോഗത്തിൽ പ്രത്യേകമായി വന്ദനം പറയേണ്ടതാകുന്നു എന്നും ഒരു നിശ്ചയം യോഗത്തിന്റെ ആലോചനക്കായി അഭിപ്രായപ്പെടുന്നു.

27-ാമത്. ഈ യോഗത്തിലെ നിശ്ചയങ്ങളെ തൃപ്തികരമാംവണ്ണം സമാ ധാനത്തോടെ ഉറപ്പിച്ചിട്ടുള്ള യോഗത്തിന്റെ മുഖ്യാസനപതിയായ നമ്മുടെ ബാവാ മാർ കൂറിലോസ് മെത്രാപ്പോലീത്താ അവർകൾക്ക് വന്ദനം പറഞ്ഞ് മീറ്റിംഗ് അവസാനിപ്പിക്കുന്നു.

ഈ നിശ്ചയങ്ങൾ ഉറപ്പിച്ച വിവരം,

മശിഹാകാലം 1873-ാമാണ്ട് ചിങ്ങ മാസം 25-ക്ക് കൊല്ലം 1049-ാമാണ്ട് ചിങ്ങ മാസം 27-ന് പരുമല വച്ച് സുറിയാനി ക്രിസ്ത്യാനികൾ യോഗം കൂടി ഉറപ്പിച്ച നിശ്ചയങ്ങളിൽ 5-ാമത്തെ മാസം 26-ാം തീയതി അസോ സ്യേഷനിൽ ചേർന്ന മെമ്പർമാർ കൂടിയ മീറ്റിംഗിലെ പ്രൊസീഡിംഗ്സ്.

കൂട്ടം ആലോചനക്കായി ആരംഭിക്കണം. കൂട്ടത്തിന്റെ മുഖ്യസ്ഥാനാ പതിയായി മക്കുദിശാ ഗബ്രിയേലിനെ നിശ്ചയിക്കണം എന്നിങ്ങനെ പന യ്ക്കൽ അയ്പൂരു അഭിപ്രായപ്പെട്ടു. കൂട്ടം മുഴുവനും ഏകമനസ്സോടെ സമ്മതിച്ചു.

ഇന്നത്തെ മീറ്റിംഗിന്റെ സാധ്യം അസോസ്യേഷനിൽ കമ്മട്ടിക്കാരെ തിരഞ്ഞെടുക്കേണ്ടതിനാകുന്നു എന്ന് കല്ലറയ്ക്കൽ കോര പ്രസ്താവിച്ചു. കോനാട്ട് ഗീവറുഗീസ് മല്പാൻ, പനയ്ക്കൽ യാക്കോബ് കത്തനാർ, എള ന്തുരുത്തി പീലിപ്പോസ് കത്തനാർ, വെളിയത്ത് കോർഎപ്പിസ്കോപ്പാ, പനയ്ക്കൽ ഐപ്പൂരു, മല്ക്കി മക്കുദിശാ ഗബ്രിയേൽ, കല്ലറയ്ക്കൽ കോര, കുന്നുംപുറത്തു കോര കുര്യൻ, അറയ്ക്കൽപറമ്പിൽ യാക്കോബ്, ചിറക്കടവിൽ കൊച്ചുകോരുള, കളപ്പുരയ്ക്കൽ യാക്കോബ്, പുത്തൻ വീട്ടിൽ കോശി കൊച്ചുകോശി, പുത്തുപ്പള്ളി ഗീവറുഗീസ് ഇവരെ കമ്മ ട്ടിക്കാരായി തിരഞ്ഞെടുക്കണമെന്നും കുന്നുംപുറത്തു കോര ഉലഹന്നാനും എലഞ്ഞിക്കത്ര കുരിയൻ തൊമ്മിയും അഭിപ്രായപ്പെട്ടു. കൂട്ടം ഏകമനസ്സോടെ സമ്മതിച്ചു.

ഈ കമ്മട്ടിയിൽ സിക്രട്ടറി ആയി കോര കുര്യനെയും സുറിയാനി സിക്രട്ടറി ആയി എടവഴിക്കൽ പീലിപ്പോസ് കോറെപ്പിസ്കോപ്പായേയും നിശ്ചയിക്കേണ്ടതാകുന്നു എന്ന് വെളിയത്തു ഗീവറുഗീസ് കോറെപ്പിസ് കോപ്പായും കാഞ്ഞിരത്തിൽ ഇട്ടീരാ ചെറിയാനും അഭിപ്രായപ്പെട്ടു. കൂട്ടം ഏകമനസ്സോടെ സമ്മതിച്ചു. മുതൽപിടിയ്ക്ക് നിജമായി ഒരാളെ സ്ഥിര

പ്പെടുത്തുന്നതു വരെ സിക്രട്ടറിയുടെ രശീതുംപ്രകാരം പ്രവേശന ഫീസ് മുതലായത് പിരിച്ച് വസൂലാക്കുന്നതിനും ആ മുതലിന് സിക്രട്ടറിയ്ക്ക് ഉത്തരവാദികളായി ഇരിക്കുന്നതിന് ചാവക്കാട്ടിനപ്പുറം കുന്നംകുളങ്ങര മുതലായ സ്ഥലങ്ങളിലേക്ക് പനയ്ക്കൽ ഐപ്പൂരുവിനെയും പനയ്ക്കൽ യാക്കോബ് കത്തനാരെയും അങ്കമാലി മുതൽ മുളക്കുളം വരെ കല്ലറ യ്ക്കൽ കോരയെയും വെളിയത്ത് കോറെപ്പിസ്കോപ്പായെയും മുളക്കുളം മുതൽ ചങ്ങനാശ്ശേരി വരെ ചിറക്കടവിൽ കൊച്ചുകോരുളയേയും എറി യ്ക്കാട്ട് മാത്തുവിനെയും അതിന് തെക്കോട്ടേയ്ക്ക് എലഞ്ഞിയ്ക്കൽ യാക്കോബിനെയും പുത്തൻവീട്ടിൽ കോശി കൊച്ചുകോശിയേയും പുത്തു പ്പള്ളി ഗീവറുഗീസിനെയും നിശ്ചയിക്കേണ്ടതാകുന്നു എന്ന് പുന്നത്ര കുര്യൻ കുരുവിളയും മാലിത്തറ ഏലിയാസ് കത്തനാരും കൂടി അഭി പ്രായപ്പെട്ടു. കൂട്ടം ഏകമനസ്സോടെ സമ്മതിച്ചു.

ഇനി കമ്മട്ടിക്കാരുടെ ഒരു മീറ്റിംഗ് ഉണ്ടാകുന്നതു വരെ കാര്യാദിക ളുടെ നടത്തിപ്പിന് വിഘ്നം വരാതെ ഇരിപ്പാൻ വേണ്ടി കമ്മട്ടിക്കാർക്കും സിക്രട്ടറിക്കും യുക്തമെന്ന് തോന്നുന്ന അഭിപ്രായങ്ങൾ അന്യോന്യം എഴുതി അറിയിച്ച് സമ്മതം വരുത്തി നടത്തേണ്ടതാകുന്നു എന്ന് തോമ്പ്ര മത്തായി കത്തനാരും പനയ്ക്കൽ ഇട്ടി മാത്തുവും അഭിപ്രായപ്പെട്ടു. കൂട്ടം ഏകമനസ്സോടെ സമ്മതിച്ചു.

ഇന്നത്തെ കൂട്ടം തൃപ്തികരമാംവണ്ണം അവസാനിപ്പിച്ചതിന്നായി മുഖ്യാ സനപതിയായ മല്കി മക്കുദിശാ ഗബ്രിയേലിന് വന്ദനം പറഞ്ഞ് കൂട്ടം പിരിഞ്ഞു. ”

27 കാനോനാകളാണ് സമ്മേളനം അംഗീകരിച്ചത്. മെത്രാന്മാരുടെ ഏകനായകശക്തി അവസാനിപ്പിക്കുവാൻ എല്ലാ പള്ളികൾക്കും അംഗ ത്വമുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ രൂപീകരി ക്കുന്ന നടപടിയാണ് ഇതിൽ പ്രധാനം. കേരളത്തിൽ രൂപമെടുത്ത ഒന്നാ മത്തെ സാമുദായിക സംഘടനയാണിത് (പില്ക്കാലത്ത് കേരളത്തിലെ എല്ലാ സമുദായങ്ങളും സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ മാതൃകയെ വിവിധ കാലങ്ങളിൽ അനുകരിച്ചിട്ടുണ്ട്). അസോസ്യേഷന്റെ നടത്തിപ്പുകാരായി ഒരു സെക്രട്ടറിയെയും ഒരു മുതൽപിടിയെയും നിശ്ച യിക്കുക, പ്രവർത്തനഫണ്ട് സ്വരൂപിക്കുക, നാടിന്റെ വിദ്യാഭ്യാസ പുരോ ഗതിക്കായി വിദ്യാലയങ്ങൾ ഏർപ്പെടുത്തുക, പള്ളികെട്ടിടങ്ങളുടെ അറ്റ കുറ്റപ്പണികൾ യഥാസമയം ചെയ്യുക, പുതിയ പള്ളികൾ സ്ഥാപിക്കുക, പള്ളികളിൽ സ്റ്റോക്ക് രജിസ്റ്ററുകൾ ഉണ്ടാക്കുക, ഇടവകകളുടെ കണക്ക് മേലധികാരത്തിലേക്ക് നൽകുക, സഭയുടെ ചുമതലയിൽ വിജാതീയ മിഷൻ പ്രവർത്തനത്തിന് ചുമതലക്കാരെ ഏർപ്പെടുത്തുക, കാനോനാ

കളും നടപടിചട്ടങ്ങളും മലയാളത്തിൽ ക്രമപ്പെടുത്തി അച്ചടിച്ച് പ്രസിദ്ധീകരിക്കുക, മലങ്കരമെത്രാന്റെ പിൻഗാമിയെ നിശ്ചയിക്കൽ, മെത്രാപ്പോലീത്തായുടെ ആലോചനക്കാരനായി ഒരു അർക്കദിയാക്കോനെ നിയമിക്കുക, മെത്രാപ്പോലീത്തായുടെ സംരക്ഷണം സഭ ഏറ്റെടുക്കുക, അവിഹിത സമ്പാദ്യപദ്ധതികളിൽ നിന്ന് മെത്രാപ്പോലീത്തായെ ആവശ്യമെങ്കിൽ പിൻതിരിപ്പിക്കുക, യോഗ്യരായ ആളുകളെ വൈദികസ്ഥാനത്തേക്ക് കണ്ടെത്തുക തുടങ്ങി മലങ്കരസഭയുടെ വർത്തമാനകാല പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതും ഭാവിപ്രവർത്തനങ്ങൾക്ക് പ്രകാശം നൽകുന്നതുമായ കാനോനാകളാണ് പരുമല സുന്നഹദോസ് ആവിഷ്ക്കരിച്ചത്. മുൻകാല പടിയോലകളിൽ ആർത്താറ്റ് പടിയോല മാത്രമാണ് വ്യക്തമായി സഭയുടെ ഭാവിപ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നത്. പരുമല കാനോനാകളുടെ അനന്യത അത് ആവിഷ്ക്കരിച്ച പ്രായോഗികവും കാലോചിതവും കാലാതീതവുമായ പുരോഗമന സ്വപ്നപദ്ധതികളാണ്. സഭയുടെ ക്ഷേമവും വിദ്യാഭ്യാസത്തിലൂടെ നാടിന്റെ ക്ഷേമവും ഉറപ്പുവരുത്തുവാൻ നിർദ്ദേശങ്ങളോടൊപ്പം കർമ്മപദ്ധതിയും ചുമതലക്കാരും ആവശ്യമായ നിയമഘടനയും ഉൾക്കൊള്ളുന്നു എന്നത് ആ കാനോനാകൾക്ക് മാത്രം അവകാശപ്പെട്ട മഹത്വമാണ്.

തീരുമാനപ്രകാരം അതേ മാസം പരുമലയിൽ മക്കുദിശാ ഗബ്രിയേലിന്റെ അധ്യക്ഷതയിൽ ചേർന്ന്, അസോസ്യേഷൻ ചേർത്ത അംഗങ്ങളെ സ്ഥിരപ്പെടുത്തുകയും അംഗത്വഫീസ് സമാഹരിച്ച് പൊതുഫണ്ട് രൂപീകരിക്കുകയും ചെയ്യുന്നുണ്ട്. അസോസ്യേഷന്റെ കർമ്മസമിതികളായി പട്ടക്കാരും അയ്മേനികളും ഉൾപ്പെടുന്ന ഒരു കർമ്മസമിതിയും (മാനേജിംഗ് കമ്മിറ്റി) സെക്രട്ടറിയും മുതൽപിടിയും ആ യോഗത്തിൽ തെരഞ്ഞെടുക്കപ്പെട്ടതോടെ പരുമല കാനോനാകൾ പ്രാവർത്തികമാക്കുവാൻ ആവശ്യമായ സജ്ജീകരണങ്ങൾ പൂർത്തിയായി.

കോനാട്ട് ഗീവറുഗീസ് മല്പാൻ (പിന്നീട് മാർ യൂലിയോസ്), പനയ്ക്കൽ യാക്കോബ് കത്തനാർ, എളന്തുരുത്തി ഫിലിപ്പോസ് കത്തനാർ, വെളിയത്ത് കോറെപ്പിസ്ക്കോപ്പാ എന്നീ നാലു വൈദികരും പനയ്ക്കൽ ഐപ്പൂരു, മൽക്കി മക്കുദിശാ ഗബ്രിയേൽ, കല്ലറയ്ക്കൽ കോര, കുന്നുംപുറത്ത് കോര കുര്യൻ, അറയ്ക്കപ്പറമ്പിൽ യാക്കോബ്, ചിറക്കടവിൽ കൊച്ചുകോരുള, കളപ്പുരയ്ക്കൽ യാക്കോബ്, പുത്തൻവീട്ടിൽ കോശി കൊച്ചുകോശി, പുത്തുപ്പള്ളി ഗീവറുഗീസ് എന്നിങ്ങനെ ഒമ്പത് അത്മായ പ്രമുഖരും അടങ്ങിയതായിരുന്നു ഒന്നാമത്തെ മാനേജിംഗ് കമ്മിറ്റി. സെക്രട്ടറിയായി കോര കുര്യനും സുറിയാനി സെക്രട്ടറിയായി എടവഴിക്കൽ പിലിപ്പോസ് കോറെപ്പിസ്ക്കോപ്പായും തെരഞ്ഞെടുക്കപ്പെട്ടു.

1873–ലെ പരുമല സുന്നഹദോസിൽ പുലിക്കോട്ടിൽ തിരുമേനിയെയും യൂയാക്കീം മാർ കൂറിലോസ് തിരുമേനിയെയും പിന്തുണയ്ക്കുന്ന പള്ളികളാണ് പങ്കെടുത്തത്. തെക്കൻപ്രദേശത്തെ പള്ളികൾ യോഗത്തെ ബഹിഷ്ക്കരിച്ചു എന്ന് തോന്നുന്നു. സുന്നഹദോസ് നിശ്ചയപ്രകാരം ഡപ്യൂട്ടേഷൻ ദൗത്യം പരാജയപ്പെട്ടതിനാലാകാം പാത്രിയർക്കീസിനെ ക്ഷണിക്കുന്ന കത്ത് അയച്ചത്. പാത്രിയർക്കീസ് വരുമ്പോൾ കൂടുതൽ പള്ളിക്കാരുടെ പങ്കാളിത്തത്തോടെ അസോസ്യേഷനും മാനേജിംഗ് കമ്മിറ്റിയും ദൃഢപ്പെടുത്താമെന്ന് മെത്രാപ്പോലീത്താ നിശ്ചയിച്ചതായി തോന്നുന്നു. ഇതിനിടയിൽ പാലക്കുന്നത്ത് അത്താനാസ്യോസ് വടക്ക് പള്ളിക്കര പള്ളി കൈവശപ്പെടുത്തിയതായി കുറെ അനിഷ്ട സംഭവങ്ങൾ ഉണ്ടായി. യൂയാക്കീം മാർ കൂറിലോസ് ഇതിനിടയിൽ അന്തരിച്ചതിനാൽ മലങ്കര സഭ ഏറെ ദുഃഖാവസ്ഥയിലായി.

## അദ്ധ്യായം 7

# മുളന്തുരുത്തി കാനോനാകൾ (എ.ഡി. 1876)

1876 മിഥുന മാസം 15 മുതൽ 18 കൂടി നാലു ദിവസങ്ങളിലായി മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയുടെ വടക്കേമുറ്റത്ത് കെട്ടിയുണ്ടാക്കിയ കൊട്ടിലിൽ സമ്മേളിച്ച സുന്നഹദോസ് മലങ്കരസഭാചരിത്രത്തിൽ ഏറെ ശ്രദ്ധേയമായ ഒരു സംഭവമായി മാറി. യോഗത്തിന് നോട്ടീസ് അയച്ചതും യോഗത്തിൽ ആധ്യക്ഷം വഹിച്ചതും പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ആയിരുന്നു. പതിനേഴു മുതൽ പത്തൊമ്പതു വരെ നൂറ്റാണ്ടുകളിൽ മലങ്കരസഭ പുലർത്തിയിരുന്ന ധാരണകളുടെയും ബോധ്യങ്ങളുടെയും അടിസ്ഥാനത്തിൽ വേണം ഈ നിർണ്ണായക യോഗത്തെ വിലയിരുത്തുവാൻ. 1934-ൽ മലങ്കരസഭയ്ക്ക് സ്വന്തമായ ഒരു ഭരണഘടനയുണ്ടാവുകയും 1958-ൽ സുപ്രീംകോടതിയുടെ വിധിയിലൂടെ അതിന് നിയമപരമായ പരിരക്ഷ ലഭിക്കുകയും ചെയ്തു. ഇരുപതാം നൂറ്റാണ്ടിന്റെ പശ്ചാത്തലത്തിൽ മുളന്തുരുത്തി സമ്മേളനനിശ്ചയങ്ങളെ ചിലർ വിലയിരുത്തുവാൻ ശ്രമിച്ചിട്ടുള്ളത് അപ്രസക്തവും അനുചിതവും ആണ്. മേല്പട്ടക്കാരെ വാഴിക്കാനും മൂറോൻ കൂദാശ നിർവഹിക്കുവാനും അധികാരമുള്ള സ്ഥാപനമായതിനാൽ അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കര സഭയുടെ ആത്മീയ രക്ഷാധികാരി എന്ന സ്ഥാനം ചോദ്യം ചെയ്യപ്പെടാതെ അലങ്കരിച്ചിരുന്നു. മറ്റു വിദേശശക്തികളോടൊപ്പം അന്ത്യോഖ്യയെയും തള്ളിപ്പറഞ്ഞ 1806-ലെ ആർത്താറ്റ് പടിയോല ചരിത്രത്തിൽ തമസ്ക്കരിക്കപ്പെട്ടു പോയിരുന്നു. അന്ത്യോഖ്യയെപ്പറ്റി പരാമർശിക്കാതിരുന്ന കണ്ടനാട് പടിയോല (1809) യിലെ 'യാക്കോബായ' പരാമർശം അന്ത്യോഖ്യൻ ബന്ധത്തിന്റെ സൂചനയായി ദുർവ്യാഖ്യാനം ചെയ്യപ്പെട്ടു തുടങ്ങിയിരുന്നു. 1836 മകരം 5-ന് ചേപ്പാട് മാർ ദീവന്നാസ്യോസിന്റെ അധ്യക്ഷതയിൽ ചേർന്ന മാവേലിക്കര സുന്നഹദോസ് അന്ത്യോഖ്യൻ അധീശത്വത്തെ അക്ഷരത്തിലും ആത്മാവിലും സ്വീകരിക്കുന്ന നിശ്ചയങ്ങൾ മാവേലിക്കര പടിയോലയിലൂടെ പ്രഖ്യാപിച്ചു.

നാലു പതിറ്റാണ്ടിനു ശേഷം ചേർന്ന മുളന്തുരുത്തി സുന്നഹദോസിനെ വിലയിരുത്തേണ്ടത് ഈ പശ്ചാത്തലത്തിലാണ്. 1825-ൽ വന്ന അന്ത്യോഖ്യൻ മെത്രാൻ മാർ അത്താനാസ്യോസ് ആകാം ഈ കാലാവസ്ഥയിലേക്ക് മലങ്കരസഭയുടെ ചരിത്രബോധ്യങ്ങളെ തെറ്റായ ദിശയിലേക്ക് നയിച്ചത്. ഈ ദിശയിലുള്ള സഞ്ചാരമാണ് ചേപ്പാട്ട് മെത്രാച്ചനെതിരെ തിരിയുവാൻ കുറെ വൈദികർക്ക് ധൈര്യം പകർന്നത്. പാലക്കുന്നത്ത് അത്താ

നാസ്യോസ്, അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് മെത്രാൻ സ്ഥാനം സ്വീകരിച്ചതായി അവകാശപ്പെട്ടുകൊണ്ട് 1844-ൽ കൊച്ചിയിലെത്തിയപ്പോൾ അദ്ദേഹത്തിന് പിന്തുണ ലഭിച്ചതും തന്മൂലമാണ്. അന്ത്യോഖ്യൻ മേൽവിലാസം അനിഷേധ്യമാംവിധം മലങ്കരസഭയുടെ ബോധമനസ്സിൽ തെളിഞ്ഞു നിന്നതിനാലാകാം, ആ മേൽവിലാസം ആധാരമാക്കി തനിക്ക് മലങ്കരമെത്രാന്റെ വിളംബരം നൽകുവാൻ മാർ അത്താനാസ്യോസ് രാജസന്നിധിയിൽ അപേക്ഷ സമർപ്പിച്ചത്. ആ അപേക്ഷയനുസരിച്ച് 1852-ൽ വിളംബരമുണ്ടാവുകയും ചെയ്തു. മാർ അത്താനാസ്യോസിന്റെ അന്ത്യോഖ്യൻ മേൽവിലാസത്തെപ്പറ്റിയുള്ള അവകാശവാദത്തെ മലങ്കരസഭയിൽ ആരും നിഷേധിച്ചിരുന്നില്ല എന്നത് പഠനാർഹമായ ഒരു ചരിത്രവസ്തുതയാണ്. മുളന്തുരുത്തി കാനോനാകളെ കണ്ണുംപൂട്ടി എതിർക്കുകയും ദുർവ്യാഖ്യാനം നടത്തുകയും ചെയ്യുന്നവർ ഈ പശ്ചാത്തലത്തെ അവഗണിക്കുന്നതുകൊണ്ടാണ് അവരുടെ ചരിത്രാപഗ്രഥനം ദുർബലവും തന്മൂലം അസ്വീകാര്യവും ആകുന്നത്. 1875-ൽ കേരളപ്രവേശനം നടത്തിയ പാത്രിയർക്കീസിനെ ഒരു രക്ഷാപുരുഷനായിട്ടാണ് മലങ്കരസഭ ആതിഥ്യം അരുളിയത് എന്ന് കണ്ടനാട് ഗ്രന്ഥവരിയിലെ സമകാല പരാമർശങ്ങൾ അനിഷേധ്യമായി നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്.

പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിനെ നവീകരണ പശ്ചാത്തലത്തിൽ എതിർത്ത വിഭാഗം 1846-ൽ കൊച്ചിയിൽ വന്നിറങ്ങിയ യൂയാക്കീം മാർ കൂറിലോസിനെ എതിരേറ്റതും 1864-ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മർദീനിൽ ചെന്ന് അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് പട്ടമേറ്റതും അന്നത്തെ പരിതസ്ഥിതിയിൽ സ്വാഭാവികം ആയിരുന്നു. ഈ സംഭവങ്ങളുടെ സ്വാഭാവിക പരിണാമമായിട്ടേ 1876-ലെ മുളന്തുരുത്തി നിശ്ചയങ്ങളെ കാണാനാവൂ. അന്ത്യോഖ്യായുടെ ആത്മീയ മേലധികാരത്തെ എതിർക്കുന്ന ഒരാളും അന്ന് മലങ്കരസഭയിലുണ്ടായിരുന്നില്ല. പാത്രിയർക്കീസിന്റെ ലൗകികാധികാരസ്ഥാപനത്തെ എതിർത്തവരും അദ്ദേഹത്തിന്റെ ആത്മീയ പരമാധികാരത്തെ ചോദ്യം കൂടാതെ അംഗീകരിച്ചിരുന്നു.

മുളന്തുരുത്തി കാനോനാകൾ 18 എണ്ണമാണ്. അവ താഴെ ചേർക്കുന്നു:

1. മിഥുനം 17-ാം തീയതി രാവിലെ പത്തു മണിക്ക് കൂടി. പിതാവിന്റെ കല്പനയ്ക്കു മറുപടി വായിച്ചു തിരുമുമ്പാകെ വച്ചു. അന്ത്യോഖ്യായുടെ സിംഹാസനത്തുങ്കലെ ചൊല്ലുവിളിക്കും സ്തുതി ചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനി വിശ്വാസത്തിനും വിപരീതം ഒരിക്കലും ഉണ്ടാകാതെയിരിപ്പാൻ അതാതു ഇടവകക്കാർ എല്ലാവരും കൂടി ഒരു കരാർ ആധാരം എഴുതി രജിസ്ട്രാക്കി പള്ളി മേമ്പൂട്ടിൽ വയ്ക്കുവാനും ഓരോ പകർപ്പ്

രജിസ്ട്രാറുടെ കയ്യൊപ്പോടും മുദ്രയോടും കൂടി പിതാവിനു കൊടുപ്പാനും നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

2. അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തുങ്കലെ സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസത്തിലും ചൊല്ലുവിളിയിലും സ്ഥിരപ്പെട്ടും അനുസരിച്ചും ഇരിക്കുമെന്നുള്ളതിനു മുഖ്യമായിട്ടു അതാതിടവകയിൽ കൂടിവരുന്ന വീട്ടുകാററുടെ വീട്ടുപേരും കാരണവരുടെ പേരും - ആണിത്ത്റ, പെണ്ണിത്ത്റ, ആകെ ഇത്ത്റ - എന്നും കാരണവരുടെ ഒപ്പും വിശ്വാസസ്ഥിതിയും കാണിക്കുന്നതായ ഒരു പട്ടിക കൂടുന്നിടത്തോളം വേഗം എടവക പട്ടക്കാർ മുഖാന്തിരം വിശുദ്ധ പിതാവിന്റെ തിരുമുമ്പാകെ എത്തിക്കേണ്ടതിനു അച്ചടിമാതിരി ബുക്ക് ഇപ്പോൾ തന്നെ കൊടുത്തയക്കുന്നത് നല്ലതെന്നും അത് വിശ്വാസത്തെ സ്ഥിരപ്പെടുത്തുന്നതിന് ഉപയോഗമായി വരുന്നതു കൂടാതെ സിംഹാസനത്തുങ്കലെ റെശ്ശീസ്സാ വക മുതൽ വസൂൽ ചെയ്യുവാൻ ഒരു കണക്കിനും കൂടി ഉപയോഗപ്പെടുന്നതാണെന്നു യോഗം നിശ്ചയിച്ചു ഉറപ്പിച്ചു.

3. സ്തുതിചൊവ്വാകപ്പെട്ട വിശ്വാസത്തിലെ സ്ഥിരതയ്ക്കു വേണ്ടി ആവശ്യപ്പെട്ട കാനോനും നടപടിയും അടങ്ങിയതായ പുസ്തകം സുറിയാനിയിലോ മലയാളത്തിലോ കല്പനപ്രകാരം അച്ചടിച്ചു മുദ്രയോടു കൂടി ഓരോ പുസ്തകം എല്ലാ പള്ളിയിലും കൊടുത്തു അതിൻപ്രകാരം അല്ലാതെ മേൽനടപ്പാൻ പാടില്ലെന്ന് വച്ചാൽ അത്രയും നല്ലതെന്ന് നിശ്ചയിച്ചു ഉറപ്പിച്ചു.

4. മാമോദീസാ, വിവാഹം, ശവമടക്കൽ ഈ വകയ്ക്ക് പ്രത്യേകം പ്രത്യേകം മാതിരിപ്രകാരം കള്ളി വരച്ചതായ മൂന്നു പുസ്തകം എല്ലാ എടവകയിലും വൈയ്ക്കേണ്ടതും അതിൽ മേൽപറഞ്ഞവ അതാതു സമയം എഴുതിക്കൊള്ളുവാൻ വികാരിമാരെ ചുമതലക്കാററാക്കേണ്ടതും ആ വക പുസ്തകങ്ങളിൽ അന്നു ഭരിക്കുന്ന മെത്രാന്മാരുടെ മുദ്ര കുത്തിയിരിക്കേണ്ടതും ആകുന്നു. ഈ മൂന്നു പുസ്തകങ്ങൾ എടവകയിലുള്ള ജനങ്ങളുടെ വിശ്വാസസ്ഥിരതയ്ക്കു സാക്ഷിയായി വരുന്നതാകയാൽ ഇതിനെ യോഗം ഉറപ്പിച്ചു.

5. വിരുദ്ധങ്ങൾ നീങ്ങി അയികമത്യവും സമാധാനവും വർദ്ധിക്കുന്നതിനുള്ള തടസ്സങ്ങൾ; വിശ്വാസത്തിൽ സ്ഥിരതയില്ലായ്മ, ചൊല്ലുവിളി ഇല്ലായ്ക, പൊതുകാര്യ ഗുണദോഷങ്ങളെ കുറിച്ചു ചിന്തിക്കുന്നതിനു ചുമതലക്കാററില്ലായ്ക, പൊതുമുതൽ ഇല്ലായ്ക ഇതുകളാണ്. ഇതിൽ വിശ്വാസത്തിന്റെ സ്ഥിരതയ്ക്കും ചൊല്ലുവിളിക്കും ചില പ്രതിവിധികൾ മേൽ പ്രസ്താവിച്ചിട്ടുള്ളതു കൂടാതെ ശേഷം വേണ്ടതിനു വഴി ഉറയ്ക്കുമ്പോൾ വിരുദ്ധങ്ങൾ ഒഴിഞ്ഞും അയികമത്യവും സമാധാനവും വർദ്ധിച്ചും

വരുന്നതാകുന്നു.

ആ വക പ്രതിവിധികൾ ഏതെല്ലാമെന്നാൽ

6. ഇപ്പോൾ നമ്മുടെ പള്ളികളിൽ ഉണ്ടായിരിക്കുന്ന വിരുദ്ധങ്ങൾ മത സംബന്ധമായും മുതൽ സംബന്ധമായും അധികാര സംബന്ധമായും ഉള്ള ചില തർക്കങ്ങൾ നിമിത്തം വന്നിരിക്കുന്നതാകയാൽ ഇതിലേക്കു അതാതു എടവകക്കാരാൽ മാത്രം നിർവ്വഹിപ്പാൻ പ്രയാസവും ബലഹീനതയും ആയിട്ടു തീർന്നിരിക്കയാൽ മേലാൽ എവിടെ എങ്കിലും മേൽപ്പറഞ്ഞ ഏതിലും ഉത്ഭവിക്കുന്ന സമാധാന വിരോധത്തെക്കുറിച്ചു യോഗം കൂടി ആലോചിച്ചു ന്യായമായി തീർച്ച ഉണ്ടാക്കുകയും ഇവകൾ ഏതു കക്ഷികളിൽ നിന്നുണ്ടാകുന്നതായിരുന്നാൽ അതിലേക്കു ആവശ്യപ്പെടുന്ന മുതൽ ചിലവോ, വ്യവഹാരമോ പൊതുവിൽ നിന്നു നടത്തി നിർവ്വഹിക്കേണ്ടതു ആവിശ്യമാകുന്നു.

7. മേല്പറഞ്ഞ പൊതുമുതൽ ഉണ്ടാകുന്നതിനും വിദ്യാഭ്യാസവും, അതിൽ നിന്നുള്ള വിശേഷ ഫലങ്ങളും നമ്മുടെ ജാതിക്കു പൊതുവെ ഉണ്ടാക്കുന്നതിനും എന്തു മാർഗ്ഗമെന്നു ചിന്തിക്കുന്നതു എത്രയും ആവശ്യമാകുന്നു. മെത്രാന്മാരുടെ ഏകനായകത്വത്തിന്റെ ശക്തി നിമിത്തം പള്ളിവക മുതൽ ദുർല്ലഭമായി തീർന്നിരിക്കയാൽ ജനങ്ങളിൽ നിന്നു തന്നെ പ്രയാസവും ഞെരുക്കവും കൂടാത്തവിധം ഒരു മുതൽശേഖരം ഉണ്ടാകേണ്ടതായിരിക്കുന്നു. അതിലേക്കു ജാതി മുഴുവൻ കൂടിയതായ ഒരു സമൂഹവും അതിനു സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ എന്ന പേരും അതിൽ ഇപ്പഴത്തെ നമ്മുടെ വിശുദ്ധ പിതാവും ആ സ്ഥാനം പ്രാപിക്കുന്നവരും പെയിറ്ററനും, ഭരിക്കുന്ന മെത്രാപോലീത്താ പ്രസിഡന്റും ആയിരിക്കേണ്ടതും, ഇതിലേക്കു ചേരപ്പെടുന്ന ജനങ്ങൾ നാലു ക്ലാസ്സായിട്ടും, ഒന്നാം ക്ലാസ്സു നൂറീതു രൂപായും, രണ്ടാം ക്ലാസ്സ് അമ്പതീതു രൂപായും, മൂന്നാം ക്ലാസ്സു ഇരുപത്തഞ്ചീതു രൂപായും നാലാം ക്ലാസ്സു പതുപ്പത്തു രൂപായും, പള്ളി ഒന്നുക്ക് അഞ്ഞൂറു രൂപാ മുതൽ കീപ്പോട്ട് താരതമ്യ പ്രകാരവും പ്രവേശന പീസ്സു കൊടുത്തു ചേരേണ്ടതും, തൽക്കാലം മുതൽ ഹാജരില്ലെങ്കിൽ തിങ്ങളിൽ നൂറ്റുക്കു ഒന്നുവീതം ലാഭം കൊടുപ്പാൻ സമൂഹ സിക്രട്ടറിക്കു കടപ്പത്രം എഴുതികൊടുക്കേണ്ടതും കൊള്ളാമെന്നു നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

8. മലയാളത്തിൽ മേലദ്ധ്യക്ഷന്മാരുടെ ഏകനായകശക്തിക്കു എതിരായ ശക്തി ഇല്ലായ്ക നിമിത്തം സഭയ്ക്കു ദോഷം സംഭവിച്ചിരിക്കയാൽ മേല്പറഞ്ഞ സമൂഹം സ്ഥിരപ്പെടുത്തുന്നതു എത്രയും ആവശ്യവും അവരെല്ലാംകൂടി കാര്യങ്ങൾ നടത്തുന്നതിനു പ്രയാസവും ആകയാൽ

ഇതിൽ കൂടിയിരിക്കുന്ന പട്ടക്കാററിൽ നിന്നു എട്ടും, ഒന്നാം ക്ലാസ്സിൽ നിന്ന് അയ്മേനികൾ പതിനാറും ഭരിക്കുന്ന മെത്രാപ്പോലീത്താ പ്രസിഡണ്ടും കൂടിയതായ ഒരു പ്രധാന കമ്മട്ടിയും അതിലേക്ക് മാസപ്പടി കൊടുത്ത് നിശ്ചയിക്കേണ്ട ഒരു സിക്രട്ടറിയും, ജാമ്യം സ്ഥിരപ്പെടുത്തി വരുന്നതായ ഒരു സ്രാപ്പും വേണ്ടുന്നതും, ജാതിയുടെ പൊതുവിലേക്കു വേണ്ടുന്ന മതസംബന്ധമായും സമൂഹ സംബന്ധമായും ഉള്ള സകല കാര്യങ്ങൾക്കും കൈകാര്യകർത്താക്കളും ഭാരവാഹികളും ആയി ഇവരെ ചുമതലപ്പെടുത്തേണ്ടതും അവരുടെ നടപടികൾക്കു വേണ്ടുന്ന ശട്ടവട്ടങ്ങളെ നിശ്ചയിച്ചു ഉറപ്പിക്കേണ്ടതും അങ്ങനെ ചെയ്യുന്നപക്ഷം എല്ലാവിധ ഗുണവും സഭയ്ക്കു പൊതുവേ സിദ്ധിക്കുന്നതും ആകയാൽ ആ വകയ്ക്കു കൊള്ളാകുന്നവരും, പൊതുകാര്യത്തിലേക്ക് താല്പര്യമുള്ളവരും ആയി മേല്പറഞ്ഞ പട്ടക്കാററേയും, അയ്മേനികളേയും ഈ സുന്നഹദോസിൽ വച്ചു തന്നെ സ്ഥിരപ്പെടുത്തുന്നതു ആവശ്യമെന്നു യോഗം നിശ്ചയിച്ചുറപ്പിച്ചു.

ഇവിടെ കമ്മട്ടിക്കാരെ യോഗം നിശ്ചയിച്ചു അവരെ പിതാവ് അനുഗ്രഹിക്കുകയും അവരുടെ പേരു താഴെ ചേർക്കുകയും ചെയ്യുന്നു.

മാവേലിക്കര പള്ളിയിൽ വടക്കേതല്ക്കു അലക്കുസന്ത്രയോസ്സു കത്തനാരു, പുതുപ്പള്ളി പള്ളിയിൽ എളന്തുരുത്തിൽ പീലിപ്പോസ്സു കത്തനാരു, വാകത്താനത്തു പള്ളിയിൽ വള്ളിക്കാട്ടു പൗലോസ്സു കത്തനാരു, നീലംപേരൂർ പള്ളിയിൽ മാലിത്ത്റ ഏല്യാസ്സു കത്തനാരു, കോട്ടൂർ പള്ളിയിൽ മുറിമറ്റത്തിൽ പൗലോസ്സു കത്തനാരു, കണ്ടനാട്ടു പള്ളിയിൽ കരോട്ടു വീട്ടിൽ ശീമഒൻ കോറി, മുളന്തുരുത്തി പള്ളിയിൽ ചാലപ്പുറത്തു കോറി, തെക്കൻപറവൂർ പള്ളിയിൽ തോപ്പിൽ ലൂക്കോസു കത്തനാരു, കുന്നംകുളങ്ങരെ പനെയ്ക്കൽ പാത്തപ്പൻ അയിപ്പൂരു, കോട്ടയത്തു കുന്നുംപുറത്തു കോര കുര്യൻ, കണ്ടനാട്ടു തുകലൻ മാത്തു പൗലോസ്സു, മുളന്തുരുത്തിയിൽ ചാലിൽ ഔസേപ്പു ചെറിയ, കുറുപ്പുംപടിക്കൽ കല്ലറയ്ക്കൽ കോര കുഞ്ഞുവർക്കി, നെരണത്തു എലഞ്ഞിക്കൽ മാത്തു ചാക്കോ, കുമരകത്തു മുറിപ്പുരയ്ക്കൽ പോത്തൻ കുരുവിള, ഒളശയിൽ കളപ്പുരയ്ക്കൽ ചാക്കോചെറിയാൻ, കുമരങ്കരി പുത്തൻപുരയ്ക്കൽ ഉതുപ്പാൻ തോമ്മാ, പള്ളത്തു എടത്തുംപടിക്കൽ തൊമ്മൻ കുര്യൻ, പുതുപ്പള്ളിൽ കൊച്ചുപാറേട്ടു ഇട്ടിയവിരാ കത്തനാരു കൊച്ചുവർക്കി, മാമ്മലശ്ശേരിൽ എടയത്തു വർക്കി ചെറിയ, പുത്തൻകാവിൽ കൊല്ലൻപറമ്പിൽ കുഞ്ഞേന ഈപ്പൻ, പാമ്പാക്കുടെ പുത്തൻപുരയിൽ മാത്തൻ കുഞ്ഞിക്കോര, മുളന്തുരുത്തിൽ ചാത്തുരുത്തിൽ മത്തായി വർക്കി, അങ്കമാലി നെടുമ്പാശേരി വൈലിപ്പറമ്പിൽ മാത്തു ഇട്ടൂപ്പ്.

9. മേൽ നിശ്ചയിച്ച വക മുതൽ കൂടാതെ വേറിട്ടും മുതൽ ഉണ്ടാ

ക്കുക, വർദ്ധിപ്പിക്കുക, സബ് കമ്മട്ടി ഉണ്ടാക്കുക മുതലായ സകല ഗുണീകരണ പ്രവൃത്തിക്കും മേൽകമ്മട്ടിക്കാർക്കു സ്വാതന്ത്രീയാധികാരം കൊടുക്കേണ്ടതും കൊല്ലംതോറും സമൂഹം കൂടി കമ്മട്ടിക്കാരുടെ സകല വരവു ചെലവിന്റേയും മറ്റു നടത്തകളുടെയും വിവരം റിപ്പോർട്ട് അച്ചടിച്ചതും കണ്ട് ബോധിച്ചു ഒരു പ്രതി അന്ത്യോഖ്യാ സിംഹാസനത്തുംകലേയ്ക്കും ഓരോ പ്രതി എല്ലാ പള്ളികളിലേക്കും അയയ്ക്കേണ്ടതും കമ്മട്ടി മെമ്പർമാരെ നീക്കി വേറെ ആളുകളെ ആക്കുകയോ അവരെ തന്നെ സ്ഥിരപ്പെടുത്തുകയോ ചെയ്യുന്നതിനു സമൂഹക്കാർക്കു സ്വാതന്ത്രിയം ഉണ്ടായിരിക്കണമെന്നു നിശ്ചയിക്കയും ഉറപ്പിക്കയും ചെയ്തു.

10. സാരമായ വല്ല സംഗതിയിലും സമൂഹക്കാറരുടെ സമ്മതം വരുത്തി നടത്തിക്കേണ്ടതായി തോന്നുന്ന ഏതു സമയവും സമൂഹക്കാറരിൽ ഒന്നാം ക്ലാസ്സിൽ ചേരുന്നവരെന്നു ഊഹിച്ചു പിതാവിനാൽ നിശ്ചയിക്കപ്പെട്ടു താഴെ പേരു ചേർക്കുന്നവരെ കമ്മട്ടിക്കാറരുടെ അനുവാദപ്രകാരം മേല്പടി സിക്രട്ടറി മുഖാന്തിരം എഴുതി അയച്ചു വരുത്തി ആലോചിക്കണമെന്നു യോഗം ഉറപ്പിച്ചു.

പിതാവിനാൽ നിശ്ചയിച്ചു യോഗം മുമ്പാകെ വായിച്ചവക ആളുകളുടെ പേരു താഴെ ചേർക്കുന്നു.

പാമ്പാക്കുട പള്ളിയിൽ കോനാട്ടു യോഹന്നാൻ മല്പാൻ, അങ്കമാലി പള്ളിയിൽ ചക്കരയകത്തൂടു തരീയ്തു കത്തനാരു, കുറുപ്പുംപടി പള്ളിയിൽ വെളിയത്തു ഗീവറുഗീസു കോറി, കണ്ടനാടു പള്ളിയിൽ തുകലൻ മത്തായി കത്തനാരു, ടി പള്ളിയിൽ പാടത്തുകാരൻ അബ്രഹാം കത്തനാരു, കടമറ്റത്തു പള്ളിയിൽ തേക്കലക്കാട്ടു ഗീവറുഗ്ഗീസ്സു കത്തനാരു, ശ്രായി പള്ളിയിൽ കുറ്റിക്കാട്ടു ഗീവറുഗ്ഗീസ്സു കത്തനാരു, വടക്കൻപറവൂർ പള്ളിയിൽ മുക്കാലിൽ ഗീവറുഗ്ഗീസു കത്തനാരു, മുളന്തുരുത്തി പള്ളിയിൽ പാലക്കാട്ടു ഗീവറുഗ്ഗീസ്സു കത്തനാരു, കോലഞ്ചേരി പള്ളിയിൽ കല്ലാനിക്കൽ പൌലോസ്സു കത്തനാരു, കോതമംഗലത്തു ചെറിയപള്ളിയിൽ ചേലാട്ടു ഗീവറുഗ്ഗീസ്സു കത്തനാരു, മുളക്കുളത്തു പള്ളിയിൽ മുറന്തൂക്കിൽ യാക്കോബു കത്തനാരു, ചാത്തന്നൂ പള്ളിയിൽ മഞ്ചാടി വിളാകത്തു യാക്കോബു കത്തനാരു, കുണ്ടറപള്ളിയിൽ കിഴക്കേവിളയിൽ മത്തായി കത്തനാരു, ഓമല്ലൂർപള്ളിയിൽ പീടികയിൽ ഗീവറുഗ്ഗീസ്സു കോറി, തുമ്പമൺപള്ളിയിൽ കരിങ്ങാട്ടിൽ സ്കറിയാ കോറി, ചേപ്പാട്ടുപള്ളിയിൽ പുത്തൻവീട്ടിൽ പീലിപ്പോസ്സു കത്തനാരു, മാവേലിക്കരപള്ളിയിൽ കിഴക്കേപ്പറമ്പിൽ പണിക്കരു യാക്കോബു കത്തനാരു, നെരണത്തുപള്ളിയിൽ മട്ടയ്ക്കൽ ബഹനാൻ കത്തനാരു, കുറിച്ചിയിൽപള്ളിയിൽ കോലത്തുക

ളത്തിൽ കുരുവിള കത്തനാരു, കടമ്പനാട്ടു പള്ളിയിൽ പള്ളിവാതുക്കൽ കോശി കത്തനാരു, കല്ലൂപ്പാറപള്ളിയിൽ കല്ലൂര പീലിപ്പോസ്സു കത്തനാരു, തിരുവല്ലാ പള്ളിയിൽ കോവൂർ ഗീവറുഗ്ഗീസ്സു കത്തനാരു, കുന്നംകുള ങ്ങര പള്ളിയിൽ പനെയ്ക്കൽ യാക്കോബു കത്തനാർ, കോട്ടയം തോമ്മസ്സു മത്തായി മുൻസീപ്പു, അങ്കമാലി അമ്പാട്ടു തരിയ്ത, മഞ്ഞപ്ര അറയ്ക്കപറമ്പിൽ ചാക്കോ, ആർത്താറ്റു പനെയ്ക്കൽ താരു, കുന്നംകു ളങ്ങര കാക്കശ്ശെരിൽ, ഇയ്യ്യപ്പൻ, പനയ്ക്കൽ ചാക്കു ചേറു, പനയ്ക്കൽ ഇട്ടിയവിരാ, ചെറുവത്തൂര മാത്തുക്കുട്ടി, പഴഞ്ഞിയിൽ പുലിക്കോട്ടിൽ മാത്തു, ടി പുലിക്കോട്ടിൽ ചുമ്മാരു, ചാലശ്ശേരിൽ തോമ്പ്ര പത്രോസ്സു, വടക്കൻപറവൂർ ഈരാളി വറുഗ്ഗീസ്സു, കൊളങ്ങര ഇട്ടിയച്ചൻ മാത്തു, തൃപ്പൂ ണിത്തറ മൂക്കഞ്ചേരിൽ ചെറിയാ, കരിങ്ങാശ്രെ മാമലെ ഇത്താപ്പിരി, കുറി ഞ്ഞിയിൽ പാലാൽ കൊച്ചിട്ടൻ, കണ്ടനാടു പുത്തൻവീട്ടിൽ മത്തായി, ടി കരോട്ടുവീട്ടിൽ കോര, മുളന്തുരുത്തിൽ വന്മേലിൽ കുര്യൻ, തണങ്ങാ ട്ടിൽ കുരുവിള, തെക്കൻപറവൂർ അക്കര പാടത്തു പൈലി, ടി കാടംപുരത്തു കുഞ്ഞിപ്പാവു, മാന്തുരുത്തേൽ തറയിൽ ചാക്കോ, പിറ വത്തു പുത്തൻപുരയ്ക്കൽ തൊമ്മി, പാമ്പാക്കുടെ മാടപ്പറമ്പേൽ കുഞ്ഞുക്കുറു, മഴുവന്നൂര മാടപ്പറമ്പേൽ കുഞ്ഞുവർക്കി, വടകര തട്ടമ്പാറ മത്തായി, കുന്നക്കുരുടിയിൽ വേങ്ങച്ചേരിൽ കുഞ്ഞിപൈലി, മുളക്കുളത്തു മൊറന്തൂക്കിൽ ചാണ്ടി, പള്ളിക്കരെ കുരിശുങ്കൽ കുഞ്ഞവരാ, നെര ണത്തു മട്ടക്കൽ ചാക്കോ വൈദ്യൻ, വരത്തറ പള്ളത്തു മത്തായി, പുത്തൂ പ്പള്ളിൽ ഗീവറുഗീസ്സു, വള്ളക്കാലിൽ ചാക്കോ, പള്ളിക്കാവിൽ കുഞ്ചെ റിയ, തിരുവല്ലാ ചാലക്കുഴിയിൽ മാത്തൻ, ടി കോടിയാട്ടു ഗീവറുഗീസ്സു, കോട്ടയത്തു കൊച്ചുപുരയ്ക്കൽ കൊച്ചുതുപ്പു മുതൽപിടിക്കാരൻ, കുന്നുംപുറത്തു യോഹന്നാൻ, വെള്ളൂര കൊച്ചിടിച്ചാണ്ടി മുതൽപിടിക്കാ രൻ, തെക്കേത്തല കുര്യൻ വക്കീൽ, എറികാട്ടു മാത്തു, കാരിക്കൽ കുരു വിള, കോട്ടയത്തു വല്യപള്ളി എടവകക്കാരൻ ഒറ്റത്തയ്ക്കൽ മാണി, കുമ രകത്തു ഉമ്മാച്ചേരിൽ ചാണ്ടി, കല്ലുങ്കത്ര തെക്കേക്കരി ചാക്കോ, മണർകാട്ടു വെങ്കടത്തു മാത്തു, പുതുപ്പള്ളിൽ കരോട്ടു ചാണ്ടി, ടി പാറ യ്ക്കൽ ഈശൊ, വാകത്താനത്തു വെട്ടീപറമ്പിൽ തൊമ്മൻ, കുറിച്ചി യിൽ പുത്തൻപുരയ്ക്കൽ ഇട്ടിയവിരാ, പുത്തൻകാവിൽ പുത്തൻപുര യ്ക്കൽ മാത്തൻ, ടി കിഴക്കേത്തലയ്ക്കൽ ഉമ്മൻ, കാരയ്ക്കൽ മൂലമ ണ്ണിൽ ചെറിയാൻ, നീലംപേരൂര പനച്ചിത്ര കുരുവിള, കല്ലൂപ്പാറെ അട ങ്ങപ്പുറത്തു ഈപ്പൻ പണിക്കരു, കല്ലിച്ചേരിൽ തുണ്ടിയിൽ ചാക്കോ, റാന്നി യിൽ കല്ലൻപറമ്പിൽ ചാക്കോ, കൈപ്പട്ടൂർ പുത്തൻവീട്ടിൽ കൊച്ചുകോ ശി, കണ്ണൻകോട്ടു കള്ളോട്ടു കോശി, പരുമലെ അരികുപുറത്തു മാത്തൻ, ചാത്തന്നൂർ കോയിപ്രത്തു ചാക്കോ, തുമ്പമൺ പള്ളിവാതുക്കൽ സ്കറി യ, ടി ചക്കിട്ടടത്തുപാറയിൽ മാത്തൻ, കടമ്പനാടു അമ്പനാട്ടു ഇടിച്ചാ

ണ്ടി, പള്ളത്തു പടനിലത്തു ചാക്കോ, വീയപുരത്തു പുരയ്ക്കൽ ചാക്കോ, മേപ്രാൽ പൂതികോട്ടു മാത്തു, മല്ലപ്പള്ളിൽ കയ്യാലാത്തു ഗീവറുഗീസ്, കായംകുളത്തു കൊട്ടക്കാട്ടു ചെറിയ, ചേപ്പാട്ടു പുത്തൻവീട്ടിൽ യോഹന്നാൻ, ഓമല്ലൂർ വടക്കേടത്തു ചെറിയ, മാവേലിക്കര തൂമ്പുങ്കൽ കൊച്ചുവർക്കി, പള്ളിപ്പാട്ടു മൂലയിൽ ഗീവറുഗീസ്സു, കാരിച്ചാൽ ആലുംമൂട്ടിൽ കൊച്ചുകോശി, കൊട്ടാരക്കര ആവിയോട്ടു ഗീവറുഗ്ഗീസ്സു, ടി കിഴക്കേതെരുവിൽ കിഴക്കേടത്തു ഉമ്മമ്മൻ, കുണ്ടറെ ഉണ്ണിക്കോട്ടു മാത്തൻ പണിക്കരു, കാട്ടൂർ വടശേരിയകത്തു അയിപ്പു.

11. സുറിയാനി സമൂഹത്തിന്നു അവരുടെ പള്ളിവകയായും പൊതുവകയായും ഉള്ള മുതലിനെപ്പറ്റി ഇപ്പോൾ ഉള്ള ശട്ടങ്ങളെ ഭേദപ്പെടുത്തുന്നതിനും പുതിയ ക്രമങ്ങളെ ഏർപ്പെടുത്തുന്നതിനും പള്ളിക്കണക്കുകൾ ആണ്ടടക്കമുള്ളതു കേട്ടു തീർക്കുന്നതിനും, യോഗം നിശ്ചയിക്കുന്ന അതതു പള്ളിയിലെ എപ്പിത്രോപ്പന്മാരെ സ്ഥിരപ്പെടുത്തുന്നതിനും വിദ്യാഭ്യാസങ്ങൾ വർദ്ധിക്കുന്നതിനു വേണ്ട പ്രയത്നങ്ങൾ ചെയ്യേ്യണ്ടതിനുള്ള ചുമതലയും സമുദായത്തിനു ഉപയോഗപ്പെടുന്ന പുസ്തകങ്ങൾ ആവശ്യപ്പെട്ട ഭാഷകളിൽ അച്ചടിപ്പിക്കുന്നതിനും, കേടു ഭവിച്ചിരിക്കുന്ന പള്ളികളുടെ അറ്റകുറ്റം തീർക്കുന്നതിനും പുതിയ പള്ളികൾ പണിയിക്കുന്നതിനും ഇസ്കൂളുകൾ ഉണ്ടാക്കുന്നതിനും, മേൽ കമ്മട്ടിക്കാർ ചുമതലക്കാറരായിരിക്കേണ്ടതാണെന്നു നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

12. പാത്രിയർക്കീസ്സു ബാവാ തിരുമനസ്സിലേക്കുള്ള റെശ്ശീസ്സാ പിരിച്ചു അയക്കുന്നതിനും ഭരിക്കുന്ന മെത്രാപ്പോലീത്തായ്ക്കുള്ള കൈമുത്തവകാശം മുതലായി പള്ളികളിൽ നിന്നു വരേണ്ടുന്ന മുതലുകൾ പിരിപ്പിക്കുന്നതിനും അതുകൊണ്ടു പോരാതെ വരുന്നു എങ്കിൽ അതിലേക്കുള്ള വഴി സ്ഥിരപ്പെടുത്തുന്നതു കൂടാതെ, ദയറായെക്കാർക്കുള്ള ചിലവിന്റെ മാർഗ്ഗവും ആലോചിച്ചു ആയ്തും, വികാരിമാർക്കു എടവകയിൽ നിന്നും ശക്തിപോലെ ഒരു ശമ്പളം കൊടുപ്പിക്കുന്നതിനും സിക്രട്ടറി മുതലായവരുടെ മാസപ്പടികൾ കൊടുത്തു നടത്തുന്നതിനും കമ്മട്ടിക്കാർ ചുമതലക്കാറരായിരിക്കണമെന്നു സ്ഥിരപ്പെടുത്തി.

13. ആണ്ടടക്കം പള്ളിവക വരവു ചെലവിന്റെ കണക്കിനും, ഓരോ പള്ളിയിലുള്ള പൊൻവെള്ളി ശീലവെഞ്ചനാദി വെങ്കലപാത്രം നിലംപുരയിടം മുതലായിട്ടുള്ളതിന്റെ മുതൽ വിവരം പട്ടികക്കും ഓരോ സംവത്സരങ്ങളിൽ വിശേഷാൽ ഉണ്ടാകുന്നവയും കേടുവരുന്നവയും ആയ വസ്തുവകകളുടെ വിവരത്തിനുള്ള കണക്കും മാമ്മോദീസാ, പെൺകെട്ട്, ശവമടക്കൽ മുതലായതിന് എഴുതിവരുന്നതിന്റെയും ഓരോ പ്രതി കണക്കെഴുതി വികാരിയും കൈക്കാറരും യോഗത്തിൽ നാലു പേരും കൂടി ഒപ്പിട്ടു മേല്പറഞ്ഞ കമ്മട്ടിക്കാർക്കു ആണ്ടുതോറും അയയ്ക്കവേണ്ടിയിരിക്കു

ന്നതു കൂടാതെ മതസംബന്ധമായും സമൂഹസംബന്ധമായും ഉള്ള കാര്യങ്ങൾക്കും ആവശ്യംപോലെ വേണ്ടുന്ന വകയ്ക്കു അതാതു സമയം കമ്മട്ടിക്കാററുടെ പേർക്കു എഴുതി അറിവിക്കേണമെന്നു നിശ്ചയിച്ചു യോഗം ഉറപ്പിച്ചു.

14. നമ്മുടെ സമൂഹം വക എല്ലാ കാര്യങ്ങൾക്കും കമ്മട്ടിക്കാററു കൈകാര്യകർത്താക്കളായിരിക്കണമെന്നു മേൽ വകുപ്പുകളിൽ നിശ്ചയിച്ചിട്ടുണ്ടെങ്കിലും മതസംബന്ധമായും സാമൂഹ്യസംബന്ധമായും പൊതുവിൽ ഉണ്ടായിവരുന്ന സകല വ്യവഹാരങ്ങളും അവരു എല്ലാവരും കൂടി നടത്തുന്നതു പ്രയാസമാകയാൽ അതുകൾ ഒക്കയും നടത്തുന്നതിനു ആവശ്യപ്പെടുന്ന മുതൽ ശേഖരിക്കുന്നതിനും ഉള്ള അധികാരം പ്രസിഡണ്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾക്കായിരിക്കണമെന്നും അതിലേക്കു കമ്മട്ടി മെമ്പ്രന്മാരു സഹായികളായിരിക്കണെമെന്നും നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

15. പ്രസിഡണ്ടു മെത്രാപോലീത്താ അവർകൾ പള്ളികളിൽ സർക്കൂറ്റു ചെയ്യുന്ന സമയങ്ങളിൽ അദ്ദേഹം പള്ളി തെരട്ടുകൾ പരിശോധിക്കുകയും എപ്പിത്രോപ്പെന്മാരെ സ്ഥിരപ്പെടുത്തുകയും സ്കൂളുകൾ മുതലായതു ഏർപ്പെടുത്തുകയും പള്ളികളിൽ ഉണ്ടാകുന്ന തർക്കങ്ങളെ തീർച്ചപ്പെടുത്തുകയും അതാതു സമയം ആവശ്യപ്പെടുന്ന കാര്യങ്ങളെ നടത്തുകയും ചെയ്യുന്നതു കൂടാതെ അദ്ദേഹത്തിന്റെ സകല നടത്തകൾക്കും ഒരു ഡയറി എഴുതി സൂക്ഷിക്കേണ്ടതും അതു കമ്മട്ടി കൂടുമ്പോൾ വായിക്കേണ്ടതും ആണെന്നു നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

16. ഏതെങ്കിലും സംഗതിവശാൽ കമ്മട്ടി മെമ്പ്രന്മാരുടെ തുക കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതിനുള്ള അധികാരം സമൂഹക്കാർക്കായിരിക്കേണ്ടതും ഇങ്ങിനെയുള്ള എല്ലാ കാര്യങ്ങളിലും അധികംപേരുടെ അഭിപ്രായം സ്വീകരിച്ചു നടത്തേണ്ടതും ആണെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

17. പുരാതനകാലം മുതൽക്കേ നമ്മുടെ മലങ്കര യാക്കോബായ സുറിയാനി സഭയും അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ താഴെയുള്ള മറ്റു സുറിയാനിസഭകളും തമ്മിലുള്ള യോജിപ്പും സംബന്ധവും ഇല്ലാതാക്കണമെന്ന് അന്യമതക്കാർ വളരെക്കാലമായി നാനാപ്രകാരേണയുള്ള പ്രയത്നങ്ങൾ ചെയ്തുവരുന്നതും ബ്രിട്ടീഷു റസിഡണ്ടായിരുന്ന ബെല്ലാർഡ് സായിപ്പു മുഖാന്തിരം ഉണ്ടാക്കിച്ചിട്ടുള്ള വിരുതു പ്രകരണത്തിൽ അന്ത്യോഖ്യായുടെ സാഹിത്യം നിലനില്ക്കും കാലമൊക്കയും മലയാളത്തിലുള്ള സുറിയാനിസഭയിൽ സമാധാനം ഉണ്ടാകയില്ലെന്നു പറഞ്ഞിട്ടുള്ളത് നോക്കുമ്പോൾ ആ സാഹിത്യം നില

നില്ക്കുവാനായി സകല കാര്യങ്ങളിലും പരദേശ ഇടവകകളും മലംകര ഇടവകയും എപ്പോഴും യോജിച്ചു രണ്ടു വകക്കാർക്കും അന്ത്യോഖ്യാ സിംഹാസനത്തുങ്കലേക്കുള്ള അവകാശം സമവും സംബന്ധം തുല്യവും ആയിരിക്കുകയും ഇവിടുത്തെ മജലീസ്സും (കമ്മട്ടി) അവിടുത്തെ മജ ലീസ്സും അന്യോന്യതയോടെ ഇരിക്കുകയും കമ്മട്ടിയുടെ അനുമതിയോടു കൂടി നമ്മുടെ സഭയ്ക്കും സമുദായത്തിനും വേണ്ടി ചെയ്യപ്പെടുന്ന സകല ഏർപ്പാടുകളും സാധുവായിരിക്കുകയും ചെയ്യണമെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

18. ഈ നിശ്ചയങ്ങൾ വിശുദ്ധ പിതാവും മെത്രാപ്പോലീത്തായും സമൂ ഹക്കാറരും അന്യോന്യം സമ്മതിച്ചു എന്നുള്ള ഉറപ്പിനുവേണ്ടി വിശുദ്ധ പിതാവും മെത്രാപ്പോലീത്തായും തങ്ങളുടെ ഒപ്പും മുദ്രയും വയ്ക്കുന്ന തല്ലാതെ സമൂഹക്കാറരും ഒപ്പുകൾ ഇട്ടു ഉറപ്പിക്കണമെന്നു യോഗം നിശ്ച യിച്ചതിനെ സ്ഥിരപ്പെടുത്തി ഒപ്പുകൾ ഇട്ടിരിക്കുന്നു.

(ഒപ്പ്)

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്) (മുദ്ര)

(*കണ്ടനാട് ഗ്രന്ഥവരി*, അനുബന്ധം, പുറം 610–617).

പരുമല-മുളന്തുരുത്തി കാനോനാകളിൽക്കാണുന്ന ചില പ്രത്യേക തകൾ മറ്റ് കാനോനാകൾക്ക് അവകാശപ്പെടാനാവാത്തവിധം മൗലിക പ്രാധാന്യം ഉള്ളവയാണ്. അവ താഴെ ചേർക്കുന്നു:

1. അക്കാലമത്രയും ഇടവകകളെ കേന്ദ്രീകരിച്ച് നടന്നിരുന്ന സഭാഭര ണത്തിന് കേന്ദ്രസഭാതലം എന്ന ഒരു വേദി ഇതോടെ ഉത്ഭവിച്ചു. പ്രാചീ നകാലത്ത് പേറെദ്‌യൂത്തെന്മാരുടെ കാലത്ത് സ്വയംപര്യാപ്തത അനുഭ വിച്ചുപോന്ന ഇടവകകൾ കേന്ദ്രതലത്തിൽ സംഘടിക്കുവാനും ഇടവക കളുടെ ഏകോപിച്ചുള്ള ചില പുത്തൻ പ്രവർത്തനസരണികൾക്ക് ജന്മം നൽകുവാനും ഈ പുതിയ തലം അവസരം നൽകി. ഇടക്കാലത്ത് ആവി ർഭവിച്ച മെത്രാൻ സ്ഥാനത്തിന് ഇതോടെ അധികാര പരിധികളും കർത്ത വ്യങ്ങളും വിപുലമായി. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേ ഷൻ എന്ന സംഘടനയുടെ രൂപീകരണം ഒരു വൻ വിപ്ലവത്തിന്റെ നാന്ദി യായിരുന്നു. ഇടവകകളുടെ അധികശക്തികളെ സമാഹരിക്കുവാനും വൻ പദ്ധതികൾക്ക് ആവശ്യമായ കരുത്ത് ആർജ്ജിക്കുവാനും പ്രയോഗിക്കു വാനും ഇതോടെ അവസരമായി. കേരളത്തിലെ ആദ്യത്തെ സാമുദായിക സംഘടന എന്ന നിലയിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോ സ്യേഷൻ ഇതര സമുദായങ്ങൾക്ക് മാതൃകയാവുകയും അവയെ കർത്ത വ്യനിരതമാക്കുകയും ചെയ്തു. മൂന്നു പതിറ്റാണ്ടുകൾക്ക് ശേഷം ഈഴ

വസമുദായത്തിലാണ് രണ്ടാമതൊരു സാമുദായിക സംഘടന ആവിർഭ വിച്ചത്. ഇക്കാര്യത്തിൽ അതുല്യ പ്രതിഭാശാലിയായ നാരായണഗുരു വിന് മാർഗ്ഗദർശനം നൽകുന്ന പ്രതിഭാവിലാസമാണ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ സംഘാടക നേതാവായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ 1873-ലും 1876-ലുമായി പ്രക ടിപ്പിച്ചത്. 600-ൽ പരം നാട്ടുരാജ്യങ്ങളിലായി അസംഘടിതമായി കിട ന്നിരുന്ന ഭാരതത്തെ ഇന്ത്യൻ റിപ്പബ്ളിക്കിന്റെ അവിഭാജ്യഘടകങ്ങളാക്കി മാറ്റിയ വല്ലഭായ് പട്ടേലിന്റെ രാജ്യതന്ത്രജ്ഞതയ്ക്ക് സമാനവും സമാ ന്തരവും മാതൃകയുമായി ഈ സംരംഭം വിലയിരുത്തപ്പെടണം.

പ്രാഥമികമായി സെമിനാരിക്ലേസ് നടത്തുവാനുള്ള ഊർജ്ജം ലഭിച്ചു എന്നത് മാത്രമായിരുന്നില്ല ഈ സമുദായസംഘടനയുടെ ലക്ഷ്യം. വൈദികസംഘം, സണ്ടെസ്കൂൾ പ്രസ്ഥാനം, യുവജനപ്രസ്ഥാനം, സന്യാസപ്രസ്ഥാനം തുടങ്ങിയ നിരവധി മുന്നേറ്റങ്ങൾക്ക് ജന്മം നൽകു വാനും സഭയുടെ ശിഥിലമായിപ്പോയിരുന്ന കർമ്മശേഷിയെ ലക്ഷ്യ ബോധത്തോടെ പ്രവർത്തനക്ഷമമാക്കുവാനും ഈ സംഘടന ഫലപ്രദ മായി ശ്രമിച്ചു എന്നത് മലങ്കരസഭയെ ഒരു സുവർണ്ണയുഗ പ്രഭാവത്തി ലേക്ക് ആനയിക്കുന്നതിന്റെ സൂര്യോദയമായിട്ടാണ് ചരിത്രകാരന്മാർ വില യിരുത്തുന്നത്. അസംഘടിത വിഭാഗങ്ങളെ സംഘടിപ്പിക്കുന്ന ഈ ശ്രേഷ്ഠ മാതൃകയാണ് രാഷ്ട്രീയ കേരളം പില്ക്കാലത്ത് പ്രാവർത്തിക മാക്കിയത്. സർക്കാർ ജീവനക്കാർ, ഡോക്ടർമാർ, എഞ്ചീനിയർമാർ, കോൺട്രാക്ടർമാർ, കർഷകതൊഴിലാളികൾ, പെൻഷൻകാർ തുടങ്ങി യവരെ കൂട്ടിച്ചേർത്ത് സംഘടനകൾ രൂപീകരിക്കുവാനും തദ്വാര മനു ഷ്യക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനും ഉള്ള സാധ്യത ഇന്നും നമ്മുടെ മുമ്പിൽ വെല്ലുവിളി ഉയർത്തുന്നുണ്ട്.

2. മുളന്തുരുത്തി കാനോനാകളുടെ 12-ാം വകുപ്പും 15-ാം വകുപ്പും മലങ്കര ഓർത്തഡോക്സ് സഭ കേരള നവോത്ഥാനത്തിന് നേതൃത്വം നൽകുംവിധം വിദ്യാഭ്യാസ വിപ്ലവത്തിന് ആഹ്വാനം നൽകുന്നുണ്ട്. ജാതി -മത-വർഗ്ഗ-വർണ്ണ-ലിംഗ ഭേദം കൂടാതെ സാർവത്രിക വിദ്യാഭ്യാസം നൽ കുന്ന പ്രാഥമിക വിദ്യാലയങ്ങൾ ഓരോ പള്ളിയുടെയും ചുമതലയിൽ ആരംഭിക്കുമെന്ന് കാനോനിലെ ആ വകുപ്പുകൾ പ്രഖ്യാപിക്കുന്നു. ഈ പ്രഖ്യാപനം വെറും പാഴ്വാക്കായില്ല. 1873-ൽ പരുമല കാനോനാകളുടെ 9, 10, 11, 13 വകുപ്പുകളിലൂടെ നേരത്തെ ആവിഷ്ക്കരിച്ച സ്വപ്ന പദ്ധതി കൂടുതൽ ശക്തിയോടെ ദൃഢപ്പെടുത്തുന്ന നടപടികളാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്താ മുളന്തുരുത്തിക്കാനോനാകളിൽ വ്യക്തമാക്കിയത്. ഈ തീരുമാനം ക്രമേണ പ്രാവർത്തികമാവുക തന്നെ ചെയ്തു. 200-ലധികം വിദ്യാലയ

ങ്ങൾ കൊച്ചി-തിരുവിതാംകൂർ പ്രദേശത്ത് സ്ഥാപിക്കപ്പെട്ടതായി വാകത്താനം കാരുചിറ ഗീവറുഗീസ് റമ്പാച്ചൻ (മലങ്കരയുടെ രണ്ടാം കാതോലിക്കാ) അദ്ദേഹത്തിന്റെ ഡയറിയിൽ 1907-ൽ രേഖപ്പെടുത്തിയിട്ടുണ്ട് (കാതോലിക്കേറ്റിന്റെ നിധി, പുറം 428). മലങ്കര മെത്രാപ്പോലീത്താ നിരവധി പള്ളിക്കൂടങ്ങൾ സ്ഥാപിച്ചതായി 1902-ൽ മാർ ദീവന്നാസ്യോസ് ചരിത്രഗാനം രചിച്ച പുലുത്തുരുത്തേൽ ചാക്കോ എന്ന അന്ധകവി വിശദമാക്കിയിട്ടുണ്ട്. 1909-ന് ശേഷം പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ സംഭാവനകളെ വിലയിരുത്തിക്കൊണ്ട് അദ്ദേഹത്തിന്റെ സമകാലികനും അന്തേവാസിയുമായ ചീരൻ വർഗീസ് 'ഫെയ്ത്ത് ഓഫ് ഔവർ ഫാദേഴ്സ്' എന്ന പുസ്തകത്തിൽ (പുറം 110) രേഖപ്പെടുത്തിയിട്ടുള്ളത്, അദ്ദേഹം ഇരുന്നൂറ്റിഅമ്പതിലേറെ പ്രാഥമിക വിദ്യാലയങ്ങൾ കൊച്ചി-തിരുവിതാംകൂർ പ്രദേശത്ത് സ്ഥാപിച്ചു എന്നാണ്. ഈ ഗ്രന്ഥകാരന്റെ ഇടവകയിൽ തന്നെ, അദ്ദേഹത്തിന്റെ ശിഷ്യൻ ചീരൻ ഗീവറുഗീസ് കശ്ശീശ ഗുരുവിന്റെ നിർദ്ദേശവും പ്രേരണയും അനുസരിച്ച് നാലു വിദ്യാലയങ്ങൾ സ്ഥാപിച്ചതായി അറിയാം (പഴഞ്ഞിയിൽ വികാരി നേതൃത്വം നൽകി സ്ഥാപിച്ചവയിൽ ഒരെണ്ണം സർക്കാരിലേക്ക് നൽകേണ്ടി വന്നു. ബാക്കിയുള്ളവ പല വ്യക്തികളുടെ മാനേജ്മെന്റിലേക്ക് വഴുതിവീഴുകയും ചെയ്തു.). വിദ്യാലയങ്ങൾക്ക് ആവശ്യമായ സന്ദർഭങ്ങളിൽ സഭാകേന്ദ്രം കൈത്താങ്ങൽ യഥാസമയം ലഭിക്കാത്തവിധം പിൻഗാമിയുടെ കാലത്ത് മുൻ വിദ്യാഭ്യാസനയം തിരുത്തപ്പെട്ടതോടെ 282 ദേവാലയങ്ങളുടെ കീഴിൽ സ്ഥാപിക്കപ്പെട്ടിരുന്ന 250 വിദ്യാലയങ്ങളിൽ ഭൂരിഭാഗവും സഭയുടെ മേൽവിലാസത്തിൽ നിന്ന് അന്യമായി. ചിലത് പ്രവർത്തനം നിലച്ചു, ചിലത് സർക്കാരിലേക്ക് കൈമാറി, ഏറെ വിദ്യാലയങ്ങൾ സ്വകാര്യവ്യക്തികളുടെ മാനേജ്മെന്റിലായി.

1876-1909 കാലത്ത് ഇപ്രകാരം സ്ഥാപിതമായ വിദ്യാലയങ്ങൾ കേരളത്തിന്റെ നവോത്ഥാനത്തെ അല്പമൊന്നുമല്ല സ്വാധീനിച്ചത്. ശൂദ്രന് അക്ഷരാഭ്യാസം നേടാൻ അർഹതയില്ലെന്ന മന്ത്രം അക്ഷരാർത്ഥത്തിൽ പ്രാവർത്തികമാക്കിയ സവർണ്ണമേധാവിത്തമുള്ള കേരളത്തിൽ അവർണ്ണ വിഭാഗങ്ങൾക്ക് വിദ്യയും തന്മൂലം വിജ്ഞാനവും ആർജ്ജിക്കുവാൻ മാർഗ്ഗമില്ലായിരുന്നു. 'ശൂദ്രമക്ഷര സംയുക്തം, ദൂരതഃ പരിവർജ്ജയേത്" എന്ന് അനുശാസിച്ചിരുന്ന മനുസ്മൃതിയെ വിപ്ലവാത്മകമായി ചോദ്യം ചെയ്യുന്ന പ്രഖ്യാപനമാണ് പരുമല-മുളന്തുരുത്തി കാനോനാകൾ മുഴക്കിയത്. ഈ പ്രഖ്യാപനത്തിന് വലിയ സ്വാഗതം ലഭിച്ചതായാണ് പില്ക്കാല കേരള ചരിത്രം രേഖപ്പെടുത്തുന്നത്. അവർണ്ണ സമുദായങ്ങളിൽ നവോത്ഥാന നായകർ ഉത്ഭവിച്ചു; വിദ്യകൊണ്ട് വിജ്ഞരാവുക എന്ന് നാരായണഗുരു ആഹ്വാനം നൽകിയതോടെ ആ സമുദായത്തിലെ വിദ്യാർത്ഥികൾ വിദ്യാ

ലയങ്ങളിലേക്ക് പ്രതീക്ഷാപൂർവം വിദ്യ നേടുവാൻ വന്നുചേർന്നു. അവർക്ക് വിദ്യയുടെ വെളിച്ചം പകരുവാൻ അന്ന് എസ്.എൻ.ഡി.പി. യോ, എൻ.എസ്.എസ്സോ, മുസ്ലീംലീഗോ ഒരു വിദ്യാലയവും സ്ഥാപിച്ചിരുന്നില്ല. സർക്കാർ വിദ്യാലയങ്ങളിലാണെങ്കിൽ സവർണരായ വിദ്യാർത്ഥികളെ മാത്രമേ പ്രവേശിപ്പിച്ചിരുന്നുള്ളു. കേരളത്തിലെ രണ്ടാമത്തെ സാമുദായിക സംഘടനയായി ശ്രീനാരായണ ധർമ്മപരിപാലന സംഘം കാൽ നൂറ്റാണ്ടിനു ശേഷം 1902-ൽ സ്ഥാപിതമായി എങ്കിലും വിദ്യാലയ സ്ഥാപനത്തിലൂടെ നാരായണഗുരുവിന്റെ സന്ദേശം പ്രാവർത്തികമാക്കിയത് വീണ്ടും പതിറ്റാണ്ടുകൾക്ക് ശേഷമാണ്. സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ ആഹ്വാനപ്രകാരം ആരംഭിച്ച വിദ്യാലയങ്ങളിൽ മതേതരവിഷയങ്ങളോടൊപ്പം ബൈബിൾ പാഠങ്ങളും നൽകിയിരുന്നു. മനുഷ്യസമത്വം, വിശ്വ സാഹോദര്യം, സ്നേഹവാനായ ദൈവത്തിന്റെ പിതൃത്വം, ത്യാഗസുരഭിലമായ ക്രിസ്തുസുവിശേഷം എന്നിവ ഈ വിദ്യാലയങ്ങളിലൂടെ ഗ്രഹിക്കാനിടയായ പ്രതിഭാശാലികൾ ചൂഷണത്തിനെതിരെ പ്രബുദ്ധരായി. മനുഷ്യസമത്വം എന്ന പ്രകാശം അവരുടെ ചിന്താമണ്ഡലത്തിൽ പുതിയ പ്രകാശം ചൊരിഞ്ഞു. നൂറ്റാണ്ടുകളായി അവർ അനുഭവിച്ചുപോരുന്ന അവഗണനകൾക്കെതിരെ സംഘടിക്കുവാൻ അവർക്ക് ധൈര്യവും ഊർജ്ജവും പകർന്നത് വിദ്യയിൽ നിന്നും ബൈബിളിൽ നിന്നും അവർക്ക് ലഭിച്ച വെളിച്ചമാണ്. ഈ ഒരു കാഴ്ചപ്പാടിൽ വേണം മുളന്തുരുത്തി കാനോനാകളെ നാം വിലയിരുത്തേണ്ടത്.

3. ഇടവകകൾ മാത്രമായി പ്രവർത്തിച്ചിരുന്ന സഭയ്ക്ക് ഒരു കേന്ദ്രതലം സൃഷ്ടിക്കപ്പെട്ടതോടെ സമൂഹത്തിൽ ഒരു പുതിയ ചൈതന്യം അനുഭവവേദ്യമായി. അച്ചടിച്ച ആരാധനക്രമങ്ങൾ, വിദ്യാലയങ്ങൾ സ്ഥാപിക്കൽ, പള്ളികളുടെ അറ്റകുറ്റപണികൾ നടത്തുക തുടങ്ങിയ ചുമതലകൾ നിർവഹിക്കുവാനായി ഒരു പ്രവർത്തനഫണ്ട് സ്വരൂപിക്കപ്പെട്ടു എന്നതാണ് കാനോനാകളുടെ മറ്റൊരു സവിശേഷത. വിവിധ ക്ലാസ്സുകളിലായി പള്ളികളെയും വ്യക്തികളെയും തരംതിരിക്കുവാനും ക്ലാസ്സുകൾക്ക് 100 രൂപ, അമ്പത് രൂപ, ഇരുപത്തിഅഞ്ച് രൂപാ, പത്ത് രൂപാ എന്നിങ്ങനെ അംഗത്വഫീസ് നിശ്ചയിക്കുവാനും പള്ളികൾക്ക് 500 രൂപാ മുതൽ താഴോട്ട് അംഗത്വഫീസ് നിശ്ചയിക്കുവാനും 7-ാം കാനോൻ നിർദ്ദേശം നൽകുന്നു. ഇപ്രകാരം സ്വരൂപിക്കുന്ന സംഖ്യ വ്യവഹാരച്ചിലവുകൾക്ക് മാത്രമല്ല, വിദ്യാലയ നിർമ്മാണം, പള്ളികളുടെ അറ്റകുറ്റപണികൾ, അധ്യാപകർക്ക് ശമ്പളം നൽകൽ എന്നീ പ്രവർത്തനങ്ങൾക്കും ഉതകിയിരുന്നു. തെരഞ്ഞെടുപ്പിന്റെ പിൻബലത്തിൽ സമിതികളിൽ കയറിപ്പറ്റുവാൻ ഇന്ന് നടത്തുന്ന വിലകുറഞ്ഞ ശ്രമങ്ങൾ നമ്മുടെ സമിതികളുടെ നിലവാരത്തെ ദുർബലപ്പെടുത്തുന്നതായി പലരും ചൂണ്ടിക്കാട്ടിയി

ട്ടുണ്ട്. നിശ്ചിത വിദ്യാഭ്യാസ യോഗ്യതകൾ ഉള്ളവരും നിശ്ചിത അംഗത്വ ഫീസ് നൽകുന്നവരും സമിതികളിൽ നിയമിക്കപ്പെടുന്ന സമ്പ്രദായം പരീക്ഷിക്കാവുന്ന ഒന്നാണ്. അസോസ്യേഷൻ രൂപീകരിച്ച് ഏതാനും വർഷങ്ങൾക്ക് ശേഷം രൂപീകരിക്കപ്പെട്ട മഹാജനസഭയാണ് അസോസ്യേഷന്റെ അജണ്ടകളെ വലിയ ഒരളവിൽ സ്വാധീനിച്ചിരുന്നതെന്ന് ചരിത്രം വിശദമാക്കിയിട്ടുണ്ട്. നീർജ്ജീവമായ അസോസ്യേഷനെ ചൈതന്യവത്താക്കാൻ ഇന്നും പരീക്ഷിക്കാവുന്നവയാണ് മുൻ അനുഭവപാഠങ്ങൾ.

ഇടവകയിൽ നിന്ന് കേന്ദ്രതലത്തിലേക്കും കേന്ദ്രതലത്തിൽ നിന്ന് ഇടവകതലത്തിലേക്കും ഊർജ്ജം പ്രവഹിക്കുന്ന ആ കാലഘട്ടം സഭയുടെ സുവർണ്ണയുഗമായി വിശേഷിക്കപ്പെടുന്നതിൽ അപാകതയില്ല. ഭദ്രാസന പ്രതിപുരുഷയോഗങ്ങളിലേക്കും അസോസ്യേഷൻ യോഗങ്ങളിലേക്കും അംഗത്വം നേടുന്നവർ യഥാക്രമം ഭദ്രാസന കവർപിരിവിലോ കാതോലിക്കാദിനപ്പിരിവിലോ, സണ്ടേസ്കൂൾ, സെമിനാരി, മിഷൻ തുടങ്ങിയ കവർ പിരിവുകളിലോ സംഭാവന നൽകിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാൻ നമുക്കിപ്പോഴും മാർഗ്ഗങ്ങളൊന്നുമില്ല എന്ന പരിതാപകരമായ വസ്തുതയുമായി തട്ടിച്ചുനോക്കിയാൽ ഇക്കാര്യത്തിൽ മുളന്തുരുത്തി കാനോനാകൾ പ്രകടമാക്കിയ സൂക്ഷ്മബുദ്ധിയും ദീർഘദൃഷ്ടിയും പ്രായോഗികതയും ആശ്ചര്യകരമായിരിക്കുന്നു. ഇടവകതലത്തിലായാലും ഭദ്രാസനതലത്തിലായാലും കേന്ദ്രതലത്തിലായാലും വിദ്യാഭ്യാസമുള്ളവരും കാര്യപ്രാപ്തിയുള്ളവരും അഭിപ്രായധീരതയുള്ളവരും സഭയെപ്പറ്റി ഉന്നത ദർശനമുള്ളവരും സഹപ്രവർത്തകരായി ഉണ്ടാകണമെന്നാണ് അതത് തലത്തിലെ അധ്യക്ഷന്മാർ ആഗ്രഹിക്കേണ്ടത്. സിംഹങ്ങൾ ഇരുന്ന് ഗർജ്ജിച്ചിരുന്ന കസേരകളിൽ ഇന്ന് കുറുക്കന്മാർ ഓരിയിടുന്നു എന്ന വിമർശനസ്വരത്തിലെ അന്തഃസത്ത ഗൗരവപൂർണ്ണമായ ശ്രദ്ധ അർഹിക്കുന്നില്ലേ?

## അധ്യായം 8

# ഹൂദായ കാനോൻ

മലങ്കര ഓർത്തഡോക്സ് സഭ സ്വീകരിച്ച കാനോനെപ്പറ്റി സഭയുടെ ഭരണഘടന വ്യക്തമാക്കുന്നത് ഇപ്രകാരമാണ്:

“ഈ സഭ അംഗീകരിച്ചിരിക്കുന്ന കാനോൻ ബാർ എബ്രായയാൽ എഴുതപ്പെട്ട ഹൂദായ കാനോൻ ആകുന്നു (1898-ൽ പാരീസ് പട്ടണത്തിൽ അച്ചടിച്ചിട്ടുള്ളത് ഈ കാനോൻ തന്നെയാണ്) – അദ്ധ്യായം 1, വകുപ്പ് 5.

(1934-ൽ കോട്ടയം എം. ഡി. സെമിനാരിയിൽ ചേർന്ന മലങ്കര അസോസ്യേഷൻ അംഗീകരിച്ച സഭാഭരണഘടനയിലെ ഈ വകുപ്പ് നമുക്ക് പരിചിതമാണ്. ഭരണഘടനയിൽ വ്യക്തമാക്കപ്പെടാത്ത കാര്യങ്ങളെപ്പറ്റിയും ഭരണഘടനയിലെ വകുപ്പുകളുടെ വ്യാഖ്യാനങ്ങൾ തർക്കവിഷയമാകുമ്പോഴും കാനോൻ വിധികളുടെ വെളിച്ചത്തിൽ കാര്യങ്ങൾക്ക് അന്തിമ തീരുമാനമുണ്ടാകേണ്ടതാണെങ്കിലും നമ്മുടെ സഭയുടെ വിവിധ സ്ഥാനങ്ങളിൽ ഭരണം നടത്തുന്ന മേൽപ്പട്ടക്കാർ, പട്ടക്കാർ, ഭദ്രാസനചുമതലക്കാർ, ഇടവകഭാരവാഹികൾ, കേന്ദ്രമാനേജിംഗ് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ ഈ അടിസ്ഥാനപ്രമാണത്തെ ഉദാസീനതയോടെയാണ് വീക്ഷിക്കുന്നത് എന്നത് പലപ്പോഴും ഈ ഗ്രന്ഥകാരനെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്.)

1934-നു മുമ്പ് ഹൂദായ കാനോൻ മലങ്കരസഭ സ്വീകരിച്ചിട്ടില്ലെന്നും സെമിനാരിക്കേസിൽ അത് ഹാജരാക്കപ്പെട്ടത് അനധികൃതമായിട്ടായിരുന്നെന്നും തന്മൂലം ഹൂദായകാനോന്റെ അടിസ്ഥാനത്തിൽ ഉണ്ടായ റോയൽ കോടതി വിധി പുനഃപരിശോധിക്കപ്പെടണം എന്നും 2007 ഒക്ടോബറിൽ ഒരു വൈദികമഹാസമ്മേളനത്തിൽ (250-ൽ കൂടുതൽ വൈദികർ അതിൽ സംബന്ധിച്ചിരുന്നു) ഈ വിഷയത്തിൽ ക്ലാസെടുത്ത നമ്മുടെ വൈദികസെമിനാരിയിൽ പഠിപ്പിക്കുന്ന ഒരു സീനിയർ ഡോക്ടറേറ്റ് ബിരുദധാരിയായ വൈദികൻ തറപ്പിച്ചു പറഞ്ഞതായും അത് ഓർമ്മപ്പിശകാണ് എന്ന് ചർച്ചാവേളയിൽ ചൂണ്ടിക്കാട്ടിയ ഒരു വൃദ്ധവൈദികനോട് അദ്ദേഹം കയർത്തതായും ഓർക്കുന്നു. ശെമവൂൻ മാർ ദീവന്നാസ്യോസ് എഴുതിവച്ച മലങ്കരസഭാചരിത്രത്തിന്റെ കൈയെഴുത്തുപ്രതി കണ്ടെടുത്ത് വ്യാഖ്യാനസഹിതം ഈ ഗ്രന്ഥകാരൻ 2008-ൽ *കണ്ടനാട് ഗ്രന്ഥവരി* എന്ന പേരിൽ പ്രസിദ്ധീകരിച്ചതോടെ ഇക്കാര്യത്തിൽ സംശയാതീതമായ വ്യക്തത വന്നിട്ടുണ്ട്.

1876 മകരം 15 മുതൽ 17 വരെ വെളിയനാട് പള്ളിയിൽ ചേർന്ന സുന്ന

ഹദോസിന്റെ - അസോസ്യേഷന്റെ - തീരുമാനം ഇക്കാര്യത്തിൽ നമ്മുടെ തെറ്റിദ്ധാരണകൾ അകറ്റുവാൻ പര്യാപ്തമാണ്:

"17-ന് നമസ്ക്കാരം മുതലായവ കഴിഞ്ഞ് 8 മണിക്ക് കൂടപ്പെട്ടു. അന്ന് വക്കീൽ ആയി നിശ്ചയിപ്പാൻ കൊച്ചിയിൽ നിന്നും മിസ്റ്റർ വോക്കർ സായിപ്പിനെ ഈ കൂട്ടത്തിലേക്ക് വിളിച്ചിട്ടുണ്ടായിരുന്നു. അന്നത്തെ കൂട്ടത്തിൽ നമ്മുടെ വിശ്വാസത്തിന്റെ സ്ഥിരതയെക്കുറിച്ച് വി. പിതാവ് ഹൂദായ പുസ്തകത്തിൽ നിന്നും എടുത്തെഴുതി ഉണ്ടാക്കിയിട്ടുള്ള ഒരു കാനോനാ സുന്നഹദോസിൽ വച്ച് വായിച്ചു. എല്ലാവരും അതിനെ സമ്മതിച്ച് ആമ്മീൻ പറയുകയും ചെയ്തു. ആ പുസ്തകം മലയാളത്തിൽ അച്ചടിപ്പിപ്പാൻ ഗീവറുഗീസ് ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ഏല്പിച്ചുകൊടുത്തു" (കണ്ടനാട് ഗ്രന്ഥവരി, പുറം 350).

1876-ൽ മലങ്കര അസോസ്യേഷൻ ഏകകണ്ഠമായി അംഗീകരിച്ച ഈ കാനോൻ ആണ് സെമിനാരി വ്യവഹാരത്തിൽ കോടതിയിൽ ഹാജരാക്കപ്പെട്ടത് എന്ന് നിർമ്മത്സരബുദ്ധികളായ അനുവാചകർക്ക് ഗ്രഹിക്കുവാൻ ഈ സാക്ഷ്യം മതിയാകും. ഈ തീരുമാനപ്രകാരം മലങ്കരസഭ സ്വീകരിച്ച ഹൂദായകാനോന്റെ പൂർണ്ണരൂപം (40 അധ്യായങ്ങൾ) പുതുപ്പള്ളി പടിഞ്ഞാറേക്കുറ്റ് ഗീവറുഗീസ് കത്തനാരും പഴഞ്ഞി പുലിക്കോട്ടിൽ മത്തായി കത്തനാരും പകർത്തി എഴുതിയത് ഈ ഗ്രന്ഥകാരൻ പരിശോധിച്ചിട്ടുണ്ട്. രണ്ടും ഈ ഗ്രന്ഥകാരന്റെ ഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചിട്ടുണ്ട്. അന്നത്തെ പുരാതന മല്പാൻ പാഠശാലകളിൽ ഹൂദായ കാനോൻ പാഠ്യവിഷയമായിരുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്. രണ്ടും 19-ാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ പകർത്തി എഴുതപ്പെട്ടവയാണ്. കൃത്യമായി പറഞ്ഞാൽ രണ്ടും 1890-ൽ പകർത്തിയെഴുതപ്പെട്ടവയാണ്. 1986-ൽ ഹോളണ്ടിൽ നിന്ന് സിറിയൻ പാത്രിയർക്കീസിന്റെ കീഴിലായിരുന്ന ശീശക് മെത്രാപ്പോലീത്താ അച്ചടിച്ച് പ്രസിദ്ധീകരിച്ച ഹൂദായ കാനോൻ പതിപ്പുമായി ഈ രണ്ടു കൈയെഴുത്തുപ്രതികളെയും ഈ ഗ്രന്ഥകാരൻ താരതമ്യം ചെയ്തു പരിശോധിച്ചിട്ടുണ്ട്. അവ തമ്മിൽ സാരമായ വ്യത്യാസങ്ങളൊന്നുമില്ല, ചില ശീർഷകങ്ങളുടെ കാര്യത്തിലും അക്ഷരശുദ്ധിയുടെ കാര്യത്തിലും വന്ന പിഴവുകൾ അവഗണിക്കാവുന്നവയാണ് (തെറ്റിദ്ധാരണയുണ്ടാക്കുന്ന ചില പദങ്ങൾ ഒഴിവാക്കിയിട്ടുണ്ട്).

ഈ രണ്ടു കാനോൻ കയ്യെഴുത്തുപ്രതികളും സെമിനാരിക്കേസ് അവസാനിച്ചശേഷം പകർത്തി എഴുതിയതാണ് (1889-ലാണ് റോയൽ കോടതി വിധി പ്രഖ്യാപിക്കപ്പെട്ടത് എന്നോർക്കുക). എന്നാൽ റോയൽ ക്കോടതി വിധിക്കു മുമ്പ് സെമിനാരി വ്യവഹാരത്തിൽ മലങ്കര സഭയ്ക്കു വേണ്ടി കോനാട്ട് ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ

ഹൂദായ കാനോൻ പൂർണ്ണരൂപത്തിൽ ഹാജരാക്കിയിരുന്നു. അതിലെ ആദ്യത്തെ പത്ത് അധ്യായങ്ങൾ കോനാട്ട് മാത്തൻ മല്പാനും (വൈദികട്രസ്റ്റി) പിന്നീടുള്ള മുപ്പത് അധ്യായങ്ങൾ പരുമല ഗീവറുഗീസ് മാർ ഗ്രിഗോറിയോസും ആണ് പകർത്തി എഴുതിയത് എന്ന് കോനാട്ട് അച്ചന്റെ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട് (മാത്തൻ മല്പാൻ ഡയറി ബുക്ക് നമ്പർ 1, കോനാട്ട് ഗ്രന്ഥശേഖരം, മലയാളം നമ്പർ 372. മലങ്കര മൽപ്പാൻ കോനാട്ട് മാത്തൻ കോർഎപ്പിസ്ക്കോപ്പാ: വ്യക്തിയും കാലവും, എഡി. ഫാ. ഡോ. കോനാട്ട് ജോൺസ് ഏബ്രഹാം കത്തനാർ. ലേഖനം (ഒരു ലഘുജീവചരിത്രം, പി. തോമസ്, പുറം 18).

ഹൂദായകാനോൻ 1876-ൽ മലങ്കര അസോസ്യേഷൻ അംഗീകരിച്ചതാണെന്നും അത് ക്രമമായി അക്കാലം മുതൽ മലങ്കരസഭയിലെ മല്പാൻ പാഠശാലകളിൽ പകർത്തി എഴുതി പാഠ്യവിഷയമാക്കിയെന്നും ഇതിന്റെ പകർപ്പാണ് സെമിനാരി വ്യവഹാരത്തിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ ആജ്ഞാപിച്ചതനുസരിച്ച് ഹാജരാക്കിയതെന്നും ഇതിന്റെ അടിസ്ഥാനത്തിലാണ് സെമിനാരി വ്യവഹാരം ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി പര്യവസാനിച്ചതെന്നും ആ പശ്ചാത്തലത്തിലാണ് 1934-ലെ മലങ്കരസഭാ ഭരണഘടനയിൽ സഭയുടെ കാനോൻ ഏതെന്ന് പ്രമാണവല്ക്കരിച്ചതെന്നും മേൽപ്രകരണത്തിൽ നിന്ന് വ്യക്തമാകുന്നുണ്ടല്ലോ.

ബാർ എബ്രായ എഴുതിയ എന്ന് സഭാഭരണഘടനയിൽ ചേർത്തിട്ടുള്ളതിൽ ഒരു വിശദീകരണം ആവശ്യമാണ്. അദ്ദേഹം ഹൂദായ കാനോന്റെ എഴുത്തുകാരനല്ല. എഡിറ്റർ ആണ്. ഹൂദായകാനോന് എഴുത്തുകാരൻ ഇല്ല എന്നതാണ് സത്യം. ശ്ലൈഹികകാലം മുതൽ അപ്പോസ്തോലിക പതിവുകളായും അപ്പോസ്തോലന്മാരുടെ അഭിപ്രായങ്ങളായും വിവിധകാലങ്ങളിൽ ചേർന്ന സഭാകൗൺസിലുകളുടെ നിശ്ചയങ്ങളായും സഭാപിതാക്കന്മാരുടെ അഭിപ്രായങ്ങളായും സഭയിൽ സംരക്ഷിക്കപ്പെട്ടുപോന്ന അലിഖിതവും ലിഖിതവുമായ പാരമ്പര്യങ്ങളെ പൗരസ്ത്യ കാതോലിക്കാ കൂടെ ആയിരുന്ന ബാർ എബ്രായ രേഖപ്പെടുത്തുകയും എഡിറ്റു ചെയ്യുകയും ആവശ്യമായ സ്വകീയ വിശദീകരണങ്ങളോടെ സമാഹരിക്കുകയുമാണ് ഉണ്ടായത്. അദ്ദേഹം തന്നെ അക്കാര്യം മുഖവുരയിൽ വിശദീകരിച്ചിട്ടുള്ളത് ഇപ്രകാരമാണ്:

“ഈ നിയമ ഗ്രന്ഥത്തിൽ സർവ്വപ്രധാനമായി ആത്മീയവും ലൗകികവുമായ നീതിനിഷ്ഠയാണ് ലക്ഷ്യമാക്കിയിരിക്കുന്നത്. ഇവയെ ആചരിക്കാതെയിരുന്നാൽ സുപ്രധാനമായ വിശ്വാസപാലനത്തിന് കോട്ടം തട്ടുകയും അന്യമതസ്ഥരാൽ അത് നിന്ദിക്കപ്പെടാനിട വരികയും

ചെയ്തേക്കാം. സഭാപരങ്ങളും ലൗകികങ്ങളുമായ സകല നിയമങ്ങളും നാല്പത് അധ്യായങ്ങളിൽ ഖണ്ഡികകളായി വിഭജിച്ച് ആവശ്യമായ "ഹൂദായ" സഹിതം ഇതിൽ ഞാൻ ക്രമീകരിച്ചിരിക്കുന്നു. ദൈവത്തിന്റെ സഭയ്ക്കും ശുശ്രൂഷകന്മാർക്കും പ്രത്യേക പരിഗണനയും നൽകിയിട്ടുണ്ട്. സഭാപരമായ നിയമങ്ങൾക്ക് ക്ലീമ്മീസിന്റെ എട്ട് ഗ്രന്ഥങ്ങളിലുള്ള ശ്ലീഹന്മാരുടെ കാനോനാകളും ആദായിയുടെ ഉപദേശവും പൊതുസുന്നഹദോസ് നിശ്ചങ്ങളുമാണ് ഞാൻ അവലംബമാക്കിയിരിക്കുന്നത്. ലൗകിക നിയമങ്ങളിൽ യൗനായ രാജാക്കന്മാരെയും ഏത് നിലയിലായിരുന്നാലും നീതിനിഷ്ഠയെ ലക്ഷ്യമാക്കിയിരുന്ന ഇതരന്മാരെയും എനിക്ക് അംഗീകരിക്കേണ്ടി വന്നിട്ടുണ്ട്. ഓരോ നിയമവും അതതിന്റെ രചയിതാവിന്റെ നാമത്തിൽ തന്നെയാണ് ഉദ്ധരിച്ചിരിക്കുന്നത്.

അപ്രസിദ്ധന്മാരിൽ നിന്ന് പരമ്പരയാ അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രമാണങ്ങൾ 'ഹൂദായ' എന്ന തലക്കെട്ടിൽ ഞാൻ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശുദ്ധ പിതാക്കന്മാരിൽ നിന്ന് ഞാൻ അംഗീകരിച്ചിട്ടുള്ളതുപോലെ തന്നെ അസ്വീകാര്യന്മാരായ ആളുകളിൽ നിന്ന് പോലും സ്വീകാര്യങ്ങളായ നിയമങ്ങളെ അംഗീകരിച്ചിട്ടുണ്ട്. അറിയോസുകാർ അന്ത്യോഖ്യയിൽ വച്ച് നിശ്ചയിച്ചിട്ടുള്ള ഇരുപത്തിഅഞ്ച് നിയമങ്ങൾ, ഗൻഗാറ പട്ടണത്തിൽ വച്ച് മക്കദോന്യർ ചെയ്ത ഇരുപത് നിയമങ്ങൾ, ലേയോന്റെ കൂട്ടർ കൽക്കിദൂനായിൽ വച്ച് ഏർപ്പെടുത്തിയ ഇരുപത്തേഴു നിയമങ്ങൾ ഇവയാണ് അത്."

ബാർ എബ്രായയെക്കുറിച്ചും അദ്ദേഹം തയാറാക്കിയ ഹൂദായകാനോനെക്കുറിച്ചും വിവർത്തകനും അവതാരികാകാരനുമായ കോനാട്ട് അബ്രഹാം കത്തനാർ നൽകുന്ന പരിചയപ്പെടുത്തൽ താഴെ ചേർക്കുന്നു:

"പാശ്ചാത്യ പൗരസ്ത്യദേശങ്ങളുടെ പ്രകാശം എന്ന അപരാഭിധാനത്തിൽ സുപ്രസിദ്ധനും പൗരസ്ത്യ കാതോലിക്കാമാരുടെ ഗണത്തിൽ അഗ്രഗണ്യനും അഗാധ പണ്ഡിതനുമായ മാർ ഗ്രീഗോറിയോസ് ബാർ എബ്രായ എന്ന പരിശുദ്ധ പിതാവിനാൽ വിരചിതമായിട്ടുള്ള അനേകം വിശിഷ്ട ഗ്രന്ഥങ്ങളിൽ ഒന്നാണ് ഹൂദായ കാനോൻ. അബു അൽ ഫ്രജ്ജ് എന്നു കൂടി പേരുള്ള ഈ വിശുദ്ധൻ 1225-ൽ ഭൂജാതനായി. സ്വദേശം കപ്പദൂക്കിയായിൽ മിലിത്തീനി എന്ന പട്ടണം ആയിരുന്നു. ഇദ്ദേഹം ഗർഭസ്ഥിതനായിരുന്ന കാലത്ത് യുദ്ധഭീതി നിമിത്തം മാതാപിതാക്കൾ ഒളിച്ചോടി നടക്കവേ, ഫ്റാത്ത് നദീതീരത്തു വച്ച് ഇദ്ദേഹത്തെ പ്രസവിക്കാനിടയായത് കാരണം 'കടവിന്റെ പുത്രൻ' എന്നർത്ഥമുള്ള 'ബാർ എബ്രോയോ' എന്ന് നാമകരണം ചെയ്യപ്പെട്ടു. അവിടെ നിന്ന് അവർ അന്ത്യോഖ്യാ പട്ടണത്തിലെത്തി സ്ഥിരവാസം ആരംഭിച്ചു. അവിടെ വച്ച്

ഇദ്ദേഹം റമ്പാനായിത്തീരുകയും തുടർന്ന് എപ്പിസ്ക്കോപ്പാ ആയി ലാക്കാബീൻ, ബേറാവോ, ഹലാബ് ഈ ഇടവകകളിൽ മാറി മാറി ഭരണം നടത്തുകയും ചെയ്തു. ക്രി. 1264–ൽ പൗരസ്ത്യ കാതോലിക്കാ ആയി അവരോധിക്കപ്പെട്ടു. ക്രി. 1286–ൽ മാറാഗാ എന്ന സ്ഥലത്ത് വച്ച് കർത്താവിൽ നിദ്ര പാപിച്ചു. തന്റെ മരണസമയത്തെ സൂചിപ്പിച്ചുകൊണ്ട് വളരെ മുമ്പു തന്നെ ഇദ്ദേഹം ഒരു പദ്യം എഴുതിവച്ചിരുന്നതായി പറയപ്പെടുന്നു. സുറിയാനി, ഗ്രീക്ക്, അറബി, ലത്തീൻ, എബ്രായ മുതലായ അനേകം ഭാഷകളിലും വിവിധ ശാസ്ത്രങ്ങളിലും ഇദ്ദേഹം അതിനിപുണനായിരുന്നതിനു പുറമെ ഒരു തികഞ്ഞ വാഗ്മിയും അത്ഭുതസിദ്ധികളോടു കൂടിയ ഒരു വിശുദ്ധനും ആയിരുന്നു. മുപ്പതിൽപരം വിശിഷ്ട ഗ്രന്ഥങ്ങളും ഇദ്ദേഹത്താൽ വിരചിതമായിട്ടുണ്ട്.

ക്രി. പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഈ വിശുദ്ധൻ ആ കാലത്തിനനുയോജ്യമായ നിലയിൽ ആത്മീയവും ലൗകികവുമായ അനേകം നിയമങ്ങളെ ക്രോഡീകരിച്ച് നിർമ്മിച്ചിട്ടുള്ളതാണ് ഈ ഹൂദായ കാനോൻ. ഇന്നും ആത്മീയ സംഗതികളിൽ ഈ ഗ്രന്ഥം മാത്രമാണ് ആധാരമായിട്ടുള്ളത് എന്ന് പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ.

ആധുനികകാലത്ത് ഈദൃശ ഗ്രന്ഥങ്ങൾ വളരെ ദുർലഭവും സുറിയാനി ഭാഷാപരിജ്ഞാനം അപര്യാപ്തവും ആകയാൽ ഇതിന്റെ ഒരു മലയാള പരിഭാഷ ഏറ്റവും അത്യാവശ്യമാണ്. പരേതനായ എന്റെ വന്ദ്യ പിതാവ് വളരെക്കാലം മുമ്പ് തന്നെ ഇതിന്റെ പരിഭാഷ ആരംഭിച്ച്, ജീവനിക്ഷേപം മാസികയിൽ അത് ഖണ്ഡശ്ശഃ പ്രസിദ്ധം ചെയ്തിരുന്ന സംഗതി പലർക്കും ഓർമ്മയുണ്ടായിരിക്കാം. കുറഞ്ഞപക്ഷം പത്ത് അധ്യായങ്ങൾ എങ്കിലും പ്രസിദ്ധം ചെയ്യണമെന്നുള്ള ഉദ്ദേശ്യത്തിൽ ആരംഭിച്ച ഈ ഉദ്യമം കൃത്യാന്തരങ്ങളാൽ പൂർത്തിയാകുവാനിടയായില്ല. ...

സുറിയാനിഭാഷാലോകത്ത് ഇതഃപര്യന്തം ഉദയം ചെയ്തിട്ടുള്ളതിൽ ഏറ്റവും ഉജ്ജ്വലമായ താരം മാർ ഗ്രീഗോറിയോസ് ബാർ എബ്രായ ആണ്. സുറിയാനി ഭാഷ ഏറ്റവും വിദഗ്ദ്ധവും ശാസ്ത്രീയവുമായി കൈകാര്യം ചെയ്യുന്നതിൽ അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള നൈപുണ്യം അന്യാദൃശമാണ്. പ്രത്യേകിച്ച് ഇതൊരു നിയമഗ്രന്ഥവും ... ആദ്യത്തെ പത്ത് അധ്യായങ്ങൾ ഇപ്പോൾ ഈ നിലയിൽ പൊതുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

മൂലഗ്രന്ഥത്തിൽ ആകെ നാല്പത് അധ്യായങ്ങളാണുള്ളതെങ്കിലും ഇനിയുള്ള മുപ്പത് അധ്യായങ്ങൾ മിക്കവാറും ഈ കാലസ്ഥിതിക്ക് പ്രയോജനമില്ലാത്ത ലൗകികനിയമങ്ങളാണ്. ആകയാൽ തല്ക്കാലം അവയെ ഉപേക്ഷിക്കുന്നു. എന്നാൽ ബഹുജനഹിതത്തെ ആദരിച്ച്, വേണ്ടിവന്നാൽ

തുടർന്ന് മറ്റ് ഭാഗങ്ങളും പ്രസിദ്ധം ചെയ്യുവാൻ ഞാൻ സന്നദ്ധനാണെന്നുള്ള വിവരം കൂടി പ്രസ്താവിച്ചുകൊള്ളുന്നു (1974).

ബാർ എബ്രായ മികച്ച കരകൗശല പ്രതിഭയാണെന്ന് അദ്ദേഹത്തിന്റെ വാസസ്ഥലം സന്ദർശിച്ചവർ സാക്ഷിക്കുന്നു. 1864-65 കാലത്ത് മൂസലിലെ മാർ മത്തായിയുടെ ദയറാ സന്ദർശിച്ച പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്താ 'ഒരു പരദേശയാത്രയുടെ കഥ' എന്ന യാത്രാവിവരണത്തിൽ നൽകുന്ന ചിത്രം ഇപ്രകാരമാണ്:

"എല്ലാ ക്രിസ്ത്യാനികളും ഒരുപോലെ ബഹുമാനിക്കുന്ന വലിയ വൈദികനും ശാസ്ത്രജ്ഞനും ബാർ എബ്രായ എന്നു പ്രസിദ്ധനും ആയ മാർ ഗ്രീഗോറിയോസു കാതോലിക്കാ സ്ഥിരവാസം ചെയ്തിരുന്നതു ഈ ദയറായിലാണ്. ഇദ്ദേഹം ഉണ്ടാക്കിയിട്ടുള്ള അനേകം വേദപുസ്തക വ്യാഖ്യാനങ്ങളും പ്രബന്ധങ്ങളും നിയമങ്ങളും സുറിയാനിഭാഷാസാഹിത്യത്തിൽ ഒരു ഉന്നതപദവിക്കു അർഹങ്ങളാണു. സുറിയാനി സഭയിലെ പരിശുദ്ധനും മല്പാനും ആയി അംഗീകരിച്ചിട്ടുള്ളവരിൽ അവസാനത്തെ ആളുമാണു ഇദ്ദേഹം. ഇത്ര വലിയ സ്ഥാനത്തിലും മഹത്വത്തിലും ഇരുന്ന ഈ പരിശുദ്ധൻ തന്റെ ജീവിതകാലത്തെ നയിച്ചതു ഒരു വലിയ കരിങ്കല്ലിന്റെ ഉള്ളിൽ കൊത്തിയുണ്ടാക്കിയ ഒരു ചെറിയ ഗുഹയിലാണു. ഇതിന്റെ അകത്തു ഒരാൾക്കു കഷ്ടിച്ചു കടക്കത്തക്ക ഒരു (പ്രവേശന) ദ്വാരമേ ഉണ്ടായിരുന്നുള്ളു. ഗുഹയുടെ വിസ്താരം രണ്ടു കോൽ നീളവും രണ്ടര കോൽ പൊക്കവും ഒരു കോൽ വീതിയുമാണ് (ഒരു കോൽ = രണ്ടര അടി). പടിഞ്ഞാറെ അറ്റത്തു ഒരാൾക്കു ഇരിക്കത്തക്ക ക്രമത്തിൽ ഒരു തിണ്ണ കാണ്മാനുണ്ടു. ഈ പരിശുദ്ധൻ ആശ്വാസത്തിന്നായി പുറപ്പെടുന്ന നേരത്തിൽ പണിയപ്പെട്ടതായ ഒരു കൽമാടവും അതിനു താഴെ കൊത്തപ്പെട്ട രണ്ടു കൽമുറികളും അതുകളുടെ മുൻവശത്തു കല്ലിൽ കൊത്തിക്കുഴിച്ച ഒരു ചെറിയ കുളവുമുണ്ട്. ഇതിലേക്കുള്ള ഉറവ ഈ കൽമുറികളിൽ നിന്നു പുറപ്പെട്ടുകൊണ്ടിരിക്കുന്നു. കുളത്തിൽ വെള്ളം നിറഞ്ഞു കവിഞ്ഞൊഴുകിക്കൊണ്ടിരിക്കുന്നു. കൽമുറിയിൽ നാം കേറി നോക്കിയപ്പൊൾ അതിനകത്തു മുട്ടിനുമേൽ വെള്ളമുണ്ടായിരുന്നു. മുറികളുടെ മീതെയുള്ള കൽമാടത്തിൽ നിന്നു എത്രയും നേരിയവിധത്തിൽ മഞ്ഞു സർവദാ പെയ്തുകൊണ്ടിരിക്കുന്നു. ഈ കൽമാടത്തിന്റെ താഴെയുള്ള കുളത്തിന്റെ ചുറ്റുമായി പത്തുമുപ്പതു പേർക്കിരിക്കാം. എത്ര ഉഷ്ണിച്ചവനും ഒരു മണിക്കൂർ ഈ മാടത്തിന്റെ താഴെ ഇരുന്നാൽ കുളിരുകൊണ്ടു വിറച്ചു പോകുന്നതും കുപ്പായം മഞ്ഞുകൊണ്ടു നനയുന്നതുമാണു. ഈ ഒരു വിശേഷം നിമിത്തം മൂസലിലെ പ്രധാനന്മാർ ജാതി മതഭേദങ്ങൾ ആലോചിക്കാതെ കുടുംബസമേതം ഇവിടെ വന്നു സുഖ

മെടുത്തു താമസിക്കാറുണ്ടു. ഈ പണികളെല്ലാം ബാർ എബ്രായയുടെ കരകൌശലങ്ങളാണു. കൽമാടത്തിന്റെ മുൻവശത്തു അദ്ദേഹത്തിന്റെ പേരു കൊത്തപ്പെട്ടിട്ടുണ്ടു."

ഹൂദായകാനോനിലെ പത്ത് അധ്യായങ്ങൾ കോനാട്ട് അബ്രഹാം മൽപ്പാൻ മലയാളത്തിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ച വിവരം പ്രസ്താവിച്ചുവല്ലോ. പത്ത് അധ്യായങ്ങളിലെ ഉള്ളടക്കം ഇപ്രകാരമാണ്: അധ്യായം 1: പള്ളിയും ഭരണവും. അധ്യായം 2: മാമ്മൂദീസാ. അധ്യായം 3: ദിവ്യ മൂറോൻ. അധ്യായം 4: കുർബ്ബാന. അധ്യായം 5: നോമ്പുകളും പെരുനാളുകളും പ്രാർത്ഥനയും. അധ്യായം 6: ശവസംസ്കാരം. അധ്യായം 7: ആചാര്യത്വം. അധ്യായം 8: വിവാഹം. അധ്യായം 9: മരണ പത്രം. അധ്യായം 10: അവകാശക്രമം.

പേർഷ്യൻ-അലക്സാന്ത്രിയൻ-റോമ്മൻ-അർമ്മീനിയൻ-കാൽഡിയോ കാത്തലിക് തുടങ്ങിയ വിവിധ വിദേശസഭകളുടെ പാരമ്പര്യങ്ങളെ വിവിധ അളവിൽ സ്വാംശീകരിക്കുകയും നിലനിർത്തിപ്പോരുകയും ചെയ്തിരുന്ന മലങ്കരസഭയുടെ അനുഷ്ഠാനങ്ങളും വിശ്വാസാചാരങ്ങളും ഗണ്യമായ ഒരളവിൽ ഏകീകരിക്കുവാൻ മുളന്തുരുത്തിക്കാനോനാകൾ സഹായക മായി. അവയുടെ പ്രചാരകന്മാരായി ആറ് മേല്പട്ടക്കാർ ഒരേസമയം മല ങ്കരസഭയിൽ ആവിർഭവിച്ചത് ഇവയുടെ പ്രചുരപ്രചാരത്തിന് കാരണ മായി. കാനോനാകൾ മാത്രമല്ല, പത്രോസ് പാത്രിയർക്കീസ് ഏതാണ്ട് രണ്ടു കൊല്ലമായി ഇവിടെ പരിചയപ്പെടുത്തിയ ആരാധനകളും ആരാധ നാപരമായ നടപടികളും മലങ്കരസഭ ചോദ്യം കൂടാതെ പകർത്തി. പാത്രി യർക്കീസ് നടത്തിയ യൽദാ, ദനഹാ, ഊശാന, പെസഹാ, ദുഃഖവെള്ളി, ഉയിർപ്പ്, പെന്തിക്കോസ്തി തുടങ്ങിയ പെരുനാളിലെ ആരാധനകൾ സവി സ്തരമായി ശെമവൂൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, *കണ്ട നാട് ഗ്രന്ഥവരി*യിൽ വിവരിക്കുന്നത് മുമ്പ് കണ്ടിട്ടില്ലാത്ത നടപടികളെ പരിചയപ്പെടുത്തുന്ന സൂക്ഷ്മതയോടെയാണ്. മലങ്കരസഭയുടെ സന്ദി ഗ്ദ്ധാവസ്ഥ ചൂഷണം ചെയ്യുവാൻ പത്രോസ് പാത്രിയർക്കീസ് രണ്ടു കാര്യങ്ങൾ കൂടെ ചെയ്തു. സഭയിൽ പൊതുവെയും ഇടവകയിൽ പ്രത്യേ കമായും നടപ്പാക്കേണ്ടുന്ന പരിഷ്ക്കാരങ്ങൾ പല പള്ളികളിലും നിർ ദ്ദേശം മൂലവും കല്പന മൂലവും നൽകി. കരിങ്ങാച്ചിറപള്ളിയിൽ മേടം 9-ാം തീയതി നൽകിയ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു:

"രണ്ടു നേരവും പള്ളിയിൽ നമസ്കാരത്തിന് മുടക്കം വരുത്തരു തെന്നും നമസ്കാരത്തിന് 'മറിയാ ക്രീസാ'യുടെ[6] ശേഷം ധൂപം വക്ക ണമെന്നും വ്യാഴാഴ്ച അസ്തമനത്തിന് വിശഷാൽ 'ബാക്ന് ദാക്കാർ'[7] എന്നുള്ള സ്ലീബായുടെ കുക്കിലിയോൻ കൂടെ ചൊല്ലി ധൂപം വക്കണ

മെന്നും ശനിയാഴ്ച അസ്തമിച്ച് 'കൊഹനായ്ക്ക്'[8] എന്നുള്ള കുക്കിലി യോൻ ചൊല്ലി ധൂപം വക്കണമെന്നും ഞായറാഴ്ചകൾക്കും പെരുന്നാളു കൾക്കും അസ്തമിച്ചും കാലത്തും ഉള്ള നമസ്കാരത്തിന് ഏവൻഗേലി യോൻ വായിക്കണമെന്നും അസ്തമനത്തിന്റെ നമസ്കാരം സന്ധ്യക്കു മുമ്പ് കഴിക്കണമെന്നും കാലത്തെ നമസ്കാരം ഉദിക്കുന്നതിന് മുന്നം തുടങ്ങണമെന്നും ഹാലേലുയ്യാ എന്നുള്ള മാലാഖമാരുടെ സ്തുതിപ്പിൽ അല്ലാതെ മദ്ബഹായുടെ വാതിലിൽ നിന്ന് തിരശ്ശീല മാറ്റിപ്പോകരു തെന്നും വൈകുന്നേരത്തെ നമസ്കാരത്തിൽ ' മറിയ ക്രീസാ' എന്നുള്ള മസുമൂറ തുടങ്ങുമ്പോഴും കാലത്ത് ഹാലേലൂയ്യാ എന്നു തുടങ്ങുമ്പോഴും മദ്ബഹായിൽ ത്രോണോസിന്റെ നടുവിൽ ഒരു മെഴുകുതിരി കത്തിച്ച് വക്കണമെന്നും നിത്യവും മുടക്കംകൂടാതെ പട്ടക്കാരിൽ ഒരുവൻ നമസ്കാ രത്തിന്റെ അവസാനത്തിൽ കുർബാന ചൊല്ലണമെന്നും കുർബാനയ്ക്കും മറ്റും മദ്ബഹായിൽ കരേറുന്ന പട്ടക്കാർ അമനീഹായും ചെരിപ്പും കൂടാതെയും ശെമ്മാശന്മാർ ഊറാറയും ചെരിപ്പും കൂടാതെയും കരേറ രുതെന്നും കുർബാന സമയത്ത് മദ്ബഹായിൽ നില്ക്കുന്നവരല്ലാതെ മദ്ബഹായ്ക്ക് പുറത്തുനില്ക്കുന്നവർ ഉറച്ച് ചൊല്ലരുതെന്നും കുർബാ നക്ക് 'മഹൈമ്മനീനാൻ'[9] എന്ന വിശ്വാസപ്രമാണം കുർബാനയ്ക്ക് കൂടുന്ന ആൾ പതുക്കെയും മദ്ബഹായിൽ നില്ക്കുന്ന പട്ടക്കാരിൽ ഒരു വനോ ശെമ്മാശോ ഉറച്ച് ചൊല്ലിക്കൊള്ളണമെന്നും കുർബാന ചൊല്ലുന്ന പട്ടക്കാരൻ വിശ്വാസപ്രമാണം ചൊല്ലുന്ന നേരത്തും 'അക്ക്ദമറാഹേം'[10] എന്നുള്ള കുക്കിലിയോൻ ചൊല്ലി പടിഞ്ഞാറോട്ടു തിരിയുമ്പോഴും ഇടവും വലവും നില്ക്കുന്ന പട്ടക്കാരോട് കൈകസ്തൂരി വാങ്ങണമെന്നും ഏവൻ ഗേലിയോൻ വായിക്കുമ്പോഴും കാസായും പീലാസായും കിഴക്കോട്ട് ഉയർത്തുമ്പോഴും പടിഞ്ഞാറോട്ട് തിരിഞ്ഞ് വരുമ്പോഴും ഇടവും വലവും ഓരോ മെഴുകുതിരി കത്തിച്ചു പിടിച്ചുകൊള്ളണമെന്നും ശെമ്മാശന്മാർ കുർബാനക്ക് വിശേഷാൽ ഒരു ളോഹയും ഊറാറയും ഇട്ട് കുർബാനക്ക് കൂടിക്കൊള്ളണമെന്നും ശ്ലീഹാ വായിക്കുന്നത് മദ്ബഹായുടെ ഒരു നട ഇറങ്ങിവേണമെന്നും കുർബാനക്ക് പട്ടക്കാരൻ അപ്പവും വീഞ്ഞും വാഴ് ത്തുന്ന സമയം കൂടുന്നവനും ശേഷം നില്ക്കുന്നവരും ആമ്മീൻ എന്ന് ചൊല്ലുന്നതല്ലാതെ 'ബാറെക്മോർ'[11] എന്ന് ചൊല്ലി പോകരുതെന്നും കുർ ബാന പട്ടക്കാരൻ നമ്മുടെ കർത്താവിന്റെ തിരുശരീരമായ അപ്പം മുറിച്ച് ശുദ്ധമുള്ള തന്റെ രക്തമാകുന്ന വീഞ്ഞ് കലർത്തിയ ശേഷം ഒരു പാത്ര ത്തിൽ വെള്ളം വച്ച് കൈകഴുകി കൊള്ളണമെന്നും കുർബാനക്ക് കൂടു ന്നവൻ ആറാമത്തെ തുബ്ദേൻ ചൊല്ലിക്കഴിഞ്ഞ ശേഷം ത്രോണോസ് മുത്തി കുർബാന ചൊല്ലുന്ന പട്ടക്കാരന്റെയും ശേഷം നില്ക്കുന്ന പട്ട ക്കാരുടെയും കൈ മുത്തിയതിന്റെ ശേഷം ലോകരിൽ നിന്ന് ശുബ്

ക്കോനോ[12] അപേക്ഷിച്ച് പിന്നീട് കൈ കഴുകി ശോശപ്പാ മടക്കിവച്ച് മുൻപറഞ്ഞപ്രകാരം പട്ടക്കാരന്റെ കൈകഴുകുവാൻ പാത്രത്തിൽ വെള്ളം ഹാജരാക്കിക്കൊള്ളണമെന്നും കുർബാന ചൊല്ലുന്ന പട്ടക്കാരൻ കാലത്ത് നമസ്കാരത്തിന് മാവുർബാ ചൊല്ലിയശേഷം കുർബാന തക്സായിൽ കാണുന്ന ആദ്യത്തെ പ്രുമിയോൻ 'തെശുബുഹത്തോ ലാലൂഹാ' എന്നുള്ള മാലാഖമാരുടെ സ്തുതിപ്പിന് മുന്നം മദ്ബഹായുടെ വാതുക്കൽ താഴെ നിന്ന് ചൊല്ലി സഹോദരന്മാരായ എല്ലാ പട്ടക്കാരോടും കൈകസ്തൂരി വാങ്ങിച്ചുകൊള്ളണമെന്നും കുർബാനക്ക് ളോഹയുടെ മീതെ ഇനി മേലിൽ ചരടുണ്ടാക്കിക്കെട്ടരുതെന്നും അതിന് പകരം പീത്തയോമറ്റ് വീതിയുള്ളതായി ഉണ്ടാക്കി കെട്ടിക്കൊള്ളണമെന്നും കുർബാനയ്ക്ക് കൈ തുടക്കുന്നതിനായി ബസ്പൂഗാ ഉണ്ടാക്കി തുടച്ചുകൊള്ളണമെന്നും ഒരു ദിവസം ഒരു തബിലൈത്തായിലും ഒരു മദ്ബഹായിൽ ഒരു ത്രോണോസിലും ഒരു കുർബാനയേ ചൊല്ലാവൂ എന്നും തബിലൈത്താ എല്ലാ സമയവും ത്രോണോസിൽ ഇരിക്കേണ്ടതാകുന്നു എന്നും കുർബാനയ്ക്ക് കാസായോടു കൂടെ തർവോദോയും കൗക്ക്ബോയും കാപ്പാ മുതലായ സകല സാമാനങ്ങളും കുർബാനയ്ക്കും മറ്റും വെളിയിൽ വേണ്ടപ്പെടുന്ന മെഴുകുതിരി, കുന്തുരുക്കം, കോതമ്പ്, സൈത്ത്, വീഞ്ഞ് മുതലായതൊക്കെയും പള്ളിയിൽ നിന്ന് തന്നെ ഉണ്ടാക്കേണ്ടതാകുന്നു എന്നും ധൂപക്കുറ്റിക്ക് അടപ്പും ആയതിന് നാല് തുടലും ഓരോ തുടലിന്മേൽ മുമ്മൂന്ന് മണിയും ഉണ്ടാക്കണമെന്നും ആ മണി പന്ത്രണ്ട് ശ്ലീഹന്മാരുടെ സാദൃശ്യം ആകുന്നതിനാൽ ഓരോ ധൂപക്കുറ്റിക്ക് 12 മണി വീതം വേണ്ടതാകുന്നു എന്നും വെള്ളി കൊണ്ട് രണ്ട് മറുവഹസാ ഉണ്ടാക്കിക്കണമെന്നും ആയതിന്റെ രണ്ടുവശത്തും ആറാറ് ചിറകുകൾ ഉള്ള സ്രാപ്പേന്മാരുടെ രൂപം ഉണ്ടാക്കുകയും ചുറ്റും 72 അറിയിപ്പുകാരുടെ സാദൃശ്യമായി 72 മണി ഉണ്ടാക്കണമെന്നും മദ്ബഹായുടെ വാതിലിലുള്ള തിരശ്ശീല വളവിന് പുറത്ത് വശമായി കെട്ടണമെന്നും ഇനിമേലിൽ കുർബാനയ്ക്ക് കൂടുന്നത് ശെമ്മാശന്മാർ ആയിരിക്കണമെന്നും ആയതില്ലാതെ വന്നാൽ ദിഷ്ടതിയെക്കുറിച്ച് കൊച്ചുപൈതങ്ങളെ വിശേഷാൽ ളോഹ കൂടെ ഇടുവിച്ച് കൂടിച്ചുകൊള്ളുന്നതല്ലാതെ കപ്യാരെ കൊണ്ട് കൂടിച്ചുപോകരുതെന്നും ഒരു പട്ടക്കാരൻ ചൊല്ലുമ്പോൾ മറ്റൊരു പട്ടക്കാരൻ കൂടുന്നത് ഏറ്റവും നല്ലതാകയാൽ കഴിയുമെങ്കിൽ അപ്രകാരവും ചെയ്തുകൊള്ളണമെന്നും കാൽകുപ്പായവും ദേഹം മറച്ച വേറെ ഒരു കുപ്പായവും കൂടാതെ യാതൊരുത്തരും മദ്ബഹായിൽ പ്രവേശിച്ചുപോകരുതെന്നും ത്രോണോസിന്മേൽ നടുവിൽ കുരിശും മെഴുകുതിരിക്കാലുകളും തബിലൈത്താ, ശീലക്കൂട്ടം, കുർബാനതക്സാ, കാസാ പീലാസാ, കൈകഴുകുന്ന പാത്രം അല്ലാതെ യാതൊന്നും വച്ചുപോകരുതെന്നും കാപ്പാ മുതലായതു വേറെ ഒരു സ്ഥലത്തുവച്ച് കുർബാന ചൊല്ലുന്ന

പട്ടക്കാരൻ ക്രമപ്രകാരം ഇട്ട് തുടങ്ങിക്കൊള്ളണമെന്നും പള്ളിയകത്തു പളുങ്കു കൊണ്ടുള്ള തമ്പ്ളേരും ഗ്ലോബുമല്ലാതെ പിച്ചള, ഓട് മുതലായതുകൊണ്ടുള്ള വിളക്കുകൾ ഇനിമേലിൽ തൂക്കി കത്തിച്ചുപോകരുതെന്നും ഇപ്പോൾ കെടാവിളക്ക് പള്ളിയകത്ത് നില്ക്കുന്നപ്രകാരം തന്നെ നടയിൽ ഗ്ലോബ് വിളക്കു തൂക്കി കത്തിച്ചുകൊള്ളണമെന്നും ഹൈക്കലായുടെ അകത്ത് എടവും വലവും ത്രോണോസ് വച്ച് ചൊല്ലുന്നതിന് ന്യായമില്ലെന്നും അതിനാൽ ഇപ്പോൾ ഉള്ള ത്രോണോസുകളും അവിടെ മരം കൊണ്ട് പണിയിച്ച് വച്ചിട്ടുള്ള എറത്താഴും പൊളിച്ച് പള്ളിയുടെ രണ്ടു വശവുമുള്ള വരാന്ത മദ്ബഹായുടെ കിഴക്കേ ഭിത്തിവരെ എത്തിച്ച് പണിത് ആയതിനകത്തു വച്ച് ചൊല്ലിക്കൊള്ളണമെന്നും മദ്ബഹായിൽ നിന്നും ത്രോണോസ് വയ്ക്കുന്ന ചെറിയ മദ്ബഹായിലേക്ക് കടക്കുന്നതിന് ഓരോ വാതിലും വെട്ടിവച്ചുകൊള്ളുകയും മദ്ബഹായുടെ കിഴക്കോട്ട് മുന്മത്വത്തിന്റെ സാദൃശ്യത്തിൽ മൂന്ന് വാതിൽ വെട്ടിക്കണമെന്നും ആയതിൻ നടുവിലത്തേത് അല്പം ഉയർന്നും രണ്ട് വശവും ഉള്ളത് അതിൽ കുറെ താന്നും ആയിരിക്കണമെന്നും നീട്ടി പണിയുന്ന ചെറിയ മദ്ബഹായുടെ കിഴക്കോട്ട് ഒരു വാതിലും വച്ചുകൊള്ളണമെന്നും കല്പിച്ചു.

രണ്ടാമത്. നമസ്കാരത്തിനും കുർബാനയ്ക്കും മാത്രം പള്ളി തുറന്നു പ്രവേശിക്കുകയും ചെയ്യുന്നതല്ലാതെ മറ്റ് അനാവശ്യമായി പള്ളി തുറക്കുകയും പ്രവേശിക്കയും അനാവശ്യമായി യാതൊന്നും പ്രവേശിപ്പിക്കുകയും അതിനകത്തു വക്കുകയും ചെയ്തുപോകരുതെന്നും മാമ്മൂദീസാകല്ല് ഇപ്പോൾ പള്ളിയുടെ വടക്കുവശത്തു ഒരു മുറിയിൽ ഉണ്ടാക്കിവച്ചിരിക്കുന്നത് കാനോനാക്കും ചട്ടത്തിനും വിരോധമാകയാൽ അവിടെനിന്നും എടുത്ത് തെക്കുവശത്തു ഒരു മുറി ഉണ്ടാക്കി വക്കണമെന്ന് കല്പിച്ച പ്രകാരം ഉടനെ ആയത് എടുത്ത് തെക്കേ റാന്തലിന്റെ (വരാന്ത) പടിഞ്ഞാറെ അറ്റത്ത് കല്പനപ്രകാരം പണിയിച്ച് വക്കുകയും ചെയ്തു. മൂന്നാമത് ഇനിമേലിൽ മേൽപ്പട്ടക്കാരുടേതാകട്ടെ, പട്ടക്കാരുടേതാകട്ടെ, ശെമ്മാശന്മാരുടേതാകട്ടെ, യാതൊരുത്തരുടെ ശവവും പള്ളിയകത്ത് അടക്കിപ്പോകരുതെന്നും അവരുടെ ശവങ്ങൾ പള്ളി മതിൽക്കകത്ത് അതിനായി ഒരു സ്ഥലം നിശ്ചയിച്ച് അടക്കിക്കൊള്ളണമെന്നും പട്ടക്കാർ മരിച്ചാൽ ക്രമപ്രകാരം പള്ളിയകത്തും മദ്ബഹായിലും 'പുശ്ബശ്ലോമ്മോ' ചൊല്ലി ഉയർത്തുന്നതല്ലാതെ നഗരികളിൽ കൊണ്ടുനടക്കുകയും ആ ദിവസത്തിൽ വെടി, കൊട്ട് മുതലായത് ഉണ്ടാക്കുകയും മരിച്ച പട്ടക്കാരനെ കാസായും പീലാസയും പിടിപ്പിക്കുകയും ചെയ്തുപോകരുതെന്നും ക്രിസ്ത്യാനികളെ ഇപ്പോൾ പള്ളിക്കു ചുറ്റും അടക്കിവരുന്നതു ശരി അല്ലെന്നും അതിനാൽ ഇനിമേലിൽ അതുപ്രകാരം ചെയ്യാതെ മതിൽക്ക

കത്ത് തന്നെ വേറെ ഒരു സ്ഥലം നിശ്ചയിച്ച് അവിടെ അവരെയും അട ക്കികൊള്ളണമെന്ന് കല്പിക്കുകയും ഉടനെ അത് പ്രകാരം പള്ളിയുടെ കിഴക്ക് വശത്ത് ഒരു എടമതിൽ തിരിച്ചുകെട്ടി അതിന്നകത്ത് അടക്കത്തെ ക്കവണ്ണം നിശ്ചയിച്ച് അടക്കുകയും ചെയ്തു. ശവം അടക്കുന്നതിന് പള്ളിക്കു കുഴിക്കാണമായി ഇന്ന സ്ഥലത്ത് ഇത്ര വേണമെന്ന് കച്ചവടം പോലെ പള്ളിയിൽ നിന്ന് നിശ്ചയിച്ച് വാങ്ങുന്നതും ഒരു തറവാട്ടുകാ രന്റെ ശവക്കുഴിയിൽ മറ്റൊരുവനെക്കൂടെ അടക്കുന്നതും ശരി അല്ലാത്ത തിനാൽ മേലാൽ കുഴിക്കാണം വാങ്ങുകയും ഒരു തറവാട്ടുകാരന്റെ കുഴി യിൽ മറ്റൊരു തറവാട്ടുകാരനെക്കൂടെ അടക്കിപ്പോകരുതെന്നും കബറിട ങ്ങൾ അവനവന്റെ മനസ്സും പാടും പോലെ പണിയിച്ചുകൊള്ളണമെന്നും മരിച്ചുപോയ ശവത്തിൽ മണ്ണു വീഴാതിരിപ്പാൻ കല്ല് കൊണ്ട് കബറിടമോ മരം കൊണ്ട് പെട്ടിയോ ഉണ്ടാക്കി അടക്കിക്കൊള്ളണമെന്നും മരിച്ചവന് വേണ്ടി നാല്പത് ദിവസം വരെ കുർബാന ചൊല്ലിക്കുന്നതു കൂടാതെ മരിച്ച ദിവസവും മൂന്നാം ദിവസത്തിലും ഒമ്പതാം ദിവസത്തിലും മുപ്പതാം ദിവസത്തിലും നാല്പതാം ദിവസത്തിലും പ്രത്യേകമായി കുർബാന ചൊല്ലിക്കയും അവനവന്റെ പാടും അവസ്ഥയും പോലെ അടിയന്തിര ങ്ങൾ കഴിച്ച് ദാനധർമ്മങ്ങൾ ചെയ്തുകൊള്ളണമെന്നും മരിച്ചവന്റെ കബ റിടത്തിങ്കൽ ‘അക്ക്ദമറാഹേം ആബാ’ എന്നുള്ള കുക്കിലിയോൻ ചൊല്ലി ധൂപം വക്കുന്നതല്ലാതെ അവിടെ കുമ്പിട്ടു പോകരുതെന്നും മരിക്കപ്പെട്ട വന്റെ അടിയന്തിരം കഴിക്കുമ്പോൾ ഒരു പ്രകാരവും മാംസം ഉണ്ടാക്കി കഴിച്ചുപോകരുതെന്നും മരിച്ചവന്റെ ശവം പള്ളിയകത്ത് കയറ്റിവക്കുന്ന തിനും ശവം വച്ച് കുർബാന ചൊല്ലുന്നതിനും വിരോധം ഇല്ലെന്നും മാമ്മൂ ദീസാ മുക്കുന്നതിന് ഇടവരാതെ മരിച്ചുപോകുന്ന കുട്ടികളെക്കൂടെയും പള്ളിയിൽ കൊണ്ടുവന്ന് ആനീദാ എത്തിച്ച് അടക്കിക്കൊള്ളണമെന്നും കല്പിച്ചു.

നാലാമത്. വിവാഹം കഴിക്കുമ്പോൾ ന്യായമായിട്ടും മനസ്സുപോലെയും അവനവന്റെ മക്കൾക്ക് കൊടുക്കുന്നതല്ലാതെ ഇന്നത് എന്ന് നിശ്ചയിക്ക പ്പെടുത്തുകയും ആയതിനുള്ള ഉപഹരി (ഓഹരി) പസാരമെന്ന് പറഞ്ഞ് പള്ളിയിൽ വീതംപറ്റുകയും ചെയ്യുന്നത് ശരിയല്ലാത്തതിനാൽ വിവാഹ ത്തിനായി പള്ളിയിൽ വന്നാൽ മനസ്സ് പോലെ നടവഴക്കം ചെയ്യുകയും അവസ്ഥയും പാടും പോലെ കെട്ടിക്കുന്നതിന് പട്ടക്കാർക്ക് കൊടുത്തു കൊൾകയും ചെയ്തുകൊള്ളണമെന്നും പെൺകെട്ടിന് ഏവൻഗേലി യോൻ വായിക്കുമ്പോൾ കൈ പിടിപ്പിക്കുന്നത് ശരി അല്ലാത്തതിനാൽ മേലാൽ തമ്മിൽ തമ്മിൽ നിങ്ങളെ ഞങ്ങൾ ഇണ ചേർക്കുന്നു എന്നുള്ള അവസാനത്തിലെ ശൽമൂസാ തുടങ്ങുമ്പോൾ കൈ പിടിപ്പിച്ചു കൊൾ കയും അതു കഴിയുമ്പോൾ വിടിയിച്ചുകൊള്ളണമെന്നും കല്യാണംഅടി

യന്തിരം മനസ്സും പാടും പോലെ ഘോഷമായി കഴിക്കുന്നതിന് വിരോധം ഇല്ലെന്നും കല്പിച്ചു.

ആറാമത്. പള്ളികളിൽ ശുദ്ധിമാന്മാരുടെ പെരുന്നാളുകൾക്കാകട്ടെ, മേല്പട്ടക്കാരുടെ ചാത്തം, അടിയന്തിരങ്ങൾക്കാകട്ടെ വെടി, വാദ്യം, തമ്പേറ്, ചെണ്ട മുതലായത് ഉണ്ടാക്കുകയും വെച്ചൂട്ടായി കഴിക്കുകയും ചെയ്യരുതെന്നും പള്ളിമതില്ക്കകത്ത് വച്ച് കോഴി, ആട് മുതലായ യാതൊന്നിന്റെയും കഴുത്തറുത്ത് പോകരുതെന്നും പട്ടക്കാർ കാപ്പാ മുതലായത് ഇട്ട് ചമഞ്ഞ് വെടിയും വാദ്യവും തമ്പേറും ചെണ്ട മുതലായ ഘോഷങ്ങളോടുകൂടി കൊടിയും സ്ലീബായും എടുത്ത് പട്ടക്കാർ അരുളിക്ക എന്നു പറയുന്നതായ ബിമ്മത്തെ കൈയിൽ പിടിച്ചുംകൊണ്ട് നഗരികൾ തോറും നടന്ന് ജനത്തെ മുത്തിച്ച് വരുന്ന മര്യാദ കാനോനാ ചട്ടത്തിനു വിരോധമാകയാൽ ഇനിമേലിൽ അപ്രകാരം ചെയ്തുപോകരുതെന്നും പരിശുദ്ധന്മാരുടെ പെരുനാളുകൾക്കും ശുദ്ധിമാന്മാരുടെ ഓർമ്മക്കും പള്ളിയിൽ നമസ്കാരം, കുർബാന, ധൂപം മുതലായതുകൊണ്ട് ഘോഷിക്കണമെന്ന് കല്പിക്കപ്പെട്ടിരിക്കയാൽ അതുപ്രകാരം നടന്നു കൊള്ളണമെന്നും അവരുടെ പെരുനാളുകൾക്കും ഓർമ്മദിവസങ്ങളിലും ജനങ്ങൾ വഴിപാട് ഇടുകയും നേർച്ച മുതലായ കാഴ്ചകൾ പള്ളിയിൽ കൊണ്ടുവരേണ്ടത് മുറ ആകയാൽ നേർച്ച മുതലായത് ഭക്ഷണസാധനങ്ങൾ ആയിരുന്നാൽ പള്ളിക്കു പുറത്ത് ഒരു സ്ഥലത്ത് വെയ്പിച്ച് കൂടുന്ന ജനത്തിന് ഭാഗിച്ച് കൊൾകയും ആയത് അല്ലാത്തപക്ഷം വിറ്റ് വഴിപാടോടു കൂടി പള്ളിക്ക് മുതൽ എടുത്ത് കൊൾകയും വേണമെന്നും ഈ വക മുതലുകൾ പട്ടക്കാർക്ക് കുർബാന വകക്കും ആരുമേവരുമില്ലാത്തവർക്കും വിധവകൾക്കും ദാരിദ്ര്യവാസികൾക്കും പള്ളിയിൽ മെഴുകുതിരി, കുന്തുരുക്കം മുതലായതിനും ഉപയോഗമുള്ളതായിത്തീരണമെന്നും ആണ്ടുതോറും ഈ പള്ളിയിൽ കഴിച്ചുവരുന്ന ധർമ്മക്കഞ്ഞി മതില്ക്ക് പുറത്തിട്ട് വച്ചോ വേറെ പ്രകാരമോ ഒട്ടും കുറവ് കൂടാതെ ധർമ്മക്കാർക്ക് കൊടുത്തുകൊള്ളണമെന്നും പെരുന്നാളുകൾക്കും ശുദ്ധിമാന്മാരുടെ ഓർമ്മദിവസങ്ങളിലും ഉള്ള വെച്ചൂട്ടുകൾ കഴിക്കാതെയും ആ ദിവസങ്ങളിലുള്ള പട്ടക്കാരുടെ ഭക്ഷണം മുടക്കാതെ ക്രമമായി പള്ളിയിൽ നിന്ന് അവർക്ക് കൊടുത്തുകൊള്ളണമെന്നും കല്പിച്ചു.

ഏഴാമത്. കന്യാവ്രതക്കാരായ പട്ടക്കാർ അവരുടേതാകട്ടെ മറ്റൊരുവന്റേതാകട്ടെ ഭവനങ്ങളിൽ താമസിക്കാതെ പള്ളിമുറിയിൽ മാത്രം താമസിച്ചുകൊള്ളണമെന്നും അവർ നിത്യവും മുടക്കം കൂടാതെ കാലത്തും വൈകുന്നേരവും പള്ളിയിൽ കൂടി നമസ്കരിച്ചുകൊള്ളണമെന്നും ജനത്തിന്റെ ദിഷ്ടതിക്കു വേണ്ടി അല്ലാതെ മറ്റ് കാര്യങ്ങൾക്ക് പ്രവേശിച്ച് നടന്നുപോകരുതെന്നും പട്ടക്കാർ ക്രമമായി കറുപ്പ് ളോഹയും തൊപ്പിയും

ഇടാതെ യാതൊരു സ്ഥലത്തും പ്രവേശിച്ചുപോകരുതെന്നും പെര റൂശ്മായ്ക്കും ശവം എടുക്കുമ്പോഴും അമ്മനീഹാ ഇട്ടുംകൊണ്ട് ആ കർമ്മം ചെയ്തുകൊള്ളണമെന്നും ശവം എടുപ്പിപ്പാൻ പോകുമ്പോൾ കാപ്പകൂടെ ഇട്ടാലും വിരോധം ഇല്ലെന്നും കല്പിച്ചു.

എട്ടാമത്. ക്രിസ്ത്യാനികളും അവരുടെ സ്ത്രീകളും കുപ്പായം കൂടാതെ യാതൊരു സമയവും ഇരിപ്പാൻ ന്യായമില്ല എങ്കിലും പള്ളി യിൽ വരുമ്പോഴും ബഹുജനം കൂടുന്ന അടിയന്തിരങ്ങൾക്കും ഒരു പ്രകാ രവും സ്ത്രീകൾക്ക് മുഴുക്കുപ്പായവും പുരുഷന്മാർക്ക് കാൽച്ചട്ടയും അങ്ക റയ്ക്കായും കൂടാതെ ഇരിക്കരുതെന്നും മുഴുക്കുപ്പായം ഇല്ലാത്ത സ്ത്രീക ളെയും കളസവും കുപ്പായവും കൂടാതെ വരുന്ന പുരുഷന്മാരെയും മേലിൽ കുമ്പസാരിപ്പിച്ച് പോകരുതെന്നും പട്ടക്കാരെ ചുമതലപ്പെടുത്തി കല്പിച്ചിരിക്കുന്നു. അഞ്ചാമത് ലക്കത്തിൽ കുടയും സ്ലീബായും എടുത്ത് നഗരികളിൽ പ്രവശിച്ച് പോകരുതെന്ന് കല്പിച്ചു എന്ന് വരികിലും ജന ത്തിന്റെ അപേക്ഷയാൽ സ്ലീബായുടെ ബഹുമാനത്തിന്നായിട്ടും ആ ദിവ സത്തിന്റെ വലിപ്പത്തെക്കുറിച്ചും സന്തോഷത്തെക്കുറിച്ചും ഉയിർപ്പിന്റെ പെരുനാൾക്കു മാത്രം കൊടയും സ്ലീബായും എടുത്ത് നഗരിക്ക് പ്രദ ക്ഷിണം ചെയ്യാമെന്ന് അനുവദിച്ചിരിക്കുന്നു.

ഒമ്പതാമത്. പള്ളിയുടെ വസ്തുക്കൾ ആക്കി അഴിച്ച് നടത്തിക്കുന്ന തിന് മുൻ നടപ്പിൻപ്രകാരം എട്ടു പേരെ കൈക്കാരന്മാരായി നിയമിക്കു കയും ചെറിയതും വലിയതുമായ സകല കാര്യങ്ങളും ഇവർ എട്ടു പേരും കൂടി വിചാരിച്ച് നടത്തിക്കൊള്ളത്തക്കവണ്ണവും പലിശ പള്ളിയിൽ വാങ്ങി പ്പോകരുതെന്നും ഇനിമേലിൽ പലിശക്കായി പണവും നെല്ലും പള്ളിയിൽ നിന്ന് കൊടുത്തുപോകരുതെന്നും പള്ളിക്കു വരുവാനുള്ള പാട്ടം മുത ലായത് കുടി (ശ്ശി) കകളുടെ പറ്റിൽ നിലവ് വരാതെ അതാതിൽ തന്നെ കണിശമായി പിരിച്ചുകൊള്ളണമെന്നും യോഗക്കൂട്ടത്തിലും പള്ളി എട പെട്ടിട്ടുള്ള കാര്യങ്ങളിലും പട്ടക്കാരിൽ ആർക്കും കൂടുവാൻ ന്യായമി ല്ലെന്നും ഇനിമേലിൽ പള്ളി ഇടപെട്ടുള്ള ലോകകാര്യങ്ങളിൽ പട്ടക്കാർ പ്രവേശിച്ചുപോകരുതെന്ന്[13] കല്പിച്ചത് തന്നെയല്ല പട്ടക്കാരിൽ മൂപ്പച്ചൻ തുകലൻ കത്തനാരച്ചന്റെ പറ്റിൽ ഏറെ പുരാതീനമായി മൂപ്പച്ചന്മാരുടെ പറ്റിൽ ഇരുന്നിരുന്ന മേൽപ്പൂട്ടിന്റെ താക്കോലും വയ്പിച്ച് കൈക്കാരന്മാ രുടെ പറ്റിൽ കൊടുത്തു.

പത്താമത്. ഈ പള്ളിയിൽ ഉണ്ടായിരുന്ന കൂമ്പൻ തൊപ്പിയും അൽമ ത്തിയും എടുപ്പിച്ച് കണ്ടാറെ. ഇനിമേലിൽ പട്ടക്കാർ കൂമ്പൻതൊപ്പി വക്കു കയും അൽമത്തി ഇടുകയും ചെയ്തുപോകരുതെന്നും ഈ ചമയം റോമാ ക്കാരുടേതാകയാൽ സുറിയാനിക്കാരായ നമുക്ക് ഇത് ധരിപ്പാൻ ന്യായ

മില്ലെന്നും അൽമത്തികൾ അഴിച്ച് ഈ പള്ളിയിലുള്ള ആദായി ശെമ്മാശന്റെ കുപ്പായം പോലെ തൈപ്പിച്ച് കൊള്ളണമെന്നും കല്പിച്ചു.

പതിനൊന്നാമത്. ഇനിമേലിൽ എങ്കിലും നമ്മുടെ ജാതിക്ക് അറിവ് വർദ്ധിപ്പിച്ചുവരുവാൻ വേണ്ടി സുറിയാനി, മലയാളം രണ്ട് ഭാഷ പഠിക്കണമെന്ന് കല്പിച്ച് ആയതിന് പട്ടക്കാരിൽ രണ്ടു പേരെ പഠിപ്പിപ്പാൻ വേണ്ടി നിയമിക്കുകയും അവർക്ക് മാസം ഒന്നുക്ക് അയ്യഞ്ച് രൂപാ വീതം ശമ്പളം കൊടുക്കത്തക്കവണ്ണവും അതിൽ അഞ്ചുരൂപാ പള്ളിയിൽ നിന്നും അഞ്ച് രൂപാ ജനങ്ങളിൽ നിന്നും ഇപ്രകാരം മാസന്തോറും കൊടുക്കത്തക്കവണ്ണവും കല്പിച്ച് പഠിത്തം ഉറപ്പിച്ച് നടത്തിവരുന്നു. കല്പിച്ചതിൽ പ്രധാന കാര്യങ്ങൾ ഇവയാകുന്നു.

ഇത് കൂടാതെ ശേഷം കാര്യങ്ങൾ താമസിയാതെ കാനോനിൽ നിന്ന് ഭാഷപ്പെടുത്തി അച്ചടിപ്പിച്ച് എല്ലാവരും നടപ്പാനായി തന്നുകൊള്ളാമെന്നും കല്പിച്ചു.''

കണ്ടനാട് പള്ളിക്ക് എഴുതിയ കല്പന ഇപ്രകാരമാണ്:

''വാഴ്ത്തപ്പെട്ട കണ്ടനാട് നഗരത്തിലുള്ള തമ്പുരാനെപ്പെറ്റ മറിയത്തിന്റെ വിശുദ്ധ പള്ളി ഇടവകയിലെ ചൊവ്വുള്ള പട്ടക്കാരും ശെമ്മാശന്മാരും കൈക്കാരരും വാഴ്ത്തപ്പെട്ട നമുക്കുള്ള സകല ജനവുമായിരിക്കുന്ന സ്നേഹിക്കപ്പെട്ടവരും വാത്സല്യമുള്ളവരും വാഴ്ത്തപ്പെട്ടവരും വാഴ്വ് ഏല്ക്കപ്പെട്ടവരും ആയ റൂഹായ്ക്കടുത്ത നമ്മുടെ മക്കളുടെ നിറുകകൾ മേൽ ദൈവീകത്തിനടുത്ത വാഴ്വും വന്ന് ആവസിക്കുമാറാകട്ടെ. ദൈവമായ കർത്താവിന്റെ വാഴ്വ് അവരുടെ മേലും അവരുടെ ഭവനങ്ങൾ മേലും അവരുടെ മക്കളുടെ മേലും അവരുടെ നേട്ടങ്ങൾ മേലും അവർക്കുള്ള സകലത്തിന്മേലും വന്ന് വസിക്കുമാറാകട്ടെ. അത് തമ്പുരാനെപ്പെറ്റ മറിയത്തിന്റെയും സകല പരിശുദ്ധന്മാരുടെയും ശുദ്ധമുള്ള സ്ത്രീകളുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ.

വീണ്ടും സത്യമുള്ള നിങ്ങളുടെ ഉപവിയോട് നാം അറിയിക്കുന്നത് എന്തെന്നാൽ, വാഴ്ത്തപ്പെട്ട നിങ്ങളുടെ നഗരത്തിലേയ്ക്ക് നാം എത്തിയ നേരത്തിൽ നിങ്ങൾക്ക് തലവന്മാരും ഭരിക്കുന്നവരും ഇല്ലാ എന്നും എന്തിയാനികളും (?) തിരിച്ചറിവുള്ളവരും ഇല്ലാ എന്നും ആത്മകാര്യങ്ങളിൽ പള്ളികളെക്കുറിച്ച് ഭക്തിവൈരാഗ്യമില്ല എന്നും നാം കണ്ടു. തലവന്മാരും ഭരിക്കുന്നവരും ഇല്ലാത്ത ജനം തലയില്ലാത്ത ഉടൽ പോലെ ചത്തതാകുന്നു എന്നും ചത്തത് മണ്ണിന് ശരി ആകുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ? അതിന് ബഹുമാനം ചെയ്യപ്പെടുന്നു എങ്കിൽ തിരിച്ചറിയപ്പെടുന്നില്ല. അതിന്റെ ബഹുമാനത്തെ ആഗ്രഹിക്കുന്നില്ല. അതിനെ പരിഹസിക്കുമെങ്കിൽ അതിനുണ്ടാകുന്ന പരിഹാസത്തിന്റെ അറിവും

അതിന്നില്ല. അതിന്മണ്ണം രാജാവും നാടുവാഴികളും ന്യായാധിപതിമാരും അതിനില്ലാത്ത രാജിതവും നശിക്കപ്പെട്ടതാകുന്നു. അതിന്റെ നേരെ വരുന്ന എല്ലാവനും അതിന്റെ ബന്ധുക്കളെ കൊള്ള ചെയ്ത് ആ രാജിതത്തെ ചിതറിച്ച് കളയും. ഇപ്രകാരം തന്നെ തലവനും ഭരിക്കുന്നവനും ഇല്ലാ എന്ന ഭവനവും നശിക്കപ്പെട്ടതാകുന്നു. ആ ഭവനത്തിലെ മനുഷ്യർ ഭോഷന്മാരും മൂഢന്മാരും ആയിത്തീർന്ന് വേഗത്തിൽ നശിക്കയും ലോകത്തിന്നടുത്തതും റൂഹായ്ക്കടുത്തതുമായ സമ്പാദ്യത്തിൽ നിന്ന് ദരിദ്രന്മാരായിത്തീർന്ന് പിന്നെ പട്ടിണി കൊണ്ട് മരിക്കയും ചെയ്യും. നാം നിങ്ങളെക്കുറിച്ചും നിങ്ങളുടെ ബോധക്കുറവിനെക്കുറിച്ചും ചിന്തിച്ചപ്പോൾ നമുക്ക് വളരെ ഖേദമായി. ഈ നാശസ്ഥിതിയിൽത്തന്നെ ഇരുന്നാൽ വേഗത്തിൽ നശിച്ച് അതിന്റെ ചുറ്റുമുള്ള എല്ലാ അയൽപക്കക്കാർക്കും പരിഹാസവും ആക്ഷേപവും ആയിത്തീരുമെന്ന് നമ്മുടെ ബോധത്തിൽ തോന്നി. വിരുദ്ധം കൂടാതെ അതിൽ നിങ്ങൾ നടപ്പാനും ആത്മകാര്യങ്ങളിൽ നിങ്ങളുടെ പള്ളികളെയും, സ്കൂളുകളെയും ശരീരത്തിന്നടുത്ത കാര്യങ്ങളിൽ ഛിന്നപ്പെട്ട് പോകാതെ നിങ്ങളുടെ ജനത്തെ ഭരിച്ച് നടത്തുവാനും ചൊവ്വുള്ള വഴി നിങ്ങൾക്ക് നാം ഉണ്ടാക്കിത്തരുവാൻ ബോധവും റൂഹായ്ക്കടുത്ത അറിവും നമുക്ക് തരേണ്ടുന്നതിന് ദൈവത്തിന്റെ മുമ്പാകെ നമ്മുടെ ബലഹീനതയിൽ നിന്ന് അപേക്ഷയും പ്രാർത്ഥനയും നാം അണച്ചു. ദൈവകൃപയാൽ പരിശുദ്ധാത്മാവ് നമ്മുടെ ബലഹീനതയുടെ ബോധത്തിൽ സംസാരിച്ച് നമ്മുടെ വിശ്വാസത്തിന് യോഗ്യവും ന്യായവും ആകുന്നപ്രകാരം ദാക്ഷിണ്യം കൂടാതെ ചൊവ്വായിട്ട് വിധിപ്പാനും നമ്മുടെ പള്ളിയെയും ജനത്തെയും ഭരിച്ച് നടത്തുവാനും ആയിട്ട് റൂഹായ്ക്കടുത്ത ജ്ഞാനവും ദൈവഭക്തിയും ഉള്ളവരും സ്തുതിചൊവ്വാകപ്പെട്ട നമ്മുടെ വിശ്വാസത്തിന്മേൽ വൈരാഗ്യക്കാരുമായ എട്ടു പ്രമാണികളെ നിങ്ങൾക്ക് തെരഞ്ഞെടുക്കണമെന്ന് നാം നിങ്ങളോട് ഗുണദോഷിച്ചു. നിങ്ങളിലും പരിശുദ്ധാത്മാവ് സംസാരിച്ചു. എട്ട് പ്രമാണികളെ നിങ്ങൾ തിരഞ്ഞെടുത്തു. അവർ ചൊവ്വുള്ളവരും താല്പര്യക്കാരും ആകുന്നു എന്ന് അവരെക്കുറിച്ച് നിങ്ങൾ സാക്ഷിച്ചുമിരിക്കുന്നു. ദൈവത്തിൽ നിന്നാകുന്ന ഈ തെരഞ്ഞെടുപ്പിൽ നാം സന്തോഷിച്ചു. വാഴ്വിന്റെ ഈ കുറിയിൽ എഴുതപ്പെട്ടിട്ടുള്ള റൂഹായ്ക്കടുത്ത നമ്മുടെ പുത്രന്മാരുടെ നാമങ്ങൾ ഇവ ആകുന്നു. പുല്യാട്ട് മാത്തു പൗലോയും പെരുമ്പാ ചെറിയത് മത്തായിയും കരവട്ട് കോരത് കോരയും പുല്ല്യാട്ട് ചുമ്മാർ മാത്തുളയും പെരുമ്പാ ചെറിയത് പൗലോയും കല്ലറക്കൽ ചാത്തുരുത്തിൽ മത്തായി വർക്കിയും പള്ളിപ്രം മത്തായി ചെറിയതും തുടിയൻ വർക്കി പൗലോയും ഈ എട്ട് കൈക്കാരരും സൊരുമിച്ച് പണം ഇടപെട്ടും നിലം പറമ്പുകൾ ഇടപെട്ടും ഉള്ള പള്ളിയുടെ സകല മുതൽ കാര്യങ്ങളും നടത്തിക്കൊള്ളണം.

എന്നാൽ കശീശ ആകട്ടെ അൽമ്മേനി ആകട്ടെ മറ്റ് യാതൊരുത്തരും അവരോടുകൂടെ പ്രവേശിച്ച് കലഹങ്ങളും വിവദുകളും ഉണ്ടാക്കുവാൻ ദൈവത്തിൽ നിന്ന് അധികാരം ഉള്ളതല്ലാ. പിന്നെയും കശീശായോ അൽമ്മേനിയോ ആരെങ്കിലും പള്ളിയിൽ കലഹം ഉണ്ടാക്കിയാൽ അവരെ തള്ളുവാൻ ദൈവത്തിന്റെ കല്പനയാൽ പ്രധാന മുഷ്ക്കരത്തം അവർക്ക് നാം കൊടുത്തിരിക്കുന്നു. ഈ പള്ളി എന്റെ വക ആകുന്നു എന്ന് പറഞ്ഞ് ജനങ്ങളുടെ ഇടയിൽ കലഹം ഉണ്ടാക്കുവാൻ കശീശായ്ക്ക് ദൈവത്തിൽ നിന്ന് അധികാരം ഇല്ല.[24] ഇവൻ തള്ളപ്പെട്ടവൻ ആകുന്നു. എല്ലാ കശീശന്മാരും തമ്മിൽ തമ്മിൽ ഉപവിയോടു കൂടി ഇരിപ്പാനും ഉപദ്രവങ്ങളിൽ നിന്നും വ്യസനങ്ങളിൽ നിന്നും കർത്താവ് അവരെയും അവരുടെ ജനത്തെയും കാത്തുകൊള്ളുവാനായിട്ട് നിരപ്പുള്ള ഹൃദയത്തോടുകൂടെ പ്രാർത്ഥന കഴിപ്പാൻ ന്യായമാകുന്നു. ശുദ്ധമുള്ള റൂഹായിൽ നിന്ന് എപ്പിസ്ക്രോപ്പോന്മാരായിരിക്കുന്ന റൂഹാക്കടുത്ത നമ്മുടെ മക്കൾക്ക് ചൊവ്വുള്ള വിധിയാൽ ഇപ്പോൾ റൂഹായ്ക്കടുത്ത ഒരു ചട്ടം നാം കാണിക്കുന്നു.

1-ാമത്. നമ്മുടെ വിശുദ്ധ പിതാക്കന്മാരുടെ കാനോൻ പ്രകാരം പള്ളികൾക്കുണ്ടാകുന്ന കൈക്കാരന്മാർക്ക് എല്ലാ കൈക്കാരന്മാരും കൂടി യോജിക്കാതെ പള്ളിയുടെ മേമ്പൂട്ടിൽ നിന്നും ഏതും പുറത്ത് ഇറക്കുവാൻ അധികാരം ഇല്ല. അതത് സമയത്ത് പള്ളിക്കു വരുന്ന സകലവും എല്ലാ കൈക്കാരന്മാരും അറിഞ്ഞിരിക്കണം. ആണ്ടിന്റെ അവസാനത്തിങ്കൽ ഭണ്ഡാരം ശോധന ചെയ്തു തിരട്ടിൽ എഴുതുന്നതു വരെ നാൾവഴിക്കണക്കിൽ എഴുതുകയും വേണം. പിന്നെയും പള്ളിയുടെ പാട്ടങ്ങൾ മേലും നടവരവുകൾ മേലും കൈക്കാരന്മാരായി ചുമതലപ്പെടുന്നവർ പള്ളിയുടെ മദ്ബഹായുടെ നടയിങ്കൽ നിന്ന് കൈസ്ഥാനത്തിന്റെ താക്കോലുകളെ വാങ്ങണം. പിന്നെ അവർ ഒഴിഞ്ഞുപോകുമ്പോൾ മദ്ബഹായുടെ നടയിൽ താക്കോലുകളെ വക്കണം. മദ്ബഹായുടെ ഉടയവനിൽ നിന്ന് യോഗ്യമായിരിക്കുന്നപോലെ പ്രതിപകരം അവർ കൈക്കൊള്ളും. അവർ നല്ലതിന്മണ്ണം ചെയ്യുന്നുവെങ്കിൽ അവർക്ക് ദൈവത്തിൽ നിന്ന് കൃപ ഉണ്ടാകും. അവർ ദ്രോഹം ചെയ്യുന്നു എങ്കിൽ തിന്മ പ്രതിപകരം ലഭിക്കും. എല്ലാവനും അവനവന്റെ അധ്വാനം പോലെ ദൈവത്തിൽ നിന്ന് കൈക്കൊള്ളുന്നു.

2-ാമത്. ഇനി മേലാൽ ആത്മസംബന്ധവും ജഡസംബന്ധവുമായി പരിശോധന കൂടാതെയും അവനെക്കുറിച്ച് പൊതുവേ ഉള്ള സാക്ഷി ഉണ്ടാകാതെയും കശ്ശീശായെയോ ശെമ്മാശനെയോ പട്ടം കെട്ടുവാൻ ദൈവത്തിൽ നിന്ന് അധികാരം ഇല്ല. പൗലോസ് ശ്ലീഹാ തീമോത്തിയോസിനോട് കല്പിച്ച് പറയുന്നതെന്തെന്നാൽ, ഞങ്ങളുടെ സഹോദരാ

കഹനൂസാ അനുകൂലപ്പെട്ടവർക്കും എളിമ ഉള്ളവർക്കും സ്വന്തം ഭവനം നന്നായി ഭരിക്കുന്നവർക്കും അല്ലാതെ നിഗളികൾക്കും ഡംഭ് ഉള്ളവർക്കും കൊടുക്കാതെ സൂക്ഷിച്ചുകൊള്ളുക. നല്ലവണ്ണം ഭരിക്കുന്നു എന്ന കശ്ശീശന്മാർ ഇരട്ടി ബഹുമാനത്തിന് യോഗ്യരായിരിക്കും. അവൻ സുബോധമുള്ളവനും അടക്കമുള്ളവനും ക്രമമുള്ളവനും വരത്തരെ[25] സ്നേഹിക്കുന്നവനും പഠിപ്പിക്കുന്നവും മദ്യപാനം ചെയ്യാത്തവനും അടിപ്പാൻ തന്റെ കൈ ഓങ്ങാത്തവനും എളിമ ഉള്ളവനും ശണ്ഠ കൂടാത്തവനും ദ്രവ്യാഗ്രഹം ഇല്ലാത്തവനും സ്വന്തഭവനത്തെ നന്നായി ഭരിക്കുന്നവനും കീഴമർച്ചയോടും സകല വെടിപ്പോടും ദൈവഭയത്തോടും തന്റെ പുത്രന്മാരെ പിടിപാടായിരിക്കുന്നവരും ആയിരിക്കണം. എന്തുകൊണ്ടെന്നാൽ അവന്റെ സ്വന്തഭവനത്തെ നന്നായി ഭരിപ്പാൻ അവൻ അറിയുന്നില്ലാ എങ്കിൽ എങ്ങനെ ദൈവത്തിന്റെ സഭയെ ഭരിപ്പാൻ അവന് കഴിയും? അവൻ നിഗളിക്കപ്പെട്ട് സാത്താന്റെ ശിക്ഷാവിധിയിൽ വീഴാതിരിപ്പാനായിട്ട് പഠിത്തം കുറവുള്ളവനായിരിക്കരുത്. നിന്ദയിലും സാത്താന്റെ കെണികളിലും വീഴാതെ ഇരിപ്പാൻ പുറത്തുള്ളവരാൽ അവനെക്കുറിച്ച് നല്ല സാക്ഷി ഉണ്ടായിരിപ്പാൻ ന്യായമാകുന്നു. ഇപ്രകാരം തന്നെ ശെമ്മാശന്മാരും വെടിപ്പുള്ളവർ ആയിരിക്കണം. അവർ ദാക്ഷിണ്യം പറയരുത്. ഈ ദൈവിക കല്പന നിമിത്തമായിട്ട് അന്മേനികൾക്കുള്ള കശ്ശീശായെ കന്യാവ്രതക്കാരനായി പട്ടംകെട്ടുവാൻ ദൈവത്തിൽ നിന്ന് അധികാരം ഇല്ല. ഇനി മുപ്പത് വയസ്സിലോ അതിന് മേലോ ആയിട്ടല്ലാതെ ചെറുപ്രായക്കാരനെ കശ്ശീശാ ആയിട്ട് പട്ടംകെട്ടിക്കൂടാ. എന്തുകൊണ്ടെന്നാൽ മുപ്പത് വയസ്സിന്റെ പൂർണ്ണത വരെ നമ്മുടെ കർത്താവീശോമശിഹാ അതിശയങ്ങൾ പ്രവർത്തിച്ചില്ല. എന്നാൽ കഹനൂസായുടെ പദവി മ്ശിഹായുടെ പദവി ആകുന്നു. കശ്ശീശായെ ജനത്തിന്റെ പിതാവെന്ന് വിളിക്കുന്നു. ആയത് വയസ് ചെന്നവൻ എന്നും ആകുന്നു. ജനം അവനിൽ നിന്ന് നല്ല ആലോചന കൈക്കൊള്ളണം. ഭോഷൻ ആലോചനക്കാരൻ ആയിക്കൂടാ. എന്നാലോ ഭോഷന്റെ ആലോചന ഭോഷത്വമാകുന്നു. ആരെങ്കിലും ഇതിന് മറുതലയായി ചെറുപ്രായക്കാരനെ കശ്ശീശ്ശാ ആയിട്ടോ ശെമ്മാശനായിട്ടോ പട്ടംകൊടുക്കയോ പട്ടത്വത്തെക്കുറിച്ച് കൈക്കൂലി വാങ്ങിക്കയോ ചെയ്താൽ പ്രക്സീസിന്റെ ശുദ്ധമുള്ള പുസ്തകത്തിൽ കല്പിച്ചിരിക്കുന്നതു പോലെ പത്രോസ് ശ്ലീഹായിൽ നിന്ന് അവർ ഇരുവരും മഹറോൻ ഏൽക്കപ്പെട്ടവരാകുന്നു. പിന്നെയും യാതൊരു കശ്ശീശാ എങ്കിലും പ്രായം കുറഞ്ഞവനും ഭോഷനും കലഹക്കാരനും പൈശൂനിക്കുന്നവനും മോഷ്ടിക്കുന്നവനും ആത്മീയ കാര്യങ്ങളിൽ അറിവ് കുറഞ്ഞവനും പട്ടത്വത്തിൽ ചൊവ്വായി നടക്കാത്തവനും ആയിരുന്നാൽ ദൈവത്തിന്റെ സഭയിൽ നിന്ന് അവനെ തള്ളിക്കളവാൻ ചൊവ്വുള്ള പ്രമാണികളായ റൂഹായ്ക്കടുത്ത നമ്മുടെ പുത്രന്മാർക്ക് ആത്മിക അധികാരം

നാം തരുന്നു. കശ്ശീശാ അവന്റെ പട്ടത്വത്തിന്റെ ശേഷം വിവാഹം ചെയ്താൽ അവൻ കശ്ശീശാ അല്ല. പിന്നെയോ ശുദ്ധമുള്ള റൂഹായുടെ ദാനത്തിൽ നിന്ന് തള്ളപ്പെട്ടനും ഉരിയപ്പെട്ടവനും ആകുന്നു. എന്തു കൊണ്ടെന്നാൽ റൂഹായ്ക്കടുത്ത ഫലങ്ങൾ അവനിൽ ഇല്ല. മശിഹായിൽ നിന്ന് ശപിക്കപ്പെട്ട തീത്ത പോലെ ഉണങ്ങിപ്പോയവനാകുന്നു. പിന്നെയും പരിപ്പ്പായസത്തിന് അവന്റെ കടിഞ്ഞൂൽ അവകാശം വിറ്റു എന്ന ഏശാവിനെപ്പോലെ അവൻ ദൈവത്തിന് നേർച്ച നേർന്ന് നേർച്ചയെ ഇല്ലായ്മ ആക്കിക്കളഞ്ഞു. ദൈവത്തിന് നേർച്ച നേർന്നിട്ട് കഴിക്കാതെ ഇരിക്കുന്നതിനേക്കാൾ നേരാതെ ഇരിക്കുന്നത് നല്ലതാകുന്നു എന്ന് പറഞ്ഞിരിക്കുന്നതുപോലെ ഇവൻ ദൈവത്തിനു നേർന്ന നേർച്ചയെ ഉരിഞ്ഞുകളഞ്ഞു. ഇപ്രകാരം വിധവയെ വിവാഹം ചെയ്യുന്ന കശ്ശീശായും രണ്ടാം വിവാഹം ചെയ്യുന്ന ശെമ്മാശും. വ്യഭിചാരികൾ പത്തുതലമുറ വരെ കർത്താവിന്റെ സമൂഹത്തിലേക്ക് പ്രവേശിക്കരുതെന്ന് ശുദ്ധമുള്ള പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ആയിരിക്കണം. ഇത് നിമിത്തമായിട്ട് നാം നിങ്ങളോട് കല്പിക്കുന്നത് എന്തെന്നാൽ നിങ്ങളെക്കുറിച്ച് ദൈവത്തിൽ നിന്ന് നമ്മുടെ മേൽ അരിശമുണ്ടാകാതെ ഇരിപ്പാൻ നമ്മുടെ ശുദ്ധമാന പള്ളിയെ നിങ്ങൾ വെടിപ്പാക്കുവിൻ. ഇനി പള്ളിയിൽ ഭക്ഷണത്തിന്റെയും പാനീയത്തിന്റെയും കൂട്ടവും കൊള്ളരുതാത്ത ആട്ടവും ഉണ്ടാക്കുവാൻ ദൈവത്തിൽ നിന്ന് അധികാരം ഇല്ല. കൊള്ളരുതാത്ത പാഴ് പാട്ടുകളും അരുത്. പിന്നെയോ റൂഹായ്ക്കടുത്ത സംഗീതങ്ങളേ ആ (കാ) വൂ. ശുദ്ധമുള്ള റൂഹായാൽ പാടിയിരിക്കുന്ന ദാവീദിനെപ്പോലെ നിങ്ങൾ ആകണം. പിന്നെയും മ്ശിഹായുടെ മുഖത്ത് തുപ്പിയ യൂദന്മാരെപ്പോലെ നിങ്ങൾ ആകാതെ ഇരിപ്പാൻ പള്ളിയുടെ മൂലകളിലും കോണുകളിലും നിങ്ങൾ തുപ്പരുത്. പിന്നെയും മശിഹായുടെ ശരീരവും രക്തവും ആകുന്ന അപ്പവും വീഞ്ഞും അല്ലാതെ പള്ളിയിൽ വച്ച് ഏതും നിങ്ങൾ ഭക്ഷിക്കുകയും അരുത്. മശിഹായുടെ പള്ളിയിൽ ദ്രവ്യം നിങ്ങൾ വയ്ക്കരുത്. പിന്നെയോ പള്ളിയിൽ നിന്ന് പുറത്തിന്ന് ഭണ്ഡാരസ്ഥലം നിങ്ങൾ ഉണ്ടാക്കണം. നിങ്ങൾ താല്പര്യക്കാരായിത്തീർന്ന് കാസാകൾ കൊണ്ടും പീലാസാകൾ കൊണ്ടും കുപ്പായങ്ങൾ കൊണ്ടും അൽമനീഹാകൾ കൊണ്ടും ഊറാറകൾ കൊണ്ടും കാപ്പകൾ കൊണ്ടും നല്ല തിരശ്ശീലകൾ കൊണ്ടും മദ്ബഹായുടെ ചിത്തോൽ മുതലായ സാമാനങ്ങൾ കൊണ്ടും പള്ളിയെ അലങ്കരിക്കണം. കുർബ്ബാനയുടെ നേരത്തിൽ അവ കൊണ്ട് കിലുക്കി ആവസിപ്പാനായിട്ട് സ്രാപ്പേന്മാരുടെ ചിറകിന്റെ നാദം പോലെ അവയുടെ ശബ്ദം പുറപ്പെട്ടിരിപ്പാൻ അവമേൽ സ്രാപ്പേന്മാരുടെ രൂപം ഉള്ളതായി മണികൾ ഉള്ള മറുവഹസാകളും ഉണ്ടാക്കണം. അവരുടെ അറിയിപ്പിന്റെ ശബ്ദം ലോകത്തിൽ നാലു ഭാഗങ്ങളിലും പുറപ്പെട്ടിട്ടുള്ള പന്ത്രണ്ട് ശ്ലീഹന്മാരുടെ സാദൃശ്യത്തിൽ തന്നെ ധൂപക്കു

റ്റികളുടെ ശബ്ദവും കേൾക്കപ്പെടുവാനായിട്ട് ധൂപക്കുറ്റികൾക്ക് മണികൾ ഉണ്ടാക്കണം. പിന്നെയും എല്ലാ പള്ളികളിലും നിങ്ങൾ സ്കൂളുകൾ ഉണ്ടാക്കി സുറിയാനിയും മലയാളവും ഇംഗ്ലീഷും പഠിപ്പിക്കണം. പഠിപ്പിക്കുന്നവരുടെ ശമ്പളം പിതാവില്ലാത്തവർക്കും ദരിദ്രന്മാർക്കും വേണ്ടിയുള്ളത് പള്ളിയിൽ നിന്ന് കൊടുക്കുകയും പ്രാപ്തന്മാരുടെ പൈതങ്ങൾക്കു വേണ്ടിയുള്ള ശമ്പളങ്ങൾ അവരുടെ മുതലുകളിൽ നിന്ന് കൊടുക്കയും വേണം. പിന്നെയും തെരഞ്ഞെടുത്തിട്ടുള്ള കൈക്കാരന്മാരിലാരെങ്കിലും നമ്മുടെ പള്ളിചട്ടങ്ങൾക്കും കാനോനുകൾക്കും വ്യത്യാസമായി ചെയ്യുകയും ദാക്ഷിണ്യം പ്രവർത്തിക്കുകയും ചെയ്താൽ വേഗത്തിൽ അവനെ മാറ്റി വെടിപ്പും നേരും ഉള്ള മറ്റൊരുവനെ അവന് പകരം ആക്കുകയും വേണം. പള്ളിയുടെ ചമയങ്ങളും അലങ്കാരങ്ങളും നിങ്ങൾ പൂർത്തിയാക്കുമ്പോൾ കർത്താവ് നിന്റെ ഭവനത്തിന്റെ ഭംഗിയെ സ്നേഹിക്കുന്നവരെ നീ വാഴ്ത്തി ശുദ്ധയാക്കേണമേ എന്ന് പറഞ്ഞിട്ടുള്ള ദാവീദിന്റെ നിബിയൂസായുടെ വചനം നിങ്ങളോടു കൂടെ നിവർത്തിക്കും. പിന്നെയും കാവ്യരുടെ ഉത്സവങ്ങൾ പോലെ നിങ്ങൾക്ക് പെരുന്നാളുകൾ ഉണ്ടെന്നും നിങ്ങൾ പള്ളിയിൽ കൂടി അശുദ്ധിയായിട്ടുള്ളത് ചെയ്യുന്നു എന്നും നാം കേട്ടിരിക്കുന്നു. എന്റെ പിതാവിന്റെ ഭവനം നമസ്കാര ഭവനമായി വിളിക്കപ്പെടുന്നു എന്നും നിങ്ങൾ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തുവോ എന്നും വന്ദിക്കപ്പെട്ട ഏവൻഗേലിയോനിൽ അരുളിച്ചെയ്തിരിക്കുന്നത് നിങ്ങൾ കേട്ടിട്ടില്ലയോ? ഇത് നിങ്ങൾക്ക് ശരിയായിട്ടുള്ളതല്ല. ഇനിമേലാൽ അശുദ്ധമാകപ്പെട്ട ഈ പെരുന്നാളുകൾ പോലെ ചെയ്യുന്നതിന് ദൈവത്തിൽ നിന്ന് നിങ്ങൾക്ക് അധികാരം ഇല്ല. എന്തെന്നാൽ നമുക്കുള്ള പെരുന്നാളുകൾ അനുകൂലത്തോടും താഴ്മയോടും നോമ്പോടും പ്രാർത്ഥനയോടും അനുഗ്രഹങ്ങളോടും ധർമ്മങ്ങളോടും കൂടെ ഉള്ളതാകുന്നു. ഇവയല്ലാതെ ചെയ്യുന്നവൻ തിന്മപ്പെട്ടവനിൽ നിന്നാകുന്നു. പിന്നെയും നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹത്തോടും ഐകമത്യത്തോടും കൂടി ആയിരിക്കേണമെന്ന് നിങ്ങളോട് നാം അപേക്ഷിക്കുന്നു. എന്തെന്നാൽ ഈ വക പണിയുന്നു; അരിശം നശിപ്പിക്കുന്നു. നിങ്ങളിൽ പലരും റൂഹാക്കടുത്ത വ്യാപാരത്തെ ലോകത്തിന്നടുത്ത കാര്യമായി മറിച്ചുകളയുന്നു എന്ന് നാം കേട്ടിരിക്കുന്നു. പിന്നെയും തന്റെ പിതാക്കന്മാരുടെ അത്യാർത്തിയെ മാറ്റുന്നു എന്നയവൻ ശപിക്കപ്പെട്ടവനാകുന്നു എന്ന് പറഞ്ഞിരിക്കുന്നു. കർത്താവിന്റെ ന്യായപ്രമാണപ്രകാരം നിങ്ങൾ നടക്കുമെങ്കിൽ നിങ്ങളുടെ സകല ശത്രുക്കളുടെമേലും നിങ്ങൾക്ക് ജയം ഉണ്ടാകും. നിങ്ങളിൽ ഒരുത്തൻ പത്തുപേരെ ഒടിക്കും, പത്തു പേർ നൂറു പേരെയും നൂറു പേർ ആയിരം പേരെയും പതിനായിരം പേരെയും ഒടിക്കും. നിങ്ങൾ കർത്താവിന്റെ കല്പനപ്രകാരം പാർക്കയില്ലെങ്കിൽ നിങ്ങൾ എല്ലാം പുറജാതികളുടെ ഇടയിൽ ചിതറപ്പെടും.

പിന്നെയും ദൈവത്താൽ കല്പിച്ചിരിക്കുന്ന കല്പനകൾക്ക് നിങ്ങൾ വിരോധികൾ ആയിത്തീരരുതെന്ന് നിങ്ങളോട് നാം അപേക്ഷിക്കുന്നു. കേൾക്കുന്നവരും അനുസരിക്കപ്പെടുന്നവരുമായ അവരുടെ മേലും അവരുടെ ഭവനങ്ങൾ മേലും അവരുടെ മക്കൾ മേലും ദൈവത്തിന്റെ കൃപയും വാഴ്വും ഉണ്ടായിരിക്കും. വിരോധികളുടെ ഉപകരി സാത്താനോടു കൂടി ആയിരിക്കും. മേല്പട്ടക്കാരന്റെയും ബാവാമാരുടേയും കല്പനകൾ ദൈവത്തിൽ നിന്നുള്ളവയാകുന്നു. അവരുടെ കല്പനയെ വ്യത്യാസപ്പെടുത്തുന്നു എന്നവൻ ദൈവകല്പനയെ വ്യത്യാസപ്പെടുത്തുന്നു. പിന്നെയും കാണപ്പെടാവതല്ലാത്ത തന്റെ വലതുകൈ താൻ നീട്ടി നിങ്ങളെയും നിങ്ങളുടെ ഭവനങ്ങളെയും നിങ്ങളുടെ മക്കളേയും നിങ്ങളുടെ മുതല് കാര്യങ്ങളെയും നിങ്ങൾക്കുള്ള സകലത്തെയും വാഴ്ത്തുവാനും നിങ്ങളുടെ മുമ്പാകെ നിങ്ങളുടെ ശത്രുക്കളുടെ പിടലിയെ തകർക്കുവാനും നിങ്ങളുടെ നടപ്പുകളുടെ ചൊവ്വുള്ള ഊടുവഴി നേരെ ആക്കുവാനും ആയിട്ട് ദൈവമായ കർത്താവിനോട് നാം അപേക്ഷിക്കുന്നു. എല്ലാ വ്യസനങ്ങളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും താൻ നിങ്ങളെ കാക്കുകയും, വിശ്വാസികളായ നിങ്ങളുടെ മരിച്ചവരുടെ ആത്മാക്കളെ ആകാശത്തിന്നടുത്ത ഊർശ്ലേമിൽ അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ അനുകൂലമാക്കുകയും രണ്ടു ലോകങ്ങളിൽ നിങ്ങൾക്ക് മുഖപ്രസാദം തരികയും ചെയ്യുമാറാകട്ടെ. അത് തമ്പുരാനെപ്പെറ്റ മറിയത്തിന്റെയും സകല പരിശുദ്ധന്മാരുടേയും പരിശുദ്ധ സ്ത്രീകളുടെയും പ്രാർത്ഥനയാൽത്തന്നേ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ പിതാവേ... ഇത്യാദി.

(മ്ശിഹാ കാലം 1876 മേട മാസം 23-ാം തീയതി)

വീണ്ടും പള്ളിയുടെ നിലങ്ങൾ വേല ചെയ്യാനും ആണ്ടുതോറും പള്ളിക്ക് പാട്ടം കൊടുപ്പാനും ശക്തി ഇല്ലാതെയും ഈ പ്രവൃത്തിയിൽ മടി ചെയ്യുന്നു എന്നവരിൽ നിന്ന് പള്ളിയുടെ നിലങ്ങളും പറമ്പുകളും എടുത്ത് ഈ നാടിന്റെ മര്യാദപോലെ താമസം കൂടാതെ പള്ളിക്ക് പാട്ടം കൊടുക്കുന്നു എന്ന ചൊവ്വുള്ളവരായ മറ്റു വല്ലവർക്കും കൊടുക്കപ്പെടണം. അവൻ മനസ്താപപ്പെട്ട് വേഗത്തിൽ കുടിശ്ശികയും തന്നാണ്ട് ആയ പള്ളിക്കുള്ള പാട്ടം തരുന്നു എന്നവന്റെ മേൽ അവൻ കച്ചീട്ട് വച്ച് അവനുവേണ്ടി ചൊവ്വുള്ള ഒരു ജാമ്യക്കാരനെ തരുന്നു എങ്കിൽ മുമ്പിലത്തേതു പോലെ അവൻ തന്നെ നടന്നുകൊള്ളട്ടെ. വീണ്ടും കന്യാവ്രതക്കാരായ കശ്ശീശന്മാർക്ക് അവരുടെ വീടുകളിലും ശേഷം ക്രിസ്ത്യാനികളുടെ വീടുകളിലും കിടന്നുറങ്ങുവാൻ ദൈവത്തിൽ നിന്നും അധികാരം അവർക്കില്ല. പിന്നെയോ പള്ളിയിൽ അവർ കിടക്കണം. അന്തിയിലും മയ്യലിലും അവർ നമസ്കരിച്ച് വീതക്കാരൻ അവന്റെ വീതത്തിൽ

നിത്യവും അവർ കുർബാന ചൊല്ലണം. കന്യാവ്രതത്തിന്റെ വേഷം അശുദ്ധി വരാതെയും വിശ്വാസികൾക്ക് ഉതപ്പ് വരാതെയും ആയിരിക്കണം. എന്തെന്നാൽ കന്യാവ്രതത്തിന്റെ വേഷം മാലാഖമാരുടെ ചമയംപോലെ ആകുന്നു. ഇവർ അവർക്കു തന്നെ അവർ ശുശ്രൂഷ ചെയ്യണം. അവർക്ക് വേണ്ടുന്നതൊക്കെയും ചൊവ്വുള്ളവരും കന്യാവ്രതക്കാരുമായ ദയറായക്കാരുടെ മര്യാദപോലെ അവരുടെ പക്കൽ മുറിയിൽ അതിനെ ശേഖരിച്ചു വച്ചുകൊള്ളണം. അറപ്പ് കെടുന്നവനെ അരൂപിക്കടുത്ത ന്യായവിധിയുടെ അടിസ്ഥാനമാകുന്നു എന്ന ഹൂദായയുടെ പുസ്തകത്തിൽ ശ്ലീഹന്മാരും ശുദ്ധമുള്ള പിതാക്കന്മാരും എഴുതി എന്ന കാനോനാ പോലെ അതിന്റെ ശേഷം അവനെ കുറ്റപ്പെടുത്തി തള്ളപ്പെടണം. കേൾക്കുന്നവരുടെ മേലും അനുസരിക്കുന്നവരുടെ മേലും കൃപയും വാഴ്വും അവരുടെ മേൽ വസിക്കുമാറാകട്ടെ. ഇപ്രകാരം നിങ്ങൾ അറിഞ്ഞുകൊൾവിൻ. ദൈവകൃപയുടെ വിരോധത്തിൽ നിന്ന് നിങ്ങൾ സൂക്ഷിക്കപ്പെട്ട് കൊൾകയും ചെയ്വിൻ.

ഈ കല്പന മിഥുന മാസം 2-ന് ബുധനാഴ്ച മുളന്തുരുത്തി പള്ളിയിൽ വച്ച് അത്രേ കൈക്കാരന്മാരുടെ പറ്റിൽ കൊടുത്തത്. 7-ന് ഞായറാഴ്ച പള്ളിയിൽ വായിച്ച് പ്രസിദ്ധം ചെയ്തു.

28-ാമത് ലക്കം. റിശീസാ പിരിപ്പാനായിട്ട് എഴുതിയ കല്പനയുടെ പകർപ്പ്:

സർവ്വവല്ലഭനായി കാതൽത്വം തിങ്ങപ്പെട്ടിരിക്കുന്ന ആദ്യന്തമില്ലാത്ത നിത്യന്റെ തിരുനാമത്താലെ തനിക്കു സ്തുതി. അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്മേൽ വാണിരിക്കുന്ന മൂന്നാമത്തെ പത്രോസ് എന്ന ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ.

നമ്മുടെ കണ്ടനാട് പള്ളിയിലുള്ള ചൊവ്വുള്ള പട്ടക്കാരും വെടിപ്പുള്ള ശെമ്മാശന്മാരും വിശ്വാസമുള്ള കൈക്കാരന്മാരും വാഴ്ത്തപ്പെട്ട പ്രധാനികളും അനുഗ്രഹിക്കപ്പെട്ട ലോകരും ആയ നമ്മുടെ ആത്മീയ മക്കളുടെ നിറുകമേൽ ദൈവികത്വത്തിന്നടുത്ത കൃപയും ആകാശത്തിന്നടുത്ത വാഴ്വുകളും വന്ന് ആവസിക്കുമാറാകട്ടെ. അത് തമ്പുരാനെ പ്രസവിച്ച അമ്മയുടെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽത്തന്നേ. ആമ്മീൻ.

വീണ്ടും സത്യമുള്ള നിങ്ങളുടെ ഉപവിയോട് നാം അറിയിക്കുന്നതെന്തെന്നാൽ മുമ്പിലത്തെ കാലങ്ങളിൽ സകല ജാതികളും അവർക്കുള്ള പിതാക്കന്മാരുടെ പിതാവും തലവന്മാരുടെ തലവനും ആയ പ്രധാനാചാര്യന് പത്തിലൊന്ന് റീശീസായും[21] കൊടുക്കണമെന്ന് ദൈവം കല്പി

ച്ചിരിക്കുന്നപ്രകാരം എല്ലാ പള്ളികളുടെയും ഇടവകകളുടെയും തലവനായി ഭരിക്കുന്ന പ്രധാനാചാര്യനായ പാത്രിയർക്കീസിന് പത്തിലൊന്നു റീശീസാകളും ആണ്ടുതോറും കൊടുപ്പാൻ ന്യായമാകുന്നു. എന്തെന്നാൽ അബ്രഹാം രാജാക്കളോട് യുദ്ധം ചെയ്ത് അവരെ ഓടിച്ച് സോദോമിൽ നിന്ന് അടിമയായി കൊണ്ടുപോയിരുന്ന അടിമകളെ വീണ്ടെടുത്ത് അവന്റെ സഹോദരന്റെ മകനായ ലോത്തിനെയും അവന്റെ നേട്ടത്തോടുകൂടെ തിരിച്ചു കൊണ്ടുപോന്ന നേരത്തിൽ ദൈവത്തിന്റെ പ്രധാനാചാര്യനായ ശാലേമിന്റെ രാജാവ് മൽക്കിസദേക്ക് അവന്റെ എതിരേല്പിന് പുറപ്പെട്ട് അപ്പവും വീഞ്ഞും കൊണ്ട് കാഴ്ച അണച്ച് അവനെ അനുഗ്രഹിച്ച് പറഞ്ഞു. അബ്രഹാം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന ഉന്നതമുള്ള ദൈവത്തിന് വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ ശത്രുക്കളെ നിന്റെ കൈകകളിൽ ഏല്പിച്ചു എന്ന ഉന്നതമുള്ളവനായ ദൈവം വാഴ്ത്തപ്പെട്ടവനാകുന്നു. അബ്രഹാം അവൻ സമ്പാദിച്ചു എന്ന സകലത്തിൽ നിന്നും പത്തിലൊന്നും റീശീസാകളും മൽക്കിസദേക്കിന് കൊടുത്തു. അതുകൊണ്ട് അബ്രഹാമിന്റെ മേൽ കർത്താവിന്റെ ദർശനമുണ്ടായി അവനോട് അബ്രഹാമേ നീ ഭയപ്പെടേണ്ട എന്നും ഞാൻ നിന്നെ സഹായിച്ച് തുണക്കുമെന്നും മറ്റും അരുളിച്ചെയ്തു. ആ കാലം മുതൽ പ്രധാനാചാര്യനായ പാത്രിയർക്കീസന്മാർക്ക് റീശീസാകളും പത്തിലൊന്നും മറ്റും കൊടുപ്പാൻ എല്ലാ ജാതിക്കാരോടും ദൈവത്തിൽ നിന്ന് കല്പന ഉണ്ടായി. അപ്രകാരം ദൈവം അവരുടെ റീശീസാകളും പത്തിലൊന്നും മറ്റും മേല്പട്ടക്കാരനായ അഹറോനും അവന്റെ മക്കൾക്കും കൊടുക്കണമെന്ന് നീ പറക എന്ന് മോശയോട് കല്പിച്ചരുളിച്ചെയ്തു. എന്തെന്നാൽ ഇസ്രായേൽ മക്കളുടെ എല്ലാ റീശീസാകളും പത്തിലൊന്നും മറ്റും മേല്പട്ടക്കാരൻ അഹറോനും അവന്റെ മക്കൾക്കും എന്നും ചട്ടമായി ഞാൻ കൊടുത്തിരിക്കുന്നു. പിന്നെയും ശ്ലീഹന്മാരുടെ കാലത്തിൽ അന്ത്യോഖ്യായിൽ അവർ ആയിരുന്നപ്പോൾ ഊർശ്ലേമിൽ നിന്ന് നിബിയന്മാർ അവിടേക്ക് വന്നിരുന്നു. ആഫാബോസ് എന്ന് പേരുള്ള അവരിൽ നിന്ന് ഒരുത്തൻ എഴുന്നേറ്റു നിന്ന് ഭൂമി ഒക്കെയിലും വലിയ പഞ്ഞം ഉണ്ടാകുമെന്ന് ആത്മാവിൻ പ്രകാരം അവരോടറിയിച്ചു. ഇതുകൊണ്ട് ശിഷ്യരും വിശ്വാസികളായ ലോകർ എല്ലാവരും ചുറ്റിൽ പാർത്തിരിക്കുന്ന സഹോദരന്മാരുടെ ദിഷ്ടതിയെ നിവർത്തിപ്പാനും ദൈവത്തിന്റെ കല്പനയെ തികപ്പാനും അവരുടെ ശുശ്രൂഷക്ക് കൊടുത്തയപ്പാൻ അവനവന്റെ പ്രാപ്തിപോലെ റീശീസായും പത്തിലൊന്നും മറ്റും വേർതിരിച്ചുകൊടുത്തു. ഇതുകൊണ്ട് പ്രധാനാചാര്യന്മാരായ അവരുടെ പാത്രിയർക്കീസന്മാർക്ക് വിശ്വാസമുള്ള ലോകരുടെ എല്ലാ റീശീസാകളും കൊടുക്കണമെന്ന് കാനോനായിൽ കല്പിക്കപ്പെട്ടപ്രകാരം ശ്ലീഹന്മാരുടെ കാലംമുതൽ ചട്ടമായി അപ്രകാരം ശുദ്ധമുള്ള മൂന്ന് സുന്നഹദോസുകളിലും അവർ നിശ്ച

യിച്ചിരിക്കുന്നു. പിന്നെയും പിതാക്കന്മാരുടെ പിതാവും തലവന്മാരുടെ തലവനും ആയ പാത്രിയർക്കീസിൽ നിന്നൊഴികെ യാതൊരുത്തനും മൂറോൻ കൂദാശ ചെയ്യരുതെന്നും തന്റെ മേലധികാരത്തിൻകീഴുള്ള എല്ലാ ഇടവകക്കാർക്കും മൂറോൻ കൂദാശ ചെയ്തുകൊടുക്കണമെന്നും ഇവ ആണ്ടുതോറും അവരുടെ റീശീസാകളും പത്തിലൊന്നും മറ്റും ശേഖരപ്പെടുത്തി പ്രധാനാചര്യന്മാരായ മല്ക്കിസദേക്കിനെപ്പോലെയും ആയിരിക്കുന്ന പാത്രിയാർക്കീസിന് കൊടുത്തയക്കണമെന്നും അരൂപിക്കടുത്ത ഈ ചട്ടവും കല്പനയും ഉണ്ടായിരിക്കുന്നു. മത്സരിച്ച് ദൈവകല്പനയെ വ്യത്യാസം ചെയ്ത അവന്റെ ഭവനത്തിന്റെ റീശീസായും പത്തിലൊന്നും ആദ്യഫലവും കൊടുക്കാതെ ഇരിക്കുന്ന അവനൊക്കെയ്ക്കും അവന്റെ ഭവനക്കാർക്കും മാമ്മൂദീസാ ഇല്ല. വിപരീതം നിങ്ങൾക്ക് ചേർച്ചയും അല്ല. എന്തെന്നാൽ ദൈവത്തിന്റെയും നിങ്ങളുടെ പ്രധാനാചാര്യന്റെയും കല്പനകൾക്ക് ചൊൽവിളി കേൾക്കുന്നവരും അനുസരണമുള്ളവരും നിങ്ങളെന്ന് നിങ്ങളെ നാം അറിഞ്ഞിരിക്കുന്നു. റീശീസാകൾ എന്നും സത്യമായിട്ട് നമുക്കുള്ളതാകുന്നു. അത് ഒരുത്തന് ഒരുത്തൻ സമ്മാനം കൊടുക്കുന്നതുപോലെയല്ല, സമ്മാനം മനസ്സുണ്ടെങ്കിൽ കൊടുക്കുന്നു. അല്ല എങ്കിൽ കൊടുക്കുന്നില്ല. ദൈവത്തിന്റെ കല്പനപോലെ അഗതിയാനായാലും ഗൃഹസ്ഥനായാലും ജാഗ്രത ആയി ആണ്ടുതോറും അവയെ കൊടുപ്പാനും റീശീസാകളെ ശേഖരിപ്പാനും കല്പിച്ചിരിക്കുന്നു എന്ന പാത്രിയർക്കീസിന്റെ എപ്പിത്രോപ്പായെ ഏല്പിപ്പാനും അവൻ പാത്രിയർക്കീസിന് അവയെ കൊടുത്തയപ്പാനും വേണ്ടിയിരിക്കുന്നു. ഇപ്പോൾ പട്ടക്കാരായ നമ്മുടെ മക്കളിൽ നിന്ന് ആ പള്ളിയിൽ കരവട്ട് ശെമവൂൻ കോറിയെ നാം തെരഞ്ഞെടുത്ത് നിങ്ങളിൽ നിന്ന് റിശീസാകളെ ശേഖരിപ്പാൻ നിങ്ങളുടെ പക്കൽ നാം അയക്കുന്നതാക കൊണ്ട് സന്തോഷത്തോടെ വേഗം നിങ്ങൾ കൊടുക്കണം. അത് വിവാഹം ചെയ്ത പുരുഷനും സ്ത്രീക്കും കൂടെ 12 അണ.[27] കൊടുക്കുന്നവരുടെ പേരുകൾ എഴുതുകയും അവനും അവന്റെ പിതാക്കന്മാർക്കും ഓർമ്മ ആയിരിക്കാൻ അതിന്റെ ഒരു പകർപ്പ് നമുക്ക് കൊടുത്തയക്കുകയും വേണം. ആയത് സമ്പന്നൻ പ്രാപ്തിപോലെയും ദരിദ്രൻ ബലഹീനത പോലെയും എടുത്ത് വിവാഹം ചെയ്ത തല ഒന്നിന് 12 അണ മുതലെടുപ്പായിരിക്കണം. ഇക്കാര്യത്തിൽ നിങ്ങൾ ഉപേക്ഷ വിചാരിക്കരുതെന്ന് നിങ്ങളുടെ സ്നേഹത്തോട് നാം കല്പിക്കുന്നു. ജ്ഞാനമുള്ളവൻ ദൈവീകത്തിന്നടുത്ത ബോധത്താൽ അവൻ തിരിച്ചറിയപ്പെട്ടുകൊള്ളട്ടെ. വീണ്ടും ദൈവമായ കർത്താവ് നിങ്ങളുടെമേലും നിങ്ങളുടെ ഭവനങ്ങളുടെ മേലും നിങ്ങളുടെ മക്കൾ മേലും നിങ്ങളുടെ നേട്ടങ്ങൾ മേലും നിങ്ങൾക്കുള്ള സകലത്തിന്മേലും താൻ വാഴ്ത്തി അനുഗ്രഹിപ്പാനും നിങ്ങളുടെ റീശീസാകളും നിങ്ങളുടെ ഹലാനുകളും നിങ്ങളുടെ ധർമ്മങ്ങളും താൻ

കൈക്കൊണ്ട് ഒന്നിന് മുപ്പതായും അറുപതായും നൂറായിട്ടും നിങ്ങൾക്ക് പ്രതിപകരം ചെയ്യുവാനും നിങ്ങളുടെ നോമ്പും നിങ്ങളുടെ നമസ്കാരവും താൻ കൈക്കൊണ്ട് നിങ്ങളുടെ കടങ്ങളും പാപങ്ങളും താൻ ക്ഷമിപ്പാനും നിങ്ങളുടെ മരിക്കപ്പെട്ടവരുടെ ആത്മാക്കളെ ഊർശ്ലേമിനടുത്ത ഭവനങ്ങളിൽ അനുകൂലമാക്കുവാനും നിങ്ങളെയും അവരെയും എന്റെ പിതാവിനാൽ വാഴ്വ് ഏല്ക്കപ്പെട്ടവരേ, ലോകാരംഭം മുതൽ നിങ്ങൾക്കായി ഒരുക്കിയ ആകാശമോക്ഷം നിങ്ങൾ വന്ന് നേടിക്കൊൾവിൻ എന്ന് വലത്തേതിന്നടുത്തവരോട് അരുളി ചെയ്യുന്നതായ ആ സന്തോഷസ്വരത്തെ കേൾപ്പിപ്പാനും ആയിട്ട് നാം പ്രാർത്ഥിക്കുന്നു. അത് തമ്പുരാനെ പെറ്റ അമ്മയുടെയും സകല പരിശുദ്ധന്മാരുടെയും ഇന്ത്യയുടെ അറിയിപ്പുകാരനായ ശുദ്ധമുള്ള മാർതോമ്മാ ശ്ലീഹായുടെയും പ്രാർത്ഥനകളാൽ ത്തന്നേ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.. ഇത്യാദി...

മശിഹാകാലം 1876 ഇടവം 28-ന് മുളന്തുരുത്തി പള്ളിയിൽ നിന്നും.

ഇപ്രകാരം ഓരോ പള്ളിയിൽ ഓരോ പട്ടക്കാരെ ചുമതലപ്പെടുത്തി റീശീസാ പിരിപ്പാനായി എല്ലാ പള്ളികളിലേക്കും കല്പന അടിപ്പിച്ച് മുദ്ര വച്ച് അയച്ചു. ”

ഇവ കൂടാതെ 1877 മകരം 15-ന് കൊച്ചീക്കോട്ട പള്ളിയിൽ നിന്ന് പത്രോസ് പാത്രിയർക്കീസ് പുറപ്പെടുവിച്ച ദീർഘമായ കല്പനയിലും അദ്ദേഹം കുറെ കല്പനകൾ പുറപ്പെടുവിക്കുന്നത് കാണുക:

“സർവശക്തനായി കാതൽത്വം തിങ്ങപ്പെട്ട ആദ്യന്തമില്ലാത്ത നിത്യന്റെ തിരുനാമത്തിൽ തനിയ്ക്കു സ്തുതി. അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിൽ സുറിയാനി ജാതിമേൽ മുഷ്കരപ്പെട്ടിരിക്കുന്ന മൂന്നാമത്തെ പത്രോസ് എന്ന ഇഗ്നാത്യോസ് പാത്രിയർക്കീസ് മലയാളത്തിലുള്ള യാക്കോബായ സുറിയാനിക്കാരായ നമ്മുടെ ആത്മീയ മക്കളുടെ മേൽ ദൈവീകത്തിന്നടുത്ത കൃപയും ആകാശത്തിന്നടുത്ത വാഴ്വും വന്ന് വസിക്കുമാറാകട്ടെ. ദൈവമായ കർത്താവിന്റെ വാഴ്വ് നിങ്ങളുടെ മേലും നിങ്ങളുടെ ഭവനങ്ങൾമേലും നിങ്ങളുടെ മക്കൾമേലും നിങ്ങളുടെ സകലത്തിൻമേലും വന്ന് വസിക്കുമാറാകട്ടെ. അത് തമ്പുരാനെ പ്രസവിച്ച അമ്മയുടെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നേ. ആമ്മീൻ.

സത്യമുള്ള നിങ്ങളുടെ സ്നേഹത്തോട് നാം അറിയിക്കുന്നത് എന്തെന്നാൽ, നമ്മുടെ സഭയുടെ ചട്ടം പോലെയും കാനോനാ പോലെയും നമ്മുടെ ജനത്തിൽനിന്ന് റിശീസാ ശേഖരിക്കുന്നതിന് നിങ്ങൾക്ക് നാം

കല്പന അയച്ചിട്ടുണ്ടല്ലോ. എന്നാൽ അതിനെക്കുറിച്ച് അരൂപിക്കടുത്ത വൈരാഗ്യം നിങ്ങൾ ചെയ്ത് വേഗത്തിൽ അതിനെ ശേഖരിപ്പാൻ നിങ്ങൾക്ക് ന്യായമാകുന്നു.

എന്നാൽ ഈ കാര്യത്തെക്കുറിച്ച് ഇന്നാകട്ടെ, നാളെയാകട്ടെ എന്ന് അവധി പറഞ്ഞ് ദീർഘപ്പെടുത്തുവാൻ ദൈവത്തിൽ നിന്ന് നിങ്ങൾക്ക് അധികാരം ഇല്ല. പട്ടക്കാരൻ ഒരുവന്റെ ഭവനത്തീന്ന് റിശീസാ പിരിപ്പാൻ വരുന്നുവെങ്കിൽ വൃഥാ അവനെ തിരിച്ചയക്കുന്നത് യാതൊരു പ്രകാരത്തിലും നിങ്ങൾക്ക് യുക്തമല്ലെന്നും പാത്രിയർക്കീസിന്റെ റിശീസായ്ക്ക് നിങ്ങൾ കടക്കാരാകുന്നു എന്നും പ്രത്യേകം അറിഞ്ഞുകൊള്ളണം. നീതിമാൻ കടം വാങ്ങിച്ചാൽ ആ കടത്തെ അവൻ സ്നേഹത്തോടുകൂടെ വീട്ടുന്നു എന്നും ദുഷ്ടൻ വീട്ടുന്നതല്ലായെന്നും ദാവീദ് നിബി പറഞ്ഞിരിക്കുന്നതിനെ ഓർത്തുകൊൾവിൻ.

എന്നാൽ ശുദ്ധമുള്ള മൂറോൻ അഭിഷേകം ചെയ്യപ്പെട്ടവൻ അതിന്റെ പ്രതിഫലം കൊടുക്കാതെ ഇരുന്നാൽ അവന്റെ ശരീരം വെടിപ്പായിരിക്കയില്ല. എന്തെന്നാൽ അവൻ വെടിപ്പാക്കുന്നത് ശുദ്ധമുള്ള മൂറോൻ കൊണ്ടും വെടിപ്പുള്ള മാമ്മൂദീസായുടെ പൂർണ്ണതകൊണ്ടും ആകുന്നു. അതിനാൽ സ്വർഗ്ഗത്തിലുള്ള പിതാവിന് മക്കളും ഈശോ മശിഹായ്ക്ക് സഹോദരന്മാരും ആയിത്തീരുന്നതുമാകുന്നു. എന്നാൽ യോഹന്നാൻ വെള്ളം കൊണ്ട് മാമ്മൂദീസാ മുക്കി, നിങ്ങൾ റൂഹ്ക്കുദിശായാൽ മാമ്മൂദീസാ മുഴുകുമെന്ന് ശ്ലീഹന്മാരുടെ നടപ്പ് പുസ്തകമാകുന്ന പ്രക്സീസിൽ കല്പിച്ചിരിക്കുന്നത് പോലെ തന്നേ.

ആദ്യകാലങ്ങളിൽ ദൈവം മോശ നിബിയോട് കല്പിച്ചത് എന്തെന്നാൽ സൈത്തെണ്ണയിൽ നിന്നും വെടിപ്പുള്ള സുഗന്ധവർഗ്ഗങ്ങളിൽ നിന്നും കൂട്ടിച്ചേർത്ത് അഭിഷേകതൈലം നീ ഉണ്ടാക്കുക എന്നും അതിനാൽ മസ്ക്കൻ സബ്നായെയും ജീവസ്സുകളുടെ മേശയേയും ബെസ്ക്കുദിശ എന്ന ശുദ്ധസ്ഥലത്തിന്റെ സകല വസ്തുക്കളെയും അതിനാൽ പട്ടക്കാരെയും നിബിയന്മാരെയും അഭിഷേകം ചെയ്ക എന്നും മരിച്ചവന്റെ ശരീരത്തിൽ അതിനെ പൂശരുത് എന്നും അന്യർക്ക് അതിൽനിന്ന് കൊടുക്കരുത് എന്നും അതിന്റെ സാദൃശ്യത്തിൽ ഉണ്ടാക്കുന്നവൻ നശിച്ചുപോകുമെന്നും കല്പിക്കുകയും അതിന്റെശേഷം ഇസ്രായേൽ പുത്രന്മാർ ദൈവകല്പനയെ ലംഘിച്ച് പൊട്ടബിംബങ്ങളാകുന്ന കല്ലിനെയും മരത്തെയും പൊന്നിനെയും വെള്ളിയേയും അവർ കുമ്പിട്ട് ദൈവാരാധനയെ വിഗ്രഹാരാധനയായി അവർ വ്യത്യാസപ്പെടുത്തി. തന്മൂലം വലിയ പാപവും വീഴ്ചയും അവർക്ക് സംഭവിച്ചു. ഇസ്രായേൽ എന്റെ കടിഞ്ഞൂൽ പുത്രൻ എന്നും എന്റെ വാത്സല്യമുള്ളവനെന്നും അരുളിച്ചെയ്തി

രിക്കുന്ന സ്വർഗ്ഗീയ പിതാവാം ദൈവത്തെ അവർ ഉപേക്ഷിച്ചു. എങ്കിലും തന്റെ ആർദ്രകരുണയാൽ അവരോട് പ്രസംഗിച്ച് തിരിപ്പിപ്പാനായി നിബിയന്മാരെയും ഉപദേഷ്ടാക്കന്മാരെയും താൻ കല്പിച്ചയച്ചു. അവരെയും അവർ കേട്ടില്ല. പിന്നീട് യോഹന്നാൻ മാംദാനയെ അയച്ചു. എല്ലാവരും അനുതപിച്ച് മാമ്മൂദീസാ മുഴുകുവാനായി യോർദ്ദാൻ നദിയിൽ അനുതാപത്തിന്റെ മാമ്മൂദീസായെക്കുറിച്ച് അദ്ദേഹം അറിയിച്ചു. അദ്ദേഹത്തേയും അനുസരിക്കാതെ കാരാഗൃഹത്തിൽ ഇട്ടു കൊല്ലുകയും ചെയ്തു. അതിന്റെ ശേഷം മശിഹാ വന്നു. താൻ പ്രസംഗിച്ച് അവരെ പഠിപ്പിക്കുകയും അവരുടെ ഇടയിൽ ഏറിയ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുകയും ചെയ്തിട്ടും തന്റെ തിരുവചനങ്ങളെ അവർ വിശ്വസിക്കാതെ പൈശൂന്യത്താൽ തിന്മകൾ ചെയ്തവനെപ്പോലെ ഗണിച്ച് സ്ലീബായിൽ തൂക്കി നന്മയ്ക്കു പകരം തിന്മ അവർ തന്നോട് പ്രതിപകരം ചെയ്തു.

ഇത് ഹേതുവായിട്ട് അവരിൽ നിന്ന് രാജത്വവും പട്ടത്വവും പ്രവാചകത്വവും വിശുദ്ധ അഭിഷേകതൈലവും എടുക്കപ്പെട്ടു. മശിഹാ കബറിൽ നിന്ന് ഉയിർത്തെഴുന്നേറ്റതിന്റെ ശേഷം നാല്പത് നാൾ ഏറിയ അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ട് തന്റെ ശിഷ്യന്മാർക്ക് കാണപ്പെട്ട് ദൈവത്തിന്റെ മോക്ഷത്തെക്കുറിച്ച് അവരെ പഠിപ്പിക്കുകയും അവരോടുകൂടെ അപ്പം ഭക്ഷിക്കുകയും ചെയ്തിരുന്നപ്പോൾ ഊർശ്ലേമ്മിൽ നിന്ന് അവർ വിട്ടുമാറാതെ തന്നിൽനിന്ന് അവർ കേട്ടിട്ടുള്ള പിതാവാം ദൈവത്തിന്റെ വാഗ്ദത്തത്തിനായിട്ട് അവർ പാർക്കണമെന്നും അവരോട് താൻ കല്പിച്ച് സ്വർഗ്ഗാരോഹണം ചെയ്തു. അപ്പോൾ ഒരു മേഘം തന്നെ എടുത്തുകൊണ്ടു പോയി. അവരുടെ കൺകളിൽനിന്ന് താൻ മറയപ്പെടുകയും ചെയ്തു.

പിന്നത്തേതിൽ ശിഷ്യന്മാർ എല്ലാവരും ഒരുമിച്ചു കൂടിയിരിക്കയിൽ പെട്ടെന്ന് ആകാശത്തിൽ നിന്ന് കൊടുങ്കാറ്റുപോലൊരു ശബ്ദം ഉണ്ടായി. അവരിൽ ഓരോരുത്തനിൽ പരിശുദ്ധാത്മാവ് ആവസിച്ച് പല പല ഭാഷകളിൽ അവർ സംസാരിച്ചു. അവസാന ദിവസങ്ങളിൽ സകല ജാതികളിന്മേലും തന്റെ ആത്മാവിനെ പകരുമെന്ന് ദൈവം അരുളിച്ചെയ്തിരുന്നപ്രകാരം യോവേൽ നിബിയാൽ പറയപ്പെട്ടിരിക്കുന്ന പ്രവചനം അവരിൽ നിവൃത്തിയായി. ഇതിനാൽ വി. ശ്ലീഹന്മാർ പ്രസംഗിച്ച് മാമ്മൂദീസാ മുക്കുകയും അഭിഷേകതൈലം ശുദ്ധീകരിച്ച് പരിശുദ്ധാത്മാവിനാൽ വിശ്വാസികളെ പരിപൂർണ്ണതപ്പെടുത്തുകയും ചെയ്തു. സ്വർഗ്ഗീയ പിതാവിന് മക്കളും യേശുമശിഹായ്ക്ക് സഹോദരങ്ങളും ആയിത്തീർന്ന് ഇതിനാൽ ഇസ്രായേൽ ജനത്തിൽ നിന്ന് രാജത്വവും പട്ടത്വവും പ്രവാചകത്വവും നീക്കം ചെയ്യപ്പെട്ടു.

അഭിഷേകതൈലമായ ശുദ്ധമുള്ള മൂറോൻ ഇല്ലാത്തവന്റെ മാമ്മൂദീസാ യോഹന്നാന്റെ മാമ്മൂദീസാ പോലെ വെള്ളം കൊണ്ടു മാത്രം അല്ലാതെ പരിശുദ്ധാത്മാവ് അവനിൽ ആവസിച്ചിട്ടില്ല. എന്നാൽ നാം മലയാളത്തിൽ എത്തിയപ്പോൾ ചൊവ്വുള്ളവരും ചൊവ്വില്ലാത്തവരുമായ കശ്ശീശന്മാർ മൂറോൻ ഒഴിഞ്ഞ കുപ്പിയിൽ ചെറിയ കോലിട്ടെടുത്ത് മൂറോൻ എന്ന പേരും പറഞ്ഞു മാമ്മൂദീസാ മുക്കുന്ന പൈതലിന്റെ മുഖത്ത് സ്ലീബാ വരച്ചുകൊണ്ട് പൈതങ്ങളെ മാമ്മൂദീസാ മുക്കുന്നതായി നാം കണ്ടു. ഇങ്ങനെ കശ്ശീശന്മാർ ജനത്തെ വഞ്ചിക്കുന്നുവെന്നും അവരുടെ മാമ്മൂദീസാ റൂഹ്ക്കുദിശാ ഇല്ലാത്ത വെള്ളം കൊണ്ട് മാത്രമുള്ള മാമ്മൂദീസാ എന്നും ശുദ്ധമുള്ള മൂറോനിൽ നിന്ന് അവർ ഒഴിയപ്പെട്ടവരെന്നും നാം തിരിച്ചറിഞ്ഞു.

ഇതു നാം കേട്ടപ്പോൾ പരിശുദ്ധാത്മാവിൽ ശുദ്ധീകരിക്കപ്പെട്ട മൂറോൻ അവർക്കു ഇല്ലാത്തതുകൊണ്ട് പരിശുദ്ധാത്മാവിൽ നിന്ന് അവർ ഒഴിയപ്പെട്ടവരായിരിക്കുന്നു എന്ന് വെച്ച് നമുക്ക് വളരെ ദുഃഖം തോന്നി. ഇപ്പോൾ നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെക്കുറിച്ചും ഉള്ള നമ്മുടെ കരുണനിമിത്തം നിങ്ങളോട് നാം അറിയിക്കുന്നത് എന്തെന്നാൽ ഇനി ശുദ്ധമുള്ള മൂറോൻ കൂടാതെ ഒരു പ്രകാരവും നിങ്ങളുടെ പൈതങ്ങളെ നിങ്ങൾ മാമ്മൂദീസാ മുക്കരുത്. എന്തെന്നാൽ അങ്ങനെയുള്ള മാമ്മൂദീസാ ഒരു പ്രകാരവും പൂർണ്ണതപ്പെടുന്നതല്ല. എന്നാൽ കശ്ശീശന്മാർ പൈതങ്ങളെ വെള്ളത്തിലേയ്ക്ക് പ്രവേശിപ്പിക്കുന്നതിന് മുമ്പിൽ വെള്ളത്തിൽ ശുദ്ധമുള്ള മൂറോൻ കശീശ്ശ ഒഴിക്കണം. അത് കിഴക്കുഭാഗത്തും പടിഞ്ഞാറുഭാഗത്തും ഓരോ തുള്ളിയും വടക്കുഭാഗത്തും തെക്കുഭാഗത്തും കൂടി ഒരു തുള്ളിയും ഇങ്ങനെ ത്രിത്വത്തിന്റെ സാദൃശ്യത്തിൽ മൂന്നു തുള്ളികൾ വീഴിച്ച് സ്ലീബാ വരച്ച് ശുദ്ധമുള്ള മാമ്മൂദീസായുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്ന പ്രകാരം കശ്ശീശാ ചൊല്ലുകയും കശ്ശീശാ പൈതലിനെ അഭിഷേകം ചെയ്യുന്നസമയം അവന്റെ വലംകൈയിന്റെ പെരുവിരൽ കുപ്പിയുടെ വായിൽവച്ച് ശുദ്ധമുള്ള മൂറോൻ ചെരിച്ച് അതുകൊണ്ട് പൈതലിന്റെ നെറ്റിയിൽ വരയ്ക്കണം. മാമ്മൂദീസായുടെ അവസാനത്തിൽ പൈതൽ വെള്ളത്തിൽ നിന്ന് കരേറുന്ന സമയം പട്ടക്കാരൻ കുറെ മൂറോൻ അവന്റെ വലത്തു കൈയിൽ ഒഴിച്ച് ഇടത്തുകൈകൊണ്ട് പൈതലിനെ പിടിച്ച് മൂറോൻ ഉള്ള വലതുകൈ പൈതലിന്റെ തലമേൽ വച്ച് തലയും വലത്തെ ചെവിയും മുഖവും ഉള്ളങ്കാൽ വരെ വലത്തേഭാഗം മുഴുവനും അഭിഷേകം ചെയ്ത് ഇടത്തേഭാഗത്തു അവന്റെ കാലിന്മേൽ കരേറുന്നു. വീണ്ടും ഇടതുകാലിന്റെ വലത്തുഭാഗം മുതൽ ഉള്ളംകാൽ വരെ ഇറങ്ങുകയും തലയുടെ ഇടത്തുഭാഗത്ത് എത്തുന്നവരെയും ഇടത്തേകാലിന് കരേറ്റുകയും ഇങ്ങനെ അവന്റെ ദേഹം മുഴുവനും അരൂപി

ക്കടുത്ത കുപ്പായം പോലെ ആകുവാൻ അഭിഷേകം ചെയ്യണം. എതിർക്കുന്ന ശത്രുക്കളുടെ നേരെ പടച്ചട്ടപോലെ ആകുവാനായിട്ട് മൂറോൻ പൂശാതെ ഒരിടവും ശേഷിപ്പിക്കരുത്. പിന്നെ വെടിപ്പുള്ള വസ്ത്രം തലതൊടുന്നവന്റെ മുൻകൈമേൽ വിടർത്തിയിരിക്കണം. കശ്ശീശാ മാമ്മൂദീസാ തികച്ചതിന്റെ ശേഷം തലതൊട്ടവൻ പൈതലിനെ മുൻകൈയിൽ എടുക്കണം. അതിന്റെശേഷം പട്ടക്കാരൻ പൈതലിനെ മദ്ബഹായിൽ പ്രവേശിപ്പിച്ച് ജീവന്റെ മേശയുടെ ചുറ്റും മൂന്നു പ്രാവശ്യം പ്രദക്ഷിണം വച്ച് പിന്നീട് വി. കുർബ്ബാനയിൽ സംബന്ധിപ്പിക്കണം. അതിന്റെ ശേഷം തലതൊട്ടവൻ കശീശ്ശയുടെ കൈയിൽ നിന്ന് പൈതലിനെ അവന്റെ മുൻകൈ മേൽ എടുത്ത് അവന്റെ കൈകളിൽ മെഴുകുതിരികളും പിടിച്ച് വീട്ടിലേക്കു കൊണ്ടുപോകണം. പിറ്റേദിവസം പൈതലിനെ പൊതിഞ്ഞ വെള്ള വസ്ത്രം മാറ്റി നല്ല വെള്ളത്തിൽ കഴുകി ആ വെള്ളം കൊണ്ടുപോയി മാമ്മൂദീസാ കല്ലിൽ ഒഴിക്കണം. ഇങ്ങനെ ശുദ്ധമുള്ള മാമ്മൂദീസാ തികയുന്നു. പൈതങ്ങൾ വി. റൂഹായിൽ മാമ്മൂദീസാ മുഴുകി സ്വർഗ്ഗീയ പിതാവിന് മക്കളും യേശു മശിഹായ്ക്ക് സഹോദരങ്ങളും ആകുന്നു.

*(ഈ വിവരണത്തിൽ മാമ്മൂദീസാ തൊട്ടിയിലെ വെള്ളത്തിൽ മൂറോൻ ഒഴിക്കുന്ന പതിവ് മലങ്കരയിലുണ്ടായിരുന്നില്ലെന്ന് ബാവാ വ്യക്തമാക്കുന്നു. മൂറോൻ ഒഴിക്കുന്ന കാര്യം പുസ്തകത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും അത് ശെമ്മാശ്ശൻ മുക്കുമ്പോഴാണെന്ന് കശ്ശീശന്മാർ മാത്രം മാമ്മൂദീസാ നടത്തുന്ന മലങ്കരസഭയിൽ അത് അനാവശ്യമെന്നും പത്രോസ് തൃതീയന് മുമ്പ് മലങ്കരയിൽ തിരിച്ചറിവുണ്ടായിരുന്നു എന്നർത്ഥം - എഡിറ്റർ)*

ഇത് (മൂറോൻ) നിങ്ങളിൽനിന്ന് ഒഴിയപ്പെട്ടതെന്ന് നാം കണ്ടപ്പോൾ മിസ്രയിമിനും ബോംബെയ്ക്കും എഴുതി അയച്ച് ശുദ്ധമുള്ള അഭിഷേക തൈലം ഉണ്ടാക്കുന്ന ഔഷധങ്ങൾ വരുത്തി. കശ്ശീശന്മാരും രാജാക്കന്മാരും നിബിയന്മാരും അതിനാൽ അഭിഷേകം ചെയ്യപ്പെട്ടു വന്നു എന്ന് നിങ്ങളെ നാം മുൻ അറിയിച്ചപ്രകാരം മ്ശിഹാ എഴുന്നള്ളിയപ്പോൾ സകല വിശ്വാസികളും റൂഹ്ക്കുദിശായാൽ മാമ്മൂദീസാ മുഴുകപ്പെട്ടു. കശ്ശീശന്മാരും രാജാക്കന്മാരും നിബിയന്മാരും സ്വർഗ്ഗീയ പിതാവിന് മക്കളും തനിക്കു സഹോദരന്മാരും ആയിത്തീരുവാനായിട്ട് മാമ്മൂദീസായുടെ മുദ്ര നമുക്കു നൽകി. ശുദ്ധമുള്ള മൂറോൻ എന്ന തൈലം ഇല്ലാത്തവർക്ക് പരിപൂർണ്ണ മാമ്മൂദീസാ ഇല്ല. അവരുടെ മാമ്മൂദീസാ യോഹന്നാന്റെ മാമ്മൂദീസാ പോലെ അനുതാപത്തിൽ ഉൾപ്പെട്ടതല്ലാതെ റൂഹ്ക്കുദിശയിൽ ഉൾപ്പെട്ടതല്ല. ഔഷധങ്ങൾ നമുക്ക് വന്നു ചേർന്നയുടൻ നമ്മുടെ ശുദ്ധമാന പള്ളിയുടെ മര്യാദയും ക്രമവും കാനോനായും പോലെ ശുദ്ധമുള്ള മൂറോൻ തൈലം ഒരുക്കി. ദൈവകൃപയാൽ 1876 ചിങ്ങം 15 ന് വാഴ്ത്ത

പ്പെട്ട മുളന്തുരുത്തി ഇടവകയിൽ മാർത്തോമ്മാ ശ്ലീഹായുടെ പള്ളിയിൽ വച്ച് ശുദ്ധമുള്ള മൂറോൻ നാം കൂദാശ ചെയ്തു. ആ പള്ളി ഇടവകക്കാർ ആ പ്രവൃത്തിയിൽ നമുക്ക് വളരെ സഹായിച്ചു. ദൈവമായ കർത്താവ് രണ്ടു ലോകങ്ങളിലും അവരെ സഹായിച്ച് അവരുടെ പ്രയത്നങ്ങൾക്ക് ഒന്നിന് മുപ്പതായിട്ടും അറുപതായിട്ടും നൂറായിട്ടും പ്രതിഫലം നൽകട്ടെ. മൂറോൻ കൂദാശ അവസാനിച്ചശേഷം ചൊവ്വുള്ള കശ്ശീശന്മാരുടെ കൈവശം എല്ലാ പള്ളികൾക്കും മൂറോൻ നാം കൊടുത്തു. ഇനിമേൽ മുമ്പിലത്തെപ്പോലെ മൂറോൻ കൂടാതെ ദൈവത്തിൽനിന്ന് മാമ്മൂദീസാ മുക്കുവാൻ കശ്ശീശന്മാർക്ക് അധികാരമില്ല. പിന്നെയോ നമ്മുടെ പള്ളി ക്രമവും ചട്ടവും പോലെ പരിപൂർണ്ണതയുള്ള മാമ്മൂദീസാ മുക്കണം. പൈതങ്ങളുടെ മാമ്മൂദീസാക്രമം നിങ്ങൾ തുടങ്ങുമ്പോൾ മാമ്മൂദീസാ കല്ലിൽ വെള്ളമൊഴിച്ച് മാമ്മൂദീസായുടെ മുഴുവൻ ക്രമം കഴിച്ച ശേഷം അതിൽനിന്ന് കുറെ വെള്ളം എടുക്കുകയും അതിൽ പെൺകുട്ടികളെ മുക്കുകയും ചെയ്യുന്നു എന്ന് നാം കേട്ടിരിക്കുന്നു. നമ്മുടെ വി. പള്ളിയുടെ ക്രമപ്രകാരവും കാനോൻ പ്രകാരവും അതു പാടുള്ളതല്ല. ഈ ക്രമക്കേട് പട്ടക്കാരുടെ തന്നിഷ്ടവും ഉപേക്ഷയും നിമിത്തം ഉണ്ടാവുന്നു. പെൺകുട്ടികളുടെ മുഴുവൻ ക്രമവും കഴിക്കുന്നതിൽ അവർക്കുണ്ടാകുന്ന പ്രയാസത്തെ നീക്കുവാൻ ഇപ്രകാരം ക്രമപ്പെടുത്തിയതാകുന്നു. ഇത് ശരിയല്ല. ഇപ്രകാരം പ്രവർത്തിക്കുന്നവൻ ശ്ലീഹന്മാരുടെയും ശുദ്ധമുള്ള പിതാക്കന്മാരുടെയും ക്രമങ്ങൾക്കും കാനോനാകൾക്കും വിരോധിയാകുന്നു. ആൺകുട്ടികളുടെ മാമ്മൂദീസായിൽ നിന്ന് വെള്ളം എടുത്ത് പെൺകുട്ടികളെ മുക്കുമ്പോൾ, പെൺകുട്ടിയുടെ മാമ്മൂദീസാ ആൺകുട്ടികളുടെ മാമ്മൂദീസായേക്കാൾ കുറയപ്പെടും; പരിപൂർണ്ണതയില്ലാത്തതുമാകുമെന്ന് എല്ലാ പട്ടക്കാരും അറിയണം. ഇനിമേൽ ഇതുപോലുള്ള പ്രവൃത്തി ചെയ്‌വാൻ നിങ്ങൾക്ക് അധികാരമില്ല. ആൺകുട്ടികളുടെ മാമ്മൂദീസാ തീർന്നതിന്റെ ശേഷം ആ വെള്ളം കല്ലിൽനിന്ന് നീക്കി പെൺകുട്ടികൾക്കായി വേറെ വെള്ളം നിറച്ച് മാമ്മൂദീസായുടെ ക്രമം കഴിച്ച് ആൺകുട്ടികളെപ്പോലെ പെൺകുട്ടികളെയും മുഴുവൻ മാമ്മൂദീസാ മുക്കണം. എന്തെന്നാൽ പെൺകുട്ടികളെ കുറയപ്പെട്ട മാമ്മൂദീസാ മുക്കുന്നതിന് അവർ ആൺകുട്ടികളേക്കാൾ കുറയപ്പെട്ടവരല്ല. സ്ത്രീയിൽ നിന്ന് പുരുഷനും പുരുഷനിൽനിന്ന് സ്ത്രീയും ജനിക്കപ്പെടുന്നു. ഒന്ന് മറ്റേതിനേക്കാൾ അധികത്വമുള്ളതല്ല. പുരുഷന്റെ സാദൃശ്യം പൂർണ്ണതയുള്ളതാകുന്നു. സ്ത്രീയുടെ സാദൃശ്യവും പൂർണ്ണതയുള്ളതാകുന്നു. അതിനാൽ അവരുടെ മാമ്മൂദീസായും പരിപൂർണ്ണതയുള്ളതായിരിക്കണം. അയോഗ്യമായി ചെയ്യുന്നവൻ തള്ളപ്പെട്ടവനായിരിക്കട്ടെ. ഇനിമേൽ ഈ ആത്മീയപ്രവൃത്തിയിൽ നിങ്ങൾ ഉപേക്ഷ ചെയ്യരുത്. വീട്ടിലും പള്ളിയിലും വച്ച് രണ്ടു മാമ്മൂദീസാ മുക്കുന്ന മര്യാദ നിങ്ങളുടെ ഇടയിൽ

ഉണ്ടെന്നു നാം കേട്ടു. ഇത് നമ്മുടെ വിശ്വാസത്തിന് വിപരീതമായിട്ടുള്ള താകുന്നു. രണ്ടു പ്രാവശ്യം മാമ്മൂദീസാ മുക്കുന്നവർ പട്ടത്വത്തിൽ നിന്ന് തള്ളപ്പെട്ടവൻ ആകുന്നു. പട്ടത്വത്തിന്റെ ആത്മീയ കാര്യങ്ങളിൽ പ്രവേ ശിപ്പാൻ അവന് അധികാരമില്ല. ഇപ്രകാരം നിങ്ങൾ അറിഞ്ഞുകൊള്ള ണം. മനുഷ്യമക്കൾക്ക് അമ്മയുടെ ഉദരത്തിൽ നിന്ന് ശാരീരികവും മാമ്മൂ ദീസായുടെ ഉദരത്തിൽ നിന്ന് ആത്മീയവുമായ രണ്ടു ജനനമുണ്ട്. ഒരു ത്തൻ തന്റെ മാതാവിന്റെ ഉദരത്തിൽ പ്രവേശിച്ച് അവളിൽ നിന്ന് രണ്ടാം പ്രാവശ്യം ജനിക്കുന്നുണ്ടോ? ആത്മീയ മാതാവായ മാമ്മൂദീസായുടെ ഉദരത്തിൽ നിന്ന് ജനിച്ചവൻ രണ്ടാം പ്രാവശ്യം അതിൽ നിന്നു ജനിക്കു വാൻ, അതായത് രണ്ടാം പ്രാവശ്യം മാമ്മൂദീസാ മുഴുകുവാൻ അധികാ രമില്ല. വി. ശ്ലീഹന്മാരുടെയും സ്തുതിചൊവ്വാകപ്പെട്ട പിതാക്കന്മാരുടെയും കാനോനാകളിലും മാമ്മൂദീസായിൽ വിശ്വാസമുള്ള യാതൊരു ക്രിസ്ത്യാ നികളിലും ഇപ്രകാരമില്ല. ആയതിനാൽ ഇപ്രകാരം മാമ്മൂദീസാ മുക്കുന്ന കശ്ശീശായും മുഴുകുന്ന അത്മേനിയും റൂഹ്കുദിശായിൽനിന്ന് ഒഴിയപ്പെ ട്ടവരാകുന്നു. അയോഗ്യമായി ചെയ്യുന്നവൻ നമ്മുടെ വിശുദ്ധ സഭയുടെ കാനോനുകൾക്ക് വിരോധിയാകുന്നു. പട്ടക്കാരുടെ തലവനായ മോശയ്ക്ക് കൊടുക്കപ്പെട്ടതുപോലെ മൂറോൻ കൂദാശ തലവരുടെ തലവനും പിതാ ക്കന്മാരുടെ പിതാവുമായ പാത്രിയർക്കീസിന് കൊടുക്കപ്പെട്ടു. ഇദ്ദേഹം മൂറോൻകൂദാശ ചെയ്ത് തന്റെ ജനങ്ങൾക്ക് കൊടുത്തയക്കണം. ഇസ്രാ യേൽ മക്കളുടെ സകല റിശീസാകളും തലമുറ തലമുറയായി മോശയ്ക്കും അവന്റെ മക്കൾക്കും നൽകപ്പെട്ടിരിക്കുന്നുവെന്ന് ദൈവം മോശയോട് അരുളിച്ചെയ്തതുപോലെ അവരുടെ വെടിപ്പിന് വേണ്ടി റിശീ സാകളെ ശേഖരിക്കാം. ഈ റിശീസാ ദൈവത്തിൽ നിന്ന് പാത്രിയർക്കീ സിന് കൊടുക്കപ്പെട്ടു. റിശീസാ കൊടുക്കാത്തവനൊക്കെയും ദൈവേ ത്തിനും പാത്രിയർക്കീസിനും കടക്കാരനാകുന്നു. പാത്രിയർക്കീസിന ല്ലാതെ മറ്റൊരുത്തനും മൂറോൻ കൂദാശ ചെയ്‌വാൻ ദൈവത്തിൽ നിന്ന് അധികാരമില്ല. അയോഗ്യമായി ചെയ്യുന്നവനൊക്കെയും ദൈവത്തിന്റെ സഭയിൽ നിന്ന് തള്ളപ്പെട്ടവനാകുന്നു. അതുകൂടാതെ മെത്രാപ്പോലീത്ത ന്മാരെയും എപ്പിസ്കോപ്പന്മാരെയും പട്ടം കെട്ടുവാൻ മറ്റൊരധികാരവും പാത്രിയർക്കീസിന് കൊടുക്കപ്പെട്ടു. പാത്രിയർക്കീസ് കൂടാതെ യാതൊ രുത്തനും മെത്രാപ്പോലീത്തന്മാരെയും എപ്പിസ്കോപ്പന്മാരെയും അയോ ഗ്യമായി പട്ടം കെട്ടിയാൽ കൊടുക്കുന്നവനും ഏല്ക്കുന്നവനും ശപിക്കപ്പെ ട്ടവരും തള്ളപ്പെട്ടവരും ആകുന്നു. ഇത് നല്ലവണ്ണം നിങ്ങൾ അറിഞ്ഞിരിക്ക ണം. വീണ്ടും നിങ്ങളുടെ സത്യസ്നേഹത്തോട് നാം കല്പിക്കുന്നു. നിങ്ങ ൾ വേഗം റിശീസാകൾ പിരിച്ച് ദൈവത്തിൽ നിന്ന് പാത്രിയർക്കീസി നോടുള്ള നിങ്ങളുടെ കടം വീട്ടണം. ഇതാ, നിങ്ങളുടെ നിലങ്ങൾ കൊയ്ത വേലക്കാരുടെ കൂലി നിങ്ങൾ അന്യായമായി എടുത്തതിനാൽ അവർ

അട്ടഹസിക്കുന്നു. കൊയ്ത്തുകാരുടെ നിലവിളി കർത്താവിന്റെ ചെവികളിൽ പ്രവേശിച്ചു എന്ന് യാക്കോബ് ശ്ലീഹാ പറഞ്ഞതുപോലെ കൂലിക്കാരന്റെ കൂലി എന്നല്ലാതെ ഇത് ഒരു സമ്മാനവും ചെലവും അല്ലെന്ന് നിങ്ങൾ അറിഞ്ഞുകൊള്ളണം. ഇത് കൊണ്ടു നിങ്ങളോടു നാം കല്പിക്കുന്നു. കൂലിക്കാരന്റെ കൂലി വൈകാതെ കൊടുപ്പാൻ സൂക്ഷിക്കണം. അബ്രഹാമിനെയും ഇയ്യോബിനെയും പോലെ നീതിമാന്മാർക്കും പുണ്യവാന്മാർക്കും നിങ്ങൾ സദൃശരാകുവിൻ. നല്ലവർ ആരും വേലക്കാരുടെ കൂലി സന്ധ്യയോളം വൈകിക്കാറില്ല. പിന്നെയോ വേലക്കാരുടെ വേല അവസാനിക്കുമ്പോൾ കൂലി കൊടുക്കുന്നു. ബോധജ്ഞാനമുള്ളവന് ബുദ്ധി ഉപദേശിയ്ക്കുക, അവന്റെ ബോധജ്ഞാനം വർദ്ധിക്കും എന്ന് ശലോമോൻ പറഞ്ഞത് പോലെ നാം പറയുന്നത് വിവേകമുള്ളവരോടാകുന്നു. കശീശന്മാരൊക്കെയും പരസ്പരം സ്നേഹത്തോടും ഐക്യത്തോടും കൂടെയിരിക്കണം. ഓരോരുത്തൻ തന്റെ ആഴ്ചയിൽ കുർബ്ബാന അർപ്പിക്കണം. തങ്ങളിൽ ഛിദ്രിക്കുന്ന പട്ടണം നശിക്കുമെന്നും ഛിദ്രിക്കുന്ന വീടും അതിലെ ജനവും നശിക്കുമെന്നും സുവിശേഷത്തിൽ കല്പിച്ചതുപോലെ നിങ്ങളിൽ നിന്ന് ഭിന്നതകളും അസൂയയും നീക്കിക്കളയണം. കശ്ശീശന്മാർ അസൂയക്കാരും ഭിന്നിക്കപ്പെട്ടവരും ആണെങ്കിൽ അവരും അവരുടെ ഇടവകയും നശിക്കും. അവരുടെ നോമ്പും നമസ്കാരവും കുർബാനയും ധർമ്മങ്ങളും ദൈവം കൈക്കൊള്ളുന്നില്ല. അവരുടെ ശത്രുക്കൾ അവരുടെ മേൽ ജയം പ്രാപിക്കും. അവർക്ക് ലജ്ജയുണ്ടാകും. കശ്ശീശാ യാതൊരു കുറവും ഇല്ലാത്തവനും അടക്കമൊതുക്കമുള്ളവനും ക്രമമുള്ളവനും അടിപ്പാൻ കൈ ഓങ്ങാത്തവനും ആയിരിക്കണമെന്നും എളിമയുള്ളവനും ശണ്ഠ കൂടാത്തവനും ദ്രവ്യാഗ്രഹമില്ലാത്തവനും ദൈവത്തിന്റെ സഭയെ നന്നായി ഭരിക്കുന്നവനും തന്റെ ആത്മീയ മക്കളെ സകല വെടിപ്പിലും കീഴമർച്ചയിലും നടത്തുന്നവനും ആയിരിക്കണമെന്നും തന്റെയും ജനങ്ങളുടെയും ആത്മാവിനെ നേടുവാനായി ചൊവ്വുള്ളവനും ദൈവഭക്തിയുള്ളവനും ആയിരിക്കണമെന്നും മശിഹാ പാപികളെ രക്ഷിപ്പാനായിട്ട് ലോകത്തിലേക്കു വന്നു. അവരിൽ മുമ്പൻ ഞാൻ എന്ന് നിങ്ങൾ അറിയുന്നില്ലയോ? എന്ന് പൗലൂസ് ശ്ലീഹാ പറഞ്ഞിരിക്കുന്നു. കശ്ശീശന്മാർ സമാധാനത്തോടും സ്നേഹത്തോടും കൂടി ഇരിക്കണം. മനുഷ്യപുത്രാ ഈ ജനത്തിന് കാവൽക്കാരൻ ആയിട്ട് നിന്നെ ഞാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ പാപി മരിക്കുമെന്ന് നീ അവനോട് പറയുകയും അവർ പാപങ്ങളിൽ നിന്ന് നിത്യജീവനിലേക്ക് തിരിയുകയും ചെയ്യുന്നുവെങ്കിൽ നിന്റെ ആത്മാവിനെ നീ രക്ഷിക്കുമെന്നും പാപിയോട് നീ ഉപദേശിക്കുകയും, അവന്റെ പാപങ്ങളെക്കുറിച്ച് അവൻ അനുതപിക്കാതെ പാപത്തിൽത്തന്നെ മരിക്കുന്നുവെങ്കിൽ അവന്റെ രക്തത്തിനായി നിന്നോട് പകരം ചോദിക്കുമെന്നും ഹസ്കീയേൽ നിബി പറഞ്ഞിട്ടുള്ള

പ്രകാരം കശ്ശീശ ആത്മീയ പ്രവൃത്തികളിൽ അസൂയക്കാരനും മടിയനും ആകുന്നുവെങ്കിൽ അവന് ദൈവത്തിൽ നിന്ന് കുറ്റമുണ്ടാകും. അതിനാൽ ആത്മീയ പ്രവൃത്തികളിൽ നിങ്ങൾ ഉണർന്ന് പ്രസംഗിച്ച് പഠിപ്പിക്കുകയും രാജാക്കന്മാർ, പ്രഭുക്കന്മാർ മുതലായ എല്ലാ ജനങ്ങളും ദൈവഭക്തി യിലും വെടിപ്പിലും ജീവിക്കുവാനും സത്യഅറിവിലേക്ക് തിരിയുവാനും ആയി ദൈവത്തിന് സ്തുതിയും സ്തോത്രവും പ്രാർത്ഥനയും അർപ്പി ക്കണം. ഇത് നമ്മെ ജീവിപ്പിക്കുന്ന ദൈവസന്നിധിയിൽ നല്ലതും സ്വീകാ ര്യവും ആക്കും. ദൈവം ഏകൻ, ദൈവത്തിന്റെയും മനുഷ്യരുടെയും ഇട യിൽ മദ്ധ്യസ്ഥനായ മശിഹായും ഏകൻ. താൻ എല്ലാവരേയും രക്ഷി പ്പാൻ ജീവനെ കൊടുത്തു. നാം മശിഹായ്ക്ക് സദൃശ്യരാകേണ്ടതും നമ്മുടെ ആത്മാവുകൊണ്ട് ജനത്തെ നേടേണ്ടതുമാകുന്നു.

നിങ്ങളുടെ ഇടയിൽ തർക്കങ്ങളും ഭിന്നതകളും ഉണ്ടായി നിങ്ങൾക്ക് അധോഗതി ഭവിച്ചു എന്ന് നാം കേട്ടു. ആർ നിങ്ങളെ വഞ്ചിച്ചു എന്ന് നാം അറിയുന്നില്ല. നിങ്ങളെ വഞ്ചിച്ചവനെ കഷണം കഷണമായി ഛേദിക്കുവാൻ നാം ദൈവത്തോട് പ്രാർത്ഥിക്കുന്നു. നിങ്ങളിൽ ചിലർ ഞാൻ പാത്രിയർക്കീസിന്റെയും ദീവന്നാസ്യോസിന്റെയും ഭാഗമെന്നും ചിലർ ഞാൻ ബലയാറിന്റെ ഭാഗമെന്നും മറ്റും പറയുന്നതായി നാം അറി യുന്നു. വി. പൗലൂസ് എഴുതിയ വചനം നിങ്ങളിൽ നിവൃത്തിയായി. ‘നിങ്ങ ളിൽ ഓരോരുത്തൻ ഞാൻ പൗലൂസിന്റെ പക്ഷം, ഞാൻ കേഫാവിന്റെ പക്ഷം, ഞാൻ ക്രിസ്തുവിന്റെ പക്ഷം എന്നിങ്ങനെ പറയുന്നു. ക്രിസ്തു വിഭജിക്കപ്പെട്ടിരിക്കുന്നുവോ? പൗലൂസ് നിങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെ ട്ടുവോ? അല്ലെങ്കിൽ നിങ്ങൾ പൗലൂസിന്റെ നാമത്തിൽ സ്നാനം ഏറ്റുവോ? ഞങ്ങൾ വേലക്കാർ, കേഫാ ആർ? അപ്പല്ലോസ് ആർ? പൗലൂസ് ആർ? ഒന്നും ആകുന്നില്ല. മശിഹാ നട്ടു, ഞങ്ങൾ നനച്ചു. അതു കൊണ്ട് തർക്കങ്ങളും വിപരീതങ്ങളും നീക്കുക; നിഴലിനെ ആശ്രയിക്ക രുത്. ആരുടെ നാമത്തിൽ നിങ്ങൾ മാമ്മൂദീസാ ഏറ്റുവോ, ആരുടെ സ്ലീബാ യാലും ശരീരത്തിന്റെ യാഗാർപ്പണത്താലും നിങ്ങൾക്കു ലോകം മുഴു വനും രക്ഷയുണ്ടായോ, ആ നമ്മുടെ സ്തോത്രത്തലവനായ യേശുമശി ഹായുടെ കാതലായ സ്വരൂപത്തിൽ നിങ്ങൾ ആശ്രയിച്ചുകൊള്ളുവിൻ.

വി. തിരുശരീര രക്തത്തിന്റെ രഹസ്യം തിരിച്ചറിയാതെ അതിനെ ഭാഗി ച്ച് മശിഹായുടെ ശരീരരക്തം ഒന്നായിരിക്കേ അതിനെ രണ്ടായി വിഭജിച്ച് ശരീരവും രക്തവും വെവ്വേറെ കൊടുക്കുന്ന ചില പട്ടക്കാർ ഉണ്ടെന്ന് നാം കേൾക്കുന്നു. അവർക്ക് പട്ടക്കാർ എന്ന പേരേ ഉള്ളൂ. പട്ടത്വം ഇല്ല. പട്ടക്കാരൻ ശരീരത്തെ മുറിച്ച് രക്തം കൊണ്ട് അതിൽ വരക്കുമ്പോൾ ചൊല്ലുന്ന രഹസ്യവചനങ്ങൾ കേട്ടുകൊൾവിൻ. “വചനമായ ദൈവം ഇപ്ര കാരം ജഡത്തിൽ സത്യമായി പീഡയേറ്റു. ബലിയായി കുരിശിന്മേൽ

ഖണ്ഡിക്കപ്പെട്ടു. തന്റെ ദൈവത്വം തന്റെ ആത്മാവിൽ നിന്നും ശരീരത്തിൽ നിന്നും ഒരു പ്രകാരവും വേർതിരിയാതെ തന്റെ ആത്മാവ് ശരീരത്തിൽ നിന്ന് വേർപെട്ടു. കുന്തം കൊണ്ട് വിലാവിൽ കുത്തേറ്റു. ലോകം മുഴുവനും പാപമോചനത്തിനായി രക്തവും വെള്ളവും ഒഴുകി." മശിഹാ ആത്മീയമായി ജീവനുള്ളവനാകുന്നു എന്ന് ഇതിനാൽ സ്പഷ്ടമായിരിക്കും എന്തെന്നാൽ മരിച്ചവനിൽ നിന്ന് ഒരിക്കലും രക്തവും വെള്ളവും പുറപ്പെടുന്നതല്ല. പിന്നെ പട്ടക്കാരൻ ശരീരത്തിന്റെ ഒരു കഷണം രക്തത്തിൽ മുക്കി ശരീരത്തിൽ സ്ലീബാ വരച്ച് ചൊല്ലുന്നു: തന്റെ ശരീരം അവയിൽ പുരളപ്പെട്ടു. ... തന്റെ ആത്മാവ് വന്ന് ലോകമൊക്കെയുടെയും പാപത്തിന് വേണ്ടി തന്റെ ശരീരത്തോട് ഒന്നിക്കപ്പെട്ടു...... തനിയൻ പുത്രൻ സ്കീപ്പായിൽ മരിച്ചു. ഇടത്തേതിൽ നിന്ന് നമ്മെ വലത്തേയ്ക്ക് തിരിപ്പിച്ചു. തന്റെ സ്കീപ്പായുടെ രക്തത്താൽ താൻ നിരപ്പാക്കി. ഭൗമികരോടു കൂടെ സ്വർഗ്ഗീയരെയും പുറജാതികളോടു കൂടെ സ്വജനത്തെയും ശരീരത്തോടു കൂടി ആത്മാവിനെയും താൻ ഒന്നായി യോജിപ്പിച്ചു. മൂന്നാം ദിവസം കബറിൽ നിന്ന് താൻ ഉയിർത്തു. അമ്മാനുവേൽ ഏകനാകുന്നു. ഒന്നിപ്പിന്റെ ശേഷം വിഭജിക്കപ്പെടാവുന്നതല്ല. രണ്ടു വർഗ്ഗമായി ഭാഗിക്കപ്പെടുന്നതുമില്ല. ഇപ്രകാരം നാം വിശ്വസിക്കുന്നു. ഉറപ്പിച്ചു പറയുന്നു, ഏറ്റുപറയുന്നു. ..... ഈ ശരീരം ഈ രക്തത്തിന്റേതാകുന്നു. ... ഈ രക്തം ഈ ശരീരത്തിന്റേതാകുന്നു. .... ഇത് കൊണ്ട് ശരീരവും രക്തവും ഒന്നാകുന്നു. മശിഹായുടെ ശരീരരക്തത്തെ രണ്ട് ഓഹരിയായി വേർതിരിക്കുന്നവൻ മശിഹായെ രണ്ടു സ്വഭാവങ്ങളും രണ്ടു ദേഹങ്ങളുമായി വിഭജിച്ച് ശപിക്കപ്പെട്ട നെസ്തോറിന്റെ കൂട്ടുകാരൻ ആകുന്നു. ...

ഇനിമേൽ യാതൊരു പട്ടക്കാരനും 'സേലൂൻ ബശിലോമ്മോ' ചൊല്ലുന്നതിന് മുമ്പ് ജനത്തിന് കുർബ്ബാന കൊടുക്കാൻ ദൈവത്തിൽ നിന്ന് അധികാരമില്ല. കല്പനയെ ധിക്കരിക്കുന്നവർ തന്റെ പട്ടത്വത്തിൽനിന്ന് ഒഴിയപ്പെട്ടവൻ ആയിരിക്കും.

ചിലർ ഒരു ദിവസം ഒരു ത്രോണോസിന്മേൽ രണ്ടു പ്രാവശ്യം കുർബ്ബാന അർപ്പിച്ചുവരുന്നതായി നാം കേട്ടിരിക്കുന്നു. തബ്ലൈത്താ മാറ്റി വയ്ക്കുന്നതിന് ഒരു കാരണവും അവർ പറയുന്നു. ... എന്നാൽ ഒരു ത്രോണോസിൽ ഒരു ദിവസം രണ്ടു പ്രാവശ്യം കുർബ്ബാന അർപ്പിക്കുന്നവർ ഒക്കെയും മശിഹായെ കുരിശിൽ തൂക്കിയവനോട് കൂടെ ഗണിക്കപ്പെടുകയും രണ്ടാം പ്രാവശ്യം നമ്മുടെ കർത്താവിനെ അവൻ കുരിശിൽ തറയ്ക്കുകയും ചെയ്യുന്നു. ... നിങ്ങളുടെ മരിച്ചവരുടെ കബറിങ്കൽ കുമ്പിടുന്നതായി നാം അറിയുന്നു. ദൈവത്തെ അല്ലാതെ മറ്റാരെയും വന്ദിപ്പാനും കുമ്പിടുവാനും നമുക്കു ന്യായമില്ലാത്തതിനാൽ ഇനി മേൽ മരിച്ചുപോയ നിങ്ങളുടെ പിതാക്കന്മാരുടെ കബറിങ്കൽ കുമ്പിടുവാൻ ദൈവ

ത്തിൽ നിന്ന് നിങ്ങൾക്ക് അധികാരമില്ല. .... ശവത്തിന്മേലും കബറിന്മേലും വെള്ളം തളിക്കരുത്. സൈത്തിന് പകരം മണ്ണ് റൂശ്മാ ചെയ്ത് ത്രിത്വനാമത്തിൽ ശവത്തിന്റെ മുഖത്തും നെഞ്ചത്തും മുട്ടുകളിലും പട്ടക്കാർ മാത്രം ഇട്ട് ക്രമമായി അടക്കണം.... ശവസംസ്കാര യാത്രയിൽ കുരിശും മണിയും ധൂപവും ഉണ്ടായിരിക്കുകയും പട്ടക്കാർക്ക് തങ്ങളുടെ സാധാരണ വസ്ത്രങ്ങളുടെ മേൽ കാപ്പ മാത്രം ഉണ്ടായിരിക്കയും വേണം. .... മേല്പട്ടക്കാർ, പട്ടക്കാർ, അയ്മേനികൾ മുതലായി യാതൊരുത്തരുടെയും ശവവും പള്ളിയകത്ത് അടക്കരുത്. മരിച്ചവരുടെ അടിയന്തിരങ്ങൾ വലിയ നോമ്പിൽ വന്നാൽ ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും അല്ലാതെ മറ്റ് അവസരങ്ങളിൽ കഴിക്കരുത്. മരിച്ചവന്റെ അടിയന്തിരങ്ങൾക്ക് മാംസം ഉപയോഗിച്ചുകൂടാത്തതാകുന്നു. മറ്റുള്ള അടിയന്തിരങ്ങൾക്ക് മാംസം ഉണ്ടാക്കി വരുന്നു എങ്കിലും വിലക്കപ്പെട്ടതായ പന്നി, പോത്ത് മുതലായ മൃഗങ്ങളുടെ മാംസം ഭക്ഷിക്കരുത്. .... ഇനി മേൽ നിങ്ങളുടെ പെൺപൈതങ്ങളുടെ അടിക്കാത് മാത്രം കുത്തുകയും നിങ്ങളുടെ അവസ്ഥ പോലെ പൊന്ന് കൊണ്ടോ വെള്ളികൊണ്ടോ ആഭരണം ഉണ്ടാക്കി ഇടുകയും ചെയ്യുന്നതല്ലാതെ അടിക്കാത് കുത്തിവളർത്തുന്നതിന് ദൈവത്തിൽ നിന്ന് നിങ്ങൾക്ക് അധികാരമില്ല. .... ഇനിമേൽ പുരുഷനെ 14 വയസ്സിന്മേലും സ്ത്രീയെ 12 വയസ്സിന്മേലും അല്ലാതെ വിവാഹം ചെയ്യിക്കാൻ ദൈവത്തിൽ നിന്ന് നിങ്ങൾക്കധികാരമില്ല. വിവാഹനിശ്ചയത്തിന് മുമ്പിൽ ഇരുഭാഗക്കാരും വികാരിയുടെ അറിവോടുകൂടി മേല്പട്ടക്കാരന്റെ അടുക്കൽ ചെന്ന് അനുവാദം വാങ്ങണം.

വിവാഹം ഞായറാഴ്ച കുർബ്ബാന കഴിഞ്ഞതിന്റെ ശേഷം കഴിക്കണം. .... എന്നാൽ നോമ്പുകളിൽ ഉള്ള ഞായറാഴ്ചകളിലും പുതുഞായറാഴ്ച ഒഴികെ പെന്തിക്കൊസ്തി ദിവസങ്ങളുടെ ഞായറാഴ്ചകളിലും വിവാഹം കഴിച്ചുകൂടാത്തതാകുന്നു. .... പട്ടക്കാർ പട്ടം എന്ന് പറഞ്ഞ് തലയിൽ രോമം നിർത്തുന്ന പ്രകാരം നാം അറിയുന്നു. അത് കൽദായ മര്യാദയാണ്. .... അതിനാൽ ഇനിമേൽ പട്ടക്കാരും ശെമ്മാശ്ശന്മാരും തലയിൽ രോമം നിർത്തരുത്. പട്ടക്കാർക്ക് കറുത്ത ളോഹയും തൊപ്പിയും അരക്കെട്ടും ചെരിപ്പും കൂടാതെ നടപ്പാൻ അധികാരമില്ല. പട്ടക്കാരൻ ഹമ്മനീഖായും ശെമ്മാശൻ ഊറാറയും കൂടാതെ മദ്ബഹായിൽ പ്രവേശിപ്പാൻ അധികാരമില്ല. വിവാഹം ചെയ്യാത്ത പട്ടക്കാർ എല്ലാ സമയവും വിവാഹക്കാർ തവണകൾക്കും പള്ളിയിൽ താമസിക്കേണ്ടതാകുന്നു.

..... ദൈവം നമുക്കു കല്പ്പിച്ചിട്ടുള്ള കുപ്പായങ്ങളെ നാം ധരിക്കാതെ നഗ്നന്മാരായി നടക്കുന്നത് കല്പനാലംഘനവും പാപം ജനിക്കുന്നതിനു കാരണവും ആകുന്നതിനാൽ ഇനിമേൽ നമ്മുടെ ക്രമപ്രകാരം പുരുഷന്മാർക്ക് കാൽക്കുപ്പായവും അങ്കറയ്ക്കായും തൊപ്പിയും, സ്ത്രീകൾക്ക്

മുഴുക്കുപ്പായവും കാൽക്കുപ്പായവും മൂടുപടവും കൂടാതെ നടപ്പാൻ അനുവാദമില്ല. .......

ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചിരിക്കുന്ന .... പുരുഷ .... താടിയും മീശയും ക്ഷൌരം ചെയ്ത് ലജ്ജ കൂടാതെ നടന്നുവരുന്നതിൽ നാം ഖേദിക്കുന്നു. "നിന്റെ താടിയുടെ കോണിനെ വഷളാക്കുകയും അരുത്. ... പുരുഷന്മാർക്കു താടിയും മീശയും വളർത്തുവാൻ ന്യായമാകുന്നു. എങ്കിലും വൃദ്ധർ മീശയും താടിയും നീട്ടുകയും ബാല്യക്കാർ മീശ വെക്കുകയും ചെയ്യേണ്ടതാകുന്നു. ... സുറിയാനിക്കാരായ നമ്മുടെ ക്രമപ്രകാരം വൃദ്ധർ മീശയും താടിയും നീട്ടുകയും ബാല്യക്കാർ മീശ വയ്ക്കുകയും ചെയ്യേണ്ടതാകുന്നു. ......

കുമ്പസാരത്തിന് ഇവിടങ്ങളിൽ പട്ടക്കാർക്ക് പണം കൊടുത്ത് വരുന്നതായി നാം അറിയുന്നു. അത് തെറ്റായിട്ടുള്ളതാകയാൽ മേലാൽ അങ്ങനെ കൊടുക്കുന്നതിനോ വാങ്ങുന്നതിനോ അധികാരമില്ല. എന്നാൽ കുമ്പസാരം കഴിഞ്ഞതിന്റെ ശേഷം നമ്മുടെ പാപമോചനത്തിനായി പട്ടക്കാരെക്കൊണ്ട് കഴിയുന്നവർ ഒക്കെയും കുർബ്ബാന ചൊല്ലുന്നത് നല്ലതാകുന്നു. .... ആണ്ടിൽ രണ്ടു പ്രാവശ്യം അത് ഉയിർപ്പിന്റെ ദിവസം മുതൽ പുതുഞായറാഴ്ച വരെയും പിറവിപ്പെരുന്നാൾ മുതൽ ദനഹാപ്പെരുന്നാൾ വരെയും സകല ക്രിസ്ത്യാനികളുടെയും ഭവനങ്ങളിൽ മേല്പ്പട്ടക്കാരോ പട്ടക്കാരോ പ്രവേശിച്ച് വീടു വാഴ്ത്തുകയും അപ്പോൾ അവരവരുടെ അവസ്ഥപോലെ കൂദാശപ്പണം കൊടുക്കേണ്ടതുമാകുന്നു. കുർബാന, മാമ്മൂദീസാ, പെൺകെട്ട്, ശവസംസ്കാരം, മരിച്ചവരെക്കുറിച്ചുള്ള അടിയന്തിരങ്ങൾ മുതലായതിനൊക്കെയും ഇവിടെയുള്ള കീഴ്മര്യാദപ്രകാരം മേല്പട്ടക്കാർക്കും പട്ടക്കാർക്കും പള്ളിക്കുമുള്ള എല്ലാ അവകാശങ്ങളും കൊടുത്ത് കൊള്ളുകയും വേണം.

അമ്പത് നോമ്പിന്റെ ആദ്യത്തെ ബുധനാഴ്ച ഇവിടങ്ങളിൽ കുരിശുവര എന്നും പറഞ്ഞ് എണ്ണപൂശൽ കഴിച്ചുവരുന്നത് നമുക്കുള്ളതല്ലായ്കയാൽ മേലാൽ ആയത് ചെയ്യാതെ നോമ്പു തുടങ്ങുന്ന തിങ്കളാഴ്ച എല്ലാവരും പള്ളിയിൽ കൂടി ശുബ്ക്കോനോ എന്ന ക്രമം കഴിക്കേണ്ടതാകുന്നു. സ്കീപ്പൂസായുടെ വെള്ളിയാഴ്ചയുടെ തലേരാത്രി പള്ളിയകത്തുള്ള വിളക്കുകൾ ഒക്കെയും കെടുത്തി ചില ക്രമങ്ങൾ ചെയ്തുവരുന്നതായി കേൾക്കുന്നു. എന്നാൽ അത് കൽദായ മര്യാദ ആകയാൽ മേലാൽ അങ്ങനെ ചെയ്യാതെ ആ രാത്രിയിൽ ഉറക്കമൊഴിഞ്ഞ് കഷ്ടാനുഭവത്തിനടുത്ത നമസ്കാരം, പ്രാർത്ഥന മുതലായവ കഴിച്ചുകൊള്ളണം.

കേട്ട് അനുസരിക്കുന്നവരുടെ മേൽ ദൈവത്തിന്റെ കൃപയും സമാധാനവും സദാ വർദ്ധിക്കുമാറാകട്ടെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.... ഇത്യാദി.

എന്ന് 1877 മകരം 15-ന് കൊച്ചികോട്ടപ്പള്ളിയിൽ നിന്നും.

മുളന്തുരുത്തി കാനോനാകൾക്ക് പുറമേ മേൽകൊടുത്ത നിർദ്ദേശങ്ങളും കല്പനകളും മലങ്കരസഭയിൽ കാനോൻ പാരമ്പര്യങ്ങളായി വ്യാഖ്യാനിക്കപ്പെട്ടു (അവയിൽ ചിലത് തിരസ്ക്കരിക്കപ്പെട്ടു എന്ന് വിസ്മരിക്കുന്നില്ല).

ചുരുക്കിപ്പറഞ്ഞാൽ പത്രോസ് തൃതീയന്റെ സന്ദർശനഫലമായി മുളന്തുരുത്തിക്കാനോനാകളും മറ്റു നടപടിച്ചട്ടങ്ങളുമായി ഒട്ടേറെ പരിഷ്ക്കാരങ്ങൾ നാം സ്വീകരിച്ചു. അദ്ദേഹം ചെയ്ത കുറെ നടപടികളും പരിഷ്കാരങ്ങളും പരാമർശം അർഹിക്കുന്നു.

1. മലങ്കര സഭാംഗങ്ങൾ തലവരിപ്പണം (റീശീസാ) പാത്രിയർക്കീസിന് നൽകുന്നതിന് കീഴ്വഴക്കം സ്ഥാപിച്ചു.

2. മുളന്തുരുത്തിയിൽ യൂയാക്കീം മാർ കൂറിലോസിന്റെ കബറിങ്കൽ വച്ചിരുന്ന വിളക്കും ചുറ്റിലും വച്ചിരുന്ന മെഴുകുതിരികളും വലിച്ചെറിഞ്ഞു; കബറിന്റെ മുൻവശത്തെ പലക തകർത്തു.

3. ചിറളയം പള്ളിയിൽ ശാക്രുള്ള മഫ്രിയാനയുടെ സ്മാരക കബറിടം ഉണ്ടായിരുന്നത് പൊളിച്ചുകളയിച്ചു.

4. വടക്കൻപറവൂർ പള്ളിയുടെ മദ്ബഹായുടെ വടക്കുഭാഗത്തുണ്ടായിരുന്ന അബ്ദുൾ ജലീൽ മാർ ഗ്രീഗോറിയോസിന്റെ കബറിടം പൊളിപ്പിച്ചു; ഭൗതികാവശിഷ്ടം അവിടെനിന്ന് നീക്കം ചെയ്തു.

5. കുറുപ്പമ്പടി പള്ളിയുടെ ഹൈക്കലായിൽ തെക്കും വടക്കും സ്ഥാപിച്ചിരുന്ന യൽദൊ ബസേലിയോസിന്റെയും അന്ത്രയോസിന്റെയും സ്മാരക കബറിടങ്ങൾ പൊളിച്ചുകളഞ്ഞു.

6. ഈ കബറു പൊളിക്കൽ പരിപാടി ഭയന്ന് യൽദൊ ബസേലിയോസിന്റെ കബറിടം സ്ഥിതിചെയ്യുന്ന കോതമംഗലം ചെറിയപള്ളിയിലേക്ക് ബാവായെ ക്ഷണിക്കുന്നത് വേണ്ടെന്നു വച്ചു. തൊട്ടടുത്ത് കുറുപ്പമ്പടി പ്പള്ളിയിൽ ദിവസങ്ങളോളം താമസിച്ച ബാവാ, തന്നെ സന്ദർശിച്ച കോതമംഗലത്തുകാരോട് അവിടത്തെ കബറിടം പൊളിച്ചുകളയുവാൻ ഉപദേശിച്ചു.

7. സിറിയൻ സഭയുടെ കോളനിയായി മലങ്കരസഭയെ മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി വൈദികർ തല ക്ഷൗരം ചെയ്തു കറുത്ത തൊപ്പിയും പുറത്തിറങ്ങുമ്പോൾ കറുത്ത കുപ്പായവും ധരിക്കണമെന്ന് നിഷ്കർഷിച്ചു. മെത്രാന്മാരുടെ മുതലവായൻ കിരീടത്തിനു പകരം മത്തങ്ങാ മുടി

നടപ്പാക്കി. മെത്രാന്മാരുടെ സൂർപ്ലീസ് ശെമ്മാശന്മാരുടെ അൽമത്തി എന്നിവ നിർത്തലാക്കി. പുരുഷന്മാർ മീശയും താടിയും വളർത്തണ മെന്നും ശീമയിലെ മാതൃകയിൽ വസ്ത്രധാരണം നടത്തണമെന്നും കല്പനയിറക്കി.

8. ആണ്ടുതക്സാക്രമങ്ങൾ എല്ലാം വ്യത്യാസപ്പെടുത്തി ശീമയിലെ മാതൃകയിലാക്കി. യൽദൊ പെരുന്നാളിൽ ശ്ലീഹാ വായനയ്ക്കു മുമ്പുള്ള ശുശ്രൂഷയുടെ ഗീതങ്ങൾ നിർത്തലാക്കി. മുമ്പില്ലാതിരുന്ന സ്ലീബാ ആഘോഷം നടപ്പിലാക്കി. രണ്ടു ഘട്ടമായി നടത്തിയിരുന്ന യൽദൊ ശുശ്രൂഷകൾ ഇതോടെ അതീവ ഹ്രസ്വമായി.

9. ദനഹായുടെ ശുശ്രൂഷയിൽ, മൂറോൻ കൂദാശയുടെ ചില ഭാഗങ്ങളെ ഓർമ്മിപ്പിക്കുന്ന അനുഷ്ഠാനങ്ങൾ നിർത്തലാക്കി. പ്രുമിയോന് മുമ്പായി ഇപ്പോൾ ഉപയോഗിക്കുന്ന 'കോനൂനോ യൗനോയോ' ഗാനവും ധൂപ ക്കുറ്റി വാഴ്വും പഴയക്രമത്തിലുണ്ടായിരുന്നില്ല. വെള്ളം നിറച്ച ഭരണി പ്രദക്ഷിണ സമയത്തും ശുശ്രൂഷാസമയത്തും മറ്റൊരാൾ ചുമന്നു നില്ക്കുക, വാഴ്വിന് ശേഷം കന്തീലാ ശുശ്രൂഷയിലെന്നപോലെ വാഴ്ത്ത പ്പെട്ട വെള്ളം കൊണ്ട് ജനങ്ങളുടെ നെറ്റിയിൽ റൂശ്മാ വരയ്ക്കുക ഇതൊ ക്കെയും ബാവായുടെ പരിഷ്കാരങ്ങളാണ്. മാലാഖമാരുടെ സ്തുതിപ്പും കൗമ്മയും ചൊല്ലി ശുശ്രൂഷ അവസാനിപ്പിച്ച് വാഴ്ത്തപ്പെട്ട ജലം അല്പം കുടിച്ചു പിരിയുന്ന പതിവും നിർത്തലാക്കി. ദനഹാ കഴിഞ്ഞ് മാമ്മൂദീസാ തൊട്ടിയിൽ ആദ്യം ആൺകുഞ്ഞിനെ മാമ്മൂദീസാ മുക്കണം എന്ന പതിവും മോറാന്റെ സംഭാവനയാണ്.

10. വലിയ നോമ്പാരംഭത്തിൽ ഉച്ചനമസ്കാരത്തോട് ചേർന്ന് അനുതാ പത്തിന്റെ ശുശ്രൂഷ എന്ന നിലയിൽ കന്തീലായുടെ ക്രമപ്രകാരം പട്ടക്കാർ സൈത്ത് കൂദാശ ചെയ്ത് അതുകൊണ്ട് ജനങ്ങളെ മുദ്രയി ടുന്ന മഹനീയമായ പതിവ് മോറാൻ നിർത്തലാക്കി. പകരം ദുഃഖശനി യാഴ്ച നടത്തുവാനുള്ള ശുബ്ക്കോനോയുടെ ക്രമം ആവശ്യാനുസരണം വ്യത്യാസപ്പെടുത്തി വലിയനോമ്പാരംഭത്തിലേക്ക് മാറ്റി. സൈത്ത് കൂദാശ മേല്പട്ടക്കാരന്റെ മാത്രം കർത്തവ്യമായി പരിമിതപ്പെടുത്തി.

11. പാതിനോമ്പിന് ഒരു പുതിയ ശുശ്രൂഷാക്രമം സ്ലീബാ ആഘോഷ ത്തോടെ മോറാൻ നടപ്പിൽ വരുത്തി. മുമ്പ് പ്രത്യേക ശുശ്രൂഷകളൊന്നും കുരിശുനാട്ടലിന് ഉപയോഗിച്ചിരുന്നില്ല. പാതിനോമ്പിനും 40-ാം വെള്ളിയാ ഴ്ചയും ഉച്ചക്കുമ്പിടീലിന് ശേഷമാണ് കുർബാന അർപ്പിച്ചിരുന്നത്. 40 കുമ്പിടീൽ ആ ദിവസങ്ങളിൽ മോറാൻ നിർത്തലാക്കി.

12. ഓശാനയുടെ പ്രദക്ഷിണഗാനം വ്യത്യസ്തമായിരുന്നു. കുക്കിലി യോനും കോനൂനോ യൗനോയോ ഗാനങ്ങളും ഇല്ലായിരുന്നു. സെദ്റാ

കഴിഞ്ഞ് 'കൂക്കോയോ' ഗാനമല്ല 'തൂബോല് യാലൂദെ' എന്ന ഗാനമായിരുന്നു. ലുത്തിനിയായിൽ രണ്ടു പാത്രിയർക്കാസ്ഥാനികളെയും ഒരു എപ്പിസ്കോപ്പാസ്ഥാനിയേയും പരാമർശിച്ചിരുന്നത് ഭേദപ്പെടുത്തി. വാഴ്ത്താനുള്ള ഓല പ്രദക്ഷിണവേളയിലും ശുശ്രൂഷാവേളയിലും ഒരു അയ്മേനിയെ ഏല്പിക്കുന്ന പതിവ് മോറാൻ നടപ്പാക്കിയത് ചിലർ നടപ്പാക്കി.

13. ഹാശാ ആഴ്ചയിൽ കൈമുത്ത്, കുക്കിലിയോൻ, ഏവൻഗേലി വായനയുടെ വ്യത്യസ്ത മൊഴികൾ, ഓരോ ദിവസത്തേക്കും പ്രത്യേകം കൗമ്മാകൾ, ഉച്ചയ്ക്ക് സന്ധ്യാപ്രാർത്ഥന നടത്തുക: ഇതൊക്കെ പുതിയ പരിഷ്ക്കാരങ്ങളാണ്. പെസഹായുടെ കുർബാന നൽകുവാൻ സന്ധ്യ വരെ ഒരു പട്ടക്കാരൻ ഒരുക്കത്തോടെ ഇരിക്കുക തുടങ്ങി ഇന്ന് നടത്തി വരുന്ന പല ഹാശാ സമ്പ്രദായങ്ങളും ബാവാ ആവിഷ്ക്കരിച്ചതാണ്.

14. ദുഃഖവെള്ളിയുടെ ക്രമം മലങ്കരയിൽ അതീവ ലളിതമായിരുന്നു. പല പാട്ടുകളും പണ്ട് ഇല്ല. ഏവൻഗേലി സമയത്തെ തിരി കെടുത്തലും ഈർക്കിൽ കുരിശ് മെഴുകുതിരിയിൽ കുത്തി നിർത്തലും ആരംഭിച്ചു. ഏവൻഗേലി കഴിഞ്ഞുള്ള ലുത്തിനിയാ ഒഴിവാക്കി. പ്രദക്ഷിണങ്ങൾക്ക് ദിശാഭേദം ഉണ്ടായിരുന്നില്ല. കബറടക്കവും ശനിയുടെ സന്ധ്യാപ്രാർത്ഥനയും കഴിഞ്ഞ് പിരിഞ്ഞാൽ മതിയെന്ന് കല്പിച്ചത് ചില സ്ഥലങ്ങളിൽ നടപ്പായി.

15. ദുഃഖശനി ഉച്ചതിരിഞ്ഞു കുർബാന അർപ്പിച്ചാൽ മതിയെന്ന് പഠിപ്പിച്ചു (22 1/2 യ്ക്ക് ശേഷം).

16. ഉയിർപ്പിന്റെ അതീവ ഹ്രസ്വമായിരുന്ന ക്രമം മാറി. ആദ്യത്തെ രഹസ്യശുശ്രൂഷയും പ്രഖ്യാപനവും ആവിഷ്ക്കരിച്ചു.

നമ്മുടെ ആണ്ടുതക്സാക്രമങ്ങൾ അന്ത്യോഖ്യൻ ശൈലിയിലാണ് പ്രാചീന കാലം മുതൽ അനുഷ്ഠിച്ച് വരുന്നതെന്ന് വളരെ അശ്രദ്ധമായും ഉദാസീനമായും നാം പറയാറുണ്ട്. ഇക്കാര്യത്തിൽ ഗൗരവമായ ഏതെങ്കിലും പഠനം ആവശ്യമാണെന്ന് പോലും ആരും ചിന്തിക്കാറില്ല. പത്രോസ് തൃതീയന് മുമ്പ് മലങ്കരയിൽ നടപ്പിലിരുന്ന ശുശ്രൂഷാക്രമങ്ങളെപ്പറ്റി ഗൗരവമായ പഠനം ആവശ്യമാണ്.

17. പെന്തിക്കോസ്തിപ്പെരുന്നാളിന്റെ ഇന്നുള്ള ഗാനങ്ങളും പ്രദക്ഷിണസമയത്തെ വെള്ളം തളിയും പാത്രിയർക്കീസ് ആവിഷ്ക്കരിച്ചവയാണ്.

18. 'ക്രൊയ്ത്തൊദ് റൂഹോ കാദീശോ'യുടെ ആഹ്വാനം നടത്തി സ്ഥാന സാധുതയുള്ള കാർമ്മികൻ കൈ ആഘോഷപൂർവം ആവസിപ്പിക്കുന്ന വേളയിലാണ് കൂദാശകളിൽ പരിശുദ്ധാത്മാവിന്റെ അവരോഹണം സംഭവിക്കുന്നത് എന്ന് കുർബാന, മാമ്മൂദീസാ, പട്ടാഭിഷേകം,

മൂറോൻ കൂദാശ എന്നിവയുടെ ക്രമങ്ങളിൽ ശെമ്മാശൻ ഔദ്യോഗികമായി പ്രഖ്യാപിക്കുന്ന ഒരു സഭയിൽ, മാമ്മൂദീസായിൽ വെള്ളത്തിൽ പരിശുദ്ധാത്മാവാസം ഉണ്ടാകുന്നത് വി. മൂറോൻ കലർത്തുന്നതുകൊണ്ടാണെന്ന് പാത്രിയർക്കീസ് പ്രചരിപ്പിച്ചു. മൂറോന്റെ പ്രാധാന്യം വർദ്ധിപ്പിക്കുവാനും അത് കൂദാശ ചെയ്യുന്ന ആളിന്റെ പ്രഭാവം ഉയർത്തുവാനും അത് സഹായിച്ചേക്കുമെങ്കിലും സഭയുടെ അടിസ്ഥാനവിശ്വാസം അനധികൃതമായി ഭേദപ്പെടുത്തുകയാണ് ആ പഠിപ്പിക്കലിലൂടെ മോറാൻ നിവർത്തിച്ചത്. കഥയറിയാതെ ആട്ടം കാണുക പതിവാക്കിയ പല പ്രാമാണികരും മോറാന്റെ പ്രചാരണത്തിന് ആമ്മീൻ പാടുന്നുണ്ട്.

അതുല്യമായ മനുഷ്യാവതാരത്തിൽ ദൈവത്വവും മനുഷ്യത്വവും അത്ഭുതകരമായി സമ്മേളിച്ച മിശിഹായുടെ പ്രതീകമാവാനല്ലാതെ പരിശുദ്ധാത്മാവിന്റെ പ്രതീകമാവാൻ സഭ ഉദ്ദേശിച്ചിട്ടില്ലെന്ന് മൂറോൻ കൂദാശയുടെ ശുശ്രൂഷാക്രമം സൂക്ഷ്മമായി പരിശോധിച്ചാൽ അറിയാം. സ്ഥിരീകരണ കൂദാശയിൽ മാധ്യമമായി മൂറോൻ ഉപയോഗിക്കുന്നത് കൈവെപ്പിന്റെ പൂർത്തീകരണവും പ്രതീകവുമെന്ന നിലയിലാണ്. പരിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തീകരണം എന്നതിന് ക്രമത്തിൽ ഉപയോഗിച്ച മൂലപദം 'മെശ്ത്തമ്ലോ' എന്നാണ്. യഥാർത്ഥ പരിശുദ്ധാത്മ വ്യാപാരമില്ലാത്ത സ്ഥാനദാനങ്ങൾക്കുപയോഗിക്കുന്ന പദമാണ് അത്. കശ്ശീശായെ കോറിയാക്കുമ്പോഴും എപ്പിസ്കോപ്പായെ മേൽസ്ഥാനങ്ങളിലേക്കു സിംഹാസനാരോഹണം ചെയ്യിക്കുമ്പോഴും ഉപയോഗിക്കുന്ന പദമാണത്. തന്മൂലം സ്ഥിരീകരണ ശുശ്രൂഷയിൽ പരിശുദ്ധാത്മാവിന്റെ പൂർത്തീകരണം എന്ന പദപ്രയോഗത്തിൽ പരിശുദ്ധാത്മദാനം അല്ല അതിന്റെ ഔപചാരികത മാത്രമാണ് വിവക്ഷിക്കപ്പെടുന്നത്.

മൂറോൻ അഭിഷേകം നടത്തുമ്പോൾ ചൊല്ലുന്ന 'തവഹൃദയംബലമാർന്നീടട്ടെ' എന്നാദിയായ ഗാനം സ്ഥിരീകരണ ശുശ്രൂഷയുടെ സാംഗത്യവും സന്ദേശവും പ്രഖ്യാപിക്കുന്നുണ്ടെങ്കിലും തൽസ്ഥാനത്ത് ഇന്ന് ചൊല്ലുന്നത് 'ദൈവം ചൊന്നാൻ' എന്ന് ആരംഭിക്കുന്ന ഗാനമാണ്. ഈ ഗാനം കൂദാശാക്രമത്തിലുണ്ടായിരുന്നില്ല. പത്രോസ് തൃതീയൻ കൂട്ടിച്ചേർത്തതാണീ ഗാനം. ഈ ഗാനം നൽകുന്ന തെറ്റായ സന്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് മാമ്മൂദീസായിൽ പൗരോഹിത്യ നൽവരം ദാനം ചെയ്യുന്നു എന്ന വഴി തെറ്റിയ വ്യാഖ്യാനം ഉടലെടുത്തത്. മാമ്മൂദീസാ സ്വീകരിച്ച ആൺകുട്ടികളെ മദ്ബഹായിൽ പ്രവേശിപ്പിക്കുന്ന പതിവും ബാവാ നടപ്പിൽ വരുത്തിയ പരിഷ്കാരമാണ്. ബാവാ വരുന്നതിനു മുമ്പുള്ള കൈയെഴുത്ത് ശുശ്രൂഷാക്രമങ്ങൾ പരിശോധിച്ചാൽ ഈ കാര്യങ്ങൾ അറിയാം.

19. വി. കുർബാനയിൽ ഉപയോഗിച്ചിരുന്ന അതീവ ഹ്രസ്വവും പ്രസക്ത

വുമായിരുന്ന തുബ്ദേനുകൾക്ക് പകരം അന്ത്യോഖ്യൻ സഭയിലെ പിതാക്കന്മാരുടെ പേരുകളും മറ്റും ചേർത്ത് വികസിപ്പിച്ചതും എപ്പിസ്കോപ്പസിയെ ഊതിവീർപ്പിക്കുന്നതുമായ തുബ്ദേനുകൾ പരിചയപ്പെടുത്തി. പുലിക്കോട്ടിൽ മെത്രാച്ചൻ പതിമൂന്ന് പതിപ്പുകളിലായി പ്രസിദ്ധീകരിച്ച കുർബാനക്രമത്തിൽ ഈ പഴയ തുബ്ദേനുകൾ കാണാം. നവീകരിച്ച രൂപത്തിലാണെങ്കിലും മാർത്തോമ്മാസഭ ഇന്നും ഉപയോഗിക്കുന്നത് ഈ തുബ്ദേനുകൾ തന്നെ. കോട്ടയം പഴയസെമിനാരിയിൽ മല്പന്മാരായിരുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാരും കോനാട്ട് മാത്തൻ കത്തനാരും ചേർന്ന് പ്രസിദ്ധീകരിച്ച കുർബാനക്രമത്തിലൂടെയാണ് അന്ത്യോഖ്യൻ പിതാക്കന്മാരുടെ പേരുകളും എപ്പിസ്കോപ്പൽ താല്പര്യങ്ങളും അതീവ പ്രകടമായ പുതിയ തുബ്ദേനുകൾ സാർവത്രികമായി പ്രചരിച്ചത്.

20. വി. കുർബാനയിലെ ഖണ്ഡിപ്പിന്റെ സമയത്ത് തക്സായിൽ ചേർത്ത മൂന്ന് പ്രാർത്ഥനകളിൽ ഏതെങ്കിലും ഒന്ന് ചൊല്ലിയാൽ മതി എന്ന് രേഖപ്പെടുത്തിയിരുന്നത് എടുത്ത് മാറ്റി മൂന്നും ചൊല്ലുവാൻ നിർദ്ദേശിച്ചു.

21. വി. കുർബാനയിൽ 'മക്കളിലപ്പൻ....' എന്നാരംഭിക്കുന്ന കുക്കിലിയോൻ മാത്രമേ പതിവായി ചൊല്ലിയിരുന്നുള്ളു. ദൈവമാതാവിന്റെയും പരിശുദ്ധന്മാരുടെയും ചേർത്തു കുക്കിലിയോൻ സെറ്റുകൾ ബാവാ വർദ്ധിപ്പിച്ചു.

22. വി. കുർബ്ബാന ഒരുക്കമുള്ളവർക്ക് നൽകുന്നത് ആഘോഷപൂർവ്വം മൂന്ന് പ്രാർത്ഥനകളോടെ പടിഞ്ഞാറോട്ട് കൊണ്ടുവരുമ്പോൾ ആണെന്ന് പ്രാർത്ഥനകൾ വ്യക്തമാക്കുന്നുണ്ട്. മലങ്കരയിലെ പൂർവീക പതിവും അപ്രകാരമായിരുന്നു. മറ്റു പട്ടക്കാരോ പൂർണ്ണ ശെമ്മാശന്മാരോ സന്നിഹിതരെങ്കിൽ അവരുടെ സഹായത്തൊടെയും അല്ലാത്തപക്ഷം വിരിച്ചൊരുക്കിയ ഏവൻഗേലിയോൻ പീഠമോ മറ്റോ ഉപയോഗിച്ചും കുർബ്ബാന കൊടുത്തിരുന്നു. തൊഴിയൂർ സഭയിലും നവീകരണസഭയിലും ഇത് ഇപ്പോഴും തുടരുന്നു. മോറാൻ അത് നിർത്തലാക്കിയെന്ന് മാത്രമല്ല; ഈ കാനോനിക നടപടി തുടരുന്നത് ശാപാർഹമെന്ന് കല്പനയിറക്കുകയും കുർബ്ബാന നൽകൽ എന്ന അതിപ്രധാനമായ ചടങ്ങ് കുർബ്ബാനയ്ക്ക് ശേഷം എന്ന് ക്രമീകരിക്കുകയും പടിഞ്ഞാറോട്ട് ആഘോഷപൂർവം വരുന്ന അനുഷ്ഠാനവും തൽസമയം ചൊല്ലുന്ന പ്രാർത്ഥനകളും അപ്രസക്തമാക്കുകയും ചെയ്തു.

23. വി. കുർബ്ബാന കഴിഞ്ഞാൽ ഒരു കൗമ്മാ നമസ്കരിച്ച് ആളുകൾ പിരിഞ്ഞുപോകുന്ന സമ്പ്രദായമാണ് മലങ്കരയിലുണ്ടായിരുന്നത്. അന്ന

ത്തെ കുർബ്ബാനക്രമത്തിലും അപ്രകാരം നിർദ്ദേശിച്ചിരുന്നു. മോറാൻ അത് നിർത്തലാക്കി. പകരം യാക്കോബിന്റെ രാഗത്തിൽ ഒരു ഗാനം ആവിഷ്ക്കരിച്ചു. ത്രിവിധ വൈദികപദവികൾ ഭൂമിയിൽ കർത്താവ് ഏർപ്പാടാക്കിയതാണെന്ന് അലങ്കാരഭാഷയിൽ പൗരോഹിത്യത്തിന്റെ സ്ഥാപനത്തെയും അധികാരത്തെയും വ്യാഖ്യാനിക്കുന്ന ദീർഘമായ ഗാനവും ശുശ്രൂഷക്കാർ മാത്രം ചൊല്ലിയാലും മതിയാവുന്ന ഗാനങ്ങളും കഴിഞ്ഞ് ഒടുവിൽ കർത്തൃ പ്രാർത്ഥനയും മറ്റും എന്ന ക്രമീകരണം അങ്ങനെയാണ് മുൻപറഞ്ഞ മല്പാന്മാരുടെ മലയാളം ക്രമത്തിലൂടെ പ്രചരിച്ചത്. മലങ്കരയിലെ പൂർവീക സമ്പ്രദായം ചില സ്ഥലങ്ങളിലെങ്കിലും തുടരുന്നുണ്ട്. ചരിത്രമറിയാത്ത പുതിയ 'മല്പാന്മാർ' ആ സമ്പ്രദായത്തെ 'തെറ്റ് തിരുത്തുന്ന' ആവേശത്തോടെ ശപിക്കുന്നതും കണ്ടിട്ടുണ്ട്. കാരമില്ലാത്ത ഉപ്പ്!! എന്ന സഹതാപമാണ് ഈ അഭിനവ മല്പാന്മാർ അർഹിക്കുന്നതെന്ന് തോന്നുന്നു.

24. വിവാഹ ശുശ്രൂഷയിൽ ഏവൻഗേലിയോൻ വായനയ്ക്ക് മുമ്പായി വധൂവരന്മാരെ കൈ ചേർത്തു പിടിപ്പിച്ചിരുന്നു. തൊഴിയൂർക്കാരും നവീകരണക്കാരും ഈ പൂർവ്വീക പതിവ് മാറ്റിയില്ല. മോറാൻ ഈ അനുഷ്ഠാനം ശുശ്രൂഷയുടെ ഒടുവിലേക്ക് മാറ്റി.

25. പട്ടംകൊടയിൽ കോറൂയോ, യൗപ്പദ്യക്കിനോ എന്നിവർക്ക് തൊപ്പിയില്ല; ശുശ്രൂഷക്കുപ്പായവുമില്ല; അവർ പട്ടമേല്ക്കുമ്പോൾ മുട്ടുകുത്തി നില്ക്കേണ്ടതുമില്ല. അവരുടെ സ്ഥാനദാന ശുശ്രൂഷയിൽ അമാലോഗിയാ വായനയും ഇല്ല. അതെല്ലാം മോറാൻ ആവിഷ്ക്കരിച്ചു.

26. പട്ടംകൊടയിലെ കൈ ആഘോഷിക്കുന്നതും 'ക്രൊയ്ത്തൊദ്റൂഹോ കാദീശോ'യുടെ പ്രാർത്ഥന ചൊല്ലുന്നതും 'നീസേറൂഹോ കാദീശോ' എന്ന കാത്തിസ്മാഗാനവും (കോറൂസൂസോ ഗാനമല്ല) കൈവെപ്പും ഏക സമയത്ത് നടത്തുവാൻ ഉദ്ദേശിക്കപ്പെട്ടവയാണ്; നിർദ്ദേശിക്കപ്പെട്ടവയാണ്. മാമ്മൂദീസായിലും കുർബ്ബാനയിലും മൂറോൻ കൂദാശയിലും സമാന അനുഷ്ഠാനങ്ങൾ ഇപ്പോഴും ഏകകാലത്താണ് നടത്തപ്പെടുന്നത്. എന്നാൽ പട്ടംകൊടയിൽ ഇവ ഒന്നിച്ച് നടത്താതെ ഒന്നിന് ശേഷം ഒന്ന് എന്ന നിലയിലാണ് മോറാൻ മെത്രാന്മാരെ പരിശീലിപ്പിച്ചത്. തന്മൂലം അനുഷ്ഠാനത്തിന്റെ ഭാവതീവ്രതയും ഏകാഗ്രതയും അർത്ഥസാന്ദ്രതയും നഷ്ടപ്പെടുവാൻ ഇടയാവുന്നു.

മലങ്കരസഭയുടെ പ്രാചീനതമമായ അനുഷ്ഠാന പാരമ്പര്യങ്ങളെയും അർത്ഥസമ്പുഷ്ടമായ സാഹിത്യരൂപങ്ങളെയും നിഷേധിച്ച് ഒരു വിദേശ സഭയുടെ സമാന്തരതകളെ തൽസ്ഥാനത്ത് സന്നിവേശിപ്പിച്ച് വൃദ്ധനായ പത്രോസ് തൃതീയൻ മലങ്കരസഭയെ കോളനിയാക്കി മാറ്റുവാൻ തന്ത്രപൂ

ർവ്വം നടത്തിയ കൗശലങ്ങൾ വിശദമായ പഠനത്തിനും അപഗ്രഥനത്തിനും വിധേയമാക്കേണ്ടതാണ്. മലങ്കരസഭയിൽ കാലുകുത്തിയ ആദ്യത്തെ പാത്രിയർക്കീസ്, മലങ്കരയിലെ വ്യവഹാര യുദ്ധാന്തരീക്ഷം, ബാവായുടെ ആജ്ഞാശക്തിയും കർമ്മകുശലതയും, മലയാളിയുടെ അപകർഷതാബോധം ഇവയെല്ലാം ഈ പരിണാമപ്രക്രിയയെ സുഗമമാക്കി. ആജ്ഞാനുവർത്തികളാവാൻ റജിസ്റ്റേർഡ് ഉടമ്പടിയിലൂടെ ബന്ധനസ്ഥരായ ആറ് മെത്രാന്മാരും അവരുടെ ശിഷ്യരും പ്രശിഷ്യരുമായ മല്പാന്മാരും അച്ചടിച്ച നടപടിക്രമപ്പുസ്തകവും അച്ചടിച്ച കൂദാശക്രമ - ആണ്ടുതക്സാ ക്രമങ്ങൾ ഇവയിലൂടെ പരിണാമ പ്രക്രിയ സുനിശ്ചിതവും സുസ്ഥിരവും ആയിത്തീർന്നു (വിശദമായ പഠനത്തിന് *മലങ്കര സഭയും സിറിയൻ പാത്രിയർക്കീസന്മാരുടെ അധികാര ദുർവിനിയോഗവും* എന്ന ഗ്രന്ഥം കാണുക. പു. 59-113).

(മലങ്കരസഭയ്ക്ക് സ്വകീയമായ ഒരു കാനോൻ ഗ്രന്ഥം ഉണ്ടാക്കാനും യൂഹാനോൻ മാർ സേവേറിയോസ്, ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ്, കോനാട്ട് അബ്രഹാം മല്പാൻ, ഫാ. ഡോ. വി. സി. ശമുവേൽ എന്നീ വിദഗ്ദ്ധന്മാരെ ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുവാനും നമുക്ക് കഴിഞ്ഞില്ല. ഓരോ തലമുറയും കഴിയുമ്പോൾ അവശേഷിക്കുന്നത് 'മുറിവൈദ്യന്മാ'രാണ്. ഈ സത്യം വിവേചിച്ച് ഒരു കാനോൻ നിർമ്മാണസംഘത്തിന് ഉടനടി രൂപം നൽകേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു. നിലവിലുള്ള കാനോനാകൾ, നടപടികൾ, മല്പാന്മാരുടെ ഗ്രന്ഥങ്ങൾ, സുന്നഹദോസ് നിശ്ചയങ്ങൾ, പിതാക്കന്മാരുടെ ശ്രദ്ധേയങ്ങളായ കല്പനകൾ തുടങ്ങിയവ ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തണം. അർഹതയുള്ള കൈകളിൽ ഈ ചുമതല ഏല്പിക്കാതെ സേവക്കാരെ ഏല്പിച്ചാൽ 'വെളുക്കാൻ തേച്ചത് പാണ്ട്' ആയിത്തീരാനിടയുണ്ട് എന്ന് പ്രസ്താവിച്ചുകൊള്ളട്ടെ.)

## അദ്ധ്യായം 9

# മലങ്കര കാനോൻ

മലങ്കരസഭയിൽ തീർത്തും അപരിചിതമായ ഒരു കാനോൻ ആണിത്. ഇതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുവാൻ ചില പശ്ചാത്തല വിവരണം അനിവാര്യമാണ്. സഭാചരിത്ര വിദ്യാർത്ഥികളുടെ സവിശേഷ പഠനത്തിനായി കാനോനുമായി ബന്ധപ്പെട്ട പൂർവ്വചരിത്രം സംക്ഷിപ്തമായി ചേർക്കുന്നത് സദയം ക്ഷമിക്കുമല്ലോ.

1685-ൽ യൽദോ ബസ്സേലിയോസ് കാതോലിക്കായോടൊപ്പം മലങ്കരയിൽ വന്ന് മുളന്തുരുത്തിപള്ളിയിൽ 1693-ൽ കബറടങ്ങിയ മാർ ഈവാനിയോസ് എപ്പിസ്കോപ്പാ ആണ് ഹൂദായകാനോൻ ഭാഗികമായ രൂപത്തിൽ ആദ്യം പരിചയപ്പെടുത്തിയത്. ഹൂദായകാനോനിൽ നിന്ന് അത്യാവശ്യമായ ചില കാനോനുകൾ ഒരു 'കഹന യൗസേഫ്' 1686-ൽ കൽദായ സുറിയാനി ലിപിയിൽ പകർത്തി എഴുതിയത് ഈ ഗ്രന്ഥകാരൻ പരിശോധിച്ചിട്ടുണ്ട്. വടക്കൻപറവൂർ പള്ളിയിൽ നിന്ന് തൃക്കുന്നത്ത് സെമിനാരിയിലും തുടർന്ന് കൊരട്ടി സീയോൻ സെമിനാരിയിലും വന്നുചേർന്ന ഒരു പുരാതന കൈയെഴുത്ത് ഗ്രന്ഥത്തിലാണ് ഈ കാനോനാകൾ രേഖപ്പെടുത്തിയിട്ടുള്ളത്. അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരസഭയുടെമേൽ കർത്തവ്യവും ആധിപത്യവും ഉണ്ടെന്ന് ശക്തമായ പ്രചരണം ഉണ്ടായതും 1685 മുതലാണ്. മലങ്കരസഭാ ചരിത്രത്തെ ഏതാനും വാകൃങ്ങളിൽ ഒതുക്കിക്കൊണ്ട് ആ പ്രചാരണം താഴെ പറയുംവിധം ശക്തിപ്പെട്ടു:

“..... ഇങ്ങനെ സ്ഥാനമാനത്തോടുകൂടിയും വേദാധ്യായങ്ങളോടുകൂടിയും ഇരുന്നു ക്രിസ്ത്യാനി. തോമ്മാ കഴിഞ്ഞശേഷം പരദേശങ്ങളിൽ നിന്ന് വന്ന സുറിയാനിക്കാരായ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. അക്കാലങ്ങൾ ഒക്കെയും അന്ത്യോഖ്യയിൽ നിന്ന് എപ്പിസ്കോപ്പന്മാർ മാറിമാറി വന്നിരിക്കുമ്പോൾ, കൊച്ചിക്കോട്ടയിൽ പറങ്കി വന്നതിന്റെശേഷം, മേൽപ്പട്ടക്കാർ ഇല്ലായ്കകൊണ്ട് മനസ് മുട്ടിയിരിക്കുമ്പോൾ അബ്രഹാം എന്നു പേരുള്ള ഒരു എപ്പിസ്കോപ്പാ വന്നിറങ്ങി. അയാൾ നെസ്തോർ മാർഗ്ഗമാകുന്നു.” 1685-ൽ വന്ന ഈവാനിയോസും 1751-ൽ വന്ന ഈവാനിയോസും പ്രചരിപ്പിച്ചതിൻപ്രകാരമാണ്, ശ്ലൈഹിക കാലംമുതലേ അന്ത്യോഖ്യായുടെ സംസർഗ്ഗവും ആധിപത്യവുമാണ് മലങ്കരസഭയ്ക്കുണ്ടായിരുന്നതെന്ന് മലയാളികൾ നിരാധാരമായി വിശ്വസിച്ചത് (പരശുരാമൻ മഴുവെറിഞ്ഞ് കേരളം സൃഷ്ടിച്ചു എന്നും തന്മൂലം കേരളത്തിന്റെ ഉടമകളും അവകാശികളും ആര്യന്മാരായ ബ്രാഹ്മണർ ആണെന്നും 'കേര

ഌോൽപത്തി'യിലൂടെയും മറ്റും ബ്രാഹ്മണർ പ്രചരിപ്പിച്ചിരുന്നതിന് സമാന്തരവും സമകാലീനവുമാണ് ഈ പ്രചാരണവും. 'കേരള മാഹാത്മ്യം' എന്ന കൃതിയും - രണ്ടും അജ്ഞാത കർത്തൃകങ്ങൾ - ഈ നിരാധാരമായ ഐതിഹ്യം പ്രചരിപ്പിച്ചിരുന്നു.). ഈ വസ്തുത വേണ്ടതുപോലെ മനസ്സിലാക്കാതെയാണ് അന്ത്യോഖ്യാബന്ധത്തിന്റെ വേരുകൾ പ്രത്യക്ഷപ്പെടുന്നത് 19-ാം നൂറ്റാണ്ടിൽ മുളന്തുരുത്തി സുന്നഹദോസിലാണെന്ന് ചിലർ നിരീക്ഷിച്ചിട്ടുള്ളത്. പകലോമറ്റം മെത്രാന്മാരുടെ കാലത്തും (1653-1815) ഈ വിശ്വാസം തുടർന്നുപോന്നു. പകലോമറ്റം മെത്രാന്മാരുടെ കാലത്തെത്തുടർന്ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ, പുന്നത്ര ഗീവർഗീസ് മാർ ദീവന്നാസ്യോസ്, ചേപ്പാട്ട് പീലിപ്പോസ് മാർ ദീവന്നാസ്യോസ് എന്നിങ്ങനെ മൂന്നു മലങ്കര മെത്രാന്മാർ അന്ത്യോഖ്യൻ മേൽവിലാസമില്ലാതെ പട്ടമേറ്റു. മലങ്കരസഭയിൽ ആരും അവരെ ചോദ്യം ചെയ്തിരുന്നില്ല. എന്നാൽ ഇക്കാലത്ത് നവീകരണപ്രേമിയായ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മേൽവിലാസം വീണ്ടും മലങ്കരയിൽ വിഷയമാക്കി. അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് താൻ മേൽപട്ടസ്ഥാനം പ്രാപിച്ചു എന്ന അവകാശവാദമാണ് അന്ത്യോഖ്യൻ മേൽവിലാസം പുനർജീവിക്കുവാൻ സാഹചര്യം ഒരുക്കിയത്. ഈ അവകാശവാദത്തിന് തിരുവിതാംകൂർ-കൊച്ചി സർക്കാരുകളുടെ രാജകീയ വിളംബരം സിദ്ധിച്ചതോടെ ആ മേൽവിലാസത്തിന് ആധികാരികത കൈവന്നു. സ്ഥാനമൊഴിഞ്ഞ ചേപ്പാട്ട് മാർ ദീവന്നാസ്യോസ്, പാത്രിയർക്കീസിന്റെ നിയോഗവുമായി വന്ന വിദേശിയായ യൂയാക്കീം മാർ കൂറിലോസ്, പിന്നീട് പാത്രിയർക്കീസിൽ നിന്ന് സ്ഥാനം പ്രാപിച്ച പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ എന്നിവരൊക്കെ രാജകീയ വിളംബരത്തിന്റെ ശക്തിയുടെ മുമ്പിൽ നിഷ്പ്രഭരായി. 1815 മുതൽ 1876 വരെയുള്ള ആറ് പതിറ്റാണ്ടുകളുടെ ചിത്രമാണിത്.

1873-ലെ പരുമല സുന്നഹദോസിന്റെ തീരുമാനപ്രകാരം 1875-ൽ മലങ്കരസഭയിൽ വന്ന പത്രോസ് തൃതീയന്റെ ഇടപെടൽ കാര്യങ്ങളൊക്കെ വ്യത്യാസപ്പെടുവാൻ കാരണമായി. പാലക്കുന്നത്ത് മെത്രാന്റെ കവചമായിരുന്ന രാജകീയ വിളംബരം 1876-ൽ പിൻവലിക്കപ്പെട്ടു; പാത്രിയർക്കീസിന്റെ പ്രഭാവവലയത്തിൽ ആളുകൾ ആകൃഷ്ടരായി. ക്രമേണ തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള ഇടവകകൾ പാലക്കുന്നത്ത് മെത്രാച്ചന്റെ ബന്ധനത്തിൽ നിന്ന് വിമുക്തരായി. പാത്രിയർക്കീസിന്റെ പിന്തുണ നേടിയ പുലിക്കോട്ടിൽ മെത്രാച്ചനെ ഭൂരിഭാഗംപേരും പിന്താങ്ങുവാൻ തുടങ്ങി. കോട്ടയം പഴയസെമിനാരിയിൽ പാലക്കുന്നത്ത് മെത്രാച്ചൻ മൽപ്പാനായി നിയമിച്ച കടവിൽ കൂരൻ പൗലോസ് മൽപ്പാനും (പിന്നീട്

കടവിൽ മാർ അത്താനാസ്യോസ്) പാലക്കുന്നത്ത് മെത്രാച്ചൻ രൂപം കൊടുത്ത കേന്ദ്രസമിതിയിലെ അംഗമായിരുന്ന കരോട്ടുവീട്ടിൽ ശെമവൂൻ കോറെപ്പിസ്കോപ്പായും (പിന്നീട് ശെമവൂൻ മാർ ദീവന്നാസ്യോസ്) നവീകരണ മെത്രാന്റെ ക്യാമ്പിൽ നിന്ന് പുലിക്കോട്ടിൽ മെത്രാച്ചന്റെ ക്യാമ്പിലേക്ക് വന്നത് ഈ സാഹചര്യത്തിലാണ്.

കാലിനടിയിലെ മണ്ണ് ഒലിച്ചുപോകുന്നതിൽ നിസ്സഹായനും നിരാശനുമായ പാലക്കുന്നത്ത് മെത്രാച്ചൻ പണം കൊടുത്ത് പാത്രിയർക്കീസിനെ പ്രലോഭിപ്പിക്കുവാൻ നടത്തിയ ശ്രമങ്ങളൊന്നും വേണ്ടത്ര വിജയിച്ചില്ല. ഒടുവിൽ സഹോദരപുത്രനെ – തോമസ് മാർ അത്താനാസ്യോസിനെ – പിൻഗാമിയായി വാഴിച്ച് അദ്ദേഹം ചരിത്രത്തിൽ അസ്തമിച്ചു. ഇതാണ് 1889–ലെ റോയൽക്കോടതി വിധിയിൽ അവസാനിച്ച സെമിനാരിക്കേസിന്റെ പശ്ചാത്തലം. അപ്പോഴേക്കും മുളന്തുരുത്തി സുന്നഹദോസും ആറ് മേൽപ്പട്ടക്കാരുടെ സ്ഥാനാരോഹണവും ഭദ്രാസന വിഭജനവും കേരളത്തിലെ ഒന്നാമത്തെ സാമുദായിക സംഘടനയായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ രൂപീകരണവും വൈദിക–അത്മായ ട്രസ്റ്റിമാരുടെ തെരഞ്ഞെടുപ്പും നിയമനവും ഒക്കെ കഴിഞ്ഞിരുന്നു. പതിറ്റാണ്ടുകളായി നവീകരണക്കാരുടെ കൈവശമായിരുന്ന സെമിനാരി – കോട്ടയം പഴയസെമിനാരി – വീണ്ടെടുക്കുക എന്നതായിരുന്നു സെമിനാരിക്കേസിന്റെ മുഖ്യ ലക്ഷ്യം. പാത്രിയർക്കീസിനെ യഥോചിതം മടക്കി അയച്ചശേഷം 1879–ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ വാദിയായും പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസ് പ്രതിയായും സെമിനാരി വ്യവഹാരം ആരംഭിച്ചു.

പാത്രിയർക്കീസിൽ നിന്ന് സ്ഥാനമേറ്റു എന്ന അവകാശവാദത്തിൽ രാജകീയ വിളംബരം സമ്പാദിച്ച മലങ്കര മെത്രാപ്പോലീത്തായുടെ ഔദ്യോഗിക പിൻഗാമി ആരാണ്? അതാണ് കേസിൽ തീരുമാനിക്കാനുള്ള പ്രധാന കാര്യം. പുലിക്കോട്ടിൽ മെത്രാച്ചന് പാത്രിയർക്കീസിന്റെ നിയമനപത്രമായ സുസ്ഥാത്തിക്കോൻ ഉണ്ട്. തോമസ് അത്താനാസ്യോസിന് അതില്ല. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് വിളംബരം നേടുവാൻ സ്വീകരിച്ച ഔദ്യോഗിക നിലപാടുകളും രേഖകളും തോമസ് അത്താനാസ്യോസിന്റെ സ്ഥാനസാധുതയ്ക്ക് പ്രതികൂലമായിരുന്നു. ബുദ്ധിരാക്ഷസനായ അദ്ദേഹത്തിന്റെ വക്കീലന്മാരിലാരോ ഈ സന്ദിഗ്ദ്ധാവസ്ഥയെ വിജയകരമായി നേരിടുവാൻ 'മലങ്കരക്കാനോൻ' എന്ന പേരിൽ ഒരു കാനോൻ മലയാളത്തിൽ പ്രസിദ്ധീകരിക്കുവാൻ മെത്രാപ്പോലീത്തായെ പ്രേരിപ്പിച്ചു. ഈ കാനോൻ രാജകീയ വിളംബരം നേടിയ മുൻഗാമി പ്രസിദ്ധീകരിച്ചതാണെന്ന് തെറ്റിദ്ധരിപ്പിക്കുവാൻ "1857–ൽ സുറിയാനി സെമിനാരി അച്ചുകൂടത്തിൽ അച്ചടിച്ചതിന്റെ ശരിപ്പകർപ്പ്" എന്ന് ആമുഖപേജിൽ

രേഖപ്പെടുത്തിയിരിക്കുന്നു. "മാർത്തോമ്മാശ്ലീഹായുടെ ഇടവകയാകുന്ന മലങ്കര സുറിയാനി സഭയുടെ കാനോൻ" എന്നാണ് മലങ്കരക്കാനോന്റെ പൂർണ്ണ ശീർഷകം. ഈ കാനോൻ മലങ്കര ഇടവകയുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തർജ്ജിമ ചെയ്ത് കോട്ടയത്ത് സുറിയാനി സെമിനാരിയിൽ ടി. മെത്രാപ്പോലീത്തായുടെ അച്ചുകൂടത്തിൽ അച്ചടിച്ചത് - 1857 എന്ന് തൊട്ടടുത്ത പേജിൽ ചേർത്തിട്ടുണ്ട്. അതിന്റെ മുഖവുരയിൽ ഇപ്രകാരം കാണുന്നു:

"നമ്മെ വിളിച്ചിരിക്കുന്ന വിളിയെ നാം അഗണ്യമാക്കാതെ മൂലാധാരങ്ങളെ തേടി തിരഞ്ഞതിൽ തുലോം പൂർവ്വികമായ കൈയെഴുത്തുകളുടെയും മറ്റും ചില ക്രാസ്സുകൾ അവിടവിടെ നിന്നും കണ്ടുകിട്ടിയതിനെ പരിശോധിച്ച് ഈ സമുദായം ആചരിച്ചുവന്ന പൂർവ്വിക കാനോനായ്ക്ക് ശരിയായ ഒരു ചുരുക്കം കൂട്ടിച്ചേർപ്പാൻ സംഗതിയായതിൽ നാം സന്തോഷിക്കുന്നു.

നമ്മുടെ അന്വേഷണത്താൽ ലഭിച്ചിട്ടുള്ള ഈ കുറിപ്പുകൾ സമുദായത്തിന്റെ പൂർവ്വിക നടപടികളോട് എത്രയും ശരിയായും ഏവൻഗേലിയോന്റെ കൽപനകൾക്ക് മഹായോജിപ്പായും കണ്ടതിനാൽ ഇതിനെത്തന്നെ അടിസ്ഥാനമാക്കി ചിട്ടപ്പെടുത്തുന്നതിങ്കൽ ഈ സമുദായത്തിന്റെ മുൻ നടപടികൾക്ക് പ്രതികൂലമായിരിക്കുന്ന ആചാരങ്ങൾ, മതഭേദങ്ങൾ എപ്പേർപ്പെട്ടവയും ഒടുങ്ങി സകലവും യുക്തമായും ക്രമമായും തീരുമെന്ന് നാം വിശ്വസിക്കുന്നു.

മൂലഭാഷയുടെ പഠിത്തക്കുറവും പൂർവിക കാനോനുകളുടെ പരിജ്ഞാനക്കുറവും അധികരിച്ചിരിക്കുന്ന സ്ഥിതിക്ക് ഈ കാനോനുകൾ ചമയ്ക്കപ്പെട്ട സുറിയാനി ഭാഷയിൽത്തന്നെ മേലാലും അതെഴുതി സൂക്ഷിക്കയെന്ന് വന്നാൽ സമുദായത്തിന് ഒട്ടുക്കും നിരന്തരമായ പ്രയോജനം വരികയില്ലെന്ന് കണ്ട് സ്വദേശ ഭാഷയിലേക്ക് അതുകളെ തർജ്ജമ ചെയ്ത് അച്ചടിപ്പിച്ചിരിക്കുന്നു.

ഈ തർജ്ജിമ നമുക്ക് ലഭിക്കപ്പെട്ട പഴയ പകർപ്പുകളുടെ ശരിയായ പരിഭാഷയും സ്വന്തം അഭിപ്രായങ്ങൾ യാതൊന്നും കരേറ്റിയിട്ടില്ലാത്തതും ആകുന്നു."

സ്വന്തം വാദഗതികൾക്ക് പിൻബലം നൽകുവാനായി പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസ് സെമിനാരി വ്യവഹാരത്തിൽ ഈ മലങ്കരക്കാനോൻ കോടതിയിൽ ഹാജരാക്കി. കോടതി അതിന് എക്സിബിറ്റ് A എന്ന് നമ്പർ നൽകി. റോയൽക്കോടതിയുടെ വിധിന്യായത്തിലെ ഈ പരാമർശത്തിനപ്പുറം മലങ്കരക്കാനോൻ എന്തെന്ന് മലങ്കരസഭാ ചരിത്രകാരന്മാരിൽ ഒരാൾപോലും മനസ്സിലാക്കിയതായി കാണുന്നില്ല. ഈ

ഗ്രന്ഥകാരൻ പരിശോധിച്ച സഭാചരിത്ര ഗ്രന്ഥങ്ങളിലൊന്നും മലങ്കരക്കാനോന്റെ ഉള്ളടക്കം പരിശോധിക്കപ്പെടുകയോ വിലയിരുത്തപ്പെടുകയോ ചെയ്തിട്ടില്ല. മലങ്കരസഭാ ചരിത്രത്തിന്റെ വക്താക്കളായ ഫാ. ഡോ. വി. സി. ശാമുവേൽ, ഫാ. ഡോ. ടി. ഐ. വർഗീസ്, ഫാ. ഡോ. എം. ഒ. ജോൺ, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് തുടങ്ങിയവർ മലങ്കരസഭാ ചരിത്രത്തിന്റെ ഔദ്യോഗികവും ശാസ്ത്രീയവുമായ ഭാഷ്യങ്ങൾ രചിച്ചിട്ടുണ്ട്. സെമിനാരിക്കേസിനെപ്പറ്റിയും 19-ാം നൂറ്റാണ്ടിലെ സഭാചരിത്രത്തെപ്പറ്റിയും റോയൽക്കോടതി വിധിയെപ്പറ്റിയും അവർ രചിച്ച ആധികാരിക ഗവേഷണ ഗ്രന്ഥങ്ങളിലും ലേഖനങ്ങളിലും മലങ്കരക്കാനോൻ അവർ കണ്ടതായോ പരിശോധിച്ചതായോ അവകാശപ്പെട്ടിട്ടില്ല. മലങ്കരക്കാനോൻ പരിശോധിക്കാതെ അവർ രേഖപ്പെടുത്തിയ നിലപാടുകൾ അവരുടെ സഭാചരിത്ര വീക്ഷണത്തെ വികലമോ അപൂർണ്ണമോ ആക്കിയിട്ടുണ്ട്. ഈ ഗ്രന്ഥകാരന്റെ പത്രാധിപത്യത്തിൽ കുന്നംകുളം ക്രിസ്ത്യൻ സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'ഇടവകപത്രിക'യിൽ പ്രത്യക്ഷപ്പെട്ട കാനോൻ ചർച്ചയ്ക്ക് പ്രതികരണമായി ഫാ. ഡോ. ജോൺസ് ഏബ്രഹാം എഴുതിയ പ്രതികരണ ലേഖനത്തിൽ അദ്ദേഹം ഇപ്രകാരം എഴുതി: "... മാർത്തോമ്മാ സഭാക്കേസിനായി മലങ്കരക്കാനോൻ എന്ന പേരിൽ ഒരെണ്ണം പുതുതായി ഉണ്ടാക്കി ഹാജരാക്കി എന്നാണ് മനസ്സിലാകുന്നത്. ഇതിന് കോടതിവിധിയിൽ എക്സിബിറ്റ് XXXVIII എന്ന് നമ്പർ ഇട്ടിരിക്കുന്നു." മലങ്കരക്കാനോനെപ്പറ്റി കൂടുതൽ ഒന്നും അദ്ദേഹം എഴുതാഞ്ഞത് റോയൽക്കോടതിവിധിയിലെ പ്രസ്താവനയ്ക്കപ്പുറം മലങ്കരക്കാനോനെപ്പറ്റി ഒന്നും പ്രസ്താവിക്കാനില്ലാത്തതുകൊണ്ടാകാം (പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ കാലഘട്ടത്തിൽ - 1850-1910 - മലങ്കരയിൽ എന്നല്ല കേരളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ഗ്രന്ഥങ്ങളുടെ അപൂർവ്വ ശേഖരമുള്ള പാമ്പാക്കുട കോനാട്ട് ഗ്രന്ഥപ്പുരയുടെ ഉടമയാണ് അദ്ദേഹം എന്നും ഓർക്കുക). 19-ാം നൂറ്റാണ്ടിലെ സഭാചരിത്രം മുൻനിർത്തി ഗവേഷണം ചെയ്ത് ഡോക്ടറൽ ബിരുദം സമ്പാദിക്കുകയും 'അന്ത്യോഖ്യാ-മലങ്കരബന്ധം 19-ാം നൂറ്റാണ്ടിന്റെ സൃഷ്ടി' എന്ന ശീർഷകത്തിൽ ആ ഗവേഷണ പ്രബന്ധം ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്ത വൈദികസെമിനാരി പ്രൊഫസറും 19-ാം നൂറ്റാണ്ടിൽ നടന്ന സെമിനാരി വ്യവഹാരത്തിൽ പ്രതിഭാഗം ഹാജരാക്കിയ മലങ്കരക്കാനോൻ ബിബ്ലിയോഗ്രഫിയിൽ ചേർത്തിട്ടില്ല എന്നത് ഈ ഗ്രന്ഥകാരനെ അത്ഭുതപ്പെടുത്തുന്നു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം കോനാട്ട് മാത്തൻ മൽപ്പാനും നിരണം ഇടവകയുടെ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ചേർന്ന് തയാറാക്കിയതും കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് (തുമ്പമൺ)

മെത്രാപ്പോലീത്താ സെമിനാരി വ്യവഹാരത്തിൽ ഹാജരാക്കിയതുമായ ഹൂദായകാനോൻ ഗ്രന്ഥത്തെ 'കാപ്പിക്കാനോൻ' എന്ന പേരിൽ പരിഹാസപൂർവ്വം പരാമർശിച്ച ചരിത്രകാരന്മാരും പ. മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ ഉൾപ്പെട്ട സഭാനേതാക്കളും ആ 'കാപ്പിക്കാനോൻ' മൂലം എതിർക്കപ്പെട്ട മലങ്കരക്കാനോനെപ്പറ്റി തികഞ്ഞ മൗനം പാലിച്ചിട്ടുള്ളത് ഇതെഴുതുന്ന ആളെ ഏറെ അസ്വസ്ഥനാക്കിയിട്ടുണ്ട്. തന്മൂലം ഈ കാനോൻ ചർച്ചയിൽ മലങ്കരക്കാനോന്റെ സ്വരൂപം വെളിപ്പെടുത്തേണ്ടിയിരിക്കുന്നു (മലങ്കരക്കാനോൻ പൂർണ്ണരൂപത്തിൽ അനുബന്ധത്തിൽ കാണുക).

മലങ്കരസഭയിൽ അധികമാരും കാണാത്ത ഒരു കാനോൻ ആണ് 'മലങ്കരക്കാനോൻ' എന്ന് ഇതിനോടകം വ്യക്തമായിട്ടുണ്ടല്ലോ. ഈ ഗ്രന്ഥകാരൻ അത് ആദ്യം കണ്ടത് കുറുപ്പംപടി പള്ളിചരിത്രത്തിന്റെ ഗ്രന്ഥകർത്താവും ആ പള്ളിയുടെ ദീർഘകാലത്തെ വികാരിയും പൗരസ്ത്യ സുവിശേഷ സമാജം എന്ന മിഷനറി പ്രസ്ഥാനത്തിന്റെ സ്ഥാപകനുമായ ബഹു. ആത്തുങ്കൽ ഗീവറുഗീസ് കോറെപ്പിസ്കോപ്പായുടെ ഗ്രന്ഥശേഖരത്തിലാണ്. പെരുമ്പാവൂരിനടുത്തുള്ള സമാജം ഓഫീസിൽ താമസിച്ചിരുന്ന വയോധികനായ അദ്ദേഹത്തെ സന്ദർശിച്ച ഈ ഗ്രന്ഥകാരനെ അദ്ദേഹം മലങ്കരക്കാനോന്റെ അച്ചടിച്ച ഗ്രന്ഥം കാണിച്ചു. ഞാൻ നിർദ്ദേശിച്ചതനുസരിച്ച് അദ്ദേഹം മലങ്കരക്കാനോൻ 'ചർച്ച് വീക്കിലി'യിൽ ഖണ്ഡശ്ശഃ പ്രസിദ്ധീകരിക്കുകയും ചെയ്തു. 1980-കളിൽ ചർച്ച് വീക്കിലിയിൽ പ്രസിദ്ധീകരിക്കപ്പെട്ട മലങ്കരക്കാനോൻ മലങ്കരസഭയിലെ ചരിത്രകാരന്മാരാരും കണ്ടില്ല; അഥവാ കണ്ടതായി ഭാവിച്ചില്ല. പിൽക്കാലത്ത് പ്രത്യക്ഷപ്പെട്ട സഭാചരിത്ര ഗ്രന്ഥങ്ങളിൽപോലും 'മലങ്കരക്കാനോൻ' ശ്രദ്ധാപൂർവ്വം അവഗണിക്കപ്പെട്ടു.

"അച്ഛനമ്മമാർ കാലേ വെടിഞ്ഞ നിർഭാഗ്യയെ സ്വച്ഛന്ദമുപേക്ഷിച്ചാൽ ഭർത്താവുമെന്നേ വേണ്ടൂ" (അച്ഛനും മകളും) എന്ന് വള്ളത്തോളിന്റെ ശകുന്തള പിന്നീട് തന്നെ സന്ദർശിച്ച പിതാവിനോട് - വിശ്വാമിത്ര മഹർഷിയോട് - പറഞ്ഞ പരിഭവമാണ് ഓർമ്മയിൽ വരുന്നത്. ശകുന്തളയെന്ന പോലെ അഭിശപ്തമായ പശ്ചാത്തലത്തിൽ പിറന്നുവീണ മലങ്കരക്കാനോൻ സംഹിതയെ അതിന്റെ ജനയിതാക്കളായ നവീകരണക്കാരും പിൻഗാമികളും ഉപേക്ഷിച്ച സാഹചര്യത്തിൽ ആ അധ്യായ ചർച്ച മലങ്കര സഭാചരിത്രം വിട്ടുകളഞ്ഞതാകാം. എന്നാൽ 19-ാം നൂറ്റാണ്ടിൽ ഉത്ഭവിച്ചതും തേജോമയമായ ഒരു മലങ്കര മെത്രാപ്പോലീത്തായുടെ യശോധാവള്യത്തിൽ വിഷധൂമികയാവാൻ സാഹചര്യമൊരുക്കിയതുമായ മലങ്കരക്കാനോൻ വിശദമായി അപഗ്രഥിക്കപ്പെടേണ്ടതുണ്ട് എന്ന ചിന്തയാണ് ഈ ഗ്രന്ഥകാരനുള്ളത്.

കുറ്റകരമായ സാഹചര്യത്തിലാണ് മലങ്കരക്കാനോന്റെ പിറവി. തോമസ് മാർ അത്താനാസ്യോസ് (പാലക്കുന്നത്ത്) മെത്രാച്ചൻ സെമിനാരിക്കേസിൽ സത്യകാനോൻ എന്ന് സത്യംചെയ്ത് ഹാജരാക്കിയ ഈ കാനോൻ, തന്റെ മുൻഗാമിയും രാജകീയ വിളംബരത്തിന്റെ പിൻബലമുള്ള മലങ്കര മെത്രാപ്പോലീത്തായുമായ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് തർജ്ജിമ ചെയ്ത് 1857-ൽ പ്രസിദ്ധീകരിച്ച കാനോന്റെ ശരിപ്പകർപ്പ് ആണ് എന്ന് അവകാശപ്പെട്ടു. ഈ അവകാശവാദം അടിസ്ഥാനരഹിതമാണ് എന്ന് നിരീക്ഷിക്കാതെ വയ്യ. ഇത് വ്യക്തമാക്കുവാൻ ചില കാരണങ്ങളുണ്ട്.

1. 1857-ൽ അച്ചടിച്ച മലങ്കരക്കാനോൻ പാലക്കുന്നത്ത് വലിയ മെത്രാച്ചൻ - മാത്യൂസ് മാർ അത്താനാസ്യോസ് - അദ്ദേഹത്തിന്റെ മരണം വരെ യാതൊരു സഭാ വ്യവഹാരങ്ങളിലും ഹാജരാക്കിയിട്ടില്ല. ആ കാനോൻ കണ്ടതായി അക്കാലത്ത് അനുകൂലികളോ പ്രതികൂലികളോ ആയ യാതൊരാളും രേഖപ്പെടുത്തിയിട്ടില്ല. അക്കാലത്തെ സഭാചരിത്രം സൂക്ഷ്മമായി നിരീക്ഷിച്ചെഴുതിയ ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ *കണ്ടനാട് ഗ്രന്ഥവരി*യിൽപ്പോലും മലങ്കരക്കാനോനെപ്പറ്റി പരാമർശമില്ല (1875 വരെ അദ്ദേഹം പാലക്കുന്നത്ത് വലിയ മെത്രാച്ചന്റെ സഹപ്രവർത്തകനായിരുന്നു എന്നോർക്കണം).

2. പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിന്റെ വലംകൈയും അക്കാലത്തെ വൈദികട്രസ്റ്റിയും ആയിരുന്ന കോട്ടയം പുന്നത്ര താഴത്ത് ചാണ്ടപ്പിള്ള കത്തനാർ പിൽക്കാലത്ത് എഴുതിയ പ്രസിദ്ധമായ 'വിലാപങ്ങൾ' എന്ന ഗ്രന്ഥത്തിൽ, അക്കാലത്തെ സഭയുടെ പ്രമാണഗ്രന്ഥങ്ങൾ ചർച്ചാവിഷയമാക്കുന്നുണ്ടെങ്കിലും മലങ്കരക്കാനോനെപ്പറ്റി ഒരക്ഷരം പോലും സൂചിപ്പിച്ചിട്ടില്ല. വലിയ മെത്രാച്ചന്റെ കാലത്ത് അപ്രകാരം ഒരു കാനോൻ - പ്രമാണഗ്രന്ഥം - പിറവിയെടുത്തിരുന്നെങ്കിൽ അത് പ്രസ്താവിക്കുവാൻ 'വിലാപ'ങ്ങളിൽ ധാരാളം അവസരങ്ങൾ ഉണ്ടായിരുന്നു.

3. 1857-ൽ മലങ്കരക്കാനോന്റെ ആദ്യ പതിപ്പ് കോട്ടയം സെമിനാരി പ്രസിൽ അച്ചടിച്ചു എന്ന് നാലു പതിറ്റാണ്ടിനുശേഷം അച്ചടിച്ച (കോട്ടയം സി.എം.എസ്. പ്രസ്) പതിപ്പിൽ കാണുന്നുണ്ടെങ്കിലും അതിന്റെ ഒന്നാം പതിപ്പ് നാളിതുവരെ ആരും കണ്ടതായി രേഖപ്പെടുത്തിയിട്ടില്ല.

4. കൊല്ലം 1028-ൽ കുംഭം 2-ന് (1853) പാലക്കുന്നത്ത് വലിയ മെത്രാച്ചൻ കോട്ടയം പഴയസെമിനാരിയിൽ ചേർന്ന പള്ളിപ്രതിപുരുഷയോഗത്തിൽ 103 ഖണ്ഡികകൾ അടങ്ങിയ ഒരു ചട്ടവര്യോല അവതരിപ്പിച്ച് പാസ്സാക്കുന്നുണ്ട്. അതിലൊരിടത്തും പഴയ കാനോനുകൾ കണ്ടെത്താനോ വിവർത്തനം ചെയ്യുവാനോ താൻ നടത്തുന്ന ശ്രമങ്ങളെപ്പറ്റി

അദ്ദേഹം സൂചിപ്പിക്കുക പോലും ചെയ്തിട്ടില്ല. ചട്ടവര്യോല തയാറാക്കിയ പീലിപ്പോസ് കത്തനാരും ഈ അന്വേഷണത്തെപ്പറ്റി അജ്ഞതയും മൗനവും അവലംബിച്ചിരിക്കുന്നു.

5. മൂലഭാഷയിലെ കാനോനാകൾ അദ്ദേഹം ശേഖരിച്ചു എന്ന് പിൻഗാമി അവകാശപ്പെടുന്നുണ്ടെങ്കിലും ആ ശേഖരിച്ച മൂലഭാഷയിലെ ഗ്രന്ഥം എവിടെയുണ്ടെന്ന് ആരും വെളിവാക്കിയിട്ടില്ല.

6. സുറിയാനിയിലെ മൂലരേഖ മലയാളത്തിലേക്കു വിവർത്തനം ചെയ്തത് ആര് എന്ന് വ്യക്തമാക്കിയിട്ടില്ല.

7. പിൽക്കാലത്ത് നവീകരണ മെത്രാന്മാരുടെ മേലദ്ധ്യക്ഷതയിൽ പിറന്ന മാർത്തോമ്മാസഭ ഇങ്ങനെയൊരു കാനോൻ ഗ്രന്ഥം തങ്ങൾക്കുണ്ടെന്നോ ഉണ്ടായിരുന്നുവെന്നോ അവരുടെ ഭരണഘടനയിൽ അവകാശപ്പെട്ടിട്ടില്ല.

8. പാലക്കുന്നത്ത് വലിയ മെത്രാപ്പോലീത്തായുടെ കാലത്ത് ആരും കാണാതിരുന്ന മലങ്കരക്കാനോൻ അദ്ദേഹത്തിന്റെ അറിവോടെ വിവർത്തനം ചെയ്തു എന്ന് പറയാനാവില്ല. എന്തുകൊണ്ടെന്നാൽ ഈ കാനോനിൽ അന്ത്യോഖ്യാ എന്നോ അന്ത്യോഖ്യാ പാത്രിയർക്കീസ് എന്നോ ഒരു പദപ്രയോഗം ഇല്ല. അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും മേൽപ്പട്ടം പ്രാപിച്ചതുകൊണ്ട് താൻ മാത്രമാണ് സാധുത്വവും അംഗീകാരവും ഉള്ള മലങ്കര മെത്രാൻ എന്നും മറ്റും നിരന്തരം അധികാരികൾക്ക് പരാതികളും നിവേദനങ്ങളും സമർപ്പിച്ച നവീകരണ മെത്രാൻ, അന്ത്യോഖ്യ എന്ന പരാമർശം പോലുമില്ലാത്ത മലങ്കരക്കാനോൻ വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കുക എന്ന് വന്നാൽ അത് ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന പണി ആയതിനാൽ കുശാഗ്രബുദ്ധിയായ അദ്ദേഹം ഒരിക്കലും അത് ചെയ്യാനിടയില്ല. അദ്ദേഹത്തിന്റെ ജീവിതകാലത്ത് അദ്ദേഹത്തിനെതിരായി ആദ്യം യൂയാക്കീം മാർ കൂറിലോസും പിന്നീട് സ്തേഫാനോസ് മാർ അത്താനാസ്യോസും ഒടുവിൽ 1864-ന് ശേഷം പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് ദ്വിതീയനും നൽകിയ പരാതികളെ അഭിമുഖീകരിക്കേണ്ടി വന്ന അദ്ദേഹം ഒരിക്കൽപോലും ഇപ്രകാരം ഒരു മലങ്കരക്കാനോൻ കണ്ടതായോ തന്റെ കൈവശം ഉള്ളതായോ അവകാശപ്പെട്ടിട്ടില്ല.

മാത്യൂസ് മാർ അത്താനാസ്യോസ് 1877-ൽ കാലംചെയ്തശേഷം അന്ത്യോഖ്യൻ കൈവെപ്പ് ലഭിക്കാതിരുന്ന തന്റെ നിലപാടുകളെയും, തങ്ങൾ സഭയിൽ നടപ്പിലാക്കിയ നവീകരണ നടപടികളെയും ശരിവെയ്ക്കുന്ന ഒരു കാനോൻ എഴുതിയുണ്ടാക്കി, രാജകീയ വിളംബരത്തിന്റെ പിന്തുണയുണ്ടായിരുന്ന മുൻഗാമിയുടെ മേൽവിലാസത്തിൽ അവതരിപ്പിച്ചാൽ സെമിനാരിക്കേസിൽ വിജയിക്കാമെന്ന് തോമസ് മാർ

അത്താനാസ്യോസ് മെത്രാച്ചൻ ചിന്തിച്ചിരിക്കാം. കൂടുതൽ ബലം നൽകുവാൻ മുൻഗാമിയുടെ ഒരു വിൽപ്പത്രവും അദ്ദേഹത്തിന് അനുകൂലമായി കോടതിയിൽ ഹാജരാക്കിയിരുന്നു (വിൽപ്പത്രത്തിന്റെ സാധുത സംശയാതീതമല്ല. തൊഴിയൂർ വ്യവഹാരത്തിൽ കുത്തൂർ കൂറിലോസിന്റെ വിൽപ്പത്രം വ്യാജമായി എഴുതിയുണ്ടാക്കി, അനധികൃതമായി വാഴിക്കപ്പെട്ട ആലത്തൂർ പനക്കൽ യൗസേപ്പ് മാർ കൂറിലോസ് കോടതിവിധികളാൽ അംഗീകാരം നേടിയ ചരിത്രമുണ്ട്. അദ്ദേഹത്തെ ഇത്തരം വ്യാജചെയ്തികൾക്ക് ധൈര്യപ്പെടുത്തിയത് പാലക്കുന്നത്ത് വലിയ മെത്രാച്ചനായിരുന്നു).

മാർത്തോമ്മാ സഭയുടെ കൈയെഴുത്ത് പുരാരേഖകൾ സൂക്ഷിച്ചിട്ടുള്ള തിരുവല്ലാ പുലാത്തീൻ അരമനയിലും കോട്ടയം എം.റ്റി. സെമിനാരി ആർക്കൈവ്സിലും അധികൃതരുടെ രേഖാമൂലമായ അനുമതിയോടെ വിശദമായ പരിശോധന നടത്തിയിട്ടും മലങ്കരകാനോൻ അവകാശപ്പെട്ടിട്ടുള്ള പൂർവിക കാനോനാകൾ രേഖപ്പെടുത്തിയ സുറിയാനി മൂലരേഖകളുടെ ഒരംശംപോലും കാണപ്പെട്ടിട്ടില്ല. തന്മൂലം മലങ്കരകാനോൻ നൂറു ശതമാനവും വ്യാജ സൃഷ്ടിയാണെന്ന് തറപ്പിച്ച് പറയാനാവും. സുറിയാനി കൈയെഴുത്ത് രൂപത്തിൽ മാത്രം ലഭിച്ചിരുന്നതും അതിമാത്രവും ദുർല്ലഭവുമായിരുന്ന കാനോൻ (ഹൂദായ) ഗ്രന്ഥം വൈദികരുടെ പഠനത്തിനു പോലും വിഷയമാകാതിരുന്ന ആ കാലഘട്ടത്തിൽ നവീകരണ മെത്രാൻ ഹാജരാക്കിയ മലങ്കരക്കാനോൻ വ്യാജമാണെന്ന് സപ്രമാണം സമർത്ഥിക്കുവാൻ മലങ്കരസഭയിൽ ഇന്നോളം ആരും സജ്ജരോ സന്നദ്ധരോ ആയിട്ടില്ല. തന്നെയുമല്ല, ഒരു മെത്രാൻ ഈവിധം വ്യാജരേഖകൾ സൃഷ്ടിച്ച് അത് സത്യരേഖയാണെന്ന് സത്യംചെയ്തു കോടതിരേഖയാക്കുമെന്ന് അക്കാലങ്ങളിൽ ആർക്കും വിശ്വസിക്കുവാനോ ചിന്തിക്കുവാൻ പോലുമോ കഴിയുമായിരുന്നില്ല (ഈ ബലഹീനതയുടെ ബലത്തിലാണ് കാട്ടുമങ്ങാട്ട് കൂറിലോസ്, പാലക്കുന്നത്ത് അത്താനാസ്യോസ് തുടങ്ങിയവർ മറവിടവും ഒളിവിടവും കണ്ടെത്തിയത്).

മലങ്കരക്കാനോന്റെ ഉള്ളടക്കം നമുക്ക് പരിശോധിക്കാം. 33 പുറങ്ങളിലായി തയാറാക്കിയ ഈ പ്രമാണഗ്രന്ഥത്തിന് ആകെ പതിനഞ്ച് അധ്യായങ്ങൾ ആണുള്ളത്.

കേപ്പാലയോൻ ഒന്ന്.

ഭാഗം ഒന്ന് – ശുദ്ധമാന പള്ളിയെക്കുറിച്ച്. ഏഴ് നിയമങ്ങൾ.

ഭാഗം രണ്ട് – പള്ളിവരുമാനങ്ങളെക്കുറിച്ച്. പതിനഞ്ച് നിയമങ്ങൾ.

ഭാഗം മൂന്ന് – കൈക്കാരന്മാരെക്കുറിച്ച്. പതിനേഴ് നിയമങ്ങൾ.

ഭാഗം നാല് – പള്ളിമുതലവകാശങ്ങളെയും ചിലവിനെയും കുറിച്ച്. നാല് നിയമങ്ങൾ.

കേപ്പാലയോൻ 2 – ശുദ്ധമാനപള്ളിയിലെ പട്ടത്വത്തെക്കുറിച്ച്. ഇരുപത്തിയൊന്ന് നിയമങ്ങൾ

കേപ്പാലയോൻ 3 – വിശ്വാസത്തെക്കുറിച്ച്. അഞ്ച് നിയമങ്ങൾ.

കേപ്പാലയോൻ 4 – മൂറോൻ തൈലത്തെയും സൈത്ത് എന്ന എണ്ണയെയും കുറിച്ച്. അഞ്ച് നിയമങ്ങൾ.

കേപ്പാലയോൻ 5 – നമസ്കാരക്രമത്തെക്കുറിച്ച്. പത്ത് നിയമങ്ങൾ.

കേപ്പാലയോൻ 6 – കുർബ്ബാനയെക്കുറിച്ച്. ഒന്നാം ഭാഗം. മൂന്ന് നിയമങ്ങൾ.

രണ്ടാം ഭാഗം. അഞ്ച് നിശ്ചയങ്ങൾ. മൂന്നാം ഭാഗം. ആറ് നിയമങ്ങൾ.

കേപ്പാലയോൻ 7 – ഒന്നാം ഭാഗം. മാമ്മൂദീസായെക്കുറിച്ച്. എട്ട് നിയമങ്ങൾ. രണ്ടാം ഭാഗം. ശുദ്ധമാന പള്ളിയിലെ സ്ഥാനികളുടെ സാധാരണവസ്ത്രങ്ങളെയും അംശവസ്ത്രങ്ങളെയും കുറിച്ച്. അഞ്ച് നിയമങ്ങൾ.

കേപ്പാലയോൻ 8 – നോമ്പിനെക്കുറിച്ച്. ഏഴ് നിയമങ്ങൾ.

കേപ്പാലയോൻ 9 – ഭാഗം ഒന്ന്. പെരുന്നാളുകളെക്കുറിച്ച്. മൂന്ന് നിയമങ്ങൾ.

ഭാഗം രണ്ട് – ഞായറാഴ്ചയെക്കുറിച്ച്. അഞ്ച് നിയമങ്ങൾ.

കേപ്പാലയോൻ 10 – വിവാഹനിയമത്തെക്കുറിച്ച്. പത്ത് നിയമങ്ങൾ.

കേപ്പാലയോൻ 11 – ഒന്നാമത്തെ ഒപ്പറൂശ്മായെക്കുറിച്ച്. മൂന്ന് നിയമങ്ങൾ.

കേപ്പാലയോൻ 12 – കുമ്പസാരത്തെക്കുറിച്ച്. അഞ്ച് നിയമങ്ങൾ.

കേപ്പാലയോൻ 13 – രണ്ടാമത്തെ ഒപ്പറൂശ്മായെക്കുറിച്ച്. രണ്ട് നിയമങ്ങൾ.

കേപ്പാലയോൻ 14 – ശവസംസ്കാരത്തെക്കുറിച്ച്. ഏഴ് നിയമങ്ങൾ.

കേപ്പാലയോൻ 15 – അവകാശക്രമത്തെക്കുറിച്ച്. നാൽപത്തിരണ്ട് നിയമങ്ങൾ.

## വിലയിരുത്തൽ

ഇത് മലങ്കരയിലെ പൂർവിക സഭയുടെ കാനോൻ ആണെന്ന് പറയുന്നത് നൂറ് ശതമാനവും വ്യാജമാകുന്നു. കാനോനാകൾ എന്നത് സഭ അംഗീകരിച്ച പിതാക്കന്മാരുടെ അഭിപ്രായങ്ങളുടെയും സഭാകൗൺസി

ലിലെ തീരുമാനങ്ങളുടെയും സമാഹാരമാണ്. ഓരോ കാനോന്റെയും വിശ്വാസ്യതയും ആധികാരികതയും വ്യക്തമാക്കുമാറ് അതത് കാനോനാകൾ ഏതേത് പിതാക്കന്മാരുടെ അഭിപ്രായമെന്നും ഏതേത് കൗൺസിലുകളുടെ നിയമമാണെന്നും രേഖപ്പെടുത്തുന്ന പതിവുണ്ട്. അജ്ഞാത കർത്തൃകങ്ങളും സഭയിൽ സ്വീകൃതവും അംഗീകൃതവുമായ നിയമങ്ങളും പതിവുകളും എഡിറ്ററുടെ അഭിപ്രായങ്ങളും വിശദീകരണങ്ങളും 'ഹൂദായ' എന്ന ശീർഷകത്തിലാണ് 13-ാം നൂറ്റാണ്ടിൽ ബാർ എബ്രായ സമാഹരിച്ച ഹൂദായകാനോനിൽ ചേർത്തിട്ടുള്ളത് എന്നോർക്കുക. 17-ാം നൂറ്റാണ്ടിൽ മലങ്കരസഭയിൽ ഭാഗികമായി പ്രത്യക്ഷപ്പെട്ട ഹൂദായകാനോനിലെ നിയമങ്ങൾപോലും അവ നിർദ്ദേശിച്ച പിതാക്കന്മാരുടെയും മറ്റും പേരുകളോട് ചേർത്താണ് രേഖപ്പെടുത്തിയിട്ടുള്ളത്. സുറിയാനി പണ്ഡിതനായ പാലക്കുന്നത്ത് അബ്രഹാം മൽപ്പാനും സുറിയാനി ഭാഷയിൽ വിദ്യാഭ്യാസം നേടിയ പാലക്കുന്നത്ത് വലിയ മെത്രാച്ചനും ഈ കാനോൻ സംസ്ക്കാരം ലഭിച്ചവരാണ്. അവർ രണ്ടുപേരും വ്യത്യസ്ത ശൈലിയിലുള്ള ഒരു കാനോൻ രചനയ്ക്ക് നേതൃത്വം കൊടുക്കുമായിരുന്നില്ല. മലങ്കര കാനോനിലെ യാതൊരു നിയമങ്ങളോടും ചേർന്ന് അത് ആരുടെ അഭിപ്രായമാണെന്നോ ഏത് കൗൺസിലിന്റെ നിശ്ചയമാണെന്നോ രേഖപ്പെടുത്തിയിട്ടില്ല. നവീകരണത്തിന്റെ ആദ്യതലമുറയിൽപെട്ടവർ ആരാധനക്രമങ്ങളിൽ വരുത്തിയ നവീകരണങ്ങൾപോലും തക്സാകളിൽ രേഖപ്പെടുത്തിയിരുന്നില്ലെന്നും ആരാധന നടത്തുമ്പോൾ നവീകരണത്തിന് വിരുദ്ധമായ ഭാഗങ്ങൾ ചൊല്ലാതിരിക്കുകയും നവീകരണത്തിന് അനുകൂലമായവ തൽസമയം ചൊല്ലുകയും ആയിരുന്നു അന്നത്തെ സമ്പ്രദായമെന്നും താഴത്തച്ചൻ (പുന്നത്ര ചാണ്ടപ്പിള്ള കത്തനാർ - വൈദിക ട്രസ്റ്റി) 'വിലാപങ്ങൾ' എന്ന കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പാലക്കുന്നത്ത് വലിയ മെത്രാച്ചന്റെ കാലത്ത് മലങ്കരക്കാനോൻ ഇറങ്ങിയെങ്കിൽ അന്നത്തെ വൈദികട്രസ്റ്റിയും വ്യവഹാര കാര്യസ്ഥനും വലിയ മെത്രാച്ചന്റെ വലംകൈയും ആയിരുന്ന താഴത്തച്ചൻ അത് അറിയാതിരിക്കുകയില്ല. അറിഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തിന്റെ 'വിലാപങ്ങളി'ൽ അതിനെതിരെ ശക്തമായി പ്രതിഷേധിക്കുമായിരുന്നു. സഭയുടെ പൂർവികാചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ലംഘിക്കാൻ നേതൃത്വം നൽകുന്ന നവീകരണത്തിന്റെ രണ്ടാം തലമുറയെ ശക്തിയായി പ്രതിഷേധിക്കുകയും തിരുത്തുവാൻ ശ്രമിക്കുകയും ചെയ്യുന്ന 'വിലാപങ്ങൾ' മലങ്കരക്കാനോനെ വിമർശിക്കാതിരുന്നത് 1857-ൽ മലങ്കരക്കാനോൻ പിറവിയെടുക്കാതിരുന്നതു മൂലമാണ്. അന്ത്യോഖ്യൻ കൈവെപ്പ് ലഭിക്കാത്തതുമൂലം തന്റെ മെത്രാൻ സ്ഥാനത്തിന്റെ സാധുത സെമിനാരി വ്യവഹാരത്തിൽ ചോദ്യം ചെയ്യപ്പെടുമ്പോൾ അതിന് തടയിടാനായി, മലങ്കരസഭയുടെ പൂർവിക നടപടികൾ സമാഹരിച്ചതായി അവകാശപ്പെട്ടുകൊണ്ട് തോമസ് അത്താ

നാസ്യോസ് വലിയ മെത്രാച്ചന്റെ നിര്യാണശേഷം ‘മലങ്കരക്കാനോൻ’ എന്ന വ്യാജസൃഷ്ടിക്കു ജന്മം നൽകുകയായിരുന്നു.

മലങ്കരക്കാനോൻ എന്ന വ്യാജസൃഷ്ടിയുടെ കർത്താവിന് മലങ്കര സഭയുടെ അടിസ്ഥാന വിശ്വാസാചാരാനുഷ്ഠാനങ്ങളിൽ ആഴമായ ജ്ഞാനം ഇല്ലെന്ന് പ്രഘോഷിക്കുന്ന നിരവധി ഭാഗങ്ങൾ ആ ‘പ്രമാണ ഗ്രന്ഥ’ത്തിലുണ്ട്. രണ്ടാം കേപ്പാലയോനിൽ പട്ടത്വത്തെപ്പറ്റി നൽകുന്ന വിവരണം അത്തരത്തിലുള്ള ഒന്നാണ്:

“സ്വർഗ്ഗം തന്റെ സിംഹാസനവും ഭൂമി തന്റെ പാദപീഠവുമെന്ന് തിരു അരുളപ്പാടുണ്ട്. സ്വർഗ്ഗത്തിൽ ഒമ്പത് വൃന്ദം മാലാഖമാരുടെ പേരു കണക്കേ ഭൂമിക്കടുത്ത തന്റെ തിരുസഭയിലും ഒമ്പത് വൃന്ദത്തിൽ സ്ഥാനി കൾക്ക് പേർ വിളിക്കപ്പെട്ടിരിക്കുന്നു. സ്വർഗ്ഗത്തിനടുത്ത മാലാഖമാരുടെ നിരകൾ: 1. മാലാഖ. 2. റീശൈ മാലാഖെ. 3. റീശെനുവോസെ. 4. ശൂൽ ത്തോനെ. 5. മൗത്ത്ബേ. 6. മോറോവോസെ. 7. ഹൈലേ. 8. ക്രോബെ. 9. സ്രോപ്പെ. ഭൂമിക്കടുത്ത സഭാദൂതന്മാരുടെ നിരകൾ: 1. കാറോയേ. 2. ഹെപ്പദ്യക്കിനെ. 3. മ്ശെംശോനെ. 4. അർക്കദിയാക്കോൻ. 5. കാശീശ്ശ ന്മാർ. 6. കോറെപ്പിസ്കോപ്പന്മാർ. 7. റമ്പാന്മാർ. 8. എപ്പിസ്കോപ്പാ. 9. മെത്രാപ്പോലീത്താ.

ഈ ഗണത്തിൽ കാതോലിക്കായും പാത്രിയർക്കീസും ഇല്ലാതെപോയ തെന്തുകൊണ്ട്? 1685 മുതൽ കാതോലിക്കായും പാത്രിയർക്കീസും മല ങ്കരസഭയിൽ സുപരിചിതരാണ്. 1685-ൽ യൽദൊ മാർ ബസ്സേലിയോസ് കാതോലിക്കായും 1751-ൽ ശാക്രള്ള മാർ ബസ്സേലിയോസ് കാതോലി ക്കായും ഈ സഭയെ സന്ദർശിച്ച് യഥാക്രമം കോതമംഗലത്തും കണ്ട നാടും കബറടങ്ങിയവരാണ്. സാധുവായ പൗരോഹിത്യത്തിന് അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് മെത്രാൻസ്ഥാനം ഏറ്റേ മതി യാവൂ എന്ന തന്റെ മുൻഗാമിയായ പാലക്കുന്നത്ത് വലിയ മെത്രാച്ചൻ നിരന്തരം അവകാശപ്പെട്ടിരുന്നതു മൂലം അന്ത്യോഖ്യാ പാത്രിയർക്കീ സിന്റെ നാമവും മലങ്കരയിൽ സുപരിചിതമായിരുന്നു. 1665-ൽ വന്ന മാർ ഗ്രീഗോറിയോസും 1751-ൽ വന്ന ഗ്രീഗോറിയോസും ഊർശ്ലേമിന്റെ പാത്രി യർക്കീസ് ആണെന്നത് സർവാദൃതമായ വസ്തുത ആയിരുന്നു. 1665 മുതൽ മലങ്കരസഭയിൽ സുപരിചിതരായിരുന്ന ഈ സ്ഥാനികളെ കുർ ബ്ബാനതക്സാ, ആണ്ടുതക്സാ എന്നിവയിൽ ഓർത്തിരുന്നു. പാത്രി യർക്കൂ ദീലാൻ (ഞങ്ങളുടെ പാത്രിയർക്കീസന്മാർ) എന്നാണ് അവിട ങ്ങളിലെല്ലാം പരാമർശിച്ചിട്ടുള്ളത്. 1665 മുതൽ മലങ്കരസഭയിൽ ഓർക്ക പ്പെട്ടിരുന്ന സ്ഥാനികളെ 1857-ൽ പിറവിയെടുത്തു എന്ന് അവകാശപ്പെ ടുന്ന മലങ്കരക്കാനോൻ അവഗണിച്ചതിന്റെ കാരണം ദുരൂഹമായിരിക്കുന്നു.

റമ്പാൻസ്ഥാനം ഒരു പൗരോഹിത്യസ്ഥാനമേ അല്ല. 9 എന്ന എണ്ണം തികയുവാൻ ഓർത്തഡോക്സ് പാരമ്പര്യങ്ങളിൽ ആഴമായ വേരോട്ടം ഇല്ലാത്ത തോമസ് അത്താനാസ്യോസ്, റമ്പാനെയും പുരോഹിതസ്ഥാനമായി തെറ്റിദ്ധരിക്കുകയായിരുന്നു. പാത്രിയർക്കീസിന്റെയോ കാതോലിക്കായുടെയും കൈവെപ്പില്ലാതെ, ഒരു മെത്രാപ്പോലീത്തായിൽ നിന്ന് കൈവെപ്പ് സ്വീകരിച്ചതിനും മുൻഗാമിയുടെ രേഖാമൂലമായ അവകാശവാദങ്ങൾ റദ്ദാക്കി കിട്ടുവാനും ഒരു ആധികാരിക പ്രമാണത്തിന്റെ പിൻബലം പിൽക്കാലത്തെ വ്യവഹാരത്തെ നേരിടുവാൻ തോമസ് അത്താനാസ്യോസിന് അവശ്യം ആവശ്യമായിരുന്നു. അത് സാധിച്ചെടുക്കാനുള്ള വിഫലശ്രമം എന്ന നിലയിലാണ് മലങ്കരക്കാനോന്റെ ജന്മോദ്ദേശ്യത്തെ വിലയിരുത്തേണ്ടത്. അതിനാവശ്യമായ കാനോനാകളും നവീകരണക്കാരുടെ വാദമുഖങ്ങളെ പിന്താങ്ങുന്ന നിയമങ്ങളും ചേർത്ത് ചമച്ചതാണ് മലങ്കരക്കാനോൻ.

നവീകരണത്തിന്റെ വക്താക്കൾ പല പൂർവിക നടപടികളെയും ആചാരാനുഷ്ഠാനങ്ങളെയും വിശ്വാസങ്ങളെയും ചോദ്യം ചെയ്തിരുന്നു. അവകൾ ഓരോന്നിനും മലങ്കരക്കാനോനിൽ അടിസ്ഥാനം ചമച്ചിരിക്കുന്നു.

വാങ്ങിപ്പോയ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയ്ക്കായി അപേക്ഷിക്കുന്നത് വേദവിഹിതമല്ലെന്ന നവീകരണ ചിന്തയ്ക്ക് പ്രമാണമായി മലങ്കരക്കാനോൻ ഉണ്ടാക്കിയ നിയമം കാണുക:

'മാലാഖമാരെയോ ശുദ്ധമുള്ളവരെയോ ആരാധിക്കുന്നതും മരിച്ചുപോയ പരിശുദ്ധന്മാരോട് നമസ്ക്കരിക്കുന്നതും വേദവിധിക്ക് ചേരുന്നതല്ലായ്കയാൽ തിരുസഭ ഈവക ആരാധനകളെയും നമസ്കാരങ്ങളെയും വെടിഞ്ഞിരിപ്പാനുള്ളതാകുന്നു' (5-ാം കേപ്പാലയോൻ, 10-ാം നിയമം).

വി. കുർബ്ബാന രണ്ടായിട്ടു കൊടുത്തിരിക്കണമെന്ന നവീകരണവാദം മലങ്കരക്കാനോനിൽ നിയമമായിരിക്കുന്നു. ".... തക്സായിലെ ക്രമപ്രകാരമുള്ള പ്രാർത്ഥന കഴിച്ച് അയ്മേനികൾക്കും കാസായിൽ നിന്നും പീലാസായിൽ നിന്നും കുർബ്ബാന കൊടുക്കപ്പെടുന്നു" (6-ാം കേപ്പാലയോൻ, 6-ൽ 3-ാം ഖണ്ഡിക).

സെമിനാരി വ്യവഹാരം കഴിഞ്ഞതോടെ മലങ്കരക്കാനോൻ അപ്രസക്തമായി. നവീകരണക്കാർ രൂപീകരിച്ച മാർത്തോമ്മാ സഭ പോലും മലങ്കരക്കാനോൻ സ്വീകരിച്ചില്ല. തോമസ് മാർ അത്താനാസ്യോസ് നിർമ്മിച്ച ഈ വ്യാജകാനോനെപ്പറ്റി കേട്ടറിവുള്ളതിനാലാവാം പിന്നീടു വന്ന നവീകരണ മെത്രാന്മാർ മലങ്കരക്കാനോനെ തിരസ്ക്കരിച്ചത്. റോയൽക്കോടതിവിധിയും കഴിഞ്ഞ് 1897-ൽ മലങ്കരക്കാനോന്റെ അച്ചടിച്ച പതിപ്പ് കോട്ടയം സി.എം.എസ്. പ്രസിൽ നിന്ന് പ്രസിദ്ധീകൃതമായിട്ടുണ്ട്. എന്നി

രുന്നാലും ആ കാനോന്റെ നിർമ്മിതിയിലെ വ്യാജങ്ങൾ അറിയാമായിരുന്ന പുതിയ തലമുറ ആ വിശ്വാമിത്രസൃഷ്ടിയെ തിരസ്ക്കരിച്ചു. അതോടെ മലങ്കരക്കാനോൻ ചരിത്രത്തിൽ വിസ്മൃതമായി.

സെമിനാരി വ്യവഹാരം ജയിക്കാൻ നവീകരണക്കാർ നടത്തിയ ഹീനമായ അധ്വാനങ്ങൾ ചരിത്രവിദ്യാർത്ഥികൾക്ക് പഠിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ ആ തലമുറയിലെ സഭാചലനങ്ങളെ നിരീക്ഷിക്കുവാനുമായി ഈ ഗ്രന്ഥത്തിൽ അത് ചർച്ചയ്ക്ക് വിഷയമാക്കുകയും പുനഃപ്രസിദ്ധീകരിക്കുകയും ചെയ്യുന്നു (ജി. ചേടിയത്ത് മലങ്കരക്കാനോൻ പ്രസിദ്ധീകരിച്ചു. 1897-ൽ ശരിപകർപ്പ് എന്ന് സാക്ഷ്യപ്പെടുത്തിയ പതിപ്പാണ് 1857-ലെ പതിപ്പ് എന്ന് തെറ്റിദ്ധരിക്കുവാൻ പാകത്തിൽ അദ്ദേഹം പ്രസിദ്ധീകരിച്ചത്. 1897-ൽ കോട്ടയം സി.എം.എസ്. പ്രസ്സിൽ നിന്നിറങ്ങിയ രണ്ടാം പതിപ്പിലെ പേജ് നമ്പരുകൾ അദ്ദേഹം നൽകിയിട്ടുള്ളത് ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നു. അനുബന്ധം 1 നോക്കുക.).

## അദ്ധ്യായം 10

# ഹൂദായ (കാപ്പി) കാനോൻ

"തനിക്ക് താൻ പോന്നവർ ഒന്ന് ചെയ്താൽ
അതിന് ദോഷം (കുറ്റം) പറയാവതുണ്ടോ?
.....................................................................
ഒരുത്തനുണ്ടാക്കിന ദുഷ്പ്രവാദം
പരത്തുവാനാളുകളുണ്ടസംഖ്യം
മുമ്പേ ഗമിച്ചീടിന ഗോവു തന്റെ
പിമ്പേ ഗമിക്കും ബഹു ഗോക്കളെല്ലാം."

സ്യമന്തകം തുള്ളലിൽ മഹാകവിയും സരസവിമർശകനുമായ കുഞ്ചൻ നമ്പ്യാർ മേൽക്കാണിച്ച വരികളിൽ നടത്തുന്ന പ്രപഞ്ച നിരീക്ഷണം പ്രത്യക്ഷരം പാകമാകുന്ന ചില ചരിത്രസാഹചര്യങ്ങൾ മലങ്കര സഭാചരിത്രത്തിൽ സുലഭമാണ്. പ്രാമാണികരായ മഹാശയന്മാർ യാതൊരു പ്രമാണത്തിന്റെയും പിൻബലമില്ലാതെ, 'തനിക്കു താൻ പോന്നവനാണെന്നുള്ള തന്റേടത്തിന്റെ ബലത്തിൽ കേട്ടുകേൾവികളെയും ഊഹാപോഹങ്ങളെയും വസ്തുതകൾ എന്ന മട്ടിൽ അവതരിപ്പിക്കുകയും 'പിമ്പേ വരുന്ന ബഹു ഗോക്കൾ' കഥയറിയാതെ മുമ്പേ ഗമിച്ചീടിന നേതാവായ മൃഗത്തെ അനുഗമിക്കുകയും ചെയ്ത നിർഭാഗ്യകരമായ വിഷാദ കഥയാണ് ഹൂദായ (കാപ്പി) ക്കാനോന് പറയാനുള്ളത്. സെമിനാരിക്കേസിൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ നിർദ്ദേശപ്രകാരം അന്നത്തെ വൈദികട്രസ്റ്റി കോനാട്ട് മാത്തൻ മൽപാനും നിരണത്തിന്റെ ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ചേർന്ന് എഴുതി തയാറാക്കി കോനാട്ട് യൂലിയോസ് മെത്രാപ്പോലീത്താ (തുമ്പമൺ) സെമിനാരിക്കേസിൽ ഹാജരാക്കിയ ഹൂദായക്കാനോനെ 'കാപ്പി ക്കാനോൻ' എന്ന് പരിഹാസപൂർവ്വം വിശേഷിപ്പിച്ച പ്രാമാണികന്മാരാരും ആ കാനോൻ കണ്ടതായി അവകാശപ്പെടുന്നില്ല. സെമിനാരിക്കേസിൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് വിജയിച്ചത് നിരവധി വ്യാജ രേഖകളുടെ പിൻബലത്തിലാണെന്ന് നവീകരണക്കാർ അന്നേ പ്രചരിപ്പിച്ചിരുന്നു. പരാജയപ്പെട്ട പ്രതിപക്ഷത്തിന്റെ ശബ്ദം മലങ്കര ഓർത്തഡോക്സ് സഭയിലും ഒറ്റപ്പെട്ട ചില പ്രതിധ്വനികൾ ഉണ്ടാക്കിയിരുന്നു. എന്നാൽ ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസിന്റെ നിലപാട് സത്യത്തെയും പുലിക്കോട്ടിൽ തിരുമേനിയെയും പിൻതുണയ്ക്കുന്നതായിരുന്നതുകൊണ്ട് ആ പ്രതിധ്വനികൾക്ക് പിന്തുണ ലഭിച്ചില്ല. എന്നാൽ 1902-ൽ ചാത്തുരുത്തിൽ തിരുമേനി കാലധർമ്മം പ്രാപിച്ചതോടെ അന്തരീക്ഷം വ്യത്യാസപ്പെട്ടു.

റോയൽക്കോടതിവിധി കഴിഞ്ഞ് രണ്ടു പതിറ്റാണ്ടു കഴിഞ്ഞപ്പോഴേക്കും സെമിനാരി വ്യവഹാരം ഒഴിവാക്കാമായിരുന്നുവെന്നും പാലക്കുന്നത്ത് മാർ അത്താനാസ്യോസ് നവീകരണക്കാരൻ അല്ലെന്നും പണക്കൊഴുപ്പു കൊണ്ടാണ് മാർ ദീവന്നാസ്യോസ് സെമിനാരിക്കേസിൽ വിജയിച്ചതെന്നും ചില പ്രാമാണികന്മാർ തന്നെ കാര്യങ്ങളെ തെറ്റായി വിലയിരുത്തുവാൻ തുടങ്ങി. സെമിനാരിക്കേസിലെ തർക്കവിഷയങ്ങളെ സത്യസന്ധമായി വിലയിരുത്തുവാൻ പ്രാപ്തിയുള്ള പുലിക്കോട്ടിൽ തിരുമേനിയും (1909) ചാത്തുരുത്തിൽ തിരുമേനിയും (1902) ശെമവൂൻ മാർ ദീവന്നാസ്യോസും (1886) കോനാട്ട് മാർ യൂലിയോസും (1884) അമ്പാട്ട് മാർ കൂറിലോസും (1891) കടവിൽ മാർ അത്താനാസ്യോസും (1907) പൗലൂസ് മാർ ഈവാനിയോസും (ഒന്നാം കാതോലിക്കാ, 1913) എന്നിങ്ങനെ സെമിനാരിക്കേസിന്റെ തലമുറയിൽ ജീവിച്ചിരുന്ന എല്ലാ മെത്രാപ്പോലീത്തന്മാരും അന്തരിച്ചു കഴിഞ്ഞിരുന്നു. സെമിനാരിക്കേസിന്റെ സജീവപ്രവർത്തകരായിരുന്ന അന്നത്തെ വൈദികട്രസ്റ്റി കോനാട്ട് മാത്തൻ മൽപാനും അസോസിയേഷൻ സെക്രട്ടറിയും വ്യവഹാര കാര്യസ്ഥനും ആയിരുന്ന ഇ. എം. പീലിപ്പോസും പിൽക്കാല വ്യവഹാരത്തിൽ അന്ത്യോഖ്യൻ പക്ഷത്തെ നേതാക്കളായി തീർന്നു. ഫലത്തിൽ സെമിനാരി വ്യവഹാരകാലത്തെ അകം കാര്യങ്ങൾ അറിയുന്നവർ അപ്രത്യക്ഷരാവുകയും അന്ന് സജീവമായി രംഗത്തില്ലാതിരുന്നവർ രംഗപ്രവേശം ചെയ്യുകയും ചെയ്തു. മാർത്തോമ്മാ സഭയുടെ നിരീക്ഷണങ്ങളും ചില കേട്ടുകേൾവികളും ആയിരുന്നു അവരുടെ കൈമുതൽ (കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് എഴുതിവച്ചിരുന്ന മലങ്കരസഭാചരിത്രം - *കണ്ടനാട് ഗ്രന്ഥവരി* എന്ന ശീർഷകത്തിൽ ഈ ഗ്രന്ഥകാരൻ 2008-ൽ ഇത് പ്രസിദ്ധീകരിച്ചു - കൈയെഴുത്ത് ഗ്രന്ഥമായിരുന്നതിനാൽ അത് ആരും വായിക്കാനിടയായില്ല. മാർ ദീവന്നാസ്യോസിന്റെ വിജയത്തെ പിൽക്കാല മാർത്തോമ്മാ സഭ താഴെ പറയുംപ്രകാരമാണ് വ്യാഖ്യാനിച്ചിരുന്നത്:

"..... നേരെമറിച്ച് മാർ ദീവന്നാസ്യോസിന് ദിവസംപ്രതി എന്നപോലെ ശക്തിയും സ്വാധീനവും വർദ്ധിച്ചുവന്നു. ഡാറാ സായിപ്പ് എന്ന ഒരു പുതിയ സ്നേഹിതൻ അദ്ദേഹത്തിനുണ്ടായതോടുകൂടി പണംകൊണ്ട് സാധിക്കാവുന്ന ഏത് സംഗതിയും സാധിക്കുന്നതിന് അദ്ദേഹത്തിന് പ്രയാസമില്ലെന്നുമായി" (ടി. സി. ചാക്കോ, മലങ്കര മാർത്തോമ്മാ ചരിത്ര സംഗ്രഹം, പുറം 139).

സെമിനാരിക്കേസിൽ നവീകരണപക്ഷം, കൃത്യമായി പറഞ്ഞാൽ രണ്ട് നിയമസംഹിതകൾ ഹാജരാക്കിയിരുന്നു. ആദ്യത്തേത് കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചർച്ച ചെയ്ത മലങ്കരക്കാനോൻ ആണ്. ഇതിന് കോടതി A അക്കം എന്ന് പേർ നൽകിയിരുന്നു. കോട്ടയത്തുള്ള ചർച്ച് മിഷൻ

സൊസൈറ്റി ലൈബ്രറിയിൽ നിന്ന് ലഭിച്ച ഒരു പുസ്തകത്തിൽ നിന്ന് സമാഹരിച്ച നിയമ സമുച്ചയമായിരുന്നു രണ്ടാമത്തെ രേഖ. കോടതി ഇതിന് 38 എന്ന് പേർ നൽകിയിരിക്കുന്നു (റോയൽക്കോടതിവിധി (ഇംഗ്ലീഷ്), മലയാള മനോരമ പ്രസിദ്ധീകരണം, പുറം 39 കാണുക). ഈ നിയമ സംഹിതകൾക്ക് ബദൽ ആയാണ് മാർ ദീവന്നാസ്യോസ് ഹൂദായ (കാപ്പി) ക്കാനോൻ ഹാജരാക്കിയത്. കോടതി ഇതിന് EEE എന്ന് നാമകരണം ചെയ്തിട്ടുണ്ട്. വ്യവഹാരം തുടങ്ങി മൂന്നു വർഷം കഴിഞ്ഞാണ് EEE അക്കം കാനോൻ ഹാജരാക്കിയതെന്ന് റോയൽക്കോടതി വിധിയിൽ പ്രസ്താവിച്ചിട്ടുണ്ട് (പുറം 38). കാനോൻ കോടതിയിൽ ഹാജരാക്കിയ തുമ്പമൺ മെത്രാൻ കോനാട്ട് മാർ യൂലിയോസ് അതിന് കാരണവും പറഞ്ഞതായി വിധിന്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ കാനോൻ പഴയതാണെന്ന് വരുത്തുവാൻ ചില തന്ത്രങ്ങൾ സ്വീകരിച്ചതായി വിധിയിൽ സൂചനകളുണ്ട്. കാനോന്റെ 302-ാം പേജിൽ മാർ ഗ്രീഗോറിയോസിന്റേതായി ഒരു മുദ്ര പതിച്ചിരുന്നത് ഈ സൂചനയിലേക്ക് വിരൽ ചൂണ്ടുന്നു. ഈ മുദ്ര പതിച്ചത് 1855-ൽ മലങ്കരസഭ സന്ദർശിച്ച യെരുശലേമിന്റെ മാർ ഗ്രീഗോറിയോസ് ആണെന്ന് കോടതിയിൽ വിശദീകരണം നൽകുന്നുണ്ട്. ഇതല്ലാതെ 'കാപ്പിക്കാനോൻ' എന്ന പ്രയോഗം റോയൽക്കോടതി വിധിയിൽ എങ്ങും കാണുന്നില്ല. ഒരു പക്ഷേ EEE അക്കം ഹൂദായകാനോൻ പഴക്കം ബോധ്യപ്പെടുത്തുവാനായി തിളപ്പിച്ച കാപ്പി വെള്ളത്തിൽ മുക്കിയെടുത്തിരിക്കാം. തന്മൂലം പരമ്പരയാ അത് കാപ്പിക്കാനോൻ എന്ന പേരിൽ അറിയപ്പെട്ടതാകാം.

എന്നാൽ EEE അക്കം കാനോൻ പിൽക്കാലത്ത് സമുദായക്കേസിൽ പാത്രിയർക്കീസ് പക്ഷം ഹാജരാക്കിയ 18 അക്കം കാനോൻ ആണെന്ന് പിൽക്കാലത്ത് മാർത്തോമ്മാക്കാർ പ്രചരിപ്പിച്ചു. 'നവീകരണം വടക്കൻ കേരളത്തിൽ' എന്ന ശീർഷകത്തിൽ ശ്രീ. പി. സി. ജെയിംസ് എഴുതിയ ഒരു സഭാചരിത്രത്തിൽ ഇപ്രകാരം കാണുന്നു:

"പഴയസെമിനാരിക്കേസിൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് കോടതിയിൽ ഹാജരാക്കിയ രേഖകളിൽ അതിപ്രധാനമായ ഒന്നാണ് 18 അക്കം കാനോൻ" (പുറം. 47).

കാനോൻ സംബന്ധിച്ച് 1998-ൽ (രണ്ടാം പതിപ്പ് 1999) പ്രസിദ്ധപ്പെടുത്തിയ 'മലങ്കരസഭയിലെ കാതോലിക്കാമാർ എന്ന ബൃഹത് ഗ്രന്ഥത്തിൽ കാണുന്നതിപ്രകാരമാണ്:

"കാനോൻ സംബന്ധിച്ച തർക്കങ്ങൾ ആദ്യമായി ഉയർന്നത് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും തോമസ് മാർ അത്താനാസ്യോസ് (നവീകരണ വിഭാഗം, മാർത്തോമ്മാസഭ) മെത്രാ

പ്പോലീത്തായും തമ്മിൽ ഉള്ള കേസുകളിലാണ്. പാത്രിയർക്കീസിനാൽ വാഴിക്കപ്പെടാത്ത തോമസ് മാർ അത്താനാസ്യോസിന് സഭയുടെ സ്വത്തു ക്കളിലുള്ള അവകാശം സംബന്ധിച്ചായിരുന്നു കേസുകൾ. മലങ്കരസഭ യുമായി പാത്രിയർക്കീസിന് അതിവിപുലമായ അധികാരങ്ങൾ ഉണ്ടെന്ന് കാണിക്കുവാനും തിരുത്തലുകൾ വരുത്തിയ മറ്റൊരു കാനോൻ എതിർ ഭാഗത്തു നിന്ന് സമർപ്പിച്ചു. ...

മുമ്പ് കൊച്ചി റോയൽക്കോടതിയിൽ എത്തിയ കേസിൽ പുലിക്കോ ട്ടിൽ തിരുമേനിയുടെ ഭാഗത്തു നിന്ന് സമർപ്പിച്ചിരുന്നത് 18 അക്കം കാനോൻ ആണ്. തിരുവിതാംകൂർ റോയൽ കോടതിയിലെ കേസിൽ ഹാജരാക്കിയ കാനോൻ പതിപ്പുകൾ വട്ടിപ്പണക്കേസിന്റെ പരിഗണന യിൽ വരുന്നില്ല. എന്നാൽ 18 അക്കം കാനോന്റെ തന്നെ ഒരു പകർപ്പാണ് ഈ കോടതിയിലും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ ഭാഗത്തു നിന്നും ബോധിപ്പിച്ചിരുന്നതെന്ന് പാത്രിയർക്കീസ് വിഭാഗം വാദിച്ചു (പുറം 577–579).

രണ്ട് കാര്യങ്ങൾ ഈ പ്രതിപാദനത്തിൽ ശ്രദ്ധേയം.

1. പുലിക്കോട്ടിൽ തിരുമേനി സെമിനാരി വ്യവഹാരത്തിൽ ഹാജരാ ക്കിയത് 18 അക്കം കാനോൻ ആണ്. ഈ പ്രസ്താവനയ്ക്ക് സത്യ ത്തോടും വസ്തുതകളോടും ഒരു ബന്ധവും ഇല്ല. പുലിക്കോട്ടിൽ തിരു മേനി സെമിനാരി വ്യവഹാരത്തിൽ ഹാജരാക്കിയ കാനോൻ EEE അക്കം കാനോൻ ആണെന്ന് റോയൽക്കോടതി വിധിയിൽ വ്യക്തമാക്കിയിട്ടുള്ള താണ്. അക്കാലത്ത് 18 അക്കം കാനോൻ എന്ന പ്രസ്താവന ഉത്ഭവി ച്ചിട്ടേ ഇല്ല.

2. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ മുടക്കിനുശേഷം ആവിർഭ വിച്ച വട്ടിപ്പണക്കേസിൽ പാത്രിയർക്കീസ് ഭാഗം ഹാജരാക്കിയ കാനോൻ ആണ് 18 അക്കം കാനോൻ. ഈ കാനോനും സെമിനാരിക്കേസിൽ പുലി ക്കോട്ടിൽ തിരുമേനി ഹാജരാക്കിയ EEE അക്കം കാനോനും ഒരേ കാനോൻ (18 അക്കം) ആണെന്ന് പാത്രിയർക്കീസ് പക്ഷം വാദിച്ചപ്പോൾ അതിനെ അനുകൂലിക്കുകയല്ലാതെ പ്രതികൂലിക്കുവാൻ ആരും ഉണ്ടാ യില്ല. EEE അക്കം എന്തായിരുന്നു എന്ന് പരിശോധിക്കുവാൻ സഭയിൽ ആരും ശ്രമം നടത്തിയില്ല. വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കും അന ന്തര സംഭവങ്ങളും പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്ത് നടന്ന അധാർമ്മിക നടപടികളുടെ പരിണതഫലമാണെന്ന് മുദ്ര കുത്തിയവർക്ക്, പാത്രിയർക്കീസ് ഭാഗത്തിന്റെ ഈ തെറ്റായ അവകാശവാദം മൂർച്ചയുള്ള ഒരായുധമായി തീർന്നു. ഇന്നും കാപ്പിക്കാനോനെ പരിഹാസപൂർവ്വം എതിർക്കുന്നവർ കാപ്പിക്കാനോൻ നേരിട്ട് പരിശോധിക്കാതെ, സമുദായ

ക്കേസിൽ പാത്രിയർക്കീസ് ഭാഗം പുറപ്പെടുവിച്ച വാദത്തെ ഏറ്റുപാടുകയാണ് എന്ന് അവർ അറിയുന്നില്ല.

ശ്രീ. പി. വി. മാത്യു 1995-ൽ എഴുതിയ 'കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികൾ' മൂന്നാം വാല്യത്തിൽ ഈ അജ്ഞതയും മുൻവിധിയും അതിന്റെ പാരമ്യത്തിൽ എത്തുന്നത് കാണുക:

"ഈ കേസിൽ (സെമിനാരിക്കേസിൽ - 1879-1889) തോമസ് മാർ അത്താനാസ്യോസ് തന്റെ വാദമുഖങ്ങൾ സ്ഥാപിക്കുവാൻ പല രേഖകൾ കോടതിയിൽ ഹാജരാക്കി. അതിൽ ഒന്ന് യഥാർത്ഥ ഹൂദായകാനോൻ ആയിരുന്നു (ഈ പ്രസ്താവനയ്ക്കാധാരം കത്തോലിക്കാ സഭയിലെ ഫാ. പ്ലാസിഡ് എഴുതിയ 'അന്ത്യോഖ്യാ പാത്രിയർക്കീസ്' എന്ന ഗ്രന്ഥത്തിന്റെ 182, 184 പുറങ്ങളിലെ പരാമർശങ്ങൾ ആണെന്ന് അടിക്കുറിപ്പായി ചേർത്തിട്ടുണ്ട്). എന്നാൽ വാദി യൗസേഫ് മാർ ദീവന്നാസ്യോസ് യഥാർത്ഥ കാനോൻ എന്ന് പറഞ്ഞ് വ്യാജനിർമ്മിതമായ ഒരു 'ഇണ്ടാസ്' ആണ് കോടതിയിൽ ഹാജരാക്കിയത്. 'തിരുത്തു കാനോൻ' എന്നറിയപ്പെടുന്ന ഈ വ്യാജ നിർമ്മിത കാനോനിൽ ഹൂദായകാനോനിലെ വിവരങ്ങൾ തന്നെ സുറിയാനിയിൽ എഴുതിയെങ്കിലും അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരസഭയുടെമേൽ ആത്മീയവും ലൗകികവുമായ പരമാധികാരമുണ്ടെന്ന് അതിൽ എവിടെയെല്ലാം ചേർക്കാമോ, അവിടെയെല്ലാം കൂട്ടിച്ചേർത്ത് എഴുതി. ചിലേടത്ത് ചില വാചകങ്ങൾ നീക്കിക്കളഞ്ഞു. അങ്ങനെ അന്ത്യോഖ്യാ മേധാവിത്ത്വത്തിന് വേണ്ടി ചേർക്കേണ്ടവ ചേർത്തും നീക്കേണ്ടിയവ നീക്കിയും വളരെ സൂക്ഷ്മതയോടും കരുതലോടും കൂടി നിർമ്മിച്ച കാനോൻ കോടതിയിൽ ഹാജരാക്കി. ഇതിൽ കൂട്ടിച്ചേർത്തതിൽ സുപ്രധാനമായ സംഗതി ശെമ്മാശപട്ടം, കശ്ശീശാപട്ടം, മെത്രാൻപട്ടം, അതിന് മേൽ പാത്രിയർക്കാ പട്ടം എന്നൊരു നാലാം പട്ടം കൂടിയുണ്ടെന്ന് എഴുതിചേർത്തതാണ്. ഈ 'വ്യാജനിർമ്മിത' അഥവാ തിരുത്ത് കാനോന്റെ സൂത്രധാരികൾ പത്രോസ് പാത്രിയർക്കീസിന്റെ കൂടെ മർദ്ദീനിൽ നിന്ന് വന്ന ശീമക്കാരൻ സ്ലീബാ ശെമ്മാശും (മുളന്തുരുത്തി സുന്നഹദോസിൽ പാത്രിയർക്കീസിന്റെ വലംകൈ ആയിരുന്ന വ്യക്തി) അതേ സുന്നഹദോസിൽ പാത്രിയർക്കീസിന്റെ ദ്വിഭാഷിയായിരുന്ന കോനാട്ട് ഗീവറുഗീസ് റമ്പാനുമായിരുന്നു (പിന്നീട് മെത്രാൻ).

ഈ തിരുത്തു കാനോൻ വളരെ പഴയ ഒരു രേഖയാണെന്ന് കാണിക്കുവാൻ കടലാസുകൾ കാപ്പിവെള്ളത്തിൽ മുക്കിയെടുത്ത് ഉണക്കി അതിന്മേൽ സുറിയാനിയിൽ എഴുതി കാനോൻ ഗ്രന്ഥം സൃഷ്ടിക്കുകയായിരുന്നു. ഈ പ്രക്രിയ മൂലം തിരുത്തു കാനോൻ, കാപ്പിക്കാനോൻ എന്ന പേരിലും അറിയപ്പെട്ടിരുന്നു. പുലിക്കോട്ടിൽ യൗസേഫ് മാർ ദീവന്നാ

സ്യോസിന്റെ കുന്നംകുളത്തെ തറവാട്ടിൽ വച്ചാണ് ഈ ജാരസന്തതിയെ സൃഷ്ടിച്ചതെന്ന് വിശ്വസനീയമായി അറിയാനിടയായി. ... സഭ നശിച്ചാലും കൊള്ളാം, പാലക്കുന്നത്ത് മെത്രാച്ചനെ പഴയസെമിനാരിയിൽ നിന്നും പിടിച്ചിറക്കി വിടണമെന്ന വൈരാഗ്യബുദ്ധിയാണ് പുലിക്കോട്ടിൽ മെത്രാച്ചനുണ്ടായിരുന്നത്. പാലക്കുന്നത്ത് മെത്രാച്ചന്മാർ നവീകരണക്കാർ ആണെന്ന് പറയുന്നത് ഒരു പുകമറ മാത്രമായിരുന്നു. അവർ യാക്കോബായ വിശ്വാസം റോയൽക്കോടതിവിധി ഉണ്ടാകുന്നതുവരെ തള്ളിക്കളഞ്ഞിരുന്നില്ല എന്ന് ചരിത്രം സാക്ഷിക്കുന്നു" (പുറം 199, 202).

പി. വി. മാത്യുവിന്റെ ആരോപണങ്ങൾ താഴെപറയുംപ്രകാരം അക്കമിട്ട് സംഗ്രഹിക്കാം:

1. സെമിനാരിക്കേസിൽ പാലക്കുന്നത്ത് മെത്രാച്ചൻ സത്യമായ ഹൂദായകാനോൻ ഹാജരാക്കി.

2. പുലിക്കോട്ടിൽ മെത്രാച്ചൻ കൃത്രിമമായ കാപ്പിക്കാനോൻ ഹാജരാക്കി.

3. പാത്രിയർക്കീസ് സ്ഥാനം ഒരു പട്ടത്വസ്ഥാനമാണെന്ന് വ്യാജകാനോൻ അവകാശപ്പെടുന്നു.

4. തിരുത്തു കാനോൻ പത്രോസ് പാത്രിയർക്കീസിന്റെ കൂടെ വന്ന സ്ലീബാ ശെമ്മാശും കോനാട്ട് ഗീവറുഗീസ് റമ്പാനും ചേർന്ന് എഴുതി തയാറാക്കി.

5. കുന്നംകുളത്ത് പുലിക്കോട്ടിൽ മെത്രാച്ചന്റെ തറവാട്ടു വീട്ടിൽവച്ചാണ് ഈ ജാരസന്തതി സൃഷ്ടിക്കപ്പെട്ടത്.

6. നവീകരണ മെത്രാച്ചൻ റോയൽക്കോടതി വിധി വരെ സത്യയാക്കോബായ വിശ്വാസക്കാരൻ ആയിരുന്നു.

1909-ന് ശേഷം മലങ്കരസഭയിൽ ഔദ്യോഗികമായി പ്രചരിച്ച കാര്യങ്ങൾ പി. സി. മാത്യു പുസ്തകത്തിലാക്കി എന്നേ ഈ പ്രസ്താവനകളെ ഈ ഗ്രന്ഥകാരൻ കരുതുന്നുള്ളു. മലങ്കരസഭയുടെ പരമോന്നതസ്ഥാനത്തേക്കുയർന്ന പ. മാത്യൂസ് പ്രഥമൻ ബാവാ ഇക്കാര്യത്തിൽ നടത്തിയ ഒരു പ്രസ്താവന, 1909-ന് ശേഷം ഔദ്യോഗിക സ്ഥാനങ്ങൾ പ്രചരിപ്പിച്ച ആരോപണം വ്യക്തമാക്കുന്നുണ്ട്. ആ പ്രസ്താവന താഴെ ചേർക്കുന്നു:

'18 അക്കം കാനോന്റെ അടിസ്ഥാനത്തിൽ ഒരു സഭ പണിയുവാൻ പോകുന്നതായുള്ള പ്രഖ്യാപനം പത്രങ്ങളിൽ കണ്ടു. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കാലത്ത്, മാർത്തോമ്മാ

ക്കാർക്ക് എതിരായുള്ള കേസിൽ പ്രയോജനം വരുത്തുവാൻ വെള്ള കടലാസിൽ എഴുതി പഴയതാണെന്നു കാണിക്കുവാൻ കാപ്പിവെള്ളത്തിൽ മുക്കി ഉണ്ടാക്കിയ കാനോൻ ആണ് അത്. അതിന്റെ ശാപം തലമുറ തലമുറയായി സഭയുടെ മേൽ വന്നുകൊണ്ടിരിക്കുന്നു (മനോരമ 1975 ഡിസംബർ 29. ഡോ. യൂഹാനോൻ മാർത്തോമ്മാ ജീവിതവും സന്ദേശവും, പേജ് 113–114).

ഒരു പ്രമാണത്തിന്റെയും പിൻബലമില്ലാതെ പ്രാമാണികന്മാർ നടത്തിയ ഇത്തരം പ്രസ്താവനയുടെ വസ്തുതയെന്തെന്ന് ഇവിടെ പരിശോധിക്കുന്നത് ഉചിതമായിരിക്കും.

1. സ്ലീബാ ശെമ്മാശൻ മലങ്കരയിൽ വന്നത് പത്രോസ് പാത്രിയർക്കീസിന്റെ കൂടെയല്ല; 1880–ൽ ശെമവൂൻ മാർ അത്താനാസ്യോസിന്റെ കൂടെയാണ്.

2. കാപ്പിക്കാനോൻ തയ്യാറാക്കിയതിനെപ്പറ്റി ഒരു സമകാല പരാമർശം ഇപ്പോൾ നമുക്ക് ലഭ്യമായിട്ടുണ്ട്. അതിപ്രകാരമാണ്:

“കാനോൻ പഴയത് ഹാജരാക്കിയാൽ പാത്രിയർക്കീസ് ബാവാ അച്ചടിപ്പിച്ച നടപടിക്രമത്തിന് എതിരായി വരുന്നതാകയാൽ വേറെ വേണമെന്ന് പുലിക്കോട്ടിൽ മെത്രാച്ചൻ കൽപ്പിച്ചതിനാൽ പഴയതിൽ നിന്ന് ഭേദപ്പെടുത്തി പത്ത് കേപ്പാലയോൻ ഞാനും ശേഷം ചാത്തുരുത്തി മെത്രാച്ചനും എഴുതി പഴയതാക്കിയാണ് ഹാജരാക്കിയത്” (കോനാട്ട് മാത്തൻ മൽപാനച്ചന്റെ ഡയറി ബുക്ക് നമ്പർ 1, കോനാട്ട് ഗ്രന്ഥശേഖരം. മലയാളം നമ്പർ 372, മലങ്കര മൽപാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ: വ്യക്തിയും കാലവും, എഡി. ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് (പുറം 18).

3. റോയൽക്കോടതി കേസിൽ ഈ കാനോൻ ഹാജരാക്കി എന്ന പങ്കാളിത്തമേ കോനാട്ട് ഗീവറുഗീസ് റമ്പാന് (പിന്നീട് മാർ യൂലിയോസ് മെത്രാൻ) വഹിച്ചിട്ടുള്ളു (റോയൽക്കോടതിവിധി, മനോരമ പ്രസിദ്ധീകരണം 38–ാം പുറം. അദ്ദേഹം കേസിൽ 35–ാം സാക്ഷി ആയിരുന്നു.).

4. സെമിനാരി വ്യവഹാരത്തിൽ നവീകരണഭാഗത്തു നിന്ന് രണ്ട് നിയമഗ്രന്ഥങ്ങൾ (കാനോനാകൾ) ഹാജരാക്കിയിരുന്നു. 1. മലങ്കരക്കാനോൻ A അക്കം. 2. മറ്റൊന്നു നിയമസംഹിത 38–ാം അക്കം.

5. നവീകരണ മെത്രാച്ചൻ ഹൂദായകാനോൻ സെമിനാരി വ്യവഹാരത്തിൽ ഹാജരാക്കിയിട്ടില്ല. ഹൂദായകാനോൻ മലങ്കരസഭ അംഗീകരിക്കുന്നത് 1876–ൽ ആണ്. അന്ന് നവീകരണക്കാർ പ്രതിപക്ഷത്തായതിനാൽ 1876–ൽ വെളിയനാട് സുന്നഹദോസിൽ മലങ്കരസഭ അംഗീകരിച്ച ഹൂദാ

യകാനോൻ അതിൽ പങ്കെടുക്കാത്ത മറുവിഭാഗം സ്വന്തം കാനോൻ എന്ന് അവകാശപ്പെട്ട് കോടതിയിൽ ഹാജരാക്കുകയില്ലായിരുന്നു.

6. പുലിക്കോട്ടിൽ മെത്രാച്ചൻ നിർദ്ദേശിച്ചതിൻപ്രകാരം ഹാജരാക്കിയ കാനോൻ EEE അക്കം കാനോൻ ആണ്. 18 അക്കം കാനോൻ അല്ല.

7. 18 അക്കം കാനോൻ എന്ന പ്രയോഗം പിൽക്കാലത്ത് വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്ത് വട്ടിപ്പണക്കേസിൽ പാത്രിയർക്കീസ് ഭാഗം ഹാജരാക്കിയ കാനോൻ ആണ്. പുലിക്കോട്ടിൽ മെത്രാച്ചൻ നിർദ്ദേശിച്ച കാനോനും 18 അക്കം കാനോനും രണ്ടാണ്. രണ്ടും ഒന്നാണെന്ന് പിൽക്കാല പാത്രിയർക്കീസ് പക്ഷത്തെ വക്താവ് കോനാട്ട് മാത്തൻ മൽപാൻ അവകാശപ്പെട്ടത് അവരുടെ അവകാശവാദത്തിന് ബലം നൽകാനാണ്. അതിന്റെ അർത്ഥശൂന്യത തെളിയിക്കുവാൻ വട്ടശ്ശേരിൽ തിരുമേനിക്ക് കഴിയുമായിരുന്നു. പക്ഷേ, അദ്ദേഹം അതിന് ശ്രമിക്കാതിരുന്നത് കോനാട്ടച്ചന്റെ അവകാശവാദം അദ്ദേഹവും അംഗീകരിച്ചതു മൂലമാകാം. ആ തെറ്റിദ്ധാരണയാണ് പ. മാത്യൂസ് പ്രഥമൻ ബാവായുടെ പ്രസ്താവനയിലും ധ്വനിക്കുന്നത്. EEE അക്കം കാനോൻ ആരും കാണുകയോ പരിശോധിക്കുകയോ ചെയ്തില്ല (പരുമല തിരുമേനി ജീവിച്ചിരുന്നുവെങ്കിൽ അദ്ദേഹം ശിഷ്യന്റെ തെറ്റിദ്ധാരണയെ തിരുത്തുമായിരുന്നു).

8. പാലക്കുന്നത്ത് മെത്രാച്ചന്മാർ നവീകരണക്കാർ ആയിരുന്നില്ല എന്ന മാത്യുവിന്റെ പ്രസ്താവന അനേകർ വച്ചുപുലർത്തുന്നതിനാൽ ഈ ഗ്രന്ഥത്തിൽ പ്രസക്തമല്ലെങ്കിലും ചില വസ്തുതകൾ വ്യക്തമാക്കട്ടെ. റോയൽക്കോടതി വ്യവഹാരം ആരംഭിക്കുന്നതിനു മുമ്പേ 1877-ൽ നിര്യാതനായ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാച്ചനെപ്പറ്റി അദ്ദേഹത്തിന്റെ അന്തേവാസി കൂടിയായിരുന്ന കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ സമകാല പ്രസ്താവന ഇപ്രകാരമാണ്:

"…. സുറിയാനിക്കാരുടെ കാനോനാകൾക്കും ചട്ടത്തിനും വിശ്വാസത്തിനും വിരോധമായി തമ്പുരാനെപ്പെറ്റ മാതാവിനോടും പരിശുദ്ധന്മാരോടും പ്രാർത്ഥിക്കേണ്ട എന്നും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന വേണ്ടാ എന്നും ഇവകൾകൊണ്ട് യാതൊരു ഉപകാരവും ഗുണവും ഇല്ലെന്നും അത്രെ ഈ ആളിന്റെ വിശ്വാസവും പ്രവൃത്തിയും. ഇവയോട് ചേരുന്നതായ പല വിശ്വാസ വിപരീതവും ഉണ്ടായിരുന്നു. ശുദ്ധിമാന്മാരോടുള്ള പ്രാർത്ഥനയും മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥനയും നീക്കി സുറിയാനിക്കാർക്ക് പല നമസ്ക്കാരപുസ്തകങ്ങളും അടിപ്പിച്ച് പ്രസിദ്ധം ചെയ്തു" (*കണ്ടനാട് ഗ്രന്ഥവരി*, പുറം 404-405).

*കണ്ടനാട് ഗ്രന്ഥവരി*യിലെ സമകാല പ്രസ്താവനയ്ക്ക് മുമ്പിൽ പി. വി. മാത്യുവിന്റെ ഒരു നൂറ്റാണ്ടിന് ശേഷമുള്ള വിലയിരുത്തൽ അപ്രസ

ക്തമല്ലേ എന്ന് വായനക്കാർ ചിന്തിക്കട്ടെ. ഈ വിഷയം സംബന്ധിച്ച് 2012 ജൂലൈയിൽ കോട്ടയം പഴയസെമിനാരിയിൽ സോഫിയാ സെന്ററിൽ പ. കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്യുകയും ഫാ. ഡോ. ടി. ജെ. ജോഷ്വാ മോഡറേറ്റർ ആയിരുന്നതുമായ ഒരു സെമിനാറിൽ ഈ ലേഖകൻ അവതരിപ്പിച്ച പ്രബന്ധത്തെപ്പറ്റി 'മലങ്കരസഭയുടെ സമുന്നത സാരഥികൾ' നൽകിയ വിവരണം ശ്രദ്ധേയം തന്നെ (പുറം 340). നവീകരണ മെത്രാൻ അച്ചടിപ്പിച്ച നമസ്കാരപ്പുസ്തകവും അദ്ദേഹത്തെപ്പറ്റിയുള്ള സമകാല പ്രസ്താവനകളും ആ സെമിനാറിൽ ഈ ഗ്രന്ഥകാരൻ പ്രദർശിപ്പിച്ചത് അഭിവന്ദ്യ ഡോ. ദിയസ്കോറോസ് മെത്രാപ്പോലീത്താ സാക്ഷ്യപ്പെടുത്തുകയും സദസ് അംഗീകരിക്കുകയും ചെയ്തു.

ഇനിയും പുലിക്കോട്ടിൽ മെത്രാച്ചന്റെ നിർദ്ദേശപ്രകാരം അന്നത്തെ വൈദികട്രസ്റ്റി കോനാട്ട് മാത്തൻ മൽപാനും ചാത്തുരുത്തിൽ മെത്രാച്ചനും ചേർന്ന് എഴുതി തയാറാക്കിയതും കോനാട്ട് മാർ യൂലിയോസ് ഹാജരാക്കിയതുമായ EEE അക്കം ഹൂദായ (കാപ്പി) കാനോനെപ്പറ്റിയുള്ള ഒരു പരിശോധന നടത്തേണ്ടിയിരിക്കുന്നു.

ഹൂദായകാനോനിൽ ചില തിരുത്തലുകൾ വരുത്തിയാണ് EEE അക്കം കാനോൻ തയാറാക്കിയതെന്ന് കോനാട്ട് മാത്തൻ മൽപാന്റെ ഡയറിയിൽ രേഖപ്പെടുത്തിയ വിവരം നാം കണ്ടുവല്ലോ. എന്തൊക്കെയാണ് ആ തിരുത്തലുകൾ?

1986-ൽ ഹോളണ്ടിൽ നിന്ന് (23-3-1986) യൂറോപ്പിന്റെ സിറിയൻ മെത്രാപ്പോലീത്താ ആയ യൂലിയോസ് യേശു ശീശക് പ്രസാധനം ചെയ്ത് പ്രസിദ്ധീകരിച്ച സുറിയാനി (പാശ്ചാത്യ) ഭാഷയിലുള്ള പൂർണ്ണ ഹൂദായ കാനോന്റെ അനുബന്ധമായി ഈ തിരുത്തലുകൾ ചേർത്തിട്ടുണ്ട്. പ്രസാധകൻ നൽകിയ കുറിപ്പ് ഇപ്രകാരമാണ്:

"ഇന്ത്യയിലെ കേരളത്തിൽ ഉന്നതകോടതിയുടെ അംഗീകാരമുള്ള ഇന്ത്യൻ കൈയെഴുത്ത് പ്രതിയിൽനിന്ന് എടുത്ത് ചേർത്തതാണ് ഇതിലെ അനുബന്ധം. ഇതിന്റെ മൂലരൂപം ഇപ്പോൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത് ഭാവിയിൽ ഇത് വ്യത്യാസപ്പെടുത്തുവാനുള്ള സാധ്യത ഒഴിവാക്കുവാനാണ് (പേജ് 335).

അവ ഓരോന്നായി താഴെ പരിശോധിക്കുന്നു.

1. ഹൂദായകാനോൻ മൂന്നാം അദ്ധ്യായം 1-ാം ഖണ്ഡിക. ശീർഷകം. ഹൂദായ.

യഥാർത്ഥ കാനോൻ: പാത്രിയർക്കീസിനും കാതോലിക്കായ്ക്കും മെത്രാപ്പോലീത്തായ്ക്കും മാത്രമേ മൂറോൻ കൂദാശ നടത്തുവാൻ അധി

കാരമുള്ളു എന്ന് ഇവയിൽ നിന്ന് സ്പഷ്ടമാണ്.

EEE അക്കം കാനോൻ: മെത്രാപ്പോലീത്തായ്ക്കും എപ്പിസ്കോപ്പായ്ക്കും രോഗികളുടെയും മാമ്മൂദീസായുടെയും തൈലം കൂദാശ ചെയ്യാം. എന്നാൽ അവരെ പാത്രിയർക്കീസ് അനുവദിച്ചാൽ അത്യാവശ്യം പ്രമാണിച്ച് അവർക്കും മൂറോൻ കൂദാശ നടത്താം.

ഈ തിരുത്തിനാധാരമായി മുളന്തുരുത്തി നിശ്ചയങ്ങളിൽ കാണുന്ന പ്രസക്ത ഭാഗം കാണുക:

നിശ്ചയം 17. "പുരാതനകാലം മുതൽക്കേ നമ്മുടെ മലങ്കര യാക്കോബായ സുറിയാനി സഭയും അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ താഴെയുള്ള മറ്റ് സുറിയാനി സഭകളും തമ്മിലുള്ള യോജിപ്പും..." (കണ്ടനാട് ഗ്രന്ഥവരി, പുറം 616-617).

**വ്യാഖ്യാനം:** സെമിനാരി വ്യവഹാരത്തിന്റെ കാലമായ 1879-89 എന്നീ കാലഘട്ടത്തിൽ മലങ്കരയിൽ കാതോലിക്കാ സിംഹാസനം സ്ഥാപിക്കപ്പെട്ടിരുന്നില്ല. തന്മൂലം മൂറോൻ കൂദാശയ്ക്ക് അധികാരമുള്ള സ്ഥാനമായി നിർദ്ദേശിച്ച കാതോലിക്കാ സ്ഥാപനം അക്കാലത്ത് മലങ്കരയിൽ അപ്രസക്തമായിരുന്നു. പാത്രിയർക്കീസും മെത്രാപ്പോലീത്തായുമേ അന്ന് നിലവിലുണ്ടായിരുന്നുള്ളു. അന്ത്യോഖ്യൻ സിംഹാസനത്തിന്റെ കീഴിലാണ് മലങ്കരസഭ എന്ന് 'മുളന്തുരുത്തി'യുടെ 17-ാം കാനോൻ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി 'മൂറോൻ കൂദാശ' പാത്രിയർക്കീസിനായി നിജപ്പെടുത്തി. അതേസമയം ആ മേലധികാരം അംഗീകരിച്ചുകൊണ്ടു തന്നെ അനുവാദം ലഭിക്കുന്ന മുറയ്ക്ക് മെത്രാപ്പോലീത്തായ്ക്കും എപ്പിസ്ക്കോപ്പായ്ക്കും അതാകാമെന്ന് വിശദീകരിച്ചു (പാത്രിയർക്കീസിന്റെ അനുവാദത്തോടെ രണ്ടു തവണ മലങ്കരസഭ മെത്രാപ്പോലീത്തന്മാരെ - മാർ അൽവാറീസ് യൂലിയോസ്, മാർ റിനിവിലാത്തി തിമോത്തിയോസ് - വാഴിച്ച കാര്യം ഓർമ്മിക്കുക). മലങ്കരസഭയുടെ മുളന്തുരുത്തി സുന്നഹദോസ് നിശ്ചയത്തിന്റെ കാഴ്ചപ്പാടിൽ ഈ തിരുത്ത് ന്യായീകരിക്കാവുന്നതാണ് (സുന്നഹദോസ് തീരുമാനങ്ങൾ തന്നെയാണ് കാനോൻ എന്ന് ഓർക്കുക).

കാതോലിക്കാ സിംഹാസനം മലങ്കരയിൽ 1912-ൽ പുനഃസ്ഥാപിച്ച ശേഷം 1934-ൽ കൂടിയ കോട്ടയം എം.ഡി. സെമിനാരി അസോസിയേഷൻ (സുന്നഹദോസ്) അംഗീകരിച്ച ഭരണഘടനയിൽ ഇത് തന്നയല്ലേ നാം ചെയ്തത്? മൂറോൻ കൂദാശ നടത്തുവാൻ ബാർ എബ്രായ, മെത്രാപ്പോലീത്തന്മാർക്ക് നൽകിയ അവകാശം നമ്മുടെ ഭരണഘടനയിൽ നാം നിരാകരിച്ചില്ലേ? ഈ സഭയുടെ കാനോൻ, ഹൂദായ കാനോൻ ആണെന്ന് ഭരണഘടനയുടെ ആദ്യഭാഗത്ത് അവകാശപ്പെടുകയും പിന്നീട് അതിലെ

ഉള്ളടക്കത്തിന് വിപരീതമായി മെത്രാപ്പോലീത്തായെ മൂറോൻ കൂദാശ നടത്തുന്നതിൽ നിന്ന് വിരോധിക്കുകയും ചെയ്ത നടപടി (ഭരണഘടന 100-ാം വകുപ്പ്) കാനോൻ വിരുദ്ധമാണെന്ന് നാം ഓർക്കാറുണ്ടോ?

സൂക്ഷ്മവിശകലനത്തിൽ മൂറോൻ കൂദാശയുടെ പ്രധാന കാർമ്മികനെ ഹൂദായ കാനോനിലും മൂറോൻ കൂദാശയുടെ ക്രമത്തിലും യഥാക്രമം 'റീശ് കൊഹനെ' എന്നും 'റീശ് സുന്നഹദോസ്' എന്നും ആണ് വിശേഷിപ്പിച്ചിട്ടുള്ളത്. എല്ലാ പ്രധാന പുരോഹിതന്മാർക്കും (റീശ് കൊഹനേ - പുരോഹിതന്മാരിൽ പ്രധാനി) അവകാശമുള്ള ആ കർമ്മത്തെ പാത്രിയർക്കീസിനും പാത്രിയർക്കീസിന്റെ അനുവാദം ലഭിക്കുന്നമുറയ്ക്ക് മെത്രാപ്പോലീത്തന്മാർക്കും എപ്പിസ്കോപ്പന്മാർക്കും (മൂന്ന് സ്ഥാനികളും റീശ് കൊഹനേ എന്ന വിശേഷണത്തിൽ ഉൾപ്പെടും) ആയി EEE അക്കം കാനോൻ വിശദീകരിച്ചു. സഭാ ഭരണഘടനയാകട്ടെ, കാതോലിക്കായ്ക്ക് മാത്രമേ മൂറോൻ കൂദാശ നിർവഹിക്കുവാൻ അവകാശമുള്ളു എന്നു 100-ാം വകുപ്പ് വഴി ബാർ എബ്രായയുടെ കാനോൻ വിശദീകരണത്തെ പരിമിതപ്പെടുത്തി (സങ്കോചിപ്പിച്ചു).

1909 വരെയും കോട്ടയം പഴയസെമിനാരിയിൽ മൽപാനായിരുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ (1903 മുതൽ റമ്പാൻ) സഭാവിശ്വാസങ്ങളുടെ പ്രമാണഗ്രന്ഥമായി രചിച്ച 'മതോപദേശസാര'ങ്ങളിൽ മൂറോൻ കൂദാശയുടെ പ്രധാന കാർമ്മികനെ പ്രധാനാചാര്യൻ (റീശ് കൊഹനെ) എന്ന കാനോൻ പ്രയോഗം കൊണ്ടല്ല വിശേഷിപ്പിച്ചിട്ടുള്ളത്; പ്രത്യുത പ്രധാന മഹാപുരോഹിതൻ എന്ന പദംകൊണ്ടാണ് എന്നത് ഇത്തരുണത്തിൽ ഓർക്കേണ്ടതുണ്ട്. പാത്രിയർക്കീസ് പ്രധാന മഹാപുരോഹിതനായ ഒരു എപ്പിസ്കോപ്പൽ ഹയരാർക്കിയുടെ വക്താവായി 1909 വരെ പ്രവർത്തിച്ച വട്ടശ്ശേരിൽ മലങ്കര മെത്രാപ്പോലീത്താ (മാർ ദീവന്നാസ്യോസ് ആറാമൻ) ലക്ഷണഗ്രന്ഥമായ *മതോപദേശസാര*ത്തിൽ മൂറോൻ കൂദാശയുടെ കാർമ്മികൻ പ്രധാന മഹാപുരോഹിതൻ ആണെന്ന് തറപ്പിച്ച് പറഞ്ഞിരിക്കുന്നു. കാതോലിക്കാ സ്ഥാപനം മലങ്കരസഭയിൽ ഇല്ലാഞ്ഞ അക്കാലത്ത് (1912-ലാണ് മലങ്കരയിൽ ആദ്യ കാതോലിക്കാ ഉണ്ടാവുന്നത്) അദ്ദേഹം വിവക്ഷിച്ച പ്രധാന മഹാപുരോഹിതൻ പാത്രിയർക്കീസ് അല്ലാതെ മറ്റാരാണ്? മലങ്കരസഭയുടെ പൗരോഹിത്യപരമായ മേലധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിൽ സ്ഥിതിചെയ്യുന്നു എന്ന് *മതോപദേശസാര*ത്തിന്റെ ആദ്യ പതിപ്പിൽ നിർവചിച്ച കാനോൻ പണ്ഡിതനാണ് അദ്ദേഹം (കോട്ടയ്ക്കൽ പബ്ലിഷേഴ്സിന്റെ *മലങ്കരസഭയിലെ സമുന്നത സാരഥികളി*ൽ ആ ലക്ഷണഗ്രന്ഥം പുനഃപ്രകാശനം ചെയ്തിട്ടുണ്ട്. പുറം 848-901. അതിൽ 866-ാം പുറം പരിശോധിക്കുക. പിൽക്കാല പതിപ്പുകളിൽ അദ്ദേഹത്തിന്റെ നിര്യാണാനന്തരം വന്ന പതിപ്പുകളിൽ

അതത് പ്രസാധകർ ഈ നിർവചനത്തെ വ്യത്യാസപ്പെടുത്തിയിട്ടുള്ളത് സ്മരിക്കുന്നു.) അബ്ദള്ളാ ബാവാ മുടക്കുന്നതുവരെ അന്ത്യോഖ്യാ പാത്രിയർക്കീസ് പരമാദ്ധ്യക്ഷനായ ഒരു പൗരോഹിത്യശ്രേണിയാണ് വട്ട ശ്ശേരിൽ മെത്രാച്ചന്റെ മനസ്സിലുണ്ടായിരുന്നതെന്ന് ഫാ. ഡോ. വി. സി. ശാമുവേൽ പ്രസ്താവിച്ചിരുന്നു. *ട്രൂത്ത് ട്രയംഫ്സ്* എന്ന ഗ്രന്ഥത്തിന് ഒരു രണ്ടാം പതിപ്പ് ആവശ്യമായാൽ ഇക്കാര്യം അതിൽ വിശദമായി പ്രതി പാദിക്കുമെന്നും അദ്ദേഹം പറഞ്ഞിരുന്നു.

2. രണ്ടാമത്തെ വ്യത്യസ്തതയെപ്പറ്റി ഇനിയും ചർച്ച ചെയ്യാം.

മൂന്നാം അദ്ധ്യായം അഞ്ചാം ഖണ്ഡിക. സൈത്ത് കൂദാശ.

ഹൂദായ കാനോൻ: ഈ തൈലം മാമ്മൂദീസാ കൈക്കൊള്ളുന്നവരിൽ മൂറോന് മുമ്പായി പൂശുവാനുള്ളതും ഇത് കൂടാതെ മാമ്മൂദീസാ പൂർത്തി യാകുന്നതല്ലാത്തതുമാകുന്നു.

ഹൂദായ (കാപ്പി) ക്കാനോൻ: ഈ തൈലം മൂറോന് മുമ്പായി മാമ്മൂ ദീസാ ഏൽക്കുന്നവരുടെ മേൽ പൂശുന്നു. ഇതു കൂടാതെ മാമ്മൂദീസാ പൂർത്തീകരിക്കപ്പെടാത്തതുമാകുന്നു. രോഗികളുടെ സൗഖ്യത്തിനായി ഉപ യോഗിക്കുന്ന തൈലം വേറെയാകുന്നു.

ഹൂദായകാനോൻ പ്രകാരം ഒരേ സൈത്ത് ആണ് മാമ്മൂദീസായിലും രോഗികളുടെ തൈലാഭിഷേകത്തിലും ഉപയോഗിക്കുവാൻ നിർദ്ദേശിച്ചി ട്ടുള്ളത്.

മാമ്മൂദീസായിൽ ഉപയോഗിക്കുന്ന സൈത്തും രോഗികളുടെ തൈലാ ഭിഷേകത്തിനുപയോഗിക്കുന്ന സൈത്തും കൂദാശ ചെയ്യുവാൻ ഒരേ ശുശ്രൂഷക്രമമാണ് ഇന്നും ഉപയോഗിച്ചു വരുന്നത് (മൂറോന്റെ ക്രമം വേറെ യുണ്ട്). കൂദൊശ് മെശഹോ (തൈലം കൂദാശ) യുടെ ശുശ്രൂഷക്രമ ത്തിന്റെ അവസാനഭാഗത്ത് രണ്ട് വ്യത്യസ്ത റൂശ്മാകൾ ഉണ്ട്. ഒന്ന് ആനന്ദതൈലത്തിന്മേൽ (മാമ്മൂദീസാ) നടത്താനുള്ളതും അടുത്തത് രോഗീലേപനത്തിനുള്ള തൈലത്തിന്മേൽ നടത്താനുള്ളതുമാണ്. ഒരേ തൈലത്തിന്മേൽ രണ്ട് വ്യത്യസ്ത റൂശ്മാകളും നടത്തുകയാണെങ്കിൽ ആ തൈലം രണ്ട് കൂദാശകളിലും (മാമ്മൂദീസായിലും രോഗികളുടെ തൈലാഭിഷേകത്തിലും) ഉപയോഗിക്കാം. ഈ അർത്ഥത്തിലാണ് ഹൂദാ യകാനോൻ രണ്ട് കൂദാശകളിലും ഒരേ തൈലം ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ഇപ്രകാരം എഴുതിയിരിക്കുന്നു:

"സൈത്ത് രോഗികൾക്കും മാമ്മൂദീസായ്ക്കുമായി വേർതിരിച്ച് മാറ്റാതെ രണ്ടു വാഴ്വും അതിന്മേൽ തന്നെ നടത്തുകയാണെങ്കിൽ ആ ഒരു സൈത്ത് തന്നെ രോഗികൾക്കും മാമ്മൂദീസായ്ക്കും ഉപയോഗിക്കാം" (ശുശ്രൂഷാസംവിധാനം, പുറം 240, 1983-ലെ ഒന്നാം പതിപ്പ്).

അദ്ദേഹം കാര്യങ്ങൾ വ്യക്തമാക്കുന്നതിപ്രകാരം:

"... അനന്തരം പരസ്യപ്രാർത്ഥന, വീണ്ടും രഹസ്യപ്രാർത്ഥന, തല കുനിക്കാനുള്ള ഉദ്ബോധനം, 'വിശുദ്ധിയുള്ളതും മഹത്വമുള്ളതും' എന്ന റൂശ്മാ ഇവയ്ക്ക് ശേഷം രോഗികൾക്കുള്ള സൈത്ത് മാറ്റിവച്ചുകൊണ്ട് അത് ത്രിത്വനാമത്തിൽ വാഴ്ത്തുന്ന പ്രാർത്ഥന നടത്തുന്നു.

ബാക്കി സൈത്തിന്മേൽ ഒരു പ്രാർത്ഥന നടത്തിക്കൊണ്ട് മാമ്മൂദീസായിൽ ഉപയോഗിപ്പാനായി ത്രിത്വനാമത്തിൽ വാഴ്ത്തുന്നു. അവ പിശകിപ്പോകാതിരിപ്പാൻ കുപ്പിയുടെ പുറത്ത് എഴുതിപ്പിക്കണം" (പുറം 240).

ഹൂദായകാനോൻ, മാമ്മൂദീസാ തൈലവും രോഗികളുടെ തൈലവും ഒന്നാണ് എന്ന അർത്ഥത്തിൽ 'ഇത് രോഗശാന്തിക്കും ഉപയോഗിക്കും' എന്നെഴുതിയതിന്റെ കാരണം ആ ശുശ്രൂഷക്രമത്തിന്റെ ഘടന മനസ്സിലാക്കിയവർക്ക് അറിയാൻ പ്രയാസമില്ല. പിന്നീട് അവശേഷിക്കുന്ന ചോദ്യം ഇതാണ്. അങ്ങനെയെങ്കിൽ കാപ്പിക്കാനോനിൽ അത് വ്യത്യാസപ്പെടുത്തിയത് എന്തുകൊണ്ടാണ്?

ഉത്തരം ലളിതമാണ്. സാധാരണയായി മലങ്കരസഭയിൽ രണ്ടു തൈലവും വേറെ വേറെ കുപ്പിയിലാക്കി സൂക്ഷിച്ചാണ് ഉപയോഗിക്കാറുള്ളത്. ആ പതിവിനെ കാനോൻ വിരുദ്ധതയായി കോടതിയിൽ മറുഭാഗം വാദിച്ചാൽ അതിനെ പ്രതിരോധിക്കുവാനാണ് രോഗികളുടെ സൗഖ്യത്തിനായി ഉപയോഗിക്കുന്ന തൈലം വേറെയാണെന്ന് കാപ്പിക്കാനോനിൽ വിശദീകരിച്ചത്.

സൈത്ത് കൂദാശ അത്യപൂർവ്വമായി മാത്രം നടത്തപ്പെടുന്നതിനാൽ ഈ വ്യത്യാസം അനേകംപേരും ഗ്രഹിച്ചിട്ടില്ല. 1985-ൽ ആർത്താറ്റ് സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് ഗുരുനാഥൻ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ അഭിവന്ദ്യ പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ (ഇപ്പോഴത്തെ പൗലൂസ് ദ്വിതീയൻ കാതോലിക്കാബാവ) സൈത്തു കൂദാശ നടത്തിയതിനോടനുബന്ധിച്ച് കാർമ്മികനെയും ഇതെഴുതുന്ന ഗ്രന്ഥകാരനെയും അടുപ്പൂട്ടിക്കുന്നിൽ അന്തരിച്ച വന്ദ്യ ദിവ്യശ്രീ കാക്കശ്ശേരിൽ ജോസഫ് കോർഎപ്പിസ്ക്കോപ്പായുടെ വസതിയിൽ പ്രത്യേകം വിളിച്ചു വരുത്തി നടത്തിയ റിഹേഴ്സൽ ക്ലാസിൽ വച്ചാണ് ഈ ശുശ്രൂഷയുടെ നടപടിക്രമത്തിലെ

ഈ സവിശേഷത ഈ ലേഖകൻ ഗ്രഹിച്ചത്. ഈ നടപടിക്രമവും വ്യാഖ്യാനവും മൂലഭാഷയിലെ ശുശ്രൂഷക്രമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ. മുറിമറ്റത്തിൽ ബാവാ പകർത്തി എഴുതിയ സുറിയാനി കൈയെഴുത്ത്ക്രമമാണ് എന്റെ ഗുരുനാഥൻ പട്ടംകൊട, പള്ളിക്കൂദാശ, തൈലം കൂദാശ എന്നീ ശുശ്രൂഷകൾ നടത്തുമ്പോൾ ഉപയോഗിച്ചിരുന്നത്. അനുഷ്ഠാനക്രമങ്ങളെ കൃത്യമായും സൂക്ഷ്മമായും ലളിതമായും നിർവചിക്കുകയും രേഖപ്പെടുത്തുകയും സർവകാലത്തേക്കുമായി 'ശുശ്രൂഷാ സംവിധാനം' എന്ന ഗ്രന്ഥം നമുക്ക് സമ്മാനിക്കുകയും ചെയ്ത ആ പുണ്യാത്മാവിന്റെ പാദങ്ങൾ നമിക്കുന്നു; അദ്ദേഹം പകർന്നുതന്ന ആരാധനാനുഷ്ഠാനങ്ങളുടെ രേഖപ്പെടുത്തിയവയും രേഖപ്പെടുത്താത്തവയുമായ വ്യാഖ്യാന മർമ്മങ്ങളെ കൃതജ്ഞതാപൂർവ്വവും അഭിമാനപൂർവ്വവും മനസ്സിൽ സൂക്ഷിക്കുകയും ചെയ്യുന്നു.

*മതോപദേശസാര*ത്തിൽ ആനന്ദതൈലം (മെശഹോ ദ്ഹാദൂസോ), കൃപയുടെ തൈലം (മെശഹോ ദ് തൈബൂസോ) എന്നീ രണ്ടു തൈലങ്ങളെപ്പറ്റി പരാമർശമുണ്ടെങ്കിലും അതിന്റെ ശുശ്രൂഷാനിർവഹണത്തെപ്പറ്റി ഒന്നും എഴുതിയിട്ടില്ല.

3. അടുത്ത വ്യത്യസ്തത പരിശോധിക്കാം (4-ാം അധ്യായം 5-ാം ഖണ്ഡിക).

ഹൂദായകാനോൻ: വി. കുർബ്ബാന വിശ്വാസികൾക്ക് നൽകുന്ന സമയത്തെപ്പറ്റിയും വിധത്തെപ്പറ്റിയും ആണ് ഈ തിരുത്തൽ. ഹൂദായകാനോനിൽ കുർബ്ബാന രണ്ടായിട്ട് കൊടുക്കുകയാണ് ഉത്തമം എന്ന് വ്യക്തമാക്കുന്നുണ്ട്. "കഴിയുമെങ്കിൽ അദ്ദേഹം (കശീശ) ശരീരം നൽകുമ്പോൾ ശെമ്മാശൻ കാസായിൽ നിന്ന് കൊടുക്കണം. ഇതാണ് ന്യായവും കാനോനികവും ആയിട്ടുള്ളത്. നിവൃത്തിയില്ലെങ്കിൽ പടിഞ്ഞാറൻ പ്രദേശങ്ങളിൽ നാം ചെയ്യുന്നതുപോലെ പട്ടക്കാരന്റെ വലത്തുവശത്ത് ശെമ്മാശൻ കാസാ പിടിച്ചുകൊണ്ട് നിൽക്കുകയും അദ്ദേഹം ശരീരം അതിൽ മുക്കി നൽകുകയും ചെയ്യണം. ജനത്തിന്റെ ആധിക്യം മൂലം ഇതിനും നിവൃത്തിയില്ലെങ്കിൽ പൗരസ്ത്യർ ചെയ്യുന്നതുപോലെ അപ്പങ്ങൾ കഷണങ്ങളായി മുറിക്കുന്നതിന് മുമ്പ് ശരീരം ഖണ്ഡിപ്പിന്റെ സമയത്ത് പട്ടക്കാരൻ കാസായിൽ മുക്കിയിട്ട് നൽകണം" (അധ്യായം 4, ഖണ്ഡിക 5).

ഹൂദായ (കാപ്പി) ക്കാനോൻ: അന്ത്യോഖ്യാ സിംഹാസനത്തിൻകീഴുള്ള കിഴക്കുള്ളവർ ചെയ്യുന്നതുപോലെ അപ്പം ഖണ്ഡങ്ങളായി മുറിക്കുന്നതിന് മുമ്പ് ഖണ്ഡിപ്പിന്റെ സമയത്ത് പുരോഹിതൻ കാസായിൽ മുക്കുകയും പിന്നീട് കൊടുത്തുകൊള്ളുകയും വേണം. അത് നിലത്ത് വീഴാതിരിപ്പാനും മറ്റ് വല്ലതും സംഭവിക്കാതിരിപ്പാനും അങ്ങനെ പുരോഹിതൻ

കുറ്റക്കാരൻ ആകാതിരിപ്പാനും തന്നേ. കിഴക്കുള്ളവർ ചെയ്യുന്നതുപോലെ തിരുശരീരരക്തങ്ങൾ ഒരുമിച്ചു നൽകുന്നതാണ് ഉത്തമം. കുർബ്ബാന കൊടുക്കുന്ന സമയത്തെക്കുറിച്ച് ഇപ്പോൾ മുതൽ ഞങ്ങൾ തീരുമാനിക്കുന്നതെന്തെന്നാൽ, അവസാനത്തിൽ 'നിങ്ങളെല്ലാവരും സമാധാനത്താലെ പോകുവീൻ' എന്നതിന് ശേഷമായിരിക്കണം കുർബ്ബാന കൊടുക്കേണ്ടത്. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ കാലങ്ങളിൽ ഒരു പട്ടക്കാരൻ പടിഞ്ഞാറോട്ട് കുർബ്ബാന വഹിച്ചുകൊണ്ടുവരുന്ന അവസരത്തിൽ ജനബാഹുല്യം നിമിത്തം അദ്ദേഹത്തിൽ നിന്ന് ഒരു യാദൃച്ഛിക (അബദ്ധ) സംഭവം ഉണ്ടായി."

വ്യാഖ്യാനം: ശരീരരക്തങ്ങൾ കലർത്തി കുർബ്ബാനയുടെ യാത്രയയപ്പ് കഴിഞ്ഞ് വിശ്വാസികൾക്ക് നൽകുന്ന പതിവാണ് മലങ്കരസഭയിൽ ഉണ്ടായിരുന്നത്. കുർബ്ബാന രണ്ടായി കൊടുക്കണമെന്നാണ് സെമിനാരിക്കേസിലെ എതിർകക്ഷിയായ നവീകരണക്കാരുടെ ഒരു വാദം. ഇതുമായി ബന്ധപ്പെട്ട് 1877 മകരം 15-ന് കൊച്ചീക്കോട്ടപ്പള്ളിയിൽ നിന്ന് പത്രോസ് പാത്രിയർക്കീസ് പുറപ്പെടുവിച്ച ഒരു പൊതുക്കല്പന ഹൂദായക്കാനോനിലെ തീരുമാനത്തെ താഴെ പറയുംവിധം പരിഷ്കരിച്ചിരിക്കുന്നു:

"വി. തിരുശരീരരക്തത്തിന്റെ രഹസ്യം തിരിച്ചറിയാതെ അതിനെ ഭാഗിച്ച് മശിഹായുടെ ശരീരരക്തം ഒന്നായിരിക്കേ അതിനെ രണ്ടായി വിഭജിച്ച് ശരീരവും രക്തവും വെവ്വേറെ കൊടുക്കുന്ന ചില പട്ടക്കാർ ഉണ്ടെന്ന് നാം കേട്ടിരിക്കുന്നു. ... പട്ടക്കാരൻ ശരീരത്തെ മുറിച്ച് രക്തംകൊണ്ട് അതിൽ വരയ്ക്കുമ്പോൾ ചൊല്ലുന്ന രഹസ്യവചനങ്ങൾ കേട്ടുകൊള്ളുവിൻ. 'വചനമായ ദൈവം ഇപ്രകാരം ജഡത്തിൽ സത്യമായി പീഡയേറ്റു. ബലിയായി കുരിശിന്മേൽ ഖണ്ഡിക്കപ്പെട്ടു. തന്റെ ദൈവത്വം തന്റെ ആത്മാവിൽ നിന്നും ശരീരത്തിൽ നിന്നും ഒരു പ്രകാരവും വേർതിരിയാതെ തന്റെ ആത്മാവ് ശരീരത്തിൽ നിന്ന് വേർപെട്ടു. കുന്തംകൊണ്ട് വിലാവിൽ കുത്തേറ്റു. ലോകം മുഴുവനും പാപമോചനത്തിനായി രക്തവും വെള്ളവും ഒഴുകി. ..... തനിയൻപുത്രൻ സ്കീപ്പായിൽ മരിച്ചു. ഇടത്തേതിൽനിന്ന് നമ്മെ വലത്തേക്ക് തിരിപ്പിച്ചും തന്റെ സ്കീപ്പായുടെ രക്തത്താൽ താൻ നിരപ്പാക്കി. ഭൗമികരോടുകൂടെ സ്വർഗ്ഗീയരെയും പുറജാതികളോടുകൂടെ സ്വജനത്തെയും ശരീരത്തോടുകൂടി ആത്മാവിനെയും താൻ ഒന്നായി യോജിപ്പിച്ചു. മൂന്നാം ദിവസം കബറിൽ നിന്ന് താൻ ഉയിർത്തെഴുന്നേറ്റു. അമ്മാനുവേൽ ഏകനാകുന്നു. ഒന്നിപ്പിന്റെ ശേഷം വിഭജിക്കപ്പെടാവുന്നതല്ല. രണ്ടു വർഗ്ഗമായി ഭാഗിക്കപ്പെടുന്നതുമില്ല. ഇപ്രകാരം നാം വിശ്വസിക്കുന്നു. ഉറപ്പിച്ചു പറയുന്നു. ഈ ശരീരം ഈ രക്തത്തിന്റേതാകുന്നു. ഈ രക്തം ഈ ശരീരത്തിന്റേതാകുന്നു." ഇതുകൊണ്ട് ശരീരവും രക്തവും ഒന്നാകുന്നു. മശിഹായുടെ ശരീരരക്തത്തെ രണ്ട് ഓഹ

രിയായി വേർതിരിക്കുന്നവൻ മശിഹായെ രണ്ടു സ്വഭാവങ്ങളും രണ്ട് ദേഹങ്ങളുമായി വിഭജിച്ച് ശപിക്കപ്പെട്ട നെസ്തോറിന്റെ കൂട്ടുകാരൻ ആകുന്നു. ...

ഇനിമേൽ യാതൊരു പട്ടക്കാരനും 'സേലൂൻ ബശിലോമ്മോ' ചൊല്ലുന്നതിനു മുമ്പ് (യാത്രയയപ്പിന് മുമ്പ്) ജനത്തിന് കുർബ്ബാന കൊടുക്കുവാൻ ദൈവത്തിൽ നിന്ന് അധികാരമില്ല. കുർബ്ബാനയെ ധിക്കരിക്കുന്നവൻ തന്റെ പട്ടത്വത്തിൽ നിന്ന് ഒഴിയപ്പെട്ടവൻ ആയിരിക്കും" (*കണ്ടനാട് ഗ്രന്ഥവരി*, പുറം 660–661).

മലങ്കരസഭയിൽ നിലവിലിരുന്ന പതിവിനെയും പത്രോസ് തൃതീയൻ ബാവായുടെ കൽപ്പനയെയും പ്രമാണവൽക്കരിക്കുവാനാണ് ഈ നിശ്ചയം എഴുതിചേർത്തത്. സഭയിലെ പതിവുകളും പിതാക്കന്മാരുടെ അഭിപ്രായങ്ങളും ഹൂദായകാനോനിൽ ധാരാളമുള്ളതിനാൽ ഈ തിരുത്ത് പ്രമാണവിരുദ്ധമല്ല. 13–ാം നൂറ്റാണ്ടിനുശേഷം വളർന്നുകൊണ്ടേയിരിക്കുന്ന സഭയിൽ രൂപപ്പെട്ട നിയമമായി വേണം ഇതിനെ പരിഗണിക്കുവാൻ.

4. കാനോനിലെ 6–ാം അദ്ധ്യായമായ ശവസംസ്കാരത്തിന്റെ ഒന്നാം ഖണ്ഡികയിൽ പൗലോസ് എന്ന ശീർഷകത്തിലുള്ള ഖണ്ഡികയിലാണ് അടുത്ത വ്യത്യസ്തത.

ഹൂദായകാനോൻ: കർത്താവ് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റതുകൊണ്ട് പരേതരുടെ മൂന്നാം ദിവസവും ജീവനുള്ളവരുടെയും മരിച്ചവരുടെയും ഓർമ്മയ്ക്കുവേണ്ടി ഒമ്പതാം ദിവസവും ജനം മോശയ്ക്കുവേണ്ടി വിലാപം നടത്തിയതനുസരിച്ച് മുപ്പതാം ദിവസവും ആണ്ടു തികയുമ്പോഴും ഗാനങ്ങളും പ്രാർത്ഥനകളും നടത്തണം.

ഹൂദായ (കാപ്പി) ക്കാനോൻ: കർത്താവ് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റതുകൊണ്ട് ... മുപ്പതാം ദിവസവും കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തതിനെപ്രതി നാൽപതാം ദിവസവും ആണ്ടു തികയുമ്പോഴും ഗാനവും പ്രാർത്ഥനയും നടത്തണം.

വ്യാഖ്യാനം: മലങ്കരസഭയിൽ മരിച്ചവർക്കുവേണ്ടി 40–ാം ദിവസമോ അതുകഴിഞ്ഞ് അടുത്ത ദിവസമോ കുർബ്ബാനയും പ്രാർത്ഥനയും അർപ്പിക്കുന്ന രീതി സാർവത്രികമാണ്. ഹൂദായകാനോനിൽ 40–ാം ദിവസത്തെ ആചരണം നിർദ്ദേശിച്ചിട്ടില്ല. മലങ്കരസഭയിലെ ആ പതിവ് കാനോനികമല്ല എന്ന് മറുഭാഗം വാദിക്കുവാനുള്ള സാധ്യതയെ പ്രതിരോധിക്കുവാനാണ് ആ വാക്യം കൂട്ടിച്ചേർത്തത് (സഭാ പാരമ്പര്യങ്ങൾ തന്നെയാണല്ലോ കാനോൻ നിയമങ്ങളായി പ്രതിപാദിച്ചിട്ടുള്ളത്).

5. അഞ്ചാമത്തെ വ്യത്യസ്തതയും മേൽക്കാണിച്ച ആറാം അധ്യായത്തിൽ പൗലൂസ് എന്ന ശീർഷകത്തിലാണ് കാണുന്നത്.

ഹൂദായകാനോൻ: "(പരേതൻ) ദുഷ്ടനായിരുന്നു എങ്കിൽ ലൗകികമായ വല്ലതും ദരിദ്രർക്ക് കൊടുക്കുന്നതുകൊണ്ട് അയാൾക്ക് യാതൊരു പ്രയോജനവും സിദ്ധിക്കുന്നില്ല."

ഹൂദായ (കാപ്പി) ക്കാനോൻ: എന്നാൽ എല്ലാ വിശ്വാസികളുടെയും ഓർമ്മ നടത്തുവാൻ നമുക്ക് കടപ്പാടുണ്ട്.

വ്യാഖ്യാനം: മരിച്ച ആൾ ശിഷ്ടനോ ദുഷ്ടനോ എന്ന് നോക്കാതെ എല്ലാവർക്കുവേണ്ടിയും പ്രാർത്ഥനകളും കുർബ്ബാനകളും അർപ്പിക്കുന്ന രീതിയാണ് മലങ്കരസഭയിൽ നിലവിലിരുന്നത് (നവീകരണക്കാർ മരിച്ചവർക്കുവേണ്ടി നടത്തുന്ന കർമ്മാനുഷ്ഠാനങ്ങളെ വ്യർത്ഥം എന്ന് വിശേഷിപ്പിച്ചിരുന്നു). മലങ്കരയിൽ ഒരു വേർതിരിവും കൂടാതെ എല്ലാ വിശ്വാസികളായ പരേതർക്കും വേണ്ടിയുള്ള പ്രാർത്ഥനകൾ കാനോന്റെ പരിധിയിൽ ഉൾപ്പെടുത്തുവാനാണ് ഈ വ്യത്യസ്തത ചേർത്തത്.

6. ശവസംസ്കാരം എന്ന ആറാം അധ്യായത്തിൽ 'പൊർസായർ' എന്ന ശീർഷകത്തിലാണ് അടുത്ത വ്യത്യസ്തത കാണുന്നത്.

ഹൂദായകാനോൻ: "... മേൽപ്പട്ടക്കാരും പട്ടക്കാരും ദയറായക്കാരും മരിക്കുമ്പോൾ അവരുടെ മുഖവും കൈകാലുകളും മാത്രവും അത്മായക്കാരുടെ ശരീരം മുഴുവനും കഴുകണം. ..."

ഹൂദായ (കാപ്പി) ക്കാനോൻ: "എന്നാൽ അവരുടെ ശരീരങ്ങളിന്മേൽ വ്രണങ്ങളോ അഴുക്കുകളോ ഉണ്ടെങ്കിൽ പ്രധാനാചാര്യന്മാരുടെയോ പുരോഹിതന്മാരുടെയോ ശരീരം മുഴുവനും കഴുകുന്നതിൽ തെറ്റില്ല."

വ്യാഖ്യാനം: മലങ്കരസഭയിൽ മരിച്ചുകഴിഞ്ഞാൽ മേൽപ്പട്ടക്കാരൻ എന്നോ പട്ടക്കാരൻ എന്നോ അയ്മേനി എന്നോ ഭേദമില്ലാതെ എല്ലാവരെയും കുളിപ്പിക്കുന്ന സമ്പ്രദായം ആണ് നിലവിലിരുന്നത്. 'കുളിപ്പിച്ചു കിടത്തുക' എന്ന് ഒരു ശൈലിപോലും മലയാളത്തിലുണ്ട്. ഈ പതിവിനെ ഹൂദായക്കാനോന്റെ പരിധിയിൽപ്പെടുത്തി ന്യായീകരിക്കുവാനാണ് സഭ ശ്രമിച്ചത്. ഒരു ചെറിയ പഴുതിലൂടെ പോലും എതിർപക്ഷം ആക്രമിച്ച് കയറാനിടയുള്ള സാധ്യതയെ മുൻകൂട്ടി കണ്ട് പ്രതിരോധം തീർക്കുന്ന സൂക്ഷ്മതയും ജാഗ്രതയും ഇവിടെ കാണാവുന്നതാണ്.

7. ഹൂദായകാനോൻ: ഹൂദായകാനോന്റെ നിഖ്യാ ശീർഷകത്തിലുള്ള ആദ്യ ഖണ്ഡികയിൽ ഇല്ലാത്ത ഒരു പ്രമാണം ഹൂദായ (കാപ്പി) ക്കാനോനിൽ എഴുതിചേർത്തിരിക്കുകയാണ്.

ഹൂദായ കാപ്പിക്കാനോൻ: “അന്ത്യോഖ്യായുടെ അധികാരത്തിലുൾപ്പെട്ട ഇന്ത്യാക്കാർക്കും തങ്ങൾക്കായി പാത്രിയർക്കീസിനെ വാഴിക്കുവാൻ അധികാരം കൊടുക്കപ്പെട്ടിട്ടില്ല. അവരുടെ പാത്രിയർക്കീസോ അദ്ദേഹത്തിന്റെ അധികാരത്തിൻകീഴുള്ള കിഴക്കിന്റെ കാതോലിക്കായോ അവർക്ക് അവർക്ക് മെത്രാപ്പോലീത്തായെ വാഴിക്കണം.

വ്യാഖ്യാനം: നവീകരണക്കാർ അവർക്ക് സ്വന്തമായി ഒരു പാത്രിയർക്കീസിനെ വാഴിക്കുവാൻ ശ്രമിച്ചിരുന്നു. ഇതു സംബന്ധിച്ച് *കണ്ടനാട് ഗ്രന്ഥവരി*യിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് എഴുതിയ സമകാല പരാമർശം ഇപ്രകാരമാണ്: “... മശിഹാകാലം 1868-ന് കൊല്ലം 1043-ാം ആണ്ട് ഇടവമാസം 9-ാം തീയതി വ്യാഴാഴ്ച 40-ാം പെരുന്നാൾക്ക് കോട്ടയത്ത് സെമിനാരി പള്ളിയിൽ വച്ച് പാലക്കുന്നത്ത് അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ചിറ്റപ്പന്റെ മകൻ തോമസ് എന്ന കശ്ശീശായ്ക്ക് മെത്രാപ്പോലീത്താ റമ്പസുഖം കൊടുത്തു. ... പിന്നീട് ഈ മാസം 19-ന് ഞായറാഴ്ച 50-ാം പെരുന്നാൾ ദിവസം മേൽപ്പറഞ്ഞ അത്താനാസ്യോസ് മെത്രാപ്പോലീത്തായും അദ്ദേഹം വാഴിച്ച് അഞ്ഞൂര് പള്ളിയിൽ ഇരുത്തിയിരുന്ന ആലത്തൂക്കാരൻ കൂറിലോസ് മെത്രാപ്പോലീത്തായും കൂടി മേൽപ്പറഞ്ഞ പള്ളിയിൽ വച്ച് തന്നെ മെത്രാന്റെ സ്ഥാനം കൊടുത്തു. ... വലിയ അത്താനാസ്യോസ് മെത്രാൻ 1042-ാം ആണ്ടു മുതൽ പാത്രിയർക്കീസ് എന്നും പറഞ്ഞ് സകല എഴുത്തുകൾക്കും ചെമപ്പ് മുദ്ര കുത്തി വരുന്നതു കൂടാതെ ആലത്തൂരദ്ദേഹവും അനന്തരവൻ പുതിയ മെത്രാനും കൂടെ വലിയ മെത്രാപ്പോലീത്തായെ പാത്രിയർക്കീസായിട്ട് വാഴിപ്പാൻ പോകുന്നു എന്ന് ശ്രുതി” (*ഗ്രന്ഥവരി*, പുറം 125, 126).

സാധുവായ മെത്രാൻ സ്ഥാനത്തിന് പാത്രിയർക്കീസിന്റെ കൈവെപ്പ് അനിവാര്യമാണെന്നും തനിക്ക് അത് ലഭിച്ചിട്ടുണ്ടെന്നും ആണ് രാജകീയ വിളംബരം തനിക്കനുകൂലമായി പുറപ്പെടുവിക്കാൻ മാത്യൂസ് മാർ അത്താനാസ്യോസ് രേഖാമൂലം തുടർച്ചയായി മേലധികാരത്തിലേക്ക് അപേക്ഷകൾ അയച്ചിരുന്നത്. താൻ പുതുതായി വാഴിച്ച തോമസ് അത്താനാസ്യോസ് മെത്രാച്ചന് പാത്രിയർക്കീസിന്റെ കൈവെപ്പില്ല എന്ന ന്യൂനത മറുപക്ഷം ചൂണ്ടിക്കാണിക്കുമെന്ന് ബുദ്ധിമാനായ പാലക്കുന്നത്ത് വലിയ മെത്രാപ്പോലീത്തായ്ക്ക് അറിയാമായിരുന്നു. താൻ തന്നെ പാത്രിയർക്കീസായി വാഴിക്കപ്പെടുന്നപക്ഷം ഈ ആരോപണത്തെ പ്രതിരോധിക്കാനാവുമെന്ന് അദ്ദേഹം കരുതിയിരിക്കണം. ആ ചിന്തയുടെ ഭാഗമായിട്ടാണ്, താൻ തന്നെ പാത്രിയർക്കീസ് ആയി അവരോധിക്കപ്പെടുക എന്ന ആശയം ഉയർന്നത്. പാത്രിയർക്കീസിനെപ്പോലെ ഭരണകാര്യങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചു തുടങ്ങിയെന്ന് അദ്ദേഹത്തിന്റെ നവീകരണ ക്യാമ്പിൽ അക്കാലത്ത് സജീവനേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന കരോ

ട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ഈ നടപടിക്ക് വ്യാപകമായ അംഗീകാരം ലഭിക്കാത്തതിനാലാകാം ആ നിർദ്ദേശം പ്രാവർത്തികമാകാഞ്ഞത്. എന്നാൽ തന്നെയും ഏതെങ്കിലും ഒരു ഭാവിയിൽ നവീകരണമെത്രാൻ പാത്രിയർക്കീസ് സ്ഥാനത്ത് അവരോധിക്കപ്പെട്ടേക്കാം എന്ന സാധ്യത ഈ സംഭവം മൂലം പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് തിരിച്ചറിഞ്ഞു. അതിനെ തടയിടുവാനാണ് ഹൂദായകാനോനിൽ ഈ വ്യവസ്ഥ ഉൾപ്പെടുത്തിയത്. റോമ്മാ നഗരം കത്തിയെരിയുമ്പോൾ വീണ വായിച്ച നേതാവിന്റെ വർഗ്ഗത്തിൽ പെടുവാൻ അദ്ദേഹം തയാറല്ലായിരുന്നു. വ്യവഹാരക്കളിയിൽ വക്കീലന്മാരെ ഇറക്കിവിട്ട് ഉദാസീനമായി മതിലിന്മേൽ കയറിയിരുന്ന് കളി കാണുന്ന ഒരു കാഴ്ചക്കാരനാവാൻ അദ്ദേഹം തയാറില്ലായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ച് സെമിനാരി വ്യവഹാരം ഒരു ജീവന്മരണ സമരമായിരുന്നു. ജയവും തോൽവിയും തന്റെ ജയവും തോൽവിയുമായി അദ്ദേഹം കരുതി. ആലപ്പുഴയിൽ കേസു നടക്കുമ്പോൾ ഒരു ചെറിയ വീട് വാടകയ്ക്കെടുത്ത് തന്റെ വ്യവഹാര കാര്യസ്ഥനായ ഇ. എം. ഫിലിപ്പ്, ഉപദേശകനായ മാലിത്ര ഏലിയാസ് കത്തനാർ എന്നിവരോടൊന്നിച്ച്, വാടകവീട്ടിൽ പട്ടിണിയോട് യുദ്ധം ചെയ്തു കഴിയുന്ന മലങ്കര മെത്രാപ്പോലീത്തായുടെ തേജോമയമായ ചിത്രം 'മലങ്കരസഭയുടെ രഹസ്യ പേടക'ത്തിൽ ഇ. എം. ഫിലിപ്പ് വരച്ചുകാട്ടിയിട്ടുണ്ട്. പിൽക്കാലത്തും കൂടുതൽ വാശിയേറിയ വ്യവഹാരങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും അതിലൊക്കെ അതത് കാലത്തെ മലങ്കര മെത്രാപ്പോലീത്തായുടെ പങ്കാളിത്തം ഈ വിധത്തിലായിരുന്നുവോ എന്ന് വിലയിരുത്താവുന്നതാണ്. പണമില്ല, പള്ളികളില്ല, അനുയായികൾ തീരെക്കുറവ്, പാത്രിയർക്കീസിന്റെ ഭീഷണികൾ, കൂടെനിൽക്കുന്ന മെത്രാന്മാരിൽ പലരുടെയും നിസ്സഹകരണം, നവീകരണ മെത്രാന്മാരോട് അനുഭാവം പുലർത്തുന്ന ഇടവകകൾ എന്നീ യാഥാർത്ഥ്യങ്ങളുടെ മദ്ധ്യേ പുലിക്കോട്ടിൽ മെത്രാച്ചന് വിജയം അനിവാര്യം തന്നെയായിരുന്നു. മലങ്കര മെത്രാപ്പോലീത്താ നേരിട്ട് ഇടപെടേണ്ടുന്ന ആത്മീയ കർമ്മാനുഷ്ഠാനങ്ങളും പള്ളികളിലെ ആഭ്യന്തര തർക്കങ്ങളും പരിഹരിക്കുവാനുള്ള യാത്രകൾ പോലും ഒഴിവാക്കിയാണ് അദ്ദേഹം വ്യവഹാരകാര്യങ്ങളിൽ ദത്താവധാനനായി ആലപ്പുഴയിലും മറ്റും താമസിച്ചത്. തന്റെ ആത്മീയ-ലൗകികങ്ങളായ ദൈനംദിന ചുമതലകൾക്ക് വിശ്വസ്തനും പ്രിയ ശിഷ്യനുമായ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ അദ്ദേഹം ചുമതലപ്പെടുത്തിയിരുന്നത്, വ്യവഹാരകാര്യങ്ങളിൽ തന്റെ അഭാവം മൂലം ചെറിയൊരു പിഴവ്പോലും സംഭവിച്ചുകൂടാ എന്ന ചിന്തയിലായിരുന്നു. പണം സമാഹരിക്കുവാനായി വ്യക്തികൾക്കും പള്ളികൾക്കും എഴുത്തുകൾ തയാറാക്കി ദൂതന്മാർ വശം കൊടുത്തയയ്ക്കുക, കോടതിയിലെ വാദഗതികൾ അനുദിനം ചർച്ച

ചെയ്യുക, വ്യവഹാര വിജയത്തിനായി ആവശ്യമായ സാക്ഷികളെ ഒരുക്കുക, രേഖകൾ തയാറാക്കുക എന്നിങ്ങനെ ചെറുതും വലുതുമായ ഒട്ടേറെ കാര്യങ്ങൾ തന്റെ വ്യക്തിഗതമായ ഉത്തരവാദിത്തമായിരുന്നു എന്ന് ആ മലങ്കര മെത്രാൻ ചിന്തിച്ചിരുന്നു. സ്വപക്ഷത്തിന്റെയും എതിർപക്ഷത്തിന്റെയും നാഡിമിടിപ്പുകളിൽ വരുന്ന നിസ്സാര വ്യതിയാനങ്ങൾ പോലും അദ്ദേഹത്തിന്റെ സജീവ പരിഗണനയ്ക്ക് വിഷയീഭവിച്ചിരുന്നു. അതുകൊണ്ടാണ് മറുഭാഗത്തെ ക്യാമ്പുകളിൽ നിന്ന് പുറത്തുവരുന്ന കിംവദന്തികളെപ്പോലും പ്രതിരോധിക്കുവാൻ അദ്ദേഹം നിതാന്തജാഗ്രത പുലർത്തിയിരുന്നത്. ഹൂദായകാനോൻ പരിഷ്കരിക്കുന്നതിന് അദ്ദേഹത്തെ ധൈര്യപ്പെടുത്തിയത് ഈ മനോഭാരം സൃഷ്ടിച്ച സമ്മർദ്ദമാണ്. പൂർവിക സഭയുടെ ചാരിത്ര്യത്തിന് ഭീഷണി ഉയർത്തിയ ശക്തിയെ പരാജയപ്പെടുത്തുക - അതാണ് പുലിക്കോട്ടിൽ മെത്രാച്ചന്റെ അജണ്ടയിലെ പ്രഥമ വിഷയം. അതിനുവേണ്ടി സർവശക്തിയും സമാഹരിക്കുവാൻ അദ്ദേഹം ഒരിക്കലും മടിച്ചിരുന്നില്ല. ഈ ശക്തി അൽപ്പമെങ്കിലും ചോർന്നുപോകാതിരിക്കാനാണ് അദ്ദേഹം ചിലപ്പോഴെങ്കിലും പാത്രിയർക്കീസിന്റെ റീശിസാ തുടങ്ങിയ വിലപേശലുകളിൽ വിധേയത്വം കാണിച്ചതും, സമ്മാനങ്ങളും കാഴ്ചയും നൽകി പാത്രിയർക്കീസിന്റെ പിന്തുണ നിലനിർത്തിയതും. അന്നത്തെ സാഹചര്യത്തിൽ അകത്തുനിന്നും പുറത്തുനിന്നും നേരിടുന്ന ആയുധങ്ങളെ പ്രതിരോധിക്കുവാൻ ആ നടപടികൾ ആവശ്യമാണെന്ന് നയകോവിദനും അനുരഞ്ജനകലയുടെ മാന്ത്രികനും ആയ അദ്ദേഹത്തിന് അറിയാമായിരുന്നു. കാല് അഗ്നിയിൽ പതിച്ച് വെന്ത കാലുമായി, കാലു കുത്താൻ ഇടമില്ലാതെ ഓടുന്ന കിതച്ച ഒരു പോരാളിയെന്ന നിലയിൽ അദ്ദേഹത്തെ മനസിലാക്കുവാൻ, ആ അനുഭവങ്ങൾ അന്യമായ പിൻഗാമികൾക്ക് സാധിക്കാതെ പോയത് സ്വാഭാവികം!!!

തന്റെ സ്വന്ത ഇടവകയായ ചാട്ടുകുളങ്ങര പള്ളിയിൽപോലും അദ്ദേഹത്തിന് പ്രവേശന സ്വാതന്ത്ര്യം ഇല്ലാതായി. തന്റെ പ്രഥമ പ്രവർത്തന വേദിയായ പഴഞ്ഞിയിൽ താൻ പട്ടംകൊടുത്ത് നിയമിച്ച പട്ടക്കാർ പോലും നവീകരണ മെത്രാന്റെ അനുയായികളായി. അത്രമേൽ തിക്തമായിരുന്നു രാജകീയ വിളംബരത്തിന്റെ പിൻബലംകൊണ്ട് എതിർവിഭാഗം പടുത്തുയർത്തിയ നവീകരണ സാമ്രാജ്യത്തിന്റെ വിസ്തൃതിയും കെട്ടുറപ്പും. ഒരു വ്യവഹാരവിജയം അദ്ദേഹത്തിന് ജീവന്മരണ പ്രശ്നമായിരുന്നു. 'നിങ്ങളുടെ ഇടവക എന്നെ വിട്ടു പോയാലും എനിയ്ക്കൊരു ചുക്കുമില്ല' എന്ന് പള്ളിതർക്കങ്ങളിൽ ചില പിൽക്കാല പിൻഗാമികൾ അഹന്തയോടെ പറഞ്ഞ നിലപാടിൽ ഒരു നിമിഷം പോലും ചിന്തിക്കുവാനോ പെരുമാറുവാനോ പുലിക്കോട്ടിൽ മെത്രാച്ചന് സാധിക്കുകയില്ലായിരുന്നു; അത്ര ഉന്നതമായ ഇടയബോധം അദ്ദേഹത്തിൽ തുടിച്ചുനിന്നു. കാണാതെപോകുന്ന

ഒരാട് പോലും അദ്ദേഹത്തിന്റെ പരിഗണനയ്ക്ക് വിഷയം തന്നെയായിരുന്നു. തങ്ങൾക്കവകാശപ്പെട്ട ഇന്ദ്രപ്രസ്ഥം (തലസ്ഥാനമായ കോട്ടയം പഴയസെമിനാരി) കൈവശപ്പെടുത്തുന്നതിന് കാനനത്തിൽ കഴിയാൻ വിധിക്കപ്പെട്ട കുന്തീസുതന്മാർക്ക് (പാണ്ഡവർക്ക്) ഔദ്യോഗിക ഭരണകൂടത്തിന്റെ പിൻബലമുള്ള ഇന്ദ്രപ്രസ്ഥത്തിന്റെ കൈവശാവകാശക്കാരായിത്തീർന്ന പ്രബലരായ ഗാന്ധാരീസുതന്മാരെ അഥവാ കൗരവന്മാരുടെ നേതാവായ ദുര്യോധനനെ (ഗോലിയാത്തിനെ) നേരിടുവാൻ കുരുക്ഷേത്രയുദ്ധം അനിവാര്യമായി തീർന്നതുപോലെയായിരുന്നു മലങ്കരസഭയിലെ അന്നത്തെ അന്തരീക്ഷം. വിപത്ഘട്ടങ്ങളിൽ സഹായിക്കുവാൻ കുന്തീസുതന്മാർക്ക് വിശ്വാസപൂർവ്വം ആശ്രയിക്കാൻ ഒരു കണ്ണനുണ്ടായിരുന്നു. പുലിക്കോട്ടിൽ മെത്രാച്ചനാകട്ടെ, സഹായി ആയി ലഭിച്ച കണ്ണൻ – അന്ത്യോഖ്യാ പാത്രിയർക്കീസ് – ഓരോ സഹായത്തിനും വില ചോദിക്കുന്ന ആളായിരുന്നു. ഗത്യന്തരമില്ലാതെ ആ കടൽക്കിഴവനെ തോളിലേറ്റാനുള്ള വിധിയെയാണ് പുലിക്കോട്ടിൽ മെത്രാച്ചന് അഭിമുഖീകരിക്കേണ്ടി വന്നത്. പൂർവിക പിതാക്കന്മാരുടെ അനുഗ്രഹവും പഴയസെമിനാരിയിൽ അന്ത്യവിശ്രമം കൊള്ളുന്ന തന്റെ കുടുംബ പൂർവികന്റെ കാവലും അദ്ദേഹത്തിന് നടുക്കടലിൽ ആശ്വാസമേകി. സ്വതന്ത്രമായി മലങ്കരസഭയ്ക്ക് മെത്രാന്മാരെ വാഴിക്കുവാൻ അധികാരമില്ലെന്ന നിയമം കൊണ്ടു മാത്രമേ തോമസ് അത്താനാസ്യോസിന്റെ മെത്രാൻസ്ഥാനം അസാധുവാണെന്ന് കോടതിയിൽ സ്ഥാപിക്കാനാവൂ എന്ന് അദ്ദേഹം കാര്യങ്ങളെ സൂക്ഷ്മമായി വിലയിരുത്തി. പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് സൃഷ്ടിച്ച കീഴ്വഴക്കവും അദ്ദേഹം രേഖാമൂലം ആവർത്തിച്ച് നൽകിയ അവകാശവാദങ്ങളും ഉപയോഗിച്ച് അദ്ദേഹത്തെയും പിൻഗാമിയെയും ആക്രമിക്കുവാനുള്ള വജ്രായുധം തീർക്കുവാൻ ആണ് മലങ്കര മെത്രാപ്പോലീത്താ ഈ വ്യവസ്ഥയിലൂടെ ശ്രമിച്ചത്.

8. മേൽ വിവരിച്ച പ്രമാണത്തെ ദൃഢമാക്കുവാൻ മറ്റൊരു ഭേദഗതി കൂടെ അവതരിപ്പിച്ചിരിക്കുന്നു.

ഹൂദായക്കാനോൻ: യൂഹാനോൻ പാത്രിയർക്കീസ് എന്ന ശീർഷകത്തിൽ കൊടുത്ത നിയമത്തിൽ ഈ വ്യവസ്ഥ ഉൾപ്പെട്ടതായി കാണുന്നില്ല.

ഹൂദായ (കാപ്പി) ക്കാനോൻ: അന്ത്യോഖ്യാ പാത്രിയർക്കീസിനെ ധിക്കരിച്ചുകൊണ്ട് തങ്ങൾക്ക് മപ്രിയാനയെയോ മെത്രാപ്പോലീത്തായെയോ എപ്പിസ്കോപ്പായെയോ വാഴിക്കുവാൻ കിഴക്കുള്ളവർക്ക് അധികാരമില്ല.

വ്യാഖ്യാനം: 19–ാം നൂറ്റാണ്ടിൽ ഈ വ്യവസ്ഥയെ മലങ്കരസഭയിൽ

ആരും എതിർക്കുമായിരുന്നില്ല. 17–ാം നൂറ്റാണ്ടു മുതൽ കേരളസഭയിൽ വേരുറച്ച ബോധ്യമായിരുന്നു അത്. അഞ്ചാം മാർത്തോമ്മാ വിദേശത്തേക്കയച്ച കത്തുകളിലും (മൂന്ന് കത്തുകൾ കണ്ടുകിട്ടിയിട്ടുണ്ട്) എട്ടാം മാർത്തോമ്മാ ബ്രിട്ടീഷ് സർക്കാരിലേക്ക് രേഖാമൂലം നൽകിയ ഒരു മറുപടിക്കത്തിലും ഈ ബോധ്യം നിറഞ്ഞുനിൽക്കുന്നു.

'സഭയുടെ പട്ടത്വത്തിനടുത്ത മേലധികാരം അന്ത്യോഖ്യാ സിംഹാസനത്തിന്മേൽ വാഴുന്ന മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്ക് ഇരിക്കുന്നതാകുന്നു" എന്ന് വട്ടശ്ശേരിൽ ഗീവർഗീസ് മൽപാൻ (പിന്നീട് മാർ ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്താ) 'മതസംഗതി' എന്ന പ്രമാണഗ്രന്ഥത്തിൽ നിർവചിച്ചതും (മലങ്കരസഭയുടെ സമുന്നത സാരഥികൾ, പുറം 866) മലങ്കരസഭയുടെ ഈ ബോധ്യത്തെ ആണ് പ്രതിഫലിപ്പിക്കുന്നത്.

സെമിനാരി വ്യവഹാരത്തിൽ പാത്രിയർക്കീസിന്റെ സ്ഥാനത്തെക്കുറിച്ചുള്ള മേൽക്കൊടുത്ത ബോധ്യങ്ങൾക്ക് നിർണ്ണായക പ്രാധാന്യം കൈവന്നിരുന്നു. ചില ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ അനുസ്മരിക്കാം.

1. അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് സ്ഥാനമേറ്റു എന്ന അവകാശവാദം മാത്രമാണ് പാലക്കുന്നത്ത് വലിയ മെത്രാച്ചന് രാജകീയ വിളംബരം ലഭിക്കുവാൻ ഇടയാക്കിയ സാഹചര്യം.

2. ആ സാഹചര്യം മൂലമാണ് പുലിക്കോട്ടിൽ മെത്രാച്ചൻ അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് സ്ഥാനമേറ്റത്.

3. പാലക്കുന്നത്ത് വലിയ മെത്രാച്ചനെ അന്ത്യോഖ്യാ പാത്രിയർക്കീസ്, മുൻസ്ഥാനത്ത് നീക്കംചെയ്തു എന്ന് കാണിച്ചാണ് മഹാരാജാക്കന്മാർ രാജകീയ വിളംബരം പിൻവലിച്ചത്.

4. പാലക്കുന്നത്ത് ജൂണിയർ മെത്രാച്ചന് (തോമസ് മാർ അത്താനാസ്യോസ്) സീനിയർ മെത്രാച്ചൻ അവകാശപ്പെട്ടിരുന്ന 'അന്ത്യോഖ്യൻ കൈവെപ്പ്' ലഭിച്ചിരുന്നില്ല.

5. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൈവെപ്പ് ലഭിച്ച പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസും 'ആ കൈവെപ്പ്' ലഭിക്കാതിരുന്ന തോമസ് അത്താനാസ്യോസുമായിരുന്നു സെമിനാരിക്കേസിൽ യഥാക്രമം വാദിയും പ്രതിയും.

മെത്രാൻ സ്ഥാനപ്രാപ്തിക്ക് പാത്രിയർക്കീസിന്റെ കൈവെപ്പ് അനിവാര്യമെന്ന് വാദിച്ച മലങ്കരസഭയ്ക്ക് തദനുസരണമായി അന്ന് പുലർത്തിയിരുന്ന നിലപാടുകളും ബോധ്യങ്ങളും മുളന്തുരുത്തി സുന്നഹദോസിന്റെ

പ്രഖ്യാപനങ്ങളും കാനോനിൽ ഉൾപ്പെടുത്തേണ്ടത് നിയമപരമായ ബാധ്യതയും വ്യവഹാര വിജയത്തിന് അനിവാര്യവുമായിരുന്നു (ഇന്നത്തെ കാഴ്ചപ്പാടുകളും സ്വപ്നങ്ങളും മുൻനിർത്തി സഭയെ കാലോചിതമാക്കണമെന്ന് ആഗ്രഹിക്കുന്നവർ അതിനാവശ്യമായ നിയമഭേദഗതികൾ സഭാഭരണഘടനയിൽ വരുത്തുകയാണ് വേണ്ടത്. അതിന് പകരം ഒരു നൂറ്റാണ്ടിന് മുമ്പ് അന്നത്തെ ആവശ്യങ്ങളും സാഹചര്യങ്ങളും അറിവുകളും ബോധ്യങ്ങളും സ്വപ്നങ്ങളും ആധാരമാക്കി അന്നത്തെ പിതാക്കന്മാർ ചെയ്ത സഫല യത്നങ്ങളെ കല്ലെറിയുന്നത് അഭിജ്ഞന്മാരിൽ മതിപ്പുളവാക്കുകയില്ല. ഭരണഘടനയെ കാലോചിതവും ദേശീയവും ആയി എങ്ങനെ പരിഷ്കരിക്കാം എന്ന് ചിന്തിക്കുവാൻ തെളിച്ചമുള്ള സഭാദർശനവും തികഞ്ഞ ദൈവാശ്രയവും നിറഞ്ഞ സഭാസ്നേഹവും ആവശ്യമാണ്. അതില്ലാത്ത ചരിത്രകാരന്മാർക്ക് അനായാസേന ചെയ്യാവുന്നത് ഭൂതകാലത്തെ വഴിവിളക്കുകളെ കല്ലെറിഞ്ഞു വീഴ്ത്തുകയാണ്. അതിന് ദർശനങ്ങളുടെ പിൻബലം ആവശ്യമില്ലല്ലോ.).

1912-ൽ കാതോലിക്കേറ്റ് ഇവിടെ പുനഃസ്ഥാപിതമാകുന്നതുവരെ മെത്രാൻ സ്ഥാനം നൽകുവാൻ അന്ത്യോഖ്യാ പാത്രിയർക്കീസോ അദ്ദേഹത്തിന്റെ പ്രതിനിധിയോ അനിവാര്യമെന്ന് നാം ചിന്തിച്ചിരുന്ന ഒരു ഇടക്കാലഘട്ടം മലങ്കരസഭാ ചരിത്രത്തിലുണ്ട്. ഈ ബോധ്യത്തെ മറികടന്ന് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമൻ, പുന്നത്ര മാർ ദീവന്നാസ്യോസ്, ചേപ്പാട്ട് മാർ ദീവന്നാസ്യോസ് എന്നീ മലങ്കര മെത്രാപ്പോലീത്തന്മാർ വാഴിക്കപ്പെട്ടിരുന്നു. ഈ സ്വാതന്ത്ര്യത്തെ വകവെക്കാതെയാണ് പാലക്കുന്നത്ത് വലിയ മെത്രാച്ചൻ അനധികൃതമായി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മുമ്പിൽ തല കുനിച്ചത്. അതൊരു കീഴ്വഴക്കമായിത്തീർന്നു. കാതോലിക്കേറ്റ് പുനഃസ്ഥാപനം വരെയും മലങ്കരസഭ ആ കീഴ്വഴക്കത്തെ അഭിമാനപൂർവ്വം അംഗീകരിച്ചു പോന്നു എന്നത് അനിഷേധ്യമാണ്.

9. ഏഴാം അദ്ധ്യായത്തിൽ രണ്ടാം ഖണ്ഡികയിലാണ് അടുത്ത വ്യത്യസ്തത കാണുന്നത്.

ഹൂദായകാനോൻ: എപ്പിസ്ക്കോപ്പന്മാർ തങ്ങളുടെ പ്രധാനിയെ അറിഞ്ഞിരിക്കുകയും അദ്ദേഹത്തെ തലവനായി ഗണിക്കുകയും വേണം.

ഹൂദായ (കാപ്പി) ക്കാനോൻ: കശ്ശീശന്മാരും ശെമ്മാശന്മാരും അധികാരികളും തങ്ങളുടെ പ്രധാനിയെ അറിഞ്ഞിരിക്കണം.

വ്യാഖ്യാനം: നവീകരണക്കാർ കോട്ടയം പഴയസെമിനാരിയിൽ ആധിപത്യം ഉറപ്പിച്ചതോടെ കുർബ്ബാനയിലും മറ്റും പ്രധാന തലവൻ എന്ന നിലയിൽ പാത്രിയർക്കീസിനെ പരസ്യമായി സ്മരിക്കുന്ന പ്രാർത്ഥനാ

ഭാഗങ്ങൾ ഒഴിവാക്കിയിരുന്നു. പാത്രിയർക്കീസിനെ കുർബ്ബാനയിലും തൂബ്ദേനിലും മറ്റും ഓർക്കുന്ന പതിവ് മാർ ദീവന്നാസ്യോസിന്റെ അനുകൂലികൾ അക്കാലത്ത് അച്ചടിച്ച കുർബ്ബാനക്രമങ്ങളിൽ ഒഴിവാക്കിയിരുന്നില്ല. ഈ പതിവിനെ പിന്താങ്ങുവാൻ ഈ ഭേദഗതി സഹായിച്ചിരിക്കണം. പാത്രിയർക്കീസിനെയും മലങ്കര മെത്രാപ്പോലീത്തായെയും മാത്രമാണ് അന്ന് തൂബ്ദേനിലും ലുത്തിനിയാകളിലും ഓർത്തിരുന്നത്. അതിൽ പാത്രിയർക്കീസിന്റെ പേർ നവീകരണക്കാർ എടുത്തു മാറ്റിയിരിക്കുന്നു. പൂർവികസഭയുടെ നൈർമ്മല്യത്തെ സംരക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധരായിരുന്ന വാദിഭാഗം അതിനാവശ്യമായ പ്രമാണങ്ങൾ കാനോനിൽ ഉൾപ്പെടുത്തിയതായി കരുതാവുന്നതാണ്. സഭയിൽ നിലവിലുള്ള പാരമ്പര്യമായിരുന്നുവല്ലോ അത്. അർത്ഥവും പ്രസക്തിയും നഷ്ടപ്പെട്ടു പോയെങ്കിലും ആ പാരമ്പര്യം നാം ഇന്നും തുടരുന്നു (സഭയുടെ പൗരോഹിത്യപരമായ മേലധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിക്ഷിപ്തമാണ് എന്ന് വട്ടശ്ശേരിൽ ഗീവറുഗീസ് മൽപാൻ 'മതസംഗതി'കളിൽ നിർവചിച്ചിട്ടുള്ളത് ഇവിടെ ഓർക്കാവുന്നതാണ്).

10. പത്താമത്തെ വ്യത്യസ്തത ഹൂദായകാനോൻ തിരുത്തുന്ന വിധത്തിലല്ല പ്രത്യക്ഷപ്പെടുന്നത്; പുതിയ ഒരു വ്യവസ്ഥയും പ്രമാണവും എഴുതിചേർക്കുന്ന വിധത്തിലാണ്. ആ കൂട്ടിച്ചേർത്ത വ്യവസ്ഥ താഴെ ചേർക്കുന്നു.

ഹൂദായ (കാപ്പി) ക്കാനോൻ: പാത്രിയർക്കീസ് വാഴിക്കപ്പെടുന്നത് മറ്റ് സിംഹാസനങ്ങളിലെ പാത്രിയർക്കീസന്മാരാൽ അല്ല. എന്നാലോ അദ്ദേഹത്തിന്റെ കീഴിലുള്ളവരായ കാതോലിക്കാ, മെത്രാപ്പോലീത്തന്മാർ, എപ്പിസ്കോപ്പന്മാർ, കശ്ശീശന്മാർ, ശേഷം വൈദികസ്ഥാനികൾ, ജനങ്ങൾ എന്നിവരാൽ അത്രേ. നമ്മുടെ കർത്താവായ യേശുമശിഹാ തന്റെ ദാസനായ യൂഹാനോനിൽ നിന്ന് മാമ്മൂദീസാ ഏറ്റപ്രകാരം തന്നേ. മപ്രിയാന പാത്രിയർക്കീസിനാൽ വാഴിക്കപ്പെടുന്നു. മപ്രിയാനയ്ക്ക് മെത്രാപ്പോലീത്തന്മാരെയും എപ്പിസ്കോപ്പന്മാരെയും വാഴിക്കുവാൻ അധികാരം ഉണ്ട്. മപ്രിയാന ഇല്ലെങ്കിൽ മെത്രാപ്പോലീത്തന്മാർക്ക് അന്യോന്യം വാഴിക്കുവാൻ – ഒരുവൻ വേറൊരാളെ – അധികാരമില്ല. എന്നാലോ പാത്രിയർക്കീസ് അവരെ വാഴിക്കണം. എന്നാൽ അത്യാവശ്യവും പാത്രിയർക്കീസിന്റെ അടുക്കലേക്കുള്ള യാത്രയ്ക്ക് തടസവും ഉണ്ടായാൽ അദ്ദേഹത്തിന്റെ കൽപനപ്രകാരം മൂന്ന് മെത്രാപ്പോലീത്തന്മാർ ഒന്നിച്ചുകൂടി മെത്രാപ്പോലീത്തായെയും എപ്പിസ്ക്കോപ്പായെയും വാഴിക്കാം – പാത്രിയർക്കീസ് സുസ്താത്തിക്കോൻ മൂലം മെത്രാപ്പോലീത്തായെ അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന് എപ്പിസ്കോപ്പന്മാരെ വാഴിക്കാം. ഒരു മെത്രാപ്പോലീത്തായ്ക്ക് വേറൊരു മെത്രാപ്പോലീത്തായെ വാഴിക്കു

വാൻ അധികാരം കൊടുത്തു കൂടാ.

വ്യാഖ്യാനം: പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ മലങ്കര സഭ അനുഭവിച്ച ചില ഉത്ക്കണ്ഠകൾ പരിഹരിക്കുവാനുള്ള ശ്രമമാണ് ഈ വ്യവസ്ഥയിൽ കാണുന്നത്. രണ്ട് കാര്യങ്ങൾ ഇതിൽ ശ്രദ്ധേയം.

1. അന്ത്യോഖ്യാ പാത്രിയർക്കീസല്ലാതെ മറ്റൊരു പാത്രിയർക്കീസിന്റെ സഹായത്തോടെ നവീകരണ മെത്രാൻ പാത്രിയർക്കീസായി അവരോധിക്കപ്പെട്ടാൽ അത് നിയമവിരുദ്ധമാണ്.

2. പാത്രിയർക്കീസിന്റെ അനുവാദം ലഭിച്ചാൽപോലും ഒരു പുതിയ മെത്രാപ്പോലീത്തായെ വാഴിക്കുവാൻ മൂന്ന് മെത്രാപ്പോലീത്താമാരുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കണം.

ഈ രണ്ട് കാര്യങ്ങളും സെമിനാരിക്കേസിൽ അവലംബമാക്കാനുള്ളവയാണ്. ആദ്യത്തേത് നവീകരണമെത്രാൻ പാത്രിയർക്കീസായി വാഴിക്കപ്പെടാനുള്ള സാധ്യതയെ റദ്ദാക്കുന്നു; രണ്ടാമത്തേത് പാത്രിയർക്കീസിന്റെ അധികാരപ്പെടുത്തലില്ലാതെ, മൂന്ന് മെത്രാന്മാരുടെ സാന്നിധ്യമില്ലാതെ വാഴിക്കപ്പെട്ട പ്രതിയുടെ - തോമസ് അത്താനാസ്യോസ് - സ്ഥാനസാധുത നഷ്ടപ്പെടുത്തുന്നു. പാത്രിയർക്കീസിൽ നിന്ന് നേരിട്ടോ അദ്ദേഹത്തിന്റെ അധികാരപ്പെടുത്തലോടു കൂടിയോ അല്ലാത്ത മെത്രാൻസ്ഥാനദാനം അസാധുവാണെന്ന് സ്ഥാപിക്കുവാൻ ഈ നിയമവ്യവസ്ഥ സഹായിക്കുമെന്ന് പിതാക്കന്മാർ കരുതിയിട്ടുണ്ടാവാം.

'പാത്രിയർക്കീസിന്റെ കീഴിലുള്ള' എന്ന വിശേഷണം ഇന്ന് പലർക്കും രുചിക്കാനിടയില്ല. അന്ന് 1912-ന് മുമ്പ് മലങ്കരസഭയിൽ ഒരാളും ആ വ്യവസ്ഥയെ എതിർക്കുമായിരുന്നില്ല. പാത്രിയർക്കീസിന്റെ അനുവാദത്തോടെ അൽവാറീസ് മാർ യൂലിയോസ്, റിനിവിലാത്തി മാർ തീമോത്തിയോസ് എന്നീ മെത്രാപ്പോലീത്തന്മാരെ മലങ്കരസഭ വാഴിച്ചിട്ടും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്, മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ്, അൽവാറീസ് മാർ യൂലിയോസ് എന്നീ മൂന്ന് മെത്രാപ്പോലീത്തന്മാർ മലങ്കരയിൽ ജീവിച്ചിരുന്നിട്ടും മെത്രാൻ വാഴ്ചയേൽക്കുവാൻ വട്ടശ്ശേരിൽ റമ്പാച്ചനും കൊച്ചുപറമ്പിൽ റമ്പാച്ചനും അന്ത്യോഖ്യൻ പാത്രിയർക്കീസിനെ ആശ്രയിച്ച ചരിത്രം നമുക്ക് വിസ്മരിക്കാനാവുമോ? പാത്രിയർക്കീസിന്റെ കൈവെപ്പ് എന്ന മാസ്മരിക പ്രയോഗത്തിന് അന്ന് മലങ്കരയിൽ ലഭിച്ച അംഗീകാരത്തെയല്ലേ ഈ സംഭവം വ്യക്തമാക്കുന്നത്?

മലങ്കരസഭാ ഭരണഘടനയുടെ സുരക്ഷിതത്വം ലഭ്യമായ ഇന്നത്തെ ഭദ്രമായ കാലാവസ്ഥയിൽ, സെമിനാരി വ്യവഹാരത്തിനുവേണ്ടി നിർമ്മിച്ച

ഈ നിയമത്തെ – പിതാക്കന്മാരുടെ അഭിപ്രായത്തെ – നാം പുച്ഛിക്കുന്നത് മലർന്ന് കിടന്ന് തുപ്പുന്നതു പോലെയല്ലേ?

11. ഏഴാം അദ്ധ്യായം നാലാം ഖണ്ഡികയിലാണ് അടുത്ത വ്യത്യസ്തത.

ഈ നിശ്ചയം യഥാർത്ഥ ഹൂദായകാനോനിൽ ഇല്ല.

ഹൂദായ (കാപ്പി) ക്കാനോൻ: 'പാത്രിയർക്കീസിനാലോ കാതോലിക്കാ ബാവായാലോ ശപിക്കപ്പെട്ടവരും ഭ്രഷ്ടരാക്കപ്പെട്ടവരുമായ മെത്രാപ്പോലീത്തന്മാരിൽ നിന്നും എപ്പിസ്കോപ്പന്മാരിൽ നിന്നും സ്ഥാനം ഏറ്റ വൈദികർ പരിശുദ്ധ സഭയിൽ ശുശ്രൂഷ ചെയ്യുവാൻ വേണ്ടി അംഗീകരിക്കപ്പെടരുത്. എന്നാലോ അവരും ശപിക്കപ്പെടണം. എന്നാൽ അവർ അനുതപിച്ചു വന്നാൽ വീണ്ടും പട്ടംകൊടുത്ത് സ്വീകരിക്കാം.'

വ്യാഖ്യാനം: പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് പട്ടം കൊടുത്ത പല വൈദികരും പിൽക്കാലത്ത് പട്ടമേറ്റതിൽ അനുതപിച്ചതിനെ തുടർന്ന് പാത്രിയർക്കീസും യൂയാക്കീം മാർ കൂറിലോസും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസും വീണ്ടും പട്ടം നൽകിയിട്ടുണ്ട്. അഴിച്ചു പട്ടം കൊടുത്ത സംഭവം ആക്ഷരികമായി വ്യാഖ്യാനിച്ചുകൂടെന്നും അതൊരു ആലങ്കാരിക പ്രയോഗമാണെന്നും ചില ചരിത്രകാരന്മാർ (?) സ്ഥാപിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം അഴിച്ച് പട്ടം ഏറ്റ വൈദികർ, അഴിച്ചു പട്ടംകൊടുത്ത സ്ഥലം, തീയതി, സ്ഥലം, പട്ടംകൊടുത്ത ആൾ എന്നീ വിശദാംശങ്ങൾ *കണ്ടനാട് ഗ്രന്ഥവരി*യിലൂടെ വെളിച്ചം കണ്ടതോടെ ആ 'ചരിത്രകാരന്മാർ' ഇക്കാര്യത്തിൽ മൗനികൾ ആയിത്തീർന്നിരിക്കുന്നു. അഴിച്ചു പട്ടംകൊടകൾ ആവശ്യമായി വന്നത് എന്തുകൊണ്ടാണ്? പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് മുടക്കപ്പെട്ടു എന്നതുകൊണ്ടാണോ?

സത്യത്തിൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനെ പാത്രിയർക്കീസ് മുടക്കി എന്ന് പറയുന്നത് സത്യമാണോ? മുടക്കി എന്ന് പാത്രിയർക്കീസന്മാരുടെ പിൽക്കാല കൽപനകളിൽ ആവർത്തിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും മുടക്കു കൽപ്പന എങ്ങും കണ്ടിട്ടില്ല. പാത്രിയർക്കീസിന്റേതായി ഒരു മുടക്കു കൽപ്പന യൂയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്താ 'കൊല്ലം' പഞ്ചായത്തിൽ ഹാജരാക്കിയിട്ടുണ്ടെങ്കിലും ആ കൽപ്പന സാധുവല്ലെന്നാണ് പഞ്ചായത്ത് തീരുമാനിച്ചത്. അപ്പോൾ അദ്ദേഹത്തെ മുടക്കുന്ന അംഗീകൃത മുടക്കു കൽപ്പന ഇല്ല. ഇനി യഥാർത്ഥ മുടക്കു കൽപ്പന ഉണ്ടെന്ന് കരുതുക. അപ്പോൾ അദ്ദേഹത്തിൽ നിന്ന് പട്ടമേറ്റവർക്ക് അനുതപിച്ച് വന്നാൽ വീണ്ടും പട്ടംകൊടുക്കാൻ ആവശ്യമാണോ? ആണെന്ന് കാനോൻ സംസ്കാരം നേടിയ ആർക്കും പറയാ

നാവില്ല. മുടക്കിയ ആൾ പട്ടം നൽകിയാൽപ്പോലും ആ പട്ടം അസാധു വല്ല. മുടക്കൽ ക്രിയ ഒരു കൂദാശയല്ല; മുടക്കൽ കൽപ്പനയിലൂടെ ഒരിക്ക ലായി ലഭിച്ച നിത്യമായ പൗരോഹിത്യത്തിന്റെ മുദ്ര അഴിയപ്പെടാവുന്നതു മല്ല. കൽപന മൂലം മുടക്കപ്പെടുന്നത് പോലെ മുടക്ക് റദ്ദാക്കുവാനും അധി കൃത സ്ഥാനത്തുനിന്ന് മറ്റൊരു കൽപ്പന പുറപ്പെട്ടാൽ മതിയാകും. മാമ്മൂ ദീസായുടെയും പൗരോഹിത്യത്തിന്റെയും മുദ്രയ്ക്ക് അഴിവും നാശവും ഇല്ല; മരണം കൊണ്ടുപോലും ആ മുദ്ര അഴിയുകയില്ല എന്നാണ് കാനോൻ സംസ്കാരം നമ്മെ പഠിപ്പിക്കുന്നത്. ഈ തത്വം 'അഴിച്ചു പട്ടം കൊട'യിലൂടെ പത്രോസ് ബാവായും യൂയാക്കീം കൂറിലോസും ലംഘി ച്ചുവെന്ന് കരുതാമോ? ഒരിക്കലുമില്ല. സത്യം മറ്റൊന്നാണ്. മാത്യൂസ് മാർ അത്താനാസ്യോസ് മുടക്കപ്പെട്ടതുകൊണ്ടല്ല 'അഴിച്ചു പട്ടംകൊട' അനി വാര്യമായി വന്നത്. പ്രത്യുത അദ്ദേഹം സാധുവായി മെത്രാൻപട്ടം ഏൽ ക്കാത്തതുകൊണ്ടാണ്. പത്രോസ് ബാവാ മെത്രാനായിരുന്നപ്പോൾ പാല ക്കുന്നത്ത് മാത്യൂസ് ശെമ്മാശന് റമ്പാൻസ്ഥാനം നൽകിയത് പരമാർത്ഥം തന്നെ. എന്നാൽ അദ്ദേഹത്തിന് മെത്രാൻപട്ടം ആരും നൽകിയില്ല. മെത്രാ ൻപട്ടമേറ്റു എന്ന് അവകാശപ്പെട്ടു കൊച്ചിയിലെത്തിയ പുതിയ മെത്രാന്റെ സുസ്താത്തിക്കോനിൽ പല വ്യാജങ്ങളും കാണുന്നുണ്ട് എന്ന് അത് പരിശോധിച്ച കോനാട്ട് മൽപാൻ പറഞ്ഞിട്ടുണ്ട്. കണ്ടനാട്ടു വച്ച് ചേപ്പാട്ട് മെത്രാച്ചൻ വിളിച്ചുകൂട്ടിയ പ്രതിപുരുഷയോഗത്തിൽ അദ്ദേഹം ആ സുസ്ത്താത്തിക്കോൻ വായിക്കാഞ്ഞതും മലങ്കര മെത്രാനെ അത് ഏൽപി ക്കാതിരുന്നതും അതിന്റെ വ്യാജം വെളിപ്പെടുമെന്ന ഭയത്താലാണ്. പിന്നീട് കല്ലുങ്കത്ര യോഗത്തിൽ സ്വന്തം അനുയായികളെ മാത്രം വിളി ച്ചുവരുത്തി അത് വായിച്ചതും സംശയം വർദ്ധിപ്പിക്കുന്നു. പള്ളിക്കര പള്ളി യിൽ വച്ച് അത് നഷ്ടപ്പെട്ടു എന്ന കഥ മെനഞ്ഞത് ആ വ്യാജരേഖ യുടെ കൃത്രിമം മാലോകർ അറിയാതിരിക്കുവാനാണ്. മോഷ്ടിക്കപ്പെട്ടു എന്ന് പ്രചരിപ്പിച്ച രേഖയുടെ പകർപ്പ് പിൽക്കാലത്ത് സെമിനാരി വ്യവ ഹാരത്തിൽ ഹാജരാക്കിയപ്പോൾ, കേസ് കേട്ട മൂന്ന് ജഡ്ജിമാരും ഈ 'മോഷണ കഥയെ' അവിശ്വസിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വ്യാജ മായ മെത്രാൻ സ്ഥാനാവകാശം സൃഷ്ടിച്ച കുറ്റബോധംകൊണ്ടും ഭയം കൊണ്ടും ആണ് നിരണം പള്ളിയിൽ വസിച്ചിരുന്ന പാലക്കുന്നത്ത് മാർ അത്താനാസ്യോസിനെ സന്ദർശിക്കുവാൻ പത്രോസ് പാത്രിയർക്കീസ് മുന്നറിയിപ്പൊന്നും കൂടാതെ എത്തിയപ്പോൾ, വാതിലടച്ചിരുന്ന് ആ സന്ദർ ശനത്തിൽ പ്രത്യക്ഷപ്പെടാതിരുന്നത്. പാത്രിയർക്കീസിന്റെ ദൂതനും ഇട നിലക്കാരനും പാലക്കുന്നത്ത് മെത്രാച്ചന്റെ സഹപ്രവർത്തകനുമായ കരോട്ടുവീട്ടിൽ ശെമവൂൻ കോറി (*കണ്ടനാട് ഗ്രന്ഥവരി*യുടെ ഗ്രന്ഥ കർത്താവ്) അഭ്യർത്ഥിച്ചിട്ടുപോലും അടച്ച മുറി തുറക്കാൻ കൂട്ടാക്കാ ഞ്ഞതിന്റെ സാക്ഷ്യം *കണ്ടനാട് ഗ്രന്ഥവരി*യിൽ നാം കാണുന്നുണ്ട് (പാല

ക്കുന്നത്ത് മെത്രാച്ചൻ പത്രോസ് ബാവായെ സന്ദർശിക്കുവാൻ പലവട്ടം ശ്രമിച്ചുവെന്നും പുലിക്കോട്ടിൽ മെത്രാച്ചൻ തുടർച്ചയായി തടസങ്ങൾ സൃഷ്ടിച്ചു വന്നതിനാൽ അപ്രകാരം ഒരു സന്ദർശനം നടത്തുവാൻ കഴിഞ്ഞില്ലെന്നും അങ്ങനെയൊരു സന്ദർശനത്തെ പുലിക്കോട്ടിൽ മെത്രാച്ചൻ ഭയപ്പെട്ടിരുന്നുവെന്നും നവീകരണവിഭാഗം ചരിത്രങ്ങളിൽ എഴുതി വച്ചത് *കണ്ടനാട് ഗ്രന്ഥവരി* വെളിച്ചം കണ്ടതോടെ അവാസ്തവമെന്ന് തെളിഞ്ഞിരിക്കുന്നു. ആ സന്ദർശനത്തെ പാലക്കുന്നത്ത് മെത്രാച്ചനാണ് ഭയപ്പെട്ടിരുന്നതെന്ന് സമകാല സാക്ഷ്യമായ *കണ്ടനാട് ഗ്രന്ഥവരി* വ്യക്തമാക്കുന്നു. പാത്രിയർക്കീസിനെ പണംകൊടുത്ത് വശത്താക്കാമെന്നും അതിനുള്ള പ്രലോഭനവും വാഗ്ദാനവും യൂയാക്കീം കൂറിലോസിന്റെ സഹോദരനായ മക്കുദിശാ ഗബ്രിയേൽ മുഖേന നടത്തിയതായും *കണ്ടനാട് ഗ്രന്ഥവരി* വെളിപ്പെടുത്തുന്നുണ്ട് (മക്കുദിശാ ഗബ്രിയേലും പിൻമുറക്കാരും നവീകരണവിഭാഗത്തിൽ നിലകൊണ്ടു എന്ന വസ്തുത കൂടി ഓർമ്മിക്കുക). കാര്യങ്ങൾ വ്യക്തമാക്കുന്നത് പാലക്കുന്നത്ത് വലിയ മെത്രാച്ചന്റെ മെത്രാൻസ്ഥാനവും അദ്ദേഹം തൊഴിയൂരിൽ ആലത്തൂക്കാരൻ കൂറിലോസിന് നൽകിയ മെത്രാൻസ്ഥാനവും രണ്ടുപേരും കൂടി പാലക്കുന്നത്ത് ജൂണിയർ മെത്രാന് നൽകിയ മെത്രാൻസ്ഥാനവും അസാധു ആണെന്നാണ് (ഇക്കാരണത്താലാണ് നവീകരണസഭയുടെയും തൊഴിയൂർ സഭയുടെയും പൗരോഹിത്യം അസ്വീകാര്യമാണെന്ന് ഓർത്തഡോക്സ് സഭ നിലപാട് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ തൊഴിയൂർ സഭയ്ക്കു വേണ്ടി വാദിച്ച ഈ ഗ്രന്ഥകാരനോട് മാർത്തോമ്മാക്കാർക്കും തൊഴിയൂർക്കാർക്കും പട്ടമില്ല എന്ന് വലിയബാവാ പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ പറയുമായിരുന്നു എന്നാണ് പ. ദിദിമോസ് പ്രഥമൻ ബാവാ പ്രതിവചിച്ചത്. ഈ കാര്യങ്ങളിൽ വേണ്ടത്ര അറിവില്ലാത്ത പുതുതലമുറക്കാർ ഇക്കാര്യത്തിൽ നടത്തുന്ന നിരീക്ഷണങ്ങളും നിലപാടുകളും നാം സ്വീകരിക്കുന്നതെങ്ങനെ? മലങ്കര മെത്രാന്മാരുടെ നിരയിൽ പാലക്കുന്നത്ത് മെത്രാച്ചനെ പ്രതിഷ്ഠിക്കുവാൻ ചിലർ നടത്തുന്ന ശ്രമവും അംഗീകരിക്കാൻ കഴിയാതെ പോകുന്നത് ഈ പശ്ചാത്തലത്തിലാണ്. ഈ അടുത്ത കാലത്ത് തൊഴിയൂരിലെ പൗലൂസ് മാർ പീലക്സിനോസ് കത്തോലിക്കാ സഭയിൽ ചേർന്നപ്പോൾ അദ്ദേഹത്തിന് രഹസ്യമായി പട്ടം കൊടയുടെ മർമ്മപ്രധാനമായ കൈവെപ്പ് പ്രാർത്ഥനയും ക്രിയയും നടത്തിയാണ് കത്തോലിക്കാ സഭ സ്വീകരിച്ചതെന്ന് അറിയാം.).

അപ്പോൾ നവീകരണപക്ഷത്തു നിന്ന് അനുതപിച്ച് വരുന്നവരെ അഴിച്ച് പട്ടം കൊടുത്തു എന്ന് *കണ്ടനാട് ഗ്രന്ഥവരി*യിൽ കാണുന്നതിന്റെ സാഹചര്യം നമുക്ക് മനസ്സിലായി. എന്നാൽ രാജകീയ വിളംബരപ്രകാരം പാലക്കുന്നത്ത് മെത്രാച്ചൻ സാധുവായ അന്ത്യോഖ്യൻ കൈവെപ്പ് ലഭിച്ച

മെത്രാനാണ്. അക്കാര്യം നിഷേധിക്കുവാനോ ചോദ്യം ചെയ്യുവാനോ രാജകീയ ഭരണകാലത്ത് ആർക്കും കഴിയുമായിരുന്നില്ല (രാജകീയ വിളംബരത്തിന്റെ ആനുകൂല്യം നേടിയ ചേപ്പാട്ട് മെത്രാച്ചനിൽ നിന്ന് പട്ടമേറ്റ വൈദികർ ചേപ്പാട്ട് മെത്രാച്ചന്റെ സ്ഥാനം അസാധുവെന്ന് വിദേശിയായ അത്താനാസ്യോസ് മെത്രാച്ചൻ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് അദ്ദേഹത്തിൽ നിന്ന് അഴിച്ചു പട്ടമേറ്റതും രാജകീയ വിളംബരത്തിന്റെ പിൻബലമുള്ള തന്റെ സ്ഥാനത്തെ അഗണ്യമെന്ന് കരുതിയവർക്കെതിരെ ചേപ്പാട്ട് മെത്രാച്ചൻ സർക്കാരിലേക്ക് പരാതി സമർപ്പിച്ചതും അതിനെ തുടർന്ന് മാർ അത്താനാസ്യോസ് നാട് കടത്തപ്പെടുകയും അഴിച്ചു പട്ടമേറ്റ വൈദികർ കാരാഗൃഹവാസം അടക്കമുള്ള ശിക്ഷ അനുഭവിക്കേണ്ടി വന്നതും ചരിത്രവിദ്യാർത്ഥികൾ ഓർക്കുമല്ലോ. അതിലൊരാൾ പാലക്കുന്നത്ത് അബ്രഹാം മല്പാൻ ആയിരുന്നുവെന്നതും മറക്കാവുന്നതല്ല.)

തന്മൂലം അഴിച്ചു പട്ടംകൊടകൾ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടാൽ പാലക്കുന്നത്ത് മെത്രാച്ചന് സാധുവായ പൗരോഹിത്യമില്ല എന്ന് പറയാൻ രാജഭരണകാലത്ത് നിവൃത്തിയില്ല. ആ അടിയന്തിര സാഹചര്യത്തെ കോടതിയിൽ നേരിടുവാനാണ് ഈ പ്രമാണം കാനോനിൽ എഴുതി ചേർത്തത്. മുടക്കു മൂലമാണ് അഴിച്ചു പട്ടംകൊട അനിവാര്യമായത് എന്ന് ആ നടപടിയെ സാധൂകരിക്കുവാൻ അപ്പോൾ ഒരു കാനോൻ നിയമത്തിന്റെ പിൻബലമായി. വ്യാജ മെത്രാൻസ്ഥാനത്തെ നേരിടുവാൻ ഒരു വ്യാജ കാനോൻ വ്യവസ്ഥ - അതാകാം അന്നത്തെ കാലാവസ്ഥ. മുള്ളു കൊണ്ട് മുള്ളെടുക്കുവാൻ നടത്തിയ ശ്രമമായിട്ട് അതിനെ കാണാമെന്ന് തോന്നുന്നു. സഭാതലവനായ പാത്രിയർക്കീസിന്റെ നടപടികളെ കോടതിയിൽ സാധൂകരിക്കുവാൻ ആ കാനോൻ വ്യത്യസ്തത സഹായിച്ചു (മുടക്കിയാൽ പട്ടം ഇല്ലാതാകും എന്ന് വിശദീകരിക്കുവാൻ പിൽക്കാലത്ത് ചിലർ ഈ വ്യവസ്ഥയെ ദുരുപയോഗപ്പെടുത്തി എന്ന് ഓർക്കുന്നു. വ്യവഹാരാവശ്യങ്ങൾക്കു മാത്രമായി കൂട്ടിച്ചേർത്ത ഈ ഭേദഗതികൾ പിൽക്കാലത്ത് അസ്വീകാര്യമാണ് എന്ന ധാരണയെ പിൽക്കാലത്ത് വട്ടിപ്പണക്കേസിൽ ചിലർ വിസ്മരിച്ചതിനാലാണ് ഈ അകാനോനികമായ ധാരണ പ്രചരിക്കുവാനിടയായത്. സാഹചര്യത്തിൽനിന്നും പശ്ചാത്തലത്തിൽ നിന്നും അടർത്തിയാവരുത് നിയമ വ്യാഖ്യാനം എന്ന് ഇവിടെ ആവർത്തിച്ച് ഓർക്കാവുന്നതാണ്.

12. നാം ചർച്ച ചെയ്യുന്ന കാനോനിലെ പന്ത്രണ്ടാമത്തേതും ഒടുവിലത്തേതുമായ വ്യത്യസ്തത ഇവിടെ ചർച്ച ചെയ്യുന്നു. ഈ നിശ്ചയം ഹൂദായകാനോനിൽ ഇല്ലാത്തതാകുന്നു.

ഹൂദായ (കാപ്പി) കാനോൻ: പുതുഞ്ഞായറാഴ്ചയിൽ വിവാഹവിരുന്ന്

നടത്തുന്നതിന് തടസമില്ല. എല്ലാ വിവാഹവിരുന്നുകളും, അതായത് മോതിരങ്ങളുടെയും കിരീടങ്ങളുടെയും വാഴ്വ് ഞായറാഴ്ച ആയിരിക്കണം. എന്നാൽ ആയത് പിതാക്കന്മാരാൽ അനുവദിക്കപ്പെട്ടിട്ടുള്ള കാലങ്ങളിൽ ആയിരിക്കണം.

ഹൂദായകാനോന്റെ 8–ാം അദ്ധ്യായത്തിലാണ് ഈ നിശ്ചയം കൂട്ടിച്ചേർത്തിരിക്കുന്നത്.

**വ്യാഖ്യാനം:** മലങ്കരസഭയിൽ നിയമവിധേയമായി നടന്നിരുന്ന ഒരു പതിവിനെ പ്രമാണവത്ക്കരിക്കുവാനാണ് ഈ നിശ്ചയം എഴുതിചേർത്തത്. മലങ്കരസഭയിൽ വിവാഹവുമായി ബന്ധപ്പെട്ട എല്ലാ ഔദ്യോഗിക ചടങ്ങുകളും ഞായറാഴ്ചകളിലാണ് നടത്തപ്പെട്ടിരുന്നത്. കണ്ടനാട് സുന്നഹദോസ് 1809 ചിങ്ങം 1–ന് അംഗീകരിച്ച കണ്ടനാട് പടിയോലയിൽ ഇതുമായി ബന്ധപ്പെട്ട നിശ്ചയങ്ങൾ കാണുന്നത് താഴെ പറയുംപ്രകാരമാണ്:

ആറാം നിശ്ചയം: പെണ്ണുങ്ങളെ പതിനാലു വയസ്സിനകം കെട്ടിക്കയും പെണ്ണുകെട്ടുന്നതിന്റെ തലേ ഞായറാഴ്ച പള്ളിയിൽ വന്ന് നമസ്കാരങ്ങൾ കേൾപ്പിച്ച് കുമ്പസാരിക്കുകയും തലേ ഞായറാഴ്ച തന്നെ വിളിച്ചുചൊല്ലുകയും .... പെണ്ണുകെട്ടിന് കരേറിയാൽ ഞായറാഴ്ച ഒരു നേരത്തെ വിരുന്നു കൊടുക്കുകയും കുടിവച്ചാൽ ഒരു നേരത്തെ വിരുന്നു കൊടുക്കുകയും .... കൂദാശകൾക്കും തമ്പുരാന്റെ മനോഗുണങ്ങൾക്കും ഭേദം ഇല്ലാത്തതാകകൊണ്ട് വയസ്സുമൂപ്പ് പോലെ നിർത്തി കെട്ടിച്ച് കൊൾകയും പിറ്റേ ഞായറാഴ്ചക്കകം കുടിവക്കയും...." (*കണ്ടനാട് ഗ്രന്ഥവരി,* പുറം 44).

ഇവിടെ പെണ്ണുകെട്ടൽ ഞായറാഴ്ച, കുമ്പസാരം ഞായറാഴ്ച, വിളിച്ചു ചൊല്ലൽ ഞായറാഴ്ച, പെണ്ണുകെട്ടിന്റെ വിരുന്ന് ഞായറാഴ്ച, ഇങ്ങനെ വിവാഹവുമായി ബന്ധപ്പെട്ട എല്ലാ സംഭവങ്ങളും ഞായറാഴ്ച ആയിരിക്കണമെന്ന് പള്ളിപ്രതിപുരുഷയോഗം – സുന്നഹദോസ് – നിശ്ചയിച്ചിരിക്കുന്നു.

ഇതിൻപ്രകാരം വിവാഹം ഒരു കൂദാശ എന്ന നിലയിൽ വിശുദ്ധ കർമ്മം ആയതിനാൽ വിവാഹവും അതിന്റെ വിരുന്നും ഞായറാഴ്ചകളിൽ (നോമ്പുകാലം ഒഴികെ) നടന്നിരുന്ന മലങ്കരസഭയിലെ ഈ പതിവിനെ അനുകൂലിക്കുന്ന നിയമങ്ങൾ കണ്ടനാട് പടിയോലയിൽ ഉണ്ടെങ്കിലും ഹൂദായകാനോനിൽ അതേക്കുറിച്ച് ഒന്നും പറയുന്നില്ല.

നവീകരണക്കാർ വിവാഹവും അതിന്റെ വിരുന്നും വിശുദ്ധ ദിവസമായ ഞായറാഴ്ച പാടില്ല എന്ന് പഠിപ്പിച്ചു വന്നു. വിശുദ്ധകാര്യങ്ങൾക്ക് മാത്രമായി ചെലവിടുവാൻ ബാദ്ധ്യസ്ഥമായ ഞായറാഴ്ചകളിൽ താരത

മ്യേന ലൗകിക കൂദാശയായ വിവാഹവും അതിന്റെ വിരുന്നും നടത്തുമ്പോൾ ശാബത് ലംഘനം സംഭവിക്കുമെന്ന് അവർ സിദ്ധാന്തിച്ചു. മലങ്കരസഭ ഞായറാഴ്ചയെ – കർത്തൃദിവസത്തെ – യോഗ്യമായി ആചരിക്കുന്നില്ല എന്ന് വരുത്തുവാൻ അവർ ഞായറാഴ്ച വിവാഹത്തെ ആയുധമാക്കി. ഞായറാഴ്ച വിവാഹത്തെ പിന്താങ്ങുന്ന പ്രമാണങ്ങൾ ഹൂദായ കാനോനിൽ ഇല്ലാതിരിക്കേ, ഹൂദായകാനോൻ പ്രമാണമാക്കുന്ന മലങ്കരസഭ ഞായറാഴ്ചകളിൽ വിവാഹവും വിവാഹവിരുന്നും നടത്തുന്നതെന്തുകൊണ്ട് എന്ന ചോദ്യം സെമിനാരിക്കേസിൽ ഉന്നയിക്കപ്പെട്ടാൽ അതിന് പ്രമാണത്തിന്റെ പിൻബലമുണ്ടാകണം. അതിനുവേണ്ടിയാണ് ഈ നിയമം എഴുതിച്ചേർത്തത്.

കണ്ടനാട് പടിയോലയിൽ ഉള്ളതിന് പുറമെ 1877 മകരം 15–ന് കൊച്ചീക്കോട്ട പള്ളിയിൽ നിന്ന് പത്രോസ് പാത്രിയർക്കീസ് പുറപ്പെടുവിച്ച പൊതു കൽപ്പനയിലും ഞായറാഴ്ച വിവാഹം നടത്തണമെന്ന് അനുശാസിച്ചിരിക്കുന്നത് കാണുക:

“വിവാഹം ഞായറാഴ്ച കുർബ്ബാന കഴിഞ്ഞതിന്റെശേഷം കഴിക്കണം. എന്നാൽ നോമ്പുകളിൽ ഉള്ള ഞായറാഴ്ചകളിലും പുതുഞായറാഴ്ച ഒഴികെ പെന്തിക്കോസ്തി ദിവസങ്ങളുടെ ഞായറാഴ്ചകളിലും വിവാഹം കഴിച്ചു കൂടാത്തതാകുന്നു” (*കണ്ടനാട് ഗ്രന്ഥവരി*, പുറം 662).

ഈ കൽപ്പനയെ പിന്താങ്ങുവാനും ഹൂദായകാനോനിൽ പുതിയ നിശ്ചയം എഴുതിച്ചേർത്തു. ഇവിടെ നിരീക്ഷിച്ച പന്ത്രണ്ട് വ്യത്യസ്തതകളും സൂക്ഷ്മമായി പരിശോധിച്ചാൽ ചില കാര്യങ്ങൾ നിഷ്പക്ഷമതികൾക്ക് ബോധ്യമാകും.

1. മലങ്കരസഭയിൽ ഉള്ളതും ഹൂദായകാനോനിൽ നിർദ്ദേശിക്കാത്തതുമായ പാരമ്പര്യങ്ങളെ നിയമവത്ക്കരിച്ച് കോടതികളിൽ സുരക്ഷിതരാവാൻ അവ എഴുതിച്ചേർത്തു.

2. സെമിനാരിക്കേസിൽ അവതരിപ്പിക്കാനുള്ള വാദമുഖങ്ങളെ ശക്തിപ്പെടുത്തുവാൻ അവ എഴുതിച്ചേർത്തു.

3. പത്രോസ് പാത്രിയർക്കീസിന്റെ കൽപ്പന മൂലം മലങ്കരയിൽ നടപ്പിലായ ചില ആചാരങ്ങൾക്ക് പ്രമാണങ്ങളുടെ ബലം നൽകുവാൻ അവ എഴുതിച്ചേർത്തു.*

ഹൂദായ (കാപ്പി) ക്കാനോനിൽ ഈ പന്ത്രണ്ട് വ്യത്യസ്തതയേ ഉള്ളൂ എന്ന് മലങ്കരസഭാ ചരിത്രകാരന്മാർ ആരും തിരിച്ചറിഞ്ഞതായി തോന്നുന്നില്ല. 18 അക്കം കാനോൻ കാപ്പിക്കാനോൻ തന്നെയാണെന്ന തെറ്റിദ്ധാരണയിലാണ് പല ഉന്നതന്മാരും അത് സംബന്ധമായി തെറ്റായ നിരീ

ക്ഷണങ്ങൾ നടത്തിയിട്ടുള്ളത്. ഹൂദായ (കാപ്പി) കാനോന്റെ മേൽ പിൽക്കാലത്ത് മാത്രം പ്രത്യക്ഷപ്പെട്ട 18 അക്കം കാനോന്റെ പാപഭാരം വച്ചുകെട്ടിയത് കാര്യങ്ങൾ വേണ്ടുംവിധം അറിയാതെയും പരിശോധിക്കാതെയും ആണെന്ന് ഇപ്പോൾ ലഭ്യമായ 'ഹോളണ്ട് കാനോനി'ലെ അനുബന്ധം നമ്മെ ബോധ്യപ്പെടുത്തുന്നു.

കോടതിയിൽ ഹാജരാക്കുവാൻ ഹൂദായ കാപ്പിക്കാനോന്റെ 40 അദ്ധ്യായങ്ങൾ എഴുതി തയാറാക്കുന്നതിൽ ആരൊക്കെ പങ്കാളികൾ ആയിരുന്നു എന്നത് ഇവിടെ സവിശേഷ പരിഗണന അർഹിക്കുന്നു.

1. അന്നത്തെ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ. അദ്ദേഹമാണ് ഇപ്രകാരമൊരു കാനോൻ തയാറാക്കാൻ അനുയായികളെ ചുമതലപ്പെടുത്തിയത്.

2. അന്നത്തെ വൈദികട്രസ്റ്റിയും മൽപാനുമായ കോനാട്ട് മാത്തൻ കത്തനാർ. അദ്ദേഹമാണ് കാനോന്റെ ആദ്യത്തെ പത്ത് അദ്ധ്യായങ്ങളിൽ മേൽപ്പറഞ്ഞ പന്ത്രണ്ട് വ്യത്യസ്തതയും എഴുതിച്ചേർത്തത്.

3. നിരണം മെത്രാസനത്തിന്റെ ചാത്തുരുത്തിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ. അദ്ദേഹമാണ് ഹൂദായ (കാപ്പി) കാനോന്റെ അവശേഷിച്ച മുപ്പത് അദ്ധ്യായങ്ങൾ പകർത്തിയത്.

4. കോനാട്ട് ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ. തുമ്പമണ്ണിന്റെ ചുമതല വഹിച്ച അദ്ദേഹമാണ് ഈ കാനോൻ കോടതിയിൽ ഹാജരാക്കിയത്.

EEE എന്ന അക്കം നൽകി കോടതിയിൽ സ്വീകരിച്ച ഹൂദായ കാപ്പിക്കാനോൻ തയാറാക്കുന്നതിനെപ്പറ്റി ഒരു സമകാലരേഖ ഈയിടെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. കോനാട്ട് മാത്തൻ മൽപാന്റെ ഡയറിയിൽ നിന്ന് ഉദ്ധരിച്ച് ചേർത്ത ആ വിവരം ഇപ്രകാരമാണ്:

"കാനോനാ പഴയത് ഹാജരാക്കിയാൽ പാത്രിയർക്കീസ് ബാവാ അച്ചടിപ്പിച്ച നടപടിക്രമത്തിന് എതിരായി വരുന്നതാകയാൽ വേറെ വേണമെന്ന് പുലിക്കോട്ടിൽ മെത്രാച്ചൻ കൽപിച്ചതിനാൽ പഴയതിൽ നിന്ന് ഭേദപ്പെടുത്തി പത്ത് കേപ്പാലയോൻ ഞാനും ശേഷം ചാത്തുരുത്തിൽ മെത്രാച്ചനും എഴുതി പഴയതാക്കിയിട്ട് ഹാജരാക്കിയത്" (മാത്തൻ മൽപാൻ, ഡയറി ബുക്ക് നമ്പർ 1, കോനാട്ട് ഗ്രന്ഥശേഖരം, മലയാളം നമ്പർ 372, പി. തോമസ്: കോനാട്ട് മാത്തൻ മൽപാൻ: ഒരു ലഘു ജീവചരിത്രം. (ലേഖനം) മലങ്കര മൽപാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ: വ്യക്തിയും കാലവും, എഡിറ്റർ: ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, 2006).

നൂറ് ശതമാനവും വ്യാജൻ ആയ മലങ്കരക്കാനോനെ പ്രതിരോധിക്കുവാൻ മലങ്കരസഭയിലെ പിതാക്കന്മാർ തയാറാക്കി അവതരിപ്പിച്ച ഹൂദായ (കാപ്പി) കാനോനിൽ തരിമ്പും വ്യാജമില്ല എന്നാണ് നാം കണ്ടത്.

എന്നാൽ സാങ്കേതികമായി ഈ കാനോന് ന്യൂനതയുണ്ട്. കൂട്ടിച്ചേർത്ത കാനോനാകൾ മുമ്പ് മലങ്കരസഭയിലെ പാരമ്പര്യം, പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ അഭിപ്രായം, കണ്ടനാട് സുന്നഹദോസ് നിശ്ചയം തുടങ്ങിയ ശീർഷകങ്ങളിൽ ആണ് ചേർക്കേണ്ടിയിരുന്നത്. അത് ചെയ്യാതെ പൂർവിക ശീർഷകങ്ങൾക്ക് കീഴിൽ ഇവ എഴുതി ചേർത്തതുകൊണ്ടാണ് ഈ കാനോന് സാങ്കേതികമായി ന്യൂനതയുണ്ടെന്ന് ഈ ഗ്രന്ഥകാരൻ സൂചിപ്പിച്ചത്. അന്നത്തെ നിയമവിദഗ്ദ്ധരുടെ ഉപദേശമാകാം ഈ കാര്യത്തിൽ അവർ പ്രമാണമാക്കിയത്.

* വിവാഹവും വിവാഹവിരുന്നും സംബന്ധിച്ച് നവീകരണക്കാർ അവലംബിച്ച ശാബതാചരണത്തെ സംബന്ധിച്ച് വിചിത്രമായ ഒരു അനുഭവം ഈ ഗ്രന്ഥകാരന് പങ്കുവെയ്ക്കുവാനുണ്ട്. ഈ ഗ്രന്ഥകാരൻ ഇപ്പോൾ താമസിക്കുന്നത് ഒരു മാർത്തോമ്മാ സഭയുടെ ദേവാലയത്തിന് സമീപമാണ്. ഡിസംബറിലെ 25 നോമ്പിലാണ് അവിടെ 'കൊയ്ത്തുത്സവം' എന്ന മാമാങ്കം സംഘടിപ്പിക്കാറുള്ളത്. നോമ്പിലെ ഒരു ഞായറാഴ്ച നടത്തുന്ന ഉത്സവം പള്ളിയിൽ വച്ചും പള്ളിക്കോമ്പൗണ്ടിലുള്ള സ്കൂളിൽ വച്ചുമാണ് നടത്തപ്പെടുക. പ്രഭാത ഭക്ഷണവും മദ്ധ്യാഹ്ന ഭക്ഷണവും മറ്റും അവിടെ ലഭ്യമാണ്. അവയൊക്കെ തയാറാക്കുന്നത് പള്ളിയുടെ സമീപത്ത് ഇടവകയിലെ ആത്മീയ പ്രവർത്തകരുടെയും ഭരണക്കാരുടെയും ചുമതലയിലാണ്. ആളുകൾക്ക് പണം കൊടുത്താൽ യഥേഷ്ടം ആട്, കോഴി, പോത്ത് തുടങ്ങിയ നോൺ വെജിറ്റേറിയൻ വിഭവങ്ങൾ ലഭിക്കും. നേരത്തെ ടിക്കറ്റെടുത്ത് റിസർവ്വ് ചെയ്താൽ ക്ഷണിക്കപ്പെട്ട അതിഥികൾക്കും ഇവ ലഭ്യമാണ്. പള്ളിയുടെ അയൽക്കാരനെന്ന നിലയിൽ ഈ മാമാങ്കത്തിലേക്ക് ഈ ഗ്രന്ഥകാരനും ക്ഷണിക്കപ്പെട്ടു. നോമ്പിൽ സസ്യേതര ഭക്ഷണങ്ങൾ ഔദ്യോഗികമായി വിതരണം ചെയ്യുന്ന മാമാങ്കത്തിലെ പങ്കാളിത്തം ഞാൻ നന്ദിപൂർവ്വം നിരസിച്ചു. വിവാഹവും വിവാഹവിരുന്നും ഞായറാഴ്ചകളിൽ പാടില്ല എന്ന് വിലക്കിയ പൂർവികരെ നോമ്പിലെ ഞായറാഴ്ചയിൽ അവ ആഘോഷപൂർവം വിതരണം ചെയ്തുകൊണ്ട് പിൻഗാമികൾ തിരുത്തുന്നത് കൗതുകപൂർവ്വം ഈ ഗ്രന്ഥകാരൻ വീക്ഷിക്കുന്നു. ആദ്യവർഷം ഈ വൈരുദ്ധ്യം ചൂണ്ടിക്കാട്ടിയതുകൊണ്ടാവാം പിന്നീടുള്ള വർഷങ്ങളിൽ ഈ മാമാങ്കത്തിന് അയൽക്കാരനായ എന്നെ ക്ഷണിക്കുന്ന പതിവ് അവർ ആവർത്തിക്കുന്നില്ല. കൊയ്ത്തുത്സവം എന്ന മാമാങ്കത്തിന്റെ അത്രയും വിശുദ്ധി വിവാഹത്തിനും വിവാഹവിരുന്നിനും ഇല്ലായിരിക്കാം!!

## അദ്ധ്യായം 11

# പതിനെട്ടക്കം ഹൂദായ കാനോൻ

1913 കർക്കിടകത്തിൽ 94 എന്ന നമ്പരിൽ തിരുവനന്തപുരം ഡിസ്ട്രിക്ട് കോടതിയിൽ ഇന്ത്യാ സ്റ്റേറ്റ് സെക്രട്ടറി സമർപ്പിച്ച 'ഇന്റർപ്ലീഡർ സൂട്ട്' ആണ് 18 അക്കം കാനോന്റെ അവതരണ രംഗം. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, പാലപ്പിള്ളിൽ പൗലൂസ് കത്തനാർ, ചിറക്കടവിൽ അബ്രഹാം കോരുള എന്നീ സംഘത്തിനാണോ, പാണമ്പടി പൗലൂസ് മാർ കൂറിലോസ്, കോനാട്ട് മാത്തൻ മൽപാൻ, സി. ജെ. കുരിയൻ എന്നീ സംഘത്തിനാണോ വട്ടിപ്പണത്തിന്റെ പലിശ വാങ്ങുവാൻ അർഹത എന്നാണ് ആ കേസ് ചർച്ച ചെയ്തത്. മാർ കൂറിലോസിന്റെ അവകാശ വാദങ്ങൾ സാധൂകരിക്കണമെങ്കിൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ പാത്രിയർക്കീസ് മുടക്കിയത് ന്യായപ്രകാരമാണെന്ന് സ്ഥാപിക്കേണ്ടിയിരുന്നു. അതിന്റെ ആവശ്യത്തിനാണ് 18 അക്കം ഹൂദായ കാനോൻ തയാറാക്കി ഹാജരാക്കിയത്. 18 അക്കം കാനോൻ കോടതിയിൽ ഹാജരാക്കിയ കോനാട്ട് മാത്തൻ മൽപാൻ താൻ ഹാജരാക്കുന്ന കാനോൻ സത്യ കാനോൻ ആണെന്നും കേസിലെ ഇരുകക്ഷികളും അടങ്ങിയ അവിഭക്തസഭ സെമിനാരിക്കേസിൽ ഹാജരാക്കിയ കാനോൻ ഇതുതന്നെയാണെന്ന് സത്യം ചെയ്തു മൊഴി നൽകി. അതോടെ സെമിനാരിക്കേസിൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന് വേണ്ടി ഹാജരാക്കപ്പെട്ട EEE അക്കം കാനോനും വട്ടിപ്പണക്കേസിൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന് എതിരായി കോനാട്ട് മാത്തൻ മൽപാൻ ഹാജരാക്കിയ 18 അക്കം കാനോനും ഒന്നുതന്നെ എന്ന് വിശിഷ്ട വ്യക്തികൾ പോലും ധരിക്കാനിടയായി. ഈ ധാരണ പ്രചരിക്കുവാൻ അനുകൂലമായ കാലാവസ്ഥ അന്നു നിലവിലിരുന്നു.

1. സെമിനാരിക്കേസിന്റെ കാലത്തും വട്ടിപ്പണക്കേസിന്റെ കാലത്തും വൈദികട്രസ്റ്റി കോനാട്ട് മാത്തൻ മൽപാൻ ആയിരുന്നു.

2. സെമിനാരിക്കേസിൽ EEE അക്കം കാനോൻ ഹാജരാക്കിയ കോനാട്ട് ഗീവറുഗീസ് മാർ യൂലിയോസ് മെത്രാൻ വട്ടിപ്പണക്കേസിലെ കോനാട്ട് മൽപാന്റെ പിതൃസഹോദരൻ ആയിരുന്നു.

3. കോനാട്ട് മൽപാൻ നടത്തിയ അവകാശവാദത്തെ ആരും കോടതിയിൽ നിഷേധിച്ചില്ല.

EEE അക്കം കാനോനിൽ തിരുത്തലുകൾ ഉണ്ട് എന്നല്ലാതെ ആ തിരുത്തലുകളുടെ ആഴവും വ്യാപ്തിയും അറിയുന്നവർ വട്ടിപ്പണക്കേസിന്റെ

തലമുറയിൽ ആരുമില്ലായിരുന്നു. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ഉൾപ്പെടെയുള്ള കക്ഷികൾ മൂന്ന് പതിറ്റാണ്ടിന് മുമ്പ് നടന്ന സെമിനാരി വ്യവഹാര കാര്യങ്ങളിൽ ഉദാസീനതയാണ് പുലർത്തിയിരുന്നത്. സെമിനാരി വ്യവഹാരം തന്നെ ആവശ്യമില്ലാത്തതായിരുന്നുവെന്ന് പിൽക്കാലത്ത് അദ്ദേഹം വിശദീകരിക്കുന്നുണ്ട്: “കഴിഞ്ഞ കാലത്ത് മാർത്തോമ്മാക്കാരും നമ്മളും തമ്മിൽ ഉണ്ടായിട്ടുള്ള വാശിയും വഴക്കുകളും ഇപ്പോൾ ഓർത്തുനോക്കിയിട്ട് എത്രയോ അപ്രധാനങ്ങളായ കാര്യങ്ങൾക്ക് വേണ്ടിയായിരുന്നുവെന്ന് ഞാൻ കാണുന്നു” (കെ. സി. മാമ്മൻ മാപ്പിള, ജീവിതസ്മരണകൾ, പുറം 32).

അപ്രധാനങ്ങളായ കാര്യങ്ങളെ ചൊല്ലിയുണ്ടായ ഒരു വ്യവഹാരത്തിൽ പിൽക്കാല മലങ്കരമെത്രാപ്പോലീത്താ ഉദാസീനത കാണിച്ചതാവാം. തന്മൂലം സെമിനാരിക്കേസിൽ ഹാജരാക്കിയ EEE അക്കം കാനോനിൽ തിരുത്തലുകൾ ഉണ്ടെന്ന സാധാരണക്കാരന്റെ അറിവല്ലാതെ അതിന്റെ വ്യാപ്തിയെപ്പറ്റിയോ ആഴത്തെപ്പറ്റിയോ അദ്ദേഹം അറിയാതിരുന്നതിൽ അദ്ദേഹത്തെ കുറ്റപ്പെടുത്താനാവില്ല (സഭയിലെ ദൈവമാതാവിനോടും പരിശുദ്ധന്മാരോടും ഉള്ള മദ്ധ്യസ്ഥതയും മരിച്ചുപോയവർക്കു വേണ്ടിയുള്ള പ്രാർത്ഥനകളും അദ്ദേഹം അപ്രധാനമായി കരുതിയത് നമ്മെ വിസ്മയിപ്പിക്കുന്നു. ‘അഭിപ്രായവ്യത്യാസം കൂദാശകളെ സംബന്ധിച്ച് മാത്രമേയുള്ളു’ എന്ന അദ്ദേഹത്തിന്റെ പ്രസ്താവന, അവയും അപ്രധാന വിഷയങ്ങൾ ആണെന്ന ധ്വനിയാണ് നൽകുന്നത്). മൂന്ന് പതിറ്റാണ്ടിന് ശേഷം EEE അക്കം കാനോനിലെ വ്യത്യസ്തതകൾ നേരിട്ട് അറിയാമായിരുന്നത് തിരുത്തുകാനോന്റെ അവശേഷിച്ച ഏക പ്രതി കൈവശംവച്ച് സൂക്ഷിച്ച കോനാട്ട് മാത്തൻ മൽപാന് മാത്രം ആയിരുന്നു. തന്മൂലം അദ്ദേഹത്തിന്റെ അവകാശവാദം ആർക്കും നിഷേധിക്കാനായില്ല.

നേരിട്ട് അറിവില്ലാതെ മൂന്ന് പതിറ്റാണ്ടിന് ശേഷം വട്ടശ്ശേരിൽ മെത്രാപ്പോലീത്തായിൽ നിന്ന് ലഭിച്ച വസ്തുതാപരങ്ങളല്ലാത്ത വിവരങ്ങളാണ് ആ തലമുറയിലുള്ളവർ സത്യം അറിയാതെ പല ഘട്ടങ്ങളിലും പ്രതിപാദിച്ചിട്ടുള്ളത്. ഇസ്സഡ്. എം. പാറേട്ട് എഴുതുന്നത് കാണുക: “എന്നാൽ 18 അക്കം കാനോൻ പുസ്തകത്തെപ്പറ്റി പറയുന്നതായാൽ ഇത് 1052 ഇടയ്ക്ക് (1877) ഉണ്ടായ സെമിനാരിക്കേസിന്റെ ആവശ്യത്തിലേക്ക് യഥാർത്ഥ കാനോൻ തിരുത്തി എഴുതിയത് സ്വന്തം കണ്ണുകൊണ്ട് കണ്ടിട്ടുള്ളവരും അങ്ങനെ കണ്ടിട്ടുള്ളവരിൽ നിന്ന് നേരിട്ടറിഞ്ഞിട്ടുള്ളവരും ഇന്ന് ജീവിച്ചിരിപ്പുണ്ട്. ...” (*മലങ്കര നസ്രാണികൾ*, 4-ാം വാല്യം, പുറം 497).

സെമിനാരിക്കേസിന്റെ കാലത്ത് സമുദായ സെക്രട്ടറിയും ഇടവകപത്രികയുടെ പത്രാധിപരും ആയിരുന്ന ഇ. എം. ഫിലിപ്പ് പോലും കാര്യങ്ങൾ

വേണ്ടത്ര വ്യക്തതയോടെ ഗ്രഹിച്ചുവോ എന്ന് സംശയമാണ്. അദ്ദേഹം എഴുതുന്നു: "... ബാവായ്ക്ക് സർവാധികാരവും ഉണ്ടെന്ന് ബാവാ പറയുന്നു. ഈ ഭാഗം നീതീകരിപ്പാൻ ഒരു ആധാരവും കാണുന്നില്ല. കാനോനികമോ സഭാചരിത്രമോ ഏതെടുത്താലും അപ്പീലുകളും തീരുമാനങ്ങളും എല്ലാം എപ്പിസ്കോപ്പ (ൽ) സുന്നഹദോസിനാണ്. മെത്രാൻ വാഴ്ചയും മൂറോൻ കൂദാശയും മെത്രാന്മാർക്കുമാകാം. സെമിനാരി നമ്പറിന്റെ കാലത്ത് ഈ വിഷമം നല്ലപോലെ മനസ്സിലാക്കിയതാണ്. അതുകൊണ്ടാണ് അന്ന് കള്ളക്കാനോൻ ഉണ്ടാക്കി ഫയൽ ചെയ്തത്. ആ പുസ്തകം കോനാട്ടച്ചൻ മടക്കി വാങ്ങി നശിപ്പിച്ചു കളഞ്ഞു (നശിപ്പിച്ചു കളഞ്ഞു എന്ന് മാലോകരെ പറഞ്ഞു വിശ്വസിപ്പിച്ചു എങ്കിലും സത്യം അതല്ല. അദ്ദേഹം അത് രഹസ്യമായി സൂക്ഷിച്ചു. പിന്നീട് ആ പുസ്തകം മഞ്ഞനിക്കര ദയറായിൽ സൂക്ഷിക്കാൻ ഏൽപ്പിച്ചു. ആ പുസ്തകം സിറിയൻ സഭയിലെ ശീശക് മാർ യൂലിയോസ് മെത്രാപ്പോലീത്താ - യൂറോപ്പിന്റെ മെത്രാൻ - യുടെ കൈവശം വന്നുചേർന്നു. അദ്ദേഹം 1986-ൽ ഹോളണ്ടിൽ നിന്ന് ഹൂദായകാനോന്റെ 40 അധ്യായങ്ങളും മാറാനായ സുറിയാനി ലിപിയിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചപ്പോൾ അതിന്റെ അനുബന്ധമായി മലങ്കരസഭയിലെ ഉയർന്ന കോടതികൾ - റോയൽ കോർട്ട് - അംഗീകരിച്ച കാനോനിലെ വ്യത്യസ്തതകൾ അനുബന്ധമായി പ്രസിദ്ധപ്പെടുത്തി. EEE അക്കം കാനോനിൽ ചേർത്ത 12 വ്യത്യസ്തതകൾ അതിൽ നമുക്ക് കാണാം (പുറം 334, 335). ഈ കാനോൻ വെട്ടിയ്ക്കൽ ഉദയഗിരി സെമിനാരിയിൽ പരസ്യപ്പെടുത്താനാവാതെ സൂക്ഷിച്ചിരിക്കുന്നു. എ അക്കം കാനോൻ സത്യസന്ധമെന്ന് തെളിയിക്കുന്ന ഈ കാനോൻ പ്രചരിച്ചാൽ തങ്ങൾ സത്യകാനോൻ എന്ന് ലേബൽ നൽകി പ്രസിദ്ധീകരിച്ചുപോരുന്ന 18 അക്കം കാനോന്റെ വ്യാജസ്വഭാവം മാലോകർ അറിയുമല്ലോ എന്ന ഭീതിയാണ് ഇതിന്റെ പിന്നിൽ. പാത്രിയർക്കീസ് ഭാഗത്തെ എബി പാത്തിക്കൽ റമ്പാച്ചനായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ കൈവശമുള്ള ഹോളണ്ട് കാനോന്റെ ഫോട്ടോ കോപ്പി ഈ ഗ്രന്ഥകാരന് ലഭിച്ചു. അത് പരിശോധിച്ചപ്പോഴാണ് കാനോന്റെ കള്ളക്കഥകൾ വെളിപ്പെട്ടത്.)

'ശാന്തനും എപ്പോഴും സത്യത്തെ മുറുകെപിടിക്കുന്നവനും എന്ന് എല്ലാവരും സമ്മതിക്കുന്ന എൻ. ഐ. പോത്തൻ (ശെമ്മാശൻ) പറഞ്ഞു; "... ഈ വിധി സ്വീകരിച്ച് ജീവിക്കാൻ നമുക്ക് ഒരുനാളും സാധിക്കയില്ല. നമ്മുടെ സന്താന പരമ്പരകൾക്കും നീണ്ടുനിൽക്കുന്ന ദോഷമാണ് ഈ വിധി മൂലം (രാഘവ അയ്യങ്കാരുടെ ഹൈക്കോടതിവിധി) ഉണ്ടായിരിക്കുന്നത്. സഭയുടെ വിശ്വാസാചാരങ്ങൾക്ക് ആധാരമായ കാനോൻ ഈ വിധി മൂലം നമുക്ക് നഷ്ടപ്പെടുന്നു. 18 അക്കത്തിന്റെ ഉത്ഭവത്തെപ്പറ്റി എല്ലാവർക്കുംതന്നെ അറിവുള്ളതാകയാൽ ഞാൻ കൂടുതലൊന്നും പറയുന്നില്ല.

ഭൂമുഖത്തുള്ള മറ്റ് കാതോലിക സഭകളിൽ എല്ലാം തെരഞ്ഞാലും ഇത്തരം ഒന്ന് കാണില്ല. പിതാക്കന്മാർ പാപം ചെയ്തു, അതിന്റെ ശിക്ഷ നാം അനുഭവിക്കുന്നു. നമ്മുടെ സന്തതികളുടെ കഴുത്തിലും ഈ നുകം കയറ്റണമെന്നോ? ഒരുനാളും അതിന് സമ്മതിക്കരുതേ" (*മലങ്കര നസ്രാണികൾ*, വാല്യം നാല്, പുറം 663).

ഈ നിലപാട് വട്ടിപ്പണക്കേസിന്റെ തലമുറ സത്യമറിയാതെ പ്രചരിപ്പിച്ചത് ഈ തലമുറയിലും പ്രാമാണികന്മാർ ആവർത്തിക്കുന്നത് പ. മാത്യൂസ് പ്രഥമൻ ബാവായുടെ പ്രസ്താവനയിൽ (മുൻ അധ്യായത്തിൽ) നാം കണ്ടുവല്ലോ. പുലിക്കോട്ടിൽ മെത്രാച്ചനും പരുമല മെത്രാച്ചനും ചേർന്നാണ് ഈ വിവാദ EEE അക്കം കാപ്പിക്കാനോൻ തയാറാക്കിയത് എന്ന ചരിത്രസത്യം അറിഞ്ഞിരുന്നെങ്കിൽ അവർ ഈ അപക്വമായ പ്രസ്താവന പുറപ്പെടുവിക്കുമായിരുന്നില്ല.

സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാൻ സ്വന്തം കൈ കൊണ്ട് എഴുതി ശരിപ്പെടുത്തിയതാണ് 18 അക്കം കാനോൻ എന്ന് ആണയിട്ടു പറയുന്ന പാറേട്ട് (വാല്യം 4, പുറം 696) കാപ്പിക്കാനോൻ എന്ന് പ്രചരിച്ച EEE അക്കം കാനോൻ സെമിനാരിക്കേസിൽ ഹാജരാക്കിയ 1879-ൽ മാർ ഒസ്താത്തിയോസ് മലങ്കരയിൽ എത്തിയിരുന്നില്ല എന്ന സത്യം ഓർക്കാതെ പോയി. 1880-ലാണ് അദ്ദേഹം ശെമ്മാശനായി ശെമവൂൻ മാർ അത്താനാസ്യോസിന്റെ കൂടെ മലങ്കരയിലെത്തിയത് (സഭാചരിത്ര വിജ്ഞാനകോശം, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, പുറം 149). അതിന് മുമ്പേ ഹാജരാക്കപ്പെട്ട കാപ്പിക്കാനോൻ അദ്ദേഹത്തിന്റെ സൃഷ്ടിയാവുന്നതെങ്ങനെ? ഹൂദായ (കാപ്പി) ക്കാനോന്റെ നിർമ്മിതാക്കൾ കോനാട്ട് മാത്തൻ മൽപാനും (ആദ്യത്തെ പത്ത് അധ്യായങ്ങൾ) പരുമല മാർ ഗ്രീഗോറിയോസും (അവസാനത്തെ മുപ്പത് അദ്ധ്യായങ്ങൾ) ആണെന്ന് കോനാട്ടച്ചന്റെ ഡയറിയിലെ പരാമർശം പ്രസിദ്ധീകരിക്കപ്പെട്ടതോടെ അതിന്റെ നിർമ്മിതിയിൽ മാർ ഒസ്താത്തിയോസിന് പങ്കുള്ളതായി പാറേട്ടും മറ്റും പറയുന്ന പ്രസ്താവന വസ്തുതാപരമായി ശരിയല്ലെന്നു വരുന്നു.

എന്നാൽ 18 അക്കം കാനോന്റെ നിർമ്മിതിയിൽ മാർ ഒസ്താത്തിയോസ് മെത്രാച്ചന് പൂർണ്ണ ഉത്തരവാദിത്തമാണുള്ളത്. വട്ടശ്ശേരിൽ മെത്രാച്ചന്റെ മുടക്കു ശാശ്വതീകരിക്കുവാനും രണ്ടാമത്തെ ബാർ എബ്രായ ആയി സ്വയം അറിയപ്പെടാനും അദ്ദേഹം കാണിച്ച വ്യഗ്രതയാണ് ആ കാനോൻ നിർമ്മിതിക്ക് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. അദ്ദേഹം സ്വന്തം കൈപ്പടയിൽ പെൻസിൽകൊണ്ട് തിരുത്തലുകൾ എഴുതി ചേർത്ത കാനോൻ ഈ ഗ്രന്ഥകാരന്റെ കൈവശം ഉണ്ട്. പുതുപ്പള്ളിയിലെ ഒരു ശിഷ്യൻ, സഭാചരിത്ര ഗവേഷണം നടത്തുന്ന സ്വന്തം ഗുരുനാഥന് സമ്മാ

നിച്ചതാണ് ആ സുറിയാനി കൈയെഴുത്തു ഗ്രന്ഥം. പുതുപ്പള്ളി പടിഞ്ഞാറേക്കുറ്റ് യാക്കോബ് കശ്ശീശായുടെ മകൻ ഗീവറുഗീസ് കശ്ശീശാ 1890–ൽ പകർത്തി എഴുതിയ ഈ സുറിയാനി കൈയെഴുത്തു കാനോനിലാണ്, പാത്രിയർക്കീസിന് സാക്ഷാൽ ഹൂദായ കാനോനിൽ ഇല്ലാത്ത അധികാരങ്ങൾ ഉണ്ടെന്നുള്ള നിയമങ്ങൾ രേഖപ്പെടുത്തുവാനുള്ള റഫ് വർക്ക് ചെയ്തിട്ടുള്ളത്. 1990–ൽ ഈ കാനോൻ എന്റെ കൈവശം വന്നു ചേർന്നു. ആദ്യത്തെ പത്ത് അദ്ധ്യായങ്ങളിലായി 195 ഭേദഗതികളാണ് അദ്ദേഹം അക്കമിട്ട് കൊടുത്തിരിക്കുന്നത്. അസംഖ്യം പദങ്ങളും വാക്യങ്ങളും ഖണ്ഡികകളും നീക്കം ചെയ്തിട്ടുമുണ്ട്. മൂറോൻ കൂദാശയുടെ പ്രധാന കാർമ്മികനെ 'റീശ് കൊഹനെ' എന്ന് മാത്രമേ സാക്ഷാൽ ഹൂദായ കാനോൻ വിശേഷിപ്പിച്ചിട്ടുള്ളു. ആ പ്രയോഗങ്ങളെല്ലാം മാറ്റി 'റീശ് കൊഹനെ'യ്ക്കു പകരം 'പാത്രിയർക്കീസ്' എന്ന് ബ്രാക്കറ്റിൽ തിരുത്ത് നിർദ്ദേശിച്ചിരിക്കുന്നു. 18 മുതൽ 23 വരെ 6 തിരുത്തുകൾ 'റീശ് കൊഹനെ'യെ 'പാത്രിയർക്കീസ്' ആക്കുവാൻ വേണ്ടി നടത്തിയ തിരുത്തലുകളാണ്.

യൗനായ കാലം 1180 ശ്ബോത്ത് മാസത്തിൽ കപ്പർത്തൂത്തായിൽ ചേർന്ന സുന്നഹദോസ് സ്വീകരിച്ച എട്ട് നിശ്ചയങ്ങൾ നീക്കം ചെയ്തവയുടെ കൂട്ടത്തിൽ പ്രധാനപ്പെട്ട ഭാഗമാണ് (കാതോലിക്കാ–പാത്രിയർക്കാ ബന്ധവും കാതോലിക്കായുടെ സ്ഥാനവും നീക്കം ചെയ്യേണ്ടത് മാർ ഒസ്താത്തിയോസിന് ആവശ്യമായിരുന്നു. 1912–ൽ കാതോലിക്കേറ്റ് മലങ്കരയിൽ പുനഃസ്ഥാപിതമായതിന് ശേഷമാണ് മാർ ഒസ്താത്തിയോസ് 18 അക്കം കാനോനിലെ തിരുത്തലുകൾ നടത്തിയതെന്ന് ഇത്തരുണത്തിൽ സംശയിക്കേണ്ടിയിരിക്കുന്നു.).

18 അക്കം കാനോനെപ്പറ്റി വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് 1918–ൽ ചിങ്ങം 19–ന് കോടതി വിസ്താരത്തിൽ നൽകിയ ചില മൊഴികൾ താഴെ ചേർക്കുന്നു:

### 18 അക്കം വ്യാജനിർമ്മിത കാനോൻ

ചോ. 18 അക്കം ശരിയായ ഹൂദായകാനോൻ പുസ്തകം ആണോ?

ഉ. അല്ല. അത് ശരിയായ ഹൂദായകാനോൻ പുസ്തകം അല്ല. ഇത് വ്യാജനിർമ്മിതമാണ്. 18 അക്കം ഒസ്താത്തിയോസ് മെത്രാന്റെ കൈപ്പടയാണ്.

ചോ. ഇത് ശരിയായ കാനോൻ പുസ്തകം അല്ലെന്ന് പറയുന്നതിന്റെ കാരണം എന്താണ്?

ഉ. ഇതിൽ പാത്രിയർക്കീസിന് ന്യായമായിട്ടുള്ള അധികാരത്തിൽ കൂടു

തലായ അധികാരം ഉണ്ടെന്ന് വരുത്തുവാൻ വേണ്ടി പാത്രിയർക്കീസിന്റെ അധികാരങ്ങളെക്കുറിച്ച് പറയുന്ന സ്ഥലങ്ങളിൽ ചിലയിടത്ത് കൂടുതൽ എഴുതിച്ചേർക്കുകയും ചിലയിടത്ത് നിന്ന് എടുത്ത് കളയുകയും ചെയ്തിട്ടുണ്ട് (*മലങ്കരനസ്രാണികൾ*, 8-ാം വാല്യം, പുറം 123, 124).

“18 അക്കം (തിരുത്ത് കാനോൻ എന്ന് പിൽക്കാലത്ത് അറിയപ്പെട്ട പുസ്തകം) ഞാൻ ആദ്യമായി കണ്ടത് എന്റെ ഇവിടത്തെ വിസ്താര സമയത്താണ് (1918-ൽ). ആ പുസ്തകം മുഴുവൻ ഞാൻ പരിശോധിച്ചിട്ടില്ല. 18 അക്കം പുസ്തകത്തിന്റെ മുഴുവൻ പകർപ്പും ഞാൻ വായിച്ചിട്ടില്ല. 18 അക്കത്തിൽ ആദ്യത്തെ എട്ട് അധ്യായങ്ങളുടെ പകർപ്പ് മിക്കവാറും ഞാൻ വായിച്ചിട്ടുണ്ട്. രണ്ടു മൂന്നു നാല് വർഷത്തിനകമാണ് ഞാൻ ആ പകർപ്പ് ആദ്യം വായിച്ചത്. ഞാൻ അന്ന് ആദ്യം വായിച്ചത് കോട്ടയം പഴയസെമിനാരിയിൽ വച്ചാണ്. ഞാൻ ഈ കേസിൽ പത്രിക കൊടുത്തശേഷമാണ് അത് ഞാൻ വായിച്ചത്.

ചോദ്യം: അവിടുന്ന് വായിച്ച ആ പകർപ്പ് അവിടത്തേക്ക് എങ്ങനെ കിട്ടി?

ഉത്തരം: രണ്ടാം പ്രതിയും ഫാ. പി. റ്റി. ഗീവറുഗീസും പൂതകുഴിയിൽ അബ്രഹാം കത്തനാരും കൊണ്ടുവന്നു തന്ന നോട്ടുകളിൽ നിന്നും പകർപ്പുകളിൽ നിന്നുമാണ്. ആ നോട്ടുകളും പകർപ്പുകളും അവർ 18 അക്കത്തിൽ നിന്നും പകർത്തി എടുത്തതാണ്.

ചോദ്യം: 18 അക്കം എവിടെ ഇരിക്കുമ്പോഴാണ് അവർ ആ നോട്ടുകളും പകർപ്പുകളും എടുത്തത്?

ഉത്തരം: മൂവാറ്റുപുഴ സമരിക്കേസിന്റെ കാലത്തും തൃശൂർ നടന്ന ആർത്താറ്റ് പള്ളിക്കേസ് (113 അക്കം കേസ്) കാലത്തും. ഈ കേസ് കാലത്ത് കോടതികളിൽ നിന്ന് അവർ എഴുതി എടുത്ത് കൊണ്ടുവന്നു തന്നതാണ്.

ചോദ്യം: 18 അക്കം പുസ്തകം വ്യാജ നിർമ്മിതമാണെന്ന് അവിടുന്ന് പറഞ്ഞിട്ടുള്ളത് 18 അക്കവും എ അക്കവും തമ്മിൽ യോജിക്കുന്നില്ല എന്നതുകൊണ്ടാണോ?

ഉത്തരം: 18 അക്കം എ അക്കത്തോടും ബി അക്കത്തോടും യോജിക്കാത്തത് എന്റെ അഭിപ്രായത്തിനുള്ള ഒരു കാരണമാണ്.

ചോദ്യം: 18 അക്കം വ്യാജനിർമ്മിതമാണെന്ന് അവിടുത്തേക്ക് നേരിട്ടല്ല അറിവുമുണ്ടോ?

ഉത്തരം: ഇപ്പോൾ നേരിട്ട് അറിവുണ്ട്. അത്, ഇത് നോക്കിയതിന്റെ ശേഷമുള്ള അറിവിനെക്കുറിച്ച് പറയുന്നതാണ്.

ചോദ്യം: 18 അക്ക പുസ്തകം വ്യാജനിർമ്മിതമാണെന്ന് അവിടുത്തേക്ക് ആദ്യമായി തോന്നിയിട്ടുള്ളത് എന്നാണ്?

ഉത്തരം: 18 അക്കം വ്യാജനിർമ്മിതമാണെന്ന് ആദ്യമായി എനിക്ക് തോന്നിയത് മൂവാറ്റുപുഴ സമരിക്കേസ് കാലത്താണ്. മൂവാറ്റുപുഴ സമരിക്കേസ് എന്ന് പറഞ്ഞത് 87-ൽ 1-ാം നമ്പർ കേസ് ആണ് (1912). 18 അക്കത്തിൽ ചിലടത്ത് കൂടുതൽ ചേർക്കയും ചിലടത്തുനിന്ന് എടുത്ത് കളയുകയും ചെയ്തിട്ടുണ്ടെന്ന് ഞാൻ പറഞ്ഞത് മൂവാറ്റുപുഴ സമരിക്കേസ് കാലത്ത് എനിക്ക് കിട്ടിയ അറിവ് കൊണ്ടാണ്. ആ അറിവ് രണ്ടാം പ്രതിയിൽ നിന്ന് കിട്ടിയ അറിവാണ്.

ചോ. 18 അക്കത്തെ മുമ്പിലത്തെ തൃശൂർ-ആർത്താറ്റ് കേസ് കാലത്ത് അവിടുന്ന് കാണുകയും അതിനെപ്പറ്റി മൊഴി കൊടുക്കുകയും ചെയ്തിട്ടില്ലേ?

ഉ. എനിക്കറിവില്ല.

ചോ. അവിടുന്ന് മൊഴി കൊടുത്തിട്ടുള്ളതായ മുമ്പിലത്തെ ആർത്താറ്റ് കേസിൽ ഈ 18 അക്കം ഹാജരാക്കിയിരുന്നില്ലേ?

ഉ. എനിക്കറിവില്ല. ആ കേസിൽ ഞാൻ മൊഴി കൊടുത്തിട്ടുള്ളത് മാർ ജോസഫ് ദീവന്നാസ്യോസിന്റെ ഭാഗത്തേക്കാണ്. ആ കേസിൽ മാർ ജോസഫ് ദീവന്നാസ്യോസിന്റെ ഭാഗത്തേക്ക് കാനോൻ ഹാജരാക്കിയിരുന്നതായിട്ടാണ് എന്റെ അറിവ്. അന്ന് ജോസഫ് മാർ ദീവന്നാസ്യോസിന്റെ ഭാഗത്തേക്ക് ഹാജരാക്കിയ കാനോൻ ഞാൻ കണ്ടു കാണും. ആ കോടതിയിൽ വച്ച് കണ്ടു കാണും.

ചോ. അന്ന് ആ കോടതിയിൽ വച്ച് കണ്ട കാനോൻ വ്യാജനിർമ്മിതമാണെന്ന് അഭിപ്രായമുണ്ടോ?

ഉ. അന്ന് കണ്ട കാനോൻ അവിടെ വച്ച് വായിച്ചു നോക്കിയതായി ഓർമ്മയില്ല. അതിനാൽ വ്യാജ നിർമ്മിതമാണോ അല്ലയോ എന്ന് വിശേഷാൽ അഭിപ്രായം എനിക്കുണ്ടായില്ല.

## അറിവില്ല, അറിവില്ല, അറിവില്ല

ചോ. മുമ്പിലത്തെ ആർത്താറ്റ് കേസിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ ഭാഗത്തേക്ക് കാനോൻ ഹാജരാക്കിയത് ഈ 5-ാം പ്രതി (കോനാട്ട് മാത്തൻ മല്പാൻ) അല്ലേ?

ഉ. എനിക്കറിവില്ല.

ചോ. ഈ അഞ്ചാം പ്രതിയുടെ കൈവശം ഇരുന്ന കാനോൻ അല്ലേ

ആ കേസിലേക്ക് ഹാജരാക്കിയിട്ടുള്ളത്?

ഉ. എനിക്കറിവില്ല.

ചോ. ആ കേസ് സംബന്ധിച്ച് മാർ ജോസഫ് ദീവന്നാസ്യോസ് തൃശൂർ പോയപ്പോൾ അവിടുന്നും 5-ാം പ്രതിയും അദ്ദേഹത്തിന്റെ കൂടെ പലപ്പോഴും പോയിട്ടില്ലേ?

ഉ. ആ കേസിലേക്ക് മൊഴി കൊടുക്കാൻ ഒരിക്കൽ ഞാൻ പോയതല്ലാതെ ടി കേസ് സംബന്ധിച്ച് ഞാൻ പോയതായോ മാർ ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കൂടെ ഞാൻ പോയതായോ ഓർമ്മയില്ല.

ചോ. ആ ഒരവസരത്തിൽ പോയപ്പോൾ കൂടെ 5-ാം പ്രതിയും ഉണ്ടായിരുന്നോ?

ഉ. 5-ാം പ്രതി കൂടെ ഉണ്ടായിരുന്നതായിട്ട് ഓർമ്മയില്ല. ഞാൻ ആ കേസിൽ മൊഴി കൊടുത്ത അന്നുതന്നെ 5-ാം പ്രതി ആ കേസിൽ മൊഴി കൊടുത്തോ എന്ന് ഓർമ്മയില്ല. 5-ാം പ്രതി അന്ന് മൊഴി കൊടുത്തിട്ടില്ലെന്നാണ് എന്റെ ഓർമ്മ.

### 18 അക്കം കാനോൻ മാർ ഒസ്താത്തിയോസിന്റെ കൈപ്പട

ചോ. 18 അക്കം മാർ ഒസ്താത്തിയോസിന്റെ കൈപ്പടയാണെന്ന് അവിടുന്ന് എപ്പോഴാണ് ആദ്യമായി അറിഞ്ഞത്?

ഉ. ഞാൻ കണ്ടറിഞ്ഞത് ഇപ്പോഴത്തെ വിസ്താരത്തിൽ കണ്ടപ്പോഴാണ്. കേട്ടറിവ് അതിന് മുമ്പുതന്നെ ഉണ്ടായിരുന്നു.

ചോ. ആരിൽ നിന്നാണ് ആ അറിവ്?

ഉ. രണ്ടാം പ്രതിയും ഫാ. പി. റ്റി. ഗീവറുഗീസും പറഞ്ഞറിഞ്ഞു. അവർ അങ്ങനെ പറഞ്ഞത് അവർ ടി പുസ്തകം കണ്ടതിന്റെ ശേഷമാണ്. അവർ കണ്ടത് മുമ്പ് ഞാൻ പറഞ്ഞ മൂവാറ്റുപുഴ സമരിക്കേസ് കാലത്ത് ആണ്. അവർ ആ പുസ്തകം കണ്ട കാലത്ത് തന്നെയാണ് എന്നോട് പറഞ്ഞത്.

(*മലങ്കരനസ്രാണികൾ*, 8-ാം വാള്യം, പുറം 202-205)

### ചില വൈരുദ്ധ്യങ്ങൾ

... 4-ാം പാസോക്കായിൽ ക്നാൻകാരൻ ശെമവൂൻ എന്ന തലക്കെട്ടിൽ "ഒരു കശ്ശീശായ്ക്ക് തന്റെ കീഴുള്ളവർ കുറ്റം ചെയ്താൽ അതായത് അയ്മേനികൾ കുറ്റം ചെയ്താൽ, അവരെ വേർതിരിക്കാമെന്നല്ലാതെ അവരെ മുടക്കാൻ അധികാരമുണ്ടെന്ന്" പറഞ്ഞിട്ടില്ലാതിരിക്കുമ്പോൾ

'ഒരു എപ്പിസ്ക്കോപ്പായെ മുടക്കുവാൻ ഒരു കശ്ശീശായ്ക്ക് അധികാരമില്ലെന്ന് ഇവിടെ പറയാൻ തന്നെ ആവശ്യം ഇല്ലാത്തതും ഈ സ്ഥലത്ത് ചേരാത്തതുമാകുന്നു' (പുറം 130).

"മുൻപറഞ്ഞ പാസോക്കായിൽ തന്നെ അങ്കോറ 17 എന്ന തലക്കെട്ടിൽ പാത്രിയർക്കീസ് എന്ന ഒരു പദം ഉപയോഗിച്ചിരിക്കുന്നു. അങ്കോറ സുന്നഹദോസിന്റെ കാലത്ത് സഭാദ്ധ്യക്ഷന്മാർക്ക് പാത്രിയർക്കീസ് എന്ന പേരു തന്നെയും ഉണ്ടായിട്ടില്ല. അതിനാൽ ഇവിടെ പാത്രിയർക്കീസ് എന്നത് കൂട്ടിച്ചേർത്ത് എഴുതിയതാണെന്ന് വെളിപ്പെടുന്നു" (പുറം 130).

മുകളിൽ നടത്തിയ ചർച്ചയിൽ നിന്ന് വ്യക്തമാകുന്ന ചില ചരിത്ര സത്യങ്ങൾ ഉണ്ട്.

1. സെമിനാരിക്കേസിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയനു വേണ്ടി കോനാട്ട് ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ഹൂദായ (കാപ്പി) ക്കാനോൻ ഹാജരാക്കിയത് 1879-ലാണ്.

2. ആ കാനോൻ EEE അക്കം രേഖ എന്ന് കോടതി രേഖപ്പെടുത്തി.

3. സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ മലങ്കരയിൽ എത്തുന്നത് 1880-ൽ ശെമ്മാശനായിട്ടാണ്; ശെമവൂൻ മാർ അത്താനാസ്യോസിന്റെ കൂടെ.

4. 18 അക്കം കാനോൻ ആദ്യമായി പ്രത്യക്ഷപ്പെട്ടത് 1911-ലെ സമരിക്കേസിന്റെ കാലത്താണ്.

5. 18 അക്കം കാനോൻ ഹാജരാക്കിയത് കോനാട്ട് മാത്തൻ മൽപാൻ ആണ്.

6. 18 അക്കം കാനോൻ മാർ ഒസ്താത്തിയോസിന്റെ കൈപ്പടയിലാണ് തയാറാക്കിയിരുന്നത്.

7. ഈ സത്യം വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ മൊഴികളിൽ അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

8. ഒസ്താത്തിയോസ് കൃത്രിമമായി 18 അക്കം കാനോൻ സൃഷ്ടിക്കുവാൻ റഫ് വർക്ക് ചെയ്ത കൈയെഴുത്തു സുറിയാനി കാനോൻ പുസ്തകം കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

9. ആ കാനോൻ 1890-ൽ പുതുപ്പള്ളിക്കാരനായ ഒരു വൈദികൻ പകർത്തി എഴുതിയതാണ്.

10. EEE അക്കം കാനോൻ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് പരിശോധിച്ചില്ല എന്ന് അദ്ദേഹം മൊഴികളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

11. 18 അക്കം കാനോൻ മാർ ഒസ്താത്തിയോസിന്റെ കൈപ്പടയിലാണെന്ന് ബോധ്യം ഉണ്ടായിരുന്നിട്ടും സെമിനാരിക്കേസിൽ EEE അക്കം കാനോൻ ഹാജരാക്കുമ്പോൾ മാർ ഒസ്താത്തിയോസ് മലങ്കരയിൽ എത്തിയിട്ടില്ല എന്നും വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് അറിയാമായിരുന്നു.

12. EEE അക്കം കാനോനും 18 അക്കം കാനോനും ഒന്നുതന്നെയല്ലേ എന്ന ചോദ്യത്തിന് അല്ല എന്ന് വ്യക്തമായ മറുപടി അദ്ദേഹം നൽകാത്തത് ദുരൂഹമായിരിക്കുന്നു.

13. മലങ്കര മെത്രാപ്പോലീത്തായുടെ മൗനവും മുൻ വൈദികട്രസ്റ്റി കൂടെയായിരുന്ന കോനാട്ട് മാത്തൻ മൽപാന്റെ പ്രസ്താവനകളും നവീകരണ വിഭാഗവും അവരുടെ പിൻഗാമികളും നടത്തിയ പ്രചാരണങ്ങളും മൂലം രൂപപ്പെട്ട വിഷലിപ്തമായ ധാരണകളാണ് സത്യകാനോനെപ്പറ്റി നിലവിലുള്ളത്.

1890–ൽ പുതുപ്പള്ളി പടിഞ്ഞാറേക്കുറ്റ് യാക്കോബ് കശ്ശീശായുടെ മകൻ ഗീവറുഗീസ് കശ്ശീശ പകർത്തിയെഴുതിയ ഹൂദായകാനോന്റെ സത്യമായ സുറിയാനി കൈയെഴുത്ത് പകർപ്പിൽ പെൻസിൽ കൊണ്ട് മാർജിനിൽ രേഖപ്പെടുത്തിയ വ്യത്യസ്തതകളും നീക്കംചെയ്ത ഭാഗങ്ങളും കോടതിയിൽ ഹാജരാക്കിയ 18 അക്കം കാനോനിൽ മാർ ഒസ്താത്തിയോസ് സ്വന്തം കൈപ്പടയിൽ രേഖപ്പെടുത്തി എന്ന് വേണം മനസ്സിലാക്കേണ്ടത്.

ഈ കൃതി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ മാടപ്പാട്ട് യാക്കൂബ് മാർ യൂലിയോസ് മെത്രാപ്പോലീത്തായും പരിശോധകൻ ഡോ. കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്ക്കോപ്പായും ഉദയഗിരി പ്രസിദ്ധീകരണ വകുപ്പ് മേധാവി ഫാ. കുറിയാക്കോസ് മൂലയിലും ഈ കാപട്യത്തിൽ അറിയാതെയാവാം പങ്കുകാരാകുന്നത്. 1990–ൽ ഇതിന്റെ മലയാള പരിഭാഷ പ്രത്യക്ഷപ്പെട്ടു.

മലങ്കരസഭയിൽ വിഭജനത്തിന്റെ ചിത്രം ശാശ്വതീകരിക്കുവാൻ വേണ്ടി പാത്രിയർക്കീസിന്റെ അനുഗ്രഹാശിസ്സുകളോടെ അഴിച്ചുവിടപ്പെട്ട യാഗാശ്വത്തിന് – 18 അക്കം കാനോന് – സിറിയൻ സഭയിൽ പ്രവേശനം അനുവദിച്ചിട്ടില്ലെന്നത് സമാധാനകാംക്ഷികളായ സത്യാന്വേഷകരെ ചിന്തിപ്പിക്കുവാൻ പര്യാപ്തമല്ലേ? പതിനെട്ടക്കം കാനോനിൽ വരുത്തിയ യാതൊരു ഭേദഗതികളും 1986–ൽ ഹോളണ്ടിൽ നിന്ന് പ. സാഖാ പ്രഥമൻ ബാവായുടെ ആശീർവ്വാദ കൽപനയോടെ പ്രസിദ്ധീകരിക്കപ്പെട്ട സുറിയാനി കാനോനിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ഈ ഗ്രന്ഥകാരൻ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഹോളണ്ടിൽ നിന്ന് ശീശക്ക് മെത്രാച്ചൻ പ്രസിദ്ധപ്പെടുത്തിയ അച്ചടിച്ച കാനോൻ സത്യകാനോൻ ആണ്.

മലങ്കരസഭയിൽ എ അക്കം കാനോൻ എന്ന് വിശേഷിപ്പിച്ചിട്ടുള്ള കാനോനും ഹോളണ്ടു കാനോനും സമാനമാണ്. അതിന്റെ സത്യസന്ധമായ വിവർത്തനമാണ് കോനാട്ട് ഏബ്രഹാം മൽപാൻ നിർവഹിച്ചിട്ടുള്ളത്. 18 അക്കം കാനോനെ അടിസ്ഥാനപ്പെടുത്തി തങ്ങൾ പണിതുയർത്തിയ വാദമുഖങ്ങളും നിലപാടുകളും മണലിന്മേൽ പണിത കൊട്ടാരമാണെന്ന് ഉറക്കം നടിക്കാത്ത അന്വേഷകർക്ക് തിരിച്ചറിയുവാൻ ഈ കണ്ടെത്തൽ സഹായകമാകട്ടെ എന്നാണ് എന്റെ പ്രാർത്ഥന (തിരുത്തലിന്റെ റഫ്‌വർക്ക് ചെയ്ത പുസ്തകത്തിൽ നിന്ന് ഏതാനും പേജുകൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്. കവർപേജ് 2, 3 നോക്കുക.).

## അദ്ധ്യായം 12

# മലങ്കരസഭാ ഭരണഘടന

മലങ്കരസഭയുടെ ഭരണം രണ്ടു തലങ്ങളിലാണ് നിർവഹിക്കപ്പെട്ടുപോന്നിരുന്നത്. ഇടവകതല ഭരണവും കേന്ദ്രതല ഭരണവും. ഇടവകതലത്തിലുള്ള ഭരണം ഇടവകയോഗം തീരുമാനിച്ച് നടപ്പിലാക്കിയ കീഴ്വഴക്കങ്ങൾ അനുസരിച്ച് സുഗമമായി നടന്നിരുന്നു. സുശക്തമായ ചില ഇടവകകൾക്ക് സ്വന്തമായ ഭരണഘടനകളും ഉണ്ടായിരുന്നു. സഭാതല ഭരണത്തിന് അപ്രകാരം ചിട്ടപ്പെടുത്തിയ ഭരണഘടനകൾ ഒന്നും ഉണ്ടായിരുന്നില്ല. മെത്രാന്മാർ ഏതെങ്കിലും ഒരു ഘടനയുടെ കീഴിൽ വരുന്നത് അഭിലഷണീയമായി മേൽപട്ടക്കാർ കരുതിയിരുന്നില്ലെന്ന് കണ്ടനാട് പടിയോല (1809) യുടെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. 1873-ൽ പരുമലയിലും 1876-ൽ മുളന്തുരുത്തിയിലുമായി രൂപപ്പെട്ട് ദൃഢീകരിക്കപ്പെട്ട മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മാനേജിംഗ് കമ്മിറ്റിയും നിർമ്മിക്കുന്ന നിയമങ്ങളും കീഴ്വഴക്കങ്ങളുമാണ് സഭയുടെ കേന്ദ്രതല ഭരണത്തെ നിർണ്ണയിച്ചിരുന്നത്. വിശ്വാസപരമായ കാര്യങ്ങൾക്ക് അതിരിടുവാൻ ഹൂദായകാനോൻ ഉണ്ടായിരുന്നു. തർക്കങ്ങൾ ഉത്ഭവിച്ചാൽ ഭദ്രാസന മെത്രാപ്പോലീത്താമാരും ഒടുവിൽ മലങ്കര മെത്രാപ്പോലീത്തായും നിശ്ചയിക്കുംപ്രകാരം അവ പരിഹരിക്കപ്പെട്ടു പോന്നിരുന്നു.

എന്നാൽ കാനോൻ വിഷയത്തിൽ അനിശ്ചിതത്വം വന്നതോടെ കാര്യങ്ങൾക്ക് അനിശ്ചിതത്വം നേരിട്ടു. ജില്ലാക്കോടതിയിൽ 18 അക്കം കാനോൻ തിരസ്കരിക്കപ്പെട്ടുവെങ്കിലും 1923-ലെ വീരരാഘവ അയ്യങ്കാരുടെ ഹൈക്കോർട്ട് വിധിയിലൂടെ 18 അക്കം കാനോന് നിയമപ്രാബല്യം സിദ്ധിച്ചു. വ്യാജനിർമ്മിതമായ ഈ കാനോൻ സഭയെ നിയന്ത്രിക്കുക എന്നത് അചിന്ത്യമായിരുന്നു. വിഭക്തസഭയിൽ ഈ നിർഭാഗ്യകരമായ അവസ്ഥയെ തടയുവാൻ ഒരു മാർഗ്ഗവും കാണാതിരുന്ന പ്രത്യുൽപ്പന്നമതിയും ദീർഘവീക്ഷണചതുരനും നിഷ്ക്കളങ്ക സഭാസ്നേഹിയുമായിരുന്ന വട്ടശ്ശേരിൽ മെത്രാപ്പോലീത്താ മർദ്ദീൻ യാത്രയ്ക്ക് സന്നദ്ധനായി. എന്തു വില കൊടുത്തും സഭാവിഭജനം നീക്കി സഭാസമാധാനം കൈവരുത്തുവാൻ അദ്ദേഹം അഭിലഷിച്ചു. 1913 മെയ് 3-ന് ഒന്നാം കാതോലിക്കാ കാലം ചെയ്ത് നീണ്ട പന്ത്രണ്ടു വർഷം രണ്ടാം കാതോലിക്കായെ വാഴിക്കാതിരുന്നത് അനുരഞ്ജനം സാധ്യമാകുമെങ്കിൽ കാതോലിക്കേറ്റ് ത്യജിച്ചുകൊണ്ടുപോലും സഭ ഒന്നാകണം എന്ന ചിന്ത മൂലം ആയിരുന്നു. അക്കാലത്ത് അനുരഞ്ജന ചർച്ചകളിൽ മറുഭാഗം എപ്പോഴും ഉന്നയിച്ചിരുന്നത് അബ്ദൽ മശിഹാ ബാവാ പുനഃസ്ഥാപിച്ച കാതോലിക്കേറ്റ് തുട

രാൻ പാടില്ല എന്നായിരുന്നു. കാതോലിക്കാ ഇല്ലാത്ത ഒരു സമയം ഫല പ്രദമായ അനുരഞ്ജന ചർച്ചയ്ക്ക് ഉതകിയേക്കുമെന്ന് മലങ്കര മെത്രാപ്പോലീത്താ കണക്കു കൂട്ടിയത് അന്നത്തെ സാഹചര്യത്തിൽ സ്വാഭാവികം തന്നെയാണ്. അന്നത്തെ കാലാവസ്ഥയെ പാറേട്ട് വിലയിരുത്തുന്നത് കാണുക: “പല കാലമായി, അന്ത്യോഖ്യർ ആഗ്രഹിച്ചിരുന്ന അധികാരങ്ങൾ പിൻവാതിലിൽക്കൂടെ പ്രയോഗിക്കത്തക്കവിധവും, കള്ളക്കാനോൻ എന്ന് ലോകർക്കെല്ലാം അറിവുള്ള 18 അക്കം കാനോൻ മലങ്കര നസ്രാണിയുടെ മണ്ടയിൽ എന്നും ഇരിക്കത്തക്കവിധവും ഉണ്ടായ ആ വിധി മലങ്കരസഭയ്ക്ക് കണ്ഠകോടാലി ആയിത്തീരാതെ കഴിക്കാൻ എന്താണ് മാർഗ്ഗമെന്നായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. മാർത്തോമ്മാ സഭയിലേക്കോ റോമ്മാ സഭയിലേക്കോ ചേരാമെങ്കിൽ കുഴപ്പങ്ങളിൽ നിന്ന് രക്ഷപ്പെടാം എന്ന് അഭിപ്രായമുള്ള അനുഗാമികൾ ഉണ്ടായിരുന്നു. ആ രണ്ടു സഭകളും സ്വാഗതം ചെയ്യാൻ ഒരുക്കമാണെന്ന് അറിയത്തക്ക വണ്ണം ചിലതെല്ലാം ഉണ്ടാകുകയും ചെയ്തു. സത്യത്തിനും നീതിക്കും എതിരായുള്ള വിധി സ്വീകരിച്ച് ശ്മശാനത്തിലെ സമാധാനം പോലുള്ള സമാധാനം സമുദായത്തിൽ കൈവരുത്തുവാൻ മാർ ദീവന്നാസ്യോസ് ആഗ്രഹിച്ചില്ല. “ജയിക്കുമ്പോൾ ദൈവത്തിന്റെ കരുണയെ ഓർത്ത് താഴ്മയും തോൽക്കുമ്പോൾ ധൈര്യവും ആണ് വേണ്ടത്” എന്ന് തന്നെ സന്ദർശിച്ച് അനുശോചനമോ സങ്കടമോ അറിയിച്ച അനുചരന്മാരോട് അദ്ദേഹം ഉപദേശിച്ചു എങ്കിലും ശരിയായി ശ്വാസം കഴിക്കാൻ പാടില്ലെന്നു തോന്നുന്ന തരത്തിലുള്ള അനുഭവം ആ ദിവസങ്ങളിൽ ഉണ്ടായി എന്ന് പറഞ്ഞാൽ അത് അതിശയോക്തി ആവില്ല. ...

ഇത് കഴിഞ്ഞ് അധികം താമസിക്കാതെ 1098 മീനം 28-ാം തീയതി (1923) പരുമല സെമിനാരിയിലേക്ക് നീങ്ങി. ഗുരുവായ പരുമല പുണ്യവാളന്റെ മാധ്യസ്ഥം വഴി മനഃശാന്തി നേടുന്നതിനും അടുത്തതായി എന്താണ് ചെയ്യേണ്ടതെന്ന് ഉപദേശം വാങ്ങുവാനുമാണ് അവിടേക്ക് പോയതെന്ന് അന്തേവാസികൾക്ക് അറിയാമായിരുന്നു. പരുമല സെമിനാരിയിൽ ഒരു മാസത്തോളം താമസിച്ചു. ... മർദ്ദീനിൽ പോയി അന്ത്യോഖ്യാ പാത്രിയർക്കീസിനെ കണ്ട് സമാധാനം ഉണ്ടാക്കാൻ ശ്രമിക്കണം” (4-ാം വാല്യം, പുറം 595).

ജീവൻ പോയാലും സഭയിൽ സമാധാനം ഉണ്ടാകണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉന്നം. മർദ്ദീൻ സംഭാഷണത്തെയും ഫലത്തെയും കുറിച്ച് മാർ ദീവന്നാസ്യോസ് പരുമല സെമിനാരിയിൽ നിന്ന് 99 മകരം 9-ന് (1924) എഴുതിയ ഒരു പൊതുകൽപന താഴെ പറയുംപ്രകാരം മനോരമ പ്രസിദ്ധപ്പെടുത്തി.

"…. മലങ്കരയ്ക്ക് മഫ്രിയാനയെ വാഴിക്കുന്നതിന് അദ്ദേഹം (അബ്ദൽ മശിഹാ പാത്രിയർക്കീസ്) ചില കൽപനകൾ കൊടുത്തിട്ടുള്ളതായി അറിയുന്നു. അത് നമുക്ക് ഇഷ്ടമല്ലാത്തതാണ്. അതിന് സമ്മതിക്കുന്നതല്ല. അതിനാൽ ആ കൽപനകൾ അനുസരിച്ച് അവർ മഫ്രിയാനയെ വാഴിക്കുന്നതല്ലെന്ന് മെത്രാന്മാർ ഒരെഴുത്ത് എഴുതി തരണം എന്ന് പാത്രിയർക്കീസ് പറഞ്ഞപ്പോൾ 'ഞാൻ അവരോട് പറയാം, അവർ ചെയ്യുമെന്നാണ് എന്റെ വിശ്വാസം' എന്ന് നാം മറുപടി പറയുകയുണ്ടായി" (പുറം 622).

പാത്രിയർക്കീസ് ഉന്നയിച്ച വ്യവസ്ഥയും അതിനോട് മലങ്കര മെത്രാപ്പോലീത്താ നടത്തിയ പ്രതികരണവും മലങ്കരസഭയുടെ നേതൃനിര ശ്രദ്ധിച്ചു. സഭാസമാധാനത്തെപ്രതി കാതോലിക്കേറ്റ് എന്ന സ്ഥാപനം റദ്ദ് ചെയ്യേണ്ടതില്ല എന്നായിരുന്നു സഭാനേതാക്കളുടെ സുദൃഢമായ തീരുമാനം. ഇക്കാര്യത്തിൽ മലങ്കര മെത്രാപ്പോലീത്തായ്ക്ക് വിയോജിപ്പുണ്ടെങ്കിൽ തന്നെയും കാര്യങ്ങൾ മുന്നോട്ട് നീക്കുവാൻ അവർ തയാറായി. ദൗർഭാഗ്യകരമായ ആ ഘട്ടത്തെ സഭാചരിത്രകാരന്മാർ പ്രസ്താവിക്കാതെ പോയി എങ്കിലും വാകത്താനത്ത് കാരുചിറ മാർ പീലക്സിനോസിന്റെ ഡയറിക്കുറിപ്പുകൾ 2005-ൽ 'കാതോലിക്കേറ്റിന്റെ നിധി' എന്ന ഗ്രന്ഥത്തിൽ വെളിച്ചം കണ്ടതോടെ അക്കാലത്തെ സംഭവങ്ങൾ ചരിത്ര വിദ്യാർത്ഥികളുടെ ശ്രദ്ധയിൽപെട്ടു. അവ ഇപ്രകാരം സ്വതന്ത്രമായി സംഗ്രഹിക്കുകയാണ്:

പാത്രിയർക്കീസ് വ്യവസ്ഥയോടെയാണെങ്കിലും മുടക്ക് പിൻവലിച്ച് കൽപന എഴുതിയ സാഹചര്യത്തിൽ ഇരുഭാഗങ്ങളിലെയും സഭാസ്നേഹികൾ നിരന്തരം സമ്പർക്കത്തിലേർപ്പെട്ടു. പാത്രിയർക്കാ പക്ഷത്തുനിന്ന് കോനാട്ട് മാത്തൻ മൽപാൻ, വടകര ചൊള്ളമ്പേൽ യോഹന്നാൻ കോറെപ്പിസ്കോപ്പാ, മുളന്തുരുത്തി പാലക്കാട്ട് ജോൺ കത്തനാർ, തോമസ് വക്കീൽ, പാലാമ്പടം തോമസ് വക്കീൽ എന്നിവരും കാതോലിക്കാ പക്ഷത്തുനിന്ന് എം. എ. ഗീവറുഗീസ് റമ്പാച്ചൻ (പിന്നീട് ബഥനി മാർ ഈവാനിയോസ്), കലയക്കാട്ടിൽ തോമസ് കത്തനാർ, തേവർവേലിൽ ഗീവറുഗീസ് കത്തനാർ, നാലാത്ര എൻ. ഐ. പോത്തൻ തുടങ്ങിയവരും നിരന്തരം ചർച്ച ചെയ്തു. കാതോലിക്കാ സ്ഥാനം മലങ്കരയുടെ ചിരകാലാഭിലാഷമായിരുന്നു എന്നും അത് നിലനിർത്തണമെന്നും ഇരുപക്ഷക്കാർക്കും സമ്മതമായി. എന്നാൽ പുതിയ കാതോലിക്കാ തർക്കങ്ങൾക്കതീതനാകണമെന്ന് ധാരണയായി. മിതസ്വരക്കാരൻ കാരുചിറ മാർ പീലക്സിനോസ് ആ സിംഹാസനത്തിൽ ആരൂഢനാകുന്നപക്ഷം അദ്ദേഹത്തെ സ്വീകരിച്ച് സഭാസംയോജനം സാധ്യമാക്കാമെന്ന് പൊതുവിൽ ധാരണയായി. ഈ ധാരണ വലിയ മെത്രാച്ചന്റെ ഇംഗിതത്തിന് എതിരാ

യിരുന്നതിനാൽ 1925 വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച അസ്ത മിച്ച് "എം. എ. ഗീവറുഗീസ് റമ്പാച്ചനും കലയക്കാട്ടിൽ തോമസ് കത്ത നാരും തേവർവേലിൽ ഗീവറുഗീസ് കത്തനാരും എൻ. ഐ. പോത്തനും കോഴഞ്ചേരിയിൽ നിന്ന് വള്ളിക്കാട്ട് പള്ളിയിൽ വന്നുചേരുകയും ഒരു പൊതുയോഗം കൂടുന്നതിനായി നിശ്ചയിച്ച് കൽപന എഴുതിക്കൊണ്ട് അവർ തിരികെ പോകുകയും ചെയ്തു. മുൻ എഴുതി അച്ചടിപ്പിച്ച 900 കൽപന കഥാനായകൻ (മാർ പീലക്സിനോസ്) ഒപ്പും മുദ്രയും വച്ച് തിരുവല്ലയ്ക്ക് അയച്ചുകൊടുത്തു. ... മേടം 16-ന് പരുമല നിന്നും കഥാ നായകനും (മാർ പീലക്സിനോസ്) ഗ്രീഗോറിയോസ് മെത്രാച്ചനും (മൂന്നാം കാതോലിക്കാ) മറ്റു പലരും കൂടി പരുമല പള്ളിക്കൽ പ്രാർത്ഥന കഴിച്ച് ദീവന്നാസ്യോസ് മെത്രാച്ചനോടും ദീനതയിലായിരിക്കുന്ന മെത്രാ ച്ചനോടും (യൂയാക്കീം മാർ ഈവാനിയോസ്) യാത്ര ചോദിച്ചുകൊണ്ട് അവിടെനിന്ന് 11 മണിക്ക് പുറപ്പെട്ട് ... 12 മണിക്ക് നിരണത്ത് എത്തു കയും ചെയ്തു. പിന്നീട് 3 മണിക്ക് യോഗം (അസോസ്യേഷൻ) കൂടിയ തിൽ കാതോലിക്കാ സ്ഥാനം കഥാനായകൻ (മാർ പീലക്സിനോസ്) ഏൽക്കണമെന്ന് പലരും നിർബന്ധിക്കയാൽ സമ്മതിക്കേണ്ടതായി വന്നു കൂടി. 17-ന് (തൊട്ടടുത്ത ദിവസം) 7 1/2 മണിക്ക് ഗ്രീഗോറിയോസ് മെത്രാ ച്ചൻ, റമ്പാച്ചന്മാർ, പട്ടക്കാർ, ശെമ്മാശന്മാർ എന്നിവർ പള്ളിയകത്തിറങ്ങി ശുശ്രൂഷകൾ ആരംഭിച്ചു. ... കുർബ്ബാന മദ്ധ്യേ കാതോലിക്കാ ശുശ്രൂഷ കഴിച്ച് കസേരയിൽ ഇരുത്തി മൂന്നു പ്രാവശ്യം ഉയർത്തി ഓക്സിയോസ് പറയുകയും ചെയ്തു. ഈ സമയത്തേക്ക് മാർ ഈവാനിയോസ് മെത്രാ ച്ചനെയും മദ്ബഹായിൽ കൊണ്ടുവന്ന് ഇരുത്തുകയും അദ്ദേഹവും ആവ ശ്യമുള്ളത് പ്രവർത്തിക്കുകയും ചെയ്തു. ... വീണ്ടും മൂന്നു മണിക്ക് ഒരു മഹായോഗം കൂടി മലങ്കര ഇടവകയുടെ പൊതുവായ ഒരു മംഗളപത്രം കഥാനായകന് (രണ്ടാം കാതോലിക്കായ്ക്ക്) സമർപ്പിക്കയും പലരുടെയും പ്രസംഗങ്ങൾ ഉണ്ടാകുകയും ചെയ്തു. കൂടാതെ മേൽപട്ടസ്ഥാനത്തേക്ക് പാമ്പാടി റമ്പാച്ചൻ (പിന്നീട് പ. പാമ്പാടി തിരുമേനി), പി. എം. തോമസ് ശെമ്മാശൻ (പിന്നീട് നിരണത്തിന്റെ മാർ ദീവന്നാസ്യോസ്), പാറേട്ട് മാത്യൂസ് കത്തനാർ (പിന്നീട് കോട്ടയത്തിന്റെ മാർ ഈവാനിയോസ്), പുലിക്കോട്ടിൽ ശെമ്മാശൻ (പിന്നീട് റീത്തിൽ ചേർന്നു) എന്നിവരെ തെര ഞ്ഞെടുക്കുകയും ചെയ്തു" (കാതോലിക്കേറ്റിന്റെ നിധി, പുറം 306-308).

മാർ ദീവന്നാസ്യോസ്, കാതോലിക്കാ പദവിയിൽ വരാൻ പാടില്ല എന്ന തുകൊണ്ടാവാം സൗമ്യശീലനായ വാകത്താനം പീലക്സിനോസിനെ അനുരഞ്ജനത്തിനു വേണ്ടി മറുഭാഗം നിർദ്ദേശിച്ചത്. എന്നാൽ ഒരു കാതോലിക്കായെ അംഗീകരിക്കാനാവില്ല എന്ന കർക്കശ നിലപാടിൽ പാത്രിയർക്കീസും മാർ യൂലിയോസും ഉറച്ചുനിന്നതുകൊണ്ട് സഭയിൽ

അനുരഞ്ജനം ഉണ്ടായില്ല.

മലങ്കരമെത്രാന്റെ കൽപനയും അദ്ധ്യക്ഷതയും കൂടാതെയുള്ള അസോസ്യേഷൻ യോഗം ചേരൽ, കാതോലിക്കായുടെ സ്ഥാനാരോഹണം, മേൽപട്ടസ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പ് എന്നിവ സഭയുടെ പൊതുതാൽപര്യമായിരുന്നതിനാൽ മാർ ദീവന്നാസ്യോസ് ക്രമേണയാണെങ്കിലും അതിനോട് പൊരുത്തപ്പെടുകതന്നെ ചെയ്തു. എന്നാൽ ഈവക കാര്യങ്ങൾ നിയമവിധേയമാക്കുവാനും യഥാർത്ഥ കാനോൻ നിയമവിധേയമായി പ്രഖ്യാപിക്കുവാനും ഒരു ഭരണഘടനയുണ്ടാവേണ്ടത് അനിവാര്യമാണെന്ന് മാർ ദീവന്നാസ്യോസ് നിശ്ചയിച്ചു. അക്കാര്യം സമുദായ നേതാക്കന്മാർക്ക് പൊതുവെ സമ്മതമായിരുന്നു.

ഇസ്സഡ്. എം. പാറേട്ട് എഴുതുന്നു: ".... കലാപങ്ങളുടെയും ശല്യങ്ങളുടെയും ഇടയ്ക്ക് മലങ്കരസഭയുടെ വ്യക്തിത്വവും സാംസ്കാരികവും ദേശീയവുമായ നിലയും ഉറപ്പിക്കുന്നതിന് ശരിയായ ഒരു ഭരണഘടന ഉണ്ടായിരിക്കുക എന്നത് അത്യാവശ്യമാണെന്ന് മാർ ദീവന്നാസ്യോസിന് ബോധ്യമായി" (വാല്യം 4, പുറം 774).

103 കർക്കിടകം 31 കഴിഞ്ഞ് ഈ വഴിക്കുള്ള ആലോചനകൾ ആരംഭിച്ചു. എന്നാൽ 104 വൃശ്ചികം 3 മുതൽ 107 ധനു 2 വരെയുള്ള മലങ്കര മെത്രാപ്പോലീത്തായുടെ ഡയറിക്കുറിപ്പുകൾ അപ്രത്യക്ഷമായതിനാൽ (ഈ അപ്രത്യക്ഷം രഹസ്യാത്മകവും സ്വയം വിശദീകരണക്ഷമവുമായി തോന്നുന്നില്ലേ?) ലഭ്യമായ സമകാല വിവരണം ഫാ. മാത്യൂസ് പാറേട്ടിന്റെ ഡയറിയാണെന്നും അതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഭരണഘടനയെപ്പറ്റിയുള്ള വിവരങ്ങൾ തയാറാക്കിയത് എന്നും പാറേട്ട് തുടർന്ന് പ്രസ്താവിക്കുന്നുണ്ട്. 1928 മുതൽ 1931 വരെയുള്ള ഈ കാലഘട്ടത്തിലാണ് രണ്ടാം കാതോലിക്കായുടെ തെരഞ്ഞെടുപ്പ്, വാഴ്ച, മെത്രാൻ തെരഞ്ഞെടുപ്പ്, മാർ ഈവാനിയോസിന്റെ മെത്രാൻവാഴ്ച, മൂന്നാം കാതോലിക്കായുടെ കാതോലിക്കാ സ്ഥാനാരോഹണം, മാർ ഈവാനിയോസിന്റെ സഭാഭ്രംശം എന്നിവ നടന്നതെന്ന് ഓർക്കുക).

ഭരണഘടനയിൽ മാർ ദീവന്നാസ്യോസിന്റെ അഭിപ്രായങ്ങൾ അംഗീകരിക്കപ്പെടുവാൻ അദ്ദേഹത്തിന്റെ ആജ്ഞയനുസരിച്ച് ഫാ. മാത്യൂസ് പാറേട്ട്, മാർ ഈവാനിയോസ്, ജോൺ വക്കീൽ തുടങ്ങിയവരുമായി മുന്നാലോചനകൾ നടത്തിയിരുന്നു.

എപ്പിസ്ക്കോപ്പൽ അധികാരം ഭരണഘടനയിൽ ഒന്നാം സ്ഥാനത്ത് വരണമെന്ന് മാർ ദീവന്നാസ്യോസ് ആഗ്രഹിച്ചിരുന്നതായി നേതാക്കൾക്ക് ഈ ചർച്ചകൾ മൂലം നേരത്തെ ഗ്രഹിക്കാൻ കഴിഞ്ഞു. 104 മേടം 11-ന് (1929) എം.ഡി. സെമിനാരിയിൽ വച്ച് പ്രാഥമിക ആലോചനായോഗം കൂടി;

വിഷയ നിർണ്ണയ കമ്മിറ്റിയെ നിശ്ചയിച്ചു. മാമ്മൻ മാപ്പിള, എ. എം. വർക്കി, പി. ഒ. ഉമ്മൻ തുടങ്ങിയവർ പങ്കെടുത്തിരുന്നു. വിശ്വാസം, ശിക്ഷണം എന്നീ വിഷയങ്ങളിൽ എപ്പിസ്ക്കോപ്പൽ സിനഡിന് പൂർണ്ണാധികാരം ഉണ്ടാകണം. മറ്റുള്ള വിഷയങ്ങൾക്ക് മാനേജിംഗ് കമ്മിറ്റിക്കും അസോസ്യേഷനും ആയിരിക്കണം പൂർണ്ണ അധികാരം: ഈ രണ്ട് അടിസ്ഥാന തത്വങ്ങൾ യോഗം അംഗീകരിച്ചു. അതോടെ കർക്കിടകം 32-ന് ചേർന്ന മാനേജിംഗ് കമ്മിറ്റിയുടെയും ക്ഷണിക്കപ്പെട്ടവരുടെയും യോഗം ചേർന്നു. യോഗത്തിൽ തന്റെ കാഴ്ചപ്പാട് മലങ്കര മെത്രാപ്പോലീത്താ ശക്തമായി ഉന്നയിച്ചു; തർക്കമുണ്ടായി. പാറേട്ട് എഴുതുന്നു: "മെത്രാച്ചനും ജനങ്ങളുമായി പിണങ്ങി എന്നായിരുന്നു മിക്കവരുടെയും സംസാരം" (പുറം 776). 1929 ചിങ്ങം 1-ന് ഒരു ഭരണഘടനാ കമ്മിറ്റിയെ നിശ്ചയിച്ചു. ആ കമ്മിറ്റിയിൽ മേൽപട്ടക്കാർ ആരും ഉണ്ടായിരുന്നില്ല എന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു. പൂതകുഴിയിൽ ഏബ്രഹാം അച്ചൻ, ചെറിയമഠത്തിലച്ചൻ, മാമ്മൻ മാപ്പിള, ഒ. എം. ചെറിയാൻ, ജോൺ വക്കീൽ മുതലായവർ ആയിരുന്നു അംഗങ്ങൾ!! തന്റെ അഭിപ്രായപ്രകാരം ഒരു ഭരണഘടനാ ഡ്രാഫ്റ്റ് മലങ്കര മെത്രാപ്പോലീത്താ എഴുതിയുണ്ടാക്കി.

ഫാ. മാത്യൂസ് പാറേട്ടിന്റെ ഡയറിക്കുറിപ്പ് (മിഥുനം 23) കാണുക: "കോട്ടയത്ത് പോയി. അവിടെവച്ച് ഒ. എം. ചെറിയാനെ കണ്ടു. സഭാകാര്യം മെത്രാച്ചനോട് പറയാൻ എന്നെ ഏൽപിച്ചു. പഴയസെമിനാരിയിൽ പോയി മെത്രാച്ചനുമായി സഭാകാര്യവും പള്ളിക്കൂടകാര്യവും സംസാരിച്ചു. പണസംബന്ധമായ കാര്യങ്ങളിൽ പരമാധികാരം ജനങ്ങൾക്കിരിക്കണമെന്നാണ് അവർ പറയുന്നത്. അത് മെത്രാച്ചന് തീരെ സമ്മതമല്ല. മേലിൽ നിന്ന് ലഭിച്ചിട്ടുള്ള അധികാരങ്ങൾ ഉപേക്ഷിക്കാൻ മനസ്സ് വരുന്നില്ല എന്നാണ് പറയുന്നത്. പരദേശികളുമായി പിടിച്ചുകൊണ്ടിരിക്കുന്ന ഈ സമയത്ത് ഇവർ ഇങ്ങനെ തുടങ്ങുന്നത് സങ്കടമാണെന്നും .... പറഞ്ഞു. കാതോലിക്കാബാവായ്ക്ക് അതിനോട് അനുകൂലമായ ചില അഭിപ്രായങ്ങൾ ഉള്ളത് മെത്രാച്ചനോട് പറയാതെ ജനങ്ങളോട് പറഞ്ഞത് അതിലും സങ്കടമാണെന്നും മറ്റും പറഞ്ഞു" (പുറം 777).

ഭരണഘടനയുടെ താത്വിക അടിത്തറയെപ്പറ്റി മലങ്കര മെത്രാൻ പുലർത്തിയ കാഴ്ചപ്പാടുകൾ ഘടന കമ്മിറ്റിയുടെ വീക്ഷണത്തോടു യോജിക്കുന്നില്ല എന്ന് വ്യക്തമാക്കുന്ന സമകാല പരാമർശമാണിത്. മലങ്കര മെത്രാനെ ഘടനാ കമ്മിറ്റിയിൽ പ്രസിഡണ്ടോ അംഗമോ ആക്കാതിരുന്നതിന്റെ കാരണം ഇവിടെ വ്യക്തമാകുന്നു. തന്റെ അഭിപ്രായത്തിന് അനുകൂലമല്ലാത്ത അഭിപ്രായം കാതോലിക്കാ പറഞ്ഞാൽപോലും അതിനെതിരെ പ്രതികരിക്കുന്ന ഒരു മനോഭാവമാണ് മലങ്കര മെത്രാന് ഉണ്ടായിരുന്നത്. ഒന്നാം കാതോലിക്കാ, സ്ഥാനാരോഹണത്തിന് വൈമനസ്യം

പ്രദർശിപ്പിച്ചതിന്റെയും രണ്ടാം കാതോലിക്കാ, മലങ്കര മെത്രാന്റെ വിയോജിപ്പ് അവഗണിച്ച് തെരഞ്ഞെടുക്കപ്പെട്ടതിന്റെയും വാഴിക്കപ്പെട്ടതിന്റെയും ആ നീക്കത്തിന്റെ പേരിൽ ബഥനിയുടെ മാർ ഈവാനിയോസ് മലങ്കര മെത്രാന്റെ കടുത്ത നീരസപാത്രമായതിന്റെയും മൂന്നാം കാതോലിക്കാ അസോസ്യേഷൻ തെരഞ്ഞെടുപ്പ് കൂടാതെ വാഴിക്കപ്പെട്ടതിന്റെയും അണിയറ രഹസ്യങ്ങളുടെ മാന്ത്രികപ്പൂട്ട് തുറക്കാനുള്ള താക്കോൽ ഈ അപഗ്രഥനത്തിൽ ലഭ്യമാണ്. ഈ കാലാവസ്ഥ ഫാ. മാത്യൂസ് പാറേട്ടിന്റെ 105 മിഥുനം 26-ലെ (1930) ഡയറിക്കുറിപ്പ് കൂടുതൽ വ്യക്തമാക്കുന്നത് കാണുക: ".... ഒ. എം. ചെറിയാനെ കൂട്ടിക്കൊണ്ട് പഴയസെമിനാരിയിൽ പോയി. വലിയ മെത്രാച്ചനുമായി ഭരണഘടന സംബന്ധിച്ച് സംസാരിച്ചു. പണസംബന്ധമായ കാര്യങ്ങളിൽ പരമാധികാരം ജനങ്ങൾക്ക് ഇരിക്കണമെന്നുള്ളതാണ് തർക്കവിഷയം. അതിനെപ്പറ്റി പറഞ്ഞ് ഒരു ഒത്തുതീർപ്പിലെത്താൻ കഴിഞ്ഞില്ല" (പുറം 780). 1932-ലും "വ്യവസ്ഥകൾ സംബന്ധിച്ച് അദ്ദേഹവും (മലങ്കര മെത്രാൻ) കാതോലിക്കോസുമായും ഭരണഘടനാ കമ്മിറ്റിയുടെ കൺവീനർ ആയിരുന്ന ഒ. എം. ചെറിയാനും മറ്റുമായും അഭിപ്രായഐക്യം ഉണ്ടായില്ല" എന്ന് പാറേട്ട് രേഖപ്പെടുത്തുന്നു (പുറം 782). 1933 തുലാം 4-ലെ ഡയറിക്കുറിപ്പിൽ ഫാ. മാത്യൂസ് പാറേട്ട് എഴുതുന്നു: "മെത്രാച്ചന് ക്ഷീണം കൂടുതൽ ഇല്ല. ഒ. എം. ചെറിയാൻ വന്നിട്ടുണ്ടായിരുന്നു. ഭരണഘടനയെ സംബന്ധിച്ച് മെത്രാച്ചനുമായി കുറെ സമയം സംസാരിച്ചു. യോജിക്കുന്ന മട്ട് കണ്ടില്ല."

ഭരണഘടനാ കമ്മിറ്റിയുമായി താത്വികമായ അഭിപ്രായ വ്യത്യാസങ്ങൾ സംസാരിച്ച് തീർക്കാനാവില്ല എന്ന് ബോധ്യപ്പെട്ടപ്പോൾ തന്റെ അഭിപ്രായങ്ങൾ പൊതുജനങ്ങളെ അറിയിക്കുവാനുള്ള ആർജ്ജവം മലങ്കര മെത്രാൻ പ്രദർശിപ്പിച്ചു. 'മലങ്കരസഭയുടെ ഭരണഘടനയെപ്പറ്റിയുള്ള അഭിപ്രായങ്ങൾ' എന്ന തലക്കെട്ടിൽ സ്വന്തം പേർ വച്ച് 1932 മിഥുനം 9 മുതൽ കേരളകേസരി പത്രത്തിൽ പല ദിവസങ്ങളിലായി അദ്ദേഹം ഒരു ഭരണഘടനാ നക്കൽ പ്രസിദ്ധീകരിച്ചു. പാറേട്ട് അത് ഉദ്ധരിച്ചിട്ടുള്ളത് ഇപ്രകാരമാണ്:

"മലങ്കരസഭയുടെ വിശ്വാസാചാരങ്ങളെയും കാനോനാകളെയും കുറിച്ച് ഏകദേശമായിട്ടെങ്കിലും ഒരു സാമാന്യ അറിവും ടി സഭ ഭാവിയിൽ ക്ഷേമമായിരിക്കണമെന്ന് പരമാർത്ഥമായ ആഗ്രഹവുമുള്ള ഒരു മേൽപ്പട്ടക്കാരൻ സ്വാർത്ഥം വെടിഞ്ഞ് അഭിപ്രായം പറയുന്നതാകയാൽ താഴെ വിവരിക്കുന്ന അഭിപ്രായങ്ങൾ ഘടനാ കർത്താക്കളുടെ ഗാഢമായ ആലോചനയ്ക്ക് വിഷയീഭവിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടാതിരിക്കയില്ല എന്നുള്ള വിശ്വാസത്താൽ അതുകളെ ചുരുക്കമായി താഴെ വിവരിക്കുന്നു" എന്ന് ഒരു കുറിപ്പും കൊടുത്തിരുന്നു.

1. നമ്മുടെ സഭയ്ക്ക് ചില കാരണങ്ങളാൽ യാക്കോബായസഭ എന്നു കൂടെ പേരു പറഞ്ഞുവരുന്നുണ്ടെങ്കിലും അതിനുള്ള പൂർവീകമായ സാക്ഷാൽ പേര് സിറിയൻ ഓർത്തഡോക്സ് ചർച്ച് (The Syrian Orthodox Church) എന്നാണ്. ഇതിനു സുറിയാനിയിൽ "സുറിയാനി ത്രീസസ് ശുബഹോ സഭ" എന്നും മലയാളത്തിൽ സുറിയാനി സത്യവിശ്വാസ സഭ എന്നും പറഞ്ഞുവരുന്നു. ഈ മൂന്നു പേരുകൾ യൗനായ, സുറിയാനി, മലയാളം എന്നീ ഭാഷകളിൽ പറയുന്നു എന്നല്ലാതെ മൂന്നിന്റെയും അർത്ഥം ഒന്നു തന്നെയാണ്.

2. ഈ നമ്മുടെ സഭ നമ്മുടെ കർത്താവിന്റെ പന്ത്രണ്ട് ശ്ലീഹന്മാരിൽ ഒരുവനായ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായതാണെന്ന് നമ്മുടെ പൂർവീകന്മാരും നമ്മളും വിശ്വസിച്ച് വരുന്നതിനാൽ 'ശ്ലീഹായ്ക്കടുത്ത സിംഹാസന'മെന്നുള്ള ബഹുമാനപേരിനെ മേലാലും നാം സംരക്ഷിച്ചു കൊള്ളേണ്ടതാണ്.

3. ക്രിസ്തീയ സഭകൾ ഓരോ കാരണങ്ങളാൽ തമ്മിൽ വേർപിരിഞ്ഞതിന്റെ ശേഷം നമ്മുടെ സഭയ്ക്ക് അബ്സീനിയൻ ഉൾപ്പെടെയുള്ള ഈഗുപ്തായ സഭയോടും അർമ്മേനിയൻ സഭയോടും communion ഉം അന്ത്യോഖ്യായുടെ സിറിയൻ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസിന്റെ അധികാരത്തിൽപെട്ട അന്ത്യോഖ്യൻ ഓർത്തഡോക്സ് സിറിയൻ സഭയുമായി communion മാത്രമല്ല communion നേക്കാൾ കൂടുതൽ സംബന്ധവുമുള്ളതാണ്.

4. നമ്മുടെ സഭയ്ക്കുള്ള സ്വാതന്ത്ര്യത്തെ നഷ്ടപ്പെടുത്താത്തവിധത്തിൽ മേൽപ്പറഞ്ഞ സഭകളുമായുള്ള communion നും സംബന്ധവും കഴിവുള്ളപക്ഷം മേലാലും പാലിക്കപ്പെടേണ്ടതാണ്.

5. നമ്മുടെ സഭയുടെ വിശ്വാസാചാര നിർമ്മലതയും സ്വാതന്ത്ര്യവും മേലാലും വിഘ്നം കൂടാതെ സംരക്ഷിക്കുന്നതിനുവേണ്ടി മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ അന്ത്യോഖ്യായുടെ അക്കാലത്തെ കാനോനിക പാത്രിയർക്കീസിന്റെ സാന്നിദ്ധ്യത്തോടും സഹകരണത്തോടും മലങ്കര സമുദായത്തിന്റെ ആനുകൂല്യം, അംഗീകരണം, ആഹ്ലാദകരമായ സഹകരണം എന്നിവയോടും കൂടെ പാത്രിയർക്കീസിന്റെ അധ്യക്ഷതയിൽ കൂടിയ എപ്പിസ്ക്കോപ്പൽ സിനഡിനാൽ ആരോഹണം ചെയ്തു സ്ഥാപിക്കപ്പെട്ട പൗരസ്ത്യ കാതോലിക്കാ സിംഹാസനവും കാതോലിക്കാ സ്ഥാപനവും എന്തെല്ലാം പ്രയാസങ്ങളും നഷ്ടങ്ങളും സഹിക്കേണ്ടി വന്നാലും അതുകളെയൊക്കെ സഹിച്ച് നിലനിർത്തിക്കൊണ്ടുപോകേണ്ടത് നമ്മുടെ കടമയാണ്. ...

6. അന്ത്യോഖ്യാ സിംഹാസനവുമായുള്ള ബന്ധം നിലനിർത്തുന്നത്

നമ്മുടെ സ്ഥാനാഭിഷേകം, മൂറോൻ കൂദാശ മുതലായ കൂദാശകൾ പാത്രിയർക്കീസിന്റെ സംബന്ധമോ അനുവാദമോ സഹകരണമോ കൂടാതെ കഴിച്ചുകൂടാ എന്ന തരത്തിലുള്ള യാതൊരു സംബന്ധവും ആയിരിക്കരുത്.

7. നമ്മുടെ പൗരസ്ത്യ സിംഹാസനത്തിന്റെ അധികാരസീമ ഇന്ത്യയും അതിന് സമീപമുള്ള ദ്വീപുകളും നമ്മുടെ സഭയുടെ മിഷൻവേലയുടെ ഫലമായി അന്യദേശങ്ങളിൽ സഭകൾ ഉണ്ടായാൽ അവകളും ആയിരിക്കണം. ഈ നമ്മുടെ അധികാരസീമയ്ക്കുള്ളിൽ പാത്രിയർക്കാ സിംഹാസനത്തിന് നേരിട്ട് ഭരിപ്പാൻ തക്കവണ്ണം പള്ളികളോ സഭകളോ സ്ഥാപിക്കയോ ഈ സഭാംഗങ്ങളെ അവയിലേക്ക് ചേർക്കുകയോ ചെയ്യുന്നതിന് അനുവദിച്ചുകൂടാ. അതിനെതിരായി പാത്രിയർക്കീസ് പ്രവർത്തിക്കുന്ന പക്ഷം ആ സിംഹാസനവുമായുള്ള ലൗകികബന്ധവും കൂടെ പിരിവാൻ തക്കവണ്ണവുമായിരിക്കണം. ...

10. ക്നാനായക്കാർക്ക് ഒരു ജാത്യസഭയായി വേർതിരിഞ്ഞ് നിൽക്കണമെന്നാഗ്രഹമുള്ളപക്ഷം അവരെ ഒഴിച്ച് മലങ്കരെ ശേഷമുള്ള എല്ലാ പള്ളികളിലെയും ശക്തി ഏകദേശം ഒരുപോലെ ഇരിപ്പാൻ തക്കവണ്ണം മൂന്ന് മെത്രാപ്പോലീത്തൻ മഹാഇടവകകളായി ഭാഗിക്കണം. അവയിൽ നടുക്കത്തേതിന് കോട്ടയം മഹാഇടവകയെന്നും വടക്കേതിന് അങ്കമാലി മഹാഇടവകയെന്നും തെക്കേതിന് നിരണം മഹാഇടവകയെന്നും പേർ കൊടുക്കണം. ഈ മൂന്ന് മഹാഇടവകകൾക്കും പ്രത്യേകം പ്രത്യേകം ഓരോ മെത്രാന്മാർ ഉണ്ടായിരിക്കണം.

11. ഈ മൂന്ന് മഹാഇടവകകളും ഓരോന്നും നന്നാല് എപ്പിസ്കോപ്പൽ ഇടവകകളായി ഭാഗിക്കയും അവയ്ക്ക് ഓരോന്നിനും പ്രത്യേകം പേർ കൊടുക്കുകയും അവയിൽ ഓരോന്നിനും ഓരോ എപ്പിസ്കോപ്പാ ഉണ്ടായിരിക്കാൻ തക്കവണ്ണം എപ്പിസ്കോപ്പന്മാരെ കൂടുതലായി വാഴിക്കുകയും വേണം.

12. മലങ്കരയുടെ മദ്ധ്യസ്ഥാനം ഏകദേശം കോട്ടയം ആകയാൽ കാതോലിക്കേറ്റിന്റെ ആസ്ഥാനം കോട്ടയത്ത് ആയിരിക്കണം. കാതോലിക്കോസ് പൗരസ്ത്യസഭയുടെ ഒട്ടുക്കുള്ള പ്രധാന മേലദ്ധ്യക്ഷനും ഒരു മെത്രാപ്പോലീത്തായ്ക്കുള്ള ഭരണം അനുസരിച്ച് കോട്ടയം മഹാഇടവകയുടെ മെത്രാപ്പോലീത്തായും ഒരു എപ്പിസ്കോപ്പായ്ക്കുള്ള ഭരണം അനുസരിച്ച് കോട്ടയം ചെറിയപള്ളി ഉൾപ്പെട്ട കോട്ടയം എപ്പിസ്കോപ്പൽ ഇടവകയുടെ എപ്പിസ്കോപ്പായും ആയിരിക്കണം.

23. സിലോൺ, മദ്രാസ്, ബ്രഹ്മവാർ മുതലായ മലങ്കരയ്ക്കപ്പുറത്തുള്ള മിഷൻ ഇടവകകൾക്ക് ഇപ്പോൾ പ്രത്യേകം എപ്പിസ്കോപ്പാമാർ ഇല്ലാ

ത്തതിനാൽ അതുകളെക്കൂടെ കാതോലിക്കേറ്റിന്റെ ... കീഴിൽ ഒരു മിഷൻ ഇടവകയാക്കി മിഷൻവേല വർദ്ധിപ്പിക്കണം.

25. നമ്മുടെ സഭയുടെ ആത്മികവും ലൗകികവും ആയ ഭരണത്തിനുള്ള മൗലികതത്വം എപ്പിസ്കോപ്പൽ ആയിരിക്കണം.

44. 18 വയസ്സിന് മേൽ പ്രായമുള്ളവരായി ഓരോരോ ഭവനത്തിലെയും കാരണവന് അല്ലെങ്കിൽ കാരണവത്വം നടത്തുന്ന ആൾക്ക് പള്ളിഇടവക പൊതുയോഗത്തിന്റെ അംഗമായിരിക്കാവുന്നതാണ്. എന്നാൽ ഏതെങ്കിലും ഭവനത്തിലെ കാരണവത്തമോ കാരണവത്ത ഭരണമോ ഒരു സ്ത്രീയായിരുന്നാൽ ആ സ്ത്രീയുടെ മനസ്സുപോലെയുള്ള ഒരു പുരുഷനെ ആ സ്ത്രീക്ക് പകരം നിയമിക്കാവുന്നതാണ്.

45. കശ്ശീശന്മാർ, ശെമ്മാശന്മാർ, കപ്യാരന്മാർ എന്നീ ദൈവിക ശുശ്രൂഷകന്മാരും പള്ളിഇടവക പൊതുയോഗത്തിന്റെ അവകാശികൾ ആണ്.

54. ഓരോ പള്ളി ഇടവകയെ സംബന്ധിച്ചിടത്തോളം ആ പള്ളി ഇടവക മാനേജിംഗ് കമ്മിറ്റി എപ്പിസ്കോപ്പായുടെ ............... ആയിരിക്കുന്നതാണ്.

58. ഓരോ എപ്പിസ്കോപ്പായ്ക്കും ഓരോ പ്രൈവറ്റ് സെക്രട്ടറി ഉണ്ടായിരിക്കേണ്ടതും ആ പ്രൈവറ്റ് സെക്രട്ടറി തന്നെ എപ്പിസ്കോപ്പൽ ഇടവകയോഗത്തിന്റെയും എപ്പിസ്കോപ്പൽ ഇടവക മാനേജിംഗ് കമ്മിറ്റിയുടെയും സെക്രട്ടറിസ്ഥാനം കൂടി വഹിക്കേണ്ടതുമാണ്.

68. മെത്രാപ്പോലീത്തായുടെ പ്രൈവറ്റ് സെക്രട്ടറി തന്നെ മഹാഇടവക പൊതുയോഗത്തിന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും സെക്രട്ടറിയായിരിക്കണം.

77. പൗരസ്ത്യ സിംഹാസനത്തിന്റെ കാതോലിക്കോസ് ആകമാന പൊതുയോഗത്തിന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും സിനഡിന്റെയും അദ്ധ്യക്ഷൻ ആയിരിക്കണം.

78. കാതോലിക്കോസിന്റെ പ്രൈവറ്റ് സെക്രട്ടറി ടി പൊതുയോഗത്തിന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും സിനഡിന്റെയും സെക്രട്ടറി ആയിരിക്കണം.

85. ഓരോ എപ്പിസ്കോപ്പൽ ഇടവകയിലെ ഇടവകപ്പള്ളികൾ, പൊതുയോഗങ്ങൾ, മാനേജിംഗ് കമ്മിറ്റികൾ എന്നിവകളെ സംബന്ധിച്ചും പള്ളിക്കാര്യാദികളുടെ ഭരണം, പട്ടക്കാരുടെ നടത്ത, അവരുടെ അധികാരങ്ങൾ, അവകാശങ്ങൾ, അവരെക്കുറിച്ചുള്ള പരാതികൾ മുതലായി ഓരോ എപ്പിസ്കോപ്പൽ ഇടവകയിൽപെട്ടതായ സഭാസംബന്ധമായുള്ള സകല സംഗ

തികളും അതത് ഇടവകയുടെ എപ്പിസ്കോപ്പായുടെ അധികാരത്തിലും അവകാശത്തിലും ഇരിക്കുന്നതും അദ്ദേഹത്തെ സംബന്ധിച്ചുള്ള പരാതികളും അദ്ദേഹത്തിന്റെ തീരുമാനങ്ങളെക്കുറിച്ചുള്ള അപ്പീലുകളും അതത് എപ്പിസ്കോപ്പൽ ഇടവക ഉൾപ്പെട്ട മെത്രാപ്പോലീത്തൻ ഇടവക സിനഡുകൾ കേട്ട് തീരുമാനിക്കേണ്ടതും മഹാഇടവക സിനഡുകളുടെ തീരുമാനങ്ങളെക്കുറിച്ചുള്ള അപ്പീലുകളും മെത്രാപ്പോലീത്തന്മാരെയും കാതോലിക്കോസിനെയും സംബന്ധിച്ചുള്ള പരാതികളും പൗരസ്ത്യ ആകമാന സിനഡും കേട്ട് തീരുമാനിക്കേണ്ടതും ആകുന്നു.

87. ഒരു എപ്പിസ്കോപ്പായുടെ സ്ഥാനാഭിഷേകം ആ എപ്പിസ്കോപ്പൽ ഇടവക ഉൾപ്പെട്ട മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരുന്ന് ആ മഹാഇടവകയുടെ സിനഡ് വിളിച്ചുകൂട്ടി നടത്താവുന്നതാണ്.

93. ഒരു മെത്രാപ്പോലീത്തായ്ക്ക്, മെത്രാപ്പോലീത്താ എന്ന നിലയിൽ തന്റെ മഹാഇടവകയിൽ ഉൾപ്പെട്ട എല്ലാ എപ്പിസ്കോപ്പൽ ഇടവകകളുടെ ആവശ്യത്തിലേക്കുമുള്ള മൂറോൻ കൂദാശ നടത്തുന്നതിനുള്ള അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.

134. അത്മായക്കാരും പട്ടക്കാരുമായുള്ള യോഗാംഗങ്ങളുടെ പ്രത്യേകം പ്രത്യേകമുള്ള ഭൂരിപക്ഷം അനുകൂലിക്കുന്നപക്ഷം പൊതുനിയമങ്ങൾക്ക് വിഘ്നം വരാത്തവിധത്തിൽ വരുമാനങ്ങളുടെ ഇനങ്ങളോ സംഖ്യയോ കൂട്ടുകയോ കുറയ്ക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള അവകാശം എപ്പിസ്കോപ്പായുടെ അനുമതിയോടുകൂടി എപ്പിസ്കോപ്പൽ ഇടവക പൊതുയോഗത്തിനിരിക്കുന്നതാണ്.

വട്ടശ്ശേരിൽ തിരുമേനിയുടെ ഭരണഘടനാ നിർദ്ദേശങ്ങൾ പൂർണ്ണമായി കാണുവാൻ ഇതെഴുതുന്ന ആൾക്ക് കഴിഞ്ഞിട്ടില്ല; പാറേട്ട് *മലങ്കരനസ്രാണികൾ* 4-ാം വാല്യത്തിൽ 788 മുതൽ 793 വരെയുള്ള പേജുകളിൽ ഉദ്ധരിച്ച വകുപ്പുകൾ മാത്രമേ കണ്ടിട്ടുള്ളു. അവയിലെ സഭാദർശനത്തെ ഉജ്വലമെന്നും പ്രായോഗികമെന്നും വിശേഷിപ്പിക്കേണ്ടിയിരിക്കുന്നു. അതിലെ പ്രകടമായ എപ്പിസ്കോപ്പൽ വീക്ഷണം മാത്രമേ ജനാധിപത്യ തത്വങ്ങൾക്ക് അലംകൃതമല്ലാതെ ഇരിക്കുന്നുള്ളൂ (ജനാധിപത്യതത്വങ്ങൾ മാനിച്ചുകൊണ്ട് തയാറാക്കിയ 1934-ലെ ഭരണഘടന നിലവിലിരിക്കുന്ന ഇന്നത്തെ മലങ്കരസഭയിൽ കാര്യങ്ങൾ നടക്കുന്നത് വട്ടശ്ശേരിൽ തിരുമേനി നിർദ്ദേശിച്ച തത്വങ്ങൾ പ്രകാരമാണെന്ന് ആർക്കാണ് അറിയാൻ പാടില്ലാത്തത്?)

എപ്പിസ്കോപ്പൽ തലം, മെത്രാപ്പോലീത്തൻ തലം, കാതോലിക്കോസ് തലം എന്നിങ്ങനെ മൂന്ന് തലങ്ങളായി സഭയെ വികേന്ദ്രീകരിക്കുവാനും എപ്പിസ്കോപ്പൽ സ്ഥാനാഭിഷേകം, മൂറോൻ കൂദാശ എന്നിവ മെത്രാ

പ്പോലീത്തന്മാരിലേക്ക് വികേന്ദ്രീകരിക്കുവാനുള്ള കാഴ്ചപ്പാടിനെ എത്ര ശ്ലാഘിച്ചാലും അധികമാവില്ല. എന്നാൽ എപ്പിസ്കോപ്പായുടെ സർവാധികാര പ്രവണതകൾ എതിർക്കുവാനുള്ള തത്രപ്പാടിൽ ഈ വികേന്ദ്രീകരണത്തിന്റെ പ്രായോഗികത അവഗണിക്കപ്പെട്ടു. സഭയിൽ അന്ത്യോഖ്യയുമായി ഏതാനും നൂറ്റാണ്ടുകൾക്കു മുമ്പേ ആരംഭിച്ച ബന്ധം കടൽക്കിഴവന്റെ അധികാരഭ്രമത്തിനും ചൂഷണത്തിനും കാരണമായി അനുഭവപ്പെട്ടതിനാൽ പാത്രിയർക്കീസ് എന്ന സ്ഥാനത്തെ നിഷേധിച്ചില്ല എങ്കിലും അന്ത്യോഖ്യാ പാത്രിയർക്കീസ് എന്ന സംജ്ഞ 1934-ലെ ഭരണഘടന തിരസ്കരിച്ചു (ഇന്ന് കാണുന്ന ഭരണഘടനയിലെ അന്ത്യോഖ്യാ അനധികൃതമായി അധികാരമുള്ള ഏതോ സ്ഥാനി കൂട്ടിച്ചേർത്തതാണ്). 1934-ലെ ഭരണഘടന ഇതെഴുതുന്ന ആളുടെ കൈവശമുണ്ട്. അത് അനുബന്ധത്തിൽ കൊടുക്കുന്നുണ്ട്. അതിൽ അന്ത്യോഖ്യാ എന്ന പദം ഒരിടത്തുമില്ല. അന്ത്യോഖ്യാ എന്ന പദം ഇല്ലാത്ത 1934-ലെ ഭരണഘടനയാണ് 1958-ലെ സുപ്രീംകോടതി വിധിയിലൂടെ അംഗീകാരം നേടിയത്. പിൽക്കാലത്ത് സ്വാർത്ഥ താൽപര്യത്തെപ്രതി ഉന്നതങ്ങളിലുള്ളവർ കൂട്ടിച്ചേർത്ത 'അന്ത്യോഖ്യ' എന്ന പദമാണ് 1970 മുതൽ ഇന്നുവരെയുള്ള വ്യവഹാരങ്ങൾക്ക് ശക്തിയും ചൂടും വെളിച്ചവും നൽകിയത്. ഈ കടുംകൈ ചെയ്തവർ സഭയുടെ പ്രാമാണികന്മാർ ആയതിനാൽ അക്കാര്യം തുറന്നു സമ്മതിക്കുവാനോ അതിനെ പ്രതിഷേധിക്കുവാനോ തിരുത്തുവാനോ ഉന്നതസ്ഥാനീയർ ധൈര്യപ്പെടുന്നില്ല. സാധാരണക്കാരാകട്ടെ അന്ത്യോഖ്യാ പദപ്രയോഗം 1934-ലെ ഭരണഘടനയിൽ ഉണ്ടെന്ന് തെറ്റിദ്ധരിച്ച് മൗനമായി കഴിയുന്നു.

(1934-ലെ ഭരണഘടനയനുസരിച്ച് നമുക്ക് ഒരു പാത്രിയർക്കീസ് വേണം. അത് ഏതെങ്കിലും വിദേശ പാത്രിയർക്കീസന്മാർ ആയിരിക്കണമെന്ന് ഭരണഘടന വിവക്ഷിക്കാതിരിക്കേ സ്വദേശിയനായ ഒരു പാത്രിയർക്കീസിനെപ്പറ്റി നാം ചിന്തിക്കണം. സഭയുടെ തലവൻ പാത്രിയർക്കീസാണെന്ന് നിഷ്കളങ്കമായി വിശ്വസിക്കുന്ന ലക്ഷക്കണക്കിനാളുകളെ തൃപ്തിപ്പെടുത്തുവാൻ ഇത് സഹായിച്ചേക്കും. കാതോലിക്കോസ്-പാത്രിയർക്കാ സ്ഥാനങ്ങൾ സമാനമാണെന്ന് ബുദ്ധിപരമായ സംവാദങ്ങളിൽ വാദിക്കാമെങ്കിലും പാത്രിയർക്കീസിന്റെ പ്രാഥമ്യം നമ്മുടെ ആരാധനക്രമങ്ങളിലും തുബ്ദേനിലും പ്രകടമായിരിക്കേ അത് നിഷേധിക്കാവുന്നതല്ല. നമ്മുടെ ഭരണഘടനയിൽ ഇന്ത്യൻ പാത്രിയർക്കീസിനെ ഉൾപ്പെടുത്തുകയും കാതോലിക്കോസിനു പുത്തൻ നാമകരണം ചെയ്യുകയും ചെയ്താൽ കാര്യങ്ങൾ ഭംഗിയാവും. ഇക്കാര്യത്തിൽ യാതൊരു അപകർഷതാബോധവും നമ്മെ പിന്തിരിപ്പിക്കേണ്ടതില്ല. 1934-ലെ ഭരണഘടനയിൽ അന്ത്യോഖ്യാ എന്ന് പൂർവ്വികർ ചേർത്തിട്ടില്ല എന്ന വസ്തുത

ഇപ്പോൾ പരസ്യമായ സാഹചര്യത്തിൽ ആ ചരിത്രപരമായ അറിവിനെ പ്രയോജനപ്പെടുത്തുവാനാണ് ഉത്തരവാദിത്തപ്പെട്ടവർ ശ്രമിക്കേണ്ടത്. ഇപ്പോഴത്തെ ഭരണഘടനയിൽ അനധികൃതമായി കൂട്ടിച്ചേർക്കപ്പെട്ട 'അന്ത്യോഖ്യ' എന്ന പ്രയോഗത്തെ ന്യായീകരിക്കുവാൻ ഓരോ തൊടുന്യായങ്ങൾ അന്വേഷിക്കുന്നതിനേക്കാൾ ഭേദം 1934-ലെ പൂർവ്വപിതാക്കന്മാരുടെ ദീർഘവീക്ഷണത്തോടെയുള്ള, നിർവചന സ്വഭാവമുള്ള അന്ത്യോഖ്യൻ നിഷേധത്തെ, അംഗീകരിക്കുവാനാണ് ധൈര്യം കാണിക്കേണ്ടത്. മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പൗരസ്ത്യ പാത്രിയർക്കീസ് എന്ന് പുത്തൻ നാമകരണം ചെയ്യുവാനുള്ള നടപടികൾ ഉടനെ ആരംഭിക്കണം.

അതുപോലെ മൂന്ന് തലങ്ങളായി സഭയെ വികേന്ദ്രീകരിക്കുവാനുള്ള വട്ടശ്ശേരിൽ തിരുമേനിയുടെ ദീർഘവീക്ഷണത്തോടെയുള്ള നിർദ്ദേശവും ഭരണഘടനയുടെ ഭാഗമാക്കണം. ഇന്ന് സഭ വളരെയധികം വളർന്നിട്ടുള്ളതിനാൽ അദ്ദേഹം വിഭാവനം ചെയ്ത മെത്രാപ്പോലീത്തൻ മഹാഇടവക എന്ന സംവിധാനം കാതോലിക്കേറ്റ് മഹാഇടവകകൾ എന്ന് നാമകരണം ചെയ്യപ്പെടണം. അദ്ദേഹം മൂന്ന് മഹാഇടവകകൾ നിർദ്ദേശിച്ചിടത്ത് നാല് കാതോലിക്കേറ്റ് മഹാഇടവകകൾ രൂപീകരിക്കപ്പെടണം. നാലും മാർത്തോമ്മായുടെ പൈതൃകവുമായി ബന്ധപ്പെടുത്തി പാലൂർ മഹാഇടവക (കുന്നംകുളം), കോട്ടയം മഹാഇടവക (ഇന്നത്തെ ആസ്ഥാനം), നിരണം മഹാഇടവക, മൈലാപ്പൂർ മഹാഇടവക (മദ്രാസ്) എന്നിവ മാർത്തോമ്മൻ പൈതൃകത്തെ ഓർമ്മിപ്പിക്കുന്നവയാണ്. അവയുടെ കീഴിൽ മൂന്നോ നാലോ മെത്രാസനങ്ങൾ ചേർത്ത് കാതോലിക്കേറ്റ് മഹാഇടവക രൂപീകരിക്കാം. ഓരോ മെത്രാസനങ്ങളും ഇന്നത്തെ മെത്രാപ്പോലീത്തൻ ശൈലിയിൽ തുടരട്ടെ. അതിന് കീഴിൽ പത്തു പള്ളികൾ വീതം ഭരിക്കപ്പെടുന്നതിന് കോർഎപ്പിസ്കോപ്പന്മാർ ചുമതലയേൽക്കട്ടെ. അങ്ങനെ സഭാഭരണം കോർഎപ്പിസ്കോപ്പൻ, മെത്രാപ്പോലീത്തൻ, കാതോലിക്കേറ്റ്, പാത്രിയർക്കേറ്റ് എന്നിങ്ങനെ നാലു തലങ്ങളായി വികേന്ദ്രീകരിക്കപ്പെടട്ടെ. ഇന്നത്തെ അകർമ്മണ്യതയും നിസ്സംഗതയും ഒരു പരിധി വരെ പരിഹരിക്കാൻ ഈ വികേന്ദ്രീകരണത്തിന് കഴിയുമെന്ന് അനേകർ പ്രതീക്ഷിക്കുന്നു, വിശ്വസിക്കുന്നു.)

വട്ടശ്ശേരിൽ തിരുമേനിയുടെ പല വീക്ഷണങ്ങളും അന്നത്തെ ഭരണഘടനാ കമ്മിറ്റിക്ക് സ്വീകാര്യമായിരുന്നില്ല; മുൻവിധികൾ രണ്ടു ഭാഗത്തും ധാരാളമുണ്ടായിരുന്നു. രണ്ടാം കാതോലിക്കാവാഴ്ച, മൂന്നാം കാതോലിക്കാവാഴ്ച തുടങ്ങിയ സഭാചരിത്രത്തിന്റെ നിർണ്ണായക മുഹൂർത്തങ്ങളിൽ മലങ്കര മെത്രാപ്പോലീത്താ കൈക്കൊണ്ട ജനാഭിലാഷത്തെ അവഗണിക്കുന്ന ശൈലി അനേകരെ അദ്ദേഹത്തിൽ നിന്ന് മാനസികമായി

അകറ്റിയിരുന്നു. ഈ അകൽച്ച അദ്ദേഹത്തിന്റെ ആരോഗ്യകരമായ സഭാവീക്ഷണത്തിൽ അടങ്ങിയ ഭരണഘടനാ നിർദ്ദേശങ്ങളെയും സംശയദൃഷ്ടിയോടെ വീക്ഷിക്കുവാൻ അവരെ പ്രേരിപ്പിച്ചതാവാം. 1934-ൽ അദ്ദേഹം കാലം ചെയ്തതോടെ സമരരംഗം അയഞ്ഞു. മൂന്നാം കാതോലിക്കായുടെ നിലപാടുകൾ ഭരണഘടനാക്കമ്മിറ്റിയെ മുന്നോട്ടു പോകുവാൻ പ്രേരകമായിരുന്നു. അങ്ങനെയാണ് 1934 ഡിസംബറിൽ മലങ്കര സഭാ ഭരണഘടന അംഗീകരിക്കപ്പെട്ടത്. 1934-ലെ എം.ഡി. അസോസ്യേഷനിലേക്ക് ഇരുഭാഗത്തെയും പള്ളികൾക്ക് നിയമാനുസൃതം നോട്ടീസയച്ച് ആ യോഗത്തിന്റെ നിയമസാധുത ഉറപ്പാക്കിയ പൂർവ്വപിതാക്കന്മാരെ നമുക്ക് നമസ്ക്കരിക്കാം.

സർവ്വതലസ്പർശിയായ ഒരു ആധുനിക കാനോനായി ഭരണഘടനയെ അംഗീകരിക്കാനാവില്ല. എന്നാൽ ഭരണപരമായ കൃത്യതയോടൊപ്പം സഭയുടെ അംഗീകൃത കാനോൻ ഏതെന്ന് അവർ വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. തന്മൂലം ഹൂദായകാനോൻ കൂടെ ഉൾപ്പെട്ട ഭരണസംവിധാനമാണ് 1934-ലെ ഭരണഘടന വ്യവസ്ഥാപിതമാക്കിയത് എന്ന് നമുക്ക് പറയാം. പക്ഷേ, അപ്രസക്തവും കൃത്യതയില്ലാത്തതുമായ ഹൂദായ കാനോൻ ശാശ്വതമായി ചുമക്കുവാൻ നമുക്ക് ആവശ്യമില്ല. ഹൂദായ കാനോൻ, വട്ടശ്ശേരിൽ തിരുമേനിയുടെ മതസംഗതികൾ, യൂഹാനോൻ മാർ സേവേറിയോസിന്റെ ശുശ്രൂഷാസംവിധാനം തുടങ്ങിയ ഗ്രന്ഥങ്ങളെ ആവശ്യാനുസരണം പ്രയോജനപ്പെടുത്തിയും എഡിറ്റു ചെയ്തും സമഗ്രമായ ഒരു കാനോൻ രൂപപ്പെടുകയും ആ കാനോൻ നമ്മുടെ ഭരണഘടനയുടെ ഭാഗമായി പ്രഖ്യാപിക്കപ്പെടുകയും വേണം. അനുയോജ്യരായ കാനോൻ-വേദശാസ്ത്ര-ആരാധനാശാസ്ത്ര-നിയമവിദഗ്ദ്ധരെ കൂട്ടിച്ചേർത്ത് ഇതിനായി ഒരു സമിതിയെ ചുമതലപ്പെടുത്തുന്നപക്ഷം ഒന്നോ രണ്ടോ വർഷം കൊണ്ട് ഈ യത്നം സഫലമാക്കാവുന്നതേയുള്ളൂ. ബന്ധപ്പെട്ടവരെ ദൈവം ഈ വെളിച്ചത്തിലേക്ക് നയിക്കട്ടെ എന്ന് പ്രാർത്ഥിക്കുവാനേ അസ്മാദൃശ്യർക്ക് കഴിയൂ.

സഭയുടെ സർവ്വതലസ്പർശിയായ ഈ ഭരണഘടനയാകണം നമ്മുടെ പുതിയ കാനോൻ. അതിൽ സഭയുടെ വേദശാസ്ത്രപരവും ആരാധനാപരവും വിശ്വാസപരവും ഭരണപരവുമായ മുഖങ്ങൾ ചരിത്രത്തോട് നീതിപുലർത്തിയും വർത്തമാനകാല സാഹചര്യങ്ങൾ പരിഗണിച്ചും ഭാവിസാധ്യതകൾ വിഭാവനം ചെയ്തും മലങ്കര ഓർത്തഡോക്സ് സഭയുടെ ചൈതന്യപ്രദമായ മുഖം പ്രതിഫലിക്കണം.

**അനുബന്ധം – 1**

**മാർ**
**തോമ്മാശ്ലീഹായുടെ**
**ഇടവകയാകുന്ന മലങ്കര സുറിയാനിസഭയുടെ**

# കാനോൻ

1857–ൽ
സുറിയാനി സിമ്മനാരി അച്ചുകൂട്ടത്തിൽ
അച്ചടിപ്പിച്ചതിന്റെ
ശരിപ്പകർപ്പ

PRINTED AT THE C.M.S. PRESS
COTTAYAM
1897

മാർ
തോമ്മാശ്ലീഹായുടെ
ഇടവകയാകുന്ന മലങ്കര സുറിയാനിസഭയുടെ

## കാനോൻ

മലങ്കര ഇടവകയുടെ
മാർ അത്താനാസ്യോസു മെത്രാപൊലീത്താ
തർജ്ജമ ചെയ്ത
കൊട്ടയത്ത
സുറിയാനി സിമ്മനാരിയിൽ
ടി. മെത്രാപൊലീത്തായുടെ അച്ചുകൂട്ടത്തിൽ
അച്ചടിപ്പിച്ചത
1857

# മുഖവുര

മലങ്കര സുറിയാനിസഭ അതിന്റെ ജനകനായ ശുദ്ധമുള്ള മാർ തോമ്മാ ശ്ലീഹായാലും, പിൻവാഴികളായ പിതാക്കന്മാരാലും ചട്ടപ്പെടുത്തി നടത്തി വന്ന കാനോൻ, പള്ളിക്രമം, വിശ്വാസരീതികൾ മുതലായവയാൽ അലങ്കരിക്കപ്പെട്ടിരുന്നു.

പ്രങ്കായക്കാർ എന്ന ഇതരമതക്കാർ ഈ സഭയുടെ അനേക പൂർവിക പ്രബന്ധങ്ങളോടുകൂടെ മേൽപറയപ്പെട്ട കാനോനാകളും പള്ളിക്രമങ്ങളും ചുട്ടുകളഞ്ഞ് സഭയെ നാനാവിധപ്പെടുത്തി എന്നുള്ളതും പ്രസിദ്ധമല്ലോ.

ഈ നഷ്ടത്തിൻപിറകു സഭാപിതാക്കന്മാരിലും വിശ്വാസികളായ അയ്മേനികളിലും പരിജ്ഞാനത്താൽ പാഠമായിരുന്ന മര്യാദകളും ചില അപൂർണ്ണ ക്രാസുകളും ആധാരമായ നടപടികളല്ലാതെ മൂലാവസ്ഥയോടു ഒത്തതായ ഒരു രേഖയെ ലഭിപ്പാൻ അപ്രാപ്തയായി സഭ അലഞ്ഞിരുന്നു.

ഈ വിധമായ അലച്ചിലിൽ സഭ പഴകിയ കാലത്തിങ്കൽ ഇതരമതക്കാരിൽ നിന്നും ലഭിതമായ പല പള്ളിക്രമങ്ങളും മറ്റും ഭേദപ്പെടുത്താതെ ചിലരും, വേദപരിജ്ഞാനവും അറിവും മൂലം ഏറെക്കുറെ ഭേദപ്പെടുത്തി ചിലരും ഇന്നയോളം നടത്തിവന്നിരിക്കുന്ന വിവിധങ്ങളെ സന്ദർശിച്ചു നാം ദുഃഖാർത്തനായി ഭവിച്ചു.

എല്ലാപ്രകാരവും ഈ സഭ അലയപ്പെട്ടിരിക്കുന്ന വിഷയത്തിങ്കൽ സർവ്വശക്തനായ ദൈവം ഈ തന്റെ സഭയുടെ ഭരണത്തിനായി നമ്മെ വിളിച്ചിരിക്കുന്ന വിളിയെ നാം അഗണ്യമാക്കാതെ മൂലാധാരങ്ങളെ തേടിതിരഞ്ഞതിൽ തുലോം പൂർവികമായ കൈയെഴുത്തുകളുടെയും കുറിപ്പുകളുടെയും ചില ക്രാസുകൾ അവിടവിടെനിന്നും കണ്ടുകിട്ടിയതിനെ പരിശോധിച്ച് ഈ സമുദായം ആചരിച്ചുവന്ന പൂർവ്വിക കാനോനായിക്കു ശരിയായ ഒരു ചുരുക്കം കൂട്ടിച്ചേർപ്പാൻ സംഗതിയായതിൽ നാം സന്തോഷിക്കുന്നു.

നമ്മുടെ അന്വേഷണത്താൽ ലഭിച്ചിട്ടുള്ള ഈ കുറിപ്പുകൾ സമുദായത്തിന്റെ പൂർവിക നടപടിയോടു എത്രയും ശരിയായും ഏവൻഗേലിയോന്റെ കൽപനകൾക്കു മഹാ യോജിപ്പായും കണ്ടതിനാൽ ഇതിനെത്തന്നെ അടിസ്ഥാനമാക്കി ചട്ടപ്പെടുത്തുന്നതിങ്കൽ ഈ സമുദായത്തിന്റെ മുൻനടപടികൾക്കു പ്രതികൂലങ്ങളായിരിക്കുന്ന ആചാരങ്ങൾ, മതഭേദങ്ങൾ എപ്പെർപ്പെട്ടവയും ഒടുങ്ങി സകലവും യുക്തമായും, ക്രമമായും തീരുമെന്നു നാം വിശ്വസിക്കുന്നു.

മൂലഭാഷയുടെ പഠനക്കുറവും പൂർവിക കാനോനാകളുടെ പരിജ്ഞാനക്കുറവും അധികരിച്ചിരിക്കുന്ന സ്ഥിതിക്കു ഈ കാനോനാകൾ ചമെക്കപ്പെട്ട സുറിയാനിഭാഷയിൽത്തന്നെ മേലാലും അതെഴുതി സൂക്ഷിക്കയെന്നുവന്നാൽ സമുദായത്തിന്നു ഒട്ടുക്കും നിരന്തരമായ പ്രയോജനം വരികയില്ലെന്നു കണ്ടു സ്വദേശഭാഷയിലേക്കു അതുകളെ തർജ്ജമ ചെയ്തു ചേർത്ത് അച്ചടിപ്പിച്ചിരിക്കുന്നു.

ഈ തർജ്ജമ നമുക്ക് ലഭിച്ചിട്ടുള്ള പകർപ്പുകളുടെ ശരിയായ പരിഭാഷയും സ്വന്ത അഭിപ്രായങ്ങൾ യാതൊന്നും കരേറ്റീട്ടില്ലാത്തതും ആകുന്നു.

# മാർ
# തോമ്മാശ്ലീഹായുടെ
## ഇടവകയാകുന്ന മലങ്കര സുറിയാനിസഭയുടെ
# കാനൊൻ

### തർജ്ജമ

നിങ്ങളോടു ഞങ്ങൾ അറിയിച്ച സംഗതിയിൽ നിന്നൊഴികെ ഞങ്ങളാകട്ടെ സ്വർഗ്ഗത്തിൽ നിന്നൊരു മാലാഖായാകട്ടെ നിങ്ങളോടു അറിയിക്കുമെങ്കിൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ. മുമ്പെ നിന്നു ഞാൻ പറഞ്ഞു എന്നപ്രകാരം ഇപ്പോൾ വീണ്ടും ഞാൻ പറയുന്നു. നിങ്ങൾ കൈക്കൊണ്ടു എന്ന സംഗതിയിൽ നിന്നൊഴികെ ഒരുത്തൻ നിങ്ങളോടു അറിയിക്കുമെങ്കിൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ, എന്നു ഭാഗ്യക്കാരനായ പൗലോസ് ശ്ലീഹാ കൽപിച്ചിരിക്കുന്നു. ഗാലത്തായെ 1-ാം കെപ്പാലയോൻ 8-ഉം 9-ഉം പാസൊക്കാകൾ.

### 1-ാം കെപ്പാലയൊൻ

## ശുദ്ധമാന പള്ളിയെക്കുറിച്ച്

1. ദൈവാരാധനയ്ക്കായി നാലു ഭാഗങ്ങളിൽ നിന്നും ജനം വന്നു ചേരാവുന്ന ഉത്തമസ്ഥലത്തു പള്ളി പ്രതിഷ്ഠിക്കണം.

2. പള്ളിപ്രതിഷ്ഠ മേൽപ്പട്ടക്കാരനോ തന്റെ അനുവാദത്തോടു റമ്പാനോ കൂറെപ്പിസ്കോപ്പായോ കശ്ശീശായോ നടത്തേണ്ടതാകുന്നു.

3. ആരെങ്കിലും സ്വയമായി പള്ളി പ്രതിഷ്ഠിച്ചാൽ അവനും അവനെ പിന്തുടരുന്നവരും സഭയിൽനിന്നും തള്ളപ്പെടണം.

4. പ്രതിഷ്ഠിക്കപ്പെടുന്ന പള്ളി വിശുദ്ധന്മാരിൽ ഒരുവന്റെ നാമത്തിൽ

ആയിരിക്കണം.

5. പള്ളിപ്രതിഷ്ഠയും പള്ളികൂദാശയും തക്സായിലെ നിയമമനുസരിച്ചു ചെയ്യപ്പെടേണ്ടതാകുന്നു.

6. പള്ളിപ്രതിഷ്ഠക്കു ഉത്തമസ്ഥലം യത്നമാകാതെയോ, പ്രതിഷ്ഠിക്കപ്പെട്ട സ്ഥലം ഇല്ലാതെയോ വന്നാൽ തിട്ടതി നിമിത്തം മേൽപ്പട്ടക്കാരന്റെ വരുതിയോടു യോഗ്യമായ ഏതു സ്ഥലത്തുവച്ചും കർമ്മങ്ങൾ അനുഷ്ഠിക്കാം.

7. പള്ളിയിൽ നമസ്കാരം അണെക്കപ്പെടുകയും ഏവൻഗേലിയോൻ ഘോഷിക്കപ്പെടുകയും ദിവ്യരഹസ്യങ്ങൾ കൽപിക്കപ്പെട്ട രീതിയിൽ കൊണ്ടാടപ്പെടുകയും ചെയ്യുന്നതല്ലാതെ അവിശ്വാസികൾക്ക് ചെയ്യും പ്രകാരം യാതൊന്നും ചെയ്യരുതാത്തതാകുന്നു.

### രണ്ടാം ഭാഗം

## പള്ളിവരുമാനങ്ങളെക്കുറിച്ച്

1. റീശീസാ, എന്നത് ആണ്ടിൽ ഒരിക്കൽ ജനത്തിൽ നിന്നു മേൽപട്ടക്കാരനായി പള്ളിയിൽ കൊടുക്കുന്ന അവകാശമാകുന്നു.

2. കൈമുത്ത് – എന്നത് വിവാഹകർമ്മത്തിങ്കൽ പുരുഷനും സ്ത്രീയും കൂടി മേൽപട്ടക്കാരനായി പള്ളിയിൽ കൊടുക്കുന്ന അവകാശമാകുന്നു.

3. ഗെബിയാസാ – എന്നത് അവനവന്റെ യഥാശക്തിപോലെ പള്ളിയിൽ കൊടുക്കുന്ന ധർമ്മശേഖരങ്ങളാകുന്നു.

4. നെദറെ – എന്നത് ധനമോ, പള്ളിക്കുവേണ്ടുന്ന ഉപകരണങ്ങളോ, ശുദ്ധവസ്ത്രങ്ങളോ, നിലംപുരയിടങ്ങളോ, വിശുദ്ധ മൃഗങ്ങളോ, എണ്ണ, വീഞ്ഞ്, മെഴുകുതിരി, കുന്തുരുക്കം, കോതമ്പു ഇവകളോ, നേർച്ചകളായി കൊടുക്കുന്നവയാകുന്നു.

5. ബുർക്സാ – എന്നത് വൃക്ഷങ്ങളുടെ ഫലങ്ങളിൽനിന്നും, ധാന്യങ്ങൾ, സസ്യാദികൾ, ഇവകളിൽ നിന്നും, ഔദാര്യമായി പള്ളിയിൽ കൊടുക്കുന്നവയാകുന്നു.

6. കുറുബാൻ – എന്നത് സ്ത്രീകൾ പ്രസവം കഴിഞ്ഞ് ആദ്യം പള്ളിയിൽ വരുമ്പോഴും, കാഠിന്യ രോഗം ബാധിച്ചു സുഖപ്പെട്ടവർ ആദ്യം പള്ളിയിൽ വരുമ്പോഴും, കുട്ടികളെ മാമോദീസായ്ക്കു കൊണ്ടുവരുമ്പോഴും, പള്ളിക്കു കൊടുക്കുന്നവയാകുന്നു.

7. പതാരം – എന്നത് വിവാഹത്തിങ്കൽ സ്ത്രീധനത്തിൽനിന്നും

പള്ളിയിൽ കൊടുക്കുന്ന ദശാംശ അവകാശമാകുന്നു.

8. ദശാംശം – എന്നത് ഓരോ ഭവനക്കാർ തങ്ങളുടെ വരുമാനങ്ങളിൽ നിന്നും പള്ളിയിൽ കൊടുക്കുന്ന അവകാശമാകുന്നു.

9. സത്യം – എന്നത് വിവാഹത്തിന്റെ കൊടുക്കൽ വാങ്ങലായ സ്ത്രീധനങ്ങളുടെ കരാറുകളെ പള്ളിനടയിൽവച്ച് ഉറപ്പിക്കുന്നവരും, അയൽക്കാരനുമായുള്ള വിവാദങ്ങൾ ആണയാൽ ഉറപ്പുവരുത്തുന്നതിനു പള്ളിയിൽ വരുന്നവരും കൊടുക്കുന്ന അവകാശമാകുന്നു.

10. നടവഴക്കം – എന്നത് വിവാഹത്തിങ്കൽ പുരുഷനും സ്ത്രീയും പള്ളിനട മുഖേന വയ്ക്കുന്ന അവകാശമാകുന്നു.

11. വച്ചുകുമ്പിടീൽ – എന്നത് വിവാഹം കഴിഞ്ഞു പള്ളിയിൽ നിന്നു ഇറങ്ങുന്ന സമയം പുരുഷനും സ്ത്രീയും പള്ളിയിൽ വയ്ക്കുന്ന അവകാശമാകുന്നു.

12. അടിയറ – എന്നത് ഒരു ഭവനത്തിൽ ദത്തോ വിവാഹത്താൽ അവകാശമോ ഉറപ്പിക്കുന്നതിനു പള്ളിയിൽ കൊടുക്കുന്ന അവകാശമാകുന്നു.

13. അടിമ – എന്നത് മാമോദീസാ മുക്കി ആൺകുട്ടികളെ പള്ളിക്കു അടിമകൊടുത്തു വീണ്ടുകൊള്ളുമ്പോൾ വയ്ക്കുന്ന അവകാശമാകുന്നു.

14. ഉത്തരപ്പണം – കിഴിപ്പണം– എന്നത് പൊലിവു കല്യാണത്തിങ്കൽ പള്ളിയിൽ കൊടുക്കുന്ന അവകാശമാകുന്നു.

15. വിളിച്ചുചൊല്ലുപണം – വിവാഹ സംഗതിയെ സഭയിൽ പ്രസിദ്ധം ചെയ്യുന്നതിനു പുരുഷന്റെയും സ്ത്രീയുടെയും ഉടമസ്ഥർ കൊടുക്കുന്ന അവകാശമാകുന്നു.

16. കുഴിക്കാണം – എന്നത് ശവസംസ്കാരത്തിങ്കൽ പള്ളിയുടെ കുഴിക്കാണ നിയമംപോലെ സ്ഥലത്തിനു കൊടുക്കുന്ന അവകാശമാകുന്നു.

17. പള്ളിവരുമാനങ്ങളിൽ മേൽവിവരിച്ചവകൾക്കു തുക സംക്ഷേപിച്ചിട്ടില്ലാത്തതിനാൽ അതാതുകാലങ്ങളുടെയും സംഗതികളുടെയും യഥാക്രമംപോലെ സഭക്കാരുമായി ആലോചിച്ചു മേൽപ്പട്ടക്കാരൻ നടത്തിപ്പാനുള്ളതാകുന്നു.

## മൂന്നാം ഭാഗം

## കൈക്കാരന്മാരെക്കുറിച്ച്

1. പള്ളിപ്രതിഷ്ഠിക്കുകയോ കൂദാശ ചെയ്യുകയോ ചെയ്യുന്ന സമയം കൂടപ്പെടുന്ന സഭാമദ്ധ്യത്തിങ്കൽ വച്ചു പള്ളിസ്ഥലവും പള്ളിപണിക്കുള്ള

ചിലവർപ്പും ആരിൽനിന്നു ഏതുവഴി ഉത്ഭവിച്ചു എന്നു മേൽപ്പട്ടക്കാരൻ വിചാരണ കഴിക്കണം.

2. പള്ളിസ്ഥലവും ചിലവർപ്പുകളും നാലു ഭാഗത്തുമുള്ള ജനങ്ങളിൽ നിന്നും എന്നു കണ്ടാൽ ആ പള്ളിയുടെ എപ്പിത്രോപ്പന്മാരായി പന്ത്രണ്ടാളുകളെ തിരഞ്ഞെടുക്കുകയും അതിൽ രണ്ടുപേരെ മുതൽക്കെട്ടു കണക്കെഴുത്തു കൈക്കാരന്മാരായി നിയമിക്കുകയും ചെയ്യേണ്ടതാകുന്നു.

3. ഈവക കൈക്കാററു മേൽപട്ടക്കാരന്റെ കൽപ്പനപ്പടി മുതൽ എടുക്കുകയും വരവുചിലവു കണക്കു ക്രമമായി എഴുതിക്കൊൾകയും ചെയ്യേണ്ടതുമല്ലാതെ ആണ്ടറുതിയിൽ വികാരിയും, എപ്പിത്രോപ്പന്മാർ എല്ലാവരുംകൂടി കേട്ട് തിരട്ട് എഴുതി അടയാളത്തോടുകൂടി ഒരു പ്രതി മേൽപ്പട്ടക്കാരനു അയയ്ക്കുകയും ഒരു പ്രതി അടയാളംവച്ചു വരുത്തി പള്ളിയിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാകുന്നു.

4. എപ്പിത്രോപ്പന്മാരിൽ ഈരണ്ടാൾ ആണ്ടുതോറും മാറിമാറി ഈ വേല നോക്കേണ്ടിയതാകുന്നു.

5. നടപ്പു കൈക്കാരന്മാരെ മാറ്റി എപ്പിത്രോപ്പന്മാരിൽ മറ്റു രണ്ടുപേരെ നിയമിക്കണമെന്നോ വേറിട്ടു രണ്ടുപേരെ പ്രത്യേകിച്ച് ആക്കണമെന്നോ ഇടവകക്കാർ അപേക്ഷിച്ചാൽ മേൽപട്ടക്കാരൻ അന്വേഷണം ചെയ്ത് വേറെ ആളുകളെ നിയമിക്കാവുന്നതാകുന്നു.

6. നടപ്പു കൈക്കാരന്മാരെ മാറ്റുമ്പോഴും വേറിട്ടാളുകളെ നിയമിക്കുമ്പോഴും ഭണ്ഡാരത്തിന്റെ താക്കോൽ മദ്ബഹായ്ക്കു മുമ്പിൽ വെയ്ക്കുകയും നിയമിക്കപ്പെട്ടവർ എടുക്കുകയും ചെയ്യേണ്ടതാകുന്നു.

7. പള്ളിക്കു സ്ഥലവും ചിലവർപ്പും മൂന്നോ നാലോ പേർ ആദ്യന്മാരായി നിന്നു സ്വന്തം വകയിൽനിന്നും അവരുടെ സാഹസത്താൽ മറ്റുള്ളവരിൽ നിന്നും ശേഖരിച്ചു പള്ളി മുഴുവനാക്കി എന്നു കാണപ്പെട്ടാൽ മുതൽ വീഴ്ചയും സാഹസവും ഉള്ള വീട്ടുകാററെ കൈക്കാററായും ഏർപ്പാടുകൾക്കു തക്കവണ്ണം ഏറെക്കുറെ വ്യത്യാസപ്പെടുത്തിയും നിയമിക്കേണ്ടതാകുന്നു. ഇങ്ങനെ നിയമിക്കുന്നതു ആറു വീട്ടുകാററിൽ കൂടുതലാകയും അരുത്.

8. ഈവക കൈക്കാററു പള്ളി വരുമാനങ്ങളെ എടുക്കയും ചിലവുകൾ ചെയ്കയും ചെയ്യേണ്ടതാകുന്നു.

9. ആണ്ടറുതിയിൽ കണക്കുകൾ തീർക്കുന്ന സമയം ഇടവകയുടെ ബുക്കനെന്മാരായി മേൽപട്ടക്കാരനാൽ നിയമിക്കപ്പെട്ടവരുടെ മുമ്പാകെ വച്ചു പരിശോധിച്ച് മുൻനിയമപ്രകാരം ഒക്കെയും ചെയ്യേണ്ടതാകുന്നു.

10. ഈവക കൈക്കാററിൽ ചില കുടുംബക്കാർ ഇല്ലാതെയാകുകയോ അയോഗ്യരായി വരികയോ ചെയ്താൽ മേൽപട്ടക്കാരൻ മുതൽക്കെട്ടു കൈസ്ഥാനക്കാററെ കൂടി നിയമിച്ചു അവരെക്കൊണ്ടു തനിച്ചോ ഇരു ഭാഗക്കാററെക്കൊണ്ടുമോ അന്വേഷിപ്പിക്കാവുന്നതാകുന്നു.

11. ഈവിധമായ കൈക്കാററു പള്ളിവക കൈകാര്യം ചെയ്തിരുന്നാലും ഇല്ലാതെ ഇരുന്നാലും അവർക്കുള്ള ഓഹരി മുടക്കപ്പെട്ടു കൂടാത്തതാകുന്നു.

12. ഒരു കുടുംബത്തിൽ നിന്നുതന്നെ പള്ളിക്കു സ്ഥലം കൊടുക്കയും പണിവകയ്ക്കു ദ്രവ്യം ചിലവു ചെയ്യുകയും ചെയ്തതായി കാണപ്പെട്ടാൽ ആ കുടുംബക്കാററെ മാറാകൈസ്ഥാനക്കാരായി വിചാരിക്കപ്പെടണം.

13. പള്ളിയുടെ അഭിവൃദ്ധിക്കായി ഈ ഭവനക്കാരുടെ കൈകാര്യ കർത്തൃത്വം പള്ളിമുതൽ കാര്യങ്ങളിന്മേൽ ഇരിക്കണമെന്നു വിചാരിച്ചു പ്രവൃത്തിക്കുന്ന സമയമൊക്കെയും ഈ അവകാശം അവരിൽ നിന്നും വേർപെടുത്തി കൂടാത്തതാകുന്നു.

14. ഈവിധമുള്ള പള്ളികളിൽ ഇടവകക്കാർ കൂടിവരികയും അവരിൽ നിന്നുള്ള വരുമാനം അധികരിക്കയും ചെയ്താൽ യോഗത്തിന്റെ അപേക്ഷയിന്മേൽ മേൽപട്ടക്കാരൻ മുതൽക്കെട്ടു കൈക്കാററെ കൂടെ നിയമിക്കേണ്ടതാകുന്നു.

15. എല്ലാ ഭണ്ഡാരങ്ങളുടേയും മേൽപൂട്ടും അന്വേഷണവും കാരണഭൂതന്മാരായ കുടുംബക്കാർക്ക് ഇരിക്കേണ്ടതാകുന്നു. വരവുചിലവുകളെക്കുറിച്ചുള്ള കണക്ക് മേൽനിയമിച്ചിരിക്കുന്നപ്രകാരം ചെയ്വാനുള്ളതാകുന്നു.

16. മാറാകൈസ്ഥാന കുടുംബത്തിലേക്കു ഓഹരികൾ കൊടുക്കുന്നതല്ലാതെ ആ കുടുംബക്കാരോടു കുഴിക്കാണം വാങ്ങിക്കൂടാത്തതാകുന്നു.

17. ഇങ്ങിനെയുള്ള കുടുംബത്തിൽ അന്വേഷണത്തിനു പ്രാപ്തിയുള്ളവർ ഇല്ലാതെ വന്നാൽ അവർക്കു സഹായി ആയി തിരഞ്ഞെടുക്കുന്നവരെക്കൊണ്ടും അവർക്കു നടത്തിക്കാവുന്നതാകുന്നു.

## നാലാം ഭാഗം

## പള്ളിമുതലവകാശങ്ങളെയും ചിലവിനെയും കുറിച്ച്

1. റീശീസാ - കൈമുത്ത് - ഈവക മുതൽ മേൽപട്ടക്കാരന്റെ അവകാശമാകുന്നു.

2. ഗെബിയാസാ – ബുർക്ക്സ്സാ – പതാരം – ദശാംശം – സത്യം – നടവഴക്കം – അടിയറ – ഉത്തരപണം കിഴിപ്പണം – അടിമ – ഈ ഇനങ്ങളിൽ പകുതി പള്ളിക്കും പകുതി പട്ടക്കാർക്കും ഉള്ള അവകാശമാകുന്നു.

3. മേൽപ്പറഞ്ഞ ഇനങ്ങളിൽ പള്ളിക്കു ചേരുന്നവയും മറ്റുള്ള എല്ലാ വരുമാനങ്ങളും പള്ളിയുടെ അലങ്കാരത്തിനും സന്യാസികളായ പട്ടക്കാരുടെ ചിലവിനും പരദേശികളെയും ആരുമേവരുമില്ലാത്തവരെയും സംരക്ഷണ ചെയ്യുന്നതിനും യുക്തമായി ചിലവു ചെയ്യാവുന്നതാകുന്നു.

4. ക്ഷണിക്കപ്പെട്ട ഉപപള്ളികളുടെയും ഇടവക പള്ളിക്കൂടങ്ങളുടെയും, മറ്റും ഗുണീകരമായ നൂതന ഏർപ്പാടുകളുടെയും പ്രയോജനങ്ങൾക്കു വേണ്ടിവന്നാൽ മേൽപട്ടക്കാരന്റെ വരുതിയോടു സഭായോഗത്തിനു ചിലവു ചെയ്യാവുന്നതാകുന്നു.

## 2–ാം കെപ്പാലയോൻ

## ശുദ്ധമാനപള്ളിയിലെ പട്ടത്വത്തെക്കുറിച്ച്

സ്വർഗ്ഗം തന്റെ സിംഹാസനവും ഭൂമി തന്റെ പാദപീഠവുമെന്നു തിരു അരുളപ്പാടുണ്ട്. സ്വർഗ്ഗത്തിൽ ഒമ്പതു വൃന്ദം മാലാഖമാരുടെ പേരുകണക്കെ ഭൂമിക്കടുത്ത തന്റെ തിരുസഭയിലും ഒമ്പതു വൃന്ദത്തിൽ സ്ഥാനികൾക്കു പേർ വിളിക്കപ്പെട്ടിരിക്കുന്നു. സ്വർഗ്ഗത്തിന്നടുത്ത മാലാഖമാരുടെ നിരകൾ. 1. മാലാഖ, 2. റീശൈ മാലാഖ. 3. റീശൻവാസാ. 4. ശുൽത്താനെ. 5. മൗത്ത്ബെ. 6. മാറാവാസാ. 7. ഹൈലെ. 8. ക്രൊബെ. 9. സ്രാപ്പെ. ഭൂമിക്കടുത്ത സഭാദൂതന്മാരുടെ നിരകൾ. 1. കാറോയന്മാർ. 2. ഹെവുപ്പതിയക്കിനെന്മാർ. 3. മശ്മശാനന്മാർ. 4. അർക്കദയാക്കോന്മാർ. 5. കശ്ശീശന്മാർ. 6. കൂറെപ്പിസ്കോപ്പന്മാർ. 7. റമ്പാന്മാർ. 8. എപ്പിസ്കോപ്പന്മാർ. 9. മെത്രാപ്പോലീത്തന്മാർ അല്ലെങ്കിൽ റീശെ എപ്പിസ്കോപ്പന്മാർ. ഇങ്ങിനെയുള്ള നാമങ്ങളോടുകൂടിയ നിരക്കാർ ഇരിക്കിലും ശെമ്മാശന്മാർ, പട്ടക്കാർ, മേൽപട്ടക്കാർ എന്ന വേദവിധിപ്രകാരമുള്ള ഈ മൂന്നു സ്ഥാനങ്ങളിൽ നിന്നും ഏറെക്കുറെ ഭേദങ്ങളോടുകൂടെ മേൽപ്രകാരമുള്ള ഒമ്പതു സ്ഥാനങ്ങൾ സഭ ക്രമപ്പെടുത്തിയിരിക്കുന്നു.

### മശ്മശാനാ

2. മശ്മശാനാ പ്രായത്തിൽ 18 വയസ്സുകാരനും ശുദ്ധമുള്ള ശ്ലീഹായാൽ കൽപിക്കപ്പെട്ടിരിക്കുന്ന സൽഗുണങ്ങളോടു കൂടിയവനായി വിശ്വാസത്തിന്റെ രഹസ്യം വെടിപ്പുള്ള മനസ്സാക്ഷിയിൽ പിടിക്കപ്പെട്ടിരിക്കുന്നവനും തന്റെ ഇടവകജനങ്ങളിൽനിന്നും സാക്ഷിപത്രം ലഭിക്കപ്പെട്ടിരിക്കുന്നവനും ആയിരിക്കണം. മശ്മശാനാ, മുന്നമേ പരിശോധിക്കപ്പെടുകയും

പിന്നെ പട്ടംകെട്ടപ്പെടുകയും വേണം. ശുദ്ധമാനപള്ളിയിൽ മശ്മശാനായുടെ വേല ദൈവശുശ്രൂഷയിൽ കശ്ശീശന്മാർക്കു സഹായിക്കുന്നതും നിബിയൂസാ കുറി ഇവ മുതലായവകൾ വായിക്കുന്നതും കശ്ശീശായുടെ അനുവാദത്തോടു ദൈവവചനം പ്രസംഗിക്കുന്നതും ആകുന്നു. ആവശ്യം പോലെ വീട്ടുമാമോദീസാ കഴിക്കുന്നതിനും അനുവദിക്കപ്പെട്ടിരിക്കുന്നു.

## കശ്ശീശാ

3. കശ്ശീശൂസാ സ്ഥാനത്തിനു വിളിക്കപ്പെടുന്നവൻ പ്രായത്തിൽ 21 വയസ്സുകാരനും, അറ്റകുറ്റം ഇല്ലാത്തവനും, ഉണർച്ചയുള്ളവനും, അടക്കവും പരിപാകവും ആദിയായ സകലവിധ സുശീലങ്ങളെക്കൊണ്ടും അലംകൃതനും, ഉപദേശശീലനും അഭ്യസനത്തിൽ മുതിർന്നവനും, പുറത്തുള്ളവരിൽ നിന്നു ഉത്തമസാക്ഷിയുള്ളവനും, ആയിരിക്കണം. കശ്ശീശാ മുന്നമേ ശോധന ചെയ്യപ്പെട്ടിട്ടു പിന്നെ പട്ടംകെട്ടപ്പെടുകയും വേണം. ശുദ്ധമാനപള്ളിയിൽ കശ്ശീശായുടെ വേല ഇടവകഭരണവും ജനങ്ങൾക്കു തന്റെ സ്ഥാനത്തിനടുത്ത സകല കൂദാശപ്രവൃത്തികളും നിവൃത്തിച്ചു കൊടുക്കുന്നതും, പള്ളിയിലും പുറത്തും, സമയത്തിലും അസമയത്തിലും ദൈവവചനം പ്രസംഗിക്കുന്നതും മേൽപട്ടക്കാരന്റെ വരുതി അനുസരിച്ചു പള്ളിയിൽ ആത്മീക ലൗകീക സകല പെരുമാറ്റങ്ങളിലും ശുഷ്കാന്തിപ്പെട്ടു നടത്തുന്നതും ആകുന്നു.

## എപ്പിസ്കോപ്പാ

4. ഈ സ്ഥാനത്തിനു വിളിക്കപ്പെടുന്നവൻ വേദവിധിപ്രകാരം സഭയുടെ ദൂതനും ഇടയനും, കാവൽക്കാരനും, പരിപാലകനും ദൈവരഹസ്യങ്ങളുടെ കലവറക്കാരനും, ദൈവത്തിന്റെ ദാസനും, സഭയുടെ ആത്മീക വൈദ്യനും, ദൈവത്തിന്റെ സ്ഥാനാപതിയും ആയിരിക്കുന്നതിനാൽ താൻ വേദപാഠത്തിൽ വിദഗ്ദ്ധനും 30 വയസ്സിൽ അധികരിച്ചിരിക്കുന്നവനും സഭയാൽ സമ്മതിക്കപ്പെട്ടവനും 12 ഉത്തമ കശ്ശീശന്മാരുടെ സാക്ഷിപത്രം ഉള്ളവനും ആയിരിക്കണം. സ്ഥാനാഭിഷേക സമയം ഈ സാക്ഷിക്കാർ പ്രത്യേകം ഹാജരായി അവരുടെ സാക്ഷ്യങ്ങൾ മുഖസ്തുതിയാലും കാര്യലാഭത്താലും ലജ്ജാകരമായ മറ്റു യാതൊന്നിനാലും അല്ലായെന്നു സഭാമദ്ധ്യത്തിൽ സത്യംചെയ്തു പറയണം. അതിന്റെ ശേഷം വിളിക്കപ്പെട്ടിരിക്കുന്നവന്നു മേൽപട്ടക്കാരൻ ഒരു കടലാസു കൊടുത്തിട്ടു താൻ ഉൾപ്പെട്ടിരിക്കുന്ന സഭയുടെ വിശ്വാസരീതി അതിൽ എഴുതിച്ചു കൈയൊപ്പു വെപ്പിക്കുകയും ചെയ്തശേഷം ഞാൻ എന്റെ ആയുസ്സിൻ നാളൊക്കെയും ശുദ്ധമുള്ള ഏവൻഗേലിയോന്റെ കൽപനകൾക്കു വിരോധംകൂടാതെയും ഗുണപ്രവൃത്തികളെ എന്റെ പ്രാപ്തിക്കു തക്കവണ്ണവും ചെയ്തുകൊള്ളാമെന്നു ദൈവത്തിന്റെയും തന്റെ ദൂതന്മാരുടെയും

മുമ്പാകെയും ഈ സഭായോഗത്തിൻ മുമ്പാകെയും സത്യംചെയ്തു വിളിച്ചുപറയുന്നു എന്നു പറയുകയും ഈ സത്യവാചകം സ്വന്ത കൈപ്പടയിൽ എഴുതി ഒപ്പുവച്ചുകൊടുക്കുകയും വേണം. മറ്റുള്ള സ്ഥാനികളുടേതുപോലെ ഈ പട്ടാഭിഷേകവും തക്സായിക്കടുത്തവണ്ണം പൂർത്തീകരിക്കേണ്ടതുമാകുന്നു.

5. മേൽപട്ടക്കാരന്റെ സ്ഥാനാഭിഷേക ദിവസം റമ്പാന്മാർ, കൂറെപ്പിസ്കോപ്പന്മാർ, കശ്ശീശന്മാർ, ശെമ്മാശന്മാർ ആദിയായവരൊക്കെയുടെയും കൂട്ടവും ഉണ്ടായിരിക്കണം.

6. മേൽപട്ടക്കാരന്റെ സ്ഥാനത്തിനായി വിളിക്കപ്പെടുന്നവൻ അതിനായി പ്രത്യേകം വേർതിരിക്കപ്പെട്ടിരിക്കുന്ന കുലീനതയുള്ള കുടുംബക്കാരിൽനിന്നും തിരഞ്ഞെടുക്കപ്പെടേണ്ടതാകുന്നു. ഉത്തമമായ ഈ സ്ഥാനത്തിനു ഈ കുടുംബങ്ങളിൽ ആളില്ലാതെ വന്നാൽ മാത്രം വേറെ കുടുംബത്തിൽ നിന്നു ഒരുവനെ തെരഞ്ഞെടുക്കപ്പെടാകുന്നതാകുന്നു.

7. മശ്മശാനന്മാർ, കശ്ശീശന്മാർ, മേൽപട്ടക്കാർ, ഈ മൂന്നുവിധ സ്ഥാനങ്ങളുടെ ചിഹ്നങ്ങളായ റമ്പാന്മാർ, കൂറെപ്പിസ്കോപ്പന്മാർ, അർക്കദയാക്കൊന്മാർ, ഹെവുപ്പദയക്കനോന്മാർ, കാറോയന്മാർ, എന്ന വിധ സ്ഥാനികളെ മേൽപട്ടക്കാരനാൽ തിരഞ്ഞെടുക്കപ്പെട്ട അതാതു സ്ഥാനത്തിനു ക്രമപ്പെടുത്തിയിരിക്കുന്ന തക്സാപോലെ പട്ടംകെട്ടപ്പെടുന്നവരായിരിക്കണം.

8. മേലെഴുതപ്പെട്ട മൂന്നുവിധ സ്ഥാനങ്ങൾക്കോ അവയുടെ ചിഹ്നങ്ങൾ ആയിരിക്കുന്നവകൾക്കോ വിളിക്കപ്പെടുന്നവർ വേദവിധിപ്രകാരമുള്ള ഉത്തമലക്ഷണക്കാർ ആയിരിക്കുന്നതല്ലാതെ അജ്ഞനോ, അംഗഹീനനോ, ദുർന്നടത്തക്കാരനോ, ഈ പരിശുദ്ധ ദാനത്തിനു ചേരരുതാത്ത യാതൊരു ലക്ഷണങ്ങൾ ഉള്ളവനോ ആയിരിക്കരുത്.

9. മെത്രാപ്പോലീത്താ അല്ലെങ്കിൽ റീശെപ്പിസ്കോപ്പാ തന്റെ ഇടവകയിൽ എപ്പിസ്കോപ്പന്മാരാദിയായുള്ള സ്ഥാനികളെ പട്ടംകെട്ടുകയും സഭമേലും സഭയ്ക്കടുത്ത എല്ലാ സ്ഥാനികളിന്മേലും സഭാസ്വങ്ങൾ മേലും അധികാരപ്പെട്ടിരിക്കയും തന്റെ ഇടവക ആത്മീക ലൗകീക കാര്യങ്ങളിൽ മേൽക്കുമേൽ അഭിവൃദ്ധിപ്പെട്ടുവരുവാൻ സർവദാ യത്നം ചെയ്കയും ചെയ്യുന്നതു തന്റെ വേലയാകുന്നു.

10. എപ്പിസ്കോപ്പന്മാർ, റീശെപ്പിസ്കോപ്പായുടെ പിന്തുടർച്ചക്കാറരും അഭിഷേകത്തിൽ സമത്വമുള്ളവരും ആകുന്നു എങ്കിലും സഭാഭരണത്തിൽ റീശെപ്പിസ്കോപ്പായുടെ ആലോചനയോടുകൂടെ സകലവും നടത്തുന്നതും ഇടവകകളിൽ മേലദ്ധ്യക്ഷത ചെയ്യുന്നതും തന്റെ വേലയാകുന്നു.

11. റമ്പാൻ, ദയറാവാസിയാകുന്നു. ആരുമേവരും ഇല്ലാത്തവരെയും ദരിദ്രരെയും താങ്ങുന്നതും രോഗികളെയും ബദ്ധന്മാരെയും ചെന്നു കണ്ടു ആശ്വസിപ്പിക്കുന്നതും പ്രാർത്ഥനകളിലും മറ്റും അവരെ ഉത്സാഹിപ്പിക്കുന്നതും റീശെപ്പിസ്കോപ്പായുടെ വരുതിയോടു ധർമ്മശേഖരങ്ങളിൽ നിന്നു ആവശ്യംപോലെ അവർക്കു വിഭാഗിച്ചു കൊടുക്കുന്നതും തന്റെ വേലയാകുന്നു.

12. കൂറെപ്പിസ്കോപ്പാ, തന്റെ ഇടവകയിലുള്ള എല്ലാ കശ്ശീശന്മാരുടെയും നടപടികളെ ശോധന ചെയ്യുന്നതും അവർക്കു മൂപ്പായി ഇരുന്നു ഇടവകയുടെ കുറവുകളെ നികത്തുന്നതും ആവശ്യപ്പെടുന്ന സംഗതികൾ എപ്പിസ്കോപ്പായെ എഴുതി അറിയിക്കുന്നതും തന്റെ വേലയാകുന്നു.

13. അർക്കദയാക്കോൻ, മേൽപട്ടക്കാരന്റെ അനുജ്ഞക്കു പട്ടത്വത്തിനായി വിളിക്കപ്പെടുന്നവരെ പരിശോധിക്കുന്നതും ആ കൂദാശ പ്രവൃത്തികളിൽ മേൽപ്പട്ടക്കാരനെ സഹായിക്കുന്നതും ഇടവകസംബന്ധമായി മേൽപട്ടക്കാരൻ അപ്പഴപ്പോൾ തന്നെ ചുമതലപ്പെടുത്തുന്ന സകല കാര്യങ്ങളെയും അന്വേഷണം ചെയ്തു നടത്തുന്നതും തന്റെ അന്വേഷണങ്ങളെക്കുറിച്ചു മേലാവിൽ റിപ്പോർട്ടു ചെയ്യുന്നതും തന്റെ വേലയാകുന്നു.

14. ഹെവുപ്പതിയക്കനോൻ, കാറൊയാ ഈ രണ്ടു നിരക്കാററിൽ ഹെവുപ്പതിയക്കനോൻ ചില ദൈവശുശ്രൂഷകളിൽ കശ്ശീശന്മാർക്കു സഹായിക്കുന്നു എന്നു വരികിലും ഇവർ ഇരുനിരക്കാരും പള്ളികളിൽ സങ്കീർത്തനങ്ങളെയും പാട്ടുകളെയും പാടി പരിശുദ്ധ ശുശ്രൂഷകളിൽ ദൈവത്തെ സ്തുതിക്കുന്നതിനായി നിയമിക്കപ്പെട്ടവരാകുന്നു.

15. ഹെവുപ്പതിയക്കനൊന്മാരുടെ സംഘത്തിൽനിന്നു മശ്മശാനന്മാരുടെയും, മശ്മശാനന്മാരുടെ സംഘത്തിൽനിന്നു കശ്ശീശന്മാരുടെയും, കശ്ശീശന്മാരുടെ സംഘത്തിൽനിന്നു റമ്പാന്മാരുടെയും, സ്ഥാനങ്ങൾക്കു ആളുകൾ തിരഞ്ഞെടുക്കപ്പെടേണ്ടതാകുന്നു. അർക്കദയാക്കോൻ മശ്മശാനന്മാരുടെ സംഘത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടു പട്ടംകെട്ടപ്പെടുന്നു എന്നിരിക്കിലും കശ്ശീശന്മാർ, കോറെപ്പിസ്കോപ്പന്മാർ, റമ്പാന്മാർ ഈ സ്ഥാനങ്ങളിൽനിന്നു അർക്കദയാക്കോന്മാരായി നിയമിക്കപ്പെടാം, ഈ മൂന്നു നിരക്കാരിൽനിന്നും ഉത്തമന്മാർ എപ്പിസ്കോപ്പായുടെയോ റീശെപ്പിസ്കോപ്പായുടെയോ സ്ഥാനത്തിനു നിയമിക്കപ്പെടാം. താൻ ഏതു നിരയിൽപ്പെട്ടതോ അതുമുതൽ മേലോട്ടു താൻ പൂർത്തീകരിക്കപ്പെടണം.

16. മശിഹായുടെ ആട്ടിൻകൂട്ടങ്ങളെ ഭരിക്കുന്ന മേലദ്ധ്യക്ഷന്മാർ തന്റെ കൈവെപ്പും അഭിഷേകവും ഉള്ളവരാൽ സ്ഥാനം കെട്ടപ്പെട്ടവരായിരിക്കണം. അങ്ങിനെ അഭിഷേകം ഉള്ള റീശെപ്പിസ്കോപ്പായോ എപ്പിസ്കോ

പ്പായോ പെട്ടെന്നു മരിച്ചുപോയാൽ ആ സഭ വിധവയായി ഭവിക്കാതിരിപ്പാൻ വേണ്ടി വിശ്വാസ ആന്തരത്തിൽനിന്നു തെറ്റീട്ടില്ലാത്തതും പൂർവിക കൈവെപ്പുള്ളതുമായ അന്യസഭയുടെ മേൽപ്പട്ടക്കാരിൽനിന്നും അപേക്ഷിച്ച ഈ സ്ഥാനം വീണ്ടെടുക്കപ്പെടാം. അതിനും ഇടവരാഞ്ഞാൽ ആ ഇടവകയുടെ റമ്പാന്മാർ കോറെപ്പിസ്കോപ്പന്മാർ കശ്ശീശന്മാർ മുതലായ 12 ആളുകൾകൂടി ഒരു സുന്നഹദോസു വിളിച്ചുകൂട്ടി ഈ സ്ഥാനത്തിനു വിളിക്കപ്പെട്ട ആൾ കശ്ശീശാ ആയിരുന്നാലും അതുമുതൽ മേൽപോട്ടുള്ള സ്ഥാനങ്ങൾ തക്സാപോലെ പൂർത്തീകരിക്കപ്പെടാം.

17. റമ്പാൻ, എപ്പിസ്കോപ്പാ, റീശെപ്പിസ്കോപ്പാ ഈ സ്ഥാനികൾ ഒഴികെ ശേഷം കീഴുള്ള സ്ഥാനികൾക്കു വിവാഹം വിരോധിക്കപ്പെട്ടിട്ടില്ലാത്തതാകുന്നു. അവരുടെയും അവരുടെ ഭാര്യമാരുടെയും അവരുടെ മക്കളുടെയും പസാരം, കുഴിക്കാണം വാങ്ങിക്കൂടാത്തതുമാകുന്നു.

18. റമ്പാൻ മുതലായ ഏതൊരു സഭാസ്ഥാനിയും വിശ്വാസ സാരത്തിനും, ഏവൻഗേലിയോന്റെ നടപടികൾക്കും, വിപരീതമായ നടപടി നടത്തി പ്രതികൂല ഉപദേശങ്ങളെ സഭയിൽ വിതക്കുന്നു എന്നു അറിയപ്പെട്ടാൽ ആ സംഗതി മേൽപട്ടസ്ഥാനത്തു ബോധിപ്പിച്ചു ഉണ്ടാകുന്ന വിചാരണയിൽ കുറ്റം നാനാപ്രകാരത്തിലും തെളിയുന്നപക്ഷം ആ സഭാസ്ഥാനിയെ നീക്കം ചെയ്യുന്നതിനും സത്യമായി അനുതപിച്ചാൽ സഭയിലേക്കു വീണ്ടും കൈക്കൊള്ളുന്നതിനും മേൽപട്ടക്കാരനു അധികാരമുണ്ട്.

19. റീശെപ്പിസ്കോപ്പാ അല്ലെങ്കിൽ മെത്രാപ്പോലീത്താ തനിക്കു നൽകപ്പെട്ടിരിക്കുന്ന സ്വാതന്ത്ര്യ അധികാരം നിമിത്തം വല്ല സമയത്തും വേദ വിപരീതമായ നടപടികളിലോ വിശ്വാസവിപരീതങ്ങളിലോ നടക്കയും അപ്രകാരം സമൂഹത്തിനു തോന്നപ്പെടുകയും ചെയ്താൽ ആ കാര്യമിടപെട്ട എപ്പിസ്കോപ്പന്മാർ, കശ്ശീശന്മാർ മുതലായ എപ്പെർപ്പെട്ടവരും ഒരുമെട്ടു ആലോചന ചെയ്യുന്നതിനും അതുകളെക്കുറിച്ചു റീശെപ്പിസ്കോപ്പായിൽ പൂർണ്ണതെളിവുണ്ടാകുന്നപക്ഷം സഭ മുഴുവന്റെയും സമ്മതത്തിന്മേൽ സിംഹാസനത്തിൽനിന്നും ഭ്രഷ്ടാക്കുന്നതിനും സഭയ്ക്കു വേദ വിധിപ്രകാരം അധികാരം ഉള്ളതാകുന്നു. എന്നാൽ ഈ വിഷയത്തിൽ സഭയിൽ വല്ല അംഗവും അഭിപ്രായത്തിനു യോജിക്കാത്തപക്ഷം ഭ്രംശം ചെയ്യപ്പെടാവുന്നതല്ല.

20. ഒരു മേൽപട്ടക്കാരൻ മരിക്കുമ്പോൾ അയാളുടെ അംശവസ്ത്രങ്ങളാദിയായ സമസ്തവും പിന്തുടർച്ചക്കാരനായ മെത്രാനു മാത്രം ഇരിക്കുന്നതല്ലാതെ ചാർച്ചക്കാരായവർക്കു ഇരിക്കരുത്.

21. ഉത്തമസാക്ഷ്യവും, വേദപരിജ്ഞാനവും, ദൈവഭയവും, നടപടിക്രമവും ഉള്ള ഒരുവനെ തന്റെ സ്വമനസ്സുപോലെ കശ്ശീശാ ആയിട്ടോ

മറ്റു വല്ല സ്ഥാനി ആയിട്ടോ പട്ടംകെട്ടുവാൻ മേൽപട്ടക്കാരനു സ്വാതന്ത്ര്യമുണ്ട് എങ്കിലും ഒരിടവകക്കാർ ആ സ്ഥാനിയെ കൈക്കൊള്ളണമെന്നു മേൽപട്ടക്കാരൻ നിർബന്ധിക്കരുത്.

## 3-ാം കെപ്പാലയോൻ

## വിശ്വാസത്തെക്കുറിച്ച്

സ്തുതിക്കപ്പെട്ടതും, സ്വയംഭൂവായതും, ആദ്യന്തമില്ലാത്തതും, വന്ദിക്കപ്പെട്ടതും, സ്വയംഭൂത്വത്തിൽ ശരിയായിരിക്കുന്നതുമായ ദൈവത്തെ ബാവായും പുത്രനും റൂഹാദകുദിശായുമായ മുന്നത്വമെന്നു സഭ വിശ്വസിക്കേണ്ടതാകുന്നു.

1. മുന്നത്വത്തിൽ ഒന്നാമനായ പിതാവിനെ, സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സൃഷ്ടിതാവായ സത്യമുള്ള ഏകദൈവമെന്നു വിശ്വസിക്കേണ്ടതാകുന്നു.

2. മുന്നത്വത്തിൽ രണ്ടാമനായ പുത്രനെ, ഏകകർത്താവെന്നും ദൈവത്തിന്റെ ഏക പുത്രൻ എന്നും, സർവലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നും ജനിക്കപ്പെട്ടവൻ എന്നും, പ്രകാശത്തിൽനിന്നു പ്രകാശം, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവം, ജനിക്കപ്പെട്ടവൻ, നിർമ്മിക്കപ്പെടാത്തവൻ, പിതാവോടു സാരാംശത്തിൽ സമത്വമുള്ളവൻ, അവന്റെ കൈയാൽ സകലവും ഉണ്ടാക്കപ്പെട്ടു, ഇവൻ മനുഷ്യരക്ഷയ്ക്കായി സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി ശുദ്ധമുള്ള റൂഹായിൽ നിന്നും, ദൈവത്തെ പ്രസവിച്ച ശുദ്ധമുള്ള കന്യകമറിയാമ്മിൽനിന്നും, ശരീരമെടുത്തു, മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ കുരിശിൽ തറക്കപ്പെട്ടു, അവൻ കഷ്ടമനുഭവിച്ചു, മരിച്ചു, അടക്കപ്പെട്ടു, അവൻ മനസ്സായ പോലെ മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു, സ്വർഗ്ഗത്തിലേക്കു കരേറി പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു എന്നും, ജീവികളെയും മരിച്ചവരെയും വിധിപ്പാൻ മഹാസ്തുതിയോടു ഇനിയും വരുന്നു എന്നും, അവന്റെ രാജത്വത്തിനു അവസാനമില്ലെന്നും വിശ്വസിക്കേണ്ടതാകുന്നു.

3. മുന്നത്വത്തിൽ മൂന്നാമനായ റൂഹാദക്കുദിശായെ, സകലത്തെയും ജീവിപ്പിക്കുന്ന കർത്താവെന്നും, പിതാവിൽ നിന്നു പുറപ്പെടുന്നു എന്നും, പിതാവോടും പുത്രനോടും കൂടി വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നു എന്നും, നിബിയന്മാരെയും, ശ്ലീഹന്മാരെയും കൊണ്ടു പറയിച്ചവനെന്നും വിശ്വസിക്കേണ്ടതാകുന്നു.

4. ശുദ്ധമാനപള്ളിയെ സംബന്ധിച്ചു സഭ കാതോലിക്കായ്ക്കടുത്ത

തെന്നു ശ്ലീഹൂസാ സംബന്ധമുള്ളതെന്നും വിശ്വസിക്കേണ്ടതാകുന്നു.

5. ഈ സഭ എന്നത്, ഒന്നു മുതൽ നാലു വരെ പാസൊക്കാകളിൽ വിവരിച്ചിരിക്കുന്ന വിശ്വാസത്തെ അംഗീകരിക്കുന്ന വിശ്വാസികളുടെ സമൂഹവും ഈ സമൂഹത്തിനു സത്യമുള്ള ഏകസഭയെന്നു വിശുദ്ധ നാമവും ഉള്ളതാകുന്നു.

## 4–ാം കെപ്പാലയോൻ

## മൂറോൻ തൈലത്തെയും സൈത്തെന്ന എണ്ണയെയും കുറിച്ച്

മൂറോൻ എന്ന അഭിഷേകതൈലം, റുഹാദക്കുദിശായുടെ അച്ചാരത്തിനു ദൃഷ്ടാന്തവും, സൈത്തെണ്ണ ദത്തവകാശത്തിന്റെ സന്തോഷത്തിന്നടയാളവും ആകയാൽ അതുകളെ സഭയിൽ ഉപയോഗിപ്പാൻ ന്യായമാകുന്നു.

1. മൂറോൻ എന്ന അഭിഷേകതൈലം മേൽപട്ടക്കാരനാൽ ശുദ്ധീകരിക്കപ്പെടുകയും ആ സമയം തനിക്കു കീഴ്പെട്ട എല്ലാവിധ സ്ഥാനികളും ഇടവകകളിലെ യോഗസമ്മതം ഉണ്ടായിരിക്കയും ചെയ്യേണ്ടതാകുന്നു. സൈത്തെണ്ണ തന്റെ ഹിതംപോലെയും സമയം പോലെയും മേൽപട്ടക്കാരനാൽ ശുദ്ധീകരിക്കപ്പെടാം.

2. മാമോദീസാ മുഴുകപ്പെടുന്നവരുടെ നെറ്റികളിൽ കുരിശിന്റെ ഭാഷയിൽ സൈത്തെണ്ണകൊണ്ടു പൂശുകയും, മൂറോൻ എന്ന അഭിഷേകതൈലം മാമോദീസാ വെള്ളത്തിൽ കലർത്തുകയും, മാമോദീസാ മുക്കിയ ഉടൻ അവരെ തൈലാഭിഷേകം ചെയ്യുകയും വേണം. ഇതുകൾ മുന്നമത്വത്തിന്റെ തിരുനാമത്തിൽ ചെയ്യപ്പെടുവാൻ ന്യായമാകുന്നു.

3. പള്ളികൂദാശ സമയം മൂറോൻതൈലം മദ്ബഹായുടെ നാലു ഭാഗത്തും പൂശേണ്ടതും മുന്നമത്വത്തിന്റെ നാമത്തിൽ ചെയ്യപ്പെടേണ്ടതുമാകുന്നു.

4. രോഗികളുടെ മേലുള്ള നമസ്കാരത്തിൽ സൈത്തെണ്ണ പൂശുവാൻ ന്യായമാകുന്നു.

5. സൈത്ത്, മൂറോൻ എന്ന തൈലങ്ങൾ എല്ലാ പള്ളികൾക്കും മേൽപട്ടക്കാരനാൽ അയയ്ക്കപ്പെടേണ്ടതാകുന്നു.

## 5-ാം കെപ്പാലയോൻ

## നമസ്കാരക്രമത്തെക്കുറിച്ച്

1. ശരീരത്തിനു ജീവൻ ആഹാരമായിരിക്കുംവണ്ണം ആത്മാവിനു ജീവൻ പ്രാർത്ഥനയായിരിക്കുന്നു. അതുകൊണ്ടു ക്രിസ്ത്യാനികളായ എല്ലാവരും പ്രാർത്ഥനയുള്ളവരായിരിക്കണം.

2. പ്രാർത്ഥന പള്ളിയിൽവച്ചും ഭവനങ്ങളിൽവച്ചും മറ്റും യോഗ്യമുള്ള സ്ഥലങ്ങളിൽവച്ചും രഹസ്യമായും പരസ്യമായും ചെയ്യപ്പെടാം.

3. മേൽപട്ടക്കാർ, കശ്ശീശന്മാർ, ശെമ്മാശന്മാർ, സന്യാസികൾ, ഇവർ പ്രത്യേകം പള്ളിയിൽവച്ചു പ്രാർത്ഥന അണക്കേണ്ടതാകുന്നു.

4. ... കൂടി ചെയ്യപ്പെടുന്ന പ്രാർത്ഥനകൾ ഗ്രഹിച്ചു ധ്യാനിപ്പാൻ തക്ക വണ്ണം അറിയത്തക്ക ഭാഷയിൽ ചെയ്യപ്പെടണം.

5. മിശിഹാ അവസാനത്തിൽ കിഴക്കുനിന്നു കാണപ്പെടുന്നതുകൊണ്ടു കിഴക്കോട്ടുനിന്നു നമസ്കരിക്കുന്നവരാകണം.

ക്രിസ്ത്യാനിക്കാരായ എല്ലാവരും അതികാലത്ത് ഉറക്കത്തിൽ നിന്നും എഴുന്നേറ്റയുടൻ യാതൊരു വേലയും ചെയ്യുന്നതിനു മുമ്പെ മുഖശുദ്ധി വരുത്തി നമസ്കരിക്കണം.

കർത്താവ് പ്രകാശം നൽകിയതുകൊണ്ടു കാലത്തും, വിധി ഏൽക്കപ്പെട്ടതുകൊണ്ടു ഏഴരയിലും, കുരിശിൽ തറക്കപ്പെട്ടതുകൊണ്ട് ഉച്ചയിലും ഭൂമി വിറച്ച് ഇളകി മരിച്ചവർ ഉയിർത്തെഴുന്നേറ്റതുകൊണ്ടു ഇരുപത്തിരണ്ടരയിലും, രാത്രിയിൽ ആശ്വാസത്തിനായിക്കൊണ്ടു സന്ധ്യയിലും, പിശാചുകളുടെ അശുദ്ധപ്പെട്ട സ്വപ്നങ്ങളിൽനിന്നും കാഴ്ചകളിൽനിന്നും രക്ഷിക്കപ്പെടുവാൻ സൂത്താറായിലും, സകല അപകടങ്ങളിൽനിന്നും നമ്മെ കാത്തുരക്ഷിപ്പാൻ പാതിരായിലും, ഇങ്ങനെ ഏഴു പ്രാവശ്യം നമസ്കരിക്കണം. എല്ലാവർക്കും ഏഴു പ്രാവശ്യം തന്നെ നമസ്കരിപ്പാൻ കഴിയാതെ ഇരുന്നാൽ ദാവീദും ദാനിയേലും ചില സമയങ്ങളിൽ ചെയ്തിരിക്കുന്നതുപോലെ ദിവസത്തിൽ മൂന്നു പ്രാവശ്യം എങ്കിലും നമസ്കരിക്കുന്നതിനു കടപ്പെട്ടിരിക്കുന്നു.

നമസ്ക്കരിക്കുന്നവൻ നെഞ്ചിന്മേൽ അവന്റെ കൈകൾ വച്ചു ജഡസംബന്ധമായ സകല വിചാരങ്ങളെയും അടക്കി ഭക്തിയോടും ശ്രദ്ധയോടും വണക്കത്തോടും കൂടെ കിഴക്കോട്ടു മുഖമായി നിന്നു അവന്റെ തല താഴ്ത്തി വന്ദിച്ച അവന്റെ വലംകൈ കൊണ്ടു നെറ്റിമേൽ തൊട്ടു നെഞ്ചിന്നും ഇടത്തെ തോളിൽ നിന്നു വലത്തെ തോളിന്നുമായി കുരി

ശുവരച്ചു നമസ്ക്കരിക്കണം.

6. മിശിഹാ കർത്താവു പഠിപ്പിച്ചിരിക്കുന്ന പ്രാർത്ഥന എല്ലാ പ്രാർത്ഥന കൾക്കും അടിസ്ഥാനവും മാതൃകയും ആയി വിചാരിക്കപ്പെടണം. എന്നാൽ ഈ പ്രാർത്ഥനയെ അടിസ്ഥാനമാക്കി സമയങ്ങൾക്കും സംഗ തികൾക്കും തക്കതുപോലെ നമസ്കാരങ്ങളെ ചെയ്‌വാൻ എല്ലാ വിശ്വാ സികൾക്കും ന്യായമാകുന്നു.

7. അതാതു കാലങ്ങളിൽ നേരിടുന്ന പ്രത്യേക സംഗതികൾക്കു സഭ മുഴുവനിലും നമസ്കാരം അണെക്കപ്പെടേണമെന്നു ആവശ്യപ്പെടുന്നു എങ്കിൽ അതിനു യോഗ്യമാകുംവണ്ണം ഉള്ള നമസ്കാരങ്ങളെ ക്രമപ്പെടു ത്തുന്നതിനും അതുകളെ അണെക്കുന്നതിനു കൽപ്പന കൊടുക്കുന്ന തിനും മേൽപട്ടക്കാരനു അധികാരമുള്ളതാകുന്നു.

8. എല്ലാ നമസ്കാരങ്ങളിലും സ്തുതികൾ, അപേക്ഷകൾ, പ്രാർത്ഥന കൾ, സ്തോത്രങ്ങൾ അടങ്ങിയിരിക്കേണ്ടതും, മസുമൂറാകളും, വേദവാ യനകളും ഉണ്ടായിരിക്കേണ്ടതും ആകുന്നു.

9. വിശുദ്ധ വേദം ആധാരമാക്കി നടക്കയും സത്യത്തിന്റെ വചനങ്ങളെ നേരെ വിഭാഗിച്ചു സഭയെ പഠിപ്പിക്കയും ചെയ്തിട്ടുള്ള മരിച്ചുപോയ എല്ലാ പരിശുദ്ധന്മാരും നല്ല ദൃഷ്ടാന്തക്കാരാകയാൽ അവരുടെ നാമങ്ങളെയും നമസ്കാരങ്ങളിൽ ഓർമ്മ ചെയ്യേണ്ടതും, അവരുടെ പിന്നടിയിൽ നട പ്പാൻ ദൈവകരുണയ്ക്കായി അപേക്ഷിക്കേണ്ടതുമാകുന്നു.

10. മാലാഖമാരെയോ ശുദ്ധമുള്ളവരെയോ ആരാധിക്കുന്നതും മരിച്ചു പോയ പരിശുദ്ധന്മാരോടു നമസ്കരിക്കുന്നതും വേദവിധിക്കു ചേരുന്ന തല്ലായ്കയാൽ തിരുസഭ ഈവക ആരാധനകളെയും നമസ്കാരങ്ങ ളെയും വെടിഞ്ഞിരിപ്പാനുള്ളതാകുന്നു.

## 6-ാം കെപ്പാലയോൻ

## കുർബാനയെക്കുറിച്ച്

സർവ്വലോകത്തിന്റെയും പാപപരിഹാരത്തിനായി അണെക്കപ്പെട്ട ഏക ബലിയാകുന്ന കർത്താവിന്റെ മരണത്തെ ഓർക്കുന്നതിനുവേണ്ടി കർ ത്താവു ശ്ലീഹന്മാർക്കും, ശ്ലീഹന്മാർ തിരുസഭയ്ക്കും ഭരമേൽപിച്ചപ്രകാരം എല്ലാ കാലത്തും സഭയിൽ ശുദ്ധമാന കുർബാന അണെക്കപ്പെടേണ്ട താകുന്നു.

1. ശുദ്ധമാന കുർബാനയ്ക്കു മുന്തിരിങ്ങാരസവും കോതമ്പുമാവും അല്ലാതെ മറ്റു യാതൊന്നും അതിനു പകരമായി ഉപയോഗിച്ചുപോകരുത്,

അല്ലാതെ അന്യമായ യാതൊരു ആഹാരപാനീയങ്ങളെ ഉപയോഗിക്കുന്ന ഏവനേയും സഭയിൽനിന്നു ഭ്രഷ്ടാക്കണം.

2. ശുദ്ധമാന കുർബാനയ്ക്കായി വേർതിരിച്ചുണ്ടാക്കിയ (ഹമ്മീറാ) അപ്പം അതാതു ദിവസത്തെ കുർബാനയ്ക്കു ഉപയോഗിക്കുന്നതല്ലാതെ മറ്റൊരു ദിവസത്തേക്കു അതിനെ ഉപയോഗിപ്പാൻ പാടില്ല. ആകാശത്തിൽ നിന്നും ദൈവം പൊഴിപ്പിക്കയും അതാതു ദിവസംതന്നെ ഉപയോഗിപ്പിക്കയും ചെയ്തതല്ലാതെ മറുദിവസത്തേക്കു ശേഷിപ്പിക്കുന്നതിനു അനുവദിച്ചില്ല.

3. കാസായാകുന്ന പാനപാത്രത്തിൽ മുന്തിരിരസവും വെള്ളവും ശരാശരിയായി കലർത്തി കുർബാന അണെക്കേണ്ടതാകുന്നു ന്യായം. ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും യോജിപ്പിനെ കാണിക്കുന്നതിനും മശിഹാ തമ്പുരാന്റെ തിരുവിലാവിൽ നിന്നും വിമോചനരക്തവും വെള്ളവും ഒഴുകിയെന്നുള്ള വിശ്വാസ സാരം ഓർമ്മിക്കുന്നതിനും ആകുന്നു.

## രണ്ടാം ഭാഗം

## കുർബാന അണെക്കുന്നതിനെക്കുറിച്ച്

1. കശ്ശീശന്മാർ മുതൽ മേൽപ്പെട്ട എല്ലാ സ്ഥാനികൾക്കുമല്ലാതെ ശുദ്ധമാന കുർബാന അണെക്കുന്നതിനു അധികാരമില്ല. ഒരു ദിവസത്തിൽ ഒന്നിലധികം പ്രാവശ്യം കുർബാന അണെക്കുന്നതിനും അവർക്കു ന്യായമാകുന്നില്ല.

2. ശുശ്രൂഷക്കാരൻ ഇല്ലാത്തപക്ഷം കുർബാന അണെക്കുന്ന ആളിനു ഒരു കശ്ശീശാ ശുശ്രൂഷസ്ഥാനം നടത്താം. ആ കശ്ശീശാ ഈ സമയം ഊറാറ എന്നു പേരായ അംശവസ്ത്രം കൂടി ധരിച്ചിരിപ്പാനുള്ളതാകുന്നു.

3. ശുദ്ധമാന കുർബാന അണെക്കുന്ന ആൾ വെടിപ്പില്ലാത്ത അംശവസ്ത്രങ്ങൾ ധരിച്ചു ഒരു സമയവും കുർബാന അണെക്കരുത്. തമ്മിൽ വിരോധപ്പെട്ടിരിക്കുന്നവരോട് നിരപ്പായതിനുമേൽ അല്ലാതെ കുർബാന അണെപ്പാനും ന്യായമില്ല.

4. ശുദ്ധമാന കുർബാനക്കു യത്നമായിരിക്കുന്ന പട്ടക്കാരൻ ലോകത്തിന്റെ അജ്ഞാനികളോടുള്ള സംഭാഷണങ്ങളിൽനിന്നും സംസർഗ്ഗങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കണം.

5. കുർബാന അണെക്കുന്ന മദ്ധ്യേ യദൃഛയാൽ സംഭവംകൊണ്ടു വീണ്ടു ചിന്നിപ്പോകയോ അപ്പം ചിതറിപ്പോകയോ ചെയ്താൽ അപ്പം

തിരഞ്ഞെടുക്കണം. ആ സ്ഥലം കഴുകി എടുത്തുള്ള വെള്ളം മാമോദീസാക്കല്ലിൽ ഒഴിച്ചുകളയണം.

## മൂന്നാം ഭാഗം

## ശുദ്ധമാന കുർബാന കൈക്കൊള്ളുന്നതിനെക്കുറിച്ച്

1. ശുദ്ധമാന കുർബാന അണെക്കുന്നവരും കൈക്കൊള്ളുന്നവരും ഉപവാസവ്രതമുള്ളവരായിരിക്കണം. കുർബാന കൈക്കൊണ്ടശേഷം മാത്രം ഭക്ഷിക്കുകയും പാനം ചെയ്കയും വേണം.

2. രോഗികൾക്കും കഴിയുമെന്നിരുന്നാൽ ഈ ഉപവാസവ്രതം ഉണ്ടായിരിക്കണം. എന്നാൽ കശ്ശീശാ അതിരാവിലെ കുർബാന അണച്ചു രോഗിക്ക് കൊടുക്കേണ്ടതാകുന്നു. ആയത് വിശുദ്ധ ഒരുക്കത്തോടും കഴിയുന്നതും വാഹനങ്ങളിലേറിയോ മാനമായ വിധത്തിലോ കൊണ്ടുപോയി കൊടുക്കാവുന്നതാകുന്നു. അല്ലാതെ ആൾവശം കൊടുത്തയയ്ക്കുന്നതിനു ന്യായമില്ല.

3. വിശുദ്ധ ആരാധനയ്ക്കു കൂടപ്പെടുന്ന കശ്ശീശന്മാരാകട്ടെ, ശെമ്മാശന്മാരാകട്ടെ, വിശ്വാസമുള്ള ലോകരാകട്ടെ, മതിയായ കാരണം കൂടാതെ ശുദ്ധമാന കുർബാന കൈക്കൊള്ളുന്നതിൽനിന്നു മുടങ്ങപ്പെടരുത്.

4. പുരുഷന്മാരും സ്ത്രീകളും ആണ്ടിൽ ഒമ്പതു പ്രാവശ്യം ശുദ്ധമാന കുർബാന കൈക്കൊള്ളണം. ചുരുങ്ങിയപക്ഷം മൂന്നു പ്രാവശ്യത്തിൽ കുറയരുതാത്തതാകുന്നു. അതിൽ കുറഞ്ഞു ഈ ക്രമത്തിൽ സംബന്ധിക്കുന്നവരെ അഭക്തന്മാരെന്നു വിചാരിക്കേണ്ടതാകുന്നു.

5. മുന്മത്വത്തിലുള്ള വിശ്വാസത്തിൽനിന്നും ഭേദിച്ചിട്ടില്ലാത്തവർ നമ്മുടെ പള്ളിയിൽ ആരാധനയ്ക്കു വരികയും ശുദ്ധമാന കുർബാന കൈക്കൊള്ളുന്നതിനു ആഗ്രഹിക്കുകയും ചെയ്താൽ കശ്ശീശായുടെ വിശ്വാസയോഗ്യംപോലെ കൊടുക്കപ്പെടാവുന്നതാകുന്നു.

6. കശ്ശീശാ കുർബാന അണെക്കയും മേൽപട്ടക്കാരൻ കുർബാന കൈക്കൊള്ളേണ്ടി വരികയും ചെയ്താൽ നിയമിക്കപ്പെട്ട സമയം കശ്ശീശാ ദറഗായിൽനിന്നും ഇറങ്ങി നിൽക്കുകയും മേൽപട്ടക്കാരൻ ദറഗായിൽ കയറിനിന്നു കുർബാന താനെ എടുത്തു അനുഭവിക്കുകയും വേണം.

കശ്ശീശന്മാർ കുർബാന കൈക്കൊള്ളേണ്ടിവന്നാൽ കുർബാന അണെക്കുന്ന കശ്ശീശായോടു സമത്വമായി ദറഗായിൽനിന്നു കുർബാന എടുത്തു അനുഭവിക്കാം.

ശെമ്മാശന്മാർ കുർബാന കൈക്കൊള്ളേണ്ടിവന്നാൽ ദറഗായുടെ

സമീപം മുട്ടുകുത്തിച്ചു കശ്ശീശാ എടുത്തുകൊടുക്കണം. ഇവയുടെ ശേഷം യത്നമായിട്ടുള്ള അയ്മേനികളെ മദ്ബഹായുടെ ദർശനംനോക്കി മുട്ടുകുത്തിക്കേണ്ടതാകുന്നു.

അതിന്റെശേഷം ശുദ്ധമുള്ള രഹസ്യങ്ങളെയുംകൊണ്ടു ദറഗായിൽ നിന്നു പടിഞ്ഞാറോട്ടു ഇറങ്ങി തക്സായിലെ ക്രമപ്രകാരമുള്ള പ്രാർ ത്ഥന കഴിച്ചു അയ്മേനികൾക്കു കാസായിൽനിന്നും പീലാസായിൽ നിന്നും കുർബാന കൊടുക്കപ്പെടണം.

കശ്ശീശായിക്കു സഹായി ആയി ഉപകശ്ശീശന്മാർ ഇല്ലാതെയും മശ്മ ശാനാ ഉണ്ടായിരിക്കുകയും ചെയ്താൽ കശ്ശീശാ പീലാസായിൽനിന്നും മശ്മശാനാ കാസായിൽനിന്നും ജനങ്ങൾക്കു കൊടുക്കാം.

പെസഹാ വ്യാഴാഴ്ച ഇടവകക്കാർ എല്ലാവർക്കും ശുദ്ധമാന കുർ ബാന കൈക്കൊള്ളാം. ആ ദിവസത്തെ കുർബാന മറ്റു ദിവസികളിൽ അനുഷ്ഠിക്കുന്ന കുർബാനയേക്കാൾ വിശേഷമുണ്ടെന്നു വിശ്വസിക്കു കയോ വിചാരിക്കുകയോ ചെയ്തുപോകരുത്.

ആൾക്കൂട്ടം ബഹുത്വമായിരുന്നാൽ അപ്പം ഇരട്ടിച്ചുവച്ചും കാസായിൽ വീഞ്ഞു കുറഞ്ഞുപോയാൽ ആവർത്തിച്ചു ഒഴിച്ചു സ്തോത്രം ചെയ്തു ശുദ്ധീകരിച്ചും ഉപയോഗിക്കേണ്ടതാകുന്നു.

കാസായാകുന്ന പാനപാത്രം കഴുകിയ വെള്ളമാകട്ടെ, മറ്റ് വല്ല ശുദ്ധ മുള്ള ചിഹ്നങ്ങളാകട്ടെ മദ്ബഹായിൽ നിന്നും പുറത്തുകൊണ്ടുപോയി പെരുമാറപ്പെടരുത്.

## 7-ാം കെപ്പാലയോൻ

## മാമോദീസായെക്കുറിച്ച്

വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും ഒരുത്തൻ ജനിക്കപ്പെടുന്നി ല്ലെങ്കിൽ അവൻ ദൈവത്തിന്റെ രാജ്യത്തിലേക്കു കടപ്പാൻ കഴിയുകയി ല്ലെന്നു നമ്മുടെ കർത്താവു പഠിപ്പിക്കയും, നിങ്ങൾ പോയി സകല ജാതി കൾക്കും ഏവൻഗേലിയോൻ അറിയിച്ചു വിശ്വസിക്കുന്നവരെ ബാവായു ടെയും പുത്രന്റെയും റൂഹാദക്കുദിശായുടെയും നാമത്തിൽ മാമോദീസാ മുക്കുവീനെന്നു ശ്ലീഹന്മാരോടു താൻ കൽപിക്കയും ചെയ്തിരിക്ക കൊണ്ടു തിരുസഭയുടെ അവയവങ്ങളായി തീരുന്നതിനു ആഗ്രഹിക്കുന്ന ഏവരും മാമോദീസാ മുഴുകപ്പെടണം.

1. മുന്മത്വത്തിലുള്ള വിശ്വാസ സാരം മനസ്സിലാകയും ശുദ്ധമുള്ള മാമോ ദീസായ്ക്കു ആഗ്രഹിക്കയും ചെയ്യുന്ന എല്ലാ പുറജാതികൾക്കും ഏതു

സമയത്തും മാമോദീസാ കൊടുക്കപ്പെടാവുന്നതാകുന്നു. മാമോദീസാ ബാവായുടെയും പുത്രന്റെയും റൂഹാദക്കുദിശായുടെയും നാമത്തിൽ ചെയ്യപ്പെടണം. അങ്ങിനെ ചെയ്യപ്പെടാത്തവരെ സഭയുടെ അവയവങ്ങളെന്നു വിചാരിക്കപ്പെടുന്നതല്ല. വേദവിപരീതക്കാരിൽ നിന്നും ഈ കർമ്മം കൈക്കൊണ്ടവർ ഭ്രഷ്ടന്മാരെന്നു സഭയാൽ വിചാരിക്കപ്പെടുന്നു.

2. ദത്താവകാശ കൃപയിലേക്കു ലഭിക്കപ്പെട്ട സന്തോഷത്തിനു സദൃശമായി സൈത്ത് എന്ന എണ്ണകൊണ്ടു മാമോദീസാ മുഴുകുന്നവരുടെ നെറ്റിമേൽ പൂശപ്പെടുകയും, ശുദ്ധമുള്ള റൂഹായുടെ അഭിഷേകത്തിനു സദൃശമായ മൂറോൻ എന്ന തൈലം കൊണ്ടു അവർ അഭിഷേകം ചെയ്യപ്പെടുകയും ചെയ്യേണ്ടതാകുന്നു.

3. മാമോദീസാ എന്ന കർമ്മം ചെയ്യുന്നതിനുള്ള അധികാരം കശ്ശീശാ മുതൽ മേൽപട്ടസ്ഥാനികൾക്കു നൽകപ്പെട്ടിരിക്കുന്നു. എന്നാൽ വിശ്വാസികളായ മാതാപിതാക്കന്മാരിൽ നിന്നു ജനിക്കപ്പെടുന്ന കുട്ടികൾ പെട്ടെന്നു മരിച്ചുപോകുമെന്നു കണ്ടാൽ ഉടമസ്ഥരുടെ അപേക്ഷപ്രകാരം കശ്ശീശാ ഭവനത്തിൽ എത്തി കുട്ടിയെ മാമോദീസാ മുക്കണം. കശ്ശീശാ ഇല്ലാതെ വന്നാൽ ശെമ്മാശു വീട്ടു മാമോദീസാ മുക്കേണ്ടതാകുന്നു. ഈ കുട്ടികൾക്കു രോഗശാന്തി വന്നാൽ അവരെ പള്ളിയിൽ കൊണ്ടുവരികയും കശ്ശീശാ അവരെ തൈലാഭിഷേകം ചെയ്തു മാമോദീസാ ശുശ്രൂഷ പൂർത്തിയാക്കുകയും വേണം. കശ്ശീശന്മാരാൽ വീട്ടു മാമോദീസാ കഴിക്കപ്പെടുന്ന കുട്ടികൾ അവർ സഭയുടെ അവയവങ്ങളായി തീർന്നിരിക്കുന്നു എന്നു അറിയപ്പെടേണ്ടുന്നതിനു അവരുടെ തൈലാഭിഷേകം പള്ളിയിൽ വച്ചു നിറവേറ്റേണ്ടതാകുന്നു.

4. വിശ്വാസികളായ മാതാപിതാക്കളിൽ നിന്നും ജനിക്കപ്പെടുന്ന എല്ലാ കുട്ടികൾക്കും മാമോദീസാ കൊടുക്കപ്പെടണം. അതു കുട്ടി ജനിച്ചതിനു പിമ്പു എട്ടും, നാൽപ്പതും ദിവസങ്ങൾക്കിടയിലും തക്ക കാരണത്തിന്മേൽ ഈ അവധികൾക്കു പിമ്പും കൊടുക്കപ്പെടേണ്ടതാകുന്നു.

5. കുട്ടികൾ അറിവില്ലാത്തവരാകയാൽ അവരെ മാമോദീസാ മുക്കുന്ന സമയം മദ്ധ്യസ്ഥന്മാർ ഉണ്ടായിരിക്കണം. ആൺകുട്ടിക്കു മദ്ധ്യസ്ഥനായി നിൽക്കേണ്ടതു വിശ്വാസസാരം അറിഞ്ഞിട്ടുള്ള ഒരു പുരുഷനും പെൺകുട്ടിക്കു മദ്ധ്യസ്ഥയായി നിൽക്കേണ്ടതു വിശ്വാസസാരം അറിഞ്ഞിട്ടുള്ള ഒരു സ്ത്രീയും ആകുന്നു. ഈ കുട്ടികൾ പ്രായപൂർത്തി വന്ന് മേൽപട്ടക്കാരനാൽ സ്ഥിരീകരിക്കപ്പെടുന്ന സമയംവരെ സഭയുടെ സകല നടപടികൾക്കും യോഗ്യമാകുംവണ്ണം നടത്തിക്കേണ്ട ചുമതല മദ്ധ്യസ്ഥന്മാർ വഹിക്കേണ്ടതാകുന്നു. ഇവർ കുട്ടികൾക്കു ജ്ഞാനപിതാക്കളും മാതാക്കളുമായി തീർന്നിരിക്കകൊണ്ടു രക്തസംബന്ധ മാതാപിതാക്കന്മാരെ

എന്നപോലെ ഇവരുടെ സംബന്ധത്തെ കുട്ടികൾ വർജ്ജിച്ചിരിക്കേണ്ടതു ന്യായമാകുന്നു.

6. ക്രമവിരോധമായി ജനിച്ചുണ്ടാകുന്ന കുട്ടികളെയും മാമോദീസാ മുക്കണം. ആ കുട്ടിയുടെ മാതാവും പിതാവും ഇതിനാൽ പള്ളിശിക്ഷയിൽ നിന്നും ഒഴിയുന്നതല്ല.

7. മാമോദീസാ മുക്കി സഭയോടു ചേർക്കുന്നവരെ ജാതിഭേദം ദേശനടപ്പു വർജ്ജിച്ചു (പ്രമാണിച്ച് ?) ക്രിസ്ത്യാനിത്വത്തിനു പാതകം വരുത്തിവെക്കരുത്.

8. മാമോദീസായ്ക്കു ഉപയോഗിക്കുന്ന വെള്ളം പച്ചവെള്ളവും അനച്ചവെള്ളവും കൂട്ടിയോജിപ്പിച്ചതായിരിക്കണം. ശുദ്ധമുള്ള മൂറോൻ തൈലവും തക്സായിലെ നിയമപ്രകാരം വെള്ളത്തിൽ കലർത്തണം. തന്റെ സ്വന്ത മാതാവിൽനിന്നും ഭൂമിയിലേക്കു ജനിക്കുന്നതുപോലെ വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും സഭയിലേക്കു ജനിക്കുന്നു. മാമോദീസായിക്കു വാഴ്ത്തുന്ന വെള്ളം രണ്ടു പകുതിയാക്കി ഒരംശത്തിൽ ആൺകുട്ടികളെയും ആ വെള്ളം നീക്കി മറ്റെ അംശം വെള്ളത്തിൽ പെൺകുട്ടികളെയും മാമോദീസാ മുക്കേണ്ടതാകുന്നു. ഒരു പ്രാവശ്യമായി ആൺകുട്ടികളെയും പെൺകുട്ടികളെയും മാമോദീസാ മുക്കരുതെന്നുള്ള നിയമസാരം അവർ ചാർച്ചക്കാറരായി ഭവിക്കുന്നതാകയാൽ വിവാഹത്തിനു തടസ്സം ഉണ്ടെന്നുള്ള അഭിപ്രായമാകുന്നു. ഇരട്ടപെറ്റ ആൺകുട്ടിയെയും പെൺകുട്ടിയെയും ഒരു പ്രാവശ്യം ഒരു വെള്ളത്തിൽ മാമോദീസാ മുക്കുന്നതിനു വിരോധമില്ല.

### രണ്ടാം ഭാഗം

## ശുദ്ധമാനപള്ളിയിലെ സ്ഥാനികളുടെ സാധാരണ വസ്ത്രങ്ങളെയും അംശവസ്ത്രങ്ങളെയും കുറിച്ച്

എല്ലാവിധ സ്ഥാനികൾക്കും അവരവരെ വിവരപ്പെട്ടറിയുമാറു തക്കതായ വസ്ത്രങ്ങൾ ധരിച്ചിരിപ്പാനുള്ളതാകുന്നു.

1. കാറോയാ കാൽകുപ്പായവും കമ്മീശും ധരിച്ചുകൊള്ളണം. തൊപ്പിക്കു പകരം തൂവാല ഉപയോഗിച്ചുകൊള്ളണം.

2. ഹെവുപ്പദിയക്കനോൻ – മശ്മശാനാ – അർക്കദയാക്കോൻ – ഇവർ കാൽക്കുപ്പായവും കമ്മീശും തൊപ്പിയും ഇടക്കെട്ടും ധരിച്ചുകൊള്ളണം. മെത്രാന്റെ അനുവാദത്തോടുകൂടെ അർക്കദയാക്കോന് വെള്ള നിലയങ്കി ധരിക്കാവുന്നതാകുന്നു, പള്ളിയകത്തു ആരാധനസമയം ഇവർ തൊപ്പി

ഊരിയിരിക്കണം.

3. കശ്ശീശാ, കോറെപ്പിസ്കോപ്പാ, ഇവർ സാധാരണ വസ്ത്രം കൂടാതെ വെള്ളയുടുപ്പും ഇടക്കെട്ടും തലയിൽ കറുത്തതൊപ്പിയും ധരിക്കണം. മേൽപട്ടക്കാരന്റെ അനുവാദത്തോടു പുറംകുപ്പായവും ധരിക്കാം. റമ്പാൻ സാധാരണ വസ്ത്രം കൂടാതെ തലയിൽ മസനപ്സാ എന്ന തൊപ്പിയും കറുത്ത ഉടുപ്പും വീതികൂടിയ ഇടക്കെട്ടും ധരിച്ചിരിക്കണം. പള്ളിയിലെ ആരാധനസമയം പുറംകുപ്പായവും ഉണ്ടായിരിക്കണം. എപ്പിസ്കോപ്പാ, റീശെപ്പിസ്കോപ്പാ ഇവർ സാധാരണ വസ്ത്രം കൂടാതെ ചുവപ്പുടുപ്പും അല്ലെങ്കിൽ കലർന്ന നിറത്തിലുള്ള ഉടുപ്പും സദാ ധരിച്ചിരിക്കണം. തല യിൽ മസനപ്സാ എന്ന തൊപ്പിയും ഉണ്ടായിരിക്കണം. പ്രത്യേകം റീശെ പ്പിസ്കോപ്പായ്ക്ക് കഴുത്തിൽ ഒരു മാലയും കുരിശും ധരിക്കാം. കൈയിൽ മോതിരവും ഉണ്ടായിരിക്കണം. പള്ളിയിലെ ആരാധനയ്ക്കായി എപ്പി സ്കോപ്പായും റീശെപ്പിസ്കോപ്പായും പള്ളിയകത്തേക്കു പ്രവേശിക്കു മ്പോൾ അവർക്കു ചുവപ്പുകുപ്പായത്തിനുമീതെ മൂറീസ്സും, സൂർപ്പലെസ്സും, തലയിൽ മുടിയും, സ്ലീബായും, അംശവടിയും ഉണ്ടായിരിക്കണം.

4. കശ്ശീശാ കുർബാന അണെക്കുമ്പോൾ ധരിക്കേണ്ട അംശവസ്ത്ര ങ്ങൾ സാധാരണ വസ്ത്രമാകുന്ന കാൽക്കുപ്പായത്തിനും കമ്മീശിനും പുറമേ തക്സായിലെ നിയമമനുസരിച്ചു കറുത്ത കുപ്പായം, വെള്ളക്കു പ്പായം, അയ്മനിയാ, ഇടക്കെട്ട്, കൈയുറകൾ, കാപ്പയാകുന്ന മൂടുവസ്ത്രം, ചെരുപ്പുകൾ ഇവ ആകുന്നു. മെത്രാൻ കുർബാന ആണെക്കുമ്പോൾ മേൽ വിവരിച്ചിരിക്കുന്നവണ്ണം അല്ലാതെ വിശേഷാൽ വെള്ളക്കുപ്പായ ത്തിൻമീതെ ശീലമുടിയും കാപ്പയിന്മീതെ പത്രസിൻ എന്ന ഉടുപ്പും ഉണ്ടാ യിരിക്കണം. സ്ലീബായും സമീപം ഇരിക്കണം. മസനപ്സാ എന്ന തൊപ്പി തലയിൽനിന്നും ആരാധന സമയവും എടുക്കരുത്. അംശവസ്ത്രങ്ങൾ ആകട്ടെ, വിശുദ്ധ ഉപകരണങ്ങൾ ആകട്ടെ, ശുദ്ധമാന കുർബാനയിൽ ഉപയോഗിക്കുന്നതു ശുദ്ധീകരിച്ചതിനു മേൽ മാത്രം ആകാം.

5. മാമോദീസാ, വിവാഹം എന്നുള്ള ശുശ്രൂഷകളെയും കശ്ശീശാ നട ത്തുന്ന സമയങ്ങളിൽ ഈ അംശവസ്ത്രങ്ങൾ മുഴുവനും ധരിച്ചിരിപ്പാ നുള്ളതാകുന്നു. ഇവയിൽ ഒന്നും കൂട്ടുകയും കുറയ്ക്കുകയും ചെയ്യുക ന്യായമല്ലാത്തതാകുന്നു.

## 8-ാം കെപ്പാലയോൻ

## നോമ്പിനെക്കുറിച്ച്

1. നമ്മുടെ കർത്താവീശോമിശിഹാ തന്റെ മനുഷ്യാവതാര ദിവസങ്ങ ളിൽ പരസ്പരശുശ്രൂഷ ആരംഭിക്കുന്നതിനു മുന്നം സാത്താനെ ജയി

പ്പാൻ നോമ്പാകുന്ന ആയുധം ഒന്നാമത് പ്രയോഗിച്ചതായി നമുക്കു പഠിപ്പിച്ചു തന്നിരിക്കുകയാൽ നാമും നോമ്പ് ആചരിക്കണം. സഭയിൽ അംഗീകരിച്ചു ആചരിക്കപ്പെടേണ്ട നോമ്പുകൾ. 1. വലിയ നോമ്പാകുന്ന അമ്പതു നോമ്പും, 2. ഇരുപത്തഞ്ചുനോമ്പും, 3. നിനുവ നോമ്പും, 4. ശ്ലീഹാ നോമ്പും, 5. കന്യകമറിയാമ്മിന്റെ നോമ്പും ആകുന്നു. വലിയ നോമ്പാകുന്ന അമ്പതു നോമ്പു നമ്മുടെ കർത്താവിന്റെ ഉയിർപ്പുനാളിൽ തികയുന്നു. ഇരുപത്തഞ്ചു നോമ്പു ധനുമാസം ഒന്നിനു ആരംഭിച്ചു ആ മാസം 25-നു തികയുന്നു. നിനുവ നോമ്പ് തിങ്കളാഴ്ച ആരംഭിച്ചു ആ വ്യാഴാഴ്ച തികയുന്നു. ശ്ലീഹാനോമ്പു മിഥുനമാസം 16-നു ആരംഭിച്ചു ആ മാസം 29-നു തികയുന്നു. കന്യകമറിയാമ്മിന്റെ നോമ്പു ചിങ്ങമാസം ഒന്നിനു ആരംഭിച്ചു ആ മാസം 15-നു തികയുന്നു.

2. എല്ലാ ആഴ്ചകളിലും ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉപവാസ ദിവസങ്ങളായി അനുഷ്ഠിക്കണം. കാരണം നമ്മുടെ കർത്താവ് മരണത്തിനു ആലോചിക്കപ്പെട്ടതിനാൽ ബുധനാഴ്ചയും കുരിശിൽ തറയ്ക്കപ്പെട്ടതിനാൽ വെള്ളിയാഴ്ചയും അനുഷ്ഠിക്കേണ്ടതാകുന്നു. 20 വയസ്സിനു മേലുള്ള എല്ലാവരും അനുഷ്ഠിച്ചേ മതിയാവൂ എന്നാകുന്നു താൽപര്യം. എന്നാൽ 20 വയസ്സിനു താഴെയുള്ളവരും രോഗങ്ങളിലും ഞെരുക്കങ്ങളിലും ഇരിക്കുന്നവരും ഒഴിവുള്ളവരാകുന്നു.

3. വലിയനോമ്പാകുന്ന അമ്പതു നോമ്പ് കർത്താവ് ഉപവസിച്ച 40 ദിവസത്തെയും, നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവ ആഴ്ചവട്ടമാകുന്ന ഹാശാ ദിവസങ്ങളെയും കൂട്ടി ആചരിക്കപ്പെടണമെന്നു ശുദ്ധമുള്ള ശ്ലീഹന്മാരാൽ കൽപിക്കപ്പെടുകകൊണ്ടു അമ്പതാക്കി ക്രമപ്പെടുത്തിയിരിക്കുന്നു. ഒരു ആണ്ടിന്റെ ദശാംശ പകുതിയാകുന്ന മുപ്പത്താറര ദിവസം കൊണ്ടു ഈ നോമ്പുദിവസങ്ങൾ അവസാനിക്കുന്നതാകയാൽ ആണ്ടിന്റെ ദശാംശം ഉപവാസ ദിവസങ്ങളായി ആചരിക്കപ്പെടുന്നു എന്നും നോമ്പിനിടയിൽ ശനി, ഞായർ എന്നുള്ള ദിവസങ്ങൾ ഉപവാസ ദിവസങ്ങളായി ആചരിപ്പാൻ ന്യായമില്ലെന്നു നിയമിച്ചിരിക്കയാൽ ആ ദിവസങ്ങൾക്കു പകരമായി ഒരു ആഴ്ചവട്ടം ചേർത്തിരിക്കുന്നതെന്നും ചിലർ അഭിപ്രായം പറയുന്നു. എന്നാൽ നോമ്പിനിടയിലെ ശനി, ഞായർ എന്നുള്ള തീയതികളിൽ മാത്രം ശുദ്ധമാന കുർബാന അണെക്കുന്നതിനു സഭയിൽ അനുവദിച്ചിരിക്കുകയാൽ ആ ദിവസങ്ങൾ സന്തോഷത്തിന്റെ ദിവസങ്ങളാകകൊണ്ടു നോമ്പുമുറയിൽ കൊണ്ടാടുന്നതു മതിയാകുന്നില്ല, എങ്കിലും നോമ്പിൽ വിലക്കിയിരിക്കുന്ന ആഹാര പാനീയങ്ങൾ ആ ദിവസങ്ങളിലും ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യരുത്. അതിനാൽ അഭിപ്രായങ്ങളിൽ ഭിന്നിക്കാതെ ശുദ്ധമാന പള്ളിയിൽ കൽപിക്കപ്പെട്ടിരിക്കുന്ന മേൽവിവരിച്ചതായ അഞ്ചു നോമ്പുകളും ആചരിക്കണം.

ഈ നോമ്പുകളിലേക്കു പ്രത്യേകം കൽപിക്കപ്പെട്ടിരിക്കുന്ന നമസ്കാരങ്ങളും വേദവായനകളും ക്രമമനുസരിച്ചു ചെയ്യുകയും വിലക്കിയിരിക്കുന്ന ഭക്ഷണ പാനീയങ്ങളിൽ നിന്നു ഒഴിഞ്ഞിരിക്കുകയും ചെയ്യാനുള്ളതാകുന്നു.

4. നോമ്പുദിവസങ്ങളിൽ മുട്ട, പാൽ, വെണ്ണ, മോര്, തൈര്, മത്സ്യം, ഇറച്ചി ഇത്യാദികളും, ലഹരിക്കുന്ന മദ്യങ്ങളും മറ്റും ശരീരപുഷ്ടിയും ആഹ്ലാദവും ഉണ്ടാക്കുന്ന ഭക്ഷണങ്ങളും മോടികളും ത്യജിച്ചിരിപ്പാനുള്ളതാകുന്നു. അജ്ഞാനികളുടെ ആഹാരങ്ങളേയും ഭക്ഷിക്കരുത്. എന്നാൽ രോഗികൾക്കും പ്രസവത്തിൽ ഇരിക്കുന്ന സ്ത്രീകൾക്കും മേൽ പറഞ്ഞവയിൽ വീഞ്ഞും മാംസവും വിരോധമില്ലാത്തതാകുന്നു.

5. നോമ്പുദിവസങ്ങളിൽ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള വിവാഹമുറയും വെടിഞ്ഞിരിക്കുകയും ധർമ്മങ്ങളിലും നന്മപ്രവൃത്തികളിലും മുന്നിട്ടിരിക്കുകയും ചെയ്യണം.

6. അമ്പതുനോമ്പിന്റെ മൂന്നാം ദിവസം ബുധനാഴ്ച പള്ളിയിൽ സഭായോഗം കൂടുകയും വേദവായന, പ്രസംഗം, നമസ്കാരം മുതലായവ നടത്തി നോമ്പിനു വേർതിരിക്കുന്ന കുരിശടയാളം സൈത്തെന്ന എണ്ണയാൽ കശ്ശീശാ ഏവരിലും വരച്ചു ജനങ്ങളെ അയയ്ക്കണം.

7. അമ്പതുനോമ്പിൽ പാതിനോമ്പു ദിവസിയും എല്ലാ ആഴ്ചകളിലും ശനി, ഞായർ എന്നുള്ള ദിവസങ്ങളിലും, നാൽപതാം ദിവസമാകുന്ന വെള്ളിയാഴ്ചയും, പെസഹാ വ്യാഴാഴ്ചയും വിശേഷാൽ സൂബാറാ എന്ന പെരുന്നാൾ ഏതു തീയതിയിൽ നേരിടുന്നുവോ ആ ദിവസിയിലും മാത്രം ശുദ്ധമാന കുർബാന അണയ്ക്കേണ്ടതാകുന്നു.

## 9-ാം കെപ്പാലയോൻ

## പെരുന്നാളുകളെക്കുറിച്ച്

നമ്മുടെ കർത്താവീശോമിശിഹായുടെ മനുഷ്യാവതാര ദിവസങ്ങളിലെ സാരമേറിയ സംഗതികളും, തന്നെ പിന്തുടർന്നവരായ വിശുദ്ധ പിതാക്കന്മാരുടെ ആദ്യന്ത ചരിത്രങ്ങളുടെ ചുരുക്കവും, ജീവനോടിരിക്കുന്നവർ ഓർമ്മ ചെയ്യുന്നതും കൊണ്ടാടുന്നതും വിശ്വാസത്തിന്റെ സ്ഥിരതയ്ക്കും സ്നേഹത്തിന്റെ പൂർത്തിക്കും തുലോം ആവശ്യമായിരിക്കുന്നതിനാൽ മാറാനായപ്പെരുന്നാളുകളെയും, മറ്റെല്ലാ പെരുന്നാളുകളെയും ആചരിക്കേണ്ടതാകുന്നു.

1. മാറാനായപെരുന്നാളുകൾ. 1. സൂബാറാ. 2. യൽദാ. 3. ഗസുർത്താ. 4. ദെനഹാ. 5. മായെൽത്താ. 6. സൂലാക്കാ. 7. മത്തലെ.

2. സൂബാറാ എന്ന പെരുന്നാൾ മീനമാസം 25-ാം തീയതിയും യൽദാ എന്ന പെരുന്നാൾ ധനു മാസം 25-ാം തീയതിയും, ഗസുർത്താ എന്ന പെരുന്നാൾ മകരം 1-ാം തീയതിയും, ദെനഹാ പെരുന്നാൾ മകരം 6-ാം തീയതിയും, മായെൽത്താ എന്ന പെരുന്നാൾ കുംഭം 2-ാം തീയതിയും, സൂലാക്കാ എന്ന പെരുന്നാൾ ക്യംതായുടെ 40-ാം നാൾ വ്യാഴാഴ്ചയും, മത്തലെ എന്ന പെരുന്നാൾ ചിങ്ങം 6-ാം തീയതിയും ആകുന്നു.

3. ധനു മാസം 21-നു മാർ തോമ്മാശ്ലീഹായുടെ പെരുന്നാൾ മിഥുന മാസം 29-നു മാർ പത്രോസിന്റെയും പൗലോസിന്റെയും പെരുന്നാൾ, മിഥുനം 30-നു ശ്ലീഹന്മാർ പന്ത്രണ്ടു പേരുടെയും പെരുന്നാൾ, ചിങ്ങം 15-നു കന്യാസ്ത്രീ മറിയാമ്മിന്റെ വാങ്ങിപ്പുപെരുന്നാൾ, ചിങ്ങം 29-നു യോഹന്നാൻ മമ്മദാനായുടെ ശിരഛേദന പെരുന്നാൾ.

## 2-ാം ഭാഗം

## ഞായറാഴ്ചയെക്കുറിച്ച്

1. കർത്താവ് ഉയിർത്തെഴുന്നേൽക്കുകയും ശുദ്ധമുള്ള റൂഹാ ശ്ലീഹന്മാരുടെ മേൽ പകരപ്പെടുകയും ചെയ്ത ദിവസമായ ഞായറാഴ്ചയെ പുതിയനിയമത്തിന്റെ ശാബതയായി നിയമിക്കപ്പെടുകയും കർത്താവ് ഇനി വരുന്നതു ഞായറാഴ്ച ദിവസമെന്നു സത്യവിശ്വാസികൾ അഭിപ്രായപ്പെടുകയും ചെയ്തിരിക്കകൊണ്ടു ഞായറാഴ്ചയെ ശുദ്ധമായി ആചരിപ്പാൻ സഭ കടപ്പെട്ടിരിക്കുന്നു.

2. വിശുദ്ധ സഭായോഗം കൂടുകയും വേദവായന, പ്രാർത്ഥന, സ്തോത്രം, പ്രസംഗം, കുർബാന ഇത്യാദികളായ ആത്മസംബന്ധമായ വകൾകൊണ്ടു ഈ ദിവസം ആചരിക്കപ്പെടുകയും വേണം.

3. ലോകവേല, വഴിയാത്ര, ലോകവ്യാപാരം, ലോകസംഭാഷണം ഇവകളിൽനിന്നു ഒഴിഞ്ഞിരിക്കുകയും ജഡസംബന്ധമായ യാതൊരു പ്രവൃത്തികളും ചെയ്യാതിരിക്കുകയും വേണം. ഇവകൾക്കു പ്രതികൂലമായി ചെയ്യപ്പെടുന്നവർ സഭാഭ്രംശം ചെയ്യപ്പെടണം.

4. ദിവസങ്ങളുടെ ആരംഭാവസാനം സന്ധ്യയെന്നു വിചാരിക്കപ്പെടുന്നതാകയാൽ ഞായറാഴ്ചയുടെ ആചാരം ശനിയാഴ്ച സന്ധ്യ മുതൽ ആരംഭിക്കേണ്ടതും ഞായറാഴ്ച സന്ധ്യയിൽ അവസാനിപ്പിക്കേണ്ടതും ആകുന്നു.

5. അകലം മൂലമോ, മറ്റു തക്ക കാരണങ്ങളാലോ പള്ളിയിൽ വന്നെത്തുവാൻ പാടില്ലാതെ വരുന്നവർ സമീപമായി പ്രർത്ഥനാസ്ഥലങ്ങൾ

ചമച്ചു അവിടെയും, ശ്ലീഹന്മാരുടെ കാലങ്ങളിൽ എന്നപോലെ യോഗ്യമുള്ള ഒരു ഭവനം തെരഞ്ഞെടുത്ത് അവിടെയും ശാബതയെ ആചരിക്കപ്പെടാവുന്നതാകുന്നു. എന്നാൽ വിശുദ്ധ കുർബാന എന്ന ദിവ്യകർമ്മം ഇവകളിൽ മേൽപട്ടക്കാരന്റെ അനുവാദം കൂടാതെ അനുഷ്ഠിപ്പാൻ ന്യായമാകുന്നില്ല.

## 10-ാം കെപ്പാലയോൻ

## വിവാഹ നിയമത്തെക്കുറിച്ച്

1. വിവാഹം എല്ലാവരിലും മാനമുള്ളതും വിവാഹകിടക്ക മലിനതയില്ലാത്തതും എന്നു വേദം കൽപിച്ചിരിക്കുകയാൽ വിവാഹമുറ പുരുഷന്മാരുടെ ഏഴു തലമുറയിലും സ്ത്രീകളുടെ അഞ്ചു തലമുറയിലും സംബന്ധം വർജ്ജിച്ചു നടത്തുവാനുള്ളതാകുന്നു. ആദാമിനു ഹവ്വായെന്നുള്ള ഒരേ ഭാര്യയെ ദൈവം കൽപിച്ചു. ആ ഹേതുവാൽ സഭയിൽ ഒരു പുരുഷൻ ഒരു സ്ത്രീയെയും ഒരു സ്ത്രീ ഒരു പുരുഷനെയും മാത്രം കൈക്കൊണ്ടിരിക്കണം. ക്രിസ്ത്യാനി മര്യാദപ്രകാരം വിവാഹം പുരുഷനേയും സ്ത്രീയേയും തമ്മിൽ ഏകശരീരമാക്കുന്നു. ഇതു നിമിത്തം പുരുഷൻ സ്ത്രീയേയും സ്ത്രീ പുരുഷനേയും ഉപേക്ഷിക്കുന്നതിനു ഒരു തരത്തിലും അനുവദിക്കുന്നില്ല. തമ്മിൽ ഭിന്നിച്ചു കാണ്മാനില്ലാതെ അകലപ്പെട്ട നാട്ടിൽ പൊയ്ക്കൊൾക എന്നു വന്നാൽ ഏഴു കൊല്ലം തിരക്കി കണ്ടുകിട്ടാത്ത പക്ഷം മേൽപട്ടക്കാരന്റെ അനുവാദത്തോടു മറുവിവാഹം നടത്താം. നോമ്പു നീക്കിയുള്ള ഏതൊരു ദിവസങ്ങളിലും വിവാഹം അനുവദിക്കപ്പെട്ടിരിക്കുന്നു.

2. വിവാഹം പുരുഷനു 14 വയസ്സിലും സ്ത്രീക്കു 12 വയസ്സിലും നടത്താവുന്നതാകുന്നു. സ്ത്രീയാൽ ഭർത്താവിനു കൊടുക്കപ്പെടുന്ന ധനത്തിനു സ്ത്രീധനം എന്നു പറയുന്നു. അങ്ങനെ കൊടുക്കുന്ന സംഖ്യയ്ക്കു പതാരം പള്ളിക്കു കൊടുക്കേണ്ടതാകുന്നു.

3. പട്ടത്വ സംബന്ധമുള്ള സ്ഥാനികളിൽ, 2-ാം കെപ്പാലയോൻ 17-ാം പാസൊക്കായിൽ വിരോധിക്കപ്പെട്ടിട്ടുള്ളവർ ഒഴികെയുള്ള എല്ലാ സ്ഥാനികൾക്കും വിവാഹം വിരോധമില്ല. പുനർവിവാഹത്തിനും വിരോധമില്ല. ആയത് മേൽപട്ടക്കാരന്റെ അനുവാദത്തോടു ചെയ്യപ്പെടേണ്ടതാകുന്നു. അവർ വിധവകളെ വിവാഹം ചെയ്യുന്നതും അവരിൽ ഒരുവന്റെ ഭാര്യയായിരുന്ന വിധവയെ അയ്മേനി വിവാഹം ചെയ്യുന്നതും യോഗ്യമാകുന്നില്ല.

4. 60 വയസ്സുവരെ പുരുഷന്മാർക്കും 50 വയസ്സുവരെ സ്ത്രീകൾക്കും വിവാഹം ആകാം.

5. സഭാനിയമപ്രകാരം വിവാഹം നടക്കുന്നതിനു മുന്നം വിവാഹമുറ നടത്തുന്നവർ ഭ്രഷ്ടാക്കപ്പെടണം. പള്ളിശിക്ഷ തീർത്തതിനുമേൽ ആ വിവാഹം നടത്തുവാനുള്ളതാകുന്നു.

6. പുറജാതി സ്ത്രീയെ ഭാര്യയായി പരിഗ്രഹിക്കരുത്. മാമോദീസാ മുഴുകിയശേഷം അവളെ വിവാഹത്താൽ ഭാര്യയായി എടുക്കാം.

7. മാറാരോഗികളെ കൊണ്ടും ഭ്രാന്തന്മാരെക്കൊണ്ടും വിവാഹം കഴിപ്പിക്കരുത്. രോഗശമനശേഷം വേണ്ടിയിരുന്നാൽ അങ്ങനെ ചെയ്യാം. നപുംസകനായ ഒരുവനെക്കൊണ്ടു അറിയാതെ വിവാഹം നടത്തി പോയാൽ ആ വിവാഹം മേൽപട്ടക്കാരനാൽ അസ്ഥിരപ്പെടുത്തി വേറെ വിവാഹം നടത്താവുന്നതാകുന്നു.

8. മാതാപിതാക്കന്മാർക്കു കീഴ്പെട്ടിരിക്കുന്ന പ്രായങ്ങളിൽ ബാലകന്റെയും കന്യകയുടെയും വിവാഹം മാതാപിതാക്കന്മാരുടെ മനസ്സുപോലെ വേണ്ടതാകുന്നു. എന്നാൽ മാതാപിതാക്കൾ ഇടവകപട്ടക്കാരന്റെയും അടുത്ത കാര്യസ്ഥർ ഇണങ്ങർ ഇവരുടെയും ആലോചനയോടു വിവാഹം ഉറയ്ക്കാവുന്നതാകുന്നു.

9. വിവാഹശുശ്രൂഷ പള്ളിയിൽവച്ചു കശ്ശീശായാൽ നടത്തപ്പെടണം. വിവാഹസംഗതി മുമ്പുകൂട്ടി പള്ളിയിൽ പ്രസിദ്ധം ചെയ്തിരിക്കണം. രണ്ടു ഇടവകയിൽ നിന്നായിരുന്നാൽ രണ്ടു ഇടവകയിലും പ്രസിദ്ധം ചെയ്യണം. വിവാഹത്തിനു തടസ്സമില്ലെന്നു ഇടവകപ്പട്ടക്കാർ തമ്മിൽ വിശ്വസിക്കത്തക്ക എഴുത്ത് അയയ്ക്കണം. മുതൽ അവകാശം ചെല്ലേണ്ടതു അതാതു പള്ളിക്കു നിയമമനുസരിച്ചു തീർത്തു ദേശക്കുറിയും എഴുതിയിരിക്കണം.

10. പുരുഷനിൽ പ്രായം അതിക്രമിച്ചിരിക്കുന്ന സ്ത്രീയെ വിവാഹം കഴിക്കുന്നതു ന്യായമല്ല. വിധവയെയാകട്ടെ കന്യകയെ ആകട്ടെ ദുഷ്കീർത്തിപ്പെടുത്തിയാൽ ദുഷ്കീർത്തിപ്പെടുത്തിയവൻ പ്രായം ശരിയായിരുന്നാലും വിവാഹം ഇല്ലാത്തവനായിരുന്നാലും അവളെ വിവാഹം കഴിക്കാം. ഇരുവർക്കും പള്ളിശിക്ഷ കൊടുക്കണം.

## 11-ാം കെപ്പാലയോൻ

## ഒന്നാമത്തെ ഒപ്പറുശുമായെക്കുറിച്ച്

1. മാമോദീസാ ശൈശവത്തിൽ കഴിയുന്നതിനാൽ മദ്ധ്യസ്ഥരുടെ സത്യ ഉടമ്പടിയിന്മേൽ ആയത് നിറവേറ്റിയിരിക്കുന്നതും പ്രായം വരുംകാലത്തു ആ ഉടമ്പടിയെ ഓരൊരുവൻ തനിച്ചു തനിച്ചു സഭയിൽവച്ചു പരസ്യമായി ഏറ്റുപറഞ്ഞു ഭരമേറ്റു നടക്കേണ്ടതുമാകയാൽ ഗുണദോഷങ്ങ

ളെയും വിശ്വാസസാരങ്ങളെയും ധരിക്കുന്ന വിവേക പ്രായങ്ങളിൽ മേൽപ ട്ടക്കാരൻ സഭാദർശനത്തിനു വരുംസമയം ഹാജരായി ഒന്നാമത്തെ ഒപ്പ റുശുമായാകുന്ന ഈ നിയമം കൈക്കൊള്ളേണ്ടതാകുന്നു.

2. ഈ നിയമത്തിനു ചേർന്നുവരുന്നവർ വിശ്വാസപ്രമാണം, പത്തു കൽപ്പനകൾ, കർത്താവു പഠിപ്പിച്ച നമസ്കാരം ഇവകൾ ധരിച്ചിരിക്കു ന്നവരും അതുകളെ സംബന്ധിച്ചു ചോദിക്കുന്ന ചോദ്യങ്ങൾക്കു അനു സരിച്ചു ഉത്തരങ്ങൾ പറവാൻ സാമാന്യം സാമർത്ഥ്യമുള്ളവരും ആയിരി ക്കണം. ഈവക സാരാംശ സംഗതികളെ ഇവരെ മനസ്സിലാക്കി ഒരുമി പ്പിക്കേണ്ട ചുമതല ഇടവക പട്ടക്കാരനുള്ളതാകുന്നു.

3. സഭയിൽ അവർ പരസ്യമായി ഏറ്റുപറഞ്ഞിരിക്കുന്ന സംഗതികൾ വിശ്വാസത്തോടു ചെയ്വാൻ ആയുസ്സിൻനാളെല്ലാം ദൈവകൃപയാൽ തയാറായിരിക്കുന്നു എന്ന പ്രതിജ്ഞ ചെയ്കയും മേൽപട്ടക്കാരൻ തക്സായിലെ നിയമപ്രകാരം തലയിൽ കൈവച്ചു അനുഗ്രഹിക്കുകയും അവരുടെ നെറ്റിയിൽ മൂറോൻ എന്ന അഭിഷേകതൈലം പൂശുകയും വേണം. ഇതു കൈക്കൊണ്ട ശേഷം ശുദ്ധമാന കുർബാന കൈക്കൊ ള്ളുന്നതിനു ഇവർ മുടങ്ങപ്പെടരുത്.

## 12-ാം കെപ്പാലയോൻ

## കുമ്പസാരത്തെക്കുറിച്ച്

1. കുമ്പസാരം എന്നുള്ളത് തങ്ങളുടെ പാപങ്ങളെ ഏറ്റുപറയുന്നതാ കുന്നു. മനസ്സുതിരിയുന്ന പൂർണ്ണക്രിസ്ത്യാനി മാമോദീസാ കൈക്കൊ ള്ളുന്നത് ഏറ്റുപറഞ്ഞതിനുമേൽ ചെയ്യുന്നതാകുന്നു.

2. ശുദ്ധമാന കുർബാനയിൽ സംബന്ധിപ്പാൻ ഒരുങ്ങപ്പെട്ടു വരുന്ന വർ കശ്ശീശായോടു കുമ്പസാരിപ്പാൻ ന്യായമാകുന്നു. രഹസ്യമായും പര സ്യമായും കുമ്പസാരം നടത്തിക്കുന്നത് മര്യാദയാകുന്നു.

3. സഭയിൽ ശെമ്മാശുസ്ഥാനം മുതൽ മേലോട്ടുള്ള സ്ഥാനങ്ങൾ കൈക്കൊള്ളുവാൻ യത്നമാകുമ്പോൾ അവരും കുമ്പസാരിപ്പാൻ ന്യായ മാകുന്നു.

4. കശ്ശീശാ കശ്ശീശായോടും മെത്രാൻ മെത്രാനോടും കുമ്പസാരിക്ക ണം.

5. കുമ്പസാരത്തിൽ ആരെങ്കിലും ഏറ്റുപറയുന്ന കൃത്യങ്ങളെപ്പറ്റി പട്ട ക്കാർ അവർക്കു നല്ല ഉപദേശം കൊടുക്കണം. മോഷ്ടിക്കപ്പെട്ടോ അപ ഹരിക്കപ്പെട്ടോ മറ്റുവിധത്തിലോ അടക്കിയിരിക്കുന്ന ധനങ്ങളെ കശ്ശീശാ

വശം ഏൽപിച്ചാൽ അവരുടെ നാമങ്ങളെയും കൃത്യങ്ങളെയും വെളിപ്പെടുത്താതെ പരിഹാരം ഉണ്ടാക്കണം. കുമ്പസാരത്തിൽ ഏറ്റുപറയുന്ന ധനം മനസ്സുതിരിഞ്ഞവൻ പക്കൽ ഇല്ലാതെയും തിരിച്ചുകൊടുപ്പാൻ പ്രയാസമായും വന്നാൽ പട്ടക്കാരൻ അതിനു പരിഹാരം കൽപിക്കണം.

## 13-ാം കെപ്പാലയോൻ

## രണ്ടാമത്തെ ഒപ്പുറുശുമായെക്കുറിച്ച്

1. നിങ്ങളിൽ ഒരുത്തൻ രോഗിയായിരുന്നാൽ അവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ എന്നു ശുദ്ധമുള്ള യാക്കോബ് ശ്ലീഹായാൽ കൽപിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് യാതൊരുത്തനും രോഗത്തിൽ ആകുന്ന സമയം ഇടവകപട്ടക്കാരനെ വരുത്തി നമസ്കാരം നടത്തണം. കുട്ടികളുടെ രോഗസമയവും പട്ടക്കാരനെ വരുത്തി നമസ്കാരം നടത്തണം.

2. പട്ടക്കാരൻ രോഗിക്കു നല്ല ബുദ്ധി ഉപദേശങ്ങൾ കൊടുക്കുകയും ഭവനകാര്യങ്ങൾ ക്രമപ്പെടുത്തുവാൻ ഓർമ്മപ്പെടുത്തുകയും വേണം. വല്ല നിയമങ്ങൾ രോഗിക്കു ചെയ്യേണ്ടിയിരുന്നാൽ പട്ടക്കാരനോടുകൂടെ രണ്ടു സാക്ഷികളുടെ മുമ്പാകെ പറയുകയും പട്ടക്കാരൻ ഉടനെ അതിനെ എഴുതി രോഗിയുടെ അപേക്ഷപോലെ സാക്ഷികളെക്കൊണ്ടും ഒപ്പുവെപ്പിച്ചു പട്ടക്കാരൻ സൂക്ഷിപ്പിക്കുകയും വേണം. രോഗി മരിച്ചുപോയാൽ ആ നിയമംപോലെ ചെയ്യപ്പെടണം. രോഗിയുടെ നിയമം കാനോൻ വിധികൾക്കും വേദവിധികൾക്കും പ്രതികൂലമായിരിക്കരുതാത്തതാകുന്നു.

## 14-ാം കെപ്പാലയോൻ

## ശവസംസ്കാരത്തെക്കുറിച്ച്

1. ഒരു മേൽപട്ടക്കാരൻ കാലംചെയ്താൽ അടുത്ത ഇടവകക്കാർക്കു ഒക്കെയും അറിവുകൊടുക്കുകയും സഭയ്ക്കടുത്ത എല്ലാ സ്ഥാനികളുടെ കൂട്ടവും ബഹുജനവും കൂടി ശവം മദ്ബഹായ്ക്കു മുമ്പിൽ വച്ചു തക്സായിലെ നിയമമനുസരിച്ചു നമസ്കാരങ്ങൾ തീർത്ത് നിയമിക്കപ്പെട്ട സ്ഥലത്തിൽ സംസ്കാരം ചെയ്യണം. ശവം ഇരുത്തിയാകുന്നു സംസ്കാരം ചെയ്യേണ്ടത്.

2. കശ്ശീശാ മരിച്ചാൽ ഇടവകക്കാരും അടുത്ത ഇടവകകളിലെ കശ്ശീശന്മാരും കൂടി നിയമമനുസരിച്ചു നമസ്കാരങ്ങൾ തീർത്ത് നിയമിക്കപ്പെട്ട സ്ഥലത്തിൽ സംസ്കാരം ചെയ്യണം. ശവം പെട്ടിയിൽ കിടത്തി

സംസ്കാരം ചെയ്യണം.

3. അയ്മേനികളായ എപ്പെർപ്പെട്ടവരെയും ബഹുമതികളോടു പള്ളിയിൽ കൊണ്ടുവന്നു ശവം അഴിക്കു പുറമേ വച്ചു തക്സായിലെ നിയമമനുസരിച്ചു നമസ്കാരങ്ങൾ തീർത്തു നിയമിക്കപ്പെട്ട സ്ഥലത്തു സംസ്കാരം ചെയ്യണം.

4. സഭയ്ക്കടുത്ത എല്ലാ സ്ഥാനികൾക്കും, അവരുടെ ഭാര്യമാർക്കും, ഒരു തലമുറയിലെ മക്കൾക്കും, മാറാകൈസ്ഥാന ഭവനക്കാർക്കും, ശവക്കുഴി തീർക്കുന്നവനായ കപ്യാർക്കും കുഴിക്കാണം അരുത്. മറ്റുള്ള എപ്പെർപ്പെട്ടവർക്കും കുഴിക്കാണം വെപ്പിച്ചു ശവം അടക്കേണ്ടതാകുന്നു.

5. ആരുമേവരുമില്ലാത്തവരായും പരദേശികളായും ഉള്ള അയ്മേനികൾ മരിച്ചാൽ പള്ളി ചിലവർപ്പിന്മേൽ ശവം വരുത്തി സംസ്കാരം ചെയ്യേണ്ടതാകുന്നു.

6. പള്ളിക്കുറ്റത്തിൽ ഏർപ്പെട്ടു തീരുമാനമുണ്ടാകാതെ മരിക്കുന്നവരെ പരിഹാരമുണ്ടാക്കി ശവസംസ്കാരം ചെയ്യാം. ശ്രുതിപ്പെട്ട ദുർമാർഗ്ഗങ്ങൾ നിമിത്തം പള്ളിക്കുറ്റത്തിൽ ഏർപ്പെടുത്തിയിരിക്കെ പരിഹാരമുണ്ടാകാതെ ആ പടുതിയിൽ മരിക്കുന്നവരെയും, കുട്ടികൾ അലസുവാൻ ഔഷധം സേവിച്ചു മരിക്കുന്നവരെയും, ഗർഭം ഉണ്ടാകാതിരിപ്പാൻ ഔഷധം സേവിച്ചു മരിക്കുന്നവരെയും വെളിമ്പറമ്പിൽ അല്ലാതെ പള്ളി സെമിത്തേരിയിൽ സംസ്കാരം ചെയ്യരുത്.

7. മാമോദീസാ കൈക്കൊണ്ടിട്ടുള്ള ഏവരുടെയും ശവം പള്ളിയുടെ സെമിത്തേരിയിൽ അടക്കം ചെയ്യണം. ശവം അടക്കം ചെയ്യുന്നതു കശ്ശീശന്മാർക്കും ശെമ്മാശന്മാർക്കും ആകാം. അയ്മേനികൾ ശവം അടക്കുന്നതിനു ന്യായമാകുന്നില്ല.

## 15-ാം കെപ്പാലയോൻ

## അവകാശ ക്രമത്തെക്കുറിച്ച്

മനുഷ്യൻ തന്റെ സ്വത്തുക്കളെ അവന്റെ സംബന്ധികൾക്കു അവകാശപ്പെടുത്തി കൊടുക്കണമെന്നു ദൈവം മോശ മൂലം ഇസ്രായേൽ പുത്രന്മാരോടു കൽപ്പിച്ചിരിക്കകൊണ്ടു ശുദ്ധമാനപള്ളിയോടു ചേരുന്ന എല്ലാവനും അവനവന്റെ സ്വത്തുക്കളെ താഴെ വിവരിക്കുന്ന ക്രമമനുസരിച്ചു തന്റെ സന്താനങ്ങൾക്കും അവകാശപ്പെടുത്തി കൊടുക്കേണ്ടതാകുന്നു.

1. ഒരുവന്റെ അവകാശികൾ നേരായ വിവാഹത്തിലുള്ള അവന്റെ പുത്രന്മാരും, പുത്രന്മാരില്ലാത്തപക്ഷം പുത്രിമാരും, പുത്രിമാരും ഇല്ലാത്തപക്ഷം

അടുത്ത ചാർച്ചക്കാരും ആകുന്നു. ആയത് വിവാഹമുറ അനുവദിച്ചിരിക്കുന്നതുപോലെ പുരുഷവഴിക്കു ഏഴു തലമുറയിലും സ്ത്രീ വഴിക്കു അഞ്ചു തലമുറയിലും ഉള്ളവരെ ചാർച്ചക്കാരെന്നു വിചാരിക്കേണ്ടതാകുന്നു.

2. ഏഴു തലമുറയുടെ വിവരം. 1. സഹോദരന്മാരും അവരുടെ സന്തതികളും. 2. സഹോദരിമാരും അവരുടെ സന്തതികളും. 3. പിതൃവഴി ചിറ്റപ്പൻ പേരപ്പന്മാരും അവരുടെ സന്തതികളും. 4. അവരുടെ സഹോദരിമാരുടെ മക്കൾ വഴിക്കാറരും. 5. മുത്തപ്പന്റെ സഹോദരന്മാരുടെ മക്കൾ വഴിക്കാറരും. 6. മുത്തപ്പന്റെ സഹോദരിമാരുടെ മക്കൾ വഴിക്കാറരും. 7. മുത്തപ്പന്റെ അപ്പന്റെ സഹോദരന്മാരുടെ മക്കൾ വഴിക്കാറരും. ഇങ്ങനെ ഏഴു തലമുറ പിതൃവഴിയിലും അപ്രകാരംതന്നെ മാതൃവഴിയിലും സംബന്ധം പ്രമാണിച്ചു വരുന്നു. എങ്കിലും പെൺവഴി അഞ്ച് മറിവുവരെ പ്രമാണിക്കുന്ന ന്യായവുമുണ്ട്.

3. നേരായ വിവാഹത്തിൽ ജനിച്ചുണ്ടാകുന്ന മക്കൾക്കു മാത്രം പിതാവിന്റെയും മാതാവിന്റെയും സ്വത്തുക്കൾക്കു അവകാശമുണ്ട് (നിയമവിരോധമായി ജനിച്ചുണ്ടാകുന്ന മക്കൾക്കു യാതൊരു അവകാശവും ഇരിപ്പാൻ ന്യായമില്ല).

4. ഒരുവന്റെ നേരായ വിവാഹത്തിൽ പുത്രന്മാരും പുത്രിമാരും ഉണ്ടായിരുന്നാൽ പുത്രന്മാരെ പിതാവിന്റെ ഭവനാവകാശികളെന്നും പുത്രിമാരെ സ്ത്രീധനാവകാശികളെന്നും വിചാരിക്കപ്പെടണം. പുത്രിമാർക്കു സ്ത്രീധനാവകാശം പുത്രിമാർക്കുള്ള അവകാശ ഓഹരിയിൽ മിക്കവാറും പകുതിയോളം ഇരിക്കേണ്ടതാകുന്നു.

5. ഒരു പിതാവിനു പുത്രന്മാർ പലരായിരുന്നാലും സ്വത്തുക്കൾക്കു അവർ സമഅവകാശികളാകുന്നു എങ്കിലും പിതാവു ഭാഗം ചെയ്തുകൊടുക്കുമ്പോൾ തന്റെ കടിഞ്ഞൂൽപുത്രനും കുടുംബസംരക്ഷണയിൽ പിതാവിനോടുകൂടി സാഹസം ചെയ്തിട്ടുള്ളവനുമായ മൂത്ത പുത്രനു കൂടുതലായ ഒരു ഉപകരിയെ വേർതിരിച്ചു കൊടുക്കുന്നതു കൂടാതെ, തക്ക കാരണങ്ങളാൽ തന്റെ സന്താനങ്ങൾക്കു ഏറെ കുറവായി വീതിപ്പാനും ഏതാനും മുതൽ വീതിക്കാതെ തറവാട്ടിൽ നിറുത്തുവാനും മാതാപിതാക്കൾക്കു അധികാരമുണ്ട്.

6. ഒരുവനു പ്രഥമ വിവാഹത്തിലും പുനർവിവാഹത്തിലും മൂന്നാം വിവാഹത്തിലും നാലാം വിവാഹത്തിലും പുത്രന്മാരും പുത്രിമാരും ഉണ്ടായിരുന്നാൽ ഒന്നും മൂന്നും പാസൊക്കാകളിലെ നിയമംപോലെ അവകാശം ഇരിക്കേണ്ടതാകുന്നു. എങ്കിലും സ്ത്രീധനാവകാശമുതൽ ഉണ്ടായിരുന്നാൽ അതാതു വിവാഹത്തിലെ മക്കൾക്കു മാത്രം ഇരിക്കേണ്ടതാകുന്നു.

7. ഒന്നാം വിവാഹത്തിൽ പുത്രന്മാരും ശേഷം വിവാഹത്തിൽ പുത്രികളും ഉണ്ടായാൽ ഈ പുത്രികൾക്കു ഒന്നാം വിവാഹത്തിലെ പുത്രികൾക്കുള്ള അവകാശംപോലെ കൊടുക്കേണ്ടതാകുന്നു.

8. ഒന്നാം വിവാഹത്തിൽ ഒരു പുത്രിയും ശേഷം വിവാഹത്തിൽ പുത്രന്മാരും ഉണ്ടായാൽ ഒന്നാം വിവാഹത്തിലെ പുത്രിക്കു ശേഷം വിവാഹത്തിലെ പുത്രന്മാർക്കുള്ള അവകാശംപോലെ ഭാഗിച്ചു കൊടുപ്പാനുള്ളതാകുന്നു.

9. ഒന്നാം പാസൊക്കായിൽ പുത്രിമാർക്കും അവകാശമുണ്ടെന്നു നിയമിച്ചിരിക്കുന്നു. എന്നാൽ പുത്രന്മാരില്ലാതെ പുത്രിമാർ മാത്രം ഒരു പിതാവിനു ഉണ്ടായിരുന്നാൽ അവർക്കു സമാവകാശം കൊടുക്കുന്നതിനും അങ്ങനെയല്ലാതെ സ്ത്രീധനാവകാശം കൊടുത്തു വേറെ അയച്ച ഒരു പുത്രിയെ മാത്രം തന്റെ കൂടെ നിർത്തി അവകാശം സ്ഥിരപ്പെടുത്തുന്നതിനും പിതാവിനും മാതാവിനും അധികാരമുണ്ട്.

10. ഒരുവനു ഒരു പുത്രി മാത്രം ഉണ്ടായിരിക്കുകയും അവളെ പിതാവിന്റെ ഭവനാവകാശിയായി സ്ഥിരപ്പെടുത്തുകയും ചെയ്തശേഷം പുത്രന്മാരു ജനിച്ചുണ്ടായാൽ അവകാശപ്പെടുത്തിയ പുത്രിക്കും പിന്നീടുണ്ടായ പുത്രന്മാർക്കും പിതാവിന്റെ മുതലിനു ഒരുപോലെ അവകാശപ്പെടുത്തേണ്ടതാകുന്നു.

11. മാതാപിതാക്കന്മാർ തങ്ങളുടെ മക്കൾക്കു ഭാഗം ചെയ്തശേഷം പുത്രന്മാരു ജനിച്ചാൽ മുൻപകുതിയെ ഭേദപ്പെടുത്തി പിന്നീടുണ്ടായ സന്തതിക്കു കൂടി ഭാഗിച്ചുകൊടുക്കേണ്ടതാകുന്നു. എങ്കിലും ഭാഗശേഷമുള്ള മക്കളുടെ ദേഹണ്ണത്തെ ഭാഗിച്ചു കൂടാത്തതാകുന്നു.

12. ഒരു പിതാവിനു മക്കൾ പലരായിരിക്കുകയും അവരിൽ ചിലരുടെ പേരു വച്ചു പൊതു മുതലിൽനിന്നു വസ്തുക്കൾ സമ്പാദിക്കുകയും ചെയ്താൽ ശേഷം മക്കൾക്കും ആ നേട്ടത്തിന്മേൽ തുല്യാവകാശമുണ്ട്. ഭാഗസമയം ആയതും വീതിച്ചുകൊടുക്കേണ്ടതാകുന്നു.

13. ഭർത്താവിനും ഭാര്യയ്ക്കും ഒരു പുത്രനും ഒരു പുത്രിയും മാത്രം ഉണ്ടായിരിക്കുകയും പുത്രനെപ്പോലെ പുത്രിയെയും തങ്ങളോടുകൂടെ പാർപ്പിക്കണമെന്നു വിചാരിക്കുകയും ചെയ്താൽ തങ്ങളുടെ സമ്പാദ്യങ്ങളിൽ പകുതി പകുതി പുത്രനും പുത്രിക്കും കൊടുപ്പാൻ അവർക്ക് അധികാരമുണ്ട്. എങ്കിലും പൂർവ്വധനവും പാർപ്പിടവും പുത്രനു മാത്രം ഇരിക്കേണ്ടതാകുന്നു.

14. ഒരു പിതാവിനു അല്ലെങ്കിൽ മാതാവിനു അവകാശം സ്ഥിരപ്പെടുത്തിയ തന്റെ പുത്രിക്കു സന്താനങ്ങളില്ലാതെ തീരുന്നപക്ഷവും മരിക്കു

ന്നപക്ഷവും വേറെ സ്ത്രീധനാവകാശത്താൽ അയച്ച പുത്രിമാരിൽ ഒരുത്തിയെ ഭവനാവകാശത്തിനു തിരിയെ ഏർപ്പെടുത്തുവാൻ അധികാരമുണ്ട്.

15. ഭാഗശേഷം ഒരുവൻ മക്കൾ കൂടാതെ മരിച്ചു. ... വന്റെ പിതാവു ജീവിച്ചിരിക്കുന്നപക്ഷം അതിന്മേൽ പിതാവിനു കർത്തൃതയുണ്ട്. മരിച്ചവന്റെ ഭാര്യ പുനർവിവാഹം ഇച്ഛിക്കാതെ താമസിക്കുന്നപക്ഷം അവൾ ഈ പിതാവിന്റെ കീഴിൽ ജീവനാംശക്കാരിയായി താമസിക്കണം.

16. മാതാപിതാക്കന്മാർ മക്കൾക്കു ഭാഗം ചെയ്തുകൊടുത്താലും ആവക സ്വത്തുക്കളിൽ നിന്നു കാലക്ഷേപം കഴിപ്പാൻ അവർക്കു സ്വാതന്ത്ര്യമുണ്ട്. എങ്കിലും ഭാഗത്തിൽപ്പെട്ട വകകളെ അന്യാധീനം ചെയ്വാൻ അവർക്ക് തനിച്ച് അധികാരമില്ല.

17. ഭാര്യാഭർത്താക്കന്മാരുടെ തനതു സമ്പാദ്യങ്ങളാകട്ടെ ഭാഗത്തിൽ കിട്ടിയ സമ്പാദ്യങ്ങളാകട്ടെ അവരുടെ ജീവകാലങ്ങളിൽ അതിൽ ഏതാനും അംശങ്ങളെ ഉത്തമമായ മനോഗുണപ്രവൃത്തികൾക്കു നിയമിച്ചുകൊടുക്കാം. അവർക്കു മക്കളുള്ളപക്ഷവും ആ നിയമത്തെ ആക്രമിപ്പാൻ അവർക്കു ന്യായമാകുന്നില്ല. നിയമിക്കപ്പെട്ടശേഷം നിയമിച്ചവർക്കും തിരിയെ ആ സമ്പാദ്യങ്ങളെ തനതിൽ ചേർത്ത് കർത്തൃത നടത്തുവാൻ ന്യായമാകുന്നില്ല.

18. ഒരു ഭർത്താവിനു പുത്രന്മാരാകട്ടെ പുത്രിമാരാകട്ടെ ഇല്ലാതെയിരിക്കുമളവിൽ അവൻ മരിച്ചാൽ അവന്റെ സ്വത്തുക്കൾക്കു അവന്റെ ഭാര്യ തന്നെ അവകാശി. അവളും മരിച്ചാൽ ഭർത്താവിന്റെ അടുത്ത ചാർച്ചക്കാരാകുന്നു അവകാശികൾ. ഭർത്താവിന്റെ അടുത്ത ചാർച്ചക്കാർ ആരും ഇല്ലാത്തപക്ഷം ഭാര്യയുടെ ചാർച്ചക്കാർക്കാകുന്നു അവകാശം. അവരും ഇല്ലാത്തപക്ഷം ആ മുതൽ സർവവും ഇടവകപ്പള്ളിക്കു ചേരുകയും വേണം.

19. ഭാര്യാഭർത്താക്കന്മാർക്കു മക്കളില്ലാത്തപക്ഷം തങ്ങളുടെ സ്വത്തുക്കളിന്മേൽ മനസ്സുപോലെയുള്ളവരെ ദത്തുപത്രം കൊടുത്തു ഉറപ്പിക്കാം. മാമോദീസാ മുഴുകാത്ത പുറജാതികളിൽ ആരെയും അങ്ങനെ ഉറപ്പിക്കുന്നതു ന്യായമല്ല. ദത്തവകാശി കടത്തിനും ധനത്തിനും ഉത്തരവാദിയായിരിക്കുകയും ചെയ്യും. ദത്താവകാശപ്പെടുന്ന സ്വത്തിന്റെ ദശാംശം പള്ളിക്കു കൊടുക്കേണ്ടതുമാകുന്നു.

20. ഒരുവനു സന്തതി ഇല്ലാതെ അന്യ കുടുംബത്തിൽ നിന്നു ഒരു പുരുഷനെയോ സ്ത്രീയെയോ ദത്ത് എടുക്കുകയും പിന്നീട് അവന് സന്തതി ഉണ്ടാകുകയും ചെയ്താൽ ദത്തവകാശിക്കും പിന്നീട് ജനിച്ച

സന്തതിക്കും തറവാട്ടുമുതൽ ഒന്നുപോലെ അവകാശം വീതിക്കേണ്ടതാകുന്നു.

21. ഭർത്താവിന്റെ സമ്പാദ്യം ഭാര്യയ്ക്കും ഭാര്യയുടെ സമ്പാദ്യം ഭർത്താവിനും മാത്രം ഇരിക്കും, ഒരാൾ മരിക്കുന്ന സ്ഥിതിയിൽ ജീവിച്ചിരിക്കുന്നാൾ ആ സമ്പാദ്യങ്ങളെ അന്യനു അവകാശപ്പെടുത്തുകയോ അധീനപ്പെടുത്തുകയോ ചെയ്താലും ദശാംശം പള്ളിക്കു കൊടുക്കണം.

22. അവകാശങ്ങളെ മരണപത്രിക മൂലവും ഉറപ്പിക്കാം. ആ വക പത്രികകൾ എത്രയും വിശ്വാസയോഗ്യമായിരിക്കണം. ഇടവകപട്ടക്കാരനും സ്വജാതിക്കാരിൽ നാലു പേരും അതിൽ ഉത്തമസാക്ഷിയായിരിക്കുകയും വേണം.

23. മാറാരോഗമോ, അംഗഭംഗമോ, ഭ്രാന്തോ ഉള്ളതായി പുത്രന്മാരോ പുത്രിമാരോ ഉണ്ടായിരുന്നാൽ അവർക്കും ഓരോ ഭാഗം വേർതിരിക്കണം. കന്യകയ്ക്കും വിവാഹച്ചിലവും സ്ത്രീധനവും ഭാഗിക്കണം.

24. ഒരുവൻ പള്ളിയ്ക്കടുത്ത എപ്പിസ്കോപ്പാസ്ഥാനം മുതലായവകളിൽ പ്രവേശിച്ചാൽ ഭവനത്തിൽ നിന്നും അവകാശം വേണമെന്നു ചോദിക്കുന്നു എങ്കിൽ കൊടുക്കണം. സ്ഥാനശേഷമുള്ള തന്റെ സമ്പാദ്യങ്ങൾക്കു മേപ്പടി ഭവനക്കാർ അവകാശികളാകുന്നതല്ല.

25. ഒരുവൻ കശ്ശീശാസ്ഥാനി ആയി എങ്കിൽ ഭവനത്തിൽ നിന്നും ശരിയായ അവകാശം കൊടുക്കണം, തന്റെ സമ്പാദ്യങ്ങൾക്കു മക്കളും ഭാര്യയും ഇല്ലാത്തപക്ഷം മേപ്പടി ഭവനക്കാർ തന്നെ അവകാശികളാകുന്നു.

26. ഭാഗത്തിനു മുമ്പു ഒരുവൻ മരിക്കുകയും ഭാര്യയും മക്കളും ജീവിച്ചിരിക്കുകയും മക്കൾ അപ്രാപ്തരായിരിക്കുകയും ചെയ്താൽ ഭാഗസമയം സ്വത്തുക്കൾ മരിച്ചവന്റെ ഭാര്യയെ ഏൽപ്പിക്കണം. മക്കൾക്കു പ്രാപ്തി വരുംവരെ അവൾ പുനർവിവാഹത്തിനു മനസ്സുവെക്കരുത്. പുനർവിവാഹത്തിനു മനസ്സുവെക്കുന്നപക്ഷം ഭാഗമുതൽ ഒരു രക്ഷകർത്താവിനെ അവൾ ഏൽപിച്ചു പോകണം.

27. ഭാര്യയുടെ സ്ത്രീധനാവകാശത്തെ അവളുടെ സമ്മതം കൂടാതെ ഭർത്താവിനു ചിലവഴിച്ചു കൂടാ, അവളുടെ ഭാഗത്തേക്കു തിരിച്ചുവെക്കുന്നതുവരെ അവൾക്കും സ്വയാധികാരം ചെയ്തു കൂടാ.

28. മാതാപിതാക്കളുടെ കാലശേഷം പുത്രന്മാർ തങ്ങളുടെ അവകാശങ്ങളെ വീതിക്കുന്നതായാൽ ശരാശരിയായി ഭാഗിക്കാമെങ്കിലും 5-ാം പാസൊക്കായിൽ നിയമിച്ചിരിക്കുന്ന അവകാശപ്രകാരം വീതിക്കേണ്ടതാ

കുന്നു.

29. പുത്രന്മാർ പലരും കടവും ധനവും വെവ്വേറെ ഉണ്ടാക്കിയവരുമാകുന്നെങ്കിൽ കടം ധനം ഇവ പൊതുവിൽ കാണിച്ചു പരിഹാരം പറഞ്ഞു വീതിക്കണം, സ്ഥാവരവസ്തുക്കൾ തറവാട്ടുപയോഗത്തിനു യോഗ്യമല്ലാത്തവിധം കെടുമതി ചെയ്തവരുണ്ടായിരുന്നാൽ അവർ ഉത്തരവാദം പറയണം. ഭാഗം വരെയുള്ള സകല ധനവും പൊതുവാക്കി ഭാഗിക്കയും വേണം.

30. പുത്രന്മാരിൽ ഒരുവൻ വീട്ടുമുതലൊന്നും എടുക്കാതെ ദൂരസ്ഥനായി സ്വയദേഹണ്ഡംകൊണ്ടു സമ്പാദ്യമുണ്ടാക്കി വിവാഹത്തോടു പാർത്തുവരുന്നു എങ്കിൽ പൂർവ്വധനത്തിന്റെ ഭാഗം അവനു കൊടുക്കണം. അവനു മനസ്സില്ലാത്തപക്ഷം അവന്റെ .... മുതലോടു ചേർത്ത് ഭാഗിപ്പാൻ നിർബന്ധിക്കരുത്.

31. ഭാഗസമയം ഒരു അവകാശി ദൂരസ്ഥനായി പോയാൽ അവനെ തിരിയപ്പെടുത്തി അവന്റെ ഭാഗം അവൻ സമ്മതിക്കുന്ന ആളിനെ ഏൽപിക്കണം. അവകാശികളിൽ ഒരുവൻ ഉണ്ടോ ഇല്ലയോ എന്ന് സന്നിഗ്ദ്ധം തോന്നിയാൽ അവൻ ഇല്ലെന്നു നിജമാകുംവരെ അവനും ഭാഗം തിരിച്ചു പൊതുവിൽ സൂക്ഷിക്കണം. ഇല്ലെന്നായാൽ ശേഷം അവകാശികൾക്കു അതു വീതിച്ചെടുക്കാം. എങ്കിലും കാണാതെപോയ അവകാശിക്കായി അറുപതു കൊല്ലം വരെ ക്ഷമയോടു കാത്തിരിക്കേണ്ടതാകുന്നു.

32. സഹോദരന്മാർ ഒരുമിച്ച് പാർത്തുവരികയും ഭാഗത്തിനു മുമ്പെ ഒരുവൻ മരിക്കുകയും ചെയ്താൽ അവന്റെ ഭാര്യ പുനർവിവാഹത്തിനു ഇച്ഛിക്കാതെ ഭർത്താവിന്റെ ഭവനത്തിൽ താമസിക്കുന്നു എങ്കിൽ ജീവിച്ചിരിക്കുന്ന സഹോദരന്മാർ ഭാഗം ചെയ്യുമ്പോൾ മരിച്ച സഹോദരന്റെ ഭാര്യയ്ക്കു അവളുടെ സ്ത്രീധനവും ഭർത്താവിന്റെ വീതത്തിൽ എട്ടിൽ ഒരംശവും അവൾക്കു ഭാഗിക്കേണ്ടതാകുന്നു.

33. ഒരു സ്ത്രീ തന്റെ വേശ്യാവൃത്തി നിമിത്തം ഭർത്താവിനെ വെടിഞ്ഞുപോകുന്നതായാൽ അവളുടെ സ്ത്രീധനം തിരിച്ചുകൊടുപ്പാൻ ന്യായമില്ല.

34. മക്കളില്ലാത്ത വിധവ പുനർവിവാഹം ഇച്ഛിച്ചാൽ അവളുടെ സ്ത്രീധനം ആഭരണങ്ങളോടുകൂടി തിരിച്ചുകൊടുക്കണം. അവൾ പുനർവിവാഹം ഇച്ഛിക്കാതെ പ്രഥമ ഭർത്താവിന്റെ വീട്ടിൽ താമസിക്കുന്നതായാൽ അവൾ ജീവനാംശക്കാരിയായി താമസിക്കണം. ഭാഗം തീർന്നതിൽ പിന്നെയാകുന്നു ഭർത്താവു മരിച്ചു എങ്കിൽ ഭാഗമുതലിന്മേൽ അവൾക്കു കർത്തൃത ചെയ്യാം. എങ്കിലും നിലംപുരയിടങ്ങളെ അന്യാധീനപ്പെടുത്തു

വാൻ അവൾക്കു അവകാശമില്ല.

35. ഭർത്താവോടു ഏറിയനാൾ ജീവിച്ചു ഉപസഹായി ആയി ധനം സമ്പാദിച്ച വിധവ മക്കളില്ലാത്തപക്ഷം പുനർവിവാഹം ഇച്ഛിക്കുന്നു എങ്കിൽ അവളുടെ സ്ത്രീധനവും ആഭരണങ്ങളും ഭർത്താവിന്റെയും തന്റെയും സമ്പാദ്യത്തിൽ പകുതിയും അവൾക്കു കൊടുക്കേണ്ടതാകുന്നു. മക്കളില്ലാതെ വയസ്സാധികൃത്താൽ താമസിക്കുന്ന മുറയ്ക്കും അവൾ മരിച്ചശേഷമേ ചാർച്ചക്കാർക്കു ആ സമ്പാദ്യം അടങ്ങൂ. അവൾ മരിച്ചശേഷം അവളുടെ സ്ത്രീധനമുതൽ ചാർച്ചക്കാർക്കു കൊടുക്കപ്പെടേണ്ടതുമല്ല.

36. ഭർത്താവിരിക്കെ മക്കളില്ലാതെ ഭാര്യ മരിച്ചാൽ അവളുടെ സ്ത്രീധനം നാലിൽ ഒരംശം നീക്കി തിരിയെ അവളുടെ അടുത്ത ഉടയവർക്കു കൊടുക്കണം.

37. മക്കളുള്ള വിധവ പുനർവിവാഹം ഇച്ഛിച്ചാൽ .... സ്വത്ത് അവൾക്ക് ലഭിക്കുന്നതല്ല.

38. ഒരു ഭവനത്തിൽ സ്ത്രീ അവകാശപ്പെടുകയും മക്കൾ ഇരിക്കെ ഭർത്താവ് മരിച്ചു പിന്നെയും വിവാഹം ചെയ്യപ്പെട്ട് മക്കൾ ഉണ്ടാകുകയും ചെയ്താൽ എല്ലാ വിവാഹത്തിലെ സന്തതിക്കും മാതാവിന്റെ മുതലിൽ ഒന്നുപോലെ അവകാശമുള്ളതാകുന്നു.

39. അവകാശിയായ സ്ത്രീയെ വിവാഹം ചെയ്യുന്ന പുരുഷനു സന്തതി കൂടാതെ സ്ത്രീ മരിച്ചാൽ അവന്റെ ഭാര്യയുടെ സ്വത്തിൽനിന്നു അവനു ഉപജീവിക്കാം. എന്നാൽ വസ്തുക്കളെ അന്യാധീനപ്പെടുത്തുന്നതിനു അവനവകാശം ഇല്ല. അവൻ പുനർവിവാഹത്തിനു മനസ്സാകുന്നപക്ഷം ഭാര്യയുടെ സ്വത്തുക്കളെ നീക്കി അവന്റെ തനതു സമ്പാദ്യങ്ങളോടുകൂടി വേർപിരിയേണ്ടതാകുന്നു.

40. അവകാശിയായ സ്ത്രീയെ വിവാഹം ചെയ്ത പുരുഷനു സന്തതി ഉണ്ടാകുകയും സ്ത്രീയുടെ തറവാട്ടിലുള്ള സകല കൈകാര്യങ്ങളും അവൻ നടത്തിവരികയും ചെയ്യുന്ന സ്ഥിതിയിൽ തറവാട്ടു ഉപയോഗത്തിനായി അവൻ ചെയ്യുന്ന സകല ഏർപ്പാടിനും മക്കൾ ഉത്തരവാദികളായിരിക്കുകയും വേണം.

41. അവകാശിയായ പുത്രി മരിച്ചതിനാൽ അവളെ വിവാഹം ചെയ്ത പുരുഷൻ മക്കളില്ലാത്തപക്ഷം ഭവനത്തിൽ അവകാശിയായിരിക്കുകയില്ല. മക്കളുള്ള പക്ഷവും അവൻ ആ നിലയിൽ പുനർവിവാഹം ചെയ്താൽ ആ സ്ത്രീക്കും അവളുടെ മക്കൾക്കും ആ ഭവനത്തിന്റെ അവകാശത്തിൽ നിന്നും യാതൊരു ഓഹരിയും ലഭിപ്പാൻ പാടുള്ളതല്ല. അവന്റെ പിതാ

വിന്റെ സ്വത്തും അവന്റെ തനതു സമ്പാദ്യമുണ്ടായിരുന്നാൽ അതും പുനർ വിവാഹത്തിലെ സ്ത്രീക്കും അവളുടെ മക്കൾക്കും കൊടുക്കാം.

42. ഭാഗത്തെക്കുറിച്ച് അവകാശികൾ തർക്കപ്പെട്ടാൽ ആയത് ഇടവക പ്പള്ളിയിൽ ബോധിപ്പിക്കുകയും പള്ളിക്കാർ അതിനെ തീർച്ചപ്പെടുത്തു കയും ചെയ്യണം. അവരെ അനുസരിക്കാതെയിരുന്നാൽ റീശെപ്പിസ്കോ പ്പായെ ബോധിപ്പിച്ച്, ഭാഗത്തെക്കുറിച്ചുള്ള തർക്കം തീരുമാനിക്കേണ്ടതാ കുന്നു. ഇങ്ങനെ തീർച്ചപ്പെടുത്തുന്ന അവകാശങ്ങളിൽ നിന്ന് ഒരംശം പൊതുഗുണത്തിനായി സമൂഹത്തിലേക്കു കൊടുക്കേണ്ടതാകുന്നു.

(മാർ അത്താനാസ്യോസിന്റെ 'മലങ്കരക്കാനോൻ' എന്ന പേരിൽ ജി. ചേടിയത്ത് 2002-ൽ കോട്ടയത്തു നിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.)

### ചില പദങ്ങളുടെ അർത്ഥം

1. കെപ്പാലയോൻ = അദ്ധ്യായം.
2. പാസോക്കാ = വാക്യം, ഭാഗം, ഖണ്ഡിക.
3. എപ്പിത്രോപ്പന്മാർ = കൈകാര്യകർത്താക്കൾ.
4. റീശ് എപ്പിസ്ക്കോപ്പാ = മെത്രാപ്പോലീത്താ.

**അനുബന്ധം 2**

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ

# ഭരണഘടന

ഒന്നാം പതിപ്പ്

കോപ്പി 1000

Printed at The Malayala Manorama Press, Kottayam

1110

## വിഷയ വിവരം

1. പ്രഖ്യാപനം
2. പള്ളി ഇടവക
3. മെത്രാസന ഇടവക
4. മലങ്കര മഹാഇടവക
5. കാതോലിക്കാ
6. പാത്രിയർക്കീസ്
7. എപ്പിസ്ക്കോപ്പൽ സിനഡ്
8. പട്ടംകൊട
9. പരാതികളും വിധികളും
10. വരുമാനം
11. സന്യാസാശ്രമങ്ങൾ
12. റൂൾ കമ്മട്ടി
13. പലവക

# മലങ്കര ഓർത്തഡോക്സ് (സത്യ) സുറിയാനി സഭയുടെ ഭരണഘടന

## 1. പ്രഖ്യാപനം

1. മലങ്കരസഭ - ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു വിഭാഗവും ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പാത്രിയർക്കീസും ആകുന്നു.

2. മലങ്കരസഭ - മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായതും, പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിൽ ഉൾപ്പെട്ടതും, പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ കാതോലിക്കായും ആകുന്നു.

3. ഓർത്തഡോക്സ് സുറിയാനി സഭയെ ചില കാരണങ്ങളാൽ പിശകായി യാക്കോബായ സഭ എന്നു കൂടെ പേരു പറഞ്ഞുവരുന്നതുപോലെ - മലങ്കരസഭയേയും അതേ കാരണങ്ങളാൽ യാക്കോബായ സഭ എന്നു കൂടെ പേരു പറഞ്ഞുവരുന്നുണ്ടെങ്കിലും - അതിനുള്ള പൂർവികമായ സാക്ഷാൽ പേര്, മലങ്കര ഓർത്തഡോക്സ് (സത്യ) സുറിയാനി സഭ എന്നാകുന്നു.

4. വിശുദ്ധ മാമോദീസാ കൈക്കൊണ്ടവരും വി. ത്രിത്വത്തിന്റെ ദൈവത്വം, പുത്രന്റെ മനുഷ്യാവതാരം, പരിശുദ്ധാത്മാവിന്റെ പുറപ്പാട്, വി. സഭ എന്നിവയിലും, ഏഴു കൂദാശകളുടെ കർമ്മങ്ങൾ, നിയമാനുസരണമുള്ള അനുഷ്ഠാനങ്ങൾ, അവയിൽ നിഖ്യാവിശ്വാസ പ്രമാണത്തിന്റെ ഉപയോഗം, എന്നിവയിലും വിശ്വാസമുള്ളവരും; അവയെ അനുഷ്ഠിക്കേണ്ട ബാദ്ധ്യത സ്വീകരിച്ചിട്ടുള്ളവരും; ആയ - എല്ലാ സ്ത്രീപുരുഷന്മാരും, ഈ സഭയിലെ അംഗങ്ങൾ ആയിരിക്കുന്നതാകുന്നു.

5. ഈ സഭ അംഗീകരിച്ചിരിക്കുന്ന കാനോൻ ബാർ എബ്രായയാൽ എഴുതപ്പെട്ട ഹൂദായ കാനോൻ ആകുന്നു (1898-ാം മാണ്ടു പാരീസ് പട്ടണത്തിൽ അച്ചടിച്ചിട്ടുള്ളത് ഈ കാനോൻ തന്നെയാണ്).

## 2. പള്ളി ഇടവക

### A. ഇടവകയോഗം

6. ഓരോ ഇടവകപള്ളിക്കും ഓരോ ഇടവകയോഗം ഉണ്ടായിരിക്കേണ്ടതാകുന്നു.

7. ഇരുപത്തിഒന്നു വയസ് പ്രായം തികഞ്ഞവരും, ക്രമമായി വിശുദ്ധ

കുർബ്ബാന കൈക്കൊള്ളുന്നവരും ആയ എല്ലാ പുരുഷന്മാർക്കും ഇടവകയോഗത്തിൽ അംഗങ്ങളായിരിക്കാവുന്നതാകുന്നു.

8. അംഗങ്ങളുടെ പേരു വിവരം അടങ്ങിയ ഒരു ഇടവകയോഗ റജിസ്റ്റർ ഉണ്ടായിരിക്കേണ്ടതാകുന്നു. ഇടവകയോഗറജിസ്റ്ററിൽ പേരില്ലാത്ത ഒരുവനും ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിനോ വോട്ടു ചെയ്യുന്നതിനോ അവകാശമില്ലാത്തതാകുന്നു.

9. ഓരോ അംഗവും ഒരു ചക്രത്തിൽ കുറയാതെ മാസവരി പള്ളിക്കു കൊടുക്കേണ്ടതാകുന്നു.

10. ഏതെങ്കിലും ഒരംഗം മാസവരിയോ മറ്റേതെങ്കിലും ഇനത്തിൽ പള്ളിക്കു ചെല്ലേണ്ട സംഖ്യയോ, ആറു മാസക്കാലത്തേക്കു കൊടുക്കാതെ വീഴ്ച വരുത്തിയാൽ - ആ അംഗത്തിന് ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിനോ വോട്ടു ചെയ്യുന്നതിനോ അവകാശമില്ലാത്തതും, ഒരു വർഷത്തേക്കു ടി സംഖ്യ കൊടുക്കാതെ വീഴ്ച വരുത്തിയാൽ ആ അംഗത്തിന്റെ പേർ ഇടവകയോഗ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യപ്പെടുന്നതും, ആകുന്നു. ഇപ്രകാരം നീക്കപ്പെട്ട ഒരു അംഗം കുടിശ്ശിക മുഴുവനും കൊടുക്കുന്നതിനു മുമ്പായി സ്വന്തം ഇടവകയോഗത്തിലോ മറ്റേതെങ്കിലും ഇടവകയോഗത്തിലോ അംഗമായിരിക്കുന്നതല്ലാത്തതാകുന്നു.

11. മേൽപ്രകാരം നീക്കപ്പെടുന്ന അംഗത്തിനും പുതുതായി ചേരുന്ന അംഗത്തിനും മൂന്നുമാസമെങ്കിലും തുടരെ നിശ്ചിത ഫീസു കൊടുക്കുന്നതിനു മുമ്പായി ഇടവകയോഗത്തിൽ വോട്ടു ചെയ്യുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ല.

12. വികാരി ഇടവകയോഗം വിളിച്ചുകൂട്ടേണ്ടതും, തുടരെ വരുന്ന രണ്ടു ഞായറാഴ്ചകളിൽ ശുശ്രൂഷസമയത്തു യോഗത്തെപ്പറ്റിയും യോഗത്തിൽ ആലോചിക്കേണ്ട വിഷയങ്ങളെപ്പറ്റിയും വികാരിയോ കർമ്മം അനുഷ്ഠിക്കുന്ന പട്ടക്കാരനോ പള്ളിയിൽ വിളിച്ചുപറഞ്ഞശേഷം യോഗം കൂടേണ്ടതും, ആകുന്നു. ഇടവകയോഗത്തിനു കോറം നോക്കേണ്ട ആവശ്യമില്ലാത്തതാകുന്നു.

ഏതെങ്കിലും സംഗതിക്കു പെട്ടെന്നു യോഗം വിളിച്ചുകൂട്ടേണ്ട ആവശ്യം നേരിടുകയും, രണ്ടു ഞായറാഴ്ച പള്ളിയിൽ വിളിച്ചുപറയുന്നതിനു സൗകര്യമില്ലാതെ വരികയും, ചെയ്യുന്ന അവസരത്തിൽ - ഒരു ഞായറാഴ്ച വിളിച്ചു പറഞ്ഞതിന്റെ ശേഷം യോഗം കൂടാവുന്നതാകുന്നു. ഇങ്ങനെ കൂടുന്ന യോഗത്തിൽ നൂറ്റിന് ഇരുപതു വീതം അംഗങ്ങൾ ഹാജരുണ്ടായിരിക്കേണ്ടതാകുന്നു.

13. ആണ്ടിൽ രണ്ടുപ്രാവശ്യമെങ്കിലും ഇടവകയോഗം കൂടേണ്ടതാ

കുന്നു. വികാരിക്ക് ആവശ്യമെന്നു തോന്നുമ്പോഴോ, മാനേജിംഗ് കമ്മിറ്റി ആവശ്യപ്പെടുമ്പോഴോ, ഇടവക അംഗങ്ങളിൽ 100-നു 20 കണക്ക് അംഗങ്ങൾ ആവശ്യപ്പെടുമ്പോഴോ വികാരി ഇടവകയോഗം വിളിച്ചുകൂട്ടേണ്ടതാകുന്നു. ആവശ്യം നേരിട്ടാൽ പള്ളിയിൽ ഒരു ഞായറാഴ്ച വിളിച്ചുപറഞ്ഞതിനുശേഷം ഇടവക മെത്രാപ്പോലീത്തായ്ക്ക് ഇടവകയോഗം വിളിച്ചുകൂട്ടാവുന്നതും അങ്ങനെ കൂടുന്ന യോഗത്തിൽ ഇടവകമെത്രാപ്പോലീത്താ ആദ്ധ്യക്ഷം വഹിക്കുന്നതും ആകുന്നു.

14. അവകാശമുള്ള കക്ഷി ആവശ്യപ്പെടുന്ന സമയം വികാരി യോഗം വിളിച്ചുകൂട്ടാത്തപക്ഷം - ഇടവക മെത്രാപ്പോലീത്തായുടെ അടുക്കൽ അപേക്ഷിക്കാവുന്നതും, ഇടവക മെത്രാപ്പോലീത്തായുടെ തീർച്ചയനുസരിച്ചു നടന്നുകൊള്ളേണ്ടതും, ആകുന്നു. എന്നാൽ 13-ാം വകുപ്പിൽ പറയുന്ന രണ്ടു യോഗങ്ങൾ വികാരി വിളിച്ചുകൂട്ടാത്തപക്ഷം, സെക്രട്ടറിക്കു വിളിച്ചുകൂട്ടാവുന്നതും, ഇങ്ങനെ കൂടുന്ന യോഗത്തിൽ വികാരിയോ, മറ്റു പട്ടക്കാരുണ്ടെങ്കിൽ അവരിൽ ഒരാളോ, ആദ്ധ്യക്ഷം വഹിക്കാത്ത പക്ഷം യോഗാംഗങ്ങളിൽ ഒരുവനെ അദ്ധ്യക്ഷനായി യോഗത്തിനു തെരഞ്ഞെടുക്കാവുന്നതും, ആകുന്നു.

15. വികാരി ഇടവകയോഗത്തിന്റെ പ്രസിഡണ്ട് ആയിരിക്കുന്നതും, മേൽപറഞ്ഞവ ഒഴിച്ചുള്ള ഇടവകയോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതും, ആകുന്നു. ഏതെങ്കിലും കാരണവശാൽ അദ്ദേഹത്തിന് ആദ്ധ്യക്ഷം വഹിക്കുന്നതിനു സൗകര്യമില്ലാതെ വരുന്നതായാൽ - മറ്റു പട്ടക്കാരുണ്ടെങ്കിൽ അവരിൽ ഒരുവനോ, മറ്റു പട്ടക്കാർ ഇല്ലാത്തപക്ഷം യോഗാംഗങ്ങളിൽ ഒരുവനോ, വികാരിയുടെ നിയോഗമനുസരിച്ച് ആദ്ധ്യക്ഷം വഹിക്കാവുന്നതാകുന്നു.

16. കൈക്കാരൻ ഇടവകയോഗത്തിന്റെ സെക്രട്ടറി ആയിരിക്കുന്നതും ഇടവകയോഗങ്ങളുടെ മിനിട്ട്സ് എഴുതി സൂക്ഷിക്കേണ്ടതും, ആകുന്നു.

17. കൈക്കാരൻ, ഇടവക മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങൾ, എന്നിവരെ തിരഞ്ഞെടുക്കുക, തന്നാണ്ടത്തെ ബഡ്ജറ്റു പാസ്സാക്കുക, കണക്കു പരിശോധകനെ നിയമിക്കുക, പരിശോധകന്റെ റിപ്പോർട്ടു വിമർശനം ചെയ്യുക, ആണ്ടുതിരട്ടു പാസ്സാക്കുക, പള്ളിക്ക് ആവശ്യമെന്നു തോന്നുന്ന സംഗതികളെക്കുറിച്ചും മേലധികാരത്തിൽനിന്നും ആവശ്യപ്പെടുന്ന സംഗതികളെക്കുറിച്ചും ആലോചിച്ചു തീരുമാനം ചെയ്യുക, എന്നിതുകൾ ഇടവകയോഗത്തിന്റെ ചുമതലയിൽപ്പെട്ട സംഗതികൾ ആയിരിക്കുന്നതാകുന്നു.

18. പള്ളിവകപ്പണം താഴെപ്പറയുന്ന ആവശ്യങ്ങൾക്കു ചെലവിടേണ്ടതും, അതു കഴിച്ചു ബാക്കി ഉണ്ടായിരുന്നാൽ മാത്രം പള്ളിയുടെ മറ്റ്

ആവശ്യങ്ങൾക്കും സഭയുടെ ആവശ്യങ്ങൾക്കും ചെലവിടാവുന്നതും, ആകുന്നു.

a. പള്ളിയിലെ കുർബാന, പെരുന്നാൾ മുതലായ ശുശ്രൂഷകൾക്കുള്ള ചെലവ്.

b. പള്ളിയുടെയും പള്ളിവക കെട്ടിടങ്ങളുടെയും കെട്ടിമേച്ചിൽ അറ്റകുറ്റപ്പണികൾ മുതലായവയ്ക്കുള്ള ചെലവ്.

c. വികാരി മുതലായ പട്ടക്കാരുടേയും കപ്യാരുടേയും മറ്റും ശമ്പളച്ചെലവ്.

d. മെത്രാസന ഇടവക ഫണ്ട്, മലങ്കര ഇടവക ഫണ്ട് എന്നിതുകളിലേക്കുള്ള സംഭാവന.

e. പള്ളി വകയായി നടത്തുന്ന പള്ളിക്കൂടങ്ങൾ, ധർമ്മാശുപത്രി, അനാഥശാല, സണ്ടേസ്കൂൾ, പ്രാർത്ഥനായോഗങ്ങൾ, സുവിശേഷവേല മുതലായവയ്ക്കുള്ള ചെലവ്.

19. ഇടവകയിലെ സ്ഥാവരവസ്തുക്കൾ ഏതെങ്കിലും തീറു കൊടുക്കുകയോ കടപ്പെടുത്തുകയോ ചെയ്യണമെന്നിരുന്നാൽ – ഇടവകയോഗത്തിന്റെ നിശ്ചയമനുസരിച്ചും, ഇടവക മെത്രാപ്പോലീത്തായുടെ രേഖാമൂലമായ സമ്മതത്തോടുകൂടിയും – വികാരിയും കൈക്കാരനും കൂടി ചെയ്യേണ്ടതാകുന്നു.

## (B) ഇടവക മാനേജിംഗ് കമ്മിറ്റി

20. ഓരോ ഇടവകയോഗത്തിനും ഓരോ ഇടവക മാനേജിംഗ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാകുന്നു.

21. ഇടവക മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങളെ ഇടവകയോഗം തെരഞ്ഞെടുക്കേണ്ടതും അവരുടെ കാലാവധി ഒരു കൊല്ലം ആയിരിക്കേണ്ടതുമാകുന്നു. ഓരോ കമ്മിറ്റിയിലും അഞ്ചിൽ കുറയാതെയും പതിനഞ്ചിൽ കൂടാതെയും അംഗങ്ങൾ ഉണ്ടായിരിക്കണം (ഈ സംഖ്യയ്ക്കുള്ളിൽ ഓരോ കമ്മിറ്റിക്കും എത്ര അംഗങ്ങൾ വേണമെന്ന് അതാത് ഇടവകയോഗം തീർച്ചപ്പെടുത്തേണ്ടതാകുന്നു.).

22. വികാരിയും – മറ്റു പട്ടക്കാരുണ്ടെങ്കിൽ ഓരോ മൂന്നിനും അല്ലെങ്കിൽ അതിന്റെ അംശത്തിനും ഓരോ പട്ടക്കാരനും – തന്നാണ്ടു കൈക്കാരനും – കാലാവധി കഴിഞ്ഞു മാറിപ്പോകുന്ന കൈക്കാരനും – മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങൾ ആയിരിക്കുന്നതാകുന്നു.

23. മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങളുടെ തെരഞ്ഞെടുപ്പിനെപ്പറ്റി

യോഗനടപടിയുടെ പകർപ്പോടുകൂടി വികാരി ഇടവകമെത്രാപ്പോലീത്തായ്ക്കു റിപ്പോർട്ടു ചെയ്യേണ്ടതാകുന്നു.

24. വികാരി കമ്മിറ്റിയോഗം വിളിച്ചുകൂട്ടേണ്ടതും അദ്ദേഹം യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതും ആകുന്നു. ഏതെങ്കിലും കാരണവശാൽ ആദ്ധ്യക്ഷം വഹിക്കുന്നതിനു വികാരിക്കു സൗകര്യമില്ലാതെ വന്നാൽ കമ്മിറ്റി അംഗങ്ങളായി മറ്റു പട്ടക്കാർ ഉണ്ടെങ്കിൽ അവരിൽ ഒരുവനോ, മറ്റു പട്ടക്കാരില്ലാത്തപക്ഷം കമ്മിറ്റി അംഗങ്ങളിൽ ഒരുവനോ, വികാരിയുടെ നിയോഗമനുസരിച്ച് ആദ്ധ്യക്ഷം വഹിക്കാവുന്നതാകുന്നു.

25. വികാരിക്ക് ആവശ്യമെന്നു തോന്നുമ്പോഴോ, കൈക്കാരൻ ആവശ്യപ്പെടുമ്പോഴോ, മാനേജിംഗ് കമ്മിറ്റിയിലെ മൂന്നിൽ ഒരു ഭാഗം അംഗങ്ങൾ ആവശ്യപ്പെടുമ്പോഴോ, വികാരി മാനേജിംഗ് കമ്മിറ്റി വിളിച്ചുകൂട്ടേണ്ടതാകുന്നു. ആണ്ടിൽ നാലു പ്രാവശ്യത്തിൽ കുറയാതെ മാനേജിംഗ് കമ്മിറ്റി കൂടേണ്ടതാകുന്നു.

26. കമ്മിറ്റിയോഗങ്ങളുടെ മിനിട്ട്സ് സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാകുന്നു. ഇടവകയോഗത്തിന്റെ സെക്രട്ടറി തന്നെ, മാനേജിംഗ് കമ്മിറ്റിയുടെയും സെക്രട്ടറിയായിരിക്കുന്നതാകുന്നു.

27. തന്നാണ്ടത്തെ ബഡ്ജറ്റു തയ്യാറാക്കി ഇടവകപ്പൊതുയോഗത്തിൽ ഹാജരാക്കുക, ഇടവകയോഗം അധികാരപ്പെടുത്തുന്ന സംഗതികൾ നിർവഹിക്കുക, കൈക്കാരൻ ഹാജരാക്കുന്ന തിരട്ടു പരിശോധിക്കുക, എന്നിവ – മാനേജിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെട്ട ജോലികൾ ആകുന്നു.

28. വിശ്വാസം, പട്ടത്വം, ഡിസിപ്ലിൻ (Faith, Order, and Discipline) എന്നിതുകളെ ബാധിക്കുന്നതായ യാതൊരു നിശ്ചയവും പാസ്സാക്കുന്നതിന് – ഇടവകയോഗത്തിനോ മാനേജിംഗ് കമ്മിറ്റിക്കോ അധികാരമില്ലാത്തതാകുന്നു.

29. ഇടവകയോഗത്തിന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും നിശ്ചയങ്ങൾ – അപ്പഴപ്പോൾ വികാരി ഇടവക മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കേണ്ടതാകുന്നു.

30. ഇടവകയോഗത്തിന്റെയോ മാനേജിംഗ് കമ്മിറ്റിയുടെയോ നിശ്ചയത്തിന്മേൽ ഇടവകമെത്രാപ്പോലീത്തായുടെ അടുക്കൽ അപ്പീൽ ചെയ്യാവുന്നതും ഇടവകയോഗത്തിന്റെയോ മാനേജിംഗ് കമ്മിറ്റിയുടെയോ നിശ്ചയത്തോട് ഇടവകമെത്രാപ്പോലീത്താ യോജിക്കുന്നപക്ഷം ഇടവകമെത്രാപ്പോലീത്താ അപ്പീൽ തള്ളി തീരുമാനം ചെയ്യേണ്ടതും ടി തീരുമാനം അവസാന തീരുമാനമായിരിക്കുന്നതും ആകുന്നു. ഇടവകമെത്രാപ്പോലീത്താ, ഭൂരിപക്ഷാഭിപ്രായത്തോടു യോജിക്കാതെ വന്നാൽ, മൂന്നു മാസ

ത്തിനകം ഇടവകമെത്രാപ്പോലീത്താ അപ്പീൽ മെത്രാസന കൗൺസിലിൽ കൊണ്ടുവരേണ്ടതും, കൗൺസിലിന്റെ ഭൂരിപക്ഷാഭിപ്രായപ്രകാരം ഇടവകമെത്രാപ്പോലീത്താ തീരുമാനം ചെയ്യേണ്ടതും, ടി തീരുമാനം അവസാന തീരുമാനമായിരിക്കേണ്ടതും, ആകുന്നു.

31. ഇടവകമെത്രാപ്പോലീത്തായ്ക്കു യുക്തമെന്നു തോന്നുന്നപക്ഷം അപ്പീൽ തീർച്ച വരെ ഇടവകയോഗത്തിന്റെയോ മാനേജിംഗ് കമ്മിറ്റിയുടെയോ നിശ്ചയം നടപ്പിൽ വരുത്താൻ പാടില്ലെന്നു നിരോധന കൽപന അയയ്ക്കാവുന്നതും, ടി കൽപന അനുസരിച്ച് ഇടവകയോഗവും മാനേജിംഗ് കമ്മിറ്റിയും പ്രവൃത്തിക്കേണ്ടതും, ആകുന്നു. എന്നാൽ സങ്കടമുള്ള കക്ഷി അപ്പീലുണ്ടെന്ന് ഇടവകയോഗത്തിന്റെയോ മാനേജിംഗ് കമ്മിറ്റിയുടെയോ നിശ്ചയം കഴിഞ്ഞു രണ്ടു ദിവസത്തിനകം രേഖാമൂലം വികാരിയെ അറിയിക്കാതിരിക്കുകയോ, ഏഴു ദിവസത്തിനകം നിരോധനകൽപന കൊണ്ടുവരാതിരിക്കുകയോ, ചെയ്താൽ – ഇടവകയോഗത്തിന്റെയോ മാനേജിംഗ് കമ്മിറ്റിയുടെയോ നിശ്ചയം നടപ്പിൽ വരുന്നതാകുന്നു.

## (C) കൈക്കാരൻ

32. ഓരോ ഇടവകപ്പള്ളിക്കും ഓരോ കൈക്കാരൻ ഉണ്ടായിരിക്കേണ്ടതും, വികാരിയോടുകൂടി കൈക്കാരൻ പള്ളിവക സ്വത്തുക്കളുടെ ട്രസ്റ്റി ആയിരിക്കേണ്ടതും, ആകുന്നു. കൈക്കാരന്റെ കൈസ്ഥാനം ഒഴിഞ്ഞുപോകുമ്പോഴും വികാരിയുടെ വികാരിത്വം ഒഴിഞ്ഞുപോകുമ്പോഴും ട്രസ്റ്റി സ്ഥാനവും ഒഴിഞ്ഞുപോകുന്നതാകുന്നു.

33. കൈക്കാരനെ ഇടവകയോഗം തെരഞ്ഞെടുക്കേണ്ടതും കൈക്കാരന്റെ കാലാവധി ഒരു കൊല്ലം ആയിരിക്കുന്നതും, ആകുന്നു.

34. കൈക്കാരന്റെ തെരഞ്ഞെടുപ്പിനെപ്പറ്റി യോഗനടപടിയുടെ പകർപ്പു സഹിതം, വികാരി, ഇടവകമെത്രാപ്പോലീത്തായുടെ പേർക്ക് എഴുതി അയച്ച് അദ്ദേഹത്തിന്റെ അനുമതി വരുത്തേണ്ടതും, മൂന്ന് ആഴ്ചയ്ക്കകം ഇടവകമെത്രാപ്പോലീത്തായുടെ കൽപന വരാത്തപക്ഷം ടി തെരഞ്ഞെടുപ്പിനെ ഇടവകമെത്രാപ്പോലീത്താ അംഗീകരിച്ചതായി ഗണിക്കേണ്ടതും, ആകുന്നു.

35. പള്ളിവക വരവുചെലവുകളുടെ കണക്കു ശരിയായി എഴുതി സൂക്ഷിക്കുക, ഇടവകയോഗത്തിന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും നിർദ്ദേശമനുസരിച്ചു പള്ളിക്കാര്യങ്ങൾ നടത്തുക, ആറു മാസം കൂടുമ്പോൾ തിരട്ടു തയാറാക്കി മാനേജിംഗ് കമ്മിറ്റിയിൽ ഹാജരാക്കുക, ആണ്ടിന്റെ അവസാനത്തിൽ തന്നാണ്ടത്തെ തിരട്ടു തയ്യാറാക്കി മാനേജിംഗ് കമ്മിറ്റിയിൽ ഹാജരാക്കുക, അതിന്റെശേഷം ടി തിരട്ടിനെ ഇട

വകയോഗത്തിൽ ഹാജരാക്കുക, എന്നിതുകൾ - കൈക്കാരന്റെ ചുമതലയിൽപ്പെട്ട ജോലികൾ ആകുന്നു.

36. പൊതുയോഗത്തിൽ പാസ്സാക്കിയ തിരട്ടിന്റെ രണ്ടു പ്രതികൾ ഇടവകമെത്രാപ്പോലീത്തായ്ക്ക് അയച്ച് അടയാളം വയ്പിച്ച് - ഒരു പ്രതി പള്ളിറിക്കാർഡിൽ സൂക്ഷിക്കേണ്ടതാകുന്നു.

37. ഓരോ ഇടവകയിലും സ്ഥാവരജംഗമസ്വത്തുക്കളുടെ പട്ടിക വിവരിക്കുന്ന ഒരു രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതും, ആയത് ആണ്ടുതോറും നാളതുവരെ ശരിപ്പെടുത്തി കൈക്കാരനും വികാരിയും ഒപ്പുവെച്ചു കൈക്കാരൻ സൂക്ഷിക്കേണ്ടതും, ഇടവക സന്ദർശനാർത്ഥം ഇടവക മെത്രാപ്പോലീത്താ പള്ളിയിൽ വരുമ്പോൾ ടി രജിസ്റ്ററിൽ അടയാളം വയ്പിച്ചുകൊള്ളേണ്ടതും, ആകുന്നു.

## (D) വികാരി

38. ഓരോ പള്ളിക്കും ഓരോ വികാരി ഉണ്ടായിരിക്കേണ്ടതാകുന്നു. ശേഷമുള്ള പട്ടക്കാർ വികാരിയുടെ സഹായികൾ ആയിരിക്കുന്നതാകുന്നു.

39. വികാരി കൈക്കാരനോടുകൂടി പള്ളിവക സ്വത്തുക്കളുടെ ട്രസ്റ്റി ആയിരിക്കേണ്ടതാകുന്നു. പള്ളിവക പണം വികാരിയുടെയും കൈക്കാരന്റെയും പേരിൽ നിക്ഷേപിക്കേണ്ടതും, എന്നാൽ മാനേജിംഗ് കമ്മിറ്റി നിശ്ചയിക്കുന്ന ഒരു ക്ലിപ്തസംഖ്യ കൈക്കാരന്റെ കൈവശം വച്ചുകൊണ്ടിരിക്കാവുന്നതും ആകുന്നു.

40. വികാരിയേയും മറ്റുള്ള പട്ടക്കാരേയും നിയമിക്കുന്നതിനും, മാറ്റുന്നതിനും, സ്ഥലം മാറ്റുന്നതിനും, ഉള്ള അധികാരം ഇടവകമെത്രാപ്പോലീത്തായ്ക്കുള്ളതാകുന്നു. വികാരിയെ മാറ്റുമ്പോൾ വികാരിയുടെ ട്രസ്റ്റി സ്ഥാനവും ഒഴിഞ്ഞുപോകുന്നതാകുന്നു.

41. ഒരു പട്ടക്കാരനെ വേറെ ഒരു മെത്രാസന ഇടവകയിലേക്കു മാറ്റണമെന്നിരുന്നാൽ, ആ സംഗതി മേൽപട്ടക്കാർ രണ്ടുപേരും കൂടി ആലോചിച്ചു തീരുമാനിക്കേണ്ടതാകുന്നു.

42. വികാരിയും ശേഷം പട്ടക്കാരും ഇടവകമെത്രാപ്പോലീത്തായുടെ കൽപനയെ പള്ളി സംബന്ധിച്ച എല്ലാ കാര്യത്തിലും അനുസരിക്കേണ്ടതും, ഇടവകമെത്രാപ്പോലീത്തായുടെ കൽപനയനുസരിച്ചു മാത്രം അവർ പള്ളിയിൽ കർമ്മാദികൾ നടത്തേണ്ടതും, ഇടവകമെത്രാപ്പോലീത്തായുടെ കൽപനയ്ക്കു വിരോധമായി അവർ പള്ളിയിൽ യാതൊരു കർമ്മവും നടത്താൻ പാടില്ലാത്തതും ആകുന്നു.

43. മാമോദീസാ രജിസ്റ്റർ, വിവാഹ രജിസ്റ്റർ, മരണ രജിസ്റ്റർ എന്നിതുകൾ വികാരിയുടെ ചുമതലയിൽ അപ്പഴപ്പോൾ എഴുതി സൂക്ഷിക്കേണ്ടതും, ഇടവകമെത്രാപ്പോലീത്താ ഇടവക സന്ദർശനാർത്ഥം പള്ളിയിൽ വരുന്ന അവസരങ്ങളിൽ അതുകളെ അദ്ദേഹത്തെ കാണിച്ച് അടയാളം വയ്പിക്കേണ്ടതും, ആകുന്നു. ഇതിനുംപുറമെ കുട്ടികൾ ഉൾപ്പെടെ ഇടവകയിലുള്ള എല്ലാ സ്ത്രീപുരുഷന്മാരുടെയും പേരുവിവരം അടങ്ങിയ ഒരു ഇടവകരജിസ്റ്ററും വികാരിയുടെ ചുമതലയിൽ സൂക്ഷിക്കേണ്ടതാകുന്നു.

44. പള്ളിയിൽ കർമ്മത്തിനു നിത്യം ഉപയോഗമുള്ള ജംഗമങ്ങൾ വികാരിയുടെ സൂക്ഷിപ്പിലും, അല്ലാത്തവ വികാരിയുടെയും കൈക്കാരന്റെയും സൂക്ഷിപ്പിലും ഇരിക്കേണ്ടതാകുന്നു.

## 3. മെത്രാസന ഇടവക

### (A) മെത്രാസന ഇടവകയോഗം

45. ഓരോ മെത്രാസന ഇടവകയ്ക്കും ഓരോ മെത്രാസന ഇടവകയോഗം ഉണ്ടായിരിക്കേണ്ടതാകുന്നു.

46. മെത്രാസന ഇടവകയിൽപ്പെട്ട ഓരോ പള്ളിയിൽ നിന്നും ഇടവകയോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു പട്ടക്കാരനും രണ്ട് അയ്മേനികളും മെത്രാസന ഇടവകയോഗത്തിലെ അംഗങ്ങൾ ആയിരിക്കേണ്ടതാകുന്നു. ഇവരുടെ കാലാവധി മൂന്നു കൊല്ലം ആയിരിക്കുന്നതാകുന്നു.

47. ഇടവകമെത്രാപ്പോലീത്താ മെത്രാസന ഇടവകയോഗം വിളിച്ചുകൂട്ടേണ്ടതാകുന്നു.

48. ഇടവകമെത്രാപ്പോലീത്താ മെത്രാസന ഇടവകയോഗത്തിന്റെ പ്രസിഡണ്ട് ആയിരിക്കുന്നതും, മെത്രാസന ഇടവകയോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതും, ആകുന്നു.

49. മെത്രാസന ഇടവകയോഗത്തിന് ഒരു സെക്രട്ടറി ഉണ്ടായിരിക്കേണ്ടതും, ടി സെക്രട്ടറിയെ മെത്രാസന ഇടവകയോഗം തെരഞ്ഞെടുക്കേണ്ടതും, ടി തെരഞ്ഞെടുപ്പിനെ ഇടവകമെത്രാപ്പോലീത്താ സ്ഥിരപ്പെടുത്തുന്നപക്ഷം ആയതു സാധുവായിരിക്കുന്നതും ആകുന്നു. യാതൊരു കാരണവും പറയാതെ സെക്രട്ടറിയെ നീക്കം ചെയ്യുന്നതിനു മെത്രാസന ഇടവകയോഗത്തിന് അവകാശമുള്ളതാകുന്നു.

50. മെത്രാസന ഇടവകയുടെ വരവുചെലവു കണക്കു ശരിയായി എഴുതി സൂക്ഷിക്കുക, ആണ്ടിൽ കുറഞ്ഞപക്ഷം രണ്ടു പ്രാവശ്യമെ

ങ്കിലും വരവുചെലവിന്റെ തിരട്ടു തയ്യാറാക്കി മെത്രാസന കൗൺസിലിൽ ഹാജരാക്കുക, ആണ്ടിന്റെ അവസാനത്തിൽ തന്നാണ്ടത്തെ തിരട്ടു തയ്യാറാക്കി മെത്രാസന കൗൺസിലിൽ ഹാജരാക്കുക, അതിന്റെ ശേഷം ടി തിരട്ടിനെ മെത്രാസന ഇടവകയോഗത്തിൽ ഹാജരാക്കുക, മെത്രാസന ഇടവകയോഗത്തിന്റേയും മെത്രാസന കൗൺസിലിന്റെയും മിനിട്ട്സ് എഴുതി സൂക്ഷിക്കുക, എന്നിതുകൾ സെക്രട്ടറിയുടെ ചുമതലയിൽപ്പെട്ട ജോലികൾ ആകുന്നു.

51. തിരട്ട് അച്ചടിപ്പിച്ച് ഒരു പ്രതി മെത്രാസന ഇടവകയിൽപെട്ട ഓരോ പള്ളിക്കും, ഒരു പ്രതി മലങ്കര മെത്രാപ്പോലീത്തായ്ക്കും, ഒരു പ്രതി കാതോലിക്കായ്ക്കും, സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാകുന്നു.

52. മെത്രാസന ഇടവകപ്പണം ഇടവക മെത്രാപ്പോലീത്തായുടേയും സെക്രട്ടറിയുടേയും പേരിൽ നിക്ഷേപിക്കേണ്ടതാകുന്നു.

53. മെത്രാസന ഇടവകയിലുള്ള ഏതെങ്കിലും സ്ഥാവരവസ്തുക്കൾ അന്യാധീനം ചെയ്യുകയോ കടപ്പെടുത്തുകയോ ചെയ്യണമെന്നിരുന്നാൽ – ആയതു മെത്രാസന ഇടവകയോഗത്തിന്റെ നിശ്ചയം അനുസരിച്ചും മലങ്കര മെത്രാപ്പോലീത്തായുടെ രേഖാമൂലമായ സമ്മതത്തോടുകൂടിയും – ഇടവക മെത്രാപ്പോലീത്തായും സെക്രട്ടറിയും കൂടെ ചെയ്യേണ്ടതാകുന്നു.

54. മെത്രാസന ഇടവകയോഗം ആണ്ടിൽ ഒരു പ്രാവശ്യമെങ്കിലും കൂടേണ്ടതാകുന്നു.

## (B) മെത്രാസന കൗൺസിൽ

55. ഓരോ മെത്രാസന ഇടവകയിലും ഓരോ മെത്രാസന കൗൺസിൽ ഉണ്ടായിരിക്കേണ്ടതാകുന്നു.

56. മെത്രാസന ഇടവകയോഗത്തിന്റെ സെക്രട്ടറിയും മെത്രാസന ഇടവകയോഗത്താൽ തെരഞ്ഞെടുക്കപ്പെട്ട രണ്ടു പട്ടക്കാരും നാല് അയ്മേനികളും കൗൺസിലിലെ അംഗങ്ങളായിരിക്കേണ്ടതാകുന്നു. ഇവരുടെ കാലാവധി മൂന്നു കൊല്ലം ആയിരിക്കുന്നതാകുന്നു. കാലാവധിക്കുള്ളിൽ കൗൺസിലിൽ ഏതെങ്കിലും ഒഴിവു വന്നാൽ പകരം ആളിനെ നിയമിക്കുന്നതിന് ശേഷമുള്ള അംഗങ്ങൾക്ക് അധികാരമുള്ളതാകുന്നു.

57. മെത്രാസന ഇടവകയോഗത്തിന്റെ സെക്രട്ടറി തന്നെ കൗൺസിലിന്റെ സെക്രട്ടറിയും ആയിരിക്കേണ്ടതാകുന്നു.

58. ഇടവക മെത്രാപ്പോലീത്താ കൗൺസിൽ വിളിച്ചുകൂട്ടേണ്ടതും, കൗൺസിൽ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതും, ആകുന്നു.

മെത്രാപ്പോലീത്തായെ കൂടാതെ മൂന്നു അംഗങ്ങൾ ഉണ്ടായിരുന്നാൽ കോറം തികയുന്നതാകുന്നു. കുറഞ്ഞപക്ഷം ആണ്ടിൽ രണ്ടു പ്രാവശ്യമെങ്കിലും മെത്രാസന കൗൺസിൽ കൂടേണ്ടതാകുന്നു.

59. ഏതെങ്കിലും സംഗതിക്കു മെത്രാസന ഇടവകപ്പണം ചെലവിടണമെന്നിരുന്നാൽ, ഇടവകമെത്രാനും മെത്രാസന കൗൺസിലിലെ ശേഷം അംഗങ്ങളുടെ ഭൂരിപക്ഷവും, യോജിക്കേണ്ടതാകുന്നു.

60. മെത്രാസന ഇടവകയിലെ വരവിനും ചെലവിനും ആണ്ടിന്റെ ആരംഭത്തിൽ ഒരു ബഡ്ജറ്റു മെത്രാസന കൗൺസിൽ തയ്യാറാക്കേണ്ടതും, ആ ബഡ്ജറ്റിൻപ്രകാരമുള്ള ചെലവുകൾ മാത്രം സെക്രട്ടറി ചെയ്യേണ്ടതും, അതിൽ കൂടുതലായി എന്തെങ്കിലും ചെലവു ചെയ്യണമെന്നിരുന്നാൽ ആയതു കൗൺസിലിന്റെ അനുമതിയോടുകൂടി ചെയ്യേണ്ടതും, അത്യാവശ്യം നേരിട്ടാൽ കൗൺസിലിന്റെ അനുമതി കൂടാതെ ആണ്ടിൽ 200 രൂപായിൽ കവിയാത്ത ഒരു സംഖ്യ ഇടവകമെത്രാപ്പോലീത്തായുടെ കൽപനപ്രകാരം സെക്രട്ടറിക്കു ചെലവിടാവുന്നതും, ആകുന്നു. ഇപ്രകാരം അനുമതിയില്ലാതെ ചെയ്യുന്ന ചെലവിനെ സംബന്ധിച്ച്, അടുത്ത കൗൺസിലിൽ പ്രസ്താവിക്കേണ്ടതുമാകുന്നു.

61. ഇടവക മെത്രാപ്പോലീത്തായുടെയോ മെത്രാസന കൗൺസിലിന്റെയോ തീരുമാനത്തിന്മേൽ, എപ്പിസ്ക്കോപ്പൽ സിനഡിന്റെ പ്രസിഡണ്ടിന്റെ അടുക്കൽ അപ്പീൽ ചെയ്യാവുന്നതും – പ്രസിഡണ്ട് അപ്പീൽ മാനേജിംഗ് കമ്മിറ്റിക്ക് അയയ്ക്കേണ്ടതും – എപ്പിസ്കോപ്പൽ സിനഡിന്റെ ഭൂരിപക്ഷാഭിപ്രായവും അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയിലെ മേൽപട്ടക്കാർ ഒഴിച്ചുള്ള ശേഷം അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായവും യോജിച്ചുണ്ടാകുന്ന തീരുമാനം നടപ്പിൽ വരുന്നതും – യോജിക്കാത്തപക്ഷം സംഗതി നടപ്പിൽ വരുന്നതല്ലാത്തതും, ആകുന്നു.

## (C) ഇടവക മെത്രാപ്പോലീത്താ

62. ഓരോ മെത്രാസന ഇടവകയ്ക്കും ഓരോ ഇടവകമെത്രാപ്പോലീത്താ ഉണ്ടായിരിക്കേണ്ടതാകുന്നു.

63. അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയുടെ ശിപാർശി അനുസരിച്ച്, എപ്പിസ്കോപ്പൽ സിനഡ് – മെത്രാപ്പോലീത്തന്മാർക്ക് ഇടവക തിരിക്കേണ്ടതാകുന്നു.

64. ഇടവക മെത്രാപ്പോലീത്താ തന്റെ ഇടവകയിലുള്ള പള്ളികൾ സന്ദർശിക്കുമ്പോൾ, ചെലവ് അതാതു പള്ളിയിൽനിന്നും വഹിക്കേണ്ടതാകുന്നു.

65. ഒരു ഇടവകമെത്രാപ്പോലീത്തായ്ക്ക് അന്യഇടവകയിലെ ഒരാൾക്ക് ആ ഇടവകയിലെ ഇടവകമെത്രാപ്പോലീത്തായുടെ അപേക്ഷയോ സമ്മതമോ കൂടാതെ പട്ടംകൊടുക്കുവാനോ, ഭരണസംബന്ധമായി അന്യഇടവകയിൽ പ്രവേശിച്ച് എന്തെങ്കിലും പ്രവർത്തിക്കുവാനോ, അവകാശമില്ലാത്തതാകുന്നു.

66. ഒരു ഇടവകമെത്രാപ്പോലീത്തായ്ക്കു മരണസമയം മരണശാസനത്തിൽ ഉൾപ്പെടാതെ ഏതെങ്കിലും സ്വയാർജ്ജിതമുണ്ടെങ്കിൽ, ആയത് കാതോലിക്കായുടെ നിയന്ത്രണത്തിൽ ഇരിക്കേണ്ടതാകുന്നു.

## 4. മലങ്കര മഹാഇടവക

### (A) അസോസിയേഷൻ

67. മലങ്കര ഇടവകയ്ക്ക് "മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ" എന്ന പേരിൽ ഒരു അസോസിയേഷൻ ഉണ്ടായിരിക്കുന്നതാണ്.

68. ഓരോ ഇടവകയോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു പട്ടക്കാരനും രണ്ട് അയ്മേനികളും അസോസിയേഷനിൽ അംഗങ്ങളായിരിക്കുന്നതാകുന്നു.

69. മലങ്കര മെത്രാപ്പോലീത്താ അസോസിയേഷൻ പ്രസിഡണ്ടും, ഭരണമുള്ള ശേഷം മേൽപട്ടക്കാർ വൈസ്പ്രസിഡണ്ടന്മാരും, ആയിരിക്കുന്നതാകുന്നു.

70. അസോസിയേഷൻ യോഗത്തിൽ മലങ്കര മെത്രാപ്പോലീത്താ ആദ്ധ്യക്ഷം വഹിക്കുന്നതും, അദ്ദേഹം ഇല്ലാതെ വരുന്ന അവസരത്തിൽ വൈസ്പ്രസിഡണ്ടന്മാരിൽ സീനിയർ മെത്രാപ്പോലീത്താ ആദ്ധ്യക്ഷം വഹിക്കുന്നതും, ആകുന്നു.

71. പ്രസിഡണ്ടുമെത്രാപ്പോലീത്താ അസോസിയേഷൻ വിളിച്ചുകൂട്ടുന്നതും, അദ്ദേഹം ഇല്ലാതെ വരുന്ന അവസരത്തിൽ വൈസ്പ്രസിഡണ്ടന്മാരിൽ രണ്ടുപേർക്കോ, അവർ വിളിച്ചുകൂട്ടാത്തപക്ഷം മാനേജിംഗ് കമ്മിറ്റി അംഗങ്ങളിൽ പകുതി അംഗങ്ങൾക്കോ, അസോസിയേഷൻ വിളിച്ചുകൂട്ടാവുന്നതും, ആകുന്നു.

72. അസോസിയേഷന് ഒരു സെക്രട്ടറി ഉണ്ടായിരിക്കേണ്ടതും, ആ സെക്രട്ടറിയെ അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുക്കേണ്ടതും, ടി തെരഞ്ഞെടുപ്പിനെ മലങ്കര മെത്രാപ്പോലീത്താ സ്ഥിരപ്പെടുത്തുന്നപക്ഷം ആയത് സാധുവായിരിക്കുന്നതും ആകുന്നു. യാതൊരു

കാരണവും പറയാതെ സെക്രട്ടറിയെ നീക്കം ചെയ്യുന്നതിന് അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിക്ക് അവകാശമുള്ളതാകുന്നു.

73. സമുദായം വക സ്ഥാവരജംഗമങ്ങളുടെ ഒരു രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതും, ആയത് ആണ്ടുതോറും നാളതുവരെ മലങ്കര മെത്രാപ്പോലീത്തായെക്കൊണ്ടും കമ്മിറ്റി അംഗങ്ങളിൽ രണ്ടുപേരെക്കൊണ്ടും ഒപ്പിടുവിച്ചു സെക്രട്ടറി സൂക്ഷിക്കേണ്ടതും, ആകുന്നു.

74. സമുദായ സ്വത്തുക്കളുടെ ആദായത്തിന്റെയും മലങ്കരെ ഇടവക വരുമാനത്തിന്റെയും വരവു ചെലവു കണക്ക് എഴുതി സൂക്ഷിക്കുക, മാനേജിംഗ് കമ്മിറ്റി കൂടുന്ന അവസരത്തിൽ അതുവരെയുള്ള കണക്കിന്റെ തിരട്ട് തയ്യാറാക്കി കമ്മിറ്റിയിൽ ഹാജരാക്കുക, അസോസിയേഷന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും മിനിട്ട്സ് എഴുതി സൂക്ഷിക്കുക, എന്നിതുകൾ - സെക്രട്ടറിയുടെ ചുമതലയിൽപെട്ട ജോലികൾ ആകുന്നു.

75. മലങ്കര ഇടവകപ്പണം മലങ്കര മെത്രാപ്പോലീത്തായുടെയും സെക്രട്ടറിയുടെയും പേരിൽ നിക്ഷേപിക്കേണ്ടതാകുന്നു.

## (B) അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി

76. അസോസിയേഷന് ഒരു മാനേജിംഗ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാകുന്നു.

77. അസോസിയേഷൻ സെക്രട്ടറിയേയും സമുദായ ട്രസ്റ്റികളേയും കൂടാതെ അസോസിയേഷനാൽ തെരഞ്ഞെടുക്കപ്പെടുന്ന എട്ട് പട്ടക്കാരും പതിനാറ് അയ്മേനികളും മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങളായിരിക്കുന്നതാകുന്നു. മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങളുടെ കാലാവധി മൂന്നു കൊല്ലം ആയിരിക്കുന്നതാകുന്നു. മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണം യുക്തംപോലെ അസോസിയേഷന് അധികപ്പെടുത്താവുന്നതാകുന്നു.

കാലാവധിക്കുള്ളിൽ മാനേജിംഗ് കമ്മിറ്റിയിൽ ഏതെങ്കിലും ഒഴിവുണ്ടാകുന്നതായാൽ, പകരം ആളിനെ നിയമിക്കുന്നതിന്, ശേഷം അംഗങ്ങൾക്ക് അവകാശമുള്ളതാകുന്നു.

ആവശ്യമെന്നു തോന്നുന്നപക്ഷം മലങ്കര മെത്രാപ്പോലീത്തായ്ക്കു രണ്ടുപേരിൽ അധികപ്പെടാതെ ആളുകളെ അംഗങ്ങളായി നിയമിക്കാവുന്നതാകുന്നു.

78. മലങ്കര മെത്രാപ്പോലീത്താ മാനേജിംഗ് കമ്മിറ്റിയുടെ പ്രസിഡണ്ടും, ഭരണമുള്ള ശേഷം മെത്രാന്മാർ വൈസ്പ്രസിഡണ്ടന്മാരും, ആയിരിക്കുന്നതാകുന്നു.

79. മലങ്കര മെത്രാപ്പോലീത്താ അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി വിളിച്ചുകൂട്ടുന്നതും, യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതും, ആകുന്നു. മലങ്കര മെത്രാപ്പോലീത്താ ഇല്ലാതെ വരുന്ന അവസരങ്ങളിൽ വൈസ് പ്രസിഡണ്ടന്മാരിൽ രണ്ടുപേർക്കോ അവർ വിളിച്ചുകൂട്ടാത്തപക്ഷം കമ്മിറ്റി അംഗങ്ങളിൽ പകുതി അംഗങ്ങൾക്കോ കമ്മിറ്റി വിളിച്ചുകൂട്ടാവുന്നതും, അങ്ങനെ വിളിച്ചുകൂട്ടുന്ന അവസരത്തിൽ വൈസ്പ്രസിഡണ്ടന്മാരിൽ സീനിയർ മെത്രാപ്പോലീത്താ ആദ്ധ്യക്ഷം വഹിക്കുന്നതും, ആകുന്നു. കുറഞ്ഞപക്ഷം ആണ്ടിൽ രണ്ടുപ്രാവശ്യമെങ്കിലും അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി കൂടേണ്ടതാകുന്നു.

80. അസോസിയേഷൻ സെക്രട്ടറി കമ്മിറ്റി സെക്രട്ടറിയും ആയിരിക്കുന്നതാകുന്നു.

81. ഏതെങ്കിലും സംഗതിക്കു മലങ്കര ഇടവകയുടെ പണം ചെലവിടണമെന്നിരുന്നാൽ, എപ്പിസ്കോപ്പൽ സിനഡിന്റെ ഭൂരിപക്ഷവും, മാനേജിംഗ് കമ്മിറ്റിയിലെ മേൽപട്ടക്കാർ ഒഴിച്ചുള്ള ശേഷം അംഗങ്ങളുടെ ഭൂരിപക്ഷവും, യോജിക്കേണ്ടതാകുന്നു.

82. സമുദായംവക വരവിനും ചെലവിനും ആണ്ടിന്റെ ആരംഭത്തിൽ ഒരു ബഡ്ജറ്റു കമ്മിറ്റിക്കാർ തയ്യാറാക്കേണ്ടതും, ടി ബഡ്ജറ്റിൻപ്രകാരമുള്ള ചെലവുകൾ മാത്രം ചെലവു ചെയ്യേണ്ടതും, അതിൽ കൂടുതൽ എന്തെങ്കിലും ചെലവു ചെയ്യണമെന്നിരുന്നാൽ ആയതു കമ്മിറ്റിയുടെ അനുമതിയോടുകൂടി ആയിരിക്കേണ്ടതും, അത്യാവശ്യം നേരിട്ടാൽ ആണ്ടിൽ അഞ്ഞൂറു രൂപയിൽ കവിയാതെയുള്ള ഒരു സംഖ്യ അസോസിയേഷൻ പ്രസിഡണ്ടു മെത്രാപ്പോലീത്തായ്ക്കു ചെലവു ചെയ്യാവുന്നതും, ഇങ്ങനെ ഉണ്ടാകുന്ന ചെലവിനെ സംബന്ധിച്ച് അടുത്ത കമ്മിറ്റിയിൽ പ്രസ്താവിക്കേണ്ടതും ആകുന്നു.

83. സമുദായംവക ഏതെങ്കിലും വസ്തു അന്യാധീനപ്പെടുത്തുകയോ കടപ്പെടുത്തുകയോ ചെയ്യണമെന്നിരുന്നാൽ – മാനേജിംഗ് കമ്മിറ്റിയുടെയും, എപ്പിസ്കോപ്പൽ സിനഡിന്റെയും, തീരുമാനപ്രകാരം ചെയ്യേണ്ടതും – കൂട്ടു ട്രസ്റ്റിൽ ഉൾപ്പെട്ട വസ്തുവാണെങ്കിൽ കൂട്ടുട്രസ്റ്റികളും മലങ്കര മെത്രാപ്പോലീത്തായും കൂടെ പ്രമാണം എഴുതേണ്ടതും – മെത്രാപ്പോലീത്തായുടെ ട്രസ്റ്റിൽ ഉൾപ്പെട്ടതാണെങ്കിൽ മെത്രാപ്പോലീത്താ തനിച്ചു പ്രമാണം എഴുതേണ്ടതും, ആകുന്നു.

84. വിദ്യാഭ്യാസം, ഫൈനാൻസ്, മുതലായി സഭയ്ക്ക് ആവശ്യമുള്ള സംഗതികളെ നടത്തുന്നതിലേക്ക് എപ്പിസ്ക്കോപ്പൽ സിനഡിന്റെ അനുമതിയോടുകൂടി മാനേജിംഗ് കമ്മിറ്റിക്കു സബ്കമ്മിറ്റികളെ നിയമിക്കാ

വുന്നതാകുന്നു. ഇപ്രകാരം നിയമിക്കപ്പെടുന്ന ഓരോ സബ്കമ്മിറ്റിയുടെയും പ്രസിഡണ്ട് ഒരു മേൽപട്ടക്കാരൻ ആയിരിക്കേണ്ടതാകുന്നു.

85. അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിക്ക് ഒരു പ്രവർത്തകസമിതി (Working Committee) ഉണ്ടായിരിക്കേണ്ടതും, ആ സമിതി, അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിക്കുവേണ്ടി അപ്പഴപ്പോൾ ആവശ്യമെന്നു തോന്നുന്ന സംഗതികൾ നടത്തുന്നതും ആകുന്നു. ഈ സമിതിയുടെ പ്രസിഡണ്ട് മലങ്കര മെത്രാപ്പോലീത്താ ആയിരിക്കുന്നതാകുന്നു. പ്രസിഡണ്ടും, എപ്പിസ്ക്കോപ്പൽ സിനഡിനാൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു മേൽപട്ടക്കാരനും, സമുദായ ട്രസ്റ്റികളും, അസോസിയേഷൻ സെക്രട്ടറിയും, ഈ സമിതിയിലെ അംഗങ്ങൾ ആയിരിക്കുന്നതും, ഇവർ ഒഴിച്ചുള്ള ശേഷം അംഗങ്ങളെ അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുക്കേണ്ടതും ആകുന്നു.

## (C) സമുദായ ട്രസ്റ്റികൾ

86. മലങ്കര മെത്രാപ്പോലീത്തായോടുകൂടി വട്ടിപ്പണം, കോട്ടയം സിമ്മനാരി, എന്നിതുകളുടെയും ഇതുകളിൽ നിന്നുണ്ടാകുന്ന ആദായത്തിന്റെയും ട്രസ്റ്റികളായി രണ്ടുപേർ ഉണ്ടായിരിക്കേണ്ടതും അതിൽ ഒരാൾ പട്ടക്കാരനും മറ്റേ ആൾ അയ്മേനിയും ആയിരിക്കേണ്ടതും, ആകുന്നു.

87. മേൽപറഞ്ഞവ ഒഴിച്ചുള്ള സമുദായ സ്വത്തുക്കളുടെ ട്രസ്റ്റി, മലങ്കരമെത്രാപ്പോലീത്താ ആകുന്നു.

88. കൂട്ടുട്രസ്റ്റികളെ അസോസിയേഷൻ തെരഞ്ഞെടുക്കേണ്ടതാകുന്നു. യാതൊരു കാരണവും പറയാതെ കൂട്ടുട്രസ്റ്റികളെ മാറ്റി വേറെ ട്രസ്റ്റികളെ ആക്കുന്നതിന് അസോസിയേഷന് അധികാരമുള്ളതാകുന്നു.

## (D) മലങ്കര മെത്രാപ്പോലീത്താ

89. കാതോലിക്കാ, മലങ്കരമെത്രാപ്പോലീത്താസ്ഥാനം കൂടി വഹിക്കുന്നതാകുന്നു. മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ അദ്ദേഹം അസോസിയേഷന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും പ്രസിഡണ്ടും, സമുദായ സ്വത്തുക്കളുടെ മെത്രാപ്പോലീത്താട്രസ്റ്റിയും, ആയിരിക്കുന്നതാകുന്നു. മലങ്കരെയുള്ള എല്ലാ പള്ളികളും ഔദ്യോഗികമായി മലങ്കര മെത്രാപ്പോലീത്തായ്ക്കു സന്ദർശിക്കാവുന്നതാകുന്നു.

# 5. കാതോലിക്കാ

90. മലങ്കര ഉൾപ്പെട്ട പൗരസ്ത്യ ഓർത്തഡോക്സ് (സത്യ) സുറിയാനി സഭയിൽ 1088-ൽ കാതോലിക്കാ സിംഹാസനം പുനർസ്ഥാപിക്ക

പ്പെട്ടിട്ടുള്ളതും, അന്നുമുതൽ ഈ സ്ഥാപനം പൗരസ്ത്യ ഓർത്ത ഡോക്സ് സുറിയാനി സഭയിൽ വ്യാപരിച്ചുവരുന്നതും, ആകുന്നു.

91. മലങ്കരയിലുള്ള എല്ലാ പള്ളികളും ഔദ്യോഗികമായി സന്ദർശി ക്കുന്നതിനു കാതോലിക്കായ്ക്ക് അവകാശമുള്ളതും, അങ്ങനെ സന്ദർശി ക്കുന്ന അവസരങ്ങളിൽ അദ്ദേഹത്തിന്റെ ചെലവ് അതാതു പള്ളികളിൽ നിന്നും വഹിക്കേണ്ടതും, ആകുന്നു.

## 6. പാത്രിയർക്കീസ്

92. കാതോലിക്കാ പ്രസിഡണ്ടായ എപ്പിസ്ക്കോപ്പൽ സിനഡിന്റെ സഹ കരണത്തോടുകൂടെയും കാനോനികമായും വാഴിക്കപ്പെടുന്ന പാത്രിയർ ക്കീസിനെ, മലങ്കരസഭ പാത്രിയർക്കീസായി അംഗീകരിക്കുന്നതാകുന്നു.

93. കാതോലിക്കായെ വാഴിക്കുന്ന അവസരത്തിൽ മേൽപ്രകാരം അംഗീകരിക്കപ്പെടുന്ന പാത്രിയർക്കീസ് ഉള്ള പക്ഷം ക്ഷണിക്കപ്പെടേ ണ്ടതും, വരുന്നപക്ഷം കാതോലിക്കായെ വാഴിക്കുന്ന എപ്പിസ്ക്കോപ്പൽ സിനഡിന്റെ പ്രസിഡണ്ടായി സിനഡിന്റെ സഹകരണത്തോടുകൂടി കാതോലിക്കായെ വാഴിക്കുന്നതും, വരാത്തപക്ഷം എപ്പിസ്ക്കോപ്പൽ സിനഡ് കാതോലിക്കായെ വാഴിക്കുന്നതും, ആകുന്നു.

94. കാതോലിക്കായുടെ പേരിലുള്ള പരാതി കേട്ടു തീരുമാനം ചെയ്യു ന്നതിനായി എപ്പിസ്ക്കോപ്പൽ സിനഡു കൂടേണ്ടതായി വരികയാണെ ങ്കിൽ, മേൽപ്രകാരം അംഗീകരിക്കപ്പെടുന്ന പാത്രിയർക്കീസ് ഉള്ളപക്ഷം ക്ഷണിക്കപ്പെടേണ്ടതും, വരുന്നപക്ഷം സിനഡിൽ അദ്ദേഹം ആദ്ധ്യക്ഷം വഹിക്കുന്നതും, വരാത്തപക്ഷം എപ്പിസ്ക്കോപ്പൽ സിനഡ് ടി പരാതി യെപ്പറ്റി തീരുമാനം ചെയ്യുന്നതും, വിവരത്തിനു പാത്രിയർക്കീസിനു റിപ്പോർട്ടയയ്ക്കുന്നതുമാകുന്നു.

## 7. എപ്പിസ്കോപ്പൽ സിനഡ്

95. മലങ്കരെ ഒരു എപ്പിസ്ക്കോപ്പൽ സിനഡ് ഉണ്ടായിരിക്കുന്നതാകുന്നു.

96. മലങ്കരെയുള്ള എല്ലാ മേൽപട്ടക്കാരും ഈ സിനഡിലെ അംഗങ്ങ ളായിരിക്കുന്നതാകുന്നു.

97. കാതോലിക്കാ സിനഡിന്റെ പ്രസിഡണ്ടായിരിക്കുന്നതാകുന്നു.

98. കാതോലിക്കാ സിനഡു വിളിച്ചുകൂട്ടുന്നതും സിനഡിൽ ആദ്ധ്യക്ഷം വഹിക്കുന്നതും, ആകുന്നു.

99. കാതോലിക്കാ ഇല്ലാതെ വരുന്ന അവസരത്തിൽ സീനിയർ മെത്രാ

പ്പോലീത്താ സിനഡു വിളിച്ചുകൂട്ടുന്നതും സിനഡിൽ ആദ്ധ്യക്ഷം വഹിക്കുന്നതും, ആകുന്നു.

100. വിശ്വാസം, പട്ടത്വം, ഡിസിപ്ലിൻ (Faith, Order and Discipline) എന്നിതുകളെ സ്പർശിക്കുന്ന സംഗതികളെ സംബന്ധിച്ചു തീരുമാനം ചെയ്യുന്നതിന് എപ്പിസ്ക്കോപ്പൽ സിനഡിന് അധികാരമുള്ളതാകുന്നു. ഇതിലേക്കായി സിനഡു കൂടുമ്പോൾ അലോചനയ്ക്കായി ഒരു ഉപദേശകസമിതി കൂടെ ഉണ്ടായിരിക്കേണ്ടതും, ഉപദേശകസമിതിയുമായി കൂടിയാലോചന കഴിഞ്ഞശേഷം സിനഡ് തീരുമാനം ചെയ്യേണ്ടതും, ആകുന്നു. ഉപദേശകസമിതിയിലെ അംഗങ്ങളെ അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുക്കേണ്ടതും അവരിൽ മൂന്നിൽ രണ്ടുവീതം പട്ടക്കാർ ആയിരിക്കേണ്ടതും, ആകുന്നു.

101. സഭയുടെ വിശ്വാസത്തെ ഭേദപ്പെടുത്തുന്നതിന് ആർക്കുംതന്നെ അവകാശമില്ലാത്തതാകുന്നു. എന്നാൽ വിശ്വാസം ഇന്നതാണെന്നുള്ളതിനെ സംബന്ധിച്ചു തർക്കം ഉണ്ടായാൽ എപ്പിസ്ക്കോപ്പൽ സിനഡിനു തീരുമാനം ചെയ്യാവുന്നതാകുന്നു.

102. വൈദിക വിദ്യാഭ്യാസം, മിഷൻവേല, സണ്ടേസ്കൂൾ മുതലായ സംഗതികൾക്ക് അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയുടെ ആലോചനയോടുകൂടി എപ്പിസ്ക്കോപ്പൽ സിനഡിന് സബ്കമ്മിറ്റികളെ നിയമിക്കാവുന്നതാകുന്നു.

## 8. പട്ടംകൊട

### (A) ശെമ്മാശന്മാരും കശ്ശീശന്മാരും

103. ശെമ്മാശുപട്ടത്തിന് ആളുകളെ തെരഞ്ഞെടുക്കുന്നതിന് ഓരോ മെത്രാസന ഇടവകയിലും മെത്രാസന ഇടവകയോഗത്താൽ തെരഞ്ഞെടുക്കപ്പെട്ട രണ്ടു പട്ടക്കാരും മൂന്ന് അയ്മേനികളും ഉൾപ്പെട്ട ഒരു സെലക്ഷൻ ബോർഡ് - ഉണ്ടായിരിക്കേണ്ടതാകുന്നു.

104. അപേക്ഷകന്മാർ - അവർ ഏത് ഇടവകയിൽ ഉൾപ്പെട്ടിരിക്കുന്നുവോ ആ ഇടവകയിലെ ഇടവക പൊതുയോഗത്തിന്റെ രേഖാമൂലമായ അനുവാദത്തോടുകൂടി ഇടവകമെത്രാപ്പോലീത്തായുടെ അടുക്കൽ അപേക്ഷിക്കേണ്ടതും, വിരോധമില്ലെന്നു തോന്നുന്നപക്ഷം ടി അപേക്ഷയെ ഇടവകമെത്രാപ്പോലീത്താ സെലക്ഷൻ ബോർഡിലേക്ക് അയയ്ക്കേണ്ടതും സെലക്ഷൻബോർഡ് അതേ സംബന്ധിച്ച് വേണ്ട അന്വേഷണം നടത്തേണ്ടതും, സെലക്ഷൻ ബോർഡിന്റെ സർട്ടിഫിക്കറ്റ് കിട്ടിയിട്ടുള്ളവർ മാത്രം പട്ടത്വത്തിനു യോഗ്യന്മാരെന്നു ഗണിക്കപ്പെടേണ്ടതും, ആകുന്നു.

105. സ്കൂൾ ഫൈനൽകോഴ്സ് കഴിയാത്ത യാതൊരുത്തനും പട്ടം കൊടുത്തുകൂടാത്തതാകുന്നു.

106. സെലക്ഷൻ ബോർഡിന്റെ സർട്ടിഫിക്കറ്റു ലഭിച്ചിട്ടുള്ള ആളുകൾ പട്ടത്വത്തിന് അർഹന്മാരാണെന്ന് ഇടവകമെത്രാപ്പോലീത്തായ്ക്കു ബോധ്യം വരുന്നതായാൽ അവരെ വൈദികപഠനത്തിനായി സമുദായം വക ഏതെങ്കിലും ഒരു സെമിനാരിയിലേക്ക് അയയ്ക്കേണ്ടതും, ആവശ്യമുള്ള വൈദികപഠനത്തിനു ശേഷം പട്ടത്വത്തിനു യോഗ്യന്മാരാണെന്നു സെമിനാരി പ്രിൻസിപ്പാൾ സർട്ടിഫിക്കറ്റു കൊടുക്കുന്നതായാൽ ഇടവക മെത്രാപ്പോലീത്തായുടെ യുക്തംപോലെ അവർക്കു പട്ടം കൊടുക്കുന്നതും, ആകുന്നു.

## (B) മേൽപട്ടക്കാർ

107. മലങ്കരയ്ക്ക് ആവശ്യമുള്ള എപ്പിസ്ക്കോപ്പന്മാരെയും മെത്രാപ്പോലീത്തന്മാരെയും എപ്പിസ്ക്കോപ്പൽ സിനഡിന്റെ സഹകരണത്തോടുകൂടി കാതോലിക്കാ വാഴിക്കുന്നതാകുന്നു. ഒരു എപ്പിസ്ക്കോപ്പായെയോ മെത്രാപ്പോലീത്തായെയോ വാഴിക്കുമ്പോൾ വാഴിക്കപ്പെടുന്ന മേൽപട്ടക്കാരൻ സിനഡിന്റെ അദ്ധ്യക്ഷനായ കാതോലിക്കായ്ക്കു ശൽമൂസോ എഴുതി വയ്ക്കേണ്ടതാകുന്നു. ഇപ്രകാരം വാഴിക്കപ്പെടുന്ന മേൽപട്ടക്കാരനു, സ്ഥാത്തിക്കോൻ കാതോലിക്കാ കൊടുക്കുന്നതാകുന്നു.

108. ഒരാൾക്ക് എപ്പിസ്ക്കോപ്പാ ആയോ മെത്രാപ്പോലീത്താ ആയോ പട്ടം കൊടുക്കണമെങ്കിൽ ആ ആളെ ആ സ്ഥാനത്തേയ്ക്ക് അസോസിയേഷൻ തെരഞ്ഞെടുക്കേണ്ടതും, ആ തെരഞ്ഞെടുപ്പിനെ എപ്പിസ്ക്കോപ്പൽ സിനഡ് അംഗീകരിക്കുന്നപക്ഷം സിനഡിന്റെ സഹകരണത്തോടുകൂടി കാനോൻ നിബന്ധന അനുസരിച്ച് കാതോലിക്കാ ആ ആളിനു പട്ടം കൊടുക്കേണ്ടതും, ആകുന്നു. തെരഞ്ഞെടുപ്പിന് അസോസിയേഷനിൽ ഹാജരുള്ള പട്ടക്കാരുടെയും അത്മായക്കാരുടെയും പ്രത്യേകം പ്രത്യേകം ഭൂരിപക്ഷം ഉണ്ടായിരിക്കേണ്ടതാകുന്നു.

109. ഒരാൾക്കു കാതോലിക്കാ ആയി പട്ടം കൊടുക്കണമെങ്കിൽ ആ ആളെ ആ സ്ഥാനത്തേക്ക് അസോസിയേഷൻ തെരഞ്ഞെടുക്കേണ്ടതും, ആ തെരഞ്ഞെടുപ്പിനെ എപ്പിസ്ക്കോപ്പൽ സിനഡും അംഗീകരിക്കുന്നപക്ഷം സിനഡ് ആ ആളിനു പട്ടം കൊടുക്കുന്നതും, ആകുന്നു. മലങ്കര സഭയാൽ സ്വീകരിക്കപ്പെട്ട പാത്രിയർക്കീസുണ്ടെങ്കിൽ കാതോലിക്കായെ വാഴിക്കുന്ന അവസരത്തിൽ പാത്രിയർക്കീസിനെയും ക്ഷണിക്കേണ്ടതും, പാത്രിയർക്കീസ് വരുന്നപക്ഷം സിനഡിന്റെ പ്രസിഡണ്ട് എന്ന നിലയിൽ സിനഡിന്റെ സഹകരണത്തോടുകൂടി പട്ടം കൊടുക്കേണ്ടതും ആകുന്നു.

## 9. പരാതികളും വിധികളും

110. ഒരു അയ്മേനിയുടെയോ ശെമ്മാശന്റെയോ കശ്ശീശായുടെയോ പേരിലുള്ള പരാതി അവർ ഏതു മെത്രാസന ഇടവകയിൽ ഉൾപ്പെട്ടിരിക്കുന്നുവോ, ആ മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്തായുടെ അടുക്കൽ വേണ്ടതാകുന്നു.

111. മെത്രാപ്പോലീത്താ ആ പരാതി മെത്രാസന കൗൺസിലിൽ കൊണ്ടുവരേണ്ടതും, ഇരുകക്ഷികൾക്കും നോട്ടീസു കൊടുത്ത് അവരുടെ തെളിവുകൾ വാങ്ങി വാദം കേട്ടതിനുശേഷം കൗൺസിലിലെ അംഗങ്ങളുടെ ആലോചനയോടുകൂടെ തീരുമാനം ചെയ്യേണ്ടതും, ആകുന്നു.

112. ഇടവകമെത്രാപ്പോലീത്തായുടെ തീരുമാനത്തിന്മേൽ എപ്പിസ്ക്കോപ്പൽ സിനഡിന്റെ പ്രസിഡണ്ടിന്റെ അടുക്കൽ അപ്പീൽ ചെയ്യാവുന്നതും, പ്രസിഡണ്ട് അപ്പീൽ എപ്പിസ്ക്കോപ്പൽ സിനഡിൽ കൊണ്ടുവരേണ്ടതും, ഇരുകക്ഷികൾക്കും നോട്ടീസു കൊടുത്ത് അവരുടെ വാദം കേട്ടതിനു ശേഷം എപ്പിസ്ക്കോപ്പൽ സിനഡിലെ അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായ പ്രകാരം വിധി പ്രസ്താവിക്കേണ്ടതും ആകുന്നു. ഇതിലേക്കായി എപ്പിസ്ക്കോപ്പൽ സിനഡു കൂടുന്ന അവസരത്തിൽ മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങളെ കൂടെ ആലോചനക്കാരായി ക്ഷണിക്കാവുന്നതാകുന്നു.

113. മേൽപട്ടക്കാരുടെ പേരിലുള്ള പരാതി എപ്പിസ്ക്കോപ്പൽ സിനഡിന്റെ പ്രസിഡണ്ടിന്റെ അടുക്കൽ കൊണ്ടുവരേണ്ടതും, പ്രസിഡണ്ട് അതിനെ സിനഡിൽ കൊണ്ടുവരേണ്ടതും, ഇരുകക്ഷികൾക്കും നോട്ടീസു കൊടുത്തു തെളിവെടുത്തു വാദം കേട്ടതിനുശേഷം സിനഡിന്റെ ഭൂരിപക്ഷാഭിപ്രായപ്രകാരം പ്രസിഡണ്ടു വിധി പ്രസ്താവിക്കേണ്ടതും ആകുന്നു. പരാതി കാതോലിക്കായെപ്പറ്റിയാണെങ്കിൽ മലങ്കരസഭയാൽ സ്വീകരിക്കപ്പെട്ട പാത്രിയർക്കീസുണ്ടെങ്കിൽ പാത്രിയർക്കീസിനെ കൂടെ ക്ഷണിക്കേണ്ടതും, അദ്ദേഹം വരുന്നപക്ഷം സിനഡിന്റെ പ്രസിഡണ്ടായിരിക്കുന്നതും വരാത്തപക്ഷം സിനഡ് വിധി കൽപിക്കുന്നതും, ആകുന്നു. ഇവയ്ക്കായി കൂടുന്ന സിനഡിൽ ആലോചനയ്ക്കായി അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങളെക്കൂടി ക്ഷണിക്കാവുന്നതാകുന്നു.

114. മേൽപട്ടക്കാരെ സംബന്ധിച്ചുള്ള വിചാരണ നടക്കുന്ന അവസരത്തിൽ കാനോനിലും വേദശാസ്ത്രത്തിലും വിദഗ്ദ്ധത സിദ്ധിച്ചിട്ടുള്ള രണ്ടു പേരെയും നിയമപരിജ്ഞാനമുള്ള രണ്ടു പേരെയും ആലോചനക്കാരായി ക്ഷണിക്കേണ്ടതാകുന്നു. ഇവർ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ അംഗങ്ങൾ ആയിരിക്കേണ്ടതാകുന്നു.

## 10. വരുമാനം

115. ഇരുപത്തിഒന്നു വയസ്സു പ്രായം തികഞ്ഞ എല്ലാ പുരുഷന്മാരിൽ നിന്നും ആണ്ടിൽ രണ്ടു ചക്രം വീതം റിശ്ശീസ്സാ ഓരോ പള്ളിയിലെ വികാരിമാരും പിരിക്കേണ്ടതും ആയതു കാതോലിക്കായ്ക്ക് അയച്ചുകൊടുക്കേണ്ടതും, ആകുന്നു.

116. ഒരു പള്ളിയുടെ ആകെയുള്ള വരുമാനത്തിൽ 100–ന് പത്തു വീതം ആണ്ടുതോറും ഇടവകമെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കേണ്ടതും, ഏതെങ്കിലും പള്ളിയുടെ 100–ന് പത്തു വീതമുള്ള വരുമാനം അഞ്ചു രൂപയിൽ കുറവാണെങ്കിൽ അഞ്ചു രൂപയിൽ കുറയാതെ ആ പള്ളിയിൽ നിന്നും ഈ ഇനത്തിൽ ഇടവകമെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കേണ്ടതും, ആകുന്നു.

117. ഇങ്ങനെ കിട്ടുന്ന സംഖ്യയിൽ - പത്തിന് അഞ്ചു വീതം ഇടവക മെത്രാപ്പോലീത്തായ്ക്കും, രണ്ടു വീതം മെത്രാസന ഇടവക ഫണ്ടിലേക്കും, ഒന്നു വീതം കാതോലിക്കായ്ക്കും, ബാക്കി രണ്ടു വീതം മലങ്കര ഇടവക ഫണ്ടിലേക്കും, ഇരിക്കേണ്ടതാകുന്നു.

## 11. സന്യാസാശ്രമങ്ങൾ

118. സന്യാസാശ്രമങ്ങളോ അതുപോലെയുള്ള സ്ഥാപനങ്ങളോ എപ്പിസ്ക്കോപ്പൽ സിനഡിന്റെ അനുമതിയോടുകൂടി മാത്രം തുടങ്ങേണ്ടതും, അതുകൾ എപ്പിസ്ക്കോപ്പൽ സിനഡിനു കീഴ്പ്പെട്ടിരിക്കേണ്ടതും, ആകുന്നു.

119. ടി സ്ഥാപനങ്ങളിലെ അംഗങ്ങളിൽ ആരെങ്കിലുമോ എല്ലാവരുമോ ഈ സഭ വിട്ട് അന്യസഭയിലേക്കു പോകുന്നതായാൽ അവർക്ക് ടി സ്ഥാപനങ്ങളിന്മേലും അവയുടെ സ്വത്തുക്കളിന്മേലും ഉള്ള അവകാശം നശിച്ചുപോകുന്നതും, ടി സ്ഥാപനങ്ങളും സ്വത്തുക്കളും ഈ സഭ വകയായി എന്നും ഇരിക്കുന്നതും, ആകുന്നു.

## 12. റൂൾ കമ്മിറ്റി

120. ഈ ഭരണഘടനയിൽ കാലസ്ഥിതി അനുസരിച്ചും സൗകര്യം അനുസരിച്ചും ആവശ്യമായി വരാവുന്ന ഭേദഗതികൾ വരുത്തുന്നതിലേക്ക്, അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി നിയമിക്കുന്ന ഒരു റൂൾ കമ്മിറ്റി ഉണ്ടായിരിക്കുന്നതാകുന്നു. ഈ റൂൾ കമ്മിറ്റിയുടെ പ്രസിഡണ്ട് ഒരു മേൽപട്ടക്കാരൻ ആയിരിക്കുന്നതാകുന്നു.

121. റൂൾകമ്മിറ്റി, ഭേദഗതികൾ അസോസിയേഷൻ മാനേജിംഗ് കമ്മി

റ്റിയിൽ സമർപ്പിക്കേണ്ടതും, അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി പാസ്സാക്കുന്ന നിശ്ചയങ്ങൾ അസോസിയേഷനും എപ്പിസ്ക്കോപ്പൽ സിനഡും ഭേദപ്പെടുത്തുന്നതുവരെ നടപ്പിൽ ഇരിക്കേണ്ടതും, ആകുന്നു.

## 13. പലവക

122. ഈ നിയമങ്ങളിൽ അടങ്ങിയ തത്വത്തിനു വിരോധമല്ലാത്ത ഉപ ചട്ടങ്ങളെ (Byelaws) ഇടവകയോഗം, മെത്രാസന ഇടവകയോഗം, മെത്രാസന കൗൺസിൽ, എന്ന സ്ഥാപനങ്ങൾ അപ്പഴപ്പോൾ പാസ്സാക്കി റൂൾ കമ്മിറ്റിയുടെ അനുമതിയോടുകൂടി നടപ്പിൽ വരുത്തിക്കൊള്ളാവുന്നതാകുന്നു.

123. ഈ ഘടനയിൽ ഒരു സ്ഥാപനം എത്രകാലത്തേക്ക് എന്നു ക്ലിപ്തമുണ്ടെങ്കിലും അടുത്ത സ്ഥാപനം നിർമ്മിക്കുന്നതുവരെയ്ക്കും ആ സ്ഥാപനം വ്യാപരിക്കുന്നതാകുന്നു.

124. ഏതെങ്കിലും ഒരു കമ്മിറ്റിയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ തുടർച്ചയായി മൂന്നു യോഗങ്ങളിൽ തക്കതായ കാരണം കൂടാതെ ഹാജരാകാതെയിരുന്നാൽ അവരുടെ അംഗത്വം നശിച്ചുപോകുന്നതാകുന്നു. കാരണം തക്കതായതോ എന്നു തീർച്ചപ്പെടുത്തുന്നതിനുള്ള അധികാരം, അതാതു കമ്മിറ്റിക്കുണ്ടായിരിക്കുന്നതാകുന്നു.

125. ഈ ഘടനയിലെ നിബന്ധനകളോട് ചേർച്ചയില്ലാത്തതും, ആനുകൂല്യമില്ലാത്തതുമായി സഭയിലും ഇടവകകളിലും ഉണ്ടായിരിക്കാവുന്ന എല്ലാ ഉടമ്പടികളും ഉദ്യോഗങ്ങളും നടപ്പുകളും ഇതിനാൽ ദുർബലപ്പെടുത്തി റദ്ദാക്കിയിരിക്കുന്നു.


126. ഈ ഭരണഘടനയിൽ "ഇടവകമെത്രാപ്പോലീത്താ" എന്ന പദം ഇടവകയിൽ ഭരണമുള്ള ഏതൊരു മേൽപട്ടക്കാരനേയും കുറിക്കുന്നതാകുന്നു.

127. ഈ ഘടന അസോസിയേഷനിലും എപ്പിസ്ക്കോപ്പൽ സിനഡിലും പാസ്സായതിനുശേഷം നടപ്പിൽ വരുന്നതാകുന്നു.


ഈ ഘടന 1110-ാമാണ്ടു ധനു മാസം 11-നു മുതൽ നടപ്പിൽ വന്നിട്ടുള്ളതാകുന്നു.


## അനുബന്ധം 3

### 18 അക്കം കാനോന്റെ നിർമ്മിതിയിലെ കൃത്രിമങ്ങൾ - തിരുത്തലുകൾ




One page of the Canon written in 1890, which describe the Mooron Koodasa (Holy Chrism) related part. This part says that Mooran Koodasa can be done by Patriarch, Catholicos or Metropolitans. This manuscript was written before the split of Malankara Orthodox Church and Patriarch Faction. You can see the corrections written with pencils. Correction says that 'replace with Patriarch alone.' This is the rough worked Canon to make wrong canon = '18 Akkam Canon', which was prepared to counter Malankara Orthodox Church Canon by Patriarch Faction leaders. In 1986, Antiochian Bishop 'Ceessek Mar Yulios' had published this Canon as the Canon of Antiochian church. The chapters related with Holy Chrism (Mooron) is same in this old Canon of 1890, Canon of Malankara Orthodox Church and Canon of Antiochian Syrian Church.






Antiochian Bishop Ceessek Mar Yulios has published this Canon as the Canon of Antiochian church in 1986 (Mooron Koodasa Chapter is same like our old Canon).



The summary part of Holy Chrism related part of old Canon manuscript of 1890s, which clearly conclude by saying that 'Mooron Koodasha' can be done by Patriarch, Catholicos or Metropolitan.' The same is written in the Canon of Antiochian Syrian Church, published by Ceessak Mar Yulios Metropolitan (Please note the big cross with pencil on left side of the canon, that says not to include that part in the manipulated Canon of Patriarch Faction. In Patriarch Faction canon =18 Akkam Canon, you cannot find this kind of conclusion paragraph.).



The same is written in the Canon of Antiochian Syrian Church, published by Ceessak Mar Yulios Metropolitan.

# ഗ്രന്ഥകർത്താവിന്റെ കൃതികൾ

1. ജഗദീശ് ചന്ദ്രബോസ് (ജീവചരിത്രം)
2. ഇഗ്നാത്യോസിന്റെ സപ്തലേഖനങ്ങൾ (വിവർത്തനം)
3. സെമിനാർ പ്രബന്ധങ്ങൾ (എഡിറ്റർ)
4. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് പ്രഥമൻ (രണ്ടാം പതിപ്പ്, ജീവചരിത്രം)
5. മലങ്കരസഭയും കേരള സംസ്കാരവും (സഭാചരിത്രം)
6. ഇന്ത്യൻ ഓർത്തഡോക്സ് സഭ (സഭാചരിത്രം)
7. മലങ്കരയുടെ പ്രവാചകൻ (ജീവചരിത്രം)
8. സഭയിലെ പ്രതിസന്ധികൾ (എഡിറ്റർ)
9. ഭാരതത്തിലെ പ്രാചീന ബൈബിൾ (ഗവേഷണപഠനം, വ്യാഖ്യാനം)
10. മലയാള കവിതയും ബൈബിളും (പി.എച്ച്.ഡി. പ്രബന്ധം)
11. മഹാത്മാവായ കർമ്മയോഗി (എഡിറ്റർ)
12. ഒരു പരദേശയാത്രയുടെ കഥ (എഡിറ്റർ)
13. ഇന്ത്യൻസഭ: ചരിത്രവും സംസ്കാരവും (സഹഗ്രന്ഥകാരൻ)
14. മലങ്കരസഭയുടെ കോട്ട (ജീവചരിത്രം - സഹഗ്രന്ഥകാരൻ)
15. പാത്രിയർക്കീസന്മാരുടെ അധികാരദുർവിനിയോഗം (സഭാചരിത്രം)
16. സണ്ടേസ്കൂൾ അദ്ധ്യാപക സഹായി (എഡിറ്റർ)
17. സംസ്കാര പഠനങ്ങൾ (എഡിറ്റർ)
18. അക്ഷരങ്ങളുടെ ആചാര്യൻ (ഷഷ്ടിപൂർത്തി ഉപഹാരഗ്രന്ഥം)
19. മലങ്കരസഭയുടെ സുവർണ്ണയുഗശില്പി (വാല്യം 1, ജീവചരിത്രം)
20. മലങ്കരസഭയുടെ സുവർണ്ണയുഗശില്പി (വാല്യം 2, എഡിറ്റർ)
21. മലങ്കരസഭയുടെ സുവർണ്ണയുഗശില്പി (വാല്യം 3, എഡിറ്റർ)
22. ഇന്ത്യൻ ഓർത്തഡോക്സ് സഭ 52–2007 (സഭാചരിത്രം)
23. കേരള നവോത്ഥാനവും മലയാളം ബൈബിളും (എഡിറ്റർ)
24. 1811–ലെ മലയാളം ബൈബിളും പുലിക്കോട്ടിൽ രണ്ടാമനും (എഡിറ്റർ)
25. കണ്ടനാട് ഗ്രന്ഥവരി (സഭാചരിത്രം, വ്യാഖ്യാനം)
26. കടവിൽ മാർ അത്താനാസ്യോസ് (ജീവചരിത്രം)
27. അക്കര കുറിയൻ റൈട്ടർ (ജീവചരിത്രം. സഹഗ്രന്ഥകാരൻ)
28. തൃശൂർപള്ളി ചരിത്രം (സഭാചരിത്രം)
29. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ (ജീവചരിത്രം)
30. Indian Orthodox Church (Church History)
31. പഴഞ്ഞിയുടെ ശ്രേഷ്ഠാചാര്യൻ (ജീവചരിത്രം)

32. മലങ്കരസഭയുടെ സമുന്നതസാരഥികൾ (സഭാചരിത്രം. സഹഗ്രന്ഥ കാരൻ)
33. ഓർത്തഡോക്സ് ആരാധനയുടെ പരിപ്രേക്ഷ്യം (പഠനം)
34. പാലൂർ ചാട്ടുകുളങ്ങര: ചരിത്രവും സംസ്കാരവും (സഭാചരിത്രം)
35. മലങ്കരസഭയും കാനോൻ സംഹിതകളും (പഠനം)
36. പഴഞ്ഞിപള്ളി ചരിത്രം
37. സഭാ ദർശനം (3 മണിക്കൂർ വീഡിയോകാസറ്റ്, സഭാചരിത്രം)
38. കാതോലിക്കേറ്റിന്റെ കാലിക പ്രാധാന്യം (സഹഗ്രന്ഥകാരൻ)
39. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ
40. ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം
41. കേരള നവോത്ഥാനത്തിന്റെ പ്രഥമ പ്രവാചകൻ
42. മരണാനന്തര ജീവിതം (എഡിറ്റർ)
43. വെട്ടിക്കുന്നേൽ അച്ചൻ
44. യൽദോ ബസ്സേലിയോസ്: സമകാല ചരിത്രരേഖകളിലൂടെ
45. ബൈബിൾ പുതിയനിയമം (സംക്ഷേപം)
46. പകലോമറ്റം മെത്രാന്മാർ
47. പുലിക്കോട്ടിൽ തിരുമേനിമാർ
48. പരുമലയുടെ പരിമളം
49. ഓർത്തഡോക്സ് ആരാധനാവർഷം
50. ആദിമ സഭയുടെ പ്രബോധനവും ആരാധനകളും